## നിയമനിർമ്മാണകാര്യം

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

### (1) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2013 -ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2013 -ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച കക-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2013 –ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ 2013 ജനുവരി 14–ാം തീയതി കേരള ഗവർണ്ണർ വിളംബരം ചെയ്ത ഓർഡിനൻസ് പ്രകാരമുള്ള ബില്ലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010 ജൂൺ മാസത്തിലാണ് ഈ ഓർഡിനൻസ് ആദ്യമായി പുറപ്പെടുവിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഈ ഓർഡിനൻസ് നാല് പ്രാവശ്യം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഓർഡിനൻസ് പുറത്തിറക്കിയതിനു ശേഷവും നിയമത്തിന്റെ നടത്തിപ്പിലുള്ള പോരായ്മകൾ പരിഹരിക്കപ്പെട്ടിരുന്നില്ല. അത്തരം പോരായ്മകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പല വിധിന്യായങ്ങളിലും ചൂണ്ടിക്കാണിക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമുള്ള മതിയായ നിയമനിർമ്മാണം എത്രയും പെട്ടെന്ന് സർക്കാർ കൊണ്ടുവരണമെന്ന് ഹൈക്കോടതി പ്രതീക്ഷ പ്രകടിപ്പിക്കുകയും ചെയ്തു. കൂടാതെ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിരുന്ന കേരള ലാ റിഫോംസ് കമ്മീഷൻ ചൂണ്ടിക്കാണിച്ച പോരായ്മകൾ കൂടി പരിഗണിക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ച ഓർഡിനൻസ് പ്രാബല്യത്തിൽ അല്ലാതാകുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷവും ലാ റിഫോംസ് കമ്മീഷന്റെ നിർദ്ദേശങ്ങളും മറ്റ് പ്രായോഗിക ബുദ്ധിമുട്ടുകളും സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ നിയമം ശക്തമായി നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയാണ് പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. 2001–ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിലെ നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം ആക്ടിലെ വ്യവസ്ഥകളുടെ നിർവ്വഹണം സംബന്ധിച്ച മേൽനോട്ടം വഹിക്കുന്നതിന് ഏതെങ്കിലും

ഉദ്യോഗസ്ഥന് അധികാരം നൽകിയിരുന്നില്ല. ഇത്തരം അധികാരം ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടത് പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. കൂടാതെ ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്ന നദീതീര സംരക്ഷണ പദ്ധതികൾ സൂക്ഷ്മ പരിശോധന ചെയ്ത് പാസാക്കുന്നതിന് സംസ്ഥാന തലത്തിൽ ഒരു ഉന്നതതല സമിതി പ്രസ്തുത ആക്ടിൻപ്രകാരം പ്രവർത്തിക്കുന്നതിനായി ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണെന്നും സർക്കാർ കരുതുന്നു. നിലവിലുള്ള ജില്ലാ വിദഗ്ദ്ധ സമിതിയിലും കമ്മിറ്റിയിലും തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. തൊഴിലാളി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത കമ്മിറ്റികൾക്ക് കൂടുതൽ കാര്യക്ഷമത നൽകണമെന്നതും സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നദീതീരത്ത് വച്ച് നടത്തുന്ന ഏതെങ്കിലും മതപരമോ സാംസ്ക്കാരികമോ ആയ പ്രവർത്തന വേദിയിൽ നിന്നും 500 മീറ്റർ ദൂരത്തിനുള്ളിലും യാതൊരു മണൽവാരൽ പ്രവർത്തനവും അനുവദിക്കുന്നതല്ല. അതുപോലെതന്നെ കടവുകൾ അനുവദിച്ചിട്ടുള്ള സ്ഥലങ്ങളൊഴികെ മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും സാദ്ധ്യതയുള്ള മറ്റെല്ലാ സ്ഥലങ്ങളും യാതൊരു വാഹനവും നദീതീരത്തേയ്ക്ക് കൊണ്ടുവരുന്നില്ലെന്നും അനധികൃതമായി മണൽ നീക്കം ചെയ്യുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിന് ചങ്ങലകളും തൂണുകളും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതുപോലെ പോലീസിന് കേസ്സെടുക്കുവാനുള്ള അധികാരം കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അനധികൃതമായി മണൽ കടത്തുന്നതിനുപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും കണ്ടുകെട്ടുന്നതിനും പിടിച്ചെടുക്കുന്നതിനും പ്രസ്തുത നിയമത്തിലെ നിലവിലുള്ള വ്യവസ്ഥക

ളുടെ ചില പോരായ്മകൾ പലപ്പോഴും അനധികൃതമായി മണൽ കടത്തുന്ന വർക്ക് അനുകൂല കോടതിവിധി സമ്പാദിക്കുന്നതിന് സഹായകരമാകുന്നുണ്ട്. അതിനാൽ പഴുതുകളില്ലാത്ത രീതിയിൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ ആക്ടിൽ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണ്. കൂടാതെ ഈ ആക്ട് നടപ്പിലാ ക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രായോഗികതലത്തിൽ നേരിടേണ്ടിവന്നിട്ടുള്ള മറ്റു ചില ബുദ്ധിമുട്ടുകളും അവർ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകളും ആക്ടിൽ ഉൾപ്പെടുത്തേ ണ്ടതുണ്ട്. ചുരുക്കത്തിൽ ഇത് പഴുതുകളില്ലാത്ത ശക്തമായ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ബില്ലാണ്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് പാസ്സാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

Shri E. Chandrasekharan : Sir, I move that - "This House resolves to disapprove The Kerala Protection of Riverbanks and Regulation of Removal of Sand (Amendment) Ordinance, 2013 (Ordinance No.17 of 2013)".

കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും എന്ന താണ് ബില്ലിന്റെ പേര്. എന്നാൽ നദീതീരം സംരക്ഷിക്കുന്നില്ലെന്ന് മാത്രമല്ല മണൽവാരലിന് യാതൊരു നിയന്ത്രണവുമില്ലെന്നാണ് സംസ്ഥാനത്ത് നില നിൽക്കുന്ന സ്ഥിതി തെളിയിക്കുന്നത്. കേരളത്തിലെ നിർമ്മാണ മേഖലയിൽ മണലിന്റെ ക്ഷാമം രൂക്ഷമായി തുടരുകയാണ്. കൃത്രിമമായി ക്ഷാമമുണ്ടാക്കി യാതൊരു നിയന്ത്രണവുമില്ലാത്ത വിധത്തിൽ വിലകൂട്ടി വിൽപ്പന നടത്തുക യാണ് ഈ രംഗത്തുള്ളവർ ചെയ്യുന്നത്. ഇതിനെ നിയന്ത്രിക്കുവാൻ സർക്കാർ

സംവിധാനങ്ങൾക്കാകുന്നില്ലെന്നതാണ് നമ്മുടെ മുമ്പിലുള്ള സ്ഥിതി. മണലിന് ഇപ്പോൾ പൊള്ളുന്ന വിലയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സ്വർണ്ണ ത്തേക്കാൾ വില കൂടിയ സാധനമായി മണൽ മാറിയിരിക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ടുണ്ടാക്കണമെന്ന് ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. മണൽനീക്കത്തോടെ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക വരുമാനത്തിൽ നിന്ന് ഇങ്ങനെയുണ്ടാക്കുന്ന ഫണ്ട് ഉപയോഗിച്ച് നദികളുടെ കരയിടിച്ചിൽ തടയുന്നതിനും കരകെട്ടുന്നതിനും പദ്ധതിയുണ്ടെങ്കിലും ഇങ്ങനെ സ്വരൂപിക്കപ്പെടുന്ന ഫണ്ട് അതിന് വിനിയോഗിക്കുന്നില്ല എന്നാണ് കാണാൻ കഴിയുന്നത്. ഇത്തരം ഫണ്ടുകൾപോലും വകമാറ്റി ചെലവ് ചെയ്യു കവഴി നദിതീര സംരക്ഷണം എന്നത് വാക്കുകളിൽ ഒതുങ്ങുകയാണ്. നദിതീ രത്തെ സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. അതുപോലെ മണൽവാരലിന് യാതൊരു നിയന്ത്രണവുമില്ല. കടവുകൾ തുട ങ്ങുന്നത് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശാനുസരണം മാത്രമല്ല എന്നുള്ള താണ് അവസ്ഥ. ഇവിടെ അനധികൃതമായി കടവുകൾ ആരംഭിക്കുന്നതിനും വ്യാപകമായി മണൽ ചൂഷണം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാ വുകയാണ്. ഇതുവഴി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കരയിടിച്ചിലുണ്ടാകുന്നതുമാത്രമല്ല പാലങ്ങളുടെയും തടയണകളുടെയും പ്രദേശങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾപോലും പാലിക്കപ്പെടു ന്നില്ല എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. വൻതോതിൽ പ്രകൃതി വിഭവ ങ്ങൾ ചൂഷണം ചെയ്യുന്ന വൻകിട മാഫിയകൾ ഈ രംഗത്ത് അടക്കിവാഴുക യാണ്. അതിനെതിരെ ചെറുവിരൽ അനക്കാൻപോലും കഴിയാത്ത അവസ്ഥ യിലാണ് സർക്കാർ. മാത്രമല്ല ഭരണസ്വാധീനമുപയോഗിച്ച് ഈ രംഗത്ത് നില യുറപ്പിക്കുന്നവരുമുണ്ട്. സർക്കാർ സംവിധാനങ്ങൾ പ്രത്യേകിച്ച് പോലീസ്,

റവന്യൂ ഉദ്യോഗസ്ഥരടക്കം ഇതിന് കൂട്ടുനിൽക്കുന്നു എന്ന അവസ്ഥ തുടരുകയാണ്. ഇത്തരം കാര്യങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയാത്ത അവസ്ഥയുണ്ട് എന്നത് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട നദിയാണ് പെരിയാർ. പർവ്വത നിരയുടെ പനിനീരായും കേരളത്തിന്റെ സ്ത്രീത്വത്തെ, മലയാളിപെണ്ണിനോട് ഉപമിക്കുകയും ചെയ്ത പെരിയാറിന്റെ ഇന്നത്തെ അവസ്ഥ എത്ര ദയനീയമാണെന്നത് ഞാൻ പറയാതെ സമൂഹത്തിന് അറിയാവുന്ന കാര്യമാണ്. ഏകദേശം 5393 സ്ക്വയർ കിലോമീറ്ററുള്ള ആ നദി ഇന്ന് വളരെ ചെറുതായി. ഡി.ഡി.റ്റി., എൻഡോസൾഫാൻ, സയനൈഡ്, സൾഫേറ്റ്, ഫോസ്ഫേറ്റ്, നൈട്രേറ്റ്, ഫ്ളൂറൈഡ്, അമോണിയ തുടങ്ങിയ ഒട്ടേറെ മലിനീകരണ വസ്തുക്കൾ നിറഞ്ഞതാണ് നമ്മുടെ നദികൾ. ലോവർ പെരിയാറിനെ ഗ്രീൻ ലീവ് ഇൻഡ്യ ആയി പ്രഖ്യാപിച്ചതായിരുന്നു. പക്ഷേ, യഥാർത്ഥത്തിൽ ഇന്ന് അത് വിഷത്തിന്റെ കൂമ്പാരമായി മാറിയിരിക്കുകയാണ്. അതോടനുബന്ധിച്ചുള്ള എല്ലാ പുഴകളും ഇതുപോലെ മാറി. ഇങ്ങനെ എടുത്തു പരിശോധിക്കുമ്പോൾ പമ്പ, ഭാരതപുഴ, ചാലിയാർ, ചാലക്കുടി, കടലുണ്ടി, വളപട്ടണം, ചന്ദ്രഗിരി, മണിമല, കുറ്റ്യാടി തുടങ്ങി മറ്റിതര നദികളുടെയും പുഴകളുടെയും അവസ്ഥ ഇതാണ്. ഇന്ന് പുഴകളിലേയ്ക്കും നദികളിലേയ്ക്കുമാണ് മാലിന്യങ്ങൾ തള്ളിവിടുന്നത്. വീടുകൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവയിൽ നിന്നുള്ള വേസ്റ്റുകളൊക്കെ തള്ളിവിടുന്നത് പുഴകളിലേയ്ക്കും നദികളിലേയ്ക്കുമാണ്. മതങ്ങളും അതിനുശേഷം വന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും വളരെ വിലമതി

ച്ചുകൊണ്ടാണ് നദികളെയും പുഴകളെയും സംബന്ധിച്ചു പറയുന്നത്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സമീപകാലത്താണ് പ്രകൃതിയുടെ സംരക്ഷണ ത്തെക്കുറിച്ച് ഗൗരവപൂർവ്വമായി ആലോചിച്ചത്. എന്നാൽ മതങ്ങൾ അങ്ങനെ യല്ല, പുണ്യസ്നാനത്തിനുപയോഗിക്കുന്ന ഗംഗയെ കണ്ടുകൊണ്ടാണ് ഗംഗാ ജലം തീർത്ഥമാണ് എന്നു പറഞ്ഞത്. അതിനോടൊപ്പം പ്രാധാന്യം കൽപ്പി ക്കുന്ന ഭാരതപുഴ ഉൾപ്പെടെ ജനങ്ങളുടെ കയ്യൊപ്പോടുകൂടിയ ക്രൂരമായ മലി നീകരണത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഇതിൽ നിന്നുള്ള സംരക്ഷണം അനിവാര്യമാണ്. നദികളെ ഇതിൽ നിന്നും എങ്ങനെ മോചിപ്പിക്കാൻ കഴിയു മെന്നാണ് നമ്മൾ ഗൗരവപൂർവ്വം ആലോചിക്കേണ്ടത്. മതവിശ്വാസികളെന്ന നിലയിൽ ഏറ്റവും കൂടുതൽ ജനങ്ങളെ ബന്ധിപ്പിക്കുന്ന പുണ്യനദിയാണ് പമ്പ. പക്ഷേ, ഏറെ മലിനീകരണം കൊണ്ട് അങ്ങോട്ട് കടക്കാൻ കഴിയാത്ത തരത്തിൽ പമ്പയും മാറിക്കഴിഞ്ഞു. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ തീർച്ചയായും ഈ ബില്ലുമായി ബന്ധപ്പെട്ടു വന്നില്ല എന്ന താണ് വസ്തുത. നദികൾ മലിനീകരിക്കപ്പെടുന്നത് തടയണമെങ്കിൽ അവ യുടെ ഉത്ഭവസ്ഥാനങ്ങളിൽ നിന്നുതന്നെ അതിന് തുടക്കം കുറിക്കണം. ഉത്ഭവസ്ഥാനങ്ങളിൽ പലപ്പോഴും തോട്ടങ്ങളാണുള്ളത്. തേയിലത്തോട്ടങ്ങ ളിലും ഏലത്തോട്ടങ്ങളിലും കാപ്പിത്തോട്ടങ്ങളിലും എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. എത്രതന്നെ നമ്മൾ ഉപയോഗിക്കുന്നില്ല എന്നു പറഞ്ഞാലും പുഴയുടെയും നദികളുടെയും അവസാന പ്രദേശങ്ങളിൽ വരെ ഇത് എത്തി കുടിവെള്ളസ്രോതസ്സുകളും മലിനപ്പെടുന്നു. അത് തടയുവാനുള്ള സംവിധാനങ്ങളുണ്ടാകണം. ഇവ ആരംഭിക്കുന്ന സ്ഥലങ്ങളിലുള്ള ക്വാറികൾ, അത് മർമ്മപ്രധാനമാണ് എന്ന് കണ്ടുകൊണ്ട് നിലനിറുത്താനുള്ള സംവിധാനങ്ങൾ ഇല്ലെങ്കിൽ തീർച്ചയായും

അതീവഗുരുതരമായ വലിയ പ്രകൃതിദുരന്തങ്ങൾക്ക് ഇടവരാവുന്ന തരത്തിലേയ്ക്ക് മാറും. പ്രയോറിറ്റി കൊടുത്തുകൊണ്ട് ഇത്തരം ഉത്ഭവസ്ഥാനങ്ങളെ കണ്ടെത്തി അതിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതിയും നിർദ്ദേശങ്ങളും ഇതുമായി ബന്ധപ്പെട്ട് വന്നുകണ്ടില്ല. തീവണ്ടികളിലും ബസ്സുകളിലും പോകുമ്പോൾ ഭാരതപുഴ കടന്നുപോകുന്ന പല മേഖലകളിലും ഇന്ന് തുരുത്തുകളാണ് കാണാൻ കഴിയുന്നത്. അത് തടയാൻ കഴിയേണ്ടതല്ലേ. തീർച്ചയായും പ്രകൃതിദത്തമായ മാവ്, പ്ലാവ്, തേക്ക് അതുപോലെയുള്ള മരങ്ങൾ ഓരങ്ങളിൽ വച്ചുപിടിപ്പിച്ച് ഗ്രീൻബെൽറ്റുകൾ സൃഷ്ടിച്ചാൽ വേനൽക്കാലത്ത് ഇഷ്ടംപോലെ വെള്ളം നൽകുവാൻ നദികൾക്കു കഴിയും. അതിനുള്ള സംവിധാനമൊരുക്കണം. പുഴയോരങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതികളാവിഷ്ക്കരിച്ചില്ലെങ്കിൽ ഇതു നമുക്ക് നിയന്ത്രിക്കാൻ കഴിയുകയില്ല. അതോടൊപ്പം ഇതിനെ സംരക്ഷിക്കണമെങ്കിൽ പ്രത്യേകമായി പ്ലാൻ ചെയ്തുകൊണ്ട് ഘട്ടംഘട്ടമായി മഴവെള്ളം ഉപയോഗപ്പെടുത്തികൊണ്ടുള്ള തടയണകൾ സൃഷ്ടിച്ച് പഞ്ചവൽസര പദ്ധതിപോലെയുള്ള ഒരു പദ്ധതിയിലൂടെ പുഴകളെ സംരക്ഷിക്കേണ്ടതാണ്. കേരളത്തിലെ 44 നദികളെ സംരക്ഷിക്കാനുള്ള പദ്ധതികൾ ഈ ബില്ലിന്റെ ഭാഗമായി ഗൗരവമായി ആലോചിക്കണം. യഥാർത്ഥത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടാണ് ഇതിൽ നിന്നുകിട്ടുന്ന വരുമാനം. അത് പഞ്ചായത്തുകളും മറ്റിതര മേഖലകളും ഒരു വരുമാനമാർഗ്ഗമാക്കി എന്നല്ലാതെ പുഴകളുടെയും നദികളുടെയും സംരക്ഷണത്തിന് ഇന്നുവരെയും ഉപയോഗിക്കുന്നില്ല. വളരെ ഗൗരവപൂർവ്വമായി കാണേണ്ട ഒരു വിഷയമാണിത്. ട്രഷറിയിൽ പണം കെട്ടിക്കിടക്കുകയാണ്. നദികളെ സംരക്ഷിച്ചില്ലെങ്കിൽ കര പൂർണ്ണമായി നശിച്ചുപോകുന്ന സാഹചര്യമുണ്ട്. തീർച്ചയായും ഇക്കാര്യത്തിൽ നമ്മൾ കുറ്റക്കാരാണ്. മണലുണ്ടാകുന്നത് ഇറോഷൻ കൊണ്ടാണ്.

നീരൊഴുക്കുകൾ മുഴുവൻ തകർന്നു, ഇല്ലാതായി. അതുകൊണ്ടുതന്നെ മണൽക്ഷാമം നമ്മൾ നേരിടുകയാണ്. തീർച്ചയായും നേരത്തെ സൂചിപ്പിച്ചതു പോലെ മണൽ നമുക്ക് ആവശ്യമാണ്. അതിനുള്ള മറ്റു വഴികളെക്കുറിച്ച് ആലോചിക്കണം. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇഷ്ടംപോലെ മണൽ കൊണ്ടുവരാനുള്ള സാധ്യതകളുണ്ട്. അതുവഴി ഇവിടെ റവന്യൂ വർദ്ധിപ്പി ക്കാൻ കഴിയുന്നതാണ്. ആഴക്കടലിൽ നിന്ന് മണൽ ശേഖരിക്കുന്നതിനെക്കു റിച്ച് ആലോചിക്കണം. അങ്ങനെ മാത്രമേ നമുക്ക് നമ്മുടെ പുഴകളെ സംര ക്ഷിക്കാൻ കഴിയൂ. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ദുരുപയോഗമാണ് ഇപ്പോൾ നടക്കുന്നത്. ചൂഷണമെന്ന നിലയിൽ ഇതിനെ വരുമാനമാർഗ്ഗമായാണ് ഗവൺമെന്റുകളും ലോക്കൽ ബോഡികളും കാണുന്നത്. മണലെടുക്കുന്ന മേഖലയിലെ പുഴകളെ സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ വച്ചുകൊണ്ട് റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കണം. വലിയ തോതിലുള്ള മണൽവാരലിലൂടെ നദികൾ ഇടിയുന്നു. എല്ലാവർഷവും നമ്മുടെ പുഴകളിലും നദികളിലും കുളിക്കാൻ പോകുന്ന കുട്ടികളും ടൂറിസ്റ്റു കളും മരിച്ചുവീഴുന്നു. അവർക്കറിയില്ല എവിടെയാണ് ആഴം കൂടുതലുള്ളതെ ന്ന്. മണ്ണ് എടുത്തതിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന ജലക്കെട്ടുകൾ ഉള്ള തുകൊണ്ട് പുഴകളിൽ മരണം വർദ്ധിക്കുന്നു. കുടിവെള്ളമില്ലാത്ത സാഹച ര്യത്തിലേയ്ക്ക് നാം പോവുകയാണ്. പുഴകളിലെ വെള്ളത്തിന്റെ നില വാരവും, നദികളിലെ ജലത്തിന്റെ നിലവാരവും, ഭൂഗർഭ ജലത്തിന്റെ നില വാരവും കുറയുന്നു. കടലിലെ ഉപ്പുവെള്ളം മെല്ലെ, മെല്ലെ നമ്മുടെ കുടിവെ ള്ളത്തിലേയ്ക്ക് കടന്നുവരികയാണ്. ശുദ്ധജലം ലഭിക്കാത്ത സാഹചര്യത്തി ലേയ്ക്ക് പോകുകയാണ്. തീർച്ചയായും നിയമാനുസൃതം വായുവും വെള്ളവും നമുക്ക് പൂർണ്ണമായി ലഭിക്കേണ്ടതാണ്. അതിനെ തടയുന്ന സമീ

പനമാണ് ഉണ്ടാകുന്നത്. ഇത് ചൂഷണം ചെയ്യുന്നതിൽ ആരും വിഭിന്നരല്ല. തീർച്ചയായും അതിൽ പോലീസ് മാഫിയാ ബന്ധങ്ങളെക്കുറിച്ച് വലിയ തോതിലുള്ള വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. മണൽ മാഫിയ കാക്കിപ്പട പണം വാരുന്നു. പോലീസും, റവന്യൂ വകുപ്പും ഒത്തുകളിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചത് അത്തരം വാർത്തകൾ ലഭിച്ചില്ലെന്നാണ്. പോലീസിന്റെ വിജിലൻസ് റിപ്പോർട്ട് ഇന്നയിന്ന സ്റ്റേഷനുകൾ ഇന്ന് എല്ലാ ജില്ലകളുമായി ബന്ധപ്പെടുത്തികൊണ്ടുള്ള വ്യക്തമായുള്ള റിപ്പോർട്ട് നൽകിയിട്ടും ഒരു നടപടിയും വന്നില്ല എന്നാണ് പത്രത്താളുകളിൽക്കൂടി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. പോലീസ് കമ്മീഷണറെ ലോറി കയറ്റി കൊല്ലാൻ ശ്രമിച്ചു. കോഴിക്കോട് കളക്ടർ ശ്രീ. മോഹൻകുമാർ തലനാരിഴകൊണ്ടാണ് രക്ഷപ്പെട്ടത്. അത്ര ശക്തമായ തോതിലാണ് മണൽ മാഫിയകളുടെ കൂട്ടുക്കെട്ട് ഇന്ന് ഈ കേരളത്തിൽ വളർന്നു വരുന്നത്. ആ കളക്ടർ അത്തരം ഒരു സമീപനം കൈകൊണ്ടതിന്റെ അടിസ്ഥാനം എന്തായിരുന്നു? പോലീസിനെ അറിയിച്ചാൽ അതിനു മുമ്പ് അറിയുന്നത് ഈ മാഫിയ എന്ന് മനസ്സിലാക്കികൊണ്ടാണ് കളക്ടർ ഇതുപോലുള്ള ധീരമായ നടപടിക്ക് മുന്നോട്ടു വന്നത്. അതുപോലെ കോടതികളും ഇവരെ സഹായിക്കുന്ന സമീപനങ്ങളിലേയ്ക്ക് വരുന്നു എന്നാണ് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പത്ര റിപ്പോർട്ടുകളിൽക്കൂടി നമ്മൾ ഇപ്പോൾ മനസ്സിലാക്കുന്നത്. ഹിയറിംഗിൽ പലപ്പോഴും കേസ്സുകൾ പുറത്തുവച്ച് തീർക്കുകയാണ്. ഹിയറിംഗിന് വിളിക്കുമ്പോൾ പോലീസ് ഹാജരാകുന്നില്ല. ഒരു തവണ വിളിച്ചുകഴിഞ്ഞാൽ പിന്നീട് ആ എസ്.ഐ.–യെ വിളിക്കാൻ കൂട്ടാക്കാത്തതിന്റെ വെളിച്ചത്തിൽ ഇത്തരം കേസ്സുകൾ ശിക്ഷിക്കാൻ കഴിയാത്ത തരത്തിലേയ്ക്ക് പോകുന്നു. പോലീസ്–റവന്യൂ വകുപ്പുകളുടെ ഒത്തുകളിയുടെ ഭാഗമായി വന്നുചേർന്നിട്ടു

ള്ളതാണ് ഇതൊക്കെ. ഈ ബില്ലിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിച്ചു. കടവ് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലുമുള്ള സമിതികൾ രൂപീകരിക്കുമ്പോൾ അതിൽ തൊഴിലാളികളുടെ പ്രതനിധികൾ ഉണ്ടാകണം. പക്ഷേ, സംസ്ഥാന നിലവാരത്തിലുള്ള സമിതിയിലേയ്ക്ക് തൊഴിലാളി പ്രതിനിധികളെ ചേർത്തതായി കാണുന്നില്ല. തീർച്ചയായും അത്തരമൊരു ബിൽ അവതരിപ്പിക്കുമ്പോൾ, അതിന് നിയമസാധുത കൈവരുമ്പോൾ അതിലേയ്ക്ക് തൊഴിലാളികളുടെ പ്രതിനിധികൾ സംസ്ഥാന നിലവാരത്തിലുള്ള കമ്മിറ്റിയിൽ ഉണ്ടാകേണ്ടതാണ്. മണൽ കടത്ത് തടയുന്നതിന് പ്രത്യേക സംരക്ഷണ സേന രൂപീകരിക്കണം. അതിന്റെ സംവിധാനം എന്തായിരിക്കുമെന്നതിനെക്കുറിച്ച് ഗൗരപൂർവ്വം ആലോചിക്കേണ്ടതുണ്ട്. കേരളത്തിൽ ഇത്തരത്തിൽ ശക്തമായ തോതിൽ വളർന്നു വരുന്ന റവന്യൂ-പോലീസ് മാഫിയ ബന്ധത്തെ സുതാര്യമായ രീതിയിൽ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ : സർ, കേരള നദീതീര സംരക്ഷണവും മണൽ വാരലും നിയന്ത്രണ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മുടെ നദികളെ നശിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം മണൽവാരലാണ് എന്നുള്ളതിനെക്കുറിച്ചാണ് നാം ഗൗരവമായി ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. മണൽ മാഫിയയെ നിയന്ത്രിക്കണം എന്ന രീതിയിലുള്ള നിയമങ്ങൾ നമ്മൾ പാസ്സാക്കുമ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നദികളിൽ നിന്ന് മണൽ വാരുന്നതിനെ സമീപിക്കുന്നത് അവരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള ഒരു സംഗതിയായിട്ടാണ്. വാരാൻ മണലില്ലാത്ത സ്ഥലങ്ങളിലും കടവുകളുണ്ടാക്കി അവിടെ മണൽ വാരി ഈ നദികളെ നശിപ്പിക്കുന്ന തരത്തിലുള്ള

പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ.കെ. വിജയൻ : റിവർ മാനേജ്മെന്റ് ഫണ്ട് ഈ മണൽവാരലുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളായാലും മറ്റിതര നദീ തീരത്തുള്ള ജനായത്ത ഭരണ സംവിധാനങ്ങളായാലും അതിൽ പലതും ഒരു പണ സമ്പാദനത്തിനപ്പുറത്ത് ഒരു സാമൂഹ്യബാധ്യതയാണെന്ന് കണ്ട് ഫണ്ട് ചെലവഴിക്കുന്നതിനുള്ള സമീപനം കൈകൊള്ളുന്നില്ല. തീർച്ചയായും ഇതിന് സഹായകരമായ രീതിയിൽ 2009–2011–ലെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒരു സമഗ്രമായ റിപ്പോർട്ട് ഈ സഭ അംഗീകരിച്ചിട്ടുണ്ട്. അതിൽ വളരെ വിശദമായി പത്തമ്പത്തൊന്ന് നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഞാനത് ഇവിടെ ആവർത്തിക്കുന്നില്ല. ഇതിനെ എത്രമാത്രം തടയുവാൻ കഴിയുമെന്ന വളരെ ഫലപ്രദമായ നിർദ്ദേശങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. തീർച്ചയായും ഇപ്രകാരം ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതുകൂടി പരിഗണിച്ചില്ലെങ്കിൽ അക്ഷരാർത്ഥത്തിൽ നമ്മുടെ നദികളും പുഴകളും മരിച്ചുപോകുന്ന സാഹചര്യം വരും. ഇപ്പോൾതന്നെ നദികൾ ഗതിമാറി ഒട്ടേറെ മേഖലകളിൽ ഒഴുക്കില്ലാത്ത സാഹചര്യം വന്നിട്ടുണ്ട്. അത് തടയണമെങ്കിൽ മനുഷ്യരുടെ കൂട്ടായ്മ ഇതിന് അനിവാര്യമാണ്. അതിനുള്ള ഒരു അവബോധം, ജനകീയ ബോധം ഉയർത്തി കൊണ്ടുവരാനുള്ള പരിശ്രമം നടത്തിയില്ലെങ്കിൽ തീർച്ചയായും ഇനി അങ്ങോട്ടുള്ള സാഹചര്യം □വെള്ളം വെള്ളം സർവ്വത്ര ഉറ്റുകുടിപ്പാൻ ഇല്ലത്രേ□എന്നു പറഞ്ഞതുപോലെ മറ്റിതര ആഗോള ശതമാനത്തിന്റെ കണക്കെടുത്ത് പരിശോധിക്കുമ്പോൾ അതിലെത്രയോ ഏറെ ജലത്തിന്റെ അളവുള്ള നദികളും പുഴകളുമുള്ള ഈ കേരളം വറ്റുവരണ്ടു പോകുന്ന സാഹചര്യങ്ങളിലേയ്ക്ക് എത്തും. വളരെ

ഗൗരവകരമായ ഈ കാര്യം തീർച്ചയായും തടയുവാനുള്ള സംവിധാനം സൃഷ്ടിക്കുകയാണ് നമ്മുടെ മുന്നിലുള്ള കരുണീയമായമാർഗ്ഗം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഇവിടെ നദികളുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ വിശദീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണൽ വളരെ അത്യാവശ്യമുള്ള കാര്യംതന്നെയാണ്. മണലെടുപ്പിന് പരിധിവിട്ട് അനുവാദം കൊടുത്തതിന്റെ ഭാഗമായി പല നദികളും നദീതീരങ്ങളും ഇടിഞ്ഞുപോകുകയും പുഴ തകരുകയും ചെയ്യുന്ന സാഹചര്യമാണുണ്ടാകുന്നത്. എന്നാൽ നദികളുടെ മധ്യഭാഗത്ത് കുന്നുകൂടി കിടക്കുന്ന മണൽ ആരും എടുക്കുന്നില്ല. കേരളത്തിലെ നദികളിൽ പല സ്ഥലങ്ങളിലും ഇതിന്റെ ഭാഗമായി വൻപുറ്റുകൾ രൂപപ്പെട്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് ടൺ മണൽ എടുക്കാൻ കഴിയുന്ന ഈ പ്രദേശങ്ങളെ സംബന്ധിച്ച് ഒരു പരിശോധനയും നടക്കുന്നില്ല. ഒന്ന്, ഇത്തരം മണൽപ്പുറ്റുകളിൽനിന്ന് മണലെടുക്കാൻ ആവശ്യമായ ഒരു പദ്ധതി സംസ്ഥാന അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ചാൽ തീരങ്ങൾ ഇടിഞ്ഞു പോകുന്ന സ്ഥിതി ഒഴിവാക്കാൻ സാധിക്കും. രണ്ട്, രണ്ടാമതായി ഉപ്പുമണൽ റിഫൈൻ ചെയ്യാനുള്ള ടെക്നോളജി പല രാജ്യങ്ങളിലും ഇപ്പോൾ സജീവമാണ്. ആ ടെക്നോളജി ഉപയോഗിക്കുന്ന സ്ഥിതി കേരളത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഉപ്പുമണൽ റിഫൈൻ ചെയ്യാനുള്ള ടെക്നോളജിയെ സംബന്ധിച്ചുകൂടി ഈ സർക്കാരിന്റെ പരിഗണനയിൽ വരേണ്ടതല്ലേ? ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചത് വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ്. യഥാർത്ഥത്തിൽ ജില്ലാ സമിതികളിലൂടെ ഇതിനുള്ള പ്രത്യേക പ്രോജക്ടുകൾ, പാക്കേജുകൾ തയ്യാറാക്കി സംസ്ഥാന സമിതിയിൽ കൊണ്ടുവന്ന് അംഗീകരിപ്പിച്ചാൽ

ഇതിന് പരിഹാരമുണ്ടാക്കിയെടുക്കാൻ കഴിയും. എൽ.ഡി.എഫ്.-ന്റെ കാലത്ത് അത്തരമൊരു തീരുമാനം കൈകൊണ്ട് മുന്നോട്ടുവരാൻ തീരുമാനിച്ചതാണ്. അത്തരം ഒരു നടപടി സ്വീകരിച്ചാൽ ഇവിടെ സൂചിപ്പിച്ചതുപോലെ കുന്നുകൂടി കിടക്കുന്ന ഈ മണൽ ഉപയോഗിക്കാനും അതുമായി ബന്ധപ്പെട്ട മറ്റിതര പാരിസ്ഥിതിക പ്രശ്നങ്ങൾ, തീരങ്ങൾ ഇടിയുന്നതുൾപ്പെടെ തടയുവാനും കഴിയും.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, പൊന്നാനി അംഗം ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ ഉപ്പുമണലുമായി ബന്ധപ്പെട്ട പ്രശ്നം വളരെ ഗൗരവമുള്ളതാണ്. പൊന്നാനി, കൊടുങ്ങല്ലൂർ, അഴീക്കോട് ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിലും കേരളത്തിന്റെ വിവിധ തുറകളിലും നദിയിൽ നിന്നും കടലിലേയ്ക്ക് വരുന്ന അഴിമുഖങ്ങളോടുചേർന്ന പ്രദേശങ്ങളിൽനിന്നും ഉപ്പുമണലെടുത്ത് വിവിധ നിർമ്മാണപ്രവർത്തനങ്ങൾക്ക് കൊടുക്കുകയാണ്. ഉപ്പുമണൽ ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന ഏത് കെട്ടിടങ്ങളായാലും വളരെ പെട്ടെന്ന് അവ നാശോന്മുഖമാകും. കൊച്ചിയിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി കൊണ്ടുപോകുന്ന മണൽ പൊന്നാനി, കൊടുങ്ങല്ലൂർ, അഴീക്കോട് എന്നിവിടങ്ങളിൽനിന്നുമാണ് കൊണ്ടുപോകുന്നത്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. പത്തോ പതിനഞ്ചോ വർഷം കഴിയുമ്പോൾ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പല കെട്ടിടങ്ങളുടേയും സിമന്റ് അടർന്നുവീഴുകയും കമ്പികൾ തുരുമ്പെടുത്തുപോകുകയും ചെയ്യും. ഇതിനൊന്നിനും ശാസ്ത്രീയമായ ഒരു പഠനമില്ല. നദികളിൽനിന്നും തുറമുഖങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽനിന്നും പോർട്ടിന്റെ അനുമതിയോടുകൂടി അനധികൃതമായി മണലെടുക്കുകയും ലേലം ചെയ്ത്

വിൽക്കുകയുമാണ്. ഇങ്ങനെ ഉപ്പുമണൽ വിൽപ്പന നടത്തിക്കൊണ്ട് വലിയൊരു സംഘം, അതിന് ഏത് പേരിട്ട് വേണമെങ്കിലും വിളിക്കാം, എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ആളുകൾ അതിന് കൂട്ടുനിൽക്കുന്നുണ്ട്. അതീവ ഗുരുതരമാണ് ഈ പ്രശ്നം. ഇത്തരത്തിലുള്ള മണൽ ശുദ്ധീകരിച്ച് നിർമ്മാണപ്രവർത്തനത്തിന് ഉപയോഗിക്കാതെ ഉപ്പുമണൽ നേരിട്ട് നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിൽ നിയന്ത്രണം കൊണ്ടുവരാൻ റവന്യൂ വകുപ്പുമാത്രം വിചാരിച്ചാൽ കഴിയില്ല. അതുകൊണ്ട് തുറമുഖ വകുപ്പുൾപ്പെടെ ഈ കാര്യത്തിലിടപെടേണ്ടതിന്റെ പ്രാധാന്യം അങ്ങേയ്ക്ക് ബോധ്യമായിട്ടുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർമാർ വളരെ വിലപ്പെട്ട ചോദ്യങ്ങളാണ് ചോദിച്ചത്. ഉപ്പുമണൽ റിഫൈൻ ചെയ്യാതെ ഉപയോഗിക്കുന്ന ഒരു സാഹചര്യം ഇവിടെയുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ ലൈഫ്, കോസ്റ്റൽ ഏരിയയിൽ 60 വർഷമാണ്. പണികഴിഞ്ഞ് 5 വർഷമാകുമ്പോൾത്തന്നെ കോൺക്രീറ്റിന്റെ ഭാഗങ്ങൾ അടർന്നുവീഴുന്ന സാഹചര്യം ഇപ്പോൾ വന്നിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ കടൽ പൂഴിമണൽ എടുത്ത് റിഫൈൻ ചെയ്യാനുള്ള സംവിധാനങ്ങളുണ്ട്. ഇവിടെയും പെട്ടെന്ന് കിട്ടുന്നവ എന്ന നിലയ്ക്ക് ഇനി അങ്ങോട്ട് സമീപിക്കാൻ കഴിയാത്ത രീതിയിൽ ചൂഷണം നടന്ന മേഖലകൾ ഒഴിവാക്കി ആഴക്കടലുകളിൽനിന്ന് മണലെടുക്കുകയും അതിലെ ഉപ്പ് കളയാനുള്ള റിഫൈൻ സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്താൽ ഇതിന് പരിഹാരമുണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചത്. തീർച്ചയായും ആ മാർഗ്ഗമാണ് നാം സ്വീകരിക്കേണ്ടത്.

ശ്രീ. കെ. വി.. അബ്ദുൾ ഖാദർ: സർ, നദികളിൽനിന്നുള്ള മണൽ വാരലിനെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. സഭയിലെ ഇരുവശത്തുമുള്ള അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതും നിയമസഭാ പരിസ്ഥിതി കമ്മിറ്റി നേരത്തെ റിപ്പോർട്ട് നൽകിയിട്ടുള്ളതുമായ പ്രധാനപ്പെട്ട വിഷയമാണിത്. ചില സ്ഥലങ്ങളിൽനിന്നും അനധികൃതമായി എടുക്കുന്ന മണലിന്റെ പ്രശ്നം, വെസ്റ്റ് കല്ലട അതിന് ഒരുദാഹരണമാണ്. മോട്ടോർ പമ്പുസെറ്റുപയോഗിച്ച് അനിയന്ത്രിതമായി മണലെടുത്തതുകൊണ്ട് അഗാധഗർത്തങ്ങളായി മാറിക്കഴിഞ്ഞ സ്ഥലങ്ങളുണ്ട്. എങ്ങനെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നുള്ളത് വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ട കാര്യമാണ്. കാരണം, ഒരു കല്ലിട്ടുകഴിഞ്ഞാൽ ആഴത്തിൽ പതിക്കും. അത്രമാത്രം ആഴമാണ്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കപ്പെടാൻ കഴിയുമെന്നുള്ളത് നമ്മൾ ചർച്ച ചെയ്യേണ്ടതല്ലേ; അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ ഗൗരവപൂർവ്വം കാണേണ്ട വിഷയമാണ്. ഞാനത് നേരത്തെ സൂചിപ്പിച്ചു. സ്കൂൾ-കോളേജ് വിദ്യാർത്ഥികളും ടൂറിസ്റ്റുകളും നീന്തൽ അറിയാവുന്നവർ എന്ന നിലയിൽ നദികളിലും ആറുകളിലും കുളിക്കാൻ ശ്രമം നടത്തുമ്പോൾ ഇതുപോലെയുള്ള ഗർത്തങ്ങളിലേയ്ക്ക് എത്തിപ്പെടുകയും എത്രയോ മരണങ്ങൾ അത്തരത്തിലുള്ളവ നമ്മുടെ ശ്രദ്ധയിൽ വരികയും ചെയ്തതാണ്. തീർച്ചയായും ഇത് തടയേണ്ടതാണ്. നമ്മുടെ സമിതികൾക്ക് വളരെ ഫലപ്രദമായി ഈ വിഷയത്തിൽ ഇടപെടാൻ കഴിഞ്ഞാൽ ഇതിനൊരളവോളം പരിഹാരമുണ്ടാക്കിയെടുക്കാൻ കഴിയുന്നതാണ്. അനിയന്ത്രിതമായ രീതിയിൽ ക്വാറികളുപയോഗിക്കുന്ന സംവിധാനം കേരളത്തിൽ വന്നിട്ടുണ്ട്. നേരത്തെ ചെറുകിട ക്വാറികളാണ് പ്രവർത്തനം നടത്തിയിരുന്നത്. ഇന്ന്

രണ്ടേക്കറും മൂന്നേക്കറും വലിപ്പമുള്ള ക്വാറികൾ നമുക്ക് കാണാൻ കഴിയും. മൂന്നുദിവസംകൊണ്ട് അവിടെ പൂർണ്ണമായും ശൂന്യമാകുന്ന തരത്തിൽ ഏറ്റവും വലിയ യന്ത്രസാമഗ്രികൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെ ഭാഗമായി ചുരുങ്ങിയത് 5 ലക്ഷം രൂപയാണ് കെട്ടിവയ്ക്കേണ്ടത്. ചെറുകിട ക്വാറിയുടമകൾക്ക് ഇത് താങ്ങാൻ കഴിയുന്നില്ല. വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങളാണ്, പ്രത്യേകിച്ച് മലബാർ മേഖലകളിൽ 200-ഉം 500-ഉം ഏക്കർ സ്ഥലം വാങ്ങി ചൂഷണം ചെയ്യുന്ന തരത്തിലേയ്ക്ക് വരുന്നത്. അതുപോലെ തന്നെ മണൽ വാരാനുള്ള സംവിധാനങ്ങളും വന്നിരിക്കുന്നു എന്നതാണ് ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. തീർച്ചയായും ഇതിന് പരിഹാരമുണ്ടാക്കിയെടുക്കണമെങ്കിൽ നല്ല ജാഗ്രത ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണം. ബില്ലുകൊണ്ടുമാത്രം ഇത്തരം പ്രവർത്തനങ്ങൾ തടയാൻ കഴിയില്ല. തീർച്ചയായും ഇതിന്റെ കാവൽക്കാരൻ എന്ന നിലയിൽ ഇതിനുവേണ്ടി പ്രവർത്തനം നടത്തുന്നവരുടെ പ്രശ്നമാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്.

ശ്രീ. പി. തിലോത്തമൻ: സർ, അനധികൃതമായി മണൽ വാരുന്നതിനെക്കുറിച്ചാണ് അങ്ങിവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. അനധികൃത മണൽവാരൽ തകൃതിയായി നടക്കുന്നതിന്റെ ഭാഗമായി ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന പ്രശനങ്ങൾക്ക് മിക്കവാറും എല്ലാ സന്ദർഭങ്ങളിലും ഇരട്ടിയോ അതിനേക്കാളേറെയോ വില കൊടുക്കേണ്ടിവരുന്നു എന്നുള്ളതാണ്. ഒരു നിർമ്മാണ പ്രവർത്തനവും ഫലപ്രദമായി നടത്താൻ നമുക്ക് കഴിയുന്നില്ല. ഞങ്ങളുടെ പ്രദേശത്തെ ഒരനുഭവം പറയാം. വേമ്പനാട് കായൽ വലിയ

ജലാശയമാണ്. അവിടെ അനധികൃത മണൽവാരൽ തകൃതിയായി നടന്നുകൊണ്ടിരിക്കുകയാണ്. പോലീസും മറ്റുദ്യോഗസ്ഥന്മാരും എത്ര നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാലും അനധികൃത മണൽവാരൽ അവിടെ നടക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഞങ്ങളുടെ പ്രദേശത്തുനിന്ന് വാരുന്ന മണൽ വൈക്കം ഏരിയയിൽ കൊണ്ടുപോയി കരയ്ക്കടുപ്പിച്ചാൽ ആ മണൽതന്നെ ചേർത്തലയിൽ ഞങ്ങളുടെ ഏരിയയിൽ വരുമ്പോൾ ഇരട്ടിയിലധികം വില കൊടുത്ത് വാങ്ങേണ്ട അവസ്ഥയാണ്. ഏതായാലും പല സമയങ്ങളിലായി ഈ വിഷയം സഭയിൽ ചർച്ചയ്ക്ക് വന്നിട്ടുള്ളതാണ്. മണൽ വാരാൻ കഴിയുന്ന സ്ഥലങ്ങളുണ്ട്. 'കഴിഞ്ഞ നൂറുവർഷക്കാലം കൊണ്ട് വേമ്പനാട് കായൽ ആഴത്തിലും വിസ്തൃതിയിലും പകുതിയായി' എന്നാണ് ഒരു ജർമ്മൻ സായിപ്പ് അദ്ദേഹത്തിന്റെ പഠനത്തിൽ പറഞ്ഞത്. സർവീസ് ബോട്ടുപോലും നടത്താൻ കഴിയുന്നില്ല. പെരുമ്പളം-പാണാവള്ളി ബോട്ട്സർവീസും തവണക്കടവ്-വൈക്കം ബോട്ട് സർവ്വീസും നടത്താൻ കഴിയുന്നില്ല. ആഴം കുറഞ്ഞതുകൊണ്ട് വെള്ളം കുറയുന്ന സന്ദർഭത്തിൽ ബോട്ടിന്റെ പ്രൊപ്പല്ലർ മണൽത്തിട്ടയിലിടിച്ച് കേടുപറ്റി പലപ്പോഴും ബോട്ട് സർവീസുകൾ മുടങ്ങുകയാണ്. പെരുമ്പളം ദ്വീപിലെ ജനങ്ങളുടെ ജീവിതത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് ബോട്ട് സർവീസിന് തകരാർ സംഭവിക്കുന്നത്. അവരുടെ ജീവിതത്തിന്റെതന്നെ താളം തെറ്റുകയാണ്. അവർക്ക് അന്യദേശങ്ങളിൽപോയി പണിയെടുക്കണം. ഒരു ബോട്ട് സർവീസ് മുടങ്ങിയാൽ ഒരു ദിവസംതന്നെ അവർക്ക് നഷ്ടപ്പെടുകയും അവരുടെ വരുമാനം ഇല്ലാതാകുകയും ചെയ്യും. നിത്യേന ഇത്തരം സംഭവങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റവന്യു വകുപ്പുമന്ത്രി

ചെയ്യേണ്ടത് അവിടെ പ്രത്യേകമായി ചില മേഖലകളിൽ മണൽത്തിട്ടകളുണ്ട്. അഞ്ചുനദികൾ വന്ന് സംഗമിക്കുന്ന വേമ്പനാട് കായലിൽ മണൽത്തിട്ടകൾ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ മണൽത്തിട്ടകൾ മാർക്കു ചെയ്ത് അവിടെനിന്ന് മണൽവാരി, നിയന്ത്രിതമായ രീതിയിൽ പാസ് ഏർപ്പെ ടുത്തിക്കൊണ്ട് റോയൽറ്റി സംവിധാനത്തിലൂടെ സർക്കാരിന് വാങ്ങാൻ കഴി യുമെങ്കിൽ മണൽവാരി ജീവിക്കുന്ന ആയിരക്കണക്കിനാളുകൾക്ക് സഹായക രമായിത്തിരുകയും സർക്കാരിന് വരുമാനമാകുകയും ചെയ്യും. അത്തരം നിലപാടിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, പൂർണ്ണമായി യോജിക്കുകയാണ്.

<u>ശ്രീമതി കെ. കെ. ലതിക</u>: സർ, കുറ്റ്യാടിപ്പുഴയുടെ ഉത്ഭവസ്ഥാനത്തുള്ള പാറപൊട്ടിക്കൽ കുറ്റ്യാടിപ്പുഴയെ മരണത്തിലേക്കെത്തിക്കുമെന്നുള്ള അവസ്ഥയും അനധികൃതമായ മണൽവാരൽമൂലം വടകര മുനിസിപ്പാലിറ്റിയി ലേയ്ക്ക് നൽകുന്ന വെള്ളത്തിലും കുറ്റ്യാടിപ്പുഴയിൽനിന്നും വിവിധ പഞ്ചായ ത്തുകൾക്ക് കൊടുക്കുന്ന വെള്ളത്തിലും ഉപ്പുവെള്ളം കയറുന്ന അവസ്ഥ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നമ്മുടെ പല മേഖലകളിലും ഭൂമിയും പാറയും മാഫിയകളുടെ കൈവശം വരുന്നതായ കാര്യം അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെടുകയും ഞാനത് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഓർമ്മപ്പെടുത്തിയത് നന്നായി. കുറ്റ്യാടിപ്പുഴ മാത്രമല്ല ഉത്ഭവസ്ഥാന ങ്ങളിലുള്ള പാറക്കെട്ടുകളിൽ ക്വാറി ഉടമകൾ കൈവച്ചിരിക്കുകയാണ്. ഇപ്പോൾത്തന്നെ ഓക്സിജൻ കൊടുക്കുന്ന നിലയിലേയ്ക്കെത്തിയ നമ്മുടെ നദികളും പുഴകളും പൂർണ്ണമായും വരണ്ടുപോകാനുള്ള സാധ്യതയാണ് ഇതു

മായി ബന്ധപ്പെട്ട് വരാനിടയുള്ളത്. അതോടൊപ്പം നമ്മൾ കുടിക്കുന്ന കിണർ വെള്ളത്തിലേയ്ക്ക് വലിയതോതിൽ ഭൂഗർഭജലത്തിന്റെ ക്ഷാമത്തിന്റെയടിസ്ഥാനത്തിൽ ഉപ്പുവെള്ളം കയറാനുള്ള സാധ്യതകൂടിയുണ്ട്. ഇതിൽ വളരെ സത്വരമായ ശ്രദ്ധ ഗവൺമെന്റിന്റെയും ജനങ്ങളുടെയും ഭാഗത്തുനിന്നുണ്ടായില്ലെങ്കിൽ അതീവ ഗുരുതരമായ ഭീഷണി നേരിടേണ്ടിവരും. വേമ്പനാട് കായലിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. അതോടനുബന്ധിച്ച് മണൽ ലഭിക്കാത്ത പ്രശ്നത്തെക്കുറിച്ച് പറഞ്ഞു. ഒരു പാസ് വച്ച് ഏറ്റവും ചുരുങ്ങിയത് 20 ലോഡ് മണലാണ് അടിക്കുന്നത്. ഭാരതപ്പുഴയിൽ 50 ലോഡ് മണൽ ഒരുമിച്ച് എടുക്കുന്നതായാണ് ഈ അടുത്ത ദിവസം പത്രത്തിൽ കണ്ടത്. ഇവിടെ ഭരണകൂടമില്ലേ; അധികാരികളില്ലേ; ഇതിനെല്ലാം താങ്ങും തണലും നൽകുന്നതിന്റെ അടിസ്ഥാനത്തിലല്ലേ ഈ പുഴയിൽ 50 വണ്ടികളൊരുമിച്ച് പുഴയിലൂടെ ഒരു പ്രത്യേക റോഡുവെട്ടി മണലടിക്കുന്ന സാഹചര്യം കേരളത്തിലുണ്ടായിത്തീർന്നിരിക്കുന്നത്.

<u>ശ്രീ. എം. ഹംസ</u>: സർ, ബഹുമാനപ്പെട്ട മന്ത്രികൂടി ഇത് കേൾക്കുമെന്ന് വിചാരിച്ചാണ് പറയുന്നത്. ഇപ്പോൾ മണലിനുള്ള പെർമിറ്റ് കളക്ടറേറ്റിൽ നിന്നും കൊടുക്കുന്നുണ്ട്. പ്രത്യേകിച്ച്, പാലക്കാട് ജില്ലയിലെ അനുഭവമാണ് പറയുന്നത്. കളക്ടറേറ്റിൽ നിന്നും കൊടുക്കുന്ന പെർമിറ്റ് കൃത്യസമയത്ത് കിട്ടുന്നില്ല. വീടുപണി കഴിഞ്ഞതിനുശേഷമാണ് പെർമിറ്റ് കിട്ടുന്നത്. വീടുപണി കള്ളമണലുകൊണ്ട് നടത്തിയശേഷം ഈ പെർമിറ്റ് വാങ്ങി മണമൽ മറിച്ച് വിൽക്കുന്ന അനുഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനൊരു പരിഹാരം അങ്ങ് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരാൻ ശ്രമിക്കുമോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വിഷയം നടക്കുന്നതാണ്. ചെറിയ വീടുകളുടെ നിർമ്മാണത്തിനുള്ള ആളുകളാണ് ബുദ്ധിമുട്ടുന്നത്. വലിയ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് മണലി നോ ഒന്നും യാതൊരു ക്ഷാമവുമില്ല. അവരുടെ പ്രശ്നങ്ങളെല്ലാം പൂർണ്ണമായി പരിഹൃതമാകുന്നുണ്ട്. എന്നാൽ മറ്റുള്ളവർ വളരെ ബുദ്ധിമുട്ടി വീടുപണി കഴിയ്ക്കുന്ന സാഹചര്യമാകുമ്പോൾ മാത്രമേ ഈ പെർമിറ്റ് റിലീസ് ചെയ്യാൻ കഴിയുന്നുള്ളു. ഒരു പെർമിറ്റ് ലഭിക്കുമ്പോൾ മണൽ മാഫിയ ഏറ്റവും ചുരുങ്ങിയത് 20 ലോഡ് മണൽ കടത്തുകയും 19 പേർക്ക് ഇരട്ടിയോ മൂന്നിരട്ടിയോ വിലയ്ക്ക് വിൽക്കുകയും ചെയ്യും. ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങിയ അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽ ഇവിടെ വരു ന്നുണ്ട്. അത് പോലീസ് തടയുകയും മണൽ മാഫിയ്ക്ക് സഹായം നൽകുന്ന സംവിധാനവുമാണ് സൃഷ്ടിക്കുന്നത്. അതിനൊരു പ്രത്യേക നികുതി ചുമത്തി ആ മണൽ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ പരിശ്രമം നടത്തി യാൽ ഇന്നത്തെ മണൽക്ഷാമം പരിഹരിക്കാൻ ഒരളവോളം കഴിയും. അത് ഗവൺമെന്റ് ശ്രദ്ധിച്ചാൽ തീർച്ചയായും കടൽ മണൽ എടുക്കുന്നതോടൊപ്പം അതുകൂടി കൊണ്ടുവന്നാൽ നമുടെ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കും.

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങ് ഇവിടെ നദികളിലെ ജലനിരപ്പ് കുറയുന്നതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുകയുണ്ടായി. അത് ശരിയാണ്. ഈ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഉയർത്തിക്കാട്ടുന്നത് മണൽ ഇട പാടുമായി ബന്ധപ്പെട്ടതാണ്. ഇവിടെ മണൽ വാരുന്നതുകൊണ്ട് നദീതീരം ഇടിയുക മാത്രമല്ല, നദീതീര സംരക്ഷണം എന്ന് പറയുമ്പോൾ മണലെടുക്കു ന്നതിന്റെ ഫലമായി, നദകൾ കുഴിഞ്ഞ് പോകുന്നതിന്റെ ഫലമായി ഭൂഗർഭജല

നിരപ്പ് താഴ്ന്നുപോകുന്ന സ്ഥിതിയാണുള്ളത്. ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യണം. റിവർ മാനേജ്മെന്റ് ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ട്, കോടിക്ക ണക്കിന് രൂപ വിവിധ ജില്ലകളിൽ കളക്ടർമാർ സൂക്ഷിപ്പുകാരായി ജില്ലകളിൽ ഇരിപ്പുണ്ട്. അതിൽ നദീതീര സംരക്ഷണം എന്നതിനപ്പുറത്തേയ്ക്ക് വെള്ളം സംരക്ഷിക്കുന്നതിനാവശ്യമായ നിലപാട് ഈ ബില്ലുമായി ബന്ധപ്പെട്ട നടപടി യിൽ ഉറപ്പാക്കണമെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ആ നിർദ്ദേശത്തിന് അടിവരയിട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ശ്രീ. ആർ. രാജേഷ്: സർ, ബഹുമാനപ്പെട്ട മന്ത്രികൂടി ഇത് കേൾക്കാനാണ് പറയുന്നത്. നദികളിൽ നിന്ന് വള്ളങ്ങളിലും ലോറികളിലും മണലെടുക്കുന്നത് സാധാരണ നടക്കുന്ന സംഭവമാണ്. എന്റെ മണ്ഡലമായ മാവേലിക്കരയിൽ ഇരുപതോളം വള്ളങ്ങൾ ആ പാടശേഖരം മുഴുവൻ കുഴിച്ച് അവിടെ നിന്നും മണൽ വാരിയതിന്റെ ഫലമായി അഞ്ചോളം വരുന്ന കുഞ്ഞുങ്ങൾ അടക്കമുള്ള ആളുകൾ ആ കയത്തിൽ വീണ് മരണപ്പെട്ടത് ജില്ലാ കള്കടറും മന്ത്രിയടക്കമുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത്തരം കാര്യങ്ങൾക്കെതിരെ പോലീസും റവന്യൂ ഉദ്യോഗസ്ഥരും നടപടി സ്വീകരിക്കാത്തത് മണ്ണ്-മണൽ മാഫിയകളെ സംരക്ഷിക്കുന്നതിനുവേണ്ടി യല്ലേ? അത് ഈ തീരത്ത് മാത്രമല്ല, പല സ്ഥലത്തും പാടശേഖരം കുഴിച്ചു മൂടി മണ്ണും മണലും എടുക്കുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, മണൽ വാരലും മണൽ കൊള്ളയെ യും കുറിച്ചാണ് ചർച്ച ചെയ്യപ്പെടുന്നത്. നിലവിലുള്ള നിയമത്തിന് കുറേ അപര്യാപ്തതയുണ്ടെന്നുള്ള കാര്യം നമുക്കറിയാം. എന്നാൽ സഭയിലെ

മുൻമന്ത്രിയും ഇപ്പോഴത്തെ ഒരു എം.പി.-യുമായ ഒരംഗം മണൽ മാഫിയ്ക്ക് അനുകൂലമായി പോലീസ് സ്റ്റേഷനിൽ പോയി ലഹളയുണ്ടാക്കിയെന്നുള്ള പത്രവാർത്ത അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? അത്തരം ആളുകളുടെ പേരിൽ.....

മി. സ്പീക്കർ: ഈ ബില്ലുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: മണലിന്റെ കൊള്ളയുമായി ബന്ധപ്പെട്ട ബില്ലാണ്. മണലും പാറയും കൊള്ളചെയ്യുന്ന, അതിനെ തടയാനാണ് ഈ ബിൽ. മണൽക്കൊള്ള തടയാനുള്ള കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഇത്തരം കേസുകൾ വരുമ്പോൾ, വളരെ പെട്ടെന്ന് മരിക്കാൻ പോകുന്ന രോഗിക്ക് ഓക്സിജൻ കൊടുക്കുന്നതിനേ ക്കാൾ വേഗതയിൽ രാഷ്ട്രീയ നേതാക്കന്മാർ, അത് ജനപ്രതിനിധകളായാലും പോലീസ് സ്റ്റേഷനുകളിലേയ്ക്കോ അധികാര കേന്ദ്രങ്ങളിലേയ്ക്കോ പ്രശ്ന ങ്ങളുയർത്താൻ മെനക്കെടുന്നത് മണൽ-മാഫിയ ബന്ധം രാഷ്ട്രീയ പ്രസ്ഥാ നങ്ങളിലേയ്ക്ക് കടന്നുവരുന്നുണ്ട് എന്നുള്ളതിന് തെളിവാണ്. തീർച്ചയായും അവരുടെ സാമൂഹ്യബോധം, രാഷ്ട്രീയബോധം ഒരു രാഷ്ട്രീയ പ്രവർത്ത കൻ എന്ന നിലയ്ക്ക് ഉയർന്നുവരേണ്ടതാണ്. ഞാൻ ഇടപെടില്ലായെന്ന രാഷ്ട്രീയബോധമുണ്ടെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങളിൽ ഇടപെടാതിരി ക്കാൻ ജനപ്രതിനിധികൾക്ക് കഴിയുകയുള്ളു. എന്നാൽ മാത്രമേ അത് തടയാൻ കഴിയുകയുള്ളൂ.

ശ്രീ. പി. റ്റി. എ. റഹീം: സർ, രാഷ്ട്രീയബോധത്തെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. പക്ഷേ ആ പോലീസ് ഉദ്യോഗസ്ഥനെ അവിടെ നിന്ന് സ്ഥലം മാറ്റി യെന്നുള്ളത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, എന്റെ പ്രദേശത്താണ് ആ പോലീസുകാരന് സൗകര്യം കിട്ടിയത്. സ്വന്തം നാട്ടിലേയ്ക്കായതുകൊണ്ട് ട്രാൻസ്ഫർ കിട്ടിയ കാര്യത്തിൽ അദ്ദേഹത്തിന് വളരെ സന്തോഷവുമാണ്. ഈ വിഷയം മന്ത്രി ഗൗരവപൂർവ്വം ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ബില്ലിന്റെ ഭാഗമായി, മൊത്തം നദികളുടേയും പുഴകളുടേയും കിലോമീറ്ററുകൾ കണക്കാക്കി ഒരു ഗ്രീൻ ബെൽറ്റ് സമയബന്ധിതമായി സ്ഥാപിക്കുമെന്ന് തീരുമാനിച്ചാൽ അതിൽ നേരത്തെ സൂചിപ്പിച്ച മരങ്ങളോടൊപ്പം തണ്ണീർത്തടസംരക്ഷണത്തിന് ഉപയോഗിക്കാൻ കഴിയുന്ന ചെടികൾ കൂടി വളർത്താവുന്ന ഒരു പദ്ധതി കൂടി ഈ ബില്ലിന്റെ ഭാഗമായി ഉയർന്നുവന്നില്ലെങ്കിൽ നമ്മുടെ പുഴയോരങ്ങൾ, കണ്ടൽകാടുകൾ, ഇവയൊക്കെ പൂർണ്ണമായും കയ്യേറിപ്പോകും. അവ നട്ടുവളർത്തുവാനുള്ള സംവിധാനം, റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടാനുള്ള സംവിധാനം വേണം. ഇത്തരം ചൂഷണത്തിന്റെ മേഖലയായി നദികളെയും പുഴകളെയും മാറ്റാതെ ഇത് സംരക്ഷിക്കാനുള്ള ഒരു ധാർമ്മിക ബോധം സമൂഹത്തിന് ഉയർത്തിയെടുക്കാൻ ഈ ബിൽ കൊണ്ട് കഴിയണം. ഏത് നിയമം നടപ്പിലാക്കുമ്പോഴും ജനപക്ഷം എന്ന നിലയ്ക്ക് ഈ രാജ്യത്തെ ജനങ്ങളെയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികളെയും വിശ്വാസത്തിലെടുത്തുകൊണ്ടായിരിക്കണം പ്രവർത്തനരംഗത്തേയ്ക്ക് കടന്നുവരേണ്ടത്. നേരത്തെ മന്ത്രി പറഞ്ഞപ്പോൾ ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ.-യുടെ വിഷയം മാത്രം സൂചിപ്പിച്ചു. അടച്ചാക്ഷേപിക്കരുത്. ഈ നാട് രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന ഒട്ടേറെ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ ഈ രംഗത്ത് ആത്മാർത്ഥമായ പ്രവർത്തനം നടത്തുന്നുണ്ട്. അവർ കൂടി ഇല്ലായിരുന്നുവെങ്കിൽ എത്രയോ വർഷം മുമ്പ് ഇവ വരണ്ടുപോകുന്ന സാഹചര്യം

വരുമായിരുന്നു. അവരുടെ ശക്തമായ ഇടപെടലുകളുടെ അടിസ്ഥാന ത്തിലാണ് ഇന്നത്തെ കേരളം ഇതുപോലെയെങ്കിലും ആയി നിൽക്കുന്നത് എന്ന് നമ്മൾ വിസ്മരിക്കരുത്. തീർച്ചയായും രാഷ്ട്രീയരംഗത്തും നേരത്തെ സൂചിപ്പിച്ചതുപോലെ കള്ളനാണയങ്ങൾ കണ്ടേയ്ക്കാം. അത് ഇതിന്റെ മറ വിൽ കടന്നുവന്നവരായിരിക്കാം. തീർച്ചയായും അത് തടയാനുള്ള ധാർമ്മിക ബോധമാണ് സമൂഹത്തിൽ ഉയർന്നുവരേണ്ടത്. ഈ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തികൊണ്ട് നമ്മുടെ മുഴുവൻ പുഴകളെയും നദികളെയും സംരക്ഷിക്കാൻ ഒരു ഗ്രീൻ ബെൽറ്റ് ഉണ്ടാകും, ഉണ്ടാക്കുമെന്നു കൂടി ഈ ബില്ലിൽ ചേർത്തുകൊണ്ട് നമുക്ക് ഈ ബില്ലിനെ മാറ്റിയെടുക്കേണ്ട തുണ്ട് എന്ന ഒരു നിർദ്ദേശം വയ്ക്കുകയാണ്.

ശ്രീ. പാലോട് രവി: സർ, നമ്മുടെ സഭയിലുള്ള എല്ലാപേരും ആലോചിക്കേണ്ട ഒരു കാര്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നത്. ആയിരം കൈത്തോടുകൾ ചേരുന്നതാണ് ഒരു വലിയ പുഴയായി മാറുന്നത്. ആ കൈത്തോടുകൾ മുഴുവനും നാട്ടിൽ റോഡുകളായി മാറുകയാണ്. അതിനാവശ്യമായ പണം മുഴുവനും ഭരണ-പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാർ നൽകുകയാണ്. ഒരൊറ്റ പ്രദേശത്തും തോടില്ല. എല്ലാ തോ ടുകളും നികത്തുകയാണ്. തോടുകൾ നികത്തി ആളുകൾക്ക് റോഡുകൾ മാത്രം മതി. മൈനർ ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ചും തോടുകൾ നികത്തുക യാണ്. എങ്ങനെ ആ നദികളെ സംരക്ഷിക്കാൻ കഴിയും? കേരളത്തിലുണ്ടായി രുന്നതുപോലെ കൈത്തോടുകൾ ലോകത്ത് ഒരു ഭാഗത്തുമില്ല. ആ കൈത്തോടുകളൊന്നുമില്ല. എങ്ങനെ നമുക്ക് നദികളെ സംരക്ഷിക്കാൻ കഴിയും?

ശ്രീ. ഇ. കെ. വിജയൻ : അപമാനമെന്നല്ലാതെ നമുക്ക് ഇതിന് മറുപടി പറയാൻ കഴിയില്ല. നീരൊഴുക്കുകളുടെ യഥാർത്ഥ ഒഴുക്കിനുള്ള സംവിധാനം സൃഷ്ടിക്കാത്തിടത്തോളം കാലം ഇറോഷൻ നിന്ന് കഴിഞ്ഞാൽ മണലിന്റെ ക്ഷാമം വരും. നമ്മുടെ വർഷകാലത്ത് ഒഴുക്കുകൾ ഉണ്ടാക്കാൻ അവസരം സൃഷ്ടിച്ചാൽ നമ്മുടെ നദികളിലും പുഴകളിലും ധാരാളം മണൽ വന്നു കൂടു മായിരുന്നു. ഈ തോടുകളുടെ ഒഴുക്കുകൾ പൂർണ്ണമായും അടച്ചതിന്റെ ഫല മായിട്ടാണ് ഈ സാഹചര്യം വന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. പാലോട് രവി പറഞ്ഞതു മായി ബന്ധപ്പെട്ട് മറ്റൊരു വശംകൂടി പറയാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ടാർ ചെയ്ത റോഡുകളുള്ള സംസ്ഥാനം കേരളമാണ്. ഭര ണപക്ഷവും പ്രതിപക്ഷവും നാട്ടിൽനിന്ന് ഉയർന്നുവരുന്ന ആശയങ്ങളു ടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ റോഡ് ടാർ ചെയ്തുകൊണ്ടി രിക്കുന്നു. ഏറ്റവും വലിയ പ്രശ്നം റോഡ് ടാർ ചെയ്യുന്നതിന് ധാരാളം കരിങ്കല്ല് ആവശ്യമാണ്. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലുമുള്ള ഈ ആവശ്യം നമ്മൾ ഉന്നയിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു. റോഡ് റീ-ടാർ ചെയ്യാനുള്ള കല്ലുകളുടെ ലഭ്യത ചോദ്യചിഹ്നമായി നിൽക്കുകയാണ്. പാറ പൊട്ടിച്ചാൽമാത്രമേ കല്ല് ലഭിക്കുകയുള്ളൂ. ഭാവി കേരളം നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നം പാറയുടെ ലഭ്യ തയാണ്. പൊട്ടിക്കാൻ പാറയില്ലാത്ത അവസ്ഥ വരികയാണ്. ഭാവികേരള ത്തിന് ആവശ്യമായ ഏറ്റവും വലിയൊരു പ്രശ്നമായി പാറ മാറുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, അതിനൊരു പ്രത്യേക സംവിധാനം, ശാസ്ത്രീയമായി പഠനം നടത്തിക്കൊണ്ട് ഭാവിയിൽ ഇതിനുള്ള പരിഹാരങ്ങ ളെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കണം. വീട് നിർമ്മാണത്തിനും റോഡ് നിർമ്മാണത്തിനുമുള്ള മറ്റ് പദ്ധതികളെക്കുറിച്ചും ആലോചിക്കണം. എല്ലാവർക്കും വീട് എന്നതിനപ്പുറത്ത് വർഷങ്ങൾക്കുമുമ്പ് ഭവനനിർമ്മാണ വകുപ്പ് കൈകാര്യം ചെയ്ത മന്ത്രി എം. എൻ. ഗോവിന്ദൻ നായരുടെ ഒരു ലേഖനത്തിൽ ലക്ഷംവീട് പദ്ധതി വന്നപ്പോൾ എഴുതിയത് എന്റെ ഓർമ്മയിൽ വരികയാണ്. അന്ന് പറഞ്ഞിരുന്നു, റസിഡൻഷ്യൽ ഏരിയയും കാർഷിക മേഖലയും വ്യാവസായിക മേഖലയും പ്രത്യേകമായി മാറേണ്ട സാഹച ര്യത്തിലേയ്ക്ക് കേരളം എത്തിയിരിക്കുകയാണ്. ഇനിയങ്ങോട്ട് ഫ്ളാറ്റുകളി ലേയ്ക്ക് നമ്മുടെ നാടുകൾ ജീവിക്കുകയും രണ്ടോ മൂന്നോ വാർഡുകളിൽ മനുഷ്യർ ജീവിക്കുകയും അതിനടുത്ത് സ്കൂളുകൾ വരികയും ചെയ്യുമ്പോൾ വൈദ്യുതിയും കുട്ടികളുടെ യാത്രയും ലാഭിക്കാൻ കഴിയും, അങ്ങനെയൊരു സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്. പക്ഷേ വർഷങ്ങളേറെ കഴി ഞ്ഞുപോയി. ഈ രീതിയിലുള്ള പ്രവർത്തനങ്ങളും നടത്തണം. റോഡ് നിർമ്മാണത്തിനും കെട്ടിട നിർമ്മാണത്തിനും മറ്റ് ആധുനിക സൗകര്യങ്ങളെ ക്കുറിച്ചുകൂടി ആലോചിക്കണമെന്ന് സാന്ദർഭികമായി പറഞ്ഞുകൊണ്ട് ബഹു മാനപ്പെട്ട മെമ്പർ കാണിച്ച താല്പര്യത്തോട് യോജിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, എന്തൊക്കെ ആരോപണ-പ്രത്യാരോപണ ങ്ങൾ രാഷ്ട്രീയക്കാർ പരസ്പരം നടത്തിയാലും നമ്മുടെ നാട്ടിൽ വ്യാപക മായ മണൽക്കൊള്ള നടക്കുന്നുവെന്നത് പകൽപോലെ സത്യമാണ്. ഇവിടെ ധാരാളം നിർദ്ദേശങ്ങൾ പറഞ്ഞു. എനിക്ക് തോന്നുന്നത് രണ്ട് കാര്യങ്ങളാണ്.

ഒന്ന്, അന്യസംസ്ഥാനങ്ങളിൽനിന്ന് മണൽ കൊണ്ടുവരുന്നതിനെക്കുറിച്ച് പറഞ്ഞു. അതുപോലെ ചെയ്യാവുന്ന ഒരു കാര്യം മറ്റ് രാജ്യങ്ങളിൽനിന്ന് കപ്പൽവഴി മണൽ കൊണ്ടുവരാൻ കഴിയും. അതിന്റെ വാല്യു ഇവിടത്തേതു മായി നോക്കിയാൽ കൂടുതൽ ബാധ്യത വരുന്ന കാര്യമല്ല. മറ്റൊരു കാര്യം മണലിന്റെ ദുർവിനിയോഗമാണ്. ഒരു ഭിത്തിയോ ഒരു മുറിയോ നിർമ്മിക്കണെമെങ്കിലും ഒരു ലോഡ് മണൽ വാങ്ങേണ്ട ഗതികേടാണുള്ളത്. അതേസമയം ആവശ്യമുള്ള മണൽ തോതനുസരിച്ച് ചാക്കുകളിലാക്കി സിമന്റ് കൊടുക്കുന്നതുപോലെ കൊടുക്കാൻ കഴിഞ്ഞാൽ കുറേക്കൂടി ആളുകൾക്കിത് ലഭ്യമാക്കാൻ കഴിയില്ലേ?

<u>മി. സ്പീക്കർ</u>: എനിക്ക് ഒരു സംശയമുണ്ട്. അന്യസംസ്ഥാനങ്ങളിൽ അവർക്ക് മണൽ വാരാം. അവിടെ പരിസ്ഥിതിയൊന്നുമില്ലേ?

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, അന്യസംസ്ഥാനങ്ങളിൽ പുഴകളിൽനിന്നും നദികളിൽനിന്നുമല്ല, വലിയ മൺകൂനകളാണ് അവർ റിമൂവ് ചെയ്യുന്നത്. അതാണ് അതിന്റെ സത്യാവസ്ഥ. അവരോടൊരു ക്രൂരത കാണിക്കുന്ന സമീപനത്തിന്റെ ഭാഗമായല്ല ഈ നിർദ്ദേശമുന്നയിച്ചത്. അത് നമുക്ക് വില കുറച്ച് ലഭിക്കുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ നിയമങ്ങൾ കൊണ്ടുവന്ന് മനുഷ്യന് ജീവിക്കാൻ കഴിയാതായി എന്ന അഭിപ്രായമാണ് എനിക്കുള്ളത്. എന്റെ നാട്ടിൽ 5 വർഷം മുമ്പ് ഒരു ലോഡ് മണലിന് 400 രൂപയായിരുന്നു. ഇന്ന് ഒരു ലോഡ് മണലിന് 15000 രൂപയായി. നിയമം കൊണ്ടുവന്നാണ് ഇങ്ങനെയായത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്; അതിനെക്കുറിച്ച് ആലോചിക്കണ്ടേ? മണൽവാരൽ നിയമം കൊണ്ടുവന്നപ്പോൾ ഇത് കച്ചവടമായി മാറിയെന്നതാണ് സത്യം. മണൽ വാരൽ മാത്രമല്ല, നമ്മുടെ നെൽവയലുകളും

നീർത്തടങ്ങളും മുഴുവൻ മണ്ണിട്ട് നികത്തി രമ്യഹർമ്മ്യങ്ങൾ നിർമ്മിച്ചതിനെപ്പറ്റി ഇവിടെ ആർക്കും തർക്കമില്ലല്ലോ. ഇവിടെ ചൂട് വർദ്ധിച്ചതിന്റെ പ്രധാനപ്പെട്ട കാരണം അതല്ലേ? മലനാടും ഇടനാടും കായൽ കടലോര മേഖലയുമുണ്ട്. 29 ശതമാനം വനമുള്ള സംസ്ഥാനമാണ് കേരളം. ആവറേജ് 19 ശതമാനം...........

<u>മി. സ്പീക്കർ</u>: നമ്മൾ ഏരിയ വിട്ടുപോകുന്നു.

<u>ശ്രീ. പി.സി. ജോർജ്</u>: സർ, ഞാൻ നിർത്തുകയാണ്. 01-01-1977 മുതലുള്ള കണക്ക് പരിശോധിച്ചാൽ വനം ആരും നശിപ്പിച്ചിട്ടില്ല. നശിപ്പിക്കപ്പെട്ടത് ഇടനാടും കായൽ-കടലോര മേഖലയുമാണ്. കടലിൽ നിന്ന് മണൽ വാരാൻ നിയമമില്ല. എന്തുകൊണ്ടാണ് അത് തടയുന്നത്? ഇപ്പോഴുള്ളതിലും പകുതി വിലയ്ക്ക് മണൽ കൊടുക്കാൻ കഴിയും. കടലിൽനിന്ന് 10-30 കിലോമീറ്റർ അകലെനിന്ന് മണലെടുക്കാൻ സംവിധാനമുണ്ടല്ലോ. അതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നില്ല. ഇപ്പോഴുള്ള മണലിന്റെ കാര്യത്തിലാണ് ചർച്ച. എന്തുകൊണ്ട് അതിനെക്കുറിച്ച് ത് ആലോചിക്കുന്നില്ല. അതാണ് ഇത് സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, മണലിന്റെ വില കൂടുന്നതിന്റ വിഷയം സൂചിപ്പിച്ചത് തീർച്ചയായും ശരിയാണ്. നമ്മുടെ നിത്യോപയോഗ സാധനങ്ങളുടെ വില, ഡീസൽ, പെട്രോൾ എന്നിവയുടെ വില, ചരക്ക് കടത്തുകൂലിയിലുള്ള വർദ്ധനവ് എന്നിവ കഴിഞ്ഞ കുറേ വർഷങ്ങൾകൊണ്ട് ഉയർന്നുവന്ന മുറയ്ക്കാണ് വർദ്ധവുണ്ടായിട്ടുള്ളത്. തീർച്ചയായും അതിലൊരു ഇളവ് ഗുണഭോക്താക്കൾക്ക് ലഭിക്കാൻ നേരത്തെ സൂചിപ്പിച്ച നിർദ്ദേശങ്ങൾ വേണം. നമുക്കാവശ്യമുള്ള മണൽ അന്യ സംസ്ഥാനങ്ങളിൽനിന്നും മറ്റ് ഇതര മേഖലകളിൽനിന്ന് കപ്പലുകളിലും മറ്റിതര വാഗണുകളിലുമൊക്കെ ഇവിടേയ്ക്ക്

എത്തിക്കാൻ ശ്രമിച്ചാൽ മിതമായ വിലയ്ക്ക് മണൽ നമുക്ക് ആവശ്യാനുസരണം നൽകാൻ കഴിയും. ഇപ്പോൾത്തന്നെ ഗവൺമെന്റ് അറിഞ്ഞോ അറിയാതെയോ ഇത്തരം മണൽ വണ്ടികൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരികയും ആളുകൾ മണൽ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ അത് ഗവൺമെന്റ് അറിഞ്ഞുകൊണ്ട് ചെയ്താൽ കുറച്ചുകൂടി വില കുറച്ച് മണൽ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കിയെടുക്കാൻ കഴിയും.

ഇവിടെ പാടത്തെക്കുറിച്ച് സൂചിപ്പിച്ചു. നമ്മുടെ കിണറുകളിലെയും കുളങ്ങളിലെയുമൊക്കെ വെള്ളം നിലനിർത്താൻ കഴിയുന്നത് പാടശേഖരങ്ങളിലൂടെയായിരുന്നു. അനിയന്ത്രിതമായ തോതിൽ വയൽ നികത്തിയതിനെത്തുടർന്നാണ് ഇത്തരമൊരു സാഹചര്യമുണ്ടായത്. ഞാൻ നേരത്തെ സൂചിപ്പിച്ചു, നമ്മുടെ നീരൊഴുക്കുകളും തോടുകളുമൊക്കെ അടഞ്ഞതിന്റെ ഫലമായി ഒഴുക്ക് നിന്നതിന്റെ അടിസ്ഥാനത്തിലാണ് മണൽ നിർമ്മാണം ഇല്ലാതായത്. വയലുകളുണ്ടാവുകയും തോടുകളുണ്ടാവുകയും ചെയ്താൽ നമുക്ക് എത്രമാത്രം മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഒട്ടേറെ മത്സ്യ സമ്പത്തുള്ള ഒരു സംസ്ഥാനമായിരുന്നു കേരളം. എത്രയോ ഫ്ലൂരശീൗ ആയ, മറ്റ് പ്രദേശങ്ങളിൽ കാണാത്ത മത്സ്യസമ്പത്ത് നമ്മുടെ പുഴകളിലും നദികളിലുമുണ്ടായിരുന്നു. ഇന്ന് അവയും അന്യം നിന്നുപോകുകയാണ്. മലിനീകരണം വ്യാപകമായ തോതിൽ നടന്നതിന്റെ അടിസ്ഥാനത്തിൽ, ശുദ്ധജലമില്ലാത്ത സാഹചര്യത്തിൽ മത്സ്യ സമ്പത്ത് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ തീർച്ചയായും നമ്മുടെ പുഴകളേയും നദികളേയും കൊല്ലാതെ സംരക്ഷിക്കാനുള്ള ബാധ്യതയാണ് നമുക്കുള്ളത്. ഇന്ന് നദികൾ മരിച്ചുപോകുകയാണ്. അതിനെ സംരക്ഷിക്കാനുള്ള സംവിധാനം ഈ ബിൽ അതരണത്തോടനുബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ച ഒരവബോധം

ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മുടെ പച്ചപ്പ് നിലനിർത്താൻ ഇതിന്റെ ഓരങ്ങളിൽ ഗ്രീൻ ബെൽറ്റുകൂടി സൃഷ്ടിച്ചുകൊണ്ടായിരിക്കണം ഉണ്ടാകേണ്ടതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നേരത്തെ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഇന്ന് വിഭൂതി ബുധനാഴ്ചയാണ്. അതായത് നെറ്റിയിൽ ചാരം പൂശി പീഡാനുഭവത്തിലേയ്ക്കുള്ള ഒരു വഴി തുറക്കുന്ന ദിവസത്തിലാണ് ഇന്ന് ഈ ചർച്ച നടക്കുന്നത്. ഇന്ന് ഉപവാസ ദിവസമാണ്. എനിക്കിന്ന് ഉപവാസമാണ്. നദീതീരങ്ങളിലാണ് സംസ്കാരങ്ങൾ ഉടലെടുത്തത്. സിന്ധു നദീതട സംസ്കാരം, യൂഫ്രട്ടീസ് നദീതട സംസ്കാരം, നൈൽ നദീതട സംസ്കാരം ഇവയൊക്കെ പുരാതന നദീതീരങ്ങളുടെ സംസ്കാരങ്ങളായിരുന്നു. ഗംഗയുടെ തീരത്താണ് ഇന്ത്യയുടെ സംസ്കാരം ഉടലെടുത്തത്. ഗംഗ ആകാശത്തായിരുന്നു. ആ ഗംഗയെ ഭഗീരഥനാണ് ഭൂമിയിലേയ്ക്ക് കൊണ്ടുവന്നത്. നദികളെക്കുറിച്ചുള്ള നമ്മുടെ സങ്കല്പം ദൈവവുമായി ബന്ധപ്പെട്ട ഒരു സംസ്കാരമാണ് ഭാരതത്തിനുണ്ടായിരുന്നത്. കേരളത്തിലെ എല്ലാ നദികളെക്കുറിച്ചും കവികൾ വർണ്ണിച്ചിട്ടുണ്ട്. പെരിയാർ, നിള, കബനി, പമ്പ എന്നീ നദികളെക്കുറിച്ച് പാടാത്ത കവികളില്ല. ഇന്ന് നമ്മുടെ നദികളുടെ സ്ഥിതിയെന്താണ്? നദികൾ പലതും മരിച്ചുകഴിഞ്ഞു. പല പതിറ്റാണ്ടുകളായി മനുഷ്യന്റെ ആർത്തിയുടെയും അതുപോലെ ആധുനികതയിലേയ്ക്കുള്ള മനു

ഷ്യന്റെ ആഗ്രഹങ്ങളുടേയും ഇരയായി മാറിക്കൊണ്ടിരിക്കുന്നത് നദികളാണ്. അതുകൊണ്ടാണ് നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി 2001-ൽ നിയമസഭ ഇതിന്റെ മൂലനിയമം കൊണ്ടുവന്നത്. ആ നിയമം കൊണ്ടുവന്നതിനുശേഷവും യഥേഷ്ടം നദികൾ മലിനീകരിക്കപ്പെടുകയും അമിതമായി മണൽ വാരുകയും ചെയ്യുന്നു. അതുപോലെ കയ്യേറ്റങ്ങൾ ഇപ്പോഴും തുടരുന്നതെന്തുകൊണ്ടാണ് എന്നതിനെക്കുറിച്ച് ഈ സഭയിലെ എല്ലാ അംഗങ്ങളും സ്വയം പരിശോധിക്കുകയും ഇനിയുള്ള നദികളെയെങ്കിലും ഈ ദുർമരണത്തിൽനിന്ന് എങ്ങനെ മോചനം കൊടുക്കാൻ കഴിയും, എങ്ങനെ ഒരു പൂലശിരമൃിമശേീ നമ്മുടെ നദികൾക്ക് കൊടുക്കാൻ കഴിയും എന്നതിനെക്കുറിച്ച് ആലോചിക്കണം. അതിന് ഈ ഭേദഗതി ബില്ലിലൂടെ വരുന്ന ചർച്ചകൾ പ്രയോജനപ്പെടുമെങ്കിൽ അതായിരിക്കും ഈ ആധുനിക യുഗത്തിൽ കേരളത്തിലെ ജനങ്ങൾക്ക് ഈ സഭയ്ക്ക് കൊടുക്കാവുന്ന ഒരു സന്ദേശമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

<u>ശ്രീ. പാലോട് രവി</u> : സർ, അങ്ങ് ഗംഗയെക്കുറിച്ച് പറഞ്ഞതുകൊണ്ട് പറയുകയാണ്. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഇന്ത്യാവിഭജനസമയത്ത് ബിസ്മില്ലാഖാനോട് പാകിസ്ഥാനിൽ പോയിക്കൂടെയെന്ന് ചോദിച്ചു. എനിക്ക് ഗംഗാ നദീതീരത്തിരുന്ന് സാരംഗി വായിക്കാൻ അവിടെ ഗംഗാ നദിയില്ലെന്നാണ് അന്ന് അദ്ദേഹം പറഞ്ഞ മറുപടി. അത് അങ്ങേയ്ക്ക് അറിയാമല്ലോ.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, തീർച്ചയായും അറിയാം. അത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്.

ശ്രീ. ആർ. രാജേഷ് : സർ, അത്രയും സംസ്കാരമുള്ള ആ ഗംഗാനദി യുടെ പേര് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി മാറ്റിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അത് വേറെയായിരിക്കും. ഞാനതിനെക്കുറിച്ച് പറയുന്നില്ല. നദികളെക്കുറിച്ച് നാം സംസാരിക്കുമ്പോൾ നമ്മുടെ നാട്ടിൽ നദികൾ സംരക്ഷിക്കുന്നതിനുവേണ്ടി നിയമങ്ങൾ മാത്രം മതിയോ; നിയമങ്ങൾ മാത്രം പോര. നാം ഓരോ നിയമങ്ങൾ ഉണ്ടാക്കുകയും ആ നിയമത്തെ പരിരക്ഷിക്കാൻ നമുക്ക് കഴിയാതെ വരികയും ചെയ്യുന്നതു കൊണ്ടാണ് പലപ്പോഴും നദികൾ മലിനമാക്കപ്പെടുന്നതും നദികളുടെ വിസ്തീർണ്ണവും ഒഴുക്കും കുറഞ്ഞുവരുന്നതും. നമ്മുടെ മൂലനിയമത്തിൽ മണൽ വാരുന്നതിനുള്ള കടവുകൾ നിയന്ത്രിക്കാനുള്ള അവകാശം കൊടു ത്തിരിക്കുന്നത് ലോക്കൽ ബോഡീസിനാണ്. പല പഞ്ചായത്തുകളുടെയും ഏറ്റവും വലിയ വരുമാനമാർഗ്ഗം ഈ മണൽ ലേലമാണ്. പാസ് കൊടുക്കുന്ന സംവിധാനമാണ് പഞ്ചായത്തുകളിലുള്ളത്. ഒരു പാസ് ഉപയോഗിച്ചുകൊണ്ട് നൂറുകണക്കിന് ലോഡുകളാണ് പല സ്ഥലത്തേയ്ക്കും പോകുന്നത്. ഇരു പാർട്ടിയിലുമുള്ള രാഷ്ട്രീയക്കാരാണ് നമ്മുടെ പഞ്ചായത്തുകൾ ഭരിക്കുന്നത്. ഈ പഞ്ചായത്ത് മെമ്പർമാർ വിചാരിച്ചാൽ കുറെയൊക്കെ നിയന്ത്രിക്കാൻ കഴിയില്ലേ. പഞ്ചായത്ത് മെമ്പർമാരും ഇതുമായി ബന്ധപ്പെട്ട റവന്യൂ ഉദ്യോഗ സ്ഥരും പോലീസും കൂടിയുള്ള lലഃൗെ ആണ് ഈ അമിതമായ ചൂഷണം.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അങ്ങ് പറഞ്ഞുവന്നത് വളരെ വാസ്ത വമാണ്. ഈ അടുത്ത് നെയ്യാർ മുതൽ ചന്ദ്രഗിരിവരെയെന്ന ആശയമെടുത്ത്, കേരളത്തിലെ വിവിധ നദികളിൽ ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ സംബന്ധിച്ച് അന്വേഷണാത്മകമായ യാത്ര നടന്നുവരികയാണ്. നെയ്യാറിന്റെ ഭാഗത്ത്

പോയപ്പോൾ ഞെട്ടിക്കുന്ന സംഭവമാണ് കാണാൻ കഴിഞ്ഞത്. അവിടെയുള്ള കുറച്ച് രാഷ്ട്രീയക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധി കളും പോലീസും റവന്യൂ ഉദ്യോഗസ്ഥന്മാരും ചേർന്ന് ........നദിയെത്തന്നെ പരിവർത്തനപ്പെടുത്തിയിരിക്കുന്നു. നദിയിൽ നിന്ന് മണലെടുത്തതിനുശേഷം കരയിൽ നിന്ന് മണലെടുക്കുകയാണ്. വലിയ മോട്ടോർ വച്ച് മണലെടുത്ത് നദിയുടെ ഗതി തിരിച്ചുവിട്ട് നദിയും കരയും കണ്ടാൽ തിരിച്ചറിയാത്ത സ്ഥിതി യിലാക്കി. ഇതുതന്നെയാണ് ഭാരതപ്പുഴയുടെയും മറ്റ് പ്രധാനപ്പെട്ട നദികളു ടെയും സ്ഥിതി. വളരെ ഗൗരവമുള്ള ഇക്കാര്യം പരിഹരിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി പവറുള്ള നദീതല അതോറിറ്റി വേണമെന്നുള്ളതാണ് കേരളീയ സമൂഹം ആവശ്യപ്പെടുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, തീർച്ചയായുമുണ്ട്. അതാണ് ഞാൻ പറഞ്ഞത്, ലോക്കൽ ബോഡീസിനാണ് കടവുകളുടെ അധികാരം കൊടുത്തിരിക്കുന്നത്. നാം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടി കൾക്കൊരു കടമയില്ലേ? പഞ്ചായത്തുകളോട് നമുക്ക് പറയാൻ കഴിയണ്ടേ; അവരും കുറച്ച് നിയന്ത്രിക്കണ്ടേ? എനിക്കറിയാവുന്ന ഒരു പഞ്ചായത്ത് ഭരണ സമിതിയിൽപ്പെട്ട എല്ലാവരെയുംകുറിച്ച് ലക്ഷങ്ങളുടെ ആരോപണമുണ്ടായി. റവന്യൂ വകുപ്പിലെയും പോലീസിലെയും ഉദ്യോഗസ്ഥന്മാർക്കും ലോക്കൽ ബോഡീസിലെ ഉദ്യോഗസ്ഥന്മാർക്കും ജനപ്രതിനിധികൾക്കും ഈ ചൂഷണ ത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ പറ്റുമോ? തീർച്ചയായും നാം അവിടെ കൊടു ക്കേണ്ട സന്ദേശം.......രാഷ്ട്രീയ പാർട്ടികൾ പല കാരണങ്ങളാലും ഇങ്ങനെയു ള്ളവരെ സംരക്ഷിക്കാൻ പലപ്പോഴും മുന്നോട്ട് വരുന്നു. അത് ശരിയാണോ? ഇക്കാര്യങ്ങളെക്കുറിച്ചുള്ള പൊതുവികാരം ഈ ചർച്ചയിലൂടെ ഉയർന്നുവര ണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അങ്ങ് വളരെ പ്രധാനപ്പെട്ട കാര്യം ഇപ്പോൾ പറയുന്നുണ്ട്. ഇക്കാര്യത്തോട് രാഷ്ട്രീയ പാർട്ടികളുടെ മനോഭാവം മാറേണ്ട സമയമായി. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കേരളത്തിൽ ആദ്യമായൊരു രാഷ്ട്രീയ പാർട്ടി പ്രത്യേകമായും ഹരിത രാഷ്ട്രീയമെന്ന നിലയിൽ പരിസ്ഥിതി സംരക്ഷണമെന്ന പ്രത്യേക പ്രമേയം കൊണ്ടുവന്ന് സ്വന്തം അണികളോട്.... പ്രത്യേകിച്ചും നദികളും തോടുകളും കുളങ്ങളും സംരക്ഷിക്കാൻ വേണ്ടിയുള്ള ആഹ്വാനം നൽകി ക്യാമ്പയിൻ നടത്തുന്ന രീതിയിലേയ്ക്ക് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് കൊണ്ടുവന്നിരിക്കുന്ന പുതിയ രാഷ്ട്രീയ ആശയം ഈ സഭ ഐകകണ്ഠേന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ അഭിനന്ദിക്കേണ്ടതാണ്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസമുണ്ടാകും.

മി. സ്പീക്കർ : യെസ്............സംസാരിക്കുന്നത് ശ്രീ. ഡൊമിനിക്ക് പ്രസന്റേഷനാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : കോൺഗ്രസ് പാർട്ടിയും സി.പി.ഐ., സി.പി.ഐ (എം) ഉൾപ്പെടെയുള്ള മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ അജണ്ടയിൽ പരിസ്ഥിതി സംരക്ഷണവും ഹരിത രാഷ്ട്രീയവും കൊണ്ടുവരേണ്ടതിന്റെ ആവശ്യമല്ലേ അങ്ങിപ്പോൾ ബോദ്ധ്യപ്പെടുത്തുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ശ്രീ. റ്റി. എൻ. പ്രതാപൻ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് എത്രയോ വർഷങ്ങൾക്ക് മുമ്പ് എടുത്ത തീരുമാനങ്ങളാണിവ. മുസ്ലീം ലീഗ് ഇത്തരത്തിൽ തീരുമാനമെടുത്തതിൽ എനിക്ക് സന്തോഷമുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പ് കോൺഗ്രസ്സിന്റെ പ്രമേയമെടുത്തു

നോക്കിയാൽ പരിസ്ഥിതി സംരക്ഷണം കാണാൻ കഴിയും. ഇന്ദിരാഗാന്ധി ഇല്ലായിരുന്നെങ്കിൽ സൈലന്റ്‌വാലി ഉണ്ടാകുമായിരുന്നില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, കോൺഗ്രസ്സിന്റെ ചരിത്രത്തിൽ, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ആദ്യമായി സംസാരിച്ച രാഷ്ട്രീയ നേതാവ് മഹാത്മാ ഗാന്ധിയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രകൃതിയെ പ്രണയിച്ചിരുന്ന ആളാണ്. ഇന്ദിരാ ഗാന്ധിയാണ് ലോകത്തിൽ ആദ്യമായി ഹെഡ് ഓഫ് ദ സ്റ്റേറ്റ്, ലോക സമ്മിറ്റിൽ പോയി സ്റ്റോക്ക്ഹോം പ്രസംഗത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ലോകത്തിലെ എല്ലാവരോടും പറഞ്ഞതും സൈലന്റ് വാലിയിൽ ഇടപെട്ടതും. രാജീവ് ഗാന്ധിയാണ് പരിസ്ഥിതി സംരക്ഷണ വകുപ്പ് ഇന്ത്യയിൽ ഉണ്ടാക്കിയത്. അങ്ങനെ കോൺഗ്രസ്സിന്റെ ഹലഴമര്യ എന്നുപറയുന്നതുതന്നെ പരിസ്ഥിതി സംരക്ഷണത്തിന് വലിയ പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: തീർച്ചയായും അറിയാം. പക്ഷേ എല്ലാവരും ഇക്കാര്യം ഉൾക്കൊള്ളുന്നില്ലെന്ന അഭിപ്രായമെനിക്കുണ്ട്.

ശ്രീ. ജി. സുധാകരൻ : സർ, ഈ മലയാളക്കരയിൽ ആദ്യമായി പരിസ്ഥിതിക്കുവേണ്ടി വാദിച്ചത് വാത്മീകിയാണ്. 'പക്ഷിയെ കൊല്ലരുത്' എന്നുപറഞ്ഞത് വാത്മീകിയാണ്.

മി. സ്പീക്കർ : 'മാനിഷാദാ' എന്നല്ലേ പറഞ്ഞത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : അങ്ങ് പറഞ്ഞത് ശരിയാണ്. 'കൊല്ലരുത് കാട്ടാളാ കൊല്ലരുത്' എന്നാണ് പറഞ്ഞത്.

ശ്രീ. എം. ചന്ദ്രൻ : മഹാത്മാഗാന്ധിയും കോൺഗ്രസ്സുമൊക്കെ പരിസ്ഥിതിക്ക് വേണ്ടി വാദിച്ചിട്ടുണ്ടെന്ന് പറയുമ്പോൾ ലോകത്തിൽ ആദ്യമായി

വാദിച്ചത് അവരാണെന്ന് പറയരുത്. ലോകത്തിൽ ആദ്യമായി പരിസ്ഥിതി പ്രശ്നം ഉന്നയിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയത് ഫ്രെഡറിക് ഏംഗൽസാണ്. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലും അതുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി തുടക്കം മുതൽ പരിസ്ഥിതി അംഗീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന പാർട്ടിയാണ്.

മി. സ്പീക്കർ : പരിസ്ഥിതി സംരക്ഷണത്തിന്റെ വേരുകൾ തേടി പോകുന്നത് വളരെ നല്ലതാണ്. പക്ഷേ, ഇവിടെ നിങ്ങളെല്ലാവരും സംസാരിച്ച്, ഇതിനുമുഴുവൻ ഉത്തരവാദികൾ കേരളത്തിലെ രാഷ്ട്രീയക്കാർ മാത്രമാണെന്ന് വരുത്തുകയാണ്. ഈ സഭയിൽ നിന്ന് വെളിയിൽ കൊടുക്കുന്ന സന്ദേശം എല്ലാത്തിനും കാരണം രാഷ്ട്രീയക്കാർ മാത്രമാണെന്നാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങനെയൊരു വികാരം ശരിയല്ല. ശ്രീ. എം. ചന്ദ്രൻ പറഞ്ഞത് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയെക്കുറിച്ച് പറഞ്ഞു. അതിറങ്ങുന്നതിനുമുമ്പുള്ള ചരിത്രം എടുത്താലും യൂറോപ്പിലൊക്കെ പരിസ്ഥിതി സംരക്ഷിക്കാൻ ഇത്രയേറെ പ്രസ്ഥാനങ്ങളുണ്ടായിരുന്നോ? കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതുന്നതിന് എത്രയോ വർഷങ്ങൾക്ക്മുമ്പ് തേംസ്, വോൾഗ തുടങ്ങിയ നദികളെ സംരക്ഷിക്കാൻ ധാരാളം പേർ മുന്നോട്ടുവന്നിരുന്നു. ആ സ്വാധീനംകൂടി ഉണ്ടായതുകൊണ്ടാവാം ഫ്രെഡറിക് ഏംഗൽസിന് അതെഴുതാൻ കഴിഞ്ഞതെന്നാണ് എന്റെ വിശ്വാസം. നദികൾ സംരക്ഷിക്കാനുള്ള ബാദ്ധ്യത എല്ലാവർക്കുമുണ്ട്. അതിന് ഉപോൽബലകമായിട്ടാണ് മൂലനിയമം കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ ആ നിയമം ഫലപ്രദമായി നടപ്പാക്കാൻ കഴിയില്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് കുറച്ചുകൂടി വ്യക്തതയോടെ മൂർച്ചകൂടിയ വകുപ്പുകൾ ചേർത്തുകൊണ്ട് ഈ നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മണൽകടത്ത് തടയാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ അങ്ങേയ്ക്ക് മുമ്പോട്ടു വയ്ക്കാനുണ്ടോ; എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത് ഞാൻ വരുന്ന ജില്ലയിലാണ് മണൽകടത്ത് വളരെ വ്യാപകമായി നടക്കുന്നത്. എനിക്ക് അത് സംബന്ധിച്ച് പറയാനുള്ളത്, നമ്മുടെ ഒരു ജില്ലയിൽ നിന്ന് മറ്റൊരു ജില്ലയിലേയ്ക്ക് മണൽ കടത്തിക്കൊണ്ടുപോകാൻ ഒരിക്കലും അനുവദിക്കാൻ പാടില്ല. എങ്കിൽമാത്രമേ അതാത് ജില്ലകളിൽ ഇന്ന് അനുഭവപ്പെടുന്ന രൂക്ഷമായ മണൽക്ഷാമം നമുക്ക് നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ വ്യാപകമായി മണൽ വാരുന്നുണ്ട്. ആ മണൽ കാസർഗോഡ് ജില്ലയിൽ ഉപയോഗിക്കുന്നതിനെക്കാൾ കൂടുതൽ മറ്റ് ജില്ലകളിലാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അതാത് ജില്ലകളിലെ മണൽ അതാത് ജില്ലകളിൽത്തന്നെ ഉപയോഗിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നത് വളരെ നല്ലതാണ്. മാത്രവുമല്ല, ഇപ്പോൾ അന്യ സംസ്ഥാനങ്ങളിൽനിന്ന് മണൽ കൊണ്ടുവരുന്നതിനെക്കുറിച്ച് പറഞ്ഞു. നമ്മൾ ഇവിടെ ആന്ധ്രപ്രദേശിൽനിന്ന് കടപ്പ, ഗ്രാനൈറ്റ് എന്നിവ കൊണ്ടുവരുന്നുണ്ട്. എന്തുകൊണ്ട് അവിടെ നിന്നും ആവശ്യത്തിലധികമുള്ള മണൽ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവന്നുകൂടാ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, അങ്ങ് പറഞ്ഞതിൽ ഒരു ചെറിയ ബുദ്ധിമുട്ടുള്ളത് നിർമ്മാണം നടക്കുന്ന മേഖലകൾ വ്യത്യസ്തമാണ്. ഇപ്പോൾ കൊച്ചിയിലാണ് ഏറ്റവും വലിയ നിർമ്മാണം നടക്കുന്നത്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിനുവേണ്ടി എത്ര ലക്ഷം ക്യൂബിക് അടി മെറ്റൽ അവിടെ വേണ്ടിവന്നു. എത്ര മലകൾ ഇടിച്ചുമാറ്റേണ്ടിവന്നു. നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ധാരാളം നാച്വറൽ റിസോഴ്സസ് നമുക്ക് വേണ്ടിവരും. അതുകൊണ്ട് ഒരു ജില്ലവിട്ട്

പുറത്തേയ്ക്ക് പോകുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുണ്ട് എന്നാണ് എന്റെ ഒരു അഭിപ്രായം. ഇവിടെ നേരത്തെയുള്ള മൂലനിയമത്തിൽ ഒരു സംസ്ഥാന സമിതി ഉണ്ടായിരുന്നില്ല. ജില്ലാതല കമ്മിറ്റിയായിരുന്നു ഉണ്ടായി രുന്നത്. ഇപ്പോൾ റവന്യൂ വകുപ്പുമന്ത്രി ചെയർമാനായി ഒരു ഹൈലെവൽ കമ്മിറ്റി ഉണ്ടായിരിക്കുകയാണ്. തീർച്ചയായിട്ടും നേരത്തെ ഉണ്ടായിരുന്ന ജില്ലാതല കമ്മിറ്റിയിലും കുറേ മാറ്റങ്ങളുണ്ട്. നേരത്തേ ഇതിന്റെ കൺവീനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയിരുന്നു. സാധാരണ നില യിൽ മറ്റൊരു മജിസ്റ്റീരിയൽ പവർ അല്ലെങ്കിൽ അങ്ങനെ അധികാരമില്ലാത്ത ഒരു വകുപ്പാണ് ഇറിഗേഷൻ വകുപ്പ്. അതുകൊണ്ടുതന്നെ ഇതിലെ എല്ലാ തഹസീൽദാർമാരും ഈ കമ്മിറ്റിയിലേയ്ക്ക് വരുന്നു അതുപോലെതന്നെ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് പകരം സബ്കളക്ടർ അഥവാ ഹെഡ് ക്വാർട്ടേഴ്സ് ചുമതലയുള്ള റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർ വരും. അപ്പോൾ കുറച്ചുകൂടി എഫക്ടീവാക്കാൻ കഴിയുന്ന തരത്തിലാണ് പൊതു നിർദ്ദേശങ്ങൾ വന്നിരിക്കുന്നത്. അതുപോലെതന്നെ ഈ വാഹനങ്ങൾ പിടി ച്ചാൽ പലപ്പോഴും വിട്ടുകൊടുക്കേണ്ട സ്ഥിതിവരുന്നു. കോടതിതന്നെ ചോദി ക്കുന്നു നിങ്ങൾ ഉണ്ടാക്കിയ നിയമത്തിലുള്ള അപാകതകൾകൊണ്ട് ഇത് വിട്ടുകൊടുക്കേണ്ട തീരുമാനമെടുക്കേണ്ടിവരുന്നു അതുകൊണ്ടുതന്നെ ബോണഫൈഡായി പിടിക്കപ്പെടുന്ന, തെറ്റായ നടപടിയെടുക്കുന്ന വാഹന ങ്ങളെ പിടിച്ചെടുക്കാൻ ഉതകുന്ന രീതിയിലുള്ള മാറ്റങ്ങൾ ഇതിലേയ്ക്ക് വന്നി ട്ടുണ്ട്. അതുപോലെതന്നെ, ഒരു കാര്യം മന്ത്രി കുറച്ചുകൂടി വ്യക്തമാക്കേണ്ട തുണ്ട്. എല്ലാ ജില്ലകളിലും റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ കോടിക്ക ണക്കിന് രൂപ കിടക്കുകയാണ്. നമ്മുടെ മൂലനിയമത്തിൽ പറയുന്നത് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലും മണൽലേലത്തിൽക്കൂടി ലഭിക്കുന്ന തുക

യുടെ പകുതി തുക റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് കൊടുക്കണമെന്നാണ്. അങ്ങ് കണക്കൊന്ന് പരിശോധിക്കണം. മിക്കവാറും ജില്ലകളിൽ കോടിക്കണക്കിന് രൂപ വെറുതേകിടക്കുകയാണ്. ഇത് നദികളുടെ സംരക്ഷണത്തിനോ അല്ലെങ്കിൽ കടവുകൾ കുറച്ചുകൂടി മോഡണൈസ് ചെയ്യുന്നതിനുവേണ്ടിയോ ഉപയോഗിക്കേണ്ട ഫണ്ട് വെറുതെ കിടക്കുകയാണ്. ആ ഫണ്ട് എങ്ങനെ വിനിയോഗിക്കണം? ആ ഫണ്ട് വിനിയോഗിക്കുന്നതിന് ഒരു ക്രൈറ്റീരിയ ഉണ്ടാക്കണം എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, റിവർ മാനേജ്മെന്റ് ഫണ്ടിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. ആർ. എം. ഫണ്ട് പല സ്ഥലങ്ങളിലും ഉപയോഗിക്കാതെ കിടക്കുകയാണ്. ഉദാഹരണത്തിന് എറണാകുളം ജില്ലയിൽ ലഭിക്കുന്ന ആർ.എം.ഫണ്ട് ആ ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുകൊണ്ടുപോകുന്ന നടപടി കാണുന്നുണ്ട്. അത് ശരിയാണോ; അത്തരം നടപടികളെക്കുറിച്ച് അങ്ങ് എന്താണ് അഭിപ്രായപ്പെടുന്നത്?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, തീർച്ചയായിട്ടും അത് തെറ്റാണ്. ഈ റിവർ മാനേജ്മെന്റ് ഫണ്ട് ഓരോ ജില്ലയിലും ഉണ്ടാക്കുന്നത് ആ ജില്ലയിലെ നദികളുടെ സംരക്ഷണത്തിനുവേണ്ടിയാണ്. അത് അങ്ങനെ എടുത്തിട്ടുണ്ടെങ്കിൽ തെറ്റാണ്.

<u>ശ്രീ. എം. ഹംസ</u>: സർ, റിവർ മാനേജ്മെന്റ് ഫണ്ട് നമുക്ക് ലഭിക്കുന്നത് അംഗീകൃത കടവുകളിലെ മണൽ പെർമിറ്റ് കൊടുക്കുമ്പോൾ അതിൽ നിന്ന് കിട്ടുന്ന 50% തുകയാണ് റിവർ മാനേജ്മെന്റ് ഫണ്ടായി വരുന്നത്. കടവുകൾതന്നെ സ്ഥിരം കടവുകളായി മാറ്റിവയ്ക്കുന്ന സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ട് നമുക്ക് കടവുകൾ ഓരോ കൊല്ലവും

മാറ്റിക്കൂടാ; അപ്പോൾ ചില കടവുകൾ മണൽ മാഫിയകളുടെ കൈയിൽത്തന്നെ കിടക്കുന്ന അവസ്ഥമാറ്റാനും സ്ഥിരമൊരു മണൽ മാഫിയാ സംഘം ഒരു സ്ഥലത്ത് രൂപപ്പെടാതിരിക്കാനും എല്ലാവർഷവും കടവുകൾ മാറ്റണമെന്ന ഒരു നിർദ്ദേശം ഇതിന്റെ കൂട്ടത്തിൽ വയ്ക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇപ്പോൾത്തന്നെ കഴിയുമല്ലോ. നമ്മുടെ ജില്ലാ വിദഗ്ദ്ധസമിതിക്ക് ഓരോ കടവുകളെക്കുറിച്ചും പരിശോധിക്കാനും ആവശ്യമുണ്ടെങ്കിൽ കടവുകൾ മാറ്റിക്കൊടുക്കാനും അവകാശവും അധികാരവുമുണ്ട്. നമ്മുടെ പഞ്ചായത്ത് സമിതികൾക്ക് പ്രൊപ്പോസൽ കൊടുക്കാം. എന്റെ ഒരു പരാതി ഈ നേരത്തേയുള്ള നിയമത്തിലെ വകുപ്പുകൾപോലും ഫലപ്രദമായി ഉപയോഗിക്കാൻ നമ്മുടെ ഉദ്യോഗസ്ഥന്മാരോ ബന്ധപ്പെട്ടവരോ ശ്രമിക്കുന്നില്ല. അതിന്റെ ദുരന്തങ്ങൾകൂടിയാണ് വന്നുപെട്ടിരിക്കുന്നത്.

ശ്രീ. കെ. രാജു: സർ, റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് സത്യത്തിൽ, എം.എൽ.എ.മാർക്ക് റിവർ മാനേജ്മെന്റ് ഫണ്ട് ഒരു ജില്ലയിൽ എങ്ങനെ വിനിയോഗിക്കണം എന്നുള്ളതിനെ സംബന്ധിച്ച് കാര്യമായ ഒരു നിർദ്ദേശവും വയ്ക്കാനുള്ള ഒരു അവസരം കിട്ടുന്നില്ല. അതിന്റെ കമ്മിറ്റിയിൽ പ്രാതിനിധ്യമില്ല, അറിയാറുമില്ല എന്നതാണ് വസ്തുത. ഈ റിവർ മാനേജ്മെന്റ് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് മറ്റ് ചില മാർഗ്ഗങ്ങളും കൂടി ആലോചിക്കണം. കളക്ടറുടെ കൈവശം വരുന്ന ഈ ഫണ്ട് നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, ഇപ്പോൾ മണലിന്റെ തന്നെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഒക്കെയുള്ള വിഷയങ്ങളുണ്ട്. ഓരോ ജില്ലയിലും നിർമ്മിതിയുടെ ആഭിമുഖ്യത്തിലുള്ള കലവറകൾ പ്രവർ

ത്തിക്കണം. ആ കലവറയിലൂടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി വരുന്ന മെറ്റീരിയൽസ് വിലകുറച്ച് ഇ.എം.എസ്. ഭവനപദ്ധതി, എം.എൻ. വീട് പുനരുദ്ധാരണ പദ്ധതി, കേന്ദ്ര ഐ.എ.വൈ. പദ്ധതികൾ പോലുള്ള പാവപ്പെട്ട വരെ സഹായിക്കാൻ കഴിയാവുന്ന സ്കീമുകളുണ്ട്. ഇതിലേയ്ക്കെല്ലാം മണലും മറ്റ് മെറ്റീരിയൽസും വില കുറച്ചുകൊടുക്കണം. നമ്മുടെ ഈ കലവറ സംവിധാനം ജില്ലയിൽ ഒരിടത്തെങ്കിലും നിർമ്മിതിയുടെ ആഭിമുഖ്യ ത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും സംവിധാനത്തിലോ നല്ലതുപോലെ നടത്തണം. ഈ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഒരു തുക അവർക്ക് മണലിന്റെ കാര്യത്തിലും മറ്റ് നിർമ്മാണകാര്യങ്ങൾക്കും കൊടുക്കാൻ കഴി ഞ്ഞാൽ അത് ഏറെ സഹായകരമായിരിക്കും. അങ്ങേയ്ക്ക് അത്തരമൊരു നിർദ്ദേശത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, നല്ല നിർദ്ദേശങ്ങൾ തീർച്ചയാ യിട്ടും ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കും. ഇത് സബ്ജക്ട് കമ്മിറ്റിയി ലേയ്ക്ക് പോകുകയാണല്ലോ. നമുക്ക് അവിടെയും ചർച്ച ചെയ്യാവുന്നതാണ്. അതുകൊണ്ട് ഈ ഫണ്ട് എഫക്ടീവായി ഉപയോഗിക്കാൻ കഴിഞ്ഞാൽ കുറെ യധികം കാര്യങ്ങൾ നടത്താൻ കഴിയുമെന്നാണ് എന്റെ വിശ്വാസം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, അങ്ങ് ഈ ബില്ലുമായി ബന്ധപ്പെട്ട് നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളാണ് ഇവിടെ സൂചി പ്പിക്കുന്നത്. നമുക്കെല്ലാം അറിയാം വൻതോതിൽ മണൽ വാരിമാറ്റുന്നതു കൊണ്ടുതന്നെയാണ് ഇരു സൈഡുകളും ഇടിഞ്ഞ് നഷ്ടപ്പെട്ടുപോകുകയും അതുപോലെതന്നെ നദികളുടെ ആഴം കൂടുകയും കുടിവെള്ളക്ഷാമം വരികയും ഒക്കെയുള്ള കാര്യങ്ങളുണ്ടാകുന്നത്. ഇതിനൊരു വലിയ പരിഹാര മല്ലേ, നമ്മുടെ ഡാമുകളിൽ............ ഇപ്പോൾ തെന്മല ഡാമിന്റെ വാർത്തക

ളൊക്കെ എല്ലാ ദിവസവും പത്രത്തിൽ വരുന്നുണ്ട്. അവിടെ വൻതോതിൽ മണലും ചെളിയും അടിഞ്ഞ് അതിന്റെ സംഭരണശേഷിതന്നെ വളരെയധികം കുറഞ്ഞിരിക്കുകയാണ്. ഈ വേനൽക്കാലമായപ്പോൾ വളരെക്കുറച്ച് വെള്ളം മാത്രമേയുള്ളൂ. ഇവിടെ അടിഞ്ഞുകൂടുന്ന മണൽ വാരിമാറ്റുന്ന ഒരു സംവിധാനം കൂടി ഉണ്ടായാൽ നമുക്ക് വിലകുറച്ച് മണൽ കൊടുക്കാനും അതുപോലെ നദീതീരമിടിച്ച് കളയുന്ന തരത്തിലുള്ള വലിയ ചൂഷണങ്ങൾ ഒഴിവാക്കാനും കഴിയില്ലേ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ബഹുമാനപ്പെട്ട മെമ്പർ, അങ്ങ് കഴിഞ്ഞ സഭയിലുണ്ടായിരുന്നതല്ലേ. കഴിഞ്ഞ ഗവൺമെന്റിലെ ധനകാര്യ മന്ത്രിയുടെ ഒരു സ്വപ്ന പദ്ധതിയായിരുന്നു ഈ ഡാമിലെ മണൽ വാരുന്നത്. 1000 കോടി രൂപ അദ്ദേഹം പ്രതീക്ഷിച്ചതാണ്. 15 കോടി രൂപയ്ക്ക് താഴെ മാത്രമേ കിട്ടിയുള്ളൂ. ഒന്നാമത്തെ പ്രശ്നം ഇത് എങ്ങനെപോയി എടുക്കും; ട്രാൻസ്പോർട്ടേഷന്റെ പ്രശ്നങ്ങൾ അതുമാത്രമല്ല ഒരു പഠനം വേണ്ടേ, ഏതൊക്കെ ഡാമിൽ എത്ര ക്യൂബിക് അടി മണ്ണ് ഡെപ്പോസിറ്റുണ്ട്; എത്ര എടുക്കാൻ കഴിയും?. അതുപോലെതന്നെ അങ്ങ് പറഞ്ഞ ഒരു കാര്യം നമ്മുടെ നദിയുടെ കര ഇടിയാനുള്ള കാരണമെന്താണ്; ഒരു വർഷം ഓരോ പുഴയിലും ഓരോ നദിയിലും എത്ര മണൽ വാരാൻ കഴിയും? ഒരു അസെസ്മെന്റ് ഒന്നുമില്ല. പഞ്ചായത്ത് പെർമിറ്റ് കൊടുക്കുന്നു, അവിടെ പോയി വാരുന്നു, കര വരെ ഇടിച്ചുകൊണ്ടുപോകുന്നതിന്റെ പ്രധാനപ്പെട്ട കാരണമതാണ്. അതുകൊണ്ടുതന്നെ വളരെ ശാസ്ത്രീയമായി ഈ കാര്യങ്ങളിൽ ഓരോ നദികളെ കുറിച്ചുമുള്ള പഠനങ്ങൾ നടത്തേണ്ടതുണ്ട്. എനിക്കുതോന്നുന്നു ഈ റിവർ മാനേജ്മെന്റ് ഫണ്ട് കുറേ ഈ സർവ്വേ യ്ക്കും പഠനത്തിനും വേണ്ടി ഉപയോ

ഗിക്കാവുന്നതാണ്. അങ്ങനെ വളരെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഒന്നാക്കി മാറ്റാൻ നമുക്ക് കഴിയും.

ശ്രീ. വി. റ്റി. ബൽറാം: സർ, മണൽ വാരലിനെക്കുറിച്ചുള്ള വളരെ നല്ല ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. വളരെ സന്തോഷകരമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ മണൽ എന്നുപറയുന്നത് എത്ര എടുത്താലും തീരാത്ത ഒരു വസ്തുവായി കരുതി അതിനനുസരിച്ചുള്ള നയരൂപീകരണങ്ങളുമായി മുന്നോട്ടുപോകാൻ കേരളത്തിന് സാധിക്കുമോ; കോടിക്കണക്കിന് വർഷം കൊണ്ട് നദികളിലൊക്കെ സംഭരിക്കപ്പെട്ട മണലാണ് കഴിഞ്ഞ ഒരു പത്ത് പതിനഞ്ച് വർഷംകൊണ്ട് നമ്മൾ അമിതമായി ഊറ്റി അത് പൂർണ്ണമായും എടുത്തുകൊണ്ടിരിക്കുന്നത്. ഇത് എല്ലാ കാലവും തുടർന്ന് കൊണ്ടുപോകാൻ നമുക്ക് സാധിക്കില്ലായെന്ന് ഒരു സാമാന്യവിജ്ഞാനം വച്ചുതന്നെ നമുക്കറിയാം. അതുകൊണ്ടുതന്നെ മണലിന്റെ മേലുള്ള നമ്മുടെ ഒരു അമിത ആശ്രിതത്വത്തെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള ഒരു നയരൂപീകരണം നമ്മുടെ ഭവന നിർമ്മാണ രീതികളിലടക്കം കൊണ്ടുവരേണ്ടത് അത്യാവശ്യമല്ലേ? ഞാൻ സൂചിപ്പിക്കുന്നത്, കേരളത്തിന്റെ ഒരു പ്രത്യേക സാഹചര്യത്തിൽ നമുക്കെല്ലാവർക്കും വീട് ഒരു പ്രധാനപ്പെട്ട ഘടകമാണ്. പക്ഷേ വീടുകളുടെ വലിപ്പം നിയന്ത്രിക്കുന്നതിനെക്കുറിച്ച് ആലോചിക്കാതെ നമുക്ക് ഇങ്ങനെ മുന്നോട്ടുപോകാൻ പറ്റുമോ; അതുപോലെതന്നെ വീടുകളുടെ ഇടചുമരുകൾക്ക് ചെത്തിതേയ്ക്കാനും അങ്ങനെയൊരു നിർമ്മാണ രീതിയുടെ ആവശ്യമില്ല. പുറം ചുമരുകൾക്ക് ഇതൊക്കെ ആവശ്യമാകും. പക്ഷേ, ഇപ്പോൾ ഇതിനൊക്കെ പുറമേ വലിയ രീതിയിൽ മുറ്റം കോൺക്രീറ്റ് ചെയ്യുന്ന ഒരു ശൈലി കേരളം മുഴുവൻ പടർന്നുപിടിച്ചിരിക്കുകയാണ്. മതിലുകൾ വലിയ രീതിയിൽ ചെത്തിതേയ്ക്കുന്ന ഒരു സമീപനവും വർദ്ധിച്ചുവരികയാണ്. ഇങ്ങനെ

മണലിന്റെ ഒരു ധൂർത്തും അമിത ഉപഭോഗവും നിയന്ത്രിച്ചാൽ മാത്രമല്ലേ നമുക്ക് നാളെകളിൽ ഇതിന്റെയൊരു ഷോർട്ടേജിനെ നിയന്ത്രിക്കാൻ പറ്റുകയുള്ളൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ചില പ്രസക്തമായ പോയിന്റ്സാണ് അങ്ങ് പറഞ്ഞത്. രണ്ടും മൂന്നും പേർക്ക് താമസിക്കാൻ വേണ്ടി നാലായിരവും അയ്യായിരവും സ്ക്വയർ ഫീറ്റുള്ള കോടികൾ ചെലവുവരുന്ന വീടുണ്ടാക്കുകയാണ്. നമ്മുടെ സംസ്കാരത്തിന് മാറ്റം വരണം. ഒരുവിഭാഗം ജനത്തിന്റെ കൈവശം ഒത്തിരിയേറെ പണമുണ്ട്. അവർ അവരുടെ ആർഭാടവും മോടിയും കാണിക്കുന്നത് വലിയ വീട് പണിതിട്ടാണ്. ആ വീട്ടിൽ താമസവും ഉണ്ടാകില്ല. ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതുപോലെ നമ്മുടെ സംസ്കാരത്തിൽ വന്ന മാറ്റം നാം തന്നെ സ്വയം ആലോചിച്ച് നിയന്ത്രിച്ചില്ലെങ്കിൽ ....... ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുവച്ചാൽ പണമില്ലാത്തവർപോലും അയൽപക്കത്ത് വലിയൊരു വീട് വരുന്നു, അതുകൊണ്ട് എനിക്കും അതുപോലൊരു വീടുവേണം എന്നുപറഞ്ഞ് കടക്കാരായി മാറുന്ന നിരവധി കുടുംബങ്ങൾ നമുക്ക് കാണാൻ കഴിയും.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇവിടെ അങ്ങ് പഠന റിപ്പോർട്ടുകൾ ഇല്ലായെന്നു പറഞ്ഞത് ശരിയല്ല. മണൽവാരുന്നതിന് അനുമതി കൊടുക്കുന്നതിനുവേണ്ടി സെസ്സിന്റെ പഠനം ആവശ്യമാണ്. സെസ്സിന്റെ പഠന റിപ്പോർട്ട് എല്ലായിടത്തുമുണ്ട്. ഈ പഠന റിപ്പോർട്ട് അശാസ്ത്രീയമാണ് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അശാസ്ത്രീയമായ ഈ പഠന റിപ്പോർട്ട്, അല്ലെങ്കിൽ ഈ സെസ്സിന്റെ റിപ്പോർട്ടുകൾ ഉണ്ടാക്കുന്നതിനുവേണ്ടിയും പണം വിനിയോഗിക്കുന്നുവെന്ന് തെളിയത്തക്കരീതിയിലുള്ള പഠന റിപ്പോർട്ടുകളാണ് ഇപ്പോൾ വരുന്നത്. ഇവിടെ ശ്രീ. വി. റ്റി. ബൽറാം പറഞ്ഞത് വളരെ

പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇവിടെ നദികളിൽ മണലില്ല. മണലുണ്ടെന്നു പറയുന്നത് ശരിയല്ല. ഒരു കടവ് മാറ്റി മറ്റൊരു കടവിലേയ്ക്കാണെന്നു പറഞ്ഞുകഴിഞ്ഞാൽ കടവിൽ ഇറക്കുന്നുവെന്നേയുള്ളൂ. കടവിൽ നിന്നല്ല മണൽ വാരുന്നത്, നദിയിൽ നിന്നാണ്. കടവുമാറ്റി എന്നുള്ളതുകൊണ്ട് ഒരു വ്യത്യാസവും വരുന്നില്ല. നദിയിൽ മണൽ ഇല്ലായെന്നുള്ളതാണ് സത്യം. ഇപ്പോൾ കരയിൽ ആഴത്തിലുള്ള കുഴികുഴിച്ച് മണൽ ശേഖരിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വന്നിരിക്കുന്നു. എന്നിട്ടും നമ്മൾ മണലിനെ ആശ്രയിക്കുന്നതിൽനിന്നും മാറുന്നില്ല. ആൾട്ടർനേറ്റീവായിട്ടുള്ള, മണലിന് പറ്റിയ സാധനങ്ങൾ ഉണ്ടാക്കുന്നതിന് അല്ലെങ്കിൽ എം-സാൻഡ് പോലെ യുള്ള സാധനങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കുന്നില്ല. കൂടുതൽ മണൽ ഉപയോഗിക്കാത്ത കോൺക്രീറ്റ് ഭവനങ്ങൾ തന്നെ വേണം എന്ന രീതിയി ലേയ്ക്ക് നമ്മൾ പോകരുത്. കെട്ടിടം വയ്ക്കുന്നതിനെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പംതന്നെ മാറണം. നമ്മുടെ മൈൻഡ്-സെറ്റ് മാറണം. നമ്മുടെ എഞ്ചിനിയേഴ്സിന്റെ മൈൻഡ്-സെറ്റ് മാറണം. അതല്ലാതെ മണൽ ഉപ ഭോഗം മാറാൻ പോകുന്നില്ല. അതുകൊണ്ട് ആ നിലയിലേയ്ക്ക് ഒരു ബോധവ ത്ക്കരണം വേണം. ലോകത്ത് പലയിടത്തും വലിയ ഫ്ളാറ്റുകൾ പോലും കോൺക്രീറ്റില്ലാതെയാണ് ചെയ്യുന്നത്. ആ രീതിയിലേക്കുള്ള മാറ്റം ആവശ്യ മാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഇവിടെ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞത് ശരിയാണ്. പക്ഷെ ഇവിടെയുള്ള പ്രശ്നം ഇതിന്റെ സബ്സ്റ്റിറ്റ്യൂട്ട് എന്താണ്. എം-സാൻഡ് എന്നുപറയുന്നത് പാറപൊട്ടിച്ച് അതിന്റെ പൊടിയാണ്. നമ്മുടെ ഈ നിയമസഭാ കോംപ്ലക്സ് ദശലക്ഷക്കണ ക്കിന് സിമന്റും, മണ്ണും പാറയും പൊടിയുമൊക്കെ ഉപയോഗിച്ചല്ലെ നിർമ്മിച്ചി

രിക്കുന്നത്. ഇങ്ങനെയുള്ള മഹാ സൗധങ്ങളുണ്ടാക്കുമ്പോൾ അതിന്റെയെല്ലാം ഇരയായി മാറുന്നത് നമ്മുടെ പ്രകൃതിയും നദികളും പാറക്കെട്ടുകളുമാണ് എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ട സന്ദർഭം കഴിഞ്ഞിരിക്കുക യാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഇവിടെ നേരത്തെ ചെലവ് ചുരുങ്ങിയ വീടുകളെക്കുറിച്ചു പറഞ്ഞു. ഞാനൊരു ചെത്തിതേയ്ക്കാത്ത ലോ-കോസ്റ്റ് വീടുണ്ടാക്കി അതിൽ താമസിക്കുന്ന ആളാണ്. ഇവിടെ ഗീർവാണ ആദർശപ്രസംഗം നടത്തുന്ന ആരെങ്കിലും അത്തരത്തിലുള്ള വീടുകളുണ്ടാക്കി അതിൽ താമസിച്ച് മാതൃക കാണിക്കാൻ തയ്യാറുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അത് ഒരോ വ്യക്തികളുടെ തീരുമാനമല്ലെ. ഈ സഭയിൽ വീടില്ലാത്തവരുമുണ്ട്.

ശ്രീ. വി. റ്റി. ബൽറാം: സർ, വ്യക്തിപരമായി എല്ലാവരും വലിയ വീടുവയ്ക്കാൻ താല്പര്യമുള്ളവരായിരിക്കും. പക്ഷെ സോഷ്യൽ പോളിസി നമ്മൾ ഡിസൈൻ ചെയ്യുമ്പോൾ വ്യക്തികളുടെ ആഗ്രഹത്തിന് പ്രാധാന്യം കൊടുത്ത് അതിനെ പ്രോത്സാഹിപ്പിക്കുന്ന രീതി സ്വീകരിച്ച് നമുക്ക് മുന്നോട്ടു പോകാൻ കഴിയുമോ? ഇതിനെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള ഒരു നയരൂപീകരണം വേണ്ടതല്ലെ എന്നുള്ളതാണ് ഞാൻ ഉന്നയിച്ച ചോദ്യം. അതിന് കോൺക്രീറ്റ് ചെയ്ത മുറ്റമുള്ള വീടുകളെ ആ ഒരു മുറ്റത്തിന്റെ കൂടി സ്ക്വയർഫീറ്റ് വീടിന്റെ സ്ക്വയർഫീറ്റിനോടൊപ്പം ചേർത്ത് അതിനനുസരിച്ച് ടാക്സ് ഈടാക്കുന്ന തരത്തിലുള്ള ഒരു നിയമനിർമ്മാണം വന്നാൽപ്പിന്നെ പരമാവധി ആളുകൾ മുറ്റം കോൺക്രീറ്റ് ചെയ്യുന്നതൊഴിവാക്കാൻ ശ്രമിക്കും. അത്തരത്തിലുള്ള സോഷ്യൽ പോളിസിയെക്കുറിച്ചാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. വ്യക്തിപരമായ നമ്മുടെയൊക്കെ ആഗ്രഹം വലിയ വീടുവയ്ക്ക

ണമെന്നുള്ളതായിരിക്കും.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> സർ, ഓരോ വ്യക്തികളെ ആശ്രയിച്ചാണ് ഇക്കാര്യങ്ങളൊക്കെ നിൽക്കുന്നത്. അതുകൊണ്ട് ഈ അമെന്റ്മെന്റ് ഇഫക്ടീവായി ഉപയോഗിക്കാൻ കഴിഞ്ഞാൽ നമുക്ക് കുറേയേറെ മാറ്റങ്ങൾ വരുത്താൻ കഴിയും.

<u>ശ്രീ. എം. ചന്ദ്രൻ:</u> സർ, മണൽ ക്ഷാമത്തെക്കുറിച്ചാണല്ലോ എല്ലാപേരും വേവലാതിപ്പെടുന്നത്. നമ്മുടെ പുഴകളിലേയ്ക്ക് മണൽ വന്നുകൊണ്ടിരുന്നതൊക്കെ തടസ്സപ്പെട്ടുകൊണ്ടിരിക്കുന്നു. എല്ലാ പുഴകളിലും അണക്കെട്ടുകളിലും മലമുകളിൽക്കൂടി ഒഴുകി വരുന്ന വെള്ളത്തിലൂടെയാണ് മണൽ വന്നിരുന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു –അച്ഛൻ മകൾക്കയച്ച കത്തുകളിൽ– ഇന്ദിരാഗാന്ധിക്ക് അയച്ച ഒരു കത്തിൽ മണൽത്തരിയുടെ കഥ പറയുന്നുണ്ട്. അതിൽ പറയുന്നത് മലമുകളിൽ നിന്ന് വെള്ളം പാറക്കൂട്ടങ്ങളിലിടിച്ചിടിച്ചു വന്നാണ് മണൽത്തരിയായത് എന്നാണ്. അതുപോലൊരു സംവിധാനം ഇപ്പോഴില്ല. വനനശീകരണം വന്നതുകാരണം അവിടെനിന്നും വെള്ളം ഒഴുകി വരാനില്ല. ഈ മണൽ ക്ഷാമം വരുന്നത് അതുകൊണ്ടുകൂടിയാണ്. നമ്മുടെ ഡാമുകളിൽ മണൽ നിറഞ്ഞിട്ടുണ്ട്. അതെടുക്കാനുള്ള സംവിധാനം കഴിഞ്ഞ ഗവൺമെന്റ് ആലോചിച്ചതാണ്. അത് പുനരാലോചിച്ച് നടപ്പിലാക്കുന്ന പദ്ധതിയെ സംബന്ധിച്ച് ആലോചിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. ഡൊമനിക് പ്രസന്റേഷൻ:</u> സർ, ഞാനതിവിടെ പറഞ്ഞല്ലോ. അത് ഡോ. ടി. എം. തോമസ് ഐസക്കിന്റെ സ്വപ്നമായിരുന്നു. 1500 കോടി രൂപയാണ് അദ്ദേഹം പ്രതീക്ഷിച്ചത്. പക്ഷേ അത് നടന്നില്ല. പിന്നെ പണ്ഡിറ്റ് ജവ

ഹർലാൽ നെഹ്റു ഇന്ത്യയിലെ ഏറ്റവും വലിയ അണക്കെട്ട് ഭക്രാനംഗൽ ആണെന്നാണ് പറഞ്ഞത്. ഠവലലെ മൃല വേല ീൗീറലൃി ലോുഹലെ ീള കിറശമ എന്നാണ് അദ്ദേഹം പറഞ്ഞത്. ആധുനിക ഇന്ത്യയുടെ ക്ഷേത്രങ്ങളാണ് നമ്മുടെ അണക്കെട്ടുകൾ എന്നാണ്. അണക്കെട്ടുകൾ ആവശ്യമല്ലെ. നമ്മളെങ്ങനെയാണ് ഭക്ഷ്യ സ്വയംപര്യാപ്തതയിലേയ്ക്ക് വന്നത്. ഇറിഗേഷൻ കൂടിയതുകൊണ്ടാണ്. ഓരോ മനുഷ്യന്റേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി നമ്മൾ ചെയ്യുന്ന കാര്യങ്ങൾ കുറേ വർഷങ്ങൾ കഴിയുമ്പോൾ പ്രകൃതി നമുക്കെതിരായി വരുന്നു എന്നതാണ് യാഥാർത്ഥ്യം. സുനാമി എങ്ങനെയാണുണ്ടായത്. മനുഷ്യന്റെ ആർത്തിയെ അവസാനിപ്പിക്കാൻ പ്രകൃതി തന്ന ദുരന്തമല്ലേ സുനാമി. അതുപോലെ മനുഷ്യന്റെ അമിത ആർത്തി അവസാനിപ്പിച്ചില്ലെങ്കിൽ ഇനിയും ദുരന്തങ്ങൾ നമുക്ക് ഏറ്റെടുക്കേണ്ടിവരും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഒരു രാജ്യത്ത് ഒരു മന്ത്രി വീടുവച്ചു. വീടുവയ്ക്കുന്നതിന് അവിടെ ചില നിയമങ്ങളുണ്ട്. ഇത്ര സ്റ്റെയറേ പാടുള്ളൂ, ഇന്ന പെയിന്റേ അടിക്കാവൂ എന്നൊക്കെയുള്ള നിയമമുണ്ട്. ഈ വീടിനെക്കുറിച്ച് പലരും അമീറിനോട് പരാതിപ്പെട്ടു. അമീർ അത് കേട്ടിട്ട് ഒന്നും പ്രതികരിച്ചില്ല. ഇദ്ദേഹം വീടൊക്കെ ആർഭാടമായി ഉണ്ടാക്കി കുറ്റൂഷ കഴിക്കാൻ നിശ്ചയിച്ചു. കുറ്റൂഷയ്ക്ക് തീരുമാനവുമെടുത്തു. കുറ്റൂഷയെന്നു പറഞ്ഞാൽ ഹൗസ് വാമിംഗ് എന്നാണ്. ഹൗസ് വാമിംഗിന്റെ തലേ ദിവസം അമീർ ആ വീടാകെ അടിച്ചു നിരപ്പാക്കി. അങ്ങനെ ഒരു നിയമം ഇവിടെ വരുത്താൻ കഴിയുമോ? അല്ലെങ്കിൽ ബിൽഡിംഗ് നിയമങ്ങൾ, നഗരത്തിൽ ഇത്ര സ്ക്വർ ഫീറ്റേ പാടുള്ളൂ എന്നൊക്കെയുള്ള നിയമങ്ങൾ ഇവിടെ കൊണ്ടുവരാൻ കഴിയുമോ? അങ്ങനെയാകുമ്പോൾ ഇത് കുറയ്ക്കാൻ കഴിയും. വീടുകൾ മാത്രം കണക്കിലെടുത്തതുകൊണ്ട് കാര്യമില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: അങ്ങയുടെ അഭിപ്രായം നമുക്ക് ഈ സഭയിൽ ചർച്ച ചെയ്യാം. ഞാൻ അധികം ദീർഘിപ്പിക്കുന്നില്ല. ഏതായാലും ഈ ബില്ലിനെക്കുറിച്ച് നിരവധി അംഗങ്ങളുടെ അഭിപ്രായങ്ങൾ വന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായിട്ടും ഇതിലുള്ള നല്ല ആശയം ഉൾക്കൊണ്ടുകൊണ്ട് വളരെ ഇഫക്ടീവായി ഈ നിയമം നടപ്പാക്കാൻ കഴിയണം എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ നേരത്തേയും നമുക്ക് ഇത്തരത്തിൽ ചില നിയമങ്ങളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും ഇതിന്റെ പ്രസക്തി വർദ്ധിച്ചുവന്നതുകൊണ്ടുള്ള ചില മാറ്റങ്ങളിലേയ്ക്കാണ് ഇപ്പോൾ പോകുന്നത്. നദീതീര സംരക്ഷണം ഉണ്ടെങ്കിൽപ്പോലും മണൽവാരൽ ആണ് പ്രധാനമായും ഇവിടെ ചർച്ചയ്ക്ക് വന്നിട്ടുള്ളത്. ചങ്ങനാശ്ശേരി മേഖലകളിൽ ബൈപാസ് റോഡ് കടന്നുപോകുമ്പോൾ റോഡിന്റെ രണ്ടുവശത്തും നല്ല വയലുകളുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ അവിടെ മുഴുവനും മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ പണിയാനുള്ള പാകത്തിനാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പുതിയ കെട്ടിടനിർമ്മാണം വരുന്നതിനുവേണ്ടി മണൽവാരലുമായി ബന്ധപ്പെട്ട് വരുന്ന ഈ പ്രശ്നങ്ങളിൽ മണൽവാരൽ മാത്രമാണ് വളരെ പ്രസക്തിയായി ചർച്ചയിലേയ്ക്ക് വന്നിട്ടുള്ളത് എന്ന് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ചങ്ങനാശ്ശേരിയിലെ കാര്യം ഇവിടെ സൂചിപ്പിച്ചത്. ഇതിലെ പേജ് നമ്പർ 2-ൽ ഉപവകുപ്പ് 2 (എ)ൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ചില വകുപ്പുകൾ സംസ്ഥാനതലത്തിൽ

രൂപപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കേന്ദ്രീകരിക്കുന്നതുകൊണ്ട് മണൽ വാരൽ നിയമത്തിൽ എന്താണ് ഉദ്ദേശിക്കുന്നത് എന്നതിനെ സംബന്ധിച്ച് വ്യക്തതയൊന്നും കാണുന്നില്ല. ഇതിൽ അപ്പീലോ മറ്റുകാര്യങ്ങളോ, മണൽ കടവിലെ കണ്ടെത്തൽ മാത്രമല്ല അതിനുശേഷം വരുന്ന പണിഷ്മെന്റിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളെ സംബന്ധിച്ചും ഈ വകുപ്പിലേയ്ക്ക് ചൂണ്ടിക്കാണിക്കുവാൻ നമുക്ക് കഴിയുന്നില്ല. പക്ഷെ ജില്ലാ തലത്തിൽ ഇപ്പോൾ നിലവിലുണ്ട്. അതാത് പഞ്ചായത്തിലെ മണൽ വാരൽ സംബന്ധിച്ച് കടവ്പാസ് നൽകുന്നതും കൊണ്ടുപോകുന്നതും ഒക്കെയായി ബന്ധപ്പെട്ട് ഒരു വ്യക്തത ഇപ്പോഴും നിലവിൽ മണൽകൊണ്ടുപോകുന്നതു സംബന്ധിച്ചില്ല. വ്യക്തത ഇല്ലാത്തതുകൊണ്ട് എങ്ങനെയൊക്കെയാണ് വാഹനങ്ങൾ പിടിക്കുന്നത്. കാക്കിയിട കാക്കിയിട്ടുകൊണ്ട് കാശ് പിരിക്കുന്നു, ഉദ്യോഗസ്ഥന്മാർ ഇതിനുവേണ്ടി നടക്കുന്നു, അവർ സ്ഥിരം മാഫിയകളാകുന്നു, ഇത്തരത്തിൽ കുറേയേറെ അഭിപ്രായങ്ങൾ ഇവിടെ രേഖപ്പെടുത്തി. പക്ഷെ മണൽ വാരുന്നതിനുള്ള പാസ് നൽകുന്നത് എവിടെയാണെന്നും, പാസ് ലഭിച്ച വാഹനം എങ്ങനെയാണ് മണൽ കൊണ്ടുപോയി നിശ്ചിത സ്ഥലത്ത് എത്തിക്കുന്നത് എന്നതിനെ സംബന്ധിച്ചും ഇതിൽ ഒരു വ്യക്തതയില്ല. മാത്രമല്ല, സംസ്ഥാന ഉന്നതതല സമിതിയുടെ രൂപീകരണത്തെ സംബന്ധിച്ച് 2(മ)–യിൽ പറയുന്നുണ്ട്. അതിൽ വളരെ വ്യക്തമായി പറയേണ്ട രണ്ട് കാര്യങ്ങൾ കൂടിയുണ്ട്. വയനാട്, ഇടുക്കി പോലുള്ള മറ്റ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വളരെ നിർണ്ണായകമാണ്. അതുപോലെതന്നെ മണലെടുക്കാൻ പാസ് നൽകുന്ന പഞ്ചായത്തിനെ സംബന്ധിച്ചും ഇതിൽ പറയുന്നില്ല. പഞ്ചായത്തിന്റെ ഡയറക്ടറും ഫോറസ്റ്റിന്റെ ഉയർന്ന ഉദ്യോഗസ്ഥരും ഇത്തരത്തിലുള്ള കമ്മിറ്റികളിൽ വരേണ്ടത് അത്യാവശ്യമാണ്. പരിസ്ഥിതിയുമായി ബന്ധ

പ്പെട്ട് ചർച്ച വന്ന ഈ സാഹചര്യത്തിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ വരുന്ന പ്രയാസം, എത്ര നില കെട്ടിടമാണ്, കെട്ടിട നിർമ്മാണച്ചട്ടം........., പരിസ്ഥിതി നിലനിർത്താൻ ആവശ്യമായ അനുബന്ധ ഘടകങ്ങളെ സംബന്ധിച്ച് ആശയപരമായി എന്തെങ്കിലും രൂപപ്പെടുത്താൻ ഈ ഗവൺമെന്റ് ചിന്തിക്കുന്നുണ്ടോ എന്നതിനുകൂടി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടതുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തേ ഇവിടെ കപട പരിസ്ഥിതിവാദികൾ വേഷംമാറി വരുന്നതിനെക്കുറിച്ച് പറഞ്ഞു. കപടപരിസ്ഥിതി വാദികൾ കേരളത്തിലുണ്ട്. അവർ പലപ്പോഴും പരിസ്ഥിതി വാദത്തെ വിറ്റ് കാശാക്കുന്നുമുണ്ട്. തൃശ്ശൂർ ജില്ലയിൽ ഒരുലോഡ് മണലിന് 45,000 രൂപയാണ് ഇപ്പോഴത്തെ വില. അതിനുകാരണം തൃശ്ശൂർ ജില്ലയിൽ പുഴയിലേയ്ക്ക് ലോറി ഇറക്കി മണ്ണെടുക്കാൻ പാടില്ല. തൊട്ടപ്പുറത്തുള്ള പാലക്കാട് ജില്ലയിൽ പുഴയിൽ ലോറി ഇറക്കി മണലെടുക്കാം. ശ്രീ. രാധാകൃഷ്ണന്റെ മണ്ഡലമായ ചേലക്കരയിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ ഒരു കര തൃശ്ശൂർ ജില്ലയിലും മറ്റേ കര പാലക്കാട് ജില്ലയിലുമാണ്. പാലക്കാട് ജില്ലയിലുള്ള ലോറികൾ സുഗമമായി വന്ന് പുഴയിലിറക്കി മണലെടുത്ത് പോകുന്നു. തൃശ്ശൂർ ജില്ലയിൽ അതിന് കഴിയുന്നില്ല. ഈ പരിസ്ഥിതി വാദികൾ തൃശ്ശൂരിനെയേ കാണുന്നുള്ളൂ, പാലക്കാട് കാണുന്നില്ല. അത് എന്തുകൊണ്ടാണ്? മലപ്പുറത്തും മണൽ എടുക്കാൻ കഴിയുന്നില്ല. ഞാൻ മണലെടുക്കാൻവേണ്ടിയൊന്നുമല്ല പറയുന്നത്. മണലെടുക്കുന്നതിനൊക്കെ കർശന നിയന്ത്രണം ആവശ്യമാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷെ ഇത്തരം കാര്യങ്ങളിലെല്ലാം ഒരു പൊതുനീതി ആവശ്യമാണ്. തൃശ്ശൂർ ജില്ല

യിൽ മണലിന് വില കൂടിക്കൊണ്ടിരിക്കുകയാണ്. അതേത്തുടർന്ന് എല്ലാ വരും പണി നിറുത്തിവച്ചു. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇത്തരത്തിലുള്ള വിഷയങ്ങളുണ്ട്. ഇതൊ ക്കെയാണെങ്കിലും ഇങ്ങനെയൊക്കേ പോകൂ എന്നുള്ളതാണ്. ഉന്നതതല സംസ്ഥാന സമിതികൾ രൂപപ്പെടുത്തുന്നതുകൊണ്ട് എന്താണ് വകുപ്പ് ഉദ്ദേശി ക്കുന്നത് എന്ന ഒരു വ്യക്തതകൂടി ഇതിൽ വരുത്തേണ്ടതുണ്ട്. അതുപോലെ തന്നെ 2(മ)ൽ, 1–ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല ഉന്നത തല സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ് എന്നുപറയുന്നതിന്റെ കൂടെ ഫോറസ്റ്റിന്റെ ഉയർന്ന ഉദ്യോഗസ്ഥനും പഞ്ചായ ത്തിന്റെ ഉയർന്ന ഉദ്യോഗസ്ഥനും ഉണ്ടാകണം എന്നതാണ് എന്റെ അഭിപ്രാ യം. 3–ാം വകുപ്പിലും ചില ഭേദഗതികളുണ്ട്. 3–ാം വകുപ്പിൽ 2–ാം ഉപവകു പ്പിൽ പറയുന്നതനുസരിച്ച് രണ്ട് പരിസ്ഥിതി പ്രവർത്തകർ എന്നത് മൂന്നായി മാറ്റിയിട്ടുണ്ട്. ഇവിടെ ചിലർ ചൂണ്ടിക്കാണിച്ചതുപോലെ എന്താണ് നടക്കു ന്നതെന്ന് അറിയാനോ, ആർക്കെങ്കിലും നിർദ്ദേശം പറയാനോ യാതൊരുവിധ അവകാശങ്ങളും ഇതിൽ കാണുന്നില്ല. നിയമസഭാംഗങ്ങളായിട്ടുള്ളവർ ഇതിൽ എവിടെയും വരുന്നില്ല, രണ്ട് പരിസ്ഥിതി പ്രവർത്തകരെ സംബന്ധിച്ച് പറയുന്നുണ്ട്, കളക്ടർ നിർദ്ദേശിക്കുന്ന ആളുകളെ സംബന്ധിച്ച് പറയുന്നു ണ്ട്, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ സംബന്ധിച്ച് പറയുന്നുണ്ട്, ആരെ ങ്കിലും നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ പഞ്ചായത്തുതലത്തിൽ നിന്ന് ആകാ മെന്ന് പറയുന്നുണ്ട്, കടവ് കമ്മിറ്റിയെ സംബന്ധിച്ച് പറയുന്നുണ്ട്, എന്നാൽ ഒരിടത്തും മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗത്തെ സംബ ന്ധിച്ചോ പഞ്ചായത്ത് കമ്മിറ്റിക്ക് എന്താണ് അവകാശം എന്നുള്ളതിനെ സംബ

ഡിച്ചോ പറയുന്നില്ല. പഞ്ചായത്ത് കമ്മിറ്റി അംഗം ജനകീയ സ്വഭാവമുള്ള സാഹചര്യത്തിലേയ്ക്ക് പോകുന്നില്ല. അപ്പോൾ ഉന്നതതല സമിതിയിൽ വരുന്നതുപോലെതന്നെ ജില്ലാതലത്തിലും തഹസീൽദാർ അടങ്ങുന്ന കമ്മിറ്റികളിലും പഞ്ചായത്തുതലത്തിൽ വരുന്ന കമ്മിറ്റികളിലും ഫോറസ്റ്റും പഞ്ചായത്തിന്റെയും തനതായുള്ള രൂപീകരണം, അതിന്റെ അംഗങ്ങളെ 3–ാം വകുപ്പിലെ 2–ാമത്തെ ഉപവകുപ്പിൽ ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതിയും ഇതിന്റെ ഭാഗമായി ഞാൻ നിർദ്ദേശിക്കുകയാണ്. പരിസ്ഥിതിയെക്കുറിച്ച് പറയുമ്പോൾ ഇടയ്ക്ക് സബ്മിഷന്റെ ഭാഗമായി ഒരു പ്രശ്നം വന്നിരുന്നു.

ശ്രീ. പി.റ്റി.എ. റഹീം: സർ, ഈ കമ്മിറ്റിയെ സംബന്ധിച്ച് പഞ്ചായത്ത് മെമ്പർമാരെയും പഞ്ചായത്തിന്റെ അധികാരത്തെ സംബന്ധിച്ചുമെല്ലാം അങ്ങ് സൂചിപ്പിക്കുകയുണ്ടായി. പക്ഷെ ചില പഞ്ചായത്തുകളിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നത് മണൽ മാഫിയയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഈ മാഫിയയെ സംബന്ധിച്ച് പറയുമ്പോൾ സാധാരണ ഗതിയിൽ ചെറിയ തോതിൽ ഒരു കച്ചവടമായി തുടങ്ങുന്നവർ അവസാനം അത് തൊഴിലാക്കി മാറ്റും. തൊഴിലിനുവേണ്ടി പിന്നീട് ജീവിച്ച് മറ്റ് പ്രയാസങ്ങളും പ്രശ്നങ്ങളുമുണ്ടാക്കി നിയമത്തെ അതിന് വിധേയമാക്കുന്ന സാഹചര്യത്തിലേയ്ക്ക് കൊണ്ടെത്തിക്കുന്ന സന്ദർഭങ്ങളൊക്കെയാണ് സാധാരണ ഗതിയിൽ മാഫിയയിലേയ്ക്ക് എത്തുന്നത്. അത് എല്ലാ രൂപത്തിലും, സാമൂഹ്യ വ്യവസ്ഥയിൽപ്പെടുന്ന എല്ലാം അതിന്റെ കൂടെയുള്ളത് എന്ന്.........., തെരഞ്ഞെടുപ്പ് എങ്ങനെയാണോ അതുപോലെതന്നെ ഇതുമുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പക്ഷെ അതിൽ നിന്നും മാറിനിൽക്കേണ്ട

താണ്. മാറ്റിനിർത്തണമെന്ന അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. കടവുകളിൽ നിന്ന് മണൽ വാരുന്ന സമയവുമായി ബന്ധപ്പെട്ട്, രാവിലെ ആറ് മണിക്ക് മുമ്പും വൈകുന്നേരം മൂന്ന് മണിവരെയും എന്നുള്ളതിൽ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. അത് സാധാരണ ഗതിയിൽ ഉൾക്കൊള്ളാവുന്നതാണ്. പക്ഷെ അതേ സന്ദർഭത്തിൽ മണൽ വാരൽ തൊഴിലാളികളെ.........., നാലാം വകുപ്പിന്റെ ഭേദഗതി (എ)–ൽ പറയുന്നത് പ്രസ്തുത പ്രദേശത്ത് രജിസ്റ്റർ ചെയ്ത മണൽ വാരൽ തൊഴിലാളികളിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നുപേർ....., ഇങ്ങനെ മൂന്ന്, നാല്....., നമുക്കിപ്പോൾ അറിയാം, സഹകരണ ബാങ്കിന്റെ ഭാഗത്തുപോലും നടന്നിരിക്കുന്നത്..........., നാമനിർദ്ദേശം ചെയ്യുന്ന ആളുകളെ സംബന്ധിച്ച് ഒരു വ്യക്തതയോടുകൂടി, എന്താണ് നാമനിർദ്ദേശം ചെയ്യുന്നത്, ആരെങ്കിലും മതിയോ അല്ലെങ്കിൽ പിന്നെ സ്വാധീനത്തിലേയ്ക്ക് പെട്ടുപോകുന്നു എന്നുള്ളതാണ് പ്രശ്നം. അങ്ങനെയൊരു വ്യക്തതയോടുകൂടി കാണാൻ കഴിയുന്ന നിലയിൽ നമുക്കിപ്പോൾ ലേബർ ഡിപ്പാർട്ടുമെന്റുണ്ട്, അപ്പോൾ അത്തരത്തിലേയ്ക്ക് ഇതിന്റെ ഉദ്ദേശലക്ഷ്യം, നിയമമെന്താണോ ഉദ്ദേശിക്കുന്നത് അത് നടപ്പിലാക്കുവാൻ ഒരു ആത്മാർത്ഥതയോടുകൂടിയുള്ള സമീപനം സ്വീകരിക്കേണ്ടതാണ് എന്ന ബോധ്യമുണ്ടെങ്കിലും അതിന് വഴങ്ങുക എന്നുള്ള ഒരു സാഹചര്യം ഇപ്പോൾ കൂടിക്കൂടി വരികയാണ്. ഉദ്യോഗ മണ്ഡലത്തിൽ നമ്മൾ കാണുന്നത് അനുഭവത്തിൽ നമുക്ക് കാണാൻ സാധിക്കും. നിയമമുണ്ടെങ്കിലും നിയമം നടപ്പിലാക്കുക എന്നുള്ളതല്ല മിക്ക ഉദ്യോഗസ്ഥന്മാരും.........., നല്ല ഉദ്യോഗസ്ഥന്മാരുണ്ട്. പക്ഷെ ചില ഉദ്യോഗസ്ഥന്മാർ അങ്ങനെയല്ല. ചില ഉദ്യോഗസ്ഥന്മാരിൽ ചിലരെ തലപ്പത്ത് വയ്ക്കുമ്പോൾ സ്വാധീനത്തിന് വഴങ്ങുന്നവരും പറഞ്ഞാൽ കേൾക്കുന്നവരും നമ്മളെ അനുസരിക്കുമെന്നുമുള്ള ആളു

കളെ തലപ്പത്ത് നിലനിർത്തുന്നതുകൊണ്ട് മാത്രമുണ്ടാകുന്ന ഈ പ്രത്യേക സാഹചര്യങ്ങളെ മറികടക്കുവാൻ നമുക്ക് എന്ത് ചെയ്യുവാൻ പറ്റുമെന്നുള്ള തിനെ സംബന്ധിച്ചും 4-ാം ഉപവകുപ്പിൽ വ്യക്തതയുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. ദാസൻ: സർ, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവുമെന്നുള്ള ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കു ന്നത്. കേരളത്തിന്റെ നദീതീരങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി കേരളാ ഗവൺമെന്റ് ഒരുപാട് പണമാണ് ഇപ്പോൾ ചെലവഴിച്ചുകൊണ്ടിരിക്കു ന്നത്. യഥാർത്ഥത്തിൽ ഇതിന്റെ ആവശ്യമുണ്ടോ എന്നതാണ് എന്റെ സംശയം. മുമ്പ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരങ്ങൾ സംര ക്ഷിക്കുന്നതിനായി തീരവനമെന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. ഇപ്പോൾ അതുപോലെ പുഴയോരങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിച്ച്......, കണ്ടൽ വച്ചുപിടിപ്പിച്ചാൽ രണ്ട് ഗുണമുണ്ട്. കണ്ടലിലൂടെ പെയ്തിറങ്ങുന്ന മഴവെള്ളം കണ്ടൽ വേരുകളിലൂടെ നദിയിലേയ്ക്ക് എത്തിക്കാനും അങ്ങനെ അതിനെ വെള്ളത്തിന്റെ സംഭരണിയാക്കി മാറ്റാനും കഴിയും. രണ്ടാമത് കണ്ടൽച്ചോല യിൽ മത്സ്യങ്ങളുടെ പ്രജനനം നടക്കുന്നുണ്ട്. ഈ ചോലയിൽ മത്സ്യങ്ങൾ വന്നുകൂടി മത്സ്യങ്ങൾ പ്രജനനം നടത്തും. മത്സ്യങ്ങൾ മുട്ടയിടുന്നത് അവിടെ യാണ്. അങ്ങനെ പ്രകൃതിദത്തമായ ഒരു കാര്യമെന്ന നിലയിൽ നദീതീരങ്ങൾ സംരക്ഷിക്കാൻവേണ്ടി കണ്ടൽ വച്ചുപിടിപ്പിക്കുക എന്നുള്ള കാര്യങ്ങൾ വന്നാൽ വലിയ സമ്പാത്തിക നഷ്ടം നമുക്ക് ഒഴിവാക്കാൻ കഴിയും. അത് ബഹുമാനപ്പെട്ട മെമ്പർ അംഗീകരിക്കുന്നുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഉൾക്കൊള്ളാവുന്നതാണ്. അത് ബന്ധപ്പെട്ട വകുപ്പുമന്ത്രി പരിഗണിക്കും എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, തീരം കെട്ടി സംരക്ഷിക്കുന്ന കാര്യം പറഞ്ഞല്ലോ? തീരം കെട്ടിയതുകൊണ്ടു മാത്രം നദിയെ സംരക്ഷിക്കാനോ മണൽ വാരലിന്റെ കാഠിന്യം കുറയ്ക്കുവാനോ കഴിയില്ല. ഒന്നര–രണ്ട് കിലോ മീറ്റർ നീളമുള്ള മോട്ടോർ ഹോസുകൾ ഉപയോഗിച്ച്, നമ്മൾ കിടന്നുറങ്ങുന്ന കെട്ടിടത്തിന്റെ അടിയിൽ നിന്നുപോലും മണൽ ഊറ്റിയെടുക്കുന്നു. ആ തരത്തിലേയ്ക്ക് വലിയ പ്രവർത്തനം നടക്കുമ്പോൾ തീരം കെട്ടി സംരക്ഷിക്കുന്നതും ദുർബ്ബലമായ നിയമങ്ങൾ ഉപയോഗിച്ചും മാത്രം ഇതിനെ സംരക്ഷിക്കാൻ കഴിയില്ല എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അതെ.

ശ്രീ. പി. സി. വിഷ്ണുനാഥ്: നദീ സംരക്ഷണവും നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അങ്ങ് സംസാരിക്കുന്നു. ബന്ധപ്പെട്ട എം.എൽ.എ മാരെല്ലാം തന്നെ പ്രത്യേക താത്പര്യത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു. പമ്പാ ആക്ഷൻ പ്ലാൻ നമ്മൾ സമർപ്പിക്കുകയും ഡി.പി.ആർ കൊടുക്കുന്നതിന് മുമ്പ് തന്നെ ആദ്യഘട്ട തുക അനുവദിക്കുകയും ചെയ്തത് അങ്ങേയ്ക്കും അറിവുള്ളതാണ്. സാധാരണ സെൻട്രൽ ഫണ്ട് അങ്ങനെ കിട്ടുന്നതല്ല. അങ്ങനെ കിട്ടിയ പമ്പ ആക്ഷൻ പ്ലാൻ നമ്മൾ ഒന്നും ചെയ്യാതിരിക്കുകയാണ്. കഴിഞ്ഞകാലത്തും ഉണ്ടായില്ല. ഇപ്പോഴും ഉണ്ടാകുന്നില്ല. പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കിയാൽ പമ്പാ നദിയുടെ സംരക്ഷണവും തീരസംരക്ഷണവുമെങ്കിലും നടപ്പാക്കാൻ കഴിയും. ആകെ ചെയ്തത് ശബരിമലയിൽ, പമ്പയിൽ 60 ലക്ഷം രൂപയ്ക്ക് കുറച്ച് പടികെട്ടിയ

തല്ലാതെ വേറൊരുകാര്യവും ചെയ്തിട്ടില്ല. പമ്പാ ആക്ഷൻ പ്ലാൻ പൂർത്തിയാക്കുന്നത് സംബന്ധിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അത് വളരെ സമയബന്ധിതമായി, വന്നിട്ടുളള വീഴ്ചകൾ പരിഹരിച്ച് പുതിയതായി എന്തെങ്കിലും നടപടി സ്വീകരിക്കുമെന്നാണ് നമ്മളും പ്രതീക്ഷിക്കുന്നത്, ഉണ്ടാകുമെന്ന് കരുതുന്നു. പേജ് നമ്പർ 5 ലെ 17-ാം വകുപ്പിലെ ഭേദഗതിയിൽ ബന്ധപ്പെട്ട തദ്ദേശ അധികാര സ്ഥാപനത്തിന്റെ സെക്രട്ടറി എന്ന വാക്കുകൾക്ക് പകരം ബന്ധപ്പെട്ട തദ്ദേശ അധികാര സ്ഥാപനത്തിന്റെ സെക്രട്ടറിയും ആ ജില്ലയിലെ ഓരോ പഞ്ചായത്തിനും വേണ്ടി ജില്ലാ കളക്ടർ ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യാവുന്ന റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും എന്നാണ്. ഇക്കാര്യത്തിൽ പ്രത്യേകമായി ഒരാളെതന്നെ ചുമതലപ്പെടുത്തി പാസ്സ്......... ഇപ്പോൾ ഞാൻ താമസിക്കുന്ന വീട് 600 സ്ക്വയർ ഫീറ്റുളളതാണ്. അത് ഞാൻ റിനവേഷൻ ചെയ്യാൻ വേണ്ടി തഹസിൽദാറെ സമീപിച്ചപ്പോൾ പഞ്ചായത്തിൽ കൊടുക്കാൻ പറഞ്ഞു. പഞ്ചായത്തിൽ കൊടുത്തപ്പോൾ അത് തഹസിൽദാർക്ക് കൊടുക്കാൻ പറയുകയാണ്. എന്റെ സ്വന്തം അനുഭവമാണ്. പാസ് ആര് കൊടുക്കണമെന്നതിന് ഒരു വ്യക്തതയില്ല. റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും എന്നു പറയുന്നതിനെക്കാളുപരി ഇതിന് ഒരു പ്രത്യേക സെക്ഷൻ രൂപീകരിച്ചുകൊണ്ട് പഞ്ചായത്തുകളെ ക്രോഡീകരിച്ച് പ്രത്യേകമായ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് വേണ്ടി നിർദ്ദേശം വയ്ക്കണമെന്നാണ് 17-ാം വകുപ്പിൽ ഞാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എം. ഉമ്മർ: സർ, നേരത്തെ ശ്രീ. ബാബു എം. പാലിശ്ശേരി ചോദിച്ചു, തൃശ്ശൂരിൽ 45,000 രൂപ വരെ മണലിന് കൊടുക്കണമെന്ന് പറഞ്ഞു. അതൊരു യാഥാർത്ഥ്യമാണ്. ഓരോ ജില്ലയിലും ഏതാണ്ട് അതുപോലുളള

വിലയാണ്. പെട്രോളിയം ഉത്പന്നങ്ങൾക്ക് വിലകൂടുന്നത് ആഗോളതലത്തിലുള്ള പ്രതിഭാസമായി കമ്പനികൾ വിലകൂട്ടിയതുകൊണ്ടാണ് അതിനാൽ നമ്മളും സ്വാഭാവികമായി വില കൂട്ടേണ്ടി വരികയാണ്. വൈദ്യുതിക്ക് വിലകൂട്ടുകയെന്ന് പറയുന്നത് മഴയില്ലാത്തതുകൊണ്ട് ഉത്പാദനം കുറഞ്ഞതുകൊണ്ടാണ്. മറ്റ് ഭക്ഷ്യ സാധനങ്ങൾക്ക് വില കൂടുന്നത് ഉത്പാദന രംഗത്ത് കുറവുണ്ടായതുകൊണ്ടാണ്. മണലിന് വില കൂടാനുള്ള കാരണം എന്താണ്? ഉത്പാദനത്തിലെ കുറവുകൊണ്ടല്ല. ഞാൻ ഒറീസ്സയിൽ സന്ദർശനത്തിന് പോയിരുന്നു. അവിടെ അന്വേഷിച്ചപ്പോൾ അവിടെ ഒരു ലോഡ് മണലിന് 500 രൂപയാണെന്ന് അറിയാൻ സാധിച്ചു. അതുതന്നെ കൂലിയും മറ്റും ചേർത്താണ്. രാജസ്ഥാനിൽ അതിലേറെ വില കുറവാണ്. അരിയുടെയും മറ്റ് സാധനങ്ങളുടെയും വില ഏറെക്കുറെ തുല്യമാണ്. മണലിന് ആഗോള തലത്തിലല്ല, കേരളത്തിൽ മാത്രം ഇത്ര വലിയ വിലയുണ്ടായി. എന്നാൽ ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു സാധനമാണ് മണൽ. അതിന്റെ വില കുറയ്ക്കുന്നതിനെക്കുറിച്ച് അങ്ങ് ഗൗരവമായി ആലോചിച്ചിട്ടുണ്ടോ? അങ്ങേയ്ക്ക് അതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ വയ്ക്കാനുണ്ടോ?

ശ്രീ. പാലോട് രവി: സർ, നദീ സംരക്ഷണത്തെക്കുറിച്ച് പറയുമ്പോൾ എല്ലാ നദികൾക്കും നദീ പുറമ്പോക്കും ആറുകൾക്ക് ആറ്റുപുറമ്പോക്കും തോടുകൾക്ക് തോട് പുറമ്പോക്കും ഉണ്ട്. ഈ പുറമ്പോക്കുകളെല്ലാം റവന്യൂ ലാന്റാണ്. നദിയെ സംരക്ഷിക്കുവാനാവശ്യമായ സ്ഥലം നദികളുണ്ടായ കാലം മുതൽതന്നെ അതിന്റെ പുറമ്പോക്കായി ആ കാലഘട്ടം അനുവദിച്ചുകൊടുത്തിട്ടുണ്ട്. നദിയെ സംരക്ഷിക്കേണ്ട ആറ്റ് പുറമ്പോക്കുകളും തോട് പുറമ്പോക്കുകളുമെല്ലാം വ്യാപകമായി കൈയേറിയിരിക്കുകയാണ്. നദിയെ സംരക്ഷിക്കാൻ ഒരു സെന്റ് സ്ഥലമില്ല. അതുകൊണ്ട് ആറ്റ് പുറമ്പോക്കുകളും

തോട് പുറമ്പോക്കുകളുമെല്ലാം അളന്ന് തിട്ടപ്പെടുത്തി അതു സംരക്ഷിക്കുവാനുള്ള നടപടി, അതല്ലേ സംരക്ഷണത്തിന് ആദ്യമായി ചെയ്യേണ്ടത്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ പ്രസംഗത്തിന്റെ അവസാനം ചില നിർദ്ദേശങ്ങൾ വച്ചിട്ടുള്ളതിൽ അതുമുണ്ട്. സോഷ്യൽ മാപ്പ് പഞ്ചായത്തടിസ്ഥാനത്തിൽ നീർത്തടവുമായി ബന്ധപ്പെട്ട് തയ്യാറാക്കുകയും ആറ് പുറമ്പോക്കുകളും തോട് പുറമ്പോക്കുകളും പഞ്ചായത്തിനാണെന്ന നിലയിൽ നിലവിലുള്ള നിയമം സംരക്ഷിക്കുവാൻ, വീട് വയ്ക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ മണൽ എങ്ങനെയാണെന്ന് സെക്കന്റ് ഫെയ്സായി വന്നതിന് ശേഷമേ ഇത്തരത്തിൽ എന്തെങ്കിലും നിയന്ത്രണം നടത്താൻ സാധിക്കുകയുള്ളൂ. സംസ്ഥാനതലത്തിലിരിക്കുന്ന ഉന്നതതല കമ്മിറ്റിക്ക് ഓരോ പഞ്ചയാത്തിനെ സംബന്ധിച്ചും വ്യക്തതയോടുകൂടി സോഷ്യൽ മാപ്പിനെ മനസ്സിലാക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ നിലപാടും നടപടികളും സ്വീകരിക്കുവാനും കഴിയുന്ന സാഹചര്യമുണ്ടെങ്കിൽ മാത്രമേ കൈയേറ്റമുൾപ്പെടെ തീരപ്രദേശങ്ങൾ സംരക്ഷിക്കുവാൻ കഴിയുന്ന സാഹചര്യമുണ്ടാവുകയുള്ളൂ. ബഹുമാന്യനായ ശ്രീ. ഉമ്മർ ചോദിച്ചതുപോലെ വിൽപ്പനചരക്കിനോടുള്ള ആഗ്രഹം കൂടിക്കൂടി വരുന്നതിന്റെ ഭാഗമായി ഫ്ളാറ്റ് സിസ്റ്റം, അപ്പാർട്ടുമെന്റ്സ് ഇവ ഒരുപാട് ഉയർന്നു വരുന്നതും അത്തരത്തിലുള്ള കച്ചവട മത്സരത്തിന്റെ ഭാഗമായാണ് വില കൂടി വരുന്നതും. എന്നാൽ മണലിന്റെ അളവ് കുറഞ്ഞു വരുന്നു. പുതിയ ആശയങ്ങൾ വരണം. മണലിന് പകരമുപയോഗിക്കാവുന്ന സാധനങ്ങളെന്ന ആശയം.... ഇപ്പോൾ സിമെന്റ് ഇഷ്ടികയുടെ സംസ്കാരമാണ് ഉയർന്നു വരുന്നത്. നേരത്തെ സിമെന്റ്, മണൽ, മണൽ ഇഷ്ടിക എന്നിങ്ങനെയായിരുന്നു. ഇപ്പോൾ പെട്ടെന്ന് പണി തീർക്കുന്നതിന് വേണ്ടി സിമെന്റ് ഇഷ്ടികയാണ് ഉപയോഗിക്കുന്നത്. പത്തിരുപത് വർഷം കഴിയുമ്പോഴായി

രിക്കും ഇതിന്റെ ഫലമറിയുന്നത്, ചൂട് വർദ്ധിക്കും. പരിസ്ഥിതിക്കാർ അവിടെയൊക്കെയാണ് ശ്രദ്ധിക്കേണ്ടത്. പത്തും അമ്പതും നില കെട്ടിടങ്ങൾ ഉയർന്നുവരുന്നതുകൊണ്ട് പരിസ്ഥിതിക്ക് വരുന്ന ആഘാതങ്ങളെന്താണെന്ന് മനസ്സിലാക്കുന്നതിന് പകരം എവിടെയെങ്കിലും പരിസ്ഥിതി സംരക്ഷിക്കുന്ന സ്ഥലത്തേയ്ക്ക് ഊന്നൽ നൽകികൊണ്ട് പ്രചരണം നൽകുന്നതുകൊണ്ട് പ്രശ്നത്തിന് പരിഹാരമാവുകയേയില്ല. ലഭ്യമായ മണലും അതിന്റെ ഉപയോഗവും തമ്മിലുള്ള അന്തരം കൂടിവരുന്നതുകൊണ്ടാണ് പൈപ്പിട്ട് മണൽ ഊറ്റുന്നതും മോഷണം നടക്കുന്നതും മാഫിയകൾ രൂപപ്പെടുന്നതുമായ പ്രശ്നങ്ങൾ വരുന്നത്.

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, നിലവിൽ അനധികൃതമായി കടത്തുന്ന മണൽ പിടിക്കപ്പെടുന്നതിന് രണ്ട് രീതിയിലാണ് ഫൈൻ ഈടാക്കുന്നത്. ഒന്ന് പോർട്ട് മണലിന് 25,000 രൂപ ഫൈൻ ഈടാക്കി വാഹനങ്ങൾ ഒഴിവാക്കുന്നുണ്ട്. നദികളിലെ മണലാണെങ്കിൽ ഒഴിവാക്കാൻ പറ്റാത്ത രണ്ട് രീതിയിലുള്ള സാഹചര്യമാണ് നിലവിലുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ലാബിലേയ്ക്കയച്ച് തിട്ടപ്പെടുത്തുമ്പോൾ രണ്ടുമൂന്ന് മാസം കാലതാമസം എടുക്കുന്നുണ്ട്. ഈ കാലതാമസം കൊണ്ട് വാഹനങ്ങൾ നശിച്ചുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. അത് ഏകീകരിച്ചുകൊണ്ട് അമിതമായ ഫൈൻ ഈടാക്കുകയോ ഗവൺമെന്റ് പിടിക്കപ്പെടുന്ന വാഹനങ്ങൾ സീൽ ചെയ്ത് വിൽപ്പന നടത്തി കേസ് ഫൈനലാകുന്നതുവരെ അത് ഡെപ്പോസിറ്റ് ചെയ്ത് ഗവൺമെന്റിനാണോ പാർട്ടിക്കാണോ എന്ന് തിട്ടപ്പെടുത്തുവാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. 23-ാം വകുപ്പിൽ പുതിയ വകുപ്പുകൾ ചേർക്കുന്നതുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ വരുന്നുണ്ട്. പക്ഷേ വളരെ ആഴത്തിൽ പോകുന്നില്ല എന്ന് മാത്ര മേയുള്ളൂ. വാഹനങ്ങൾ പിടിക്കുന്നു - സബ്കളക്ടർ നിലവാരത്തിലുള്ളവർ വാഹനങ്ങൾ പിടിക്കുവാനും കസ്റ്റഡിയിലെടുക്കുവാനും പോലീസിനെ ഏല്പിക്കുവാനും കേസെടുക്കുവാനുമൊക്കെയുള്ള സാഹചര്യങ്ങൾ നിയമം വ്യവസ്ഥ ചെയ്യുന്നു. അത് കഴിഞ്ഞശേഷം ജില്ലാ കളക്ടർക്ക് അപ്പീൽ നൽകുന്നു. പെനാൽറ്റി കൊടുത്തോ ബോണ്ട് നൽകിയോ വാഹനങ്ങൾ എടു ത്തുകൊണ്ടു പോകാൻ സാധിക്കുന്നവർക്ക് അങ്ങനെ ചെയ്യാം. അത് കഴിഞ്ഞ് ജില്ലാ കോടതിയിലേയ്ക്ക് പോകുന്നുണ്ട്. ഇങ്ങനെയൊക്കെ ഉണ്ടെങ്കിലും ഇപ്പോഴും കുറച്ച് വാഹനങ്ങൾ, അത് ആരുടെയാണെന്ന് പറയാൻ തയ്യാറാ കാത്ത സാഹചര്യം; ഇന്നയാളുടെതാണ് വാഹനം... ചില വാഹനങ്ങൾ വാട കയ്ക്കെടുത്തു കൊണ്ടുപോകുന്നതാണ് അല്ലെങ്കിൽ ഇത് പാസ്സുള്ളതാണെന്ന് പറഞ്ഞതുകൊണ്ടാണ് ഇതിൽ മണൽ കയറ്റിയതെന്ന് വാഹനം ഓടിച്ചു പോകുന്ന ആൾ പറയുന്നു. എന്നാൽ എന്റെ വാഹനം പിടിക്കപ്പെട്ടു, മാപ്പു തരണമെന്നുള്ള നിലയിൽ ചിലർ സമീപിക്കുന്നു. പക്ഷേ പരിശോധിച്ചാൽ മന സ്സിലാകുന്നത് അത് സ്ഥിരം അങ്ങനെയുള്ള വാഹനമായിരിക്കും. എന്നാൽ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാക്കിയുടെ ഉള്ളിൽ കാശ് വാങ്ങിക്കുന്ന രീതിയുള്ളതുകൊണ്ട് ചില വാഹനങ്ങൾ മത്സരബുദ്ധിയോടെ മണൽ കച്ചവടം നടത്തുന്നതിന് അനുവദിക്കപ്പെടുകയാണ്. സ്ഥിരമായി അവർക്ക് കൊണ്ടുപോകാം. എന്നാൽ ന്യായമായും ചില ആളുകൾ കൊണ്ടു പോകുകയാണെങ്കിൽ.....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. രാജേന്ദ്രൻ, 20 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, പകുതി പോലുമായില്ല. ഞാൻ ചുരുക്കാൻ ശ്രമിക്കാം. ഞാൻ 23-ാം വകുപ്പിലേയ്ക്ക് വന്നു. ഇടയ്ക്കിടയ്ക്ക്...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങേയ്ക്ക് സംസാരിക്കാം. ഞാൻ തടസ്സപ്പെടുത്തുന്നില്ല. ഇന്ന് നാലു ബില്ലുണ്ട്. ഇത് ആദ്യത്തെ ബില്ലാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, 23-ാം വകുപ്പിൽ പുതിയ നിയമങ്ങൾ ചേർക്കാമെന്ന് മന്ത്രി എഴുതിവച്ചിട്ടുണ്ട്. ഞാൻ പറഞ്ഞത് വാഹനങ്ങൾ ധാരാളം പിടിച്ചിടുന്നുണ്ട്. അത് ഉദ്യോഗമണ്ഡലത്തിൽ മനസ്സറിഞ്ഞുകൊണ്ട് വാഹനങ്ങൾ പിടിക്കുകയും വിടുകയും അനുവദിക്കുകയും, കാണുന്നവരെ കാണേണ്ടതുപോലെ കണ്ടാൽ അത് യഥാർത്ഥത്തിൽ കടന്നുപോകുകയും പാസ്സ് എത്രകാലം വേണമെങ്കിലും കൊണ്ടുനടക്കാനുള്ള സാഹചര്യം യാഥാർത്ഥ്യമായി നിലവിലുണ്ട് എന്നുള്ളത് ഈ സഭയിലെ മുഴുവൻ അംഗങ്ങൾക്കും ബോദ്ധ്യമുള്ളതാണ്. കോഴിക്കോട് കളക്ടർക്കുണ്ടായ അനുഭവം അങ്ങനെയാണ്. ചിലർ അവരുടെ നിലപാടുകൾ സ്ട്രിക്റ്റാക്കിയാൽ, നിർബന്ധബുദ്ധിയോട് കൂടി നിയമം നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക്; അങ്ങനെ ചില ആളുകളെ കാണുകയുള്ളൂ – അവർക്കെതിരെ വരുന്ന പ്രശ്നങ്ങൾ കോഴിക്കോട് ജില്ലാ കളക്ടർക്ക് വരുന്ന പോലുള്ള പ്രശ്നങ്ങളാണ്. ഇത്തരത്തിൽ വരുന്ന പ്രശ്നങ്ങളിലെല്ലാം ചിലത് നടന്നോട്ടെ എന്ന പ്രയാസകരമായ സമീപനമുണ്ട് എന്നുള്ളതാണ് ഈ അവസരത്തിൽ പറയുവാനുള്ളത്. അതുപോലെ ഇവിടെ 23-ാം വകുപ്പിൽ പുതിയ വകുപ്പ് ചേർക്കാൻ വേണ്ടി ചില കാര്യങ്ങൾ പറഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട രാജേന്ദ്രൻ, ക്ലോസ് ബൈ ക്ലോസ് വേറെ വരുന്നുണ്ട്. ക്ലോസ് ബൈ ക്ലോസ് ഇപ്പോൾ എടുത്ത് സംസാരിക്കാൻ പാടില്ലെന്ന് പ്രത്യേകം പറയുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് വരുമ്പോഴാണ് ക്ലോസ് ബൈ ക്ലോസ് സംസാരിക്കാനുള്ള അവസരം. ഇപ്പോൾ ജനറലായി സംസാരിച്ചാൽ മതി.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അങ്ങനെ സംസാരിക്കുന്നില്ല. ക്ലോസ് ബൈ ക്ലോസ് അല്ല പറയുന്നത്. വ്യത്യസ്തമായി....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇപ്പോൾ അങ്ങ് ചെയ്യുന്നത് ഓരോ ക്ലോസ് ബൈ ക്ളോസായിട്ട് എടുത്ത് സംസാരിക്കുന്നു. അത് അടുത്തതിന് മതി.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഞാൻ പറഞ്ഞു ക്ലോസ് ബൈ ക്ലോസ് ആയി എടുത്തതല്ല. ഇതിനകത്ത് വ്യത്യസ്തമായ അഭിപ്രായം പറയാൻ വേണ്ടി ഇത് ക്വാട്ട് ചെയ്തു എന്ന് മാത്രമേയുള്ളൂ. താലൂക്ക്, പഞ്ചായത്ത് തല കമ്മിറ്റികളെ സംബന്ധിച്ച് ഏകോപിച്ചുള്ള ഒരു കമ്മിറ്റി ആവശ്യമാണ്. അത് കടവ് കമ്മിറ്റികളുമൊക്കെയായി ബന്ധപ്പെട്ട് വരുന്ന ആ നിലയിൽ.....

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, സബ്ജക്ട് കമ്മിറ്റിയിൽ അങ്ങ് അംഗമല്ലാത്തതുകൊണ്ട് അവിടെ ക്ലോസ് ബൈ ക്ലോസ് ഡിസ്ക്കസ് ചെയ്യുമ്പോൾ അതിന് സഹായകരമാകാനല്ലേ അങ്ങ് ഇങ്ങനെ സംസാരിക്കുന്നത്?

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അതായത് സഭയ്ക്കകത്ത് നമുക്ക് ഒരു അവസരം കിട്ടുമ്പോൾ......പറയേണ്ട എന്ന് വച്ചാൽ നമുക്ക് നിർത്താം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നടപടിക്രമം ഞാൻ വായിക്കണോ. ഇതിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട് ജനറൽ ഡിസ്ക്കഷനിൽ ക്ലോസ് ബൈ ക്ലോസ് എടുത്ത് ചർച്ച ചെയ്യാൻ പാടില്ല എന്ന് എടുത്ത് പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഇത് ചർച്ചയല്ല, എന്റെ ഭാഗത്ത് നിന്ന് ഇങ്ങനെ ഒരു അവസരത്തിൽ ഈ കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു എന്നുമാത്രമേയുള്ളൂ. ഇതിനകത്ത് താലൂക്ക്/പഞ്ചായത്തുതല കമ്മിറ്റികളുടെ രൂപീകരണത്തിൽ ഇപ്പോഴുള്ള പാകപ്പിഴകൾ എന്നുപറയുന്നത്, ആർക്കും യാതൊരുവിധ ബന്ധങ്ങളുമില്ലാത്ത നിലയിലേയ്ക്ക് പോകുന്ന സാഹചര്യങ്ങളാണ്. അതിലൊരു മാറ്റം വരുത്താൻ കഴിയണം. പിന്നെ പാസ്സ് കൊടുക്കുന്നത് മണൽ കൊണ്ടുപോകുമ്പോൾ ഉണ്ടാകുന്ന പ്രയാസകരമായ പ്രശ്നങ്ങളുണ്ട്. വേണ്ടപ്പെട്ടവർക്ക് എങ്ങനെ വേണമെങ്കിലും..... ഞാനത് പറയുകയുണ്ടായി. അതുപോലെ തന്നെ ഡാം മണൽ വാരലിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഞങ്ങളുടെ മേഖലയിൽ വളരെ ആവശ്യമായ സാഹചര്യത്തിൽ, മണൽ വാരുന്നത്, അത് എത്രയും പെട്ടെന്ന് നടക്കുവാനുള്ള നടപടികളിലേയ്ക്ക് പോകണമെന്നുള്ള അഭിപ്രായം തന്നെയാണ്. അതുപോലെ ഫണ്ടിന്റെ ഉപയോഗത്തെ സംബന്ധിച്ച് പറഞ്ഞിരുന്നു. ഈ ഫണ്ട് ഉപയോഗം ഇത്തരത്തിലുള്ള പ്രൊട്ടക്ഷൻ ഇതിന്റെ നീർത്തടത്തിന്റെ ഭാഗമായി അല്ലെങ്കിൽ ആറ്റിന്റെ സൈഡിലൊക്കെ പണിയുന്നതിന് പ്രത്യേകമായി ഒരു പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഇത്തരത്തിലുള്ള നടപടിയുണ്ടാകണമെന്നുള്ളതാണ്. നീർത്തടത്തെ സംബന്ധിച്ച് വളരെയേറെ ചർച്ചകളൊന്നുമുണ്ടായില്ല. അതിന് പഞ്ചായത്ത് തലത്തിൽ ഒരു സോഷ്യൽ മാപ്പ് രൂപപ്പെടുത്തണമെന്ന് ഇവിടെ നേരത്തെ ഒരു ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. അതിന് പഞ്ചായത്ത് തന്നെ പ്രത്യേകമായി ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ ഇത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എന്തെല്ലാം നടപടികൾ ചെയ്യാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഒരു നിർദ്ദേശമുണ്ടാകണം. അത് ഇവിടെ രൂപീക

രിക്കുന്നതുപോലെ, 2–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ, ഉന്നതതല കമ്മിറ്റികളുടെ പരിശോധനയ്ക്ക് വിധേയമാക്കി കൊണ്ടുമാത്രമേ ഇത് ചെയ്യാൻ സാധിക്കൂ എന്നുള്ള സാഹചര്യം ഉണ്ടാകണമെന്നുള്ളതാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് എനിക്ക് സംസാരിക്കുവാനുള്ളത്. ഇത്രയും കാര്യ ങ്ങൾ എന്റെ 2(ബി) ഭേദഗതിയുമായി ബന്ധപ്പെട്ട് ഞാൻ പറയുവാൻ ആഗ്ര ഹിക്കുന്നു. ഇത് കമ്മിറ്റിക്ക് വേണ്ടിയാണ് ഞാൻ പറഞ്ഞത്.

)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാ നപ്പെട്ട അംഗങ്ങൾ വളരെ വിലപ്പെട്ട പല നിർദ്ദേശങ്ങളും ഈ ഭേദഗതി ബില്ലു മായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അവർ അവത രിപ്പിച്ച നിർദ്ദേശങ്ങളിൽ സ്വീകരിക്കാൻ കഴിയുന്നത് സ്വീകരിക്കുന്നതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഇനി ഇത് ചർച്ച ചെയ്യേണ്ടതുകൊണ്ട് അടുത്ത ദിവസം സഭയിൽ വരുമ്പോൾ അത്തരം കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യു വാനും ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള അവസരവുമുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്ന കാര്യത്തെക്കുറിച്ചൊക്കെ പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചു. സംസ്ഥാനതലത്തിലുള്ള ഒരു കമ്മിറ്റി നില വിലില്ല എന്നുള്ളതുകൊണ്ട് ആ ഫണ്ട് വിനിയോഗിക്കപ്പെടുന്നതിനുള്ള തടസ്സ മാണ് ഇപ്പോൾ നിലനിന്നുകൊണ്ടിരുന്നത്. ഈ നിയമം പാസായിക്കഴിഞ്ഞാൽ അതിനുള്ള കമ്മിറ്റികൾ അടിയന്തിരമായി യോഗം ചേർന്നുകൊണ്ട് ഇത് ഫല പ്രദമായി വിനിയോഗിക്കനും നമ്മുടെ നദികളെ സംരക്ഷിക്കപ്പെടാനും ആവ ശ്യമായ ഫണ്ടുകൾ വിനിയോഗിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുവാനും കഴിയും. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് ഈ ബിൽ അയ

ച്ച് മടങ്ങി വരുന്നതനുസരിച്ച് ഈ ബിൽ പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2013-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച കക-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) **2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ**

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി കെ.എം. മാണിക്ക്, 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച തകഢ-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, ഇത് ഓർഡിനൻസ് റിപ്ലേസിംഗ് ബില്ലാണ്. അഡ്വക്കേറ്റ്സ് ക്ലാർക്കിന് ഇന്ത്യയിലാദ്യമായി ക്ഷേമനിധി കൊണ്ടുവരുന്നത് കേരളത്തിലാണ്.

ശ്രീ. എം. ഹംസ: സർ, ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു കത്ത് കൊടുത്തിരുന്നു. ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് യാതൊരു ചെലവും ഉണ്ടാകുന്നില്ലായെന്ന് എഴുതിവച്ചിട്ടുണ്ട്. ഇതേ ബില്ലിന്റെ നാലാമത്തെ പേജിൽ അഡ്വക്കേറ്റ് ക്ലാർക്ക്സ് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി സർക്കാർ വിഹിതം ഈ ഫണ്ടിലേയ്ക്ക് അടച്ചിട്ടുള്ളതുമാണെന്ന് ഉണ്ട്. സർക്കാർ വിഹിതം ആനുപാതികമായി ഫണ്ടിലേയ്ക്ക് അടയ്ക്കണം. അങ്ങനെ വരുമ്പോൾ സഞ്ചിതനിധിയിൽ നിന്നും പണം ചെലവാകും. സഞ്ചിതനിധിയിൽ നിന്ന് പണം ചെലവാകില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞത് അസത്യമാണ്. അതുകൊണ്ട് ധനകാര്യ മെമ്മോറാണ്ടത്തോടുകൂടി, എത്ര രൂപ സർക്കാരിന് ഓരോ കൊല്ലവും ചെലവ് വരുമെന്ന് പറഞ്ഞുകൊണ്ട് ഈ ബിൽ ഇപ്പോൾ സഭയിൽ അവതരിപ്പിക്കണം. അല്ലാതെ ഈ ബിൽ സഭയിൽ അവതരിപ്പിക്കുവാൻ പാടില്ലായെന്നുള്ളതാണ് എന്റെ ഒബ്ജക്ഷൻ.

ശ്രീ. കെ. എം. മാണി: സർ, ബില്ലുകൾക്കുള്ള ഒബ്ജക്ഷൻസ് ബഹുമാനപ്പെട്ട സ്പീക്കർക്ക് നേരത്തെ എഴുതി കൊടുത്തതിനുശേഷം അതിനുള്ള

നോട്ടീസ് ലഭിച്ച് അത് പരിശോധിച്ചിട്ടുവേണം സഭയിൽ മറുപടി പറയാൻ. ഇത് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചു. സഞ്ചിതനിധിയിൽ നിന്ന് ഒരു പൈസപോലും ചെലവ് വരില്ല, അതിനാൽ അതിനപ്പുറമൊന്നും എനിക്ക് പറയാനില്ല. 2003–ലാണ് ഈ നിയമം പാസ്സാക്കിയത്. ആ നിയമത്തിൽ പറയുന്നത് ഒരു വക്കീൽ ക്ലാർക്ക് റിട്ടയർ ചെയ്യുമ്പോൾ രണ്ട് ലക്ഷം രൂപ റിട്ടയർമെന്റ് ബെനിഫിറ്റായും അതിനുപുറമേ പെൻഷനും കൊടുക്കുവാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. അതനുസരിച്ചാണ് ഈ നിയമം 2003–ൽ യു.ഡി.എഫ്–ന്റെ കാലഘട്ടത്തിൽ നിയമസഭയിൽ പാസ്സാക്കിയത്.

ശ്രീ. സി. ദിവാകരൻ: അസംബ്ലിയിൽ നൽകിയിരിക്കുന്ന ബില്ലിനകത്ത് പറയുന്നത് ഈ തുക ഫണ്ടിൽ അടച്ചിട്ടുണ്ടെന്നാണ്. ധനകാര്യപരമായി ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് യാതൊരു ചെലവും ഉണ്ടാകുന്നതല്ല എന്ന് ഈ ബില്ലിൽ പറഞ്ഞിട്ടുണ്ട്. പിന്നെ എവിടെ നിന്നാണ് ഈ ചെലവുണ്ടായത്?

ശ്രീ. കെ. എം. മാണി: സർ, തുക അടച്ചിട്ടുണ്ട്. ഇനി സഞ്ചിത നിധിയിൽ നിന്ന് യാതൊരു പൈസയും ചെലവാകില്ല. അതിനകത്ത് ഫണ്ട് ഉണ്ടെന്നാണ് അതിനർത്ഥം. അതിനുള്ള തുക അടച്ചിട്ടുണ്ടെന്നുള്ളതാണ് പ്രസ്താവന. അടച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ബിൽ പാസ്സായതുകൊണ്ട് വേറെ തുക അടയ്ക്കേണ്ടതില്ലായെന്നുള്ളതാണ് അതിന്റെ അർത്ഥം.

ശ്രീ. സി. ദിവാകരൻ: ഈ ബിൽ അവതരിപ്പിക്കാൻ പറ്റില്ല. ഈ ബിൽ പിൻവലിച്ച് വേറെ ബിൽ അവതരിപ്പിക്കണം.

...........(ബഹളം).................

മി. ഡെപ്യൂട്ടി സ്പീക്കർ: തുക അടച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നിയമസഭയിലാണ് പറഞ്ഞത്. പിന്നെ അടച്ചില്ലായെന്ന് പറഞ്ഞ് നിരാകരിക്കണമെന്ന് പറയുന്നതിൽ കാര്യമില്ല.

ശ്രീ. എം. ഹംസ: ഇപ്പോൾ ക്ഷേമനിധിയിൽ 5500 അംഗങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ഇനി 2000 പേർ ഇക്കൊല്ലം രജിസ്റ്റർ ചെയ്യാൻ തയ്യാറായി നിൽക്കുന്നുണ്ട്. ഏകദേശം പതിനായിരം പേർ ഇപ്പോൾ രജിസ്റ്റർ ചെയ്യും. ആ പതിനായിരം പേരുംകൂടി രജിസ്റ്റർ ചെയ്താൽ 5500 കഴിച്ച് ബാക്കി 4500 പേരുടെ സർക്കാർ വിഹിതം ആര് അടയ്ക്കും; എല്ലാ കൊല്ലവും 1200 രൂപ ഓരോ അഡ്വക്കേറ്റ് ക്ലാർക്കുമാരും ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കണം. അങ്ങനെ ഓരോ വർഷവും ക്ഷേമനിധി അംഗങ്ങൾ 1200 രൂപ അടയ്ക്കുമ്പോൾ ഗവൺമെന്റും 1200 രൂപ അടയ്ക്കണം. ആ ഫണ്ട് എവിടെനിന്ന് കിട്ടുമെന്നത് ഇവിടെ പറയണം. അത് പറഞ്ഞില്ലായെന്നുള്ളതാണ് ഇതിലെ ഒബ്ജക്ഷൻ. ഇക്കാര്യത്തിൽ സ്പീക്കർ റൂളിംഗ് നൽകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് മിനിസ്റ്റർക്ക് പറയാനുള്ളത് ചെയർ കേൾക്കട്ടെ.

ശ്രീ. കെ. എം. മാണി. ഇതിനാവശ്യമായ തുക ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്ന് 30 ശതമാനം കൊടുക്കുന്നുണ്ട്. ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പായി, 12 രൂപ വച്ച് സ്റ്റാമ്പിന് കൊടുക്കുന്നുണ്ട്. ബാക്കിയുള്ള തുക അടച്ചിട്ടുണ്ട്. 3000 ഇക്കൊല്ലം വരും 2000 ഇക്കൊല്ലം വരും എന്നൊക്കെ ബഹുമാനപ്പെട്ട മെമ്പർ സാങ്കൽപ്പികമായി പറഞ്ഞാൽ അതിനെല്ലാം എനിക്ക് ഉത്തരം പറയാൻ പറ്റുമോ? ഫിനാൻസ് ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം

മെമ്മോറാണ്ടത്തിൽ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, ഇനി ഒരു രൂപയും വരില്ല. തുക അടച്ചിട്ടുണ്ട്.

................(ബഹളം).............

ശ്രീ. സി. ദിവാകരൻ: ..........(മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, മന്ത്രിയാണ് എക്സ്പെൻഡിച്ചറില്ലായെന്ന് പറയുന്നത്. എക്സ്പെൻഡിച്ചറില്ലായെന്ന് വ്യക്തമായി പറയുമ്പോൾ അതിനെ സംബന്ധിച്ച് ഉണ്ട് എന്ന് പറഞ്ഞ് ഒബ്ജക്ഷൻ പറയുന്നത് എങ്ങനെയാണ്?

ശ്രീ. സി. ദിവാകരൻ: നിയമപരമായിട്ടുള്ള പഴുതുകൾ ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ചൂണ്ടിക്കാണിച്ചത്. മന്ത്രി പറയുന്നത് അവസാന വാക്കല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ പ്രശ്നം ഇതിനുമുമ്പ് സഭയിൽ വന്നിട്ടുണ്ട്. അന്ന് കൊടുത്ത റൂളിംഗ് ഞാനിവിടെ വായിക്കാം. എക്സ്പെൻഡിച്ചർ ഇല്ലായെന്ന് ഗവൺമെന്റ് പറയുകയാണെങ്കിൽ എക്സ്പെൻഡിച്ചറുണ്ടെന്ന് തെളിയിച്ചാൽ it becomes a question of privilege. This is another matter. സഭയെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കാൻ നമ്മുടെ നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ലെന്നുള്ള ഒറ്റ കാരണത്താൽ ആ ബില്ലിന് അവതരണാനുമതി ഇല്ലാതാകുന്നില്ല. ആ ബിൽ അവതരിപ്പിക്കാം. ചെയറിനെ സംബന്ധിച്ചിടത്തോളം അഡീഷണൽ എക്സ്പെൻഡിച്ചർ ഉണ്ടോ ഇല്ലയോ എന്നുള്ളത് ഒരു ക്വസ്റ്റ്യൻ ഓഫ് ഫാക്റ്റാണ്. അത് പിന്നീട് പരിശോധിക്കാം. പരിശോധിച്ചതിനുശേഷം സഭയ്ക്ക് നൽകിയ വിവരത്തിൽ എന്തെങ്കിലും തക

രാറുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് വേറെ ഫോറത്തിൽ ചർച്ച ചെയ്യാം, നട പടിയെടുക്കാം. അതുകൊണ്ട് ബിൽ അവതരണം ഓർഡറിലാണ്. ഇതിനു മുമ്പ് ഈ സഭയിൽ നൽകിയിട്ടുള്ള റൂളിംഗാണ് ഞാൻ വായിച്ചത്. അതേ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് ബിൽ സഭയിൽ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, പെൻഷൻ എങ്ങനെ കൊടുക്കണമെന്നുള്ള മാനദണ്ഡത്തെക്കുറിച്ച് ഈ ആക്ടിൽ ഒന്നും പറഞ്ഞിരുന്നില്ല. നിയമം പാസ്സായി എങ്കിലും അതിന് കീഴിലുള്ള റൂൾ ഫ്രെയിം ചെയ്തിരുന്നില്ല. ബില്ലിനകത്ത് പെൻഷൻ എങ്ങനെ കൊടുക്കണമെന്ന് പറഞ്ഞിരുന്നില്ല. 2010–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് പങ്കാളിത്ത പെൻഷൻ കൊടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. ആനുവൽ കോൺട്രിബ്യൂഷൻ 400 രൂപയിൽ നിന്ന് 1200 രൂപയാക്കി ഉയർത്തി. 2012 ഏപ്രിൽ 1–ന് 60 വയസ്സ് പൂർത്തിയായ വരും ക്ഷേമനിധിയിൽ 8 വർഷം പൂർത്തിയാക്കിയവരും കൂടുതൽ സർവ്വീസുണ്ടെങ്കിൽ സ്ലാബ് അടിസ്ഥാനത്തിൽ മാക്സിമം 600 രൂപ വരെ കൊടുക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. 2010–നവംബർ 22–ന് ഓർഡിനൻസ് പുറപ്പെടുവിച്ചു; ഓർഡിനൻസ് നിലവിൽ വന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് re-promulgate ചെയ്തു. രണ്ട് ഭേദഗതിയും കൂടി ഇതിനകത്ത് കൊണ്ടുവന്നിട്ടുണ്ട്. re-promulgate ചെയ്ത ഓർഡിനൻസിന്റെ replacing ബില്ലാണിത്. എങ്കിലും രണ്ട് ഭേദഗതി അഡീഷണലായി കൊണ്ടുവന്നിട്ടുണ്ട്. ലീഗൽ ബെനിഫിറ്റ് ഫണ്ടിലെ കോൺട്രിബ്യൂഷൻ 20 ശതമാനം എന്നത് 30 ശതമാനമാക്കി. അതുപോലെ ക്ഷേമനിധി സ്റ്റാമ്പ് മൂല്യം

6 രൂപയിൽ നിന്ന് 12 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ റിസോഴ്സ് വരാൻ വേണ്ടിയാണ്. അഡ്വക്കേറ്റ്സ് ക്ലാർക്ക്സിനെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷേമനിധിയിൽ നല്ല രൂപയുണ്ടാകും. എന്തായാലും ഇന്ത്യക്ക് മാതൃകാ നിയമമാണിത്. ഇവിടെ നമ്മൾ രണ്ട് മാതൃകാ നിയമം കൊണ്ടു വന്നു. ഒന്ന്, അഭിഭാഷക ക്ഷേമ നിധി ബിൽ. അത് ഇന്ത്യയിൽ ആദ്യമായി രുന്നു. രണ്ടാമത് വക്കീൽ ക്ലാർക്കുമാർക്കുള്ള ക്ഷേമനിധിയും ഇന്ത്യയിൽ ആദ്യമായാണ്. എൽ.ഡി.എഫ്– ഗവൺമെന്റിന്റെ കാലത്ത് ഓർഡിനൻസായി കൊണ്ടുവന്നതാണ്. വലിയ ചർച്ചയൊന്നും ആവശ്യമില്ല. അതിനാൽ വലിയ പ്രസംഗമൊന്നുമില്ലാതെ വേഗം പാസ്സാക്കിയാൽ കൊള്ളാം. ഞാൻ ആരു ടെയും അവകാശത്തിൻമേൽ കടക്കുന്നില്ല. ഓരോരുത്തർക്കും അവകാശ മുണ്ട്. അഞ്ച് മിനിട്ട് കൊണ്ട് പാസ്സാക്കി തീർക്കാവുന്നതാണെന്ന് എനിക്ക് തോന്നുന്നു.

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, **I move that –**

"This house resolves to disapprove the Kerla Advocates' Clerks Welfare Fund (Amendment) Ordinance, 2013 (Ordinance No. 15 of 2013)."

ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. നിയമവ്യവസ്ഥയിൽ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് സുപ്രധാന സ്ഥാനമാണുള്ളത്. ബഞ്ചും ബാറും പോലെ പ്രധാനമാണ് ബഞ്ച് ക്ലാർക്കും അഡ്വക്കേറ്റ് ക്ലാർക്കുമാരും. നിയമവ്യവസ്ഥയിലെ സുപ്രധാനമായ

നാല് നെടുംതൂണുകളിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരെന്ന് പറഞ്ഞാൽ ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിക്കുന്നവരാണ്. പരമദയനീയമായ അവസ്ഥയാണ് പലപ്പോഴും അവർ നേരിടുന്നത്. നേരം പുലരുന്നതുമുതൽ പാതിരാത്രിവരെ ജോലി ചെയ്യേണ്ടവരാണ് അവരെങ്കിൽക്കൂടിയും വളരെ പരിമിതമായ വരുമാനമാണ് അവരിൽ മഹാഭൂരിപക്ഷം ആളുകൾക്കും ലഭിക്കുന്നത്. സുപ്രീംകോടതിയിലോ ഹൈക്കോടതിയിലോ അതുപോലെയുള്ള വളരെ പ്രധാനപ്പെട്ട കോടതികളിൽ വക്കീലൻമാരുടെ കീഴിൽ ജോലി ചെയ്യുന്ന ഗുമസ്തൻമാർക്കാണ് കേവലമായിട്ടാണെങ്കിലും വരുമാനമുള്ളത് എന്നതൊഴിച്ചാൽ സാധാരണ കീഴ്ക്കോടതിയിൽ പ്രവർത്തിക്കുന്ന വക്കീലൻമാരുടെ കീഴിൽ ജോലി ചെയ്യുന്ന നൂറ് കണക്കിന് ഗുമസ്തൻമാരുടെ വരുമാനം നമുക്ക് ഊഹിക്കുവാൻ കഴിയുന്നതിനേക്കാൾ എത്രയോ പരിമിതമാണ് എന്നതാണ് സത്യം. നമുക്ക് തന്നെ ധാരാളം ആളുകളെ നേരിട്ടറിയാം. അവർക്ക് പലപ്പോഴും വക്കീലൻമാരെക്കാൾ നിയമത്തിന്റെ കാര്യത്തിൽ കൂടുതൽ പരിജ്ഞാനവും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒരുപാട് അറിവുകളും ഉണ്ടെങ്കിലും പലപ്പോഴും വക്കീലൻമാരെയൊക്കെ നയിക്കുന്നത്, വക്കീലൻമാർക്ക് ആവശ്യമായ വെളിച്ചം പകർന്നുകൊടുക്കുന്നതും വക്കീലന്മാരെ വക്കീലൻമാരായി കൈ പിടിച്ച് ഉയർത്തിക്കൊണ്ട് വരുന്നതും ഗുമസ്തൻമാരാണ്. വരുമാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും കാര്യത്തിൽ വളരെ ദയനീയമായ സ്ഥിതിയാണ് വക്കീൽ ഗുമസ്തൻമാർ നേരിടുന്നത്. നമ്മുടെ നാട്ടിൻപുറത്തു തന്നെ സാമാന്യജനങ്ങൾക്ക് നിയമത്തിന്റെ അറിവുകൾ പകർന്നുകൊടുക്കുന്ന ഗുരുനാഥൻമാരാണ് അവർ. കോടതിയേയും നീതിന്യായ സംവിധാനങ്ങളേയും സംബന്ധിച്ച് അറിവില്ലാത്തവർക്ക് പല

സന്ദർഭങ്ങളിലും അല്പമെങ്കിലും വെളിച്ചം പകർന്ന് കൊടുക്കുന്നത് വക്കീൽ ഗുമസ്തൻമാരാണ്. അങ്ങനെയുള്ള ആയിരക്കണക്കിന് വക്കീൽ ഗുമസ്തൻമാർക്ക് ഒരു സുരക്ഷിതത്വം; അവർക്ക് ഭാവിയിൽ ജീവിതത്തിന്റെ അവസാനകാലത്ത് ഒരു ഗ്ലാസ് കാപ്പിയെങ്കിലും വാങ്ങി കുടിക്കുവാൻ കഴിയുംവിധം ഒരു സംവിധാനം ഉണ്ടാകുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്, അവരെ അംഗീകരിക്കുന്നതിന് തുല്യമാണ്. 2003ലെ ആക്ടിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് (2010ൽ) ആവശ്യമായ ചില ഭേദഗതികൾ വരുത്താൻ തയ്യാറാവുകയുണ്ടായി. ആ ഭേദഗതിയാണ് ഇപ്പോൾ ദേഭഗതി ബില്ലായി വരുന്നത്. 2010ൽ പറയുന്ന നിർദ്ദേശങ്ങളെ സംബന്ധിച്ച് എനിക്ക് വിയോജിപ്പൊന്നുമില്ല. എന്നാൽ കാലാന്തരത്തിൽ, 2013ൽ നാം ചിന്തിക്കുമ്പോൾ ഗൗരവതരമായ മാറ്റം ആവശ്യമുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. കെ. എം. മാണിസാർ തന്നെ പറഞ്ഞു, ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 8 വർഷം പൂർത്തിയാക്കിയവർക്ക് ഏറ്റവും ചുരുങ്ങിയത് 500 രൂപയാണ് പെൻഷൻ. പിന്നീട് വരുന്ന ഓരോ വർഷത്തേയ്ക്കും 10 രൂപ പ്രകാരം പരമാവധി 600 രൂപ പെൻഷൻ കൊടുക്കുക എന്നുള്ളതാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. എന്നാൽ ഇന്ന് 500 രൂപ ലഭിക്കുന്നതുകൊണ്ടോ അഡീഷണലായി വരുന്ന ഓരോ വർഷത്തിനും 10 രൂപ പ്രകാരം 600 രൂപ പരമാവധി പെൻഷൻ ലഭിക്കുന്നതുകൊണ്ടോ ഒന്നുമാവില്ലായെന്ന് നമുക്കറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ ക്ഷേമനിധി പെൻഷനുകൾക്കും വർദ്ധനവ് വരുത്തി. മാത്രമല്ല ഇനിയും ഞങ്ങൾ

അധികാരത്തിൽ വന്നാൽ ക്ഷേമപെൻഷൻ ഏറ്റവും ചുരുങ്ങിയത് 1000 രൂപയെങ്കിലും ആക്കുമെന്നായിരുന്നു ആ മുന്നണിയുടെ പ്രഖ്യാപനം. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 20 മാസം പിന്നിട്ടിട്ടും ഒരു ക്ഷേമനിധി പെൻഷനും വർദ്ധിപ്പിച്ചില്ല. പലതും കുടിശ്ശികയായി, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളൊക്കെ താളം തെറ്റി. അതുകൊണ്ട് എനിക്ക് ഇക്കാര്യത്തിൽ ആശങ്കയുണ്ട്. ഇതുസംബന്ധിച്ച് എന്ത് ഭേദഗതി വരുത്തിയാലും ആ ഭേദഗതിക്കടിസ്ഥാനമായ മാറ്റങ്ങൾ വരുത്തുവാൻ കഴിയുംവിധം എന്ത് നടപടികൾ സ്വീകരിച്ചാലും അത് അനുഭവവേദ്യമാകുമോ എന്നതിനെക്കുറിച്ച് വലിയ ആശങ്കയാണ് പൊതുവിലുള്ളത്. വക്കീൽ ഗുമസ്ഥൻമാരെ സംബന്ധിച്ച്, എക്സ്പീരിയൻസിലൂടെ അവർക്ക് ലഭിച്ച അറിവാണ് നീതിന്യായ വ്യവസ്ഥയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ അവരെ പര്യാപ്തമാക്കുന്നത്. എന്നാൽ ആ അനുഭവജ്ഞാനമുള്ള, പ്രായം കൊണ്ട് വിഷമിക്കുന്ന ധാരാളം ആളുകൾ ഇന്നും ആ ജോലിയിൽ തുടരുകയാണ്. വക്കീലന്മാരുടെ ദയാദാക്ഷിണ്യത്തിലൂടെ അവർക്ക് ലഭിക്കുന്ന വരുമാനമോ കക്ഷികൾ കൊടുക്കുന്നുവെന്ന് പറയപ്പെടുന്ന വരുമാനമോ അല്ലാതെ സ്ഥിരമായ വരുമാനമോ അവർക്കുണ്ടെന്ന് പറയുവാൻ കഴിയില്ല. അതുകൊണ്ടാണ്, രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി വക്കീൽ ഗുമസ്തൻമാർക്ക് ക്ഷേമനിധി സംവിധാനം വന്നുകഴിഞ്ഞാൽ രണ്ടു കൈയും നീട്ടി അർ സ്വീകരിക്കുന്നത്; നമ്മളെല്ലാം അതിനെ അനുകൂലിക്കുന്നത്. വക്കീലൻമാരുടെ ഓഫീസുകളിൽ ജോലി ചെയ്യുന്ന മറ്റ് ധാരാളം ആളുകളുമുണ്ട്. വക്കീൽ ഗുമസ്തൻമാർ മാത്രമല്ല. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെയും ഐ.ടി യുഗത്തിന്റെയും കാലത്ത്

അവിടെ ജോലിയെടുക്കുന്ന വേറെയും ധാരാളം ആളുകളുണ്ട്. ടൈപ്പിസ്റ്റുകൾ, കമ്പ്യൂട്ടർ വർക്ക് ചെയ്യുന്നവർ, സ്റ്റെനോ തുടങ്ങിയ ധാരാളം ആളുകൾ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ഈ ബില്ലിൽ ഒരു സ്ഥാനവും വരുന്നില്ല. അത് വലിയൊരു കുറവായിത്തന്നെ പരിഗണിക്കേണ്ടതാണ്. അവർക്കുംകൂടി ഇതിൽ സ്ഥാനം കൊടുക്കുവാൻ കഴിയുംവിധം ഈ ഭേദഗതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. പെൻഷൻ കൊണ്ടുമാത്രം തീരുന്നില്ല, ഇതിൽ നല്ലൊരു ശതമാനം ആളുകൾക്കും സ്വന്തമായി വീടില്ലാത്തവരാണ്. സ്വന്തമായി വീടുള്ളവർക്ക് അവരുടെ വീടു തന്നെ താറുമാറായി കിടക്കുന്നതാണ്. സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് കൊടുക്കുവാനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനും ഭവന വായ്പകൂടി ഇതിനോടനുബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. അതിനുംകൂടി പ്രൊവിഷനുണ്ടാകേണ്ടതാണ്. ഗുമസ്തൻമാരുടെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുവാൻ ആവശ്യമായ പ്രൊവിഷനുണ്ടാക്കണം. ജില്ലയിൽ മികവ് കാട്ടുന്ന കുട്ടികൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് കൊടുക്കുവാനുള്ള പ്രൊവിഷനും സൃഷ്ടിക്കേണ്ടതാണ്. കായികരംഗത്തും കലാരംഗത്തും പ്രതിഭകളായിട്ടുള്ള ഗുമസ്തൻമാരുടെ കുട്ടികൾക്ക് പ്രോത്സാഹനമായി പ്രത്യേകമായൊരു സംവിധാനം ഉണ്ടാക്കേണ്ടതാണ്. ക്ഷേമനിധിയുടെ വരുമാന സ്രോതസ്സിനെ സംബന്ധിച്ച് നിയമമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്റ്റാമ്പ് വിൽപ്പനയിൽനിന്നുള്ള വരുമാനമുണ്ട്. കാസർഗോഡ് മുതലുള്ള വക്കീൽ ഗുമസ്തൻമാർ സ്റ്റാമ്പ് വാങ്ങാനായി തിരുവനന്തപുരത്തുള്ള ക്ഷേമനിധി ആഫീസിൽ വരണമെന്നത് പ്രായോഗികമല്ല. അതുകൊണ്ട് കോഴിക്കോട്, എറണാകുളം തുടങ്ങിയ

ജില്ലകളിലെങ്കിലും മേഖലാ ആഫീസുകൾ പ്രത്യേകമായി തുറന്ന് സ്റ്റാമ്പ് ലഭ്യമാക്കാനുള്ള അവസരമുണ്ടാകുമെങ്കിൽ അത് തീർച്ചയായും നല്ലൊരു കാര്യമാണ്. നമ്മുടെ ഹൈക്കോടതിയിലും കീഴ്ക്കോടതിയിലുമായി 12 ലക്ഷം കേസുകൾ കെട്ടിക്കിടക്കുന്നുവെന്നാണ് പറയപ്പെടുന്നത്. ട്രൈബ്യൂണലുകൾ, താലൂക്കാഫീസുകൾ, മറ്റ് അതോറിറ്റികൾ ഇവയിലെല്ലാംകൂടിയാകുമ്പോൾ എത്രയോ ലക്ഷം കേസ്സുകളുണ്ട്. അതു കൊണ്ട്, ധനകാര്യവകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതിനേക്കാൾ വരുമാനം കൂടാനാണ് സാധ്യത. ഈ വരുമാനം ക്ഷേമനിധിയിലേയ്ക്ക് ഒഴുകി വരുന്നതോടൊപ്പം ആനുകൂല്യങ്ങളുടെ കാര്യത്തിലും വളരെ ഗൗരവകരമായ പരിശോധനയും തീരുമാനവും ഭേദഗതിയുമൊക്കെ ഉണ്ടാകണം. പെൻഷൻ 500 രൂപയെന്നുള്ളതിന് പകരം 750 രൂപയാക്കി വർദ്ധിപ്പിക്കണം. ഓരോ വർഷവും 10 രൂപ വർദ്ധനയെന്നുള്ളത് അതിനേക്കാൾ വർദ്ധിപ്പിച്ച് പരമാവധി പെൻഷൻ 1500 രൂപയാക്കി മാറ്റണം. അങ്ങനെ ന്യായമായൊരു സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ കഴിയണം.

(തുടരും)

P-13-02-2013 SV-KM-III

2.50-3.00

(ശ്രീ. പി. തിലോത്തമൻ തുടർച്ച...........)

നമ്മുടെ നീതിന്യായ വ്യവസ്ഥ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലു വിളി കേസ്സുകൾ കെട്ടിക്കിടക്കുന്നത് സംബന്ധിച്ചാണ്. ലോകത്തിൽ ഏറ്റവും

കൂടുതൽ കേസ് കെട്ടിക്കിടക്കുന്ന രാജ്യം ഇന്ത്യയാണെന്ന് കഴിഞ്ഞ ദിവസം നമ്മുടെ പ്രധാനമന്ത്രി തന്നെ പറയുകയുണ്ടായി. അതിന്റെ കണക്കുകളെല്ലാം ഔദ്യോഗികമായി വരുന്നുണ്ട്. നമുക്ക് തന്നെ അറിയാം, സൂര്യനെല്ലി പെൺകുട്ടിക്ക് പ്രതീക്ഷാനിർഭരമായ ഒരു പ്രസ്താവന സുപ്രീംകോടതിയുടെ ഭാഗത്തുനിന്നുണ്ടായത് 17 വർഷം കഴിഞ്ഞാണ്. Justice delay is justice denied എന്നുപറയുന്നത് ഇവിടെ എത്രയോ അന്വർത്ഥമാവുകയാണ്. സുപ്രീം കോടതിയും ഹൈക്കോടതിയുമടക്കമുള്ള ഉന്നത നീതിന്യായ വ്യവസ്ഥയിലൊക്കെ ജഡ്ജിമാരുടെ തസ്തികകൾ ഇപ്പോഴും വേക്കന്റായി കിടക്കുകയാണ്. അതുകൊണ്ട് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർക്കാൻ കഴിയുന്നില്ല. ആര് എന്തൊക്കെപ്പറഞ്ഞാലും അതിനൊരു നടപടിയുമുണ്ടാകുന്നില്ല. ഇവിടത്തെ കോടതികളൊക്കെ എത്രയോ പഴഞ്ചൻ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഒരു കോടതിയിലും വേണ്ടത്ര സ്ഥലസൗകര്യങ്ങളില്ല. കോടതികളിൽ പലതും ചോർന്നൊലിക്കുന്ന പഴഞ്ചൻ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അതാണ് ഇവിടെ നടക്കുന്നത്. അതുപോലെതന്നെ മറ്റ് സ്റ്റാഫുകളുടെ കുറവുമുണ്ട്. അതിനൊന്നിനും ഒരു പരിഹാരവുമില്ലാതെ അനുസ്യൂതം തുടരുകയാണ്. കേസ്സുകൾ കെട്ടിക്കിടക്കുക, അതിന്മേൽ തീരുമാനമുണ്ടാകാതെ വരിക എന്നുപറഞ്ഞാൽ ഇനി കോടതിയിൽ പോയി അഭയം പ്രാപിക്കേണ്ട കാര്യമില്ല, ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോകേണ്ടതില്ല, അദാലത്തുകളെ അഭയം പ്രാപിക്കുകയോ വേറെ ഏതെങ്കിലും വ്യവസ്ഥകളെ അഭയം പ്രാപിക്കുകയോ ചെയ്താൽ മതി എന്നതാണ് അവസ്ഥ. ഇപ്പോൾ ന്യായത്തിനും നീതിക്കുമായി മാഫിയാ സംഘങ്ങളെപ്പോലും അഭയം പ്രാപിക്കുന്ന കാഴ്ചയാണ് നമ്മുടെ നാട്ടിൽ കാണാൻ

കഴിയുന്നത്. പണ്ട് കാലങ്ങളിൽ മുംബൈയിലെ തെരുവുകളിൽ കണ്ടിരുന്ന മാഫിയ സംഘങ്ങൾ നമ്മുടെ ഗ്രാമങ്ങളിൽവരെ ആയി. ഇത്തരത്തിലുള്ള എത്രയോ സംഭവങ്ങളാണ് നമ്മൾ ഇന്ന് കേൾക്കുന്നത്. നീതി നിഷേധിക്കു മ്പോൾ അത് ലഭിക്കാനായി ആരുടെ പിന്നാലെയും പോകുന്ന അവസ്ഥയാണ് ഇന്ന് നമ്മുടെ നാട്ടിൽ കാണുന്നത്. മാത്രമല്ല, ഇന്ന് പാർലമെന്ററി ഡെമോക്ര സിയിൽ നീതി നിഷേധിക്കപ്പെട്ട ആളുകൾ നിരാശരായി പ്രതികാരവാഞ്ച യോടെ അങ്ങേയറ്റം ഭീകരമായ പ്രവർത്തനങ്ങളിലേർപ്പെടാനും അവരുടെ കയ്യാളായി മാറാനും ഇവിടെ സാഹചര്യമൊരുങ്ങുന്നുവെന്നുള്ളത് സത്യമാ ണ്. അതുകൊണ്ട് നീതിന്യായ വ്യവസ്ഥയിൽ വളരെ ആരോഗ്യകരമായ പ്രവർത്തനത്തിന് തീർച്ചയായും നടപടികളുണ്ടാകണം. അതോടൊപ്പംതന്നെ അതിൽ ഏറ്റവും പ്രധാനപ്പെട്ട നാല് നെടുംതൂണുകളായി പ്രവർത്തിക്കുന്ന എല്ലാ ഘടകങ്ങളേയും ശക്തിപ്പെടുത്തണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വാർഷിക വരിസംഖ്യ കുടിശ്ശികയായി നിൽക്കുന്നവർക്ക് 2011 ഡിസംബർ 31 വരെയാണ് അത് അടയ്ക്കുന്നതിനുള്ള സമയപരിധി അനുവദിച്ചിട്ടുള്ളത്. ഈ ബിൽ വരുന്ന സാഹചര്യത്തിൽ അത് 2013 മാർച്ച് 31 വരെയെങ്കിലും നീട്ടിക്കൊടുക്കുന്നതിന് വല്ല തടസ്സവുമുണ്ടോ; ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. തിലോത്തമൻ: സർ, ഗഡുക്കളായി പണമടയ്ക്കാമെന്നാണ് ഈ ഭേദഗതിയിൽ പറയുന്നത്. 1200 രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ ഗഡുക്കളായി അടയ്ക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടാകും. ഇക്കാര്യം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. വക്കീൽ ഗുമസ്ഥന്മാരുടെ ജോലി ചെയ്യാനായി വക്കീലന്മാർ വരെ തയ്യാറായി മുന്നോട്ടുവരുന്ന ഒരു

സാഹചര്യമുണ്ട്. നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ അത്ര ഭയങ്കരമായി വളർന്നുകൊണ്ടിരിക്കുകയാണ്. കോടാനുകോടി ചെറുപ്പക്കാർ തൊഴിലന്വേഷകരായി നടക്കുന്ന രാജ്യത്ത് എൽ.എൽ.ബി. പാസ്സായവർപോലും ഇന്ന് വക്കീൽ ഗുമസ്ഥന്മാരുടെ ജോലി ചെയ്യാൻ തയ്യാറായി വരികയാണ്. അതോടൊപ്പംതന്നെ ഇന്ന് പെൻഷൻ പറ്റിയ ഉദ്യോഗസ്ഥന്മാർ.....

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: അഡ്വക്കേറ്റ് ക്ലാർക്ക്സിന്റെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് 18-ാം വകുപ്പിന്റെ ഭേദഗതിയിൽ 7-ാം നമ്പരായി ഒരു കാര്യം പറയുന്നുണ്ട് - 'അംഗത്വം അവസാനിപ്പിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റിയ ഒരു അംഗത്തിന് ഫണ്ടിലേയ്ക്ക് പുന:പ്രവേശത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല' എന്നാണ്. ഒരുപക്ഷേ ചെറുപ്പക്കാരനായ അല്ലെങ്കിൽ ചെറുപ്പക്കാരിയായ ഒരു അഡ്വക്കേറ്റ് ക്ലാർക്ക് എന്തെങ്കിലും മാരകമായ അസുഖം വന്ന് പെൻഷനും മറ്റ് ആനുകൂല്യങ്ങളും വാങ്ങി ജോലിയിൽ നിന്ന് പിരിയേണ്ടിവരുന്ന സാഹചര്യമുണ്ടായാൽ, അവർ ഈ അസുഖങ്ങളെല്ലാം മാറി വീണ്ടും ജോലി ചെയ്യാൻ പ്രാപ്തരായി വന്നാൽ ഈ അംഗത്വം പുന:സ്ഥാപിച്ചു കിട്ടുന്നതിനുള്ള ഒരു ക്ലാസ് വേണ്ടതല്ലേ? പൂർണ്ണമായും അവരെ ജോലിയിൽ നിന്ന് ഒഴിവാക്കാതെ ഏതെങ്കിലുമൊരു കണ്ടീഷൻ വച്ച് അവർക്ക് പുന:പ്രവേശനം നൽകാനുള്ള ഒരു ക്ലാസ് കൂടി ഇതിനകത്ത് ഉണ്ടാകേണ്ടതല്ലേ?

<u>ശ്രീ. പി. തിലോത്തമൻ</u>: തീർച്ചയായും ഉണ്ടാകേണ്ടതാണ്. ഇപ്പോൾ ചെറുപ്പത്തിലേ എത്ര മാരകമായ അസുഖങ്ങളാണ് പിടികൂടുന്നത്. അങ്ങനെയുള്ള സന്ദർഭത്തിൽ ചിലപ്പോൾ വർഷങ്ങളോളമുള്ള തുടർ ചികിത്സ ആവശ്യമായി വരും. ആ സന്ദർഭത്തിൽ ജോലി ചെയ്യാൻ കഴിയാതെ വരുമ്പോൾ

ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക്കായിത്തന്നെ ക്ഷേമനിധിയിൽ നിന്ന് അവരുടെ അംഗത്വം സ്വാഭാവികമായും നഷ്ടപ്പെടും. അവർ അസുഖ ത്തിൽ നിന്ന് മോചിതരായി പൂർണ്ണ ആരോഗ്യത്തോടെ തിരിച്ചുവരുന്ന സാഹ ചര്യത്തിൽ, ഈ ജോലി തന്നെ ചെയ്യാൻ നിർബന്ധിതരായി മുന്നോട്ടുവരു മ്പോൾ അവർക്ക് ക്ഷേമനിധിയിൽ ചേരാനും അംഗത്വമെടുക്കാനും ജോലി യിൽ തുടരാനുമൊക്കെയുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. എന്നാൽ ഇതിൽ പറയുന്ന കണ്ടീഷൻ അനുസരിച്ച് അതൊന്നും പാടില്ല എന്നുള്ളതാണ്. അതോടൊപ്പം തന്നെ വേറൊരു വ്യവസ്ഥ പറയുന്നത്, റിട്ട യേർഡ് ജീവനക്കാർ. സർക്കാർ ജീവനക്കാരാണെങ്കിലും കേന്ദ്ര സർക്കാർ ജീവനക്കാരാണെങ്കിലും പെൻഷൻ പറ്റി പിരിയുന്നവർക്ക് പിന്നീട് ഇത്തരം ജോലിയിലേയ്ക്ക് വന്നാൽ അവർക്ക് ക്ഷേമനിധിയിൽ അംഗത്വം കൊടുക്കു കയില്ല എന്നാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ്? സർക്കാർ ജീവനക്കാരുടെ ഏറ്റവും വലിയ ആകർഷണീയത പെൻഷനായി രുന്നു. അതുകൊണ്ടാണ് തൂപ്പുകാരനാണെങ്കിലും ഒരു സർക്കാർ ജീവനക്കാ രന് മകളെ കൊടുക്കണമെന്നതാണ് തങ്ങളുടെ ആഗ്രഹമെന്ന് രക്ഷിതാക്കൾ പലപ്പോഴും പറയുന്നത്. എന്നാൽ ഇനി അങ്ങനെയും പറയുമെന്ന് തോന്നു ന്നില്ല. ഏപ്രിൽ 1 മുതൽ സർക്കാർ ജീവനക്കാരായി കടന്നുവരുന്ന ചെറു പ്പാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നുപറയുന്ന സമ്പ്രദായമില്ല. അവർ കോൺട്രിബ്യൂട്ടറി പെൻഷനെ അഭയം പ്രാപിക്കേണ്ടിവരും. സർക്കാർ ജീവ നക്കാരന്റെ പഴയ ആകർഷണീയത ഇനിയുണ്ടാകില്ല. സ്വകാര്യമേഖലയിൽ പണിയെടുക്കുന്ന ജീവനക്കാരെപ്പോലെ അവർ മാറാൻ പോകുകയാണ്. സ്വകാര്യ കമ്പനിയിൽ പണിയെടുത്തുവരുന്ന ആളുകളെ ഇനി എങ്ങനെ

കൈകാര്യം ചെയ്യുമെന്നുള്ള കാര്യത്തിലും വലിയ ആശങ്കയുണ്ട്. ഏത് ജോലിയും ചെയ്യാൻ തയ്യാറായി മുന്നോട്ടുവരുന്നവരെ വേർതിരിച്ച് നിർത്തേണ്ട ആവശ്യമില്ല. അവരെയും മറ്റുള്ളവരോടൊപ്പം തന്നെ പരിഗണി ക്കണമെന്നാണ് എന്റെ അഭിപ്രായം. അഡ്വക്കേറ്റ് ക്ലാർക്ക്സായി ജോലി ചെയ്ത് ക്ഷേമനിധിയിൽ അംഗമായിരിക്കെ അപകടമരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപ കൊടുക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. എന്റെ അഭി പ്രായത്തിൽ അപകടമരണത്തിനു മാത്രമല്ല, സ്വാഭാവിക മരണത്തിനാണെ ങ്കിലും ആശ്രിതർക്കുള്ള ആനുകൂല്യം ഒരു ലക്ഷം രൂപയെന്നുള്ളത് രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ആ 2 ലക്ഷം രൂപ ഉറപ്പായും അവർക്ക് കിട്ടുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയും വേണം. ഇവിടെ അത്തരത്തി ലുള്ള ഒരു ഭേദഗതി ഉണ്ടാകേണ്ടതുണ്ട്. മെഡിക്കൽ ക്ലെയിമിന്റെ കാര്യ ത്തിലും ഇന്ന് അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു സാഹചര്യമുണ്ടാകേണ്ടതാണ്. കഴിഞ്ഞ പത്തുപതിനഞ്ച് വർഷക്കാ ലത്തെ അനുഭവം പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്ത് ആരോഗ്യപരിപാ ലനത്തിനുവേണ്ടി ഓരോ വ്യക്തിയും ചെലവഴിക്കേണ്ടിവരുന്ന എമൗണ്ടിൽ വളരെ ഗൗരവതരമായ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. നാലഞ്ച് വർഷ ത്തിനുമുമ്പ് ഒരു സംഘടന നടത്തിയ സർവ്വേയിൽ ശരാശരി ഒരു മലയാളി യുടെ വരുമാനത്തിന്റെ 35 ശതമാനവും ആരോഗ്യപരിപാലനത്തിനുവേണ്ടി ചെലവഴിക്കുന്നു എന്നാണ് കണ്ടെത്തിയത്. എന്നാൽ പത്തുമുപ്പത് വർഷത്തി നുമുമ്പാണെങ്കിൽ വരുമാനത്തിന്റെ 10 ശതമാനം മാത്രം മതിയായിരുന്നു. ആരോഗ്യരംഗത്ത് മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും താലൂ ക്കാശുപത്രികളും ഉന്നത നിലവാരത്തിലുള്ള മറ്റ് ആശുപത്രികളുമൊക്കെ

ഉണ്ടെങ്കിൽക്കൂടിയും ആരോഗ്യമേഖലയ്ക്ക് കുടപിടിച്ച് നിൽക്കുന്ന ഒരു സംവിധാനം കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞുവെങ്കിലും ശരാശരി ഒരു മലയാളിയുടെ വരുമാനത്തിന്റെ 30–35 ശതമാനം ഇന്നും ചികിത്സാ കാര്യങ്ങൾക്കായി നീക്കിവയ്ക്കേണ്ടിവരുന്നുവെന്നുള്ളത് വളരെയധികം ഭയപ്പെടുത്തുന്ന കാര്യമാണ്. ഒരു നിവൃത്തിയുമില്ലാത്ത, പാവങ്ങളായ, എന്നാൽ അറിവിന്റെ ഭണ്ഡാകാരമായ, എന്നും നമുക്ക് അഭിമാനകരമായി മാറി നിൽക്കുന്ന, അറിവിന്റെ നീതിനിയമങ്ങളുടെ വലിയ ശക്തിസ്തംഭമായി നിൽക്കുന്ന വക്കീൽ ഗുമസ്തന്മാർക്ക് കേവലമായ സഹായങ്ങളാണ് നൽകുന്നതെന്ന് പറയുമ്പോൾ അതിനോട് യോജിക്കാൻ കഴിയില്ല. അതിലും മാറ്റമുണ്ടാകേണ്ടതാണ്. വക്കീൽ ഗുമസ്തന്മാർ വളരെ വരുമാനം കുറഞ്ഞവരും എന്നാൽ ഏറ്റവും കഠിനമായി, ബുദ്ധിവൈഭവമുപയോഗിച്ച് വളരെ ഭംഗിയായി ജോലി ചെയ്യുന്നവരാണ്. നമ്മുടെ നീതിന്യായ വ്യവസ്ഥയിലെ വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണ് ഗുമസ്തന്മാർ. വക്കീലന്മാർക്ക് എന്നും ശക്തിസ്തംഭമായി, ശക്തിസ്രോതസ്സായി നിൽക്കേണ്ടവരാണ് അവർ. പാവപ്പെട്ട ജനങ്ങൾക്ക് നിയമത്തിന്റെ അറിവുകൾ, അതിന്റെ അക്ഷരം പഠിപ്പിച്ചുകൊടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഇവർ. നമ്മുടെ അഭിമാനവും അറിവിന്റെ ഭണ്ഡാരങ്ങളുമാണ് അവർ. അവർക്ക് സുരക്ഷിതത്വം നൽകുക, അംഗീകാരം നൽകുക, ജീവിക്കാൻ മതിയായ വരുമാനം നൽകുക അതോടൊപ്പം അവരുടെ ജീവിത സായാഹ്നത്തിൽ എല്ലാ അർത്ഥത്തിലും അവർക്ക് സുരക്ഷിതത്വം നൽകാൻ കഴിയുംവിധത്തിലുള്ള ഒരു നിയമമായി ഈ ഭേദഗതിയെ മാറ്റിത്തീർക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ നിരാകരണപ്രമേയം ഇവിടെ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ സ്വാഗതാർഹമാണെങ്കിലും ചില തിരുത്തലുകൾ ആവശ്യമാണ്. പ്രധാനമായും ബില്ലിൽ കാലോചിതമായ ചില പരിഷ്ക്കാരങ്ങൾ ആവശ്യമുണ്ട്. നീതിന്യായ വ്യവസ്ഥ ജനാധിപത്യത്തിൽ വലിയ സംഭാവനയാണ് നൽകുന്നത്. അത് ജനാധിപത്യ സംവിധാനത്തിന്റെ നെടുംതൂണാണ്. ജനാധിപത്യ സംവിധാനത്തിൽ മറ്റെല്ലാ പ്രതീക്ഷ അവസാനിക്കുമ്പോഴും സമൂഹത്തിന്റെ വലിയ പ്രതീക്ഷ കോടതികളിലാണ്. ഈ നീതിന്യായ വ്യവസ്ഥ ശോഭിച്ചുനിൽക്കുമ്പോഴും ഇതിന്റെ സുഗമമായ പ്രയാണത്തിൽ നിർണ്ണായകമായ സംഭാവന നൽകുന്നവരാണ് ഗുമസ്തൻമാർ. അഭിഭാഷകരെപ്പോലെ തന്നെ വക്കീൽ ഗുമസ്തൻമാരും നിർണ്ണായകമായ സംഭാവന നൽകുന്നുണ്ട്. സാമൂഹിക രംഗത്തും സാംസ്ക്കാരിക രംഗത്തും സാഹിത്യരംഗത്തും ശ്രേഷ്ഠരായ ഒട്ടേറെ ആളുകൾ ഈ വിഭാഗത്തിനകത്തുനിന്ന് പൊതുസമൂഹത്തിനിടയിൽ ഉയർന്നുവന്നിട്ടുണ്ട്. മഹാനായ കവി ഇടശ്ശേരി ഒരു വക്കീൽ ഗുമസ്തനായിരുന്നു. ജീവിതാവസാനംവരെ ഈ ജോലിയിൽ അദ്ദേഹം വ്യാപൃതനായിരിന്നു. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന, പൊന്നാനി കോടതിയിൽ അഭിഭാഷക പ്രമുഖനായിരുന്ന ശ്രീ. രാമൻമേനോന്റെ വക്കീൽ ഗുമസ്തനായിരുന്നു കവി ഇടശ്ശേരി. അങ്ങനെ സാഹിത്യരംഗത്തുതന്നെ വലിയ സംഭാവന നൽകിയ ഒട്ടേറെ ആളുകൾ ഈ രംഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. അതിനാൽ ഈരംഗം പാടേ അവഗണിക്കപ്പെടേണ്ടതല്ലായെന്നൊരു വലിയ യാഥാർത്ഥ്യബോധത്തിലേയ്ക്ക് നമ്മുടെ നിയമനിർമ്മാണ സഭ മാറേണ്ടതാണ്. ജീവിതത്തിന്റെ സായന്തനത്തിൽ അവർക്ക് ആവശ്യമായ ഒട്ടേറെ കാര്യങ്ങൾ ഇതിന്റെ ഭാഗമായി ചെയ്യാനുണ്ട്. ഒരു സമയക്ലിപ്തതയില്ലാതെ അഭിഭാഷകരെ ഉയർത്താനും കോടതിയുടെ അന്തസത്ത പൊതുസമൂ

ഹത്തിനകത്ത് വർദ്ധിപ്പിച്ചുകൊണ്ടുവരാനും വക്കീൽ ഗുമസ്തൻമാർ വഹിക്കുന്ന പങ്ക് വളരെ പ്രധാനമാണ്. നീതിന്യായ വ്യവസ്ഥയിൽ അഭിഭാഷകരെപ്പോലെതന്നെ പ്രാധാന്യം നമ്മുടെ സമൂഹം കൊടുക്കുന്നില്ലായെങ്കിലും വക്കീൽ ഗുമസ്തൻമാർക്ക് അത്രയേറെ പ്രാധാന്യം നമ്മുടെ സമൂഹത്തിനകത്തുണ്ട്. വക്കീലൻമാർ ഉറങ്ങുമ്പോൾ ഉറങ്ങാതിരിക്കുന്ന ഒരു വിഭാഗമാണ് ഈ വക്കീൽ ഗുമസ്തൻമാർ. അതിരാവിലെ തങ്ങളുടെ ഓഫീസ്സിലേയ്ക്കു വന്ന് ജോലി ആരംഭിച്ച് വക്കീലൻമാർ കോടതിയിൽനിന്ന് പോയതിനു ശേഷവും ഭാവിയിലേയ്ക്കുള്ള ജോലി ചെയ്യുന്ന, സമയക്ലിപ്തതയില്ലാതെ അവർ ആഗ്രഹിക്കുന്ന വരുമാനമില്ലാതെ ജോലി ചെയ്യുന്ന ഒരു വിഭാഗമായി വക്കീൽ ഗുമസ്തൻമാർ മാറിയിരിക്കുന്നു. പഴയ കാലത്തുതന്നെ വക്കീൽ ഗുമസ്തൻമാർക്ക് നമ്മുടെ സമൂഹത്തിനകത്ത് വലിയ പ്രാധാന്യമുണ്ട്. പ്രാദേശികമായ കേസ്സുകൾക്കൊക്കെ തീർപ്പ് കൽപ്പിക്കുന്നവരായി വക്കീൽ ഗുമസ്തൻമാർ മാറിയിട്ടുണ്ട്. അത് പൊതുസമൂഹത്തിൽ ഇവർക്കുള്ള പങ്കിനെയാണ് വ്യക്തമാക്കുന്നത്. കേരളത്തിൽ ഏതാണ്ട് 500 ഓളം കോടതികളുണ്ട്. ഇവിടെ ശ്രീ. കെ. എം. മാണി ഏതാണ്ട് 5500 ഓളം ആളുകളുടെ കാര്യം മാത്രമാണ് സൂചിപ്പിച്ചത്. സാർ നടത്തിയ റൂളിംഗിനകത്ത് ഇന്നത്തെ കാര്യം കൂടി ഉൾപ്പെടുമെന്നുതന്നെയാണ് ഞങ്ങൾ കരുതുന്നത്. 5500 ഓളം ആളുകളുടെ കാര്യം മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്. പക്ഷേ ഏതാണ്ട് 20000–ത്തോളം വരുന്ന അഡ്വക്കേറ്റ് ക്ലാർക്കുമാർ നമ്മുടെ കേരളത്തിലുണ്ടെന്നത് യാഥാർത്ഥ്യത്തോടുകൂടി നമ്മുടെ സഭ കാണേണ്ടതാണ്. പ്ലീഡർ ക്ലാർക്ക് റൂൾ പ്രകാരം വക്കീലിന് തന്റെ ഗുമസ്തനെ നിയമിക്കാനുള്ള അവകാശമുണ്ടെന്ന സ്ഥിതിക്ക് ഇപ്പോൾ 5500 ആളുകളാണ് വക്കീൽ ഗുമസ്തപണിയിലുള്ളതെ

ന്നത് ഇനിയും വർദ്ധിക്കാനിടയുണ്ട്. തങ്ങളുടെ ഗുമസ്തനെ നിയമിക്കാൻ ഒരു വക്കീലിന് അധികാരവും നിയമവുമുള്ളപ്പോൾ കൂടുതൽ ആളുകൾ ഈ ക്ഷേമനിധിയുടെ പട്ടികയിലേയ്ക്ക് കടന്നുവരേണ്ട സാഹചര്യമുണ്ട്. കടന്നു വരും, അത് ഗവൺമെന്റ് ശരിയായ രൂപത്തിൽ പരിശോധിക്കേണ്ടതായിട്ടുണ്ട്. അതിന്റെ 14-ാം ഉപവകുപ്പിൽ ആറുരൂപയുടെ...............

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാജേഷ് ക്ലാസ് ബൈ ക്ലാസ് സംസാരിക്കണ്ട. സബ്ജക്ട് കമ്മിറ്റിയിൽപ്പോയി വന്നതിനുശേഷമാണ് അങ്ങനെ സംസാരിക്കേണ്ടത്. ഇപ്പോൾ ജനറലായി സംസാരിച്ചാൽ മതി. ക്ലാസ് ബൈ ക്ലാസ് ഇപ്പോൾ എടുക്കണ്ട.

ശ്രീ. ആർ. രാജേഷ്: ഉപവകുപ്പിനെ സംബന്ധിച്ചല്ല ഞാൻ സൂചിപ്പിക്കുന്നത്. ഉപവകുപ്പിനകത്ത് 12 രൂപ മൂല്യമുള്ള എന്ന വാക്കുകൾ ചേർക്കേണ്ടത്.......... ഞാൻ അതിലേയ്ക്കല്ല പോകുന്നത്. അവിടെ പറയേണ്ടത്, നിരവധി ക്ഷേമനിധികളുടെ നിയമനിർമ്മാണം നടപ്പിലാക്കിയ സഭയാണ് ഈ കേരള നിയമസഭ. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ് നമ്മുടെ നിയമസഭ. 12 രൂപ മൂല്യമുള്ളത് ചേർക്കേണ്ടതെന്ന് പറയുമ്പോൾ അവിടെ ഗവൺമെന്റിന്റെ വിഹിതം ചേർക്കേണ്ടതുണ്ട് എന്നത് ഗൗരവമായി ഈ സഭ പരിശോധിക്കണം. ഒരു ഗവൺമെന്റിന്റെ വിഹിതം ചേർക്കാതെ ഒരു ക്ഷേമനിധി എങ്ങനെയാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. കേരളത്തിലെ ജനനസംഖ്യയുടെ മൂന്നിലൊന്ന് ആളുകൾ ഏതെങ്കിലുമൊരു ക്ഷേമനിധിയിൽ അംഗങ്ങളായിരിക്കും. സാധാരണ ക്ഷേമനിധിയിൽ അംഗങ്ങൾ അവരുടെ വിഹിതവും തൊഴിലുടമ അവരുടെ വിഹിതവും സർക്കാർ സർക്കാരിന്റെ വിഹിതവും നൽകുന്നു. എന്നാൽ ഇവിടെ സർക്കാർ അത് നിഷേധിക്കുകയാണ്. കേരളത്തിൽ

ഏകദേശം 20000–ത്തോളം അഡ്വക്കേറ്റ് ക്ലാർക്കുമാരുണ്ട്. സ്റ്റാമ്പിൽനിന്നുള്ള വിഹിതം മാത്രമുള്ള ഒരു ക്ഷേമനിധിയായാൽ ഇവർക്ക് ആനുകൂല്യം നൽകുവാൻ കഴിയുകയില്ല. ഇത് സർക്കാർ ഗൗരവമായി പരിശോധിക്കണം. നിലവിലുള്ള സമാനസ്വഭാവമുള്ള ക്ഷേമനിധികൾക്ക് തൊഴിലാളികളുടെ വിഹിതത്തിന് ആനുപാതികമായ തുക സർക്കാരും അടയ്ക്കാൻ വ്യവസ്ഥയുണ്ട്. ഇവിടെ ഈ വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധിയിൽ സർക്കാരിന്റെ വിഹിതംകൂടി അടയ്ക്കാനാവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്. മറ്റൊന്ന്, പെൻഷൻ. 17–ാം വകുപ്പിലുള്ളത് വാർഷിക വരിസംഖ്യ 1200 രൂപയാക്കി നൽകേണ്ടതുണ്ട് എന്നുള്ളതാണ്. 2004–ൽ വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം 100 രൂപയായിരുന്നു. 100 രൂപയായിരുന്നപ്പോൾ ക്ഷേമനിധി ആനുകൂല്യം ഒരുലക്ഷം രൂപയായിരുന്നു. 2006–ൽ ആ അംശദായം 200 രൂപയായി. 200 രൂപയായപ്പോൾ അതിന്റെ ആനുകൂല്യം രണ്ടുലക്ഷം രൂപയായി. 2013 എത്തിനിൽക്കുമ്പോൾ അംശദായം 1200 രൂപയായി മാറുന്നു. 2006–ൽ ആനുകൂല്യം രണ്ടുലക്ഷം രൂപയായിരുന്നു. അംശദായം 200 രൂപയായിരുന്നു. അംശദായം 1000 രൂപ വർദ്ധിപ്പിക്കുമ്പോൾ ഒരു രൂപപോലും പെൻഷൻ ആനുകൂല്യം വർദ്ധിപ്പിക്കുന്നില്ലായെന്നുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ ഗൗരവകരമായി കാണണമെന്നുള്ളതാണ് ഇതിനകത്ത് സൂചിപ്പിക്കാനുള്ളത്. പെൻഷൻ 600 രൂപ കൊടുക്കുവാൻ ഈ ബില്ലിനകത്ത് തീരുമാനിക്കുമ്പോൾ........ 2006–2008 കാലഘട്ടത്തിൽ ശ്രീ. ജോസ് തെറ്റയിൽ ചെയർമാ

നായിരുന്ന സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി വച്ച റിപ്പോർട്ടിനക ത്തുണ്ട്. അഡ്ക്കേറ്റ് ക്ലാർക്കായി കുറഞ്ഞത് പത്തുവർഷം ജോലി ചെയ്തുവ രികയും ക്ഷേമനിധിയിൽ അംഗമാകുകയും വാർഷിക വരിസംഖ്യ അടയ്ക്കു കയും നിയമാനുസൃത രേഖകൾ ലഭിക്കുകയും ചെയ്തിട്ടുള്ളവരും 60 വയസ് പൂർത്തിയായിട്ടുള്ളവരുമായ അഡ്വക്കേറ്റ് ക്ലാർക്കുമാർ ജോലിയിൽനിന്ന് വിര മിക്കുമ്പോൾ കുറഞ്ഞത് 750 രൂപയും പരമാവധി 1500 രൂപയും പെൻഷൻ ലഭിക്കത്തക്ക വിധത്തിലുള്ള ഒരു പെൻഷൻ പദ്ധതി നടപ്പാക്കണമെന്നും അംഗത്തിന്റെ മരണശേഷം നോമിനികൾക്ക് കുടുംബപെൻഷനും ക്ഷേമനിധി പെൻഷനും പദ്ധതിപ്രകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ പ്രത്യേകം ചേർക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. 600 രൂപ എന്നാണ് ഇവിടെ മാണിസാർ പറഞ്ഞിട്ടുള്ളത്. 1500 രൂപവരെ കൊടുക്കാമെന്ന് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി തീരുമാനിക്കുമ്പോൾ 600 രൂപയാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. 2003-ൽ ഈ ബിൽ അവതരിപ്പിച്ചു നടത്തിയ പ്രസംഗത്തിൽ മാണി സാറിന്റെ മറുപടിയിൽ സൂചിപ്പിക്കുന്നു- 1985-ൽ വക്കീൽ ഗുമസ്തൻമാർക്ക് 10,000 രൂപയുടെ ഇൻഷ്വറൻസ് സ്കീം ആദ്യമായി കൊണ്ടുവന്നതും കേരള നിയമസഭയാണ്. ഈ ക്ഷേമനിധിയിൽ ചേരുന്നതിന് അപേക്ഷ ഫീസായി 100 രൂപയും അഡ്മിഷൻ ഫീസായി 250 രൂപയും നൽകേണ്ടതാണ്. ഇത് മാണിസാറിന്റെ മറുപടിയാണ്. സംസ്ഥാന ത്താകെ 20000 വക്കീൽ ഗുമസ്തൻമാരുണ്ടെന്ന കണക്കിന്റെ അടിസ്ഥാനത്തിൽ അപേക്ഷാഫീസും അഡ്മിഷൻ ഫീസുംകൂടി 70 ലക്ഷം

രൂപ ലഭിക്കും. ആനുൽ ഫീസ് കൂട്ടിത്തരാം, പ്രയോജനകരമായ സ്കീം കൊണ്ടുവരണമെന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള 200 രൂപ നിരക്കുള്ള വാർഷിക ഫീസിനത്തിൽ 40 ലക്ഷം രൂപയും ഫണ്ടിലേയ്ക്ക് ലഭിക്കും. വക്കാലത്ത് ഫീസിനത്തിൽ ഓരോ വക്കാലത്തിനും രണ്ട് രൂപയുടെ സ്റ്റാമ്പ് പതിപ്പിക്കണമെന്ന നിബന്ധന പ്രകാരം നാലുലക്ഷം രൂപയും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്ന് ലഭിക്കുന്ന 50 ശതമാനം വരുമാനവും ഫണ്ടിലേയ്ക്ക് വരും. പത്തുവർഷം കഴിയുമ്പോൾ അഞ്ചുകോടി 40 ലക്ഷം രൂപയ്ക്ക് 9 ശതമാനം പലിശയുൾപ്പെടെ ഏഴുകോടിയോളം രൂപയുണ്ടാകുമെന്ന് മാണിസാർ 2003-ൽ ഈ നിയമസഭയ്ക്കകത്ത് പ്രസംഗിച്ചതാണ്. അപ്പോൾ ഒരു ലക്ഷം രൂപയെങ്കിലും റിട്ടയർമെന്റ് ബെനിഫിറ്റും ഓരോ ഗുമസ്തനും മാസം തോറും 1000 രൂപ പെൻഷൻ കൊടുക്കാനുള്ള തുകയും ഉണ്ടാകുമെന്ന് 2003-ൽ ശ്രീ. കെ. എം. മാണി പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഇപ്പോൾ 600 രൂപയാണ് ഇവർക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് ഈ ബില്ലിനകത്ത് പറയുന്നത്. ഇത് വളരെ മോശപ്പെട്ട സമീപനമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 600 രൂപ പെൻഷൻ കൊടുക്കുക എന്ന് പറയുന്നത് ഒരു വക്കീൽ ഗുമസ്തനെ സംബന്ധിച്ച് ഒരു ജോലി സ്ഥിരതയില്ലാത്ത, സമയക്ലിപ്തതയില്ലാത്ത, വലിയ ബാധ്യതയുള്ള, കുടുംബം നോക്കേണ്ട (മറ്റെല്ലാവരും നോക്കേണ്ടതില്ലായെന്നല്ല), ഒരു സ്ഥിരമായ വരുമാനമില്ലാത്ത ഒരു വക്കീൽ ഗുമസ്തന് അയാളുടെ ജീവിത സായാഹ്നത്തിൽ 600 രൂപ മാത്രമാണ് കൊടുക്കാൻ തീരുമാനിക്കുന്നത് എന്ന് പറയുന്നത് എത്ര കണ്ട് ശരിയാകും. അങ്ങയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ, 2003-ൽ അങ്ങ് മറുപടി പറഞ്ഞതുപോലെ 1000 രൂപയിലേയ്ക്കെങ്കിലുമോ അല്ലെങ്കിൽ

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി തീരുമാനിച്ചതുപോലെ പരമാവധി 1500 രൂപയിലേയ്ക്കോ ഈ പെൻഷൻ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇവിടെ ഒരു കാര്യമുള്ളത് ഈ പെൻഷനൊക്കെ വർദ്ധിപ്പി ക്കാൻ തീരുമാനിക്കുമ്പോൾ അത് സമയബന്ധിതമായി കൊടുത്തുതീർക്കുന്ന തിനുകൂടി നടപടി സ്വീകരിക്കണം. ഇവിടെ ശ്രീ. കെ. എം. മാണി ഭൂരിപക്ഷം പെൻഷനും തൊഴിൽ വകുപ്പിന്റെ കീഴിലാണെന്ന് പറയുമെങ്കിൽത്തന്നെയും ഈ പെൻഷൻ സംവിധാനങ്ങൾ, ഇവർക്കുള്ള ആനുകൂല്യങ്ങൾ തുടങ്ങിയ വയൊക്കെ സമയബന്ധിതമായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരി ക്കണം. കേരളത്തിലെ സാമൂഹ്യക്ഷേമ പെൻഷനുകളൊക്കെ ഈ ഗവൺമെന്റ് വന്നതിനുശേഷം അട്ടിമറിക്കപ്പെട്ടിരിക്കുന്നു, കൊടുക്കാതിരി ക്കുന്നു. 2001 മുതൽ 2006 വരെ ശ്രീ. കെ. എം. മാണി റവന്യൂവും നിയമവും വകുപ്പുമന്ത്രിയായിരുന്നപ്പോൾ സാധാരണക്കാരായ കർഷകത്തൊഴിലാളിക ളുടെ പെൻഷൻ പോലും ഏതാണ്ട് 28 മാസക്കാലത്തോളം കുടിശ്ശികയാക്കി മാറ്റിയത് കേരളം മറന്നിട്ടില്ല. അതേ സാഹചര്യത്തിലേയ്ക്ക് കേരളം പോകുക യാണ്. കയർത്തൊഴിലാളി, കശുവണ്ടിത്തൊഴിലാളി, മത്സ്യത്തൊഴിലാളി തുടങ്ങി എല്ലാ തൊഴിലാളി വിഭാഗത്തിലെയും ആളുകളുടെ പെൻഷൻ ആനു കൂല്യങ്ങൾ വർത്തമാനകാലത്ത് നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് നിയമമായി മാത്രം മാറിയാൽ പോരാ. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സാധാരണക്കാരായ വക്കീൽ ഗുമസ്തന്മാർക്ക് പെൻഷൻ കൃത്യമായി കൊടു ക്കുന്നതിനാവശ്യമായ നടപടികൂടി ഉണ്ടാകണമെന്നുമാത്രമാണ് ഈ അവസര ത്തിൽ സൂചിപ്പിക്കുന്നത്. ഇതിനകത്ത് ചില ഭേദഗതികൾ കൂടി സൂചിപ്പിച്ചു കൊണ്ട് ഞാൻ എന്റെ പ്രസംഗം നിറുത്തുന്നു.

(ശ്രീ. കെ. ശിവദാസൻ നായർ)

13.2.2013

JJ/VK -3

3.10-3.20

ശ്രീ. കെ. ശിവദാസൻ നായർ :2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 6.3.2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ വക്കീൽ ഗുമസ്തന്മാർ അന്യം നിന്നുപോകുന്ന ഒരു സമൂഹമാണ്. ഇവിടെ കൂടുതൽ ആളുകൾ ഇതിലേയ്ക്ക് വരുമെന്ന് സൂചിപ്പിച്ചുകണ്ടു. ആരും ഇപ്പോൾ വരാനില്ല. ഈ തൊഴിലിലേയ്ക്ക് പുതിയ ചെറുപ്പക്കാർ കടന്നുവരുന്നില്ലായെന്നതാണ് ഒരു വലിയ ദുര്യോഗം. മറ്റ് ഏത് ജോലിക്ക് പോയി കഴിഞ്ഞാലും ഇതിനെക്കാൾ കൂടുതൽ വരുമാനം കിട്ടും. ഇതിനെക്കാൾ കൂടുതൽ മാന്യതകിട്ടും. പക്ഷേ ഇതൊന്നുമില്ലാതെ ഒരു സമൂഹം ഇവിടെ നിലനിൽക്കുന്നുവെന്നതാണ് ഗൗരവമായ ഒരു പ്രശ്നം. വക്കീൽ ഗുമസ്തന്മാർ രാവിലെ മുതൽ വൈകുന്നേരം വരെ കോടതിയിൽ നിൽക്കാൻ മാത്രം വിധിക്കപ്പെട്ട ആളുകളാണ്. അവർക്ക് ഇരിക്കാൻ പറ്റില്ല. വേറെ എവിടെയെങ്കിലുമുണ്ടോ ഇത്? അവർക്ക് നിൽക്കാനേ പറ്റൂ. അവർക്ക് കോടതിയിൽ ഇരിക്കാനുള്ള നിയമമില്ല. അല്ലെങ്കിൽ അനുവാദമില്ല. അതിനുള്ള സൗകര്യങ്ങളില്ല. കോടതി വരാന്തയിലില്ല.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : അങ്ങൊരു പ്രഗത്ഭനായ വക്കീലാണ്. അങ്ങയുടെ ഗുമസ്തൻ അങ്ങനെയായിരിക്കാം. പക്ഷേ വക്കീലിനെക്കാൾ കൂടുതൽ വരുമാനമുള്ള വക്കീൽ ഗുമസ്തന്മാരെ ഞാൻ പറഞ്ഞു

തരാം. അതൊരു സത്യമാണ്. വക്കീലന്മാരെക്കാൾ കൂടുതൽ കാശുണ്ടാക്കുന്ന വക്കീൽ ഗുമസ്തന്മാരുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ : ഒന്നോരണ്ടോ ഗുമസ്തന്മാർ കാണും. ഞാൻ ഒരു സമൂഹത്തെക്കുറിച്ചാണ് പറയുന്നത്. ഞാൻ മജിസ്ട്രേറ്റ് കോടതി യിലും മുൻസിഫ് കോടതിയിലും അതിന് മുകളിലുള്ള ഓരോ കോടതി കളിലും പ്രാക്ടീസ് ചെയ്തിട്ടുള്ള ഒരാളാണ്. ആ കോടതികളിലെ ഗുമസ്ത ന്മാർ രാവിലെ തൊട്ട് വൈകുന്നേരം വരെ വക്കീലന്മാരുടെ കസേരയ്ക്ക് പുറ കിൽ വന്ന് നിൽക്കാൻ മാത്രം വിധിക്കപ്പെട്ട ആളുകളാണ്. നമ്മുടെ സംസ്ഥാ നത്ത് അത്തരത്തിലുള്ള ആളുകൾ വേറെ ഏത് ജോലിയിലുണ്ട്? അത്തര ത്തിൽ ജോലി ചെയ്യുന്ന വേറെ ആരുണ്ട്?

ശ്രീ. സാജു പോൾ : വീടിനെക്കാൾ വലിയ പടിപ്പുര പാടില്ലെന്നുള്ളത് സത്യം തന്നെയാണ്. വക്കീലിനെക്കാൾ വലിയ ഗുമസ്തന്റെ ആവശ്യമില്ല. ഗവൺമെന്റിനെക്കാൾ വലിയ ഒരു ചീഫ് വിപ്പ് ആവശ്യമുണ്ടോ? ഗവൺ മെന്റിന്റെ ഭാഗമായ മുഖ്യമന്ത്രിയും മന്ത്രിമാരും പറയുന്നതിനെക്കാൾ വലിയ കാര്യങ്ങൾ പറയുന്ന ചീഫ് വിപ്പാണ് അങ്ങയോട് ഈ ചോദ്യം ചോദിച്ചത്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ ഈ നിയമത്തെക്കുറിച്ച് ശ്രീ. സാജു പോൾ സംസാരിക്കുമെന്ന് ധരിച്ചത് തെറ്റായിപ്പോയി എന്ന് എനി ക്കിപ്പോൾ തോന്നുന്നു. അതുകൊണ്ടാണ് അങ്ങേയ്ക്ക് ഞാൻ വഴങ്ങിയത്. പക്ഷേ എപ്പോഴുമെന്നതുപോലെ അങ്ങ് ഇപ്പോഴും വ്യത്യസ്തമായ ചില കാര്യങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്. പോകട്ടെ. അതല്ലല്ലോ ഇവിടെ നമ്മുടെ പ്രശ്നം. ഇവിടെ വക്കീലന്മാരുടെ ഗുമസ്തന്മാരിൽ ഒന്നോ രണ്ടോ ആളുകൾ വലിയ വരുമാനം വാങ്ങുന്നവരാണ്. ഹൈക്കോടതിയിൽ അങ്ങനെ വലിയ വക്കീലന്മാർ കാണും. ജില്ലാ കോടതിയിലെ ചില വക്കീലന്മാരുടെ

ഗുമസ്തന്മാർ കൂടുതൽ കാശ് വാങ്ങുന്ന ആളുകളാണ്. അവരല്ല ഭൂരിഭാഗം ആളുകൾ ..........

ശ്രീ. പി. സി. വിഷ്ണുനാഥ് : ചീഫ് വിപ്പിനെക്കുറിച്ച് ശ്രീ. സാജുപോൾ പറഞ്ഞു. നമ്മുടെ നിയമസഭയിൽ മുഖ്യമന്ത്രിയോടൊപ്പം തന്നെ പ്രാധാന്യ മുണ്ട് പ്രതിപക്ഷ നേതാവിനും. ഇപ്പോൾ പ്രതിപക്ഷ നേതാവിനെ അംഗീകരി ക്കാൻ കഴിയില്ലായെന്ന് പറഞ്ഞുകൊണ്ട് പാർട്ടി പ്രമേയം പാസ്സാക്കി കേന്ദ്ര കമ്മിറ്റിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. ആ പ്രതിപക്ഷ നേതാവാണ് നിയമസഭയിൽ ഇരിക്കുന്നത്. അങ്ങനെ പാർട്ടിയുടെ ചിഹ്നം കൊടുത്ത് മത്സ രിച്ച് ജയിച്ച് പാർട്ടിയുടെ പാർലമെന്ററി പാർട്ടി കൂടി പ്രതിപക്ഷ നേതാവാ ക്കിയ ആളെ അംഗീകരിക്കാൻ പാടില്ല. ആ പ്രമേയം അംഗീകരിക്കണമെന്ന് പറഞ്ഞ് കേന്ദ്ര കമ്മിറ്റിയുടെ പരിഗണനയ്ക്കിരിക്കുമ്പോൾ ആ പ്രതിപക്ഷ നേതാവ് ഇവിടെ ആക്ട് ചെയ്യുന്നതിനകത്ത് ഒരു നിയമപരമായ ക്രൈസിസ് ഉണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാനിവിടെ സൂചിപ്പിച്ചുവന്നത് വക്കീൽ ഗുമസ്തന്മാരെക്കുറിച്ചാണ്. ഇവിടെ വളരെയധികം ഗൗരവമായി പരിഗണന അർഹിക്കുന്ന ഒരു വിഭാഗമാണ് വക്കീൽ ഗുമസ്തന്മാർ. ശ്രീ.കെ.എം. മാണി സാറിന് അറിയാം. പുതിയ കോർട്ട് കോംപ്ലക്സ് പല സ്ഥലങ്ങളിലും അദ്ദേഹം സാങ്ഷൻ ചെയ്തിട്ടുണ്ട്. എവിടെയെങ്കിലും വക്കീൽ ഗുമസ്തന്മാർക്ക് പ്രത്യേകമായ സൗകര്യങ്ങൾ അറേഞ്ച് ചെയ്യു ന്നുണ്ടോ? പുതിയതിൽ വേണമെന്നാണ് ഞാൻ പറഞ്ഞത്. ബാർ അസോസി യേഷനുകളുണ്ട്. പല സ്ഥലങ്ങളിലും ഒരു കൊച്ചുമുറി മാത്രമാണ് വക്കീൽ ഗുമസ്തന്മാർക്കുവേണ്ടി കൊടുക്കുന്നത്. ഇപ്പോൾ ധാരാളം പെൺകുട്ടികൾ പോലും ഈ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രത്യേകമായ ഒരു സൗകര്യവും

ഒരു കോടതി വളപ്പിലും അവർക്ക് നൽകിയിട്ടില്ല. നമ്മൾ ഗൗരവമായി കാണേണ്ട ഒരു വിഷയമല്ലേയിത്. ജോലി സ്ഥിരതയില്ല. നാളെ മുതൽ നീ വരേണ്ടതില്ലായെന്ന് പറഞ്ഞാൽ വരേണ്ടാത്ത അവസ്ഥയാണുള്ളത്. അത്തര ത്തിലുള്ള ഒരു സമൂഹമാണിത്. ആ സമൂഹത്തിന് വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ക്ഷേമനിധിയാണിത്. അവരുടെ ഇന്നത്തെ സ്ഥിതിയനുസരിച്ച് ഈ ക്ഷേമ നിധി പര്യാപ്തമാണോയെന്ന ഗൗരവമായ ഒരു ചോദ്യം നമ്മുടെ മുമ്പിലുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ 600 രൂപ പെൻഷൻ കൊടുക്കാതിരി ക്കുകയല്ലേ നല്ലത്. മിനിമം പെൻഷൻ 1000 രൂപയെങ്കിലും ആക്കണം. ഇല്ലെ ങ്കിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ കെ. എം. മാണി സർ, അങ്ങേയ്ക്ക് തന്നെ മോശമാണത്. മിനിമം പെൻഷൻ 1000 രൂപയെങ്കിലും ആക്കുക എന്നത് ഒരു സാമാന്യ നീതിയല്ലേ? നമുക്ക് അത് ചെയ്യണ്ടേ? അത്തരത്തിലുള്ള ഒരു വർദ്ധനവ് ഉണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ തൊഴിൽ നിറുത്തുമ്പോൾ അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ രണ്ട് ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മൂന്ന് ലക്ഷം എല്ലാവർക്കുമില്ല. മൂന്ന് ലക്ഷം എന്ന് പറയു ന്നത് 30 വർഷം ജോലി ചെയ്ത ആളുകൾക്ക് മാത്രമേയുള്ളു. 30 വർഷം ജോലി ചെയ്ത ആളുകൾ എത്രപേരുണ്ട്? 30 വർഷം ജോലി ചെയ്ത പരിമിത മായ ആളുകൾ മാത്രമേയുള്ളു എന്നതുകൊണ്ട് ഈ മൂന്ന് ലക്ഷം പോലും ലഭിക്കുന്ന ആളുകൾ വളരെ കുറവാണ് എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്.

ശ്രീ. ജോസ് തെറ്റയിൽ : സർ, വക്കീൽ ഗുമസ്തന്മാരുടെ ബില്ലിന്റെ കാര്യത്തെക്കുറിച്ച്, അതിന്റെ റൂൾസിനെക്കുറിച്ച് ഞാൻ ചെയർമാനും ശ്രീ. കെ. ശിവദാസൻ നായർ മെമ്പറുമായിരുന്ന സബോർഡിനേറ്റ് ലെജിസ്ലേഷൻ

കമ്മിറ്റി നേരത്തെ ചർച്ച ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി അതിന്റെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായിട്ട് 2008-ൽ തന്നെ ആ കമ്മിറ്റി 1500 രൂപയെങ്കിലും പെൻഷനായിട്ട് കൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അന്ന് അങ്ങനെ പറഞ്ഞ സ്ഥിതിക്ക് സ്വാഭാവികമായിട്ടും ഇന്ന് 1000 രൂപ എന്നത് വർദ്ധിപ്പിച്ച് തന്നെ കൊടുക്കേണ്ടതാണ്. മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റേതുപോലെ തന്നെ ഈ തുകയും വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥകളും ഉൾപ്പെടെ ആ റിപ്പോർട്ടിൽ നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. അതുപോലെ തന്നെ വിശദമായി പറയുകയും 200 രൂപയിൽ നിന്നും 400 രൂപയാക്കി വർദ്ധിപ്പിക്കണമെന്നുമുള്ള സജഷനും അതിനകത്ത് പറഞ്ഞിട്ടുണ്ട്. പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ................ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിൽ എത്തിക്കാനുള്ള ഒരു ശ്രമം അങ്ങയുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തുമോയെന്ന് അറിയണം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, തീർച്ചയായും ഒരു നല്ല കാര്യമാണ്. കാരണം നിയമസഭയുടെതന്നെ സൃഷ്ടിയാണല്ലോ ഇത്തരം കമ്മിറ്റികൾ. ആ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ആരും പരിഗണിക്കുന്നില്ല, പരിശോധിക്കുന്നില്ല എന്നുള്ള സ്ഥിതി വരുന്നത് ശരിയല്ല. ഗവൺമെന്റ് ഗൗരവമായിത്തന്നെ അത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മിനിമം പെൻഷൻ 1500 രൂപ കൊടുക്കരുത് എന്നല്ല ഞാൻ പറഞ്ഞത് ഇപ്പോൾ പറഞ്ഞിരിക്കുന്ന തുക ശരിയല്ല, അത് അപമാനിക്കലാണ്. അതുകൊണ്ടാണ് മിനിമം പെൻഷൻ 1000 രൂപയെങ്കിലുമാക്കണമെന്ന് ഞാൻ പറഞ്ഞത്. 30 വർഷം ജോലി ചെയ്ത ആളിനാണ് 3 ലക്ഷം രൂപ കൊടുക്കുന്നത്. 3 ലക്ഷം രൂപ കിട്ടാൻ അർഹതയു

ള്ളവരുടെ എണ്ണം വളരെക്കുറവായിരിക്കും. എന്റെ അഭിപ്രായത്തിൽ 4 ലക്ഷം രൂപയെങ്കിലും ഇതിനകത്ത് വരണം. മതിയായ തുകയായതുകൊണ്ടല്ല 4 ലക്ഷം രൂപ എന്നു പറയുന്നത്. 6 രൂപ സ്റ്റാമ്പിന് വിലയുണ്ടായിരുന്ന സാഹച ര്യത്തിൽ 2 ലക്ഷം രൂപയായിരുന്നു കൊടുത്തത്. ഇപ്പോൾ അത് 12 രൂപ യാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ അത് 4 ലക്ഷം രൂപയെങ്കിലും ആക്കേ ണ്ടതല്ലേ? അതുപോലെതന്നെ ഗൗരവമായ വിഷയം, എല്ലാ കാര്യങ്ങളിലും എംപ്ലോയർക്ക് ഒരു  വിഹിതമുണ്ടാകും, എംപ്ലോയർക്ക് കോൺട്രിബ്യൂഷൻ വയ്ക്കണമെന്നു പറഞ്ഞാൽ എന്നോട് ശ്രീ. മാത്യൂ ടി. തോമസ് യോജിക്കില്ലാ യിരിക്കും. പക്ഷേ, എംപ്ലോയർക്ക് കോൺട്രിബ്യൂഷൻ വേണ്ടെന്ന് വയ്ക്കു മ്പോൾ ഗവൺമെന്റിന്റെ ഒരു കോൺട്രിബ്യൂഷൻ വേണം. എംപ്ലോയറുടെ കോൺട്രിബ്യൂഷൻ വേണമെന്നു പറഞ്ഞാൽ വക്കീലൻമാർ കൂടി ഇതിന കത്ത് കോൺട്രിബ്യൂട്ട് ചെയ്യണമെന്നാണ് അർത്ഥം. അതിന് വക്കീലൻമാർക്ക് ബുദ്ധിമുട്ടുണ്ടാകും. അതാണ് അതിനകത്തെ പ്രശ്നം. അതുകൊണ്ട് ഗവൺമെന്റിന്റെ ഒരു കോൺട്രിബ്യൂഷൻ വയ്ക്കുന്നത് നല്ലതായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. മാത്യൂ ടി. തോമസ്: സർ, വക്കീലൻമാരുടെ ക്ലാർക്കുമാരെക്കുറി ച്ചാണ് നമ്മൾ സംസാരിക്കുന്നത്. പലപ്പോഴും വക്കീലൻമാരെ ചില കാര്യത്തി ലെങ്കിലും കുഴപ്പത്തിലാക്കുന്നത് ഈ ക്ലാർക്കുമാർ തന്നെയാണ്. അവധി ശരി യായി രേഖപ്പെടുത്താതിരിക്കുക, കോടതിയിൽ ഫയൽ ചെയ്യേണ്ട അഫിഡ വിറ്റ് യഥാസമയം ഫയൽ ചെയ്യാതിരിക്കുക, ഇതിന്റെ ഉത്തരവാദിത്വങ്ങൾ മുഴുവൻ ഏറ്റെടുക്കേണ്ടിവരുന്നത് വക്കീലൻമാരാണ്. അതുകൊണ്ട് വക്കീ ലൻമാരുടെ ക്ലാർക്കുമാരുടെ ക്ഷേമനിധി കൊണ്ടുവരുന്നതോടൊപ്പംതന്നെ

അവരുടെ പ്രതിബദ്ധത സംബന്ധിച്ച് നിർവ്വചിച്ച് വ്യവസ്ഥ ചെയ്യുന്നതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, വക്കീൽഗുമസ്തൻമാരെ നിയമിക്കുമ്പോൾ ആലോചിക്കണം. അവർ ശരിയായ രീതിയിലാണോ കാര്യങ്ങൾ നടത്തുന്നത് എന്നത് ഒരു നല്ല വക്കീലിന് മനസ്സിലാക്കാനും നന്നായി കൊണ്ടുപോകാനും കഴിയും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ശ്രീ. മാത്യൂ ടി. തോമസിനെ ഒരു നല്ല വക്കീലായിട്ടാണ് തിരുവല്ലയിൽ അറിയപ്പെടുന്നത് എന്നാണ് എനിക്ക് തോന്നുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നല്ല വക്കീലായതുകൊണ്ട് ഗുമസ്തൻമാർ ശ്രീ. മാത്യൂ ടി. തോമസിനെ വഴിതെറ്റിപ്പിച്ചില്ല എന്നുള്ളതല്ലേ തെളിയുന്നത്.

ശ്രീ. മാത്യൂ ടി. തോമസ്: സർ, ഞാൻ എന്റെ വ്യക്തിപരമായ അനുഭവമല്ല പറഞ്ഞത്. പല വക്കീലൻമാരും കക്ഷികളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ തടസ്സം വരുന്നത് ക്ലാർക്കുമാർ യഥാസമയം ഏൽപ്പിക്കുന്ന ജോലി ചെയ്യാത്തതുകൊണ്ടാണ്. സമയത്തിനടയ്ക്കേണ്ട കോർട്ട് ഫീസ് അടയ്ക്കാതിരിക്കുക, അപ്പീൽ സമയത്ത് ഫയൽ ചെയ്യാതിരിക്കുക, കക്ഷികൾക്ക് പരിഹരിക്കാൻ കഴിയാത്ത നഷ്ടങ്ങൾ പലപ്പോഴും ഇവരുടെ ഉഴപ്പുകൊണ്ട് ഉണ്ടാകുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, അതുപോലെ വേറൊരു കുഴപ്പവുമുണ്ട്. വക്കീലൻമാർ സമയത്ത് കേസ് ഫയൽ ചെയ്യാതിരുന്നാൽ ക്ലാർക്കിനെ കൊണ്ട് ഒരു അഫിഡവിറ്റ് കൊടുക്കും. ക്ലാർക്കിന്റെ കുഴപ്പമാണെന്ന് കോടതിയിൽ പറയും. അങ്ങനെയും ചില കാര്യങ്ങളുണ്ട്. അതുകൊണ്ട് അത്തരത്തിൽ പറയേണ്ട കാര്യമില്ല.

ശ്രീ. കെ. രാജു: സർ, അഡ്വക്കേറ്റ് ക്ലാർക്കും ജുഡീഷ്യറിയുടെ ഭാഗമാണ് എന്നുള്ളത് അംഗീകരിക്കപ്പെടണം. ഈ ബില്ലിന്റെ ഭേദഗതിയിലൂടെ അത് അംഗീകരിക്കപ്പെടാൻ കഴിയണം. ജുഡീഷ്യറി എന്നു പറയുമ്പോൾ പ്രിസൈഡിംഗ് ഓഫീസർ, വക്കീലൻമാർ, ജുഡീഷ്യറിയുമായി ബന്ധപ്പെട്ട മിനിസ്റ്റീരിയൽ സ്റ്റാഫ് അങ്ങനെ എല്ലാവരുംകൂടി അടങ്ങുന്ന വിഭാഗമാണ്. ജുഡീഷ്യറി എന്നു പറയുന്നതിന് പുറത്താണ് യഥാർത്ഥത്തിൽ അഡ്വക്കേറ്റ് ക്ലാർക്ക് എന്നുള്ളതാണ് ഇപ്പോഴത്തെ നില. അത് മാറണം. യഥാർത്ഥത്തിൽ പൊതു ജുഡീഷ്യറി ചെയ്യുന്ന ഫങ്ഷന്റെ ഭാഗം തന്നെയാണ് ഈ ക്ലാർക്കുമാരും. ഇപ്പോൾ ആ സ്റ്റാറ്റസ് അവർക്കില്ല. അങ്ങ് തന്നെ സൂചിപ്പിച്ചതുപോലെ അവർക്ക് കോടതിയിൽ വന്നാൽ ഇരിക്കാൻ സ്ഥലമില്ല, മിണ്ടാനുള്ള അവസരമില്ല. കക്ഷികളുമായുള്ള ബന്ധപ്പെടൽ മാത്രമേയുള്ളൂ. പക്ഷേ ഒരു വക്കീലിനെക്കാൾ ജോലി പലപ്പോഴും അവർ ചെയ്യുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ശ്രീ. കെ. ശിവദാസൻ നായർ വക്കീൽതന്നെ യഥാർത്ഥത്തിൽ ആഫീസിൽ ചെല്ലുന്നത് രാവിലെ 9.30-നോ 10-നോ ആയിരിക്കുമല്ലോ. എന്നാൽ അദ്ദേഹത്തിന്റെ പ്രധാന വക്കീൽഗുമസ്തൻ മിക്കവാറും 8 മണിക്ക് ആഫീസിലെത്തിയിരിക്കും. വക്കീലൻമാർ ആഫീസിൽ വരുമ്പോൾ അവരുടെ മുമ്പിൽ പല ഹർജികളും തയ്യാറാക്കി അന്നത്തെ കേസ്സുകളുമായി അവർ റെഡിയാണ്, മണിക്കൂറുകൾ നേരത്തെ അവർ വർക്കിലാണ്. അതുപോലെ നല്ല കേസ്സുള്ള വക്കീലിന്റെ ഗുമസ്തൻ എപ്പോഴാണ് വീട്ടിൽ പോകുന്നത്. മുതിർന്ന, വളരെ പ്രായമുള്ള നല്ല വിജ്ഞാനവും വിവരവുമൊക്കെയുള്ള, കമ്മിറ്റഡായ വക്കീൽ ഗുമസ്തൻമാർ രാത്രി 8-ഉം 9-ഉം മണിക്കാണ് തിരിച്ചു പോകുന്നത്. അവരുടെ ഈ സേവനം ജുഡീഷ്യറി എന്നു പറയുന്ന സംവിധാ

നത്തെ മുന്നോട്ടു നയിക്കുന്നതിൽ ഏറ്റവും പ്രധാനമാണ്. അത് കണക്കിലെടുത്തുകൊണ്ട് സർക്കാരിന്റെ ഒരു വിഹിതം, അതോടൊപ്പംതന്നെ ശ്രീ. കെ. ശിവദാസൻ നായർ എതിരാണെങ്കിലും വക്കീലൻമാരുടെ ഒരു വിഹിതം വയ്ക്കുന്നത് കൊണ്ട് ഒരു കുഴപ്പവുമില്ല. ആ ഭാഗത്തുവരുമ്പോൾ മാത്രം എന്താണ് ചിരിച്ചുമാറുന്നത് എന്നാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. കെ. രാജു ഒരു അഭിഭാഷകനാണ്. അങ്ങ് പറഞ്ഞ അവസാനഭാഗം ഒഴിച്ച് ബാക്കിയെല്ലാ ഭാഗത്തോടും എനിക്ക് യോജിപ്പാണ്. അവരെ സംബന്ധിച്ചിടത്തോളം രാവിലെ വക്കീൽ ചെല്ലുന്നതിന് മുമ്പുതന്നെ വരണം, ജോലി സമയത്തിന് ക്ലിപ്തതയില്ല, വളരെ വൈകിയാണ് തിരിച്ചുപോകേണ്ടത്. ഇക്കാര്യത്തിലൊന്നും തർക്കമില്ല. പക്ഷേ, എല്ലാ വക്കീലൻമാരും നല്ലവണ്ണം പണം വാരുന്നവരൊന്നുമല്ല. ഇക്കാര്യത്തിൽ കോൺട്രിബ്യൂഷൻ കൊടുക്കാൻ പ്രാപ്തിയുള്ള വക്കീലൻമാർ വളരെ വിരലിലെണ്ണാവുന്നവരെയുള്ളൂ. അതുകൊണ്ട് വക്കീലൻമാരെ ഇതിനകത്ത് ബന്ധിപ്പിച്ച് അവരെക്കൂടി ബാധ്യതപ്പെടുത്തുന്നത് ശരിയല്ല എന്നുള്ള കാര്യമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ജോസ് തെറ്റയിൽ: സർ, അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ കാര്യമാണ് ഇതിനകത്ത് പ്രധാനമായി പറഞ്ഞിട്ടുള്ളത്. വക്കീലൻമാരുടെ ഓഫീസുകളിൽ വർക്ക് കംപ്ലീറ്റ് ചെയ്യുന്നതിന് അനുബന്ധമായി ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ തുടങ്ങിയ സ്റ്റാഫുമുണ്ട്. ക്ലാർക്കുമാർ കോടതിയിൽ പോകുന്നു, എന്നാൽ കോടതിയിൽ പോകാതെ മറ്റു വർക്കുകളിൽ ഏർപ്പെട്ടിരിക്കുന്ന വക്കീലൻമാരുടെ ഓഫീസ് സ്റ്റാഫിനെയും ഈ പെൻഷൻ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. കെ. ശിവദാസൻ നായർ, ഇപ്പോൾത്തന്നെ 15 മിനിട്ടായി. ഇനിയും രണ്ടു ബില്ലുകളുണ്ട്.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, വക്കീൽ ഓഫീസുകളിൽ ആധുനികസാങ്കേതികവിദ്യ വന്നതോടുകൂടി ഇപ്പോൾ കൂടുതൽ സ്റ്റാഫ് വരുന്നുണ്ട്. പക്ഷേ അവർ വക്കീൽ ഗുമസ്തൻമാരെ പോലെയല്ല. ഠവല്യ മൃല ുമശറ ലാുഹീ്യലലെ. അങ്ങനെയൊരു വ്യത്യാസമുണ്ട്. എന്നു മാത്രമല്ല വക്കീൽ ഗുമസ്തൻമാർ കോടതികളിൽ പോയി കൈകാര്യം ചെയ്യുന്ന ജോലികളൊന്നും ഇവർക്കില്ല. അവർക്ക് ഓഫീസിലിരുന്നു ചെയ്യേണ്ട ജോലികൾ മാത്രമാണുള്ളത്. പക്ഷേ അവരെയും വക്കീൽ ഗുമസ്തൻമാർ എന്നുള്ള പട്ടികയിൽ ഉൾപ്പെടുത്തി ചേർക്കുന്നത് നന്നായിരിക്കും. ആ സജഷൻ പരിഗണിക്കേണ്ട വിഷയം തന്നെയാണെന്നാണ് എനിക്ക് തോന്നുന്നത്. ഒന്നുരണ്ടു കാര്യങ്ങൾകൂടി ഞാൻ സൂചിപ്പിക്കുകയാണ്. മെഡിക്ലെയിമിൽ ഇപ്പോൾ 30000 രൂപയാണ് കൊടുക്കുന്നത്. ഒരു വക്കീൽ ഗുമസ്തൻ ഐ.സി.യു.വിൽ കിടന്നെങ്കിൽ മാത്രമേ 30000 രൂപ കിട്ടുകയുള്ളൂ. ഐ.സി.യു.വിൽ അല്ലെങ്കിൽ 25000 രൂപ മാത്രമേ കിട്ടുകയുള്ളൂ. ഇത് എന്തൊരു വ്യത്യാസമാണ്, ഇത് എന്തു നിയമമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മെഡിക്ലെയിം 30000 രൂപയെന്നത് ഒരു വലിയ തുകയല്ല. ആ തുക കൊടുക്കുന്നതിന് ഇത്തരം കണ്ടീഷൻസ് വയ്ക്കുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അത് അപരിഷ്കൃതമാണ്. ഐ.സി.യു.വിൽ പോകാതിരിക്കുന്നതാണ് നല്ലത്, അവിടെ പോയിക്കഴിഞ്ഞാൽ തിരിച്ചുവരുന്നത് ചുരുക്കമാണ്. അതുകൊണ്ട് ആളുകളെ ഐ.സി.യു.വിൽ കയറ്റാതിരിക്കാൻ വേണ്ടി 30000 രൂപ മെഡിക്ലെയിം എല്ലാവർക്കും കൊടുക്കുന്ന സമ്പ്രദായമുണ്ടാക്കണം. ഡി.ജി.പി.യുടെയും

ഗവൺമെന്റ് പ്ലീഡർമാരുടെയും സ്റ്റാഫിനെ ഇപ്പോൾ റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുമാണ് കൊടുക്കുന്നത്. വക്കീൽ ഗുമസ്തൻമാരെ ഡെയ്‌ലിവേജസിൽ നിയമിച്ചുകഴിഞ്ഞാൽ ഒരു പ്രോബ്ലവുമില്ല. അവർക്ക് ശരിയായ രീതിയിൽ ഡി. ജി.പി.യെ അസിസ്റ്റ് ചെയ്യാൻ കഴിയും. റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുവ രുന്ന ഒരു സ്റ്റാഫ് കോടതിയിൽ പോയി ഡയറിയെല്ലാം പരിശോധിക്കുമോ, കേസ്സിനകത്ത് എന്ത് സഹായമാണ് അവർക്ക് ചെയ്യാൻ കഴിയുന്നത്? അതു കൊണ്ട് വക്കീൽ ഗുമസ്തൻമാരെത്തന്നെ ഡി.ജി.പി.യുടെ സ്റ്റാഫായി നിയമി ക്കുന്നതിന് അനുവദിക്കുന്ന ഒരു ഉത്തരവ് നിയമ വകുപ്പുമന്ത്രിയായ അങ്ങ യിൽ നിന്നുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഡി.ജി.പി.മാരെ ശരി യായ രീതിയിൽ കേസ് നടത്തിപ്പിൽ സഹായിക്കാനാണെങ്കിൽ റവന്യൂ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനെക്കാൾ നല്ലത് അവരുടെ ക്ലാർക്ക് തന്നെയാ ണെന്ന കാര്യത്തിൽ സംശയമില്ല. അവർക്ക് കോൺട്രാക്ട് അടിസ്ഥാന ത്തിലോ ഡെയ്‌ലിവേജസായോ നിയമനം കൊടുക്കുന്നതിനുള്ള അനുമതി നൽകുന്നത് നന്നാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾത്തന്നെ ഓർഡിനൻസിലൂടെ 3 ലക്ഷം രൂപയായി വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും അത് കൊടുത്തുതുടങ്ങിയിട്ടില്ല. ഈ നിയമം പാസ്സാക്കിയാലും ഇക്കാര്യങ്ങൾ ലഭി ക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. Inordinate delay ആണ് ഇത് കൊടുക്കുന്ന കാര്യത്തിലുണ്ടാകുന്നത് എന്ന ഒരു കാര്യംകൂടി ഈയവസരത്തിൽ ഓർമ്മിപ്പി ക്കുകയാണ്. ഭേദഗതിയിലെ പല കാര്യങ്ങളിലും, 6 രൂപ 12 രൂപയാക്കി വർദ്ധിപ്പിക്കുന്നത്, അതുപോലെ കോൺട്രിബ്യൂഷൻ 1200 രൂപ എന്നുള്ള നില യിലാക്കുന്നത്. ഇക്കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുന്നു. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. എം. ഹംസയ്ക്ക് (2 ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. എം. ഹംസ</u> : 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർക്കാരിന്റെ ബാധ്യത ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾകൊള്ളാത്തത് അസത്യമാണെങ്കിൽ പ്രിവിലേജായി കണക്കാക്കാമെന്ന് റൂളിംഗ് നൽകിയതിനെ ആദ്യമായി നന്ദി രേഖപ്പെടുത്തുകയാണ്. ഇതിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ടുകൊണ്ട് സംസാരിക്കുമ്പോൾ, ആഗോള വത്ക്കരണത്തിന്റെ ഒരു കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ക്ഷേമനിധികൾ എല്ലാംതന്നെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ മാറിമാറി വന്നതിന്റെ ഫലമായിട്ടാണ് ഇത്തരത്തിലുള്ള ഓർഡിനൻസുകളും ബില്ലുകളും കേരളത്തിൽ നടപ്പാക്കുന്നതെന്ന് അഭിമാനത്തോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. മനുഷ്യരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള വളരെ നല്ല നിയമനിർമ്മാണങ്ങൾക്ക് കേരളത്തിലെ നിയമസഭ സാക്ഷ്യം വഹിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ജീവിതസുരക്ഷിതത്വത്തിനുവേണ്ടി ഇത്തരത്തിലുള്ള ഒരു ബിൽ കൊണ്ടുവരുന്നത് തികച്ചും സന്തോഷകരമാണ്. കേരള സംസ്ഥാനത്ത് ഹൈക്കോടതിലും കീഴ്ക്കോടതിലും ഉൾപ്പെടെ 12 ലക്ഷം കേസ്സുകൾ ഓരോ കൊല്ലവും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്

എന്നാണ് കണക്കാക്കിയിട്ടുള്ളത്. ട്രിബ്യൂണലുകളായി അഞ്ച് ലക്ഷം കേസുകളും ഓരോ കൊല്ലവും കൈകാര്യം ചെയ്യുന്നുണ്ട്. ഈ 17 ലക്ഷം കേസുകൾക്കുപുറമെ പല തരത്തിലുള്ള 34 ലക്ഷത്തോളം വക്കാലത്തുക ളാണ് ഓരോ കൊല്ലവും രജിസ്റ്റർ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ 34 ലക്ഷം വക്കാലത്തുകളുടെയും പുറകിൽ അദ്ധ്വാനിക്കുന്ന ഒരു വിഭാഗമാണ് അഡ്വക്കേറ്റ് ക്ലാർക്കുമാർ. ഇത് ഇനി വർദ്ധിക്കുകയാണ് ചെയ്യുന്നത്. പുതിയ ആഗോളവത്ക്കരണത്തിന്റെ കാലഘട്ടത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധ ങ്ങൾ വഷളായി കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ വക്കാലത്തുകളുടെ എണ്ണം കൂടും. അപ്പോൾ സ്വാഭാവികമായും അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ജോലിഭാരവും വർദ്ധിക്കും. ഇത് കണ്ടുകൊണ്ടുവേണം നമുക്ക് ഈ നിയ മത്തെ സമീപിക്കാൻ എന്നാണ് ഇതുമായി ബന്ധപ്പെട്ട് ആമുഖമായി എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ആറ് ഓർഡിനൻസുകളിൽകൂടിയാണ് ഈ ഓർഡി നൻസ് പുതുക്കിയത്. 2004 മുതൽ 2013 വരെ ആറ് ഓർഡിനൻസുകൾ കാല ഹരണപ്പെട്ട് നിയമസഭയിൽ പലതും വയ്ക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇപ്പോൾ ആറാമത്തെ ഓർഡിനൻസ് നിയമസഭയിൽ വച്ചു എന്നത് ഒരു നല്ല കാര്യമാണ്. 2004 മുതൽ 2013 വരെ ആറ് ഓർഡിനൻസുകൾ പുറപ്പെടുവി ച്ചിട്ട് അവർക്ക് പെൻഷൻ 500 ഉറുപ്പിക നിശ്ചയിക്കുകയും ഓരോ കൊല്ലത്തേയ്ക്കും 10 രൂപ സർവ്വീസ് അനുസരിച്ച് പെൻഷൻ കൂട്ടുകയും ചെയ്യാൻ തീരുമാനിച്ചു. കേരളത്തിൽ ആർക്കെങ്കിലും ഒരാൾക്ക് പെൻഷൻ കൊടുക്കാൻ കഴിഞ്ഞോ എന്നുള്ള ചോദ്യത്തിന് ഇന്നുവരെ ആർക്കും കൊടു ക്കാൻ കഴിഞ്ഞില്ല എന്നതാണ്. ഇങ്ങനെ ഉത്തരം പറയുന്നത് ലജ്ജാകരമാണ്. അതുകൊണ്ട് എല്ലാവർക്കും ഉടനെ പെൻഷൻ കൊടുക്കുവാനുള്ള ഇടപെടൽ

ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് ഇതിന്റെ ഭാഗമായി അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പംതന്നെ ഓരോ കൊല്ലത്തെയും സർവ്വീസ് അനുസരിച്ച് 10 രൂപ വർദ്ധിച്ചാൽ പോരാ. 2500 രൂപയെങ്കിലും പെൻഷൻ കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഈ നിയമത്തിന്റെ ഭാഗമായി കൊണ്ടുവരണം. എന്തായാലും നിയമനിർമ്മാണം നടത്തി സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ പോകുകയാണ്. ആ സബ്ജക്ട് കമ്മിറ്റി ചർച്ച നടത്തി 2500 രൂപയെങ്കിലും പെൻഷൻ നിർദ്ദേശിക്കത്തക്ക രീതിയിലേയ്ക്ക് ഈ ബില്ല് തിരിട്ടുവരണമെന്ന അഭ്യർത്ഥനയും ഇതിന്റെ ഭാഗ മായി നടത്തുകയാണ്. മറ്റൊന്ന് ഇതിന്റെ നാലാം വകുപ്പ്, ബഹുമാനപ്പെട്ട നിയമമന്ത്രി ശ്രദ്ധിക്കുമെന്ന് വിചാരിക്കുന്നു. ഈ നിയമത്തിലെ നാലാം വകുപ്പ് കമ്മിറ്റി രൂപീകരണം സംബന്ധിച്ചുള്ളതാണ്. എന്തിനാണ് കമ്മിറ്റി യുടെ ചെയർമാൻ നമ്മുടെ ലാ സെക്രട്ടറി ആകുന്നത്. കമ്മിറ്റിയുടെ ചെയർമാൻ അഡ്വക്കേറ്റ് ക്ലാർക്കുമാരിൽ നിന്ന് മൂന്നാളുകളുണ്ടല്ലോ. രണ്ട് സംഘടനയാണ് ഇപ്പോൾ അഡ്വക്കേറ്റ് ക്ലാർക്കുമാർക്കുള്ളത്. രണ്ട് സംഘട നകളുണ്ട് എന്നകൊണ്ട് മൂന്നാള് എന്നത് അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ എണ്ണം ഭരണസമിതിയിൽ നാലാക്കണം. അപ്പോൾ രണ്ട് സംഘടനകൾക്ക് രണ്ടു വീതം കൊടുക്കാം. മാത്രമല്ല അതിൽനിന്നും ഒരാളെ ചെയർമാനാക്കിയാൽ മാത്രമേ ഈ കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമാകുകയുള്ളു. അതുകൊണ്ട് അതിനുവേണ്ടിയിട്ടുള്ള ഒരു ഭേദഗതി നിയമവകുപ്പിൽ നിന്നും ഉണ്ടാകണ മെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ നമുക്ക് ക്ഷേമനിധി കൾ കുറെയെണ്ണമുണ്ട്. 25 ക്ഷേമനിധികളാണ് ഇപ്പോൾ നിലവിലുള്ളത്. ആ 25 ക്ഷേമനിധികളിൽ 11 ക്ഷേമനിധികൾക്ക് ഇന്നുവരെ ഗ്രാന്റൊന്നും കൊടു

ത്തിട്ടില്ല. കേരള സർക്കാർ ഒരു ഗ്രാന്റും കൊടുത്തിട്ടില്ല. നിയമസഭയിലെ ചോദ്യത്തിനുള്ള ഉത്തരമാണ്. അതുപോലെ ഈ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധിക്കും ഒരു ഗ്രാന്റും കൊടുക്കാതെ നശിപ്പിക്കരുതെന്നുകൂടി ഇതിന്റെ ഭാഗമായി അഭ്യർത്ഥിക്കുകയാണ്. ക്ഷേമനിധിയും പെൻഷനും കൃത്യമായി കൊടുക്കാനുള്ള ഒരു മനസ്സ് ഇടതുപക്ഷ ജനാധിത്യ മുന്നണി ഗവൺമെന്റിനുണ്ടായിരുന്നു, അതുപോലെ ഇപ്പോഴും ഉണ്ടാകണം. കർഷത്തൊഴിലാളി പെൻഷൻ 5,45,063 പേർക്ക് കൊടുക്കാനുണ്ട്. ഈ നിയ മസഭയിൽ നൽകിയ ഉത്തരത്തിൽ ഇതിനകം തന്നെ എഴുപത്തൊന്ന് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നാനൂറ്റി ഇരുപത്തിരണ്ട് രൂപ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. അസംഘടിത തൊഴി ലാളികളുടെ റിട്ടയേർഡ് വർക്കേഴ്സിന്റെ പെൻഷൻ ഒരു കോടി അറുപ ത്തൊന്ന് ലക്ഷം രൂപ കുടിശ്ശികയാണ്. ഇത്തരത്തിലുള്ള ഒരു ആറ്റിറ്റ്യൂഡ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. അങ്ങ് ഉടനെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി ശ്രമിക്കണം. ക്ഷേമനിധിയെക്കു റിച്ച് അങ്ങ് വളരെ അന്തസ്സായി പറഞ്ഞു. ഇത് ലോക ചരിത്രത്തിലെ ഇൻഡ്യാ ചരിത്രത്തിലെ ഒരു സംഭവമാണെന്നു പറഞ്ഞു. ഈ ക്ഷേമനിധികളോട്, സാമൂഹ്യക്ഷേമ പദ്ധതികളോട് അങ്ങിൽനിന്നും വളരെ നല്ല രീതിയിലുള്ള പ്രതികരണം വേണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റു എം.എൽ.എ.മാർ പറഞ്ഞ കാര്യങ്ങൾ ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ശ്രീ. കെ. ശിവദാസൻ നായർ അവസാനം പറഞ്ഞ ഒരു കാര്യമുണ്ട്. മെഡിക്ലെയിമിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. മെഡിക്ലെയിമു

മായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്നുവർഷം ഒരു സ്വകാര്യ ഇൻഷ്വറൻസ് കമ്പനിക്കായിരുന്നു അതിന്റെ പോളിസി അടച്ചിരുന്നത്. ആദ്യത്തെ കൊല്ലം 45 ലക്ഷം രൂപ അടച്ചു. രണ്ടാമത്തെ കൊല്ലം 60 ലക്ഷം രൂപ പോളിസി എമൗണ്ടായി അടച്ചു. മൂന്നാമത്തെ കൊല്ലം 90 ലക്ഷം രൂപ അടച്ചു. മൂന്നുകൊല്ലം മെഡിക്ലെയിം കമ്പനിക്കാർക്ക് പോളിസി അടച്ചതിനുശേഷം പിന്നെ നമ്മൾ തിരുത്തി. ഇനി അടയ്ക്കേണ്ടതില്ല, ആ മെഡിക്ലെയിം ഇവിടെ ഫണ്ടിൽ നിന്ന് കൊടുക്കാമെന്ന് വച്ചു. 18 ലക്ഷം രൂപയാണ് മെഡിക്ലെയിം ആയി ചെലവായത്. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം 90 ലക്ഷം രൂപയുണ്ടായിരുന്നത് 18 ലക്ഷമായി ചുരുങ്ങി. അപ്പോൾ മെഡിക്ലെയിം രണ്ട് ലക്ഷമാക്കി കൂട്ടിക്കൂടെ? അല്ലെങ്കിൽ മൂന്നു ലക്ഷമാക്കി കൂട്ടിക്കൂടെ? ഈ 90 ലക്ഷം ഇൻഷ്വറൻസ് കമ്പനിക്കാർക്ക് കൊടുത്തിരുന്ന പണം അവിടെ ഉണ്ടല്ലോ? ഈ ഇൻഷ്വറൻസ് ഇവിടെയുള്ള അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് കൊടുത്തുകൂടെ? ആ രൂപത്തിൽ അത് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനം ബഹുമാനപ്പെട്ട നിയമമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. തീർച്ചയായും അദ്ദേഹം അത് നടപ്പാക്കുമെന്നാണ് എന്റെ പ്രതീക്ഷ. അതുപോലെ ക്ഷേമനിധിയിൽ അംഗമായി അഞ്ചുവർഷത്തിനുള്ളിൽ മരിച്ചാൽ 15,000 ഉറുപ്പികയാണ് കൊടുക്കുന്നത്. സ്ഥിരം അവശനിലയിലാണെങ്കിൽ 15000 രൂപയാണ്. ഇത് മതിയോ? 15000 രൂപകൊണ്ട് എന്താണ് ചെയ്യാൻ കഴിയുന്നത്? ഫണ്ട് കയ്യിൽ ലഭ്യമാക്കാനുള്ള സോഴ്സ് ഉള്ളപ്പോൾ നമുക്ക് അവശനിലയിലായിട്ടുള്ള ആളുകൾക്ക്, അതുപോലെ വിരമിച്ചവർക്ക് എല്ലാം ഒരു ലക്ഷം രൂപയെങ്കിലും കൊടുക്കാൻ ആവശ്യമായ രീതിയിൽ ഇത് മാറ്റേണ്ടതു

ണ്ട്. അതുപോലെ ഭവന വായ്പ, വിദ്യാഭ്യാസ വായ്പ തുടങ്ങിയ കാര്യങ്ങളിലും നമ്മൾ വേണ്ട രൂപത്തിൽ കാലോചിതമായിട്ടുള്ള മാറ്റം വരുത്തേണ്ടതുണ്ട്.

മറ്റൊന്ന് ക്ഷേമപദ്ധതിയുടെ ഭരണച്ചുമതല സ്തംഭിപ്പിക്കാനുള്ള വ്യവസ്ഥകൾ ഈ നിയമത്തിലുണ്ട്. ഒരു ക്ഷേമനിധി ബോർഡിന്റെ ദൈനംദിനച്ചെലവിന് 5000 രൂപവരെ ചെലവഴിക്കാനെ സെക്രട്ടറിക്ക് അധികാരമുള്ളൂ. അതിലപ്പുറം ചെലവഴിക്കണമെങ്കിൽ ചെയർമാനെ കാണണം. ലാ സെക്രട്ടറിയാണ് ചെയർമാൻ. അദ്ദേഹത്തിനുമാത്രമേ ഇതിനുള്ള അധികാരമുള്ളൂ എന്നുപറഞ്ഞാൽ ഈ ക്ഷേമനിധിക്ക് ഒരിഞ്ച് പ്രവർത്തിക്കാൻ കഴിയില്ല എന്നല്ലേ അർത്ഥം. അതുകൊണ്ട് ദൈനംദിന പ്രവർത്തനങ്ങളുടെ ചെലവ് വഹിക്കുന്നതിനുള്ള അനുവാദം കമ്മിറ്റിക്ക് കൊടുക്കത്തക്ക രീതിയിൽ ഈ നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതുപോലെതന്നെ നമ്മുടെ ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പ്, കോർട്ട് ഫീ സ്റ്റാമ്പ് എന്നിവയുണ്ട്. ലീഗൽ ബെനിഫിറ്റ് ഫണ്ടാണ് ഇതിന്റെ പ്രധാനപ്പെട്ട വരുമാനം. അത് 6 ഉറുപ്പികയാണ് വില. ഗവൺമെന്റ് പ്രസ്സിലാണ് ആ സ്റ്റാമ്പ് അടിക്കേണ്ടത്. ഗവൺമെന്റ് പ്രസ്സിൽ 6 ഉറുപ്പികയുടെ ഒരു സ്റ്റാമ്പ് അച്ചടിക്കാൻ അതിൽക്കൂടുതൽ രൂപ ചെലവാകുന്നുണ്ട്. അപ്പോൾ 6 ഉറുപ്പികയുടെ സ്റ്റാമ്പ് അച്ചടിച്ചിട്ട് ഒരു കാര്യവുമില്ല. ഒരു സ്റ്റാമ്പിന് 50 ഉറുപ്പികയെങ്കിലും ആക്കിയാൽ വരുമാനമുണ്ടാക്കാം. അങ്ങനെ ഇൻകം ക്രീയേറ്റ് ചെയ്യുമ്പോൾതന്നെ ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പും കോർട്ട് ഫീ സ്റ്റാമ്പും തമ്മിലുള്ള വ്യത്യാസമില്ലാതെ ഇൻകം ചോർന്നുപോകുന്ന അവസ്ഥയുണ്ട്. അതിന് എന്തെങ്കിലുമൊരു സംവിധാനവും ഇതിന്റെ ഭാഗമായികാണേണ്ടതുണ്ട്. ലീഗൽ ബെനി

ഫിറ്റ് ഫണ്ടിന്റെ സ്റ്റാമ്പും അതുപോലെതന്നെ കോർട്ട് ഫീ സ്റ്റാമ്പും തമ്മിലുള്ള വ്യത്യാസം പെട്ടെന്ന് മനസ്സിലാക്കാതെ, ഇത് തിരിച്ചറിയാതെ പോകുന്ന അവസ്ഥവഴി ഇവിടേയ്ക്ക് വരേണ്ട ഫണ്ട് വഴിതെറ്റിപ്പോകുന്ന സ്ഥിതിയും വരുന്നുണ്ട്. അതിനും പരിഹാരം കാണണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഏറെ നീണ്ട ഒരു സംസാരം ഇതിന്റെ ഭാഗമായി നടത്തുന്നില്ല. 5500 പേരെ ഈ ക്ഷേമനിധിയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ഗവൺമെന്റിന്റെ ഖജനാവിൽനിന്നും ഫണ്ട് നൽകണമെന്ന് അങ്ങയുടെതന്നെ വകുപ്പിൽ പറയുന്നുണ്ട്. അങ്ങയുടെതന്നെ ഈ നിയമനിർമ്മാണ ഉദ്ദേശ്യലക്ഷ്യങ്ങളുടെ കാര്യത്തിൽ പറയുന്നുണ്ട്. അതിന് പണം നൽകണം. അതിനാവശ്യമായ ഫണ്ട് കണ്ടെത്തണം. അങ്ങനെ ഇവിടെ 25 ക്ഷേമനിധികൾക്കും ഗ്രാന്റ് നൽകുന്നതുപോലെ ഈ ക്ഷേമനിധിക്കും ഗ്രാന്റ് കൊടുക്കാനുള്ള മനസ്സുകൂടി കാണിക്കണമെന്ന് ... ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ക്ഷേമനിധി നിയമത്തിൽ പെൻഷൻ നൽകാൻ മാത്രമേ വ്യവസ്ഥയുള്ളൂ. ഒരു പ്രത്യേക ഫണ്ട് ഉണ്ടാക്കിയാണ് പെൻഷൻ കൊടുക്കുന്നത്. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ വിഹിതം 400 രൂപയിൽനിന്നും 1200 രൂപയാക്കിയതും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നുള്ള വിഹിതം 20 ശതമാനമെന്നുള്ളത് 30 ശതമാനമാക്കിയതും സ്റ്റാമ്പിന്റെ മൂല്യം 6 രൂപയിൽ നിന്ന് 12 രൂപയാക്കിയതുമെല്ലാം ആ ഫണ്ട് ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. ആ ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നത്. ശ്രീ. എം. ഹംസ ഒരു തെറ്റിദ്ധാരണയുണ്ടാക്കി. സഞ്ചിതനിധിയിൽനിന്നും ഒരു രൂപയും നമ്മൾ

എടുക്കുന്നില്ല. ഈ നിധിയിൽനിന്നുമാണ് പെൻഷൻ കൊടുക്കുന്നത്. ഈ നിധിയിലേയ്ക്ക് വർദ്ധിപ്പിച്ച കോൺട്രിബ്യൂഷനും മറ്റുമുപയോഗിച്ച് പെൻഷൻ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ വിഹിതത്തിനുതുല്യമായ തുക സർക്കാർ അടയ്ക്കുമെന്ന് സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ഷനിൽ ഒരിടത്തും പറഞ്ഞിട്ടില്ല. പറയാത്ത ഒരുകാര്യമാണ് ശ്രീ. എം. ഹംസ പറയുന്നത്. അതുകൊണ്ട് സഞ്ചിതനിധിയിൽനിന്നും രൂപ കൊടുക്കുന്നതിന് യാതൊരു ഒബ്ലിഗേഷനും ഈ ബില്ലിനകത്തില്ല. ബില്ലിലെ മൂന്നാം ഖണ്ഡികയാണ് ശ്രീ. എം. ഹംസ വായിച്ചത്. ഈ ക്ലോസ് പ്രകാരം അംഗങ്ങളുടെ അംശാദായം 1200 രൂപയായി വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നത്. എന്നാൽ അംഗങ്ങളുടെ അംശാദായത്തിനനുസരിച്ച് സർക്കാർ കോൺട്രിബ്യൂഷൻ നടത്താൻ ഈ ആക്ടിൽ വ്യവസ്ഥയില്ല. അംഗങ്ങളുടെ കോൺട്രിബ്യൂഷന് ആനുപാതികമായി സർക്കാർ കോൺട്രിബ്യൂഷൻ ഇല്ലാത്തതിനാൽ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ചെലവ് വരുമെന്നുള്ള വാദം അടിസ്ഥാനരഹിതമാണ്. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നുമാത്രമുള്ള വിഹിതമേ ഇതിനകത്തുള്ളൂ. ഗവൺമെന്റിനെ സംബന്ധിച്ച് വേറെ ചെലവുകളില്ല. അതുകൊണ്ട് സഞ്ചിതനിധിയിൽനിന്നും ഒരുപൈസപോലും നമുക്ക് ചെലവുവരുന്നില്ല. അതുപോലെ ശ്രീ. പി. തിലോത്തമൻ, നിരാകരണ പ്രമേയമാണ് അവതരിപ്പിച്ചത്. ഭരണഘടനയുടെ 213-ാം അനുച്ഛേദമനുസരിച്ച് ഗവർണ്ണർ പുറപ്പെടുവിക്കുന്ന ഒരു ഓർഡിനൻസ് നിരാകരിക്കപ്പെട്ടാൽ ഓർഡിനൻസുതന്നെ ഇല്ലാതാകുകയാണ്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസാണ്. ഇടതുപക്ഷ മെമ്പറായ ശ്രീ. പി. തിലോത്തമൻതന്നെ ഈ ഓർഡിനൻസ് നിരാകരിക്കണ

മെന്നുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്നത് ഉചിതമാണോ എന്ന് ആലോചിക്കേണ്ടതാണ്. പിന്നെ അദ്ദേഹം പറഞ്ഞത് ഭവന-വിദ്യാഭ്യാസ വായ്പകൾ ഇതിൽ വേണമെന്നാണ്. എല്ലാംകൂടി ഇതിൽകൊണ്ടുവരാൻ കഴിയുമോ; അവർക്കൊരു പെൻഷൻ ലഭിക്കുന്നു. ആ തുക അവർക്ക് ചെലവ് ചെയ്യാം. ഭവന വായ്പയ്ക്കും വിദ്യാഭ്യാസ വായ് പയ്ക്കും ഗവൺമെന്റിന് പ്രത്യേക സ്കീമുകളുണ്ട്. ആ സ്കീമുകളിൽനിന്ന് ഭവന-വിദ്യാഭ്യാസ വായ്പകൾ എടുക്കാം. അല്ലാതെ എല്ലാ പദ്ധതികളും ഈ പെൻഷൻ സ്കീമിൽ കൊണ്ടുവന്നിട്ടില്ല. ഒന്നുമില്ലാതിരുന്ന ഒരു സാഹചര്യ ത്തിൽ അവർക്കൊരാശ്വാസത്തിനുവേണ്ടി ഒരു പെൻഷൻ സ്കീം കൊണ്ടുവ ന്നതാണ്. 600 രൂപ ലഭിച്ചാൽ അത്രയും ആയി. ഈ തുക അത്ര ചെറുതായി നമ്മൾ കാണേണ്ട. ഈ തുക നിശ്ചയിച്ചത് ആരാണ്? ഈ തുക നിശ്ചയിച്ചത് ഞാനല്ല. 2003-ൽ ഈ ബില്ലുകൊണ്ടുവന്ന് നിയമമാക്കിയപ്പോൾ അന്ന് നിയമമന്ത്രിയായിരുന്ന ഞാൻ ആ നിയമം പൈലറ്റ് ചെയ്ത് നിയമമാക്കിയ പ്പോൾ പെൻഷന് മാനദണ്ഡമില്ലായിരുന്നുവെന്ന് ഞാൻ പറഞ്ഞു. പക്ഷെ മാനദണ്ഡമുണ്ടാക്കി പെൻഷൻ നിശ്ചയിച്ചതും തുക നിശ്ചയിച്ചതും എൽ.ഡി. എഫ് ഗവൺമെന്റാണ്. ആ തുക കുറഞ്ഞുപോയിയെന്ന് ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. ഏതായാലും ഞാൻ അക്കാര്യത്തിൽ കുറ്റപ്പെടുത്തുന്നില്ല. നമുക്ക് വലിയ തുക വച്ചാൽ കോൺട്രിബ്യൂഷൻ വർദ്ധിപ്പിക്കേണ്ടതായി വരും. വലിയ തുക പെൻഷനായി ഫിക്സ് ചെയ്യാം. അപ്പോൾ ക്ലാർക്കുമാരുടെ കോൺട്രിബ്യൂഷൻ കൂട്ടേണ്ടതായി വരും. അത്രയും വലിയ തുക കോൺട്രി ബ്യൂഷനായി നൽകാനുള്ള സാമ്പത്തികസ്ഥിതി ക്ലാർക്കുമാർക്കുണ്ടോ; അപ്പോൾ അവരുടെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്തുകൊണ്ടു

വേണം കോൺട്രിബ്യൂഷൻ നിശ്ചയിക്കാൻ. അതുകൊണ്ട് എനിക്ക് തോന്നുന്നത് 1200 രൂപ എന്നുള്ളത് കൂടുതൽ ഉയർത്തുന്നത് ശരിയല്ല. അതിൽനിന്നും ലഭിക്കാവുന്ന പെൻഷനാണ് ഇവിടെ വച്ചിരിക്കുന്നത്. ഇപ്പോൾ ഈ ബില്ല് പാസാകട്ടെ. ഈ ബില്ല് പാസ്സായിക്കഴിഞ്ഞാൽ തുക നമുക്ക് വർദ്ധിപ്പിക്കാൻ പല ഓപ്പർച്യൂണിറ്റികളുമുണ്ട്. ഗവൺമെന്റിന് വേണമെങ്കിൽ കാലാകാലങ്ങളിൽ കൂട്ടിക്കൊടുക്കാനുള്ള ഓപ്പർച്യൂണിറ്റീസ് വരുന്നുണ്ട്. അപ്പോൾ നമുക്ക് ഇത്തരം കാര്യങ്ങൾ ആലോചിക്കാം. ഇപ്പോൾ നമുക്ക് 600 രൂപ എന്നുള്ളത് കൂട്ടി നിശ്ചയിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. അഡ്വക്കേറ്റ്സ് ഇതിലേയ്ക്ക് കോൺട്രിബ്യൂട്ട് ചെയ്യണമെന്ന് പറഞ്ഞു. യഥാർത്ഥത്തിൽ അഡ്വക്കേറ്റുമാരുടെ കീഴിൽ വേതനം പറ്റുന്നവരല്ല ഈ ക്ലാർക്കുമാർ. കക്ഷികളുടെ ആളാണ് ക്ലാർക്കുമാർ. കക്ഷികൾക്കുവേണ്ടി ഒരു അഡ്വക്കേറ്റിന് കേസ് കൊടുക്കുന്നവരാണ്. വലിയ ലായേഴ്സ് ഫേമുകളിൽ അവിടെയുള്ള സ്റ്റാഫിന് അവർ ശമ്പളം നൽകുന്നുണ്ട്. അതൊഴികെ കേരളത്തിലെ 99 ശതമാനം വക്കീലന്മാരും വേതനം നൽകി ക്ളാർക്കുമാരെ നിയമിക്കുന്നില്ല. കക്ഷികളാണ് ക്ലാർക്കുമാർക്ക് പ്രതിഫലം കൊടുക്കുന്നത്. അതുകൊണ്ട് എംപ്ലോയർ-എംപ്ലോയീ റിലേഷൻഷിപ്പ് ഇവിടെ ഇല്ലാത്തതുകൊണ്ട് വക്കീലന്മാർ ഈ സ്കീമിലേയ്ക്ക് കോൺട്രിബ്യൂട്ട് ചെയ്യണമെന്നുള്ള വാദം യുക്തിസഹമാണോ എന്നെനിക്കറിയില്ല. അഡ്വക്കേറ്റുമാർക്ക് 1980-ൽ ക്ഷേമനിധി ഏർപ്പെടുത്തിയപ്പോൾ വക്കീൽ ഗുമസ്ഥന്മാർക്കും ക്ഷേമനിധി എന്ന ആശയം വന്നു. അന്നവർക്ക് ഒരു ഇൻഷ്വറൻസ് സ്കീം കൊണ്ടുവന്നിരുന്നു. 10 രൂപ പ്രതിമാസമടച്ചാൽ ഗുമസ്ഥന്മാർ റിട്ടയർ ചെയ്യുമ്പോൾ

10000 രൂപ അവർക്ക് ലഭിക്കുന്ന ഒരു വ്യവസ്ഥയുണ്ടായിരുന്നു. ആ ഇൻഷ്വറൻസ് സ്കീമിന്റെ തുകയിപ്പോൾ ഈ ക്ഷേമനിധിയിൽ ചേർക്കാൻ ആക്ടിലെ 26–ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ ശ്രീ. എം. ഹംസ പറഞ്ഞു, 2004 ൽ ഓർഡിനൻസ് പുറപ്പെടുവിച്ചുവെന്ന്. അത് ശരിയല്ല ഭേദഗതി ഓർഡിനൻസ് 2010–ൽ ആണ് പുറപ്പെടുവിച്ചത്. ഇപ്പോൾ കമ്മിറ്റി അംഗങ്ങളുടെ കോമ്പോസിഷനും കമ്മിറ്റിയുടെ ചെയർമാനേയും സംബന്ധിച്ച വ്യവസ്ഥ ഈ ബില്ലിലില്ല. അതുകൊണ്ട് ശ്രീ. എം. ഹംസയുടെ നിർദ്ദേശമിപ്പോൾ പരിശോധിക്കാൻ കഴിയില്ല. മെഡിക്ലെയിം ഏർപ്പെടുത്തിയതും നിർത്തലാക്കിയതും എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഇപ്പോൾ ഗവൺമെന്റ് ജീവനക്കാർക്ക് ലഭിക്കുന്ന തരത്തിലുള്ള ബെനിഫിറ്റാണ് ക്ലാർക്കുമാർക്ക് നലകുന്നത്. എന്തായാലും ഇവിടെ നല്ല നിർദ്ദേശങ്ങൾ വരികയുണ്ടായി. എല്ലാം നമുക്ക് പരിശോധിക്കാം. ഈ നിയമം പാസ്സാകുന്നതോടുകൂടി കേരളത്തിലെ അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്ക് വലിയൊരനുഗ്രഹമാണുണ്ടാകാൻ പോകുന്നത്. ഏതായാലും നമുക്കെല്ലാവർക്കുംകൂടി ഒരുമിച്ച് വലിയ അഭിപ്രായ വ്യത്യാസമില്ലാതെ ഈ ക്ഷേമനിധി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കാമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. പി. തിലോത്തമൻ അങ്ങയുടെ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. തിലോത്തമന്റെ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................................

പ്രതികൂലിക്കുന്നവർ....................................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ....................................

പ്രതികൂലിക്കുന്നവർ....................................

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച തകഢാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iii) 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രിയ്ക്ക് 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ഷിബു ബേബി ജോൺ: സർ, 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷിബു ബേബി ജോൺ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് പുറപ്പെടുവിച്ച ഒരു ഓർഡിനൻസാണ്. അടിസ്ഥാന നിയമത്തിൽ ചെറിയ ഭേദഗതികൾ, അത് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഒന്നും മറ്റുചില പ്രത്യേക സാഹചര്യം വച്ചുകൊണ്ടുള്ള ചെറിയ മൈനറായിട്ടുള്ള അമെന്റ്മെന്റുകളാണ്. ഇതിന് വലിയ തർക്കമുണ്ടാകുമെന്ന്

തോന്നുന്നില്ല. കാരണം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തുതന്നെ അവതരിപ്പിച്ചതാണ്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കേണ്ടതില്ല. ഇത് സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജി.എസ്. ജയലാലിന് 2013-ലെ ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു കൊണ്ട് സംസാരിക്കാവുന്നതാണ്.

Shri G.S. Jayalal : I move that- "This resolves to disapprove The Kerala Headload Workers' (Amendment) Ordinance, 2013 (Ordinance No. 12 of 2013)". ഈ നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ അത് കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്ന രീതിയിലേയ്ക്ക് ക്ഷേമം ഉറപ്പാക്കുന്ന ഒരു ബില്ലാക്കി മാറ്റണമെന്നാണ് എന്റെ അഭിപ്രായം. വളരെയേറെ കഷ്ടതയനുഭവിക്കുന്ന ഒരു വിഭാഗമാണ് ചുമട്ടുതൊഴിലാളി. നമ്മുടെ സംസ്ഥാനത്ത് മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഈ ബില്ലിൽ പറയുന്നതുപോലെ, അവരുടെ ജീവിതം സംരക്ഷിക്കുന്നതിന് ആവശ്യമായ ഒരു സുരക്ഷിതത്വം ഈ ഭേദഗതിയിലൂടെ പൂർണ്ണമായും അവർക്ക് അനുഭവിക്കാൻ കഴിയില്ല. ഇതിൽ മൂന്ന് വിഭാഗം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. വിവിധ പ്രശ്നങ്ങളാണ് ഈ വിഭാഗം തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്നത്. ഈ മൂന്ന് വിഭാഗം തൊഴിലാളികൾക്കും ഒരുപോലെ ആനുകൂല്യം ലഭ്യമാകുന്ന തരത്തിലുള്ള ഒരു സിസ്റ്റമില്ല. പട്ടണങ്ങളിൽ ഒരു ആളിന്റെ കീഴിൽ പണിയെടു

ക്കാത്ത അൺ അറ്റാച്ച്ഡ് ലേബേഴ്സ് എന്ന് പറയുന്ന വിഭാഗവും അതുപോലെതന്നെ ഒരു ഉടമയുടെ കീഴിൽ പണിയെടുക്കുന്ന അറ്റാച്ച്ഡ് ലേബേഴ്സ് എന്ന് പറയുന്ന ഒരു വിഭാഗവും സ്കാറ്റേഡ് തൊഴിലാളികളുമായിട്ടുള്ള മൂന്നു വിഭാഗവുമായി മൂന്നുലക്ഷത്തിലധികം വരുന്ന തൊഴിലാളികളാണ് പണിയെടുക്കുന്നത്. ഇപ്പോൾ ചുമട്ടുതൊഴിലാളികളുടെ നോക്കുകൂലി പ്രശ്നവുമായി ബന്ധപ്പെട്ട് അവരെ ഗുണ്ടാ ആക്ടിൽപ്പെടുത്തണമെന്ന രീതിയിലുള്ള ചർച്ചകൾ നടക്കുന്ന ഒരു സന്ദർഭം ഓർക്കാതിരിക്കാൻ കഴിയുന്നില്ല. വളരെ വ്യക്തമായി ഈ തൊഴിലാളികളെ സംരക്ഷിക്കേണ്ട ബാധ്യതയാണ് ഇന്ന് ഗവൺമെന്റിന്റെ മുന്നിൽ വന്നിരിക്കുന്നത്. ഇതിനുവേണ്ടി നടപ്പിലാക്കാൻ പരിശ്രമിച്ചിട്ടുള്ള ക്ഷേമപ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ, അതിൽ ഗവൺമെന്റ് വേണ്ടത്ര രീതിയിൽ ഇടപെടുന്നില്ല. സ്കാറ്റേഡ് തൊഴിലാളികളുമായി ബന്ധപ്പെട്ട് ഒരു ക്ഷേമനിധി ഇവിടെ രൂപീകരിച്ച് 1999-ൽ നിലവിൽ വരുകയും അവർക്ക് പെൻഷൻ ഉറപ്പാക്കുന്ന പദ്ധതിയൊക്കെ പ്രാവർത്തികമായെങ്കിലും ഇന്ന് ആ സ്കാറ്റേഡ് തൊഴിലാളികളുടെ പെൻഷൻ അവതാളത്തിലാണ്. ഞാൻ മനസ്സിലാക്കുന്നത്, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾ ഈ സ്കാറ്റേഡ് തൊഴിലാളികളുടെ പെൻഷൻ നൽകുന്നതിനുവേണ്ടി അഞ്ചരക്കോടി രൂപ ആ ക്ഷേമനിധി ബോർഡിന് നൽകുകയുണ്ടായി എന്നാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുരൂപ പോലും ഈ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുവേണ്ടി ലഭ്യമാക്കിയിട്ടില്ലെന്ന് മാത്രമല്ല അവരുടെ പെൻഷൻ ഇന്ന് അവതാളത്തിലായിരിക്കുന്ന ഒരു അവസ്ഥയിലുമാണ്. ഏതാണ്ട് 25,000-ത്തോളം വരുന്ന അറ്റാച്ച്ഡ് ലേബേഴ്സ് കേരളത്തിൽ പണി

യെടുക്കുമ്പോൾ അവരെ ഈ സ്കീമിന്റെ കീഴിൽ കൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. ഞാൻ മനസ്സിലാക്കുന്നത്, 1200-ലധികം തൊഴിലാളികൾ മാത്രമാണ് 25,000 തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ നിന്ന് അറ്റാച്ച്ഡ് ലേബേഴ്സ് എന്ന് വിഭാഗത്തിൽ ആ ക്ഷേമനിധി വന്നപ്പോൾ ഉണ്ടായത്. അതിന് പലവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടപ്പെടുന്നുണ്ട്. അവിടെ അറ്റാച്ച്ഡ് തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അവരെ ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് ക്ഷേമനിധിയുമായി ബന്ധപ്പെടുത്തി അവരുടെ ക്ഷേമപ്രവർത്തനം ഉറപ്പാക്കണമെന്ന നിർദ്ദേശങ്ങൾ സ്വരൂപിക്കപ്പെട്ടിട്ടുണ്ട്. മൂന്നു വിഭാഗങ്ങളിലായി പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതം വളരെ സമഗ്രമായി പഠിച്ച് അവർ ഇന്ന് നേരിടുന്ന വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സ്വരൂപിക്കേണ്ടതാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമായി ഈ തൊഴിലാളികൾ സമൂഹത്തിൽ ഉയർത്തികാട്ടുന്നത് നോക്കുകൂലി പ്രശ്നമാണ്. അത് അവർക്ക് ഒരു പീഡനമായി മാറുന്ന രീതിയാണ്. യന്ത്രവൽക്കരണംമൂലമുള്ള തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ രൂപീകരിച്ച് ആവശ്യമായ നടപടികളിലേയ്ക്ക് പോകുന്നതിന് പകരം അവർക്ക് പീഡനമായി മാറുന്ന ഒരു തരത്തിൽ അല്ലെങ്കിൽ ഗുണ്ടാ ആക്ട് ഉൾപ്പെടെ നടപ്പിലാക്കണമെന്ന് പറയുന്ന............ ഈ സമൂഹത്തെകൊണ്ട് എത്തിക്കും. അത്തരത്തിൽ ഒരു വലിയ ആശങ്ക ആ വിഭാഗം തൊഴിലാളികളുടെ ഇടയിൽ ഉണ്ടായ ഒരു ദിവസം അത് വളരെ ഗൗരവമായി ആലോചിക്കേണ്ടുന്ന ഒരു സംഗതിയാണ്. അതിനെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വർക്കല കഹാർ എം.എൽ.എ. യുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

അതിന്റെ പ്രവർത്തനങ്ങൾ ത്വരിപ്പെടുത്തണം. മിക്കവാറും സ്കാറ്റേഡ് മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ടാണ് ഇത്തരം പ്രശ്നങ്ങൾ പലപ്പോഴും ഉയർന്ന് വരാറുള്ളത്. അതുമായി ബന്ധപ്പെട്ട്, ജില്ലകൾ കേന്ദ്രീകരിച്ച് ഏകീകൃത കൂലി സംവിധാനം കൊണ്ടുവരുന്നതിനും പല ജില്ലകളിലും അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് പറയുന്നെങ്കിലും അത് വളരെ ഗൗരവമായി ആ അർത്ഥത്തിലേയ്ക്ക് സമയബബന്ധിതമായി ഈ വിഷയം പരിഹരിക്കുന്നതിനു ആവശ്യമായ താൽപ്പര്യം കാണുന്നില്ല. അതുപോലെ തന്നെ ഈ രംഗത്തെ സ്കാറ്റേർഡ് തൊഴിലാളികളുടെ ജോലിയുമായി ബന്ധപ്പെട്ട ഒരു വ്യക്തമായ പെരുമാറ്റച്ചട്ടം നമുക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ ഇത്തരം ഒരു പരസ്പര ആശങ്ക.... പട്ടണങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് ക്ഷേമനിധി ബോർഡുകളാണ് അവരുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും നിശ്ചയിക്കുന്നത്. അവിടെയൊന്നും ഈ വിഷയം വരുന്നില്ല. നാന്നൂറിലധികം പട്ടണങ്ങളിൽ വളരെ നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവിടെ ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. നാട്ടിൻപുറങ്ങളിലെ ചുമട്ടുതൊഴിലാളികൾ കഠിനമായി പണിയെടുക്കുന്നവരാണ്. 60 വയസ്സ് വരെയൊന്നും ഈ തൊഴിലാളികൾക്ക് പണിയെടുക്കാൻ കഴിയില്ല. ഇപ്പോഴത്തെ ആഹാര രീതിയും പല പ്രശ്നങ്ങളും വച്ചുനോക്കുമ്പോൾ 60 വയസ്സുവരെയൊന്നും അവർക്ക് പണിയെടുക്കാൻ കഴിയാതെ നിത്യരോഗികളായി മാറുന്ന ഒരു സാഹചര്യം ഇന്ന് നമ്മുടെ നാട്ടിൽ നിലവിലുണ്ട്. അതുകൊണ്ട് ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഏറ്റവും കഠിനമായി പണിയെടുക്കുന്ന

അവരുടെ വിരമിക്കൽ പ്രായം നിശ്ചയിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതുനുമുളള ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻസ് ഉണ്ടാകണം. ഈ പറയുന്ന ബില്ലുമായി ബന്ധപ്പെട്ട ധനകാര്യ മെമ്മോറാണ്ടത്തിൽ ഗവൺമെന്റിന് ഒരു പൈസയുടേയും ബാധ്യത വരുന്നില്ലയെന്ന് പറഞ്ഞാണ് അവസാനിപ്പിക്കുന്നത്. സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല എന്നാണ് ഈ ബില്ലിന്റെ ധനകാര്യമെമ്മോറാണ്ടത്തിൽ പറയുന്നത്. ഈ തരത്തിൽ വേറെ എവിടെനിന്നെങ്കിലും പണമുണ്ടാക്കി തൊഴിലാളികളെ സംരക്ഷിക്കണമെന്ന് പറയുന്ന രീതിയിലേയ്ക്ക് ഗവൺമെന്റ് പിന്നോട്ടു പോകുന്ന ഒരു സ്ഥിതി, ഈ ബില്ലുകൊണ്ട് തൊഴിലാളികൾക്ക് ഗുണമില്ലാത്ത ഒരു അവസ്ഥ സൃഷ്ടിക്കുമെന്നുളളതാണ് എനിക്ക് സൂചിപ്പിക്കാനുളളത്. ഈ ബില്ലിൽ മാത്രമല്ല ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനില്ലാതെ സേവന–സാമൂഹ്യ സുരക്ഷിതത്വ മേഖലകളിൽനിന്നെല്ലാം ഗവൺമെന്റ് പുറകോട്ട് പോകുന്നു. ആ ഒരു നയം മാറണം. വലിയ കഷ്ടതയനുഭവിക്കുന്ന ചുമട്ടുതൊഴിലാളികളുടെ ജീവിതം സംരക്ഷിക്കുന്നതിന് വേണ്ടിയൊരു ബിൽ ചർച്ച ചെയ്യുമ്പോൾ ജനങ്ങളെ സംരക്ഷിക്കുന്ന ജനക്ഷേമപക്ഷ സമീപനങ്ങളിലേയ്ക്ക് ഗവൺമെന്റ് പോകുന്നതിനുപകരമായി ഇന്ന് പുറകോട്ട് മാറുകയാണ്. ചുമട്ടുതൊഴിലാളി ഉൾപ്പെടെയുളള എല്ലാ വിഭാഗം ജനങ്ങളും ഇന്ന് ഇവിടെ പറയുന്നത് കുടിക്കാൻ വെളളമില്ല, കഴിക്കാൻ അരിയില്ല, സഞ്ചരിക്കാൻ ബസ്സില്ല, കറണ്ട് ഇല്ല, എന്നു പറയുന്ന രീതിയിൽ എല്ലാ മേഖലയിൽ നിന്നും ഗവൺമെന്റ്പുറകോട്ട് പോകുന്നതിന്റെ ഫലമായി രൂക്ഷമായ വിവിധ പ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ കടന്നുവരുകയാണ്. ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് സ്കാറ്റേഡ് തൊഴിലാളികൾ, അൺ അറ്റാച്ച്ഡ് ലേബേഴ്സ്, അറ്റാച്ചാഡ് ലാബേഴ്സ്, അറ്റാച്ചാഡ് ലാബേഴ്സ് മാത്ര

മാണ് ഒരു ഉടമയുടെ കീഴിൽ പണിയെടുക്കുന്നത്. ഇവരുടെയൊക്കെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് കോൺട്രിബ്യൂഷൻ അനിവാര്യമാണ്. ഈ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നതുപോലെ ഗവൺമെന്റ് അധികച്ചെലവ് ഉണ്ടാക്കുന്നതിൽ നിന്നും മാറി ഇതിതാനവശ്യമായ സഹായം നൽകി ക്ഷേമ സംവിധാനത്തെ നിലനിറുത്തണമെന്നാണ് എനിക്ക് ഈ പ്രമേയത്തിലൂടെ അവതരിപ്പിക്കാനുള്ളത്.

(ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ. സീറ്റിലില്ലാതിരുന്നതിനാൽ നിരാകരണപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ചില്ല.)

(അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. റ്റി.യു. കുരുവിള)

ശ്രീ. പി.കെ. ഗുരുദാസൻ: സർ, 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ഓർഡിനൻസിനും ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനും ഒരു ചരിത്രമുണ്ട്. ഇതിൽ രണ്ടുമൂന്ന് ക്ലാസുകളാണുള്ളതെങ്കിലും ഒരു പ്രധാനപ്പെട്ട വകുപ്പുള്ളത് കൊച്ചിൻ പോർട്ടിലെ ലോഡിംഗ്-അൺലോഡിംഗ് തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അവകാശമുണ്ടെന്നുള്ളതാണ്. 2009 മുതൽ പ്രാവർത്തികമാക്കിയതും അതിനുശേഷം 2009-ലും 2010-ലും ഓർഡിനൻസായി കൊണ്ടുവന്നിട്ടുള്ളതുമാണ്. അവിടെ കഴിഞ്ഞ നിരവധി വർഷങ്ങളായി നിലനിന്നിരുന്ന തൊഴിൽത്തർക്കങ്ങളും അവിടെ ഒരു സ്വതന്ത്ര തൊഴിലാളി സംഘടനയുടെ നേതൃത്വത്തിലുള്ള പൂതപ്പണം പിരിവ്, കവാടംകടത്ത് കൂലി തുടങ്ങിയ അക്രമങ്ങളും പോർട്ടിന്റെ പ്രവർത്തനങ്ങളെ

വളരെയധികം തടസപ്പെടുത്തുകയും കേരളത്തിന്റെ സാമ്പത്തിക ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്ന ധാരാളം സംഭവങ്ങളുണ്ടായ പശ്ചാത്തലത്തിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇടപെട്ട്, ഞാനും എന്റെ സഹപ്രവർത്തകർ ശ്രീ. എളമരം കരീമും ശ്രീ. എസ്.ശർമ്മയുംകൂടി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട തൊഴിലാളി സംഘടനകൾ എന്നിവരുമായുള്ള നിരന്തരമായ ചർച്ചകൾക്കുശേഷം ആയിരത്തിലധികംവരുന്ന തൊഴിലാളികളെ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ കൊണ്ടുവരികയും അവർക്ക് കൂലിവ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്തു. അവരുടെ കൂലി യഥാർത്ഥത്തിൽ ഇടത്തട്ടുകാരാണ് കൈക്കലാക്കിയിരുന്നത്. നമ്മുടെ കേന്ദ്ര മന്ത്രി ബഹുമാനപ്പെട്ട ശ്രീ. കെ. വി. തോമസും പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും മറ്റെല്ലാ തൊഴിലാളി നേതാക്കൻമാരും ജനപ്രതിനിധികളുമെല്ലാം സഹകരിച്ചതുകൊണ്ടാണ് അന്നത്തെ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞത്. അന്ന് ആ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയതിനുശേഷം 2011 വരെ കൊച്ചിൻ പോർട്ടുമായി ബന്ധപ്പെട്ട് വലിയ തൊഴിൽ പ്രശ്നങ്ങളൊന്നുമുണ്ടായിട്ടില്ല. അതിനുശേഷം ഡയറക്ടായി ഒരു കോൺട്രാക്ടറുടെ കീഴിൽ പണിയെടുക്കുന്ന സ്ഥിരമായി ജോലിയുള്ള തൊഴിലാളികളെന്ന നിലയിൽ അവർക്ക് ഇ.എസ്.ഐ-യുടെ ബെനിഫിറ്റ് ലഭ്യമാക്കാനാണ് ഈ വ്യവസ്ഥകൾ കൊണ്ടുവന്നത്. സ്വാഭാവികമായും വർക്ക്മെൻ കോമ്പൻസേഷൻ, (വർക്ക്മെൻ കോമ്പൻസേഷനെന്നുള്ള പേര് ഇപ്പോൾ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് എന്നാക്കി) ആക്ടിന്റെ ആനുകൂല്യങ്ങൾ അവർക്ക്

സ്വാഭാവികമായി നഷ്ടപ്പെടും. ആ നിലയ്ക്ക് ഇ.എസ്.ഐ. ആക്ട് അവിടെ ബാധകമാക്കുന്നതിനുവേണ്ടിയാണ് നിയമത്തിൽ ചില വ്യവസ്ഥകൾ കൊണ്ടു വന്നിട്ടുള്ളത്. ഞാൻ പറയാനുദ്ദേശിക്കുന്നത്, നമ്മൾ നിയമം പാസാക്കിയാൽ ആ നിയമം നടപ്പിലാവണം. നിയമം നടപ്പിലാക്കുന്നതിന് എന്താണ് ഉറപ്പ് എന്നതാണ് വിഷയം. കൊച്ചിൻ പോർട്ട് കേരളത്തിന്റെ സാമ്പത്തിക ജീവിത ത്തിന്റെ ഹൃദയഭാഗമാണ്, നട്ടെല്ലാണ്. കൊച്ചിൻ പോർട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി ബഹുമാനപ്പെട്ട ശ്രീ. കെ. ബാബുവും ശ്രീ. ഷിബു ബേബി ജോണു മൊക്കെ ഇടപെട്ട്, ഇന്നത്തെ പത്രത്തിലെ പ്രധാനപ്പെട്ട വാർത്തയാണ് രമവെലം ശിറൗേ്യ ീ വൌി ഇീരവശി ജീൃ േ. കശുവണ്ടി വ്യവസായം കൊച്ചിൻ പോർട്ടിനെ നിരാകരിക്കുകയാണ്; അത് തൂത്തുക്കുടിയിലേയ്ക്ക് പോകുകയാണ്. അപ്പോൾ കൊച്ചിൻ പോർട്ടിൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്താൻ പരിശ്രമിച്ചത് തൂത്തുക്കുടി പോലുള്ള നിരവധി പോർട്ടുകൾ കേരളത്തിലെ പോർട്ടുകളുടെ പ്രവർത്തനത്തെ സ്തംഭിപ്പി ക്കാനും നമ്മുടെ വ്യവസായം, കയറ്റിറക്കുമതി മേഖല എന്നിവയെ അവരുടെ കയറ്റിറക്കുമതി മേഖല കയ്യടക്കാനും നടത്തുന്ന കുതന്ത്രങ്ങളുടെ പശ്ചാത്തല ത്തിലാണ് വളരെ ഇച്ഛാശക്തിയോടുകൂടി അന്നത്തെ ഗവൺമെന്റ് ഇടപെട്ട് അതിന് പരിഹാരം കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവരികയും ചെയ്തത്. ഓർഡിനൻസ് ഇ.എസ്.ഐ-യുടെ മാത്രമാണ്. പക്ഷേ അടിസ്ഥാനപരമായി എല്ലാ തൊഴിലാളി സംഘടന കളും സഹകരിക്കുകയും അങ്ങനെ തൊഴിൽ സമാധാനം നേടിയെടുക്കാനും കഴിഞ്ഞു. ഇതിപ്പോൾ സംഭ്രമജനകമായ വാർത്തയാണ്. ഇത് കേരളത്തിൽ പ്രാവർത്തികമായാൽ കേരളത്തിലെ തൊഴിൽ സമാധാനം നഷ്ടപ്പെടുന്നു എന്നുമാത്രമല്ല തൊഴിലും നഷ്ടപ്പെടും. മൂന്ന് ലക്ഷം തൊഴിലാളികളുടെ

ജീവിത മാർഗ്ഗമാണ് കശുവണ്ടി വ്യവസായം. കശുവണ്ടി വ്യവസായം പ്രധാനമായും കൊല്ലം, തിരുവനന്തപുരം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലും വടക്കൻ ജില്ലകളിലുമുണ്ട്. ആ വ്യവസായത്തിന്റെ സുരക്ഷിതത്വത്തിന് അങ്ങേയറ്റം ആപൽക്കരമായ സാഹചര്യമാണ്. ഈ ആപൽക്കരമായ സാഹചര്യമൊഴിവാക്കുന്നതിനും തൊഴിലാളികളും തൊഴിലുടമകളും ഗവൺമെന്റും തമ്മിലുള്ള ബന്ധം സുദൃഢമാക്കാനും സൗഹാർദ്ദപരമാക്കാനും കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പരിശ്രമിച്ചതിന്റെ ഫലമായി ഐ.എൻ.റ്റി.യു.സി–യ്ക്കോ ശ്രീ. വർക്കല കഹാറിനോ അല്ലെങ്കിൽ ബി.എം.എസ്–നോ മറ്റേതെങ്കിലും തൊഴിലാളി സംഘടനയ്ക്കോ ഒരഭിപ്രായ വ്യത്യാസവുമില്ലാതെ എല്ലാവരും സഹകരിച്ച് അഞ്ച് വർഷക്കാലം കേരളത്തിലെ തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കാനും തൊഴിൽ സമാധാനം കാത്തുസൂക്ഷിക്കാനും കഴിഞ്ഞു എന്നുള്ളത് അങ്ങേയറ്റം സന്തോഷകരമായ വസ്തുതയാണ്. എല്ലാവരെയും സഹകരിപ്പിക്കുകയും എല്ലാവരുടെയും സഹകരണത്തോടുകൂടി ഇതെല്ലാം നടപ്പിലാക്കുകയുമാണ് ചെയ്തത്. 2002–ൽ ചുമട്ടുതൊഴിലാളികൾക്കെതിരായി കേരളത്തിൽ ഒരു നിയമം കൊണ്ടുവന്നു. ആ നിയമത്തെ കരി നിയമം എന്നാണ് ഞങ്ങൾ വിശേഷിപ്പിച്ചത്. അന്ന് ശ്രീ. സി. ദിവാകരനോ ഞാനോ അസംബ്ലിയിലെ മെമ്പർമാരല്ല. 2002–ൽ കരിനിയമം

കൊണ്ടുവന്നപ്പോൾ ആ നിയമത്തിന്റെ പേര് പിടിച്ചുപറിക്കാരും കവർച്ചക്കാരുമെന്നാണ് (extortion and intimidation). പിടിച്ചുപറിയും കൂട്ടക്കവർച്ചയും നടത്തുന്നവരാണ് കേരളത്തിലെ ചുമട്ടുതൊഴിലാളികൾ എന്ന് വിശേഷിപ്പിച്ചുകൊണ്ട് 2002 മെയ് മാസം 2–ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

9 മന്ത്രിമാരും കൂടി ഒരു യോഗം വിളിച്ചുകൂട്ടി അതിന്റെ കരട് ചർച്ച ചെയ്തു. അന്ന് ഞങ്ങൾ അതിനെ നിശിതമായി എതിർത്തു. ഇടതുപക്ഷ തൊഴിലാളി സംഘടനകൾ മാത്രമല്ല, ഐ. എൻ. റ്റി. യു. സി.–യും ബി. എം. എസ്.–ഉം അടക്കമുളളവർ എതിർത്തു. അന്ന് ശ്രീ. ബാബു ദിവാകരനായിരുന്നു മന്ത്രി. 2002 ആഗസ്റ്റ് മാസമായപ്പോൾ കരിനിയമം കേരള നിയമസഭ ഭൂരിപക്ഷ ത്തോടെ പാസ്സാക്കി. ആ കരിനിയമം പാസ്സാക്കിയപ്പോൾ അന്നത്തെ പ്രതി പക്ഷം ആ കരിനിയമം വലിച്ചുകീറി പ്രതിഷേധം പ്രകടിപ്പിച്ചതാണ്. പക്ഷേ, ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2008–ൽ ആ നിയമം റദ്ദ് ചെയ്ത് പുതിയ നിയമം കൊണ്ടുവന്നു. അന്ന് പറഞ്ഞിരുന്ന വാദഗതി, വീട്ടാവശ്യങ്ങൾക്കുള്ള ജോലി ചെയ്യാനുള്ള അവകാശം നിലവിലുള്ള നിയമത്തിൽ നിഷേധിക്കുകയാണെന്നാണ്. കൂടാതെ നോക്കുകൂലി തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും പറഞ്ഞു. നോക്കു കൂലി ഞങ്ങളാരും അംഗീകരിക്കുന്നില്ല, നഖശിഖാന്തം എതിർക്കുകയാണ്. ചുമട്ടുതൊഴിലാളികൾ മാത്രമല്ല, പലരും നോക്കുകൂലി സമ്പ്രദായം ഏർപ്പെടു ത്തുന്നുണ്ട്. തൊഴിലാളി മേഖലയിൽ മാത്രമല്ല പ്രൊഫഷണലുകളായിട്ടുള്ള ആളുകളും നോക്കുകൂലിയും കൈക്കൂലിയും വാങ്ങുവന്നവരും റിയൽ എസ്റ്റേറ്റ് പോലുള്ള നിരവധി വിഭാഗങ്ങളുമുണ്ട്. തൊഴിലാളികൾ മാത്രമാണ് എല്ലാത്തിനും കുഴപ്പക്കാർ എന്ന നിലയിൽ നോക്കുകൂലി എന്ന പേരിൽ തൊഴിലാളികളെ ആപേക്ഷിക്കുന്ന സമ്പ്രദായമാണ്. അതെല്ലാം ചർച്ച ചെയ്ത് എല്ലാ തൊഴിലാളി സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളു ടെയും സഹകരണത്തോടെ 2008–ൽ ഞങ്ങളത് റിപ്പീൽ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമം കൊണ്ടുവരികയും ചെയ്തു.

വീട്ടാവശ്യത്തിനുള്ള കയറ്റിറക്ക് സംബന്ധിച്ച് വളരെ വ്യക്തമായ ഡെഫനിഷൻസ് തന്നെ കൊടുത്തു. ഒരു ബിൽ കൂടി ചർച്ച ചെയ്ത് പാസ്സാക്കേണ്ടതുകൊണ്ട് ഞാനത് വായിക്കുന്നില്ല. നോക്കുകൂലി സംബന്ധിച്ച് നിരവധി വിഷയങ്ങളുണ്ടായിരുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ വെജിറ്റബിൾ മാർക്കറ്റ് ഉൾപ്പെടെയുള്ള ചില പ്രത്യേക സ്ഥലങ്ങളിൽ നേരത്തേ ചുമട്ടുതൊഴിലാളി നിയമം ബാധകമായിരുന്നില്ല. ഇനി മുതൽ അത്തരം സ്ഥലങ്ങളിൽ കൂടി ഈ നിയമം ബാധകമാക്കുമെന്ന് അങ്ങ് തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന സമയത്ത് ഒരു പ്രഖ്യാപനമുണ്ടായി. എന്നാൽ അന്നത്തെ കാലത്ത് അത് നടപ്പിലാക്കാത്തതിനുള്ള കാരണമെന്താണെന്ന് അങ്ങ് വിശദീകരിക്കുമോ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ഏതെല്ലാം സ്ഥലങ്ങളിൽ ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കിയെന്ന് കൃത്യമായി പറയാൻ കഴിയില്ല. ഞാൻ മന്ത്രിയല്ല, പ്രതിപക്ഷത്തുള്ള എം.എൽ.എ.-യും സാധാരണ തൊഴിലാളി പ്രവർത്തകനുമാണ്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഏതെല്ലാം സ്ഥലങ്ങളിൽ വ്യാപിപ്പിച്ചിട്ടുണ്ട്? സംസ്ഥാനത്താകെ വ്യാപിപ്പിച്ചിട്ടില്ല. ലോക്കൽ കമ്മിറ്റികളുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ 2002-ലെ കരിനിയമം റിപ്പീൽ ചെയ്തുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള 2008-ലെ ചുമട്ടുതൊഴിലാളി നിയമം അന്ന് കേരളത്തിലെ കോൺഫഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയുടെ പ്രതിനിധികളുമായും തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് ഐകകണ്ഠേനയാണ് നിയമം പാസ്സാക്കിയത്. 2002-ൽ ശ്രീ. വി. ഡി. സതീശനും

ശ്രീ. വർക്കല കഹാറും ഉൾപ്പെടെയുള്ളവർ അനുകൂലിച്ചാണ് ആ നിയമം പാസ്സാക്കിയത്. നിങ്ങളെപ്പോലെയല്ല ഞങ്ങൾ. ആ നിയമം ഞങ്ങൾ ഏകകണ്ഠമായി പാസ്സാക്കിയതാണ്. അതിനുശേഷം കോൺഫഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി ഈ നിയമം പാസ്സാക്കിയതിനെ അനുമോദിച്ചുകൊണ്ട് എനിക്ക് കത്തെഴുതുകയും ചെയ്തു. ഈ നിലയ്ക്ക് എല്ലാവർക്കും സ്വീകാര്യമായിട്ടുള്ള ചുമട്ടുതൊഴിലാളികൾ നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ്. അവരെ അച്ചടക്കത്തിനുവിധേയമാക്കി, സമൂഹത്തിന്റെ ഭാഗമാക്കി, അവർ ശിക്ഷിക്കപ്പെടേണ്ടവരല്ല, സമൂഹത്തിൽ മഹത്തായ സംഭാവന ചെയ്യുന്നവരാണെന്ന നിലയിൽ അവരെ ഉയർത്തിക്കൊണ്ടുവരുന്ന നിലപാടാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ ഞാൻ പറയുന്നത് 2008-ൽ പാസ്സാക്കിയിട്ടുള്ള നിയമത്തെ അട്ടിമറിക്കാൻ വേണ്ടി ശ്രീ. ബാബു ദിവാകരനെ പോലെ, എന്നെക്കാൾ പ്രായം കുറഞ്ഞ പ്രിയപ്പെട്ട സുഹൃത്തും എനിക്ക് വളരെ ബഹുമാനമുള്ള ആളിന്റെ പ്രിയപുത്രനുമായ മന്ത്രി ഷിബു ബേബിജോൺ പുതിയ വ്യവസ്ഥകൾ കൊണ്ടുവരാൻ പോവുകയാണ്. 28-7-2012-ൽ ഒരു സർക്കുലർ അയച്ചിരിക്കുകയാണ്. അത് തൊഴിൽ വകുപ്പ്, ചുമട്ടുതൊഴിലാളി ഭേദഗതി ശുപാർശ എന്നാണ്. , അഭിപ്രായം ആരായുന്നതുസംബന്ധിച്ചാണ്. ഇത് കേരളത്തിൽ എല്ലാ ലേബർ ആഫീസുകളിലും അയച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ അതിനകത്ത് പറഞ്ഞിരിക്കുന്നതെന്താണ്; തൊഴിലുടമയുടെ വസ്തുവകകളിൽ അതിക്രമിച്ച് കടക്കുകയോ തൊഴിലുടമ നടത്തുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന പക്ഷം നിയമത്തിൽ വകുപ്പ് 3 പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത, വകുപ്പ് മൂന്ന് പ്രകാരം നിയമക്കിപ്പെട്ട

കൺസിലിയേഷൻ ആഫീസർക്ക് ആ തൊഴിലാളിയുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യാൻ അവകാശമുണ്ട്. അതൊരു പുതിയ കരിനിയമമാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്റ്റിന് കടകവിരുദ്ധമാണത്. ഇൻഡസ്ട്രി യൽ ഡിസ്പ്യൂട്ട് ആക്റ്റനുസരിച്ച് ഒരോ തൊഴിലാളിക്കും ഉടമയ്ക്കും അവകാ ശങ്ങളുണ്ട്. പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള സംവിധാന മുണ്ട്. ഇവിടെ ഏതൊരു തൊഴിലാളിക്കെതിരായും പ്രതികാരനടപടി സ്വീകരി ക്കാൻ തക്കവിധത്തിൽ, ഒരു തൊഴിലാളിയെ ഉടമയ്ക്ക് ഇഷ്ടമില്ലെങ്കിൽ ആ ഉടമയുടെ സ്ഥാപനത്തിൽ കയറാതിരിക്കാൻ തക്കവിധത്തിലുള്ള വ്യവസ്ഥക ളാണ് ഇതിൽ എഴുതി ചേർത്തിരിക്കുന്നത്. ഇത് സർക്കുലേറ്റ് ചെയ്തിരിക്കുക യാണ്. ഇതാണ് ശ്രീ. ബാബു ദിവാകരൻ അന്ന് തുടങ്ങിയത്. മാത്രമല്ല, അഭി പ്രായം ആരായാൻ വേണ്ടി അയച്ചിരിക്കുന്ന സർക്കുലറിനകത്ത് കേരള ചുമട്ടുതൊഴിലാളി നിയമം 1978-ലെ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം ഉണ്ടായാൽ മേൽപ്പടി ലംഘനത്തിന് നിയമപ്രകാരം മറ്റ് ശിക്ഷകളൊന്നും ബാധിക്കാത്ത പക്ഷം മൂന്ന് മാസക്കാലം തടവുശിക്ഷ ലഭിക്കുകയോ 200 രൂപ വരെ പിഴ അടക്കേണ്ടി വരികയോ അല്ലെങ്കിൽ രണ്ടും ബാധകമാക്കുകയോ ചെയ്യാവുന്നതാണ്. ഇത് കരിനിയമമാണ്. ഈ കരിനിയമം 2001-06-ലെ ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിലെ ശ്രീ. ബാബു ദിവകരന്റെ നിലവാരത്തിലേയ്ക്ക് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. ഷിബു ബേബി ജോൺ താഴരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ഒരു കാരണവശാലും തൊഴിലാളികൾ അനുവദിക്കാൻ പോകുന്നില്ല. ഇതിനെ പിച്ചിച്ചീന്താൻ കേരളത്തിലെ ചുമട്ടുതൊഴിലാളി പ്രസ്ഥാനം തയ്യാറാകും. ശ്രീ. വർക്കല കഹാറിന് അതിനെ

പ്പറ്റി അഭിപ്രായമുണ്ടോയെന്ന് എനിക്കറിയണം. ഐ.എൻ.റ്റി.യു.സി.-യുടെ അഭിപ്രായവും ഇതാണോ; ഐ.എൻ.റ്റി.യു.സി. അടക്കം എല്ലാവരും എതിർക്കേണ്ടതാണ്. പഴയ കരിനിയമം വീണ്ടും സ്ഥാപിക്കാനുള്ള മുന്നൊരുക്കങ്ങളാണ് നടത്തുന്നതെന്നുള്ള കാര്യം ഞാൻ വിനയപൂർവ്വം അറിയിക്കുകയാണ്. ഇതിനെതിരെ ശക്തമായ സമരം ഉണ്ടാകും. മാത്രമല്ല, ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ തൊഴിൽവകുപ്പ് മന്ത്രി ഒരിക്കലും തൊഴിലാളികളെ പിരിച്ചുവിടുന്ന മന്ത്രിയാകരുതെന്ന് ഞാൻ പറഞ്ഞു. തൊഴിലാളികളെ ശിക്ഷിക്കുന്ന മന്ത്രിയാകരുത്. അദ്ദേഹം അതിനെക്കുറിച്ച് എന്നോട് ചോദിക്കുകയും പ്രതികരിക്കുകയും ചെയ്തു. എനിക്കത് സന്തോഷം തന്നെയാണ്. കാരണം, ഞാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം തിരുത്തുമെങ്കിൽ നല്ലത്. പ്രശ്നമെന്താണ്? ഇവിടെ സർക്കാർ ജീവനക്കാരുടെ സമരം നടന്നു. ആ സമരത്തെ തുടർന്ന് മന്ത്രി കുറേ പേരെ സസ്പെൻഡ് ചെയ്തു. ഞാൻ അന്വേഷിച്ചപ്പോൾ റവന്യൂ വകുപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ആയിരത്തിൽ ഒരു ഭാഗമേ തൊഴിവകുപ്പിൽ ഉണ്ടാവുകയുള്ളൂ. ഞാൻ പഴയ കാര്യങ്ങൾ അന്വേഷിച്ചപ്പോൾ എന്റെ കാലത്തോ, ശ്രീ. ബാബു ദിവാകരന്റെ കാലത്തോ, ബേബി ജോണിന്റെ കാലത്തോ ശ്രീ. വി.പി. രാമകൃഷ്ണപിള്ളയുടെ കാലത്തോ, യു.ഡി.എഫ്.-ന്റെ നേതാവായ ശ്രീ. രാമകൃഷ്ണന്റെ കാലത്തോ ശ്രീ. പങ്കജാക്ഷന്റെ കാലത്തോ ചെയ്തിട്ടില്ല. ഒരിക്കലും തൊഴിൽ വകുപ്പിലെ മന്ത്രിമാർ തൊഴിലാളികളെ പിരിച്ചുവിടുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കില്ല. ഏതെങ്കിലും സമരം വന്നാൽ ജീവനക്കാരെ സസ്പെൻഡ് ചെയ്യുന്ന നിലപാട് സ്വീകരിക്കില്ല. ഇവിടെ 11 ജീവനക്കാരെ സസ്പെൻഡ് ചെയ്തു. അവസാനം

ഒരു സസ്പെൻഷൻ പിൻവലിച്ചു. ഐ.റ്റി.ഐ. ജീവനക്കാരന്റെ പേരിലുള്ള സസ്പെൻഷൻ നിലനിൽക്കുകയാണ്. ഐ.റ്റി.ഐ.-യിൽ ജീവനക്കാർ വളരെ കുറവാണ്. ആ നിലയ്ക്ക് ജീവനക്കാരോട് പ്രതികാരനടപടി സ്വീകരിക്കുക, സസ്പെൻഷൻ പിൻവലിച്ചുകഴിഞ്ഞാൽ അവരെ കാസർഗോഡോ വയനാടോ ഇടുക്കിയിലോ സ്ഥലംമാറ്റുക തുടങ്ങിയ നിലയിൽ ജീവനക്കാരോട് പ്രതികാരമായ നടപടി ബഹുമാനപ്പെട്ട മിനിസ്റ്റർ സ്വീകരിക്കരുത്, അബദ്ധമാണ്. അത് നമ്മുടെ നിലവാരത്തിന് ഏറ്റവും ആപത്ക്കരമാണെന്നുള്ള വസ്തുത വളരെ വിനയപൂർവ്വം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എനിക്ക് മറ്റ് ചില വിഷയങ്ങൾ പറയാനുണ്ട്. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 2006-ൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ടും റൂൾസും പാസ്സാക്കി. ഗവൺമെന്റ് അധികാരത്തിൽ വന്ന അതേവർഷംതന്നെ ആക്ടും റൂൾസും ഉണ്ടാക്കി. സാധാരണഗതിയിൽ ഒരു ആക്ട് ഉണ്ടായിക്കഴിഞ്ഞാൽ ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോഴാണ് റൂൾസുണ്ടാകുന്നത്. 1978-ലെ ചുമട്ടുതൊഴിലാളി ആക്ട് 1980-ലാണ് പാസ്സാക്കിയത്. 1981-ലെ ചട്ടങ്ങളുമുണ്ട്. ഇതിൽ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സിന്റെ ക്ഷേമനിധി നിയമം 2006-ൽ പാസ്സാക്കി ആ വർഷംതന്നെ റൂൾസും വന്നു. അദ്ദേഹത്തിന്റെ കാലം വന്നപ്പോൾ ആ നിയമം ഭേദഗതി ചെയ്തു. ഭേദഗതി ചെയ്തതല്ല, നിയമം ലംഘിച്ചു. അതികനകത്ത് പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ 'For payment of maternity wages in such manner as may be provided in the scheme to the female employees who have paid contribution to the funds at least for a period of one year continuously

and not coming within the purview of Employees State Insurance Scheme for a period of 12 weeks in the case of delivery and for a period of 6 months in the case of premature delivery' എന്നാണ്. അപ്പോൾ 12 ആഴ്ചക്കാലത്തെ ശമ്പളത്തിനുതുല്യമായ ആനുകൂല്യം ഒരു വനിതാ ജീവന ക്കാരിക്ക് കൊടുക്കണമെന്ന് നിയമമുണ്ട്, അതിന് ചട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. ആ ചട്ടം എന്താണെന്നുവച്ചാൽ ഒരു വർഷമെങ്കിലും തുടർച്ചയായി അംശ ദായം അടച്ചിട്ടുള്ളതും എംപ്ലോയ്മെന്റ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരി ധിയിൽ വരാത്തതുമായ വനിതാ അംഗം പ്രസവത്തിനായി അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ജോലിയിൽ പുനഃപ്രവേശിക്കുന്നതുവരെ യുള്ള കാലാവധി 12 ആഴ്ചക്കാലത്തെ വേതനം അപേക്ഷകന്റെ ജോലി വിഭാ ഗത്തിന്, തസ്തികയ്ക്ക് അർഹതപ്പെട്ട നിശ്ചിത മിനിമം വേതന നിരക്കിൽ നൽകേണ്ടതാണ്. ഇത് കേരളത്തിലെന്നല്ല ഇൻഡ്യയിലെ ആദ്യത്തെ നിയമ മാണ്. സ്ത്രീതൊഴിലാളികളെ സംരക്ഷിക്കുന്നതിനായി ഇൻഡ്യയിൽ ആദ്യ മായി നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്ന ഒരു നിയമമാണ്. ബഹുമാന പ്പെട്ട മിനിസ്റ്റർ അധികാരത്തിൽ വന്നപ്പോൾ അത് അയ്യായിരം രൂപയായി കുറച്ചു. ഞാൻ തന്നെ മന്ത്രിയായിരുന്ന സമയത്ത് 17,000, 18,000 രൂപ വീതം നിരവധി വനിതാ ജീവനക്കാർക്ക് കൊടുത്തതാണ്. അത് 5,000 രൂപ യായി കുറച്ചു. യഥാർത്ഥത്തിൽ ആ ക്ഷേമപദ്ധതി തകർക്കുകയാണ് ചെയ്ത ത്. ഇത് നിയമവിരുദ്ധമായ നടപടിയാണ്. നിയമം ഭേദഗതി ചെയ്യണം. ഈ 12 ആഴ്ചക്കാലത്തെ മിനിമം വേജസിന് തുല്യമായിട്ടുള്ള ശമ്പളം പ്രസവകാ ലാനുകൂല്യം കൊടുക്കുന്നതിനുപകരം 5,000 രൂപയാക്കി കഴിഞ്ഞാൽ ചട്ടം

മാറ്റിയാൽ പോരാ, നിയമം മാറ്റണം. ആ നിയമം ഇതുവരെ നിയമസഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ടില്ല. ഇപ്രകാരമായിട്ടുള്ള നിയമവിരുദ്ധമായ നടപടികൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന സമാധാനപരമായ അന്തരീക്ഷം തകർക്കുന്ന ഒരു നിലപാടിലേയ്ക്ക് പോകാൻ പാടില്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു, ബഹുമാനപ്പെട്ട ശ്രീ. ഷിബു ബേബി ജോൺ തൊഴിലാളികളെ പിരിച്ചുവിടുന്ന മന്ത്രിയാകരുതെന്ന്. അന്ന് അദ്ദേഹം 165 ജീവനക്കാരെ പിരിച്ചുവിട്ടു, കോടതിയിൽപ്പോയപ്പോൾ കോടതി ആ പിരിച്ചുവിടൽ നടപടി ശരിവച്ചു. തൊഴിലാളികൾ ഒന്നും മിണ്ടിയില്ല. ഞങ്ങൾ തൊഴിൽ മന്ത്രിയായിരുന്ന സമയത്ത് ആരെയും പിരിച്ചുവിട്ടിട്ടില്ല. ഒരാളിനേയും പിരിച്ചുവിട്ടതായി ആർക്കും പറയാനൊക്കില്ല. മാത്രമല്ല, 2001 മുതൽ 2006 വരെ അധികാരത്തിലിരുന്ന കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ബിവറേജസ് കോർപ്പറേഷനിൽ 98 ഔട്ട്ലെറ്റുകൾ സ്ഥാപിച്ചു. ആ 98 ഔട്ട്ലെറ്റുകളിലായി 605 ജീവനക്കാരെ നിയമിച്ചു. ഒരു ഔട്ട്ലെറ്റ് തുടങ്ങുക അവിടെ അഞ്ചുപേരെ നിയമിക്കുക, അങ്ങനെ അപ്പപ്പോൾ ഔട്ട്ലെറ്റ് ആരംഭിക്കുകയും അപ്പപ്പോൾ ആളുകളെ നിയമിക്കുകയുമാണ് ചെയ്യുന്നത്. അങ്ങനെ നിയമിക്കപ്പെട്ട ജീവനക്കാരെ അന്ന് സുപ്രീംകോടതി വിധിയനുസരിച്ച് ഹൈക്കോടതി പിരിച്ചുവിടാൻ തീരുമാനിച്ചു. സുപ്രീംകോടതി, കർണ്ണാടക സ്റ്റേറ്റ് വെഴ്സസ് ഉമാദേവി എന്ന കേസ്സിൽ 2006-ലുണ്ടായ വിധിയിൽ പറയുന്നത് 10 വർഷമെങ്കിലും ജോലി ചെയ്യുന്ന ഒരു താൽക്കാലിക തൊഴിലാളിയെ മാത്രമേ സ്ഥിരപ്പെടുത്താൻ പാടുള്ളൂ. ബഹുമാനപ്പെട്ട സുപ്രീംകോടതി അങ്ങനെയൊരു വിധി പ്രസ്താവിച്ചു. അതൊരു ഗവൺമെന്റ് സ്ഥാപനത്തെ ആസ്പദമാക്കിയാണ്.

താൽക്കാലിക ജോലിക്കാരായ ജീവനക്കാർക്ക് 10 വർഷമെങ്കിലും തുടർച്ച യായി ജോലിയുണ്ടെങ്കിൽ മാത്രമേ അവരെ പെർമെനന്റ് ആക്കാൻ പാടുള്ളൂ എന്ന് ഒരു വിധി പ്രസ്താവിച്ചു. ആ വിധിയെ ആസ്പദമാക്കി മറ്റൊരു വിധി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ബി.സി.-യിലെ ജീവനക്കാരെ സംബന്ധിച്ച് വന്നു. ആ ജീവനക്കാർ ഐ.എൻ.റ്റി.യു.സി. തൊഴിലാളികളാണ്. ശ്രീ.കെ. ബാബുവിന് അത് നല്ലതു പോലെ അറിയാം. അവർ ഐ.എൻ.റ്റി.യു.സി തൊഴിലാളികളാണ്, കറ കളഞ്ഞ കോൺഗ്രസ്സുകാരുമാണ്. ഐ.എൻ.റ്റി.യു.സി. എന്നുപറഞ്ഞാൽ എല്ലാപേരും വരേണ്ടതാണ്. പക്ഷേ, കറകളഞ്ഞ കോൺഗ്രസ്സുകാർ മാത്ര മാണ്. ആ ജീവനക്കാരെ പിരിച്ചുവിടാൻ തീരുമാനിച്ചിട്ട് ഞങ്ങൾ അവരെ പിരിച്ചുവിട്ടില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, അങ്ങ് ജീവനക്കാരെ പിരിച്ചുവിട്ടില്ല എന്നുപറഞ്ഞു. കണ്ണൂർ വെയർഹൗസിൽ ജോലിചെയ്തിരുന്ന കുറച്ചു തൊഴിലാളികളെ സ്ഥിരപ്പെടു ത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് കൊടുത്തു. അവർക്കനുകൂലമായി വിധി വന്നു. അങ്ങ് മന്ത്രിയായിരി ക്കുമ്പോൾ അതിനെതിരായി അപ്പീൽ കൊടുക്കുകയാണ് ചെയ്തത്. ഇക്കാ ര്യം അറിയാമോ?

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കണ്ണൂർ വെയർഹൗസിൽ പണിയെ ടുത്തിരുന്ന തൊഴിലാളികളുടെ കേസ്സല്ല ഞാൻ പറയുന്നത്, അവരെ ഞാൻ സംരക്ഷിച്ചു. അത് രണ്ടാമത് പറയാം. ആരേയും പിരിച്ചുവിട്ടിട്ടില്ല. 605 തൊഴിലാളികളേയും പിരിച്ചുവിടാനുള്ളതായിരുന്നു. അന്ന് 605 പേർ മാത്ര

മല്ല, 2001 ഏപ്രിൽ ഒന്നിനുമുമ്പ് രണ്ടുമൂന്നുമാസക്കാലത്തിനുള്ളിൽ നിയമിക്കപ്പെട്ട കുറച്ച് ജീവനക്കാരുണ്ടായിരുന്നു. ആ ജീവനക്കാർ 61 പേരാണ്. ഇപ്രകാരം 668 ജീവനക്കാരെ ഉമാദേവി വെഴ്സസ് കർണ്ണാടക സ്റ്റേറ്റ് കേസ്സിലെ സുപ്രീംകോടതി വിധി ആസ്പദമാക്കി ബഹുമാനപ്പെട്ട ഹൈക്കോടതി പിരിച്ചുവിടാനാണ് ഉത്തരവിട്ടത്. ആ പിരിച്ചുവിടൽ തീരുമാനം ഞങ്ങൾ നടപ്പിലാക്കിയില്ല. നടപ്പിലാക്കാതെ അവർക്ക് എംപ്ലോയ്മെന്റ് കൊടുത്തുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്നതിനുമുമ്പ് 2011 ഫെബ്രുവരി മാസം അവസാനം എല്ലാ നിയമവ്യവസ്ഥകളും പാലിച്ചുകൊണ്ട് അവരെയെല്ലാം പെർമെനന്റാക്കി. 98 ഔട്ട്ലെറ്റുകളിൽ പലപ്പോഴായി നിയമിച്ചതാണ്. ശ്രീ. കെ. ബാബു പറയുന്നത് അവിടെ വെയർഹൗസിൽ പണിയെടുക്കുന്ന സ്റ്റിക്കർ ഒട്ടിക്കുന്ന തൊഴിലാളികളുടെ വിഷയമാണ്. അത് ഞാൻ പിന്നീട് പറയാം. കെ.എസ്.ബി.സി.-യിലെ നേരിട്ടുള്ള ജീവനക്കാരാണ്. സ്റ്റിക്കർ ഒട്ടിക്കുന്ന തൊഴിലാളികളിൽ കെ.എസ്.ബി.സി.-യുടെ കീഴിലുള്ളവരുണ്ട്, കോൺട്രാക്ട് തൊഴിലാളികളുണ്ട്. അവരേയും പിരിച്ചുവിട്ടിട്ടില്ല. അവരുടെ കേസ്സ് ഇപ്പോൾ ട്രൈബ്യൂണലിലാണ്.

ശ്രീ. കെ. ബാബു:സർ, താങ്കൾ അപ്പീൽ കൊടുത്തു.

ശ്രീ. പി.കെ. ഗുരുദാസൻ: സർ, അപ്പീൽ കൊടുത്തു. അപ്പീലൊന്നും ബാധകമല്ല. ട്രൈബ്യൂണലിൽ ഞാനാണ് കേസ് കൊടുത്തത്.

ശ്രീ. കെ. ബാബു: സർ, ഗവൺമെന്റ് അപ്പീൽ കൊടുക്കാനാണ് അങ്ങ് ഉത്തരവിട്ടത്. അവർക്ക് അനുകൂലമായി ഹൈക്കോടതി വിധിച്ചു. അങ്ങ് ഉത്തരവിട്ടത് ആ വിധിക്കെതിരായി അപ്പീൽ കൊടുക്കാനാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഉത്തരവിട്ടെങ്കിലും ആ ഉത്തരവ് നടപ്പിലാക്കിയില്ലെന്നുമാത്രമല്ല, കോൺട്രാക്ട് വ്യവസ്ഥയിൽ പണി എടുത്തി രുന്ന സ്റ്റിക്കർ ഒട്ടിക്കുന്ന തൊഴിലാളികളെ മുഴുവൻ കൊല്ലം ലേബർ കോടതി യുടെ പരിധിയിൽ കൊണ്ടുവന്ന് അവരെയെല്ലാം സ്ഥിരപ്പെടുത്തുന്ന തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടാണ് ഞങ്ങൾ ഇറങ്ങിപ്പോരുന്നത്. കോൺട്രാക്ട് തൊഴിലാളികളെ അടക്കം ആരേയും പിരിച്ചുവിട്ടിട്ടില്ല. രണ്ട് പ്രാവശ്യം അവർക്ക് മിനിമം വേജസ് നിശ്ചയിച്ചുകൊടുത്തു. അതെല്ലാം നിങ്ങളുടെ ഫയലിൽ കാണും. ആരേയും പിരിച്ചുവിട്ടിട്ടില്ല, ഒരു തൊഴിലാളി യുടേയും പേര് നിങ്ങൾക്ക് പറയാൻ കഴിയില്ല.

ശ്രീ. വർക്കല കഹാർ: സർ, ഈ തൊഴിലാളികൾക്ക് അനുകൂലമായ വിധി കേരള ഹൈക്കോടതിയിൽ നിന്നുണ്ടായി. ഹൈക്കോടതിയിൽ നിന്ന് അനുകൂലമായ വിധി ഉണ്ടായതിനെതിരെ അങ്ങ് മന്ത്രിയായിരുന്ന കേരള സർക്കാർ അപ്പീൽ കൊടുക്കാനായി അങ്ങ് ഫയലിൽ ഒപ്പിട്ടു, ഉത്തരവിട്ടു, നിർദ്ദേശം കൊടുത്തു. അതാണ് പറയുന്നത്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ചുവർഷക്കാലം അധികാരത്തിലിരുന്നപ്പോൾ തൊഴിൽ വകു പ്പിന്റെ കീഴിലുള്ള, എക്സൈസ് വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ബി.സി. –യിലോ മറ്റേതെങ്കിലും വിഭാഗത്തിലെ ഏതെങ്കിലുമൊരു ജീവനക്കാരനെ ഏതെങ്കിലുമൊരു തൊഴിലാളിയെ സസ്പെന്റ് ചെയ്യുകയോ പിരിച്ചുവിടു കയോ ചെയ്ത ഏതെങ്കിലുമൊരു സംഭവം ശ്രീ. വർക്കല കഹാറിന് ചൂണ്ടി ക്കാണിക്കാൻ കഴിയുമോ? എങ്കിൽ പറയൂ, നമുക്ക് ചർച്ച ചെയ്യാം. ഇവിടെ ഷോപ്സ് ആന്റ് കൊമേഴസ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് പലപ്പോഴായി പല ജില്ലാ ഓഫീസുകൾ തുറന്നു. ആ ജില്ലാ

ഓഫീസുകൾ തുറന്നപ്പോൾ അപ്പപ്പോൾ നിയമിക്കപ്പെടുന്ന ജീവനക്കാർ, അവിടെ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് നിയമിക്കപ്പെടുന്ന ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വച്ചാൽ നാൽപ്പതിനായിരം രൂപയോളം നൽകണം. ജില്ലാ ഓഫീസറെ വയ്ക്കാം. മറ്റ് ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വച്ചാൽ പിന്നെ സ്ഥാപനം നടത്താനാവില്ല. 10 ലക്ഷം വരുന്ന ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കു വേണ്ടി ആരംഭിച്ച ക്ഷേമനിധി ബോർഡ് 3–4 വർഷം കൊണ്ട് 5 ലക്ഷംപേരെ അതിൽ അംഗങ്ങളാക്കി. കുറച്ച് ജീവനക്കാരെ എടുത്തു. ഓരോ സ്ഥാപനവും ആരംഭിക്കുന്ന സമയത്ത് പ്രത്യേകം പ്രത്യേകം നോട്ടിഫൈ ചെയ്തെടുക്കാനാവില്ല. അത് പ്രായോഗികമായി കഴിയില്ല. അതിന്റെ അടിസ്ഥാനത്തിൽ 26 ജീവനക്കാരെ എടുത്തു. ആ 26 പേരേയും പിരിച്ചുവിട്ടു. അതിനെ ഹൈക്കോടതി താല്ക്കാലികമായി സ്റ്റേ ചെയ്തു. അവസാനം ഒരു വർഷവും 9 മാസവും കഴിഞ്ഞപ്പോൾ ജീവനക്കാർക്ക് പ്രതികൂലമായി ഹൈക്കോടതിയിൽ നിന്നും വിധിവന്നു. അപ്പോൾ ഉടനെ അവരെ പിരിച്ചുവിട്ടു. ശരിക്കും ഒരു വർഷവും 9 മാസവും എന്നുപറഞ്ഞാൽ 240 ദിവസം കഴിഞ്ഞില്ലേ? 240 ദിവസം തുടർച്ചയായി പണിയെടുക്കുന്ന തൊഴിലാളിക്ക് പെർമനന്റാകാനുള്ള എല്ലാ യോഗ്യതയുമില്ലേ; അങ്ങനെയുള്ളവരെ പിരിച്ചുവിട്ടു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഇന്ത്യയിലേയോ കേരളത്തിലേയോ ഏത് നിയമത്തിലാണ് 240 ദിവസം തികഞ്ഞാൽ പെർമനന്റ് ആക്കണമെന്ന് പറയുന്നത്?

ശ്രീ. പി. കെ. ഗുരുദാസൻ: ഇന്ത്യൻ ഡിസ്പ്യൂട്ട് ആക്ടിൽ.

ശ്രീ. ആര്യാടൻ മുഹമ്മദ്: അത് ഫിക്സേഷൻ ഓഫ് കോമ്പൻസേഷനാണ്. അല്ലാതെ പെർമനൻസിക്ക് ഒരു നിയമത്തിലും പറഞ്ഞിട്ടില്ല.

ശ്രീ. പി. കെ. ഗുരുദാസൻ: ഞാൻ നിയമപുസ്തകം കൊണ്ടുവരാം.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്, അങ്ങ് കുറേ സമയമായി 240 ദിവസം ജോലി ചെയ്ത ആളുകളെ സ്ഥിരപ്പെടുത്തി എന്നുപറയുന്നു. ഇവരെ ആരേയും നടപടിക്രമം അനുസരിച്ച് നിയമിച്ചതല്ല. ഇതെല്ലാം പിൻവാതിൽ നിയമനമാണ്. പിൻവാതിലിലൂടെ നിയമിച്ച ആളുകളെ 240 ദിവസം കഴിയുമ്പോൾ സ്ഥിരപ്പെടുത്തി എന്നുപറയുന്നത് അഭ്യസ്തവിദ്യരായ കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരോട് കാണിക്കുന്ന ഏറ്റവും വലിയ വഞ്ചനയാണ്. അത് ഏത് ഗവൺമെന്റായാലും ചെയ്യാൻ പാടില്ലാത്ത ഒരു കാര്യമാണ്. അതൊരു അഭിമാനകരമായ കാര്യമായി അങ്ങയെപ്പോലെ തൊഴിൽവകുപ്പ് അഞ്ചുകൊല്ലം ഭരിച്ച ഒരു മുൻമന്ത്രി പറയുന്നത് ശരിയാണോ?

ശ്രീ. പി. കെ. ഗുരുദാസൻ: സർ, നമ്മുടെ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ശ്രീ. മല്ലികാർജ്ജുന ഗാർഗേ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ മുമ്പിൽ ഒരു നോട്ട് കൊടുത്തിട്ടുണ്ട്. സ്ഥിരസ്വഭാവമുള്ള ജോലി ചെയ്തുകൊണ്ടിരിക്കുന്ന കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി എഴുതി തയ്യാറാക്കി കൊടുത്തിട്ടുണ്ട്. 2010 നവംബറിൽ ചേർന്ന ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ 43-ാമത് സമ്മേളനം ഞങ്ങളെല്ലാംകൂടിയിരുന്ന് ചർച്ച ചെയ്ത് തീരുമാനമെടുത്ത് ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1970-ലെ കോൺട്രാക്ട് ലേബർ അബോളിഷൻ ആന്റ് റെഗുലേഷൻ ആക്ടിലെ ഇന്ന വകുപ്പ് ഭേദഗതി ചെയ്യണമെന്ന് പറഞ്ഞ് എഴുതിക്കൊടുത്തിട്ടുണ്ട്. അവർ

കോൺട്രാക്ട് വർക്കേഴ്സാണ്. ആ സ്ഥിരസ്വഭാവമുള്ള കോൺട്രാക്ട് വർക്കേഴ്സിനെ സ്ഥിരപ്പെടുത്തണമെന്നാണ് വ്യവസ്ഥ.

ശ്രീ. വർക്കല കഹാർ: അത് രണ്ടും രണ്ടാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: രണ്ടും രണ്ടല്ല. രണ്ടും ഒന്നാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒന്നാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. കെ. ഗുരുദാസൻ എംപ്ലോയ്മെന്റിന്റെ കൂടെ ചുമതലയുള്ള തൊഴിൽ വകുപ്പുമന്ത്രിയായിരുന്നു. ഗവൺമെന്റിലേയ്ക്കും ഇത്തരം സ്ഥാപനങ്ങളിലേയ്ക്കും നിയമനം നടത്തേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നാണ്. അങ്ങ് പറഞ്ഞവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് വ്യവസ്ഥാപിതമായി എടുത്തതാണോ എന്നുള്ളത് അദ്ദേഹം ഇവിടെ വിശദീകരിക്കേണ്ടതാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ പറയാം..........(ബഹളം).......

ശ്രീ. വർക്കല കഹാർ: സർ, കോൺട്രാക്ട് ലേബർ അബോളിഷൻ ആക്ട് പ്രകാരമുള്ള കാര്യമാണ് അങ്ങ് പറഞ്ഞത്. കോൺട്രാക്ട് ലേബർ അബോളിഷൻ ആന്റ് റെഗുലേഷൻ ആക്ട് പ്രകാരം വർക്കേഴ്സിനെ ജോലിക്കെടുക്കാം, as and when that contract is over they are bound to go; ഇതാണ് അതിന്റെ നിയമം. പക്ഷെ അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിയമത്തിന്റെ കാര്യമാണ് അങ്ങ് പറഞ്ഞത്. ഇവിടെ ശ്രീ. വി.ഡി. സതീശൻ സൂചിപ്പിച്ചത് അതല്ല. അനധികൃതമായ രീതിയിൽ ആളുകളെ ജോലിക്കെടുക്കുകയും 240 ദിവസം തികയുന്നു എന്ന സാങ്കേതികത്വം പറഞ്ഞ് അവരെ പിരിച്ചുവിട്ടത് പ്രോപ്പറല്ല, നമ്മുടെ നാട്ടിലെ തൊഴിൽ കാത്തു

നിൽക്കുന്ന യുവജനങ്ങൾക്കു നേരെയുള്ള ഒരനീതിയാണെന്നാണ് പറഞ്ഞത്. ഇതു പറഞ്ഞതിനെ അങ്ങ് മറ്റൊരു കാര്യം പറഞ്ഞ് ട്വിസ്റ്റ് ചെയ്യുകയായിരുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: നമ്മളിപ്പോൾ പുതുതായിട്ടൊരു സ്ഥാപനം ആരംഭിച്ചാൽ അതിന് ഓരോ ജില്ലയിലും പ്രത്യേകം പ്രത്യേകം ജില്ലാ ആഫീസുകൾ ആരംഭിക്കുന്നു. ജില്ലാ ആഫീസ് ആരംഭിക്കാനുള്ള സാധ്യത ഉയർന്നു വരുമ്പോൾ അവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിശ്ചയിച്ചിട്ടുള്ള 90 ദിവസം....... കെ.എസ്.ബി.സി.യിലെ ജീവനക്കാരെ ഞങ്ങൾ എടുത്തില്ല. ഐക്യജനാധിപത്യമുന്നണി എടുത്തതുപോലെ കെ.എസ്.ബി.സി.യിലെ ഒരു തൊഴിലാളിയേയും അവിടെനിന്നും അപ്പപ്പോൾ വിളിച്ച് കോൺഗ്രസ്സുകാരെയോ, മാർക്സിസ്റ്റുകാരെയോ, സി.പി.ഐ.കാരെയോ ഒക്കെ വിളിക്കുന്ന സമ്പ്രദായം ഞങ്ങൾ സ്വീകരിച്ചില്ല. ഞങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നാണ് എടുത്തത്. പക്ഷെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നെടുത്താൽ 179 ദിവസം കഴിയുമ്പോൾ അവരെ പിരിച്ചു വിടണം. അങ്ങനെ പിരിച്ചുവിടുമ്പോൾ സ്വാഭാവികമായും സ്ഥാപനത്തിന്റെ പ്രവർത്തനം നടക്കില്ല. ഇവിടെ ലേരവിശരമഹ സിീംവീം ഉള്ള, പരിശീലനം സിദ്ധിച്ച ജീവനക്കാരെ നമ്മൾ താല്ക്കാലികമായി നിയമിച്ചതാണ്. അവർ രണ്ടുംമൂന്നും വർഷംകൊണ്ട് ഒരു സ്ഥാപനം പ്രവർത്തിച്ച് പ്രവർത്തിപഥത്തിൽ കൊണ്ടുവന്നവരാണ്. അവിടെ 240 ദിവസം കഴിഞ്ഞ ജീവനക്കാരെ പിരിച്ചുവിടണമെന്നാണോ അഭിപ്രായം. .....(ബഹളം)....... ഡിസംബർ മാസം അവസാനം നിങ്ങൾ അവരെ പിരിച്ചുവിട്ടു. ഇപ്പോൾ ഫെബ്രുവരി പകുതിയായി. ആ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം തന്നെ മരവിപ്പിച്ചു.

കുറേപ്പേരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നുണ്ട്. ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ നിങ്ങൾ എംപ്ലോയ്മെന്റ് വഴിയാണോ ആളുകളെ എടുത്തത്; കൺസ്ട്രക്ഷൻ വർക്കേഴ്സ് എംപ്ലോയ്മെന്റ് ബോർഡിൽ എംപ്ലോയ്മെന്റ് വഴിയാണോ എടുത്തത്; ഏതെങ്കിലും ബോർഡിൽ എംപ്ലോയ്മെന്റ് വഴി ആളുകളെ എടുത്തിട്ടുണ്ടോ? ....(ബഹളം)..... ഞാൻ ആരേയും പിരിച്ചുവിട്ടില്ല. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം, ഞങ്ങൾ ആരേയും പിരിച്ചുവിട്ടില്ല എന്നുള്ളതാണ്. കർണ്ണാടക സ്റ്റേറ്റ് ഢെ ഉമാദേവി കേസിനെ ആസ്പദമാക്കി സുപ്രീംകോടതി ഒരു വിധി പ്രസ്താവിച്ചതിന്റെ പേരിൽ ഈ പാവപ്പെട്ട ജീവനക്കാരെ പിരിച്ചുവിടാൻ പാടുണ്ടോ? ഒരാളിന്റെ കേസ് ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞു. തെറ്റാണെങ്കിൽ പിരിച്ചുവിട്ടോ. പക്ഷെ അർഹതയുള്ളവരെ എന്തിനു പിരിച്ചുവിട്ടു? അദ്ദേഹം ഒരാളിന്റെ കേസ് മാത്രമാണ് ഇറെഗുലർ എന്നുപറഞ്ഞത്. ഇറെഗുലറായിട്ടുള്ള ആളെ പിരിച്ചുവിട്ടുകൊള്ളൂ. മറ്റുള്ളവരെ എന്തിനാണ് പിരിച്ചുവിടുന്നത്? തൊഴിലാളികളെ പിരിച്ചുവിടുന്ന മന്ത്രിയാകരുത് തൊഴിൽ മന്ത്രി. ജീവനക്കാരെ സസ്പെൻഡു ചെയ്യുന്ന മന്ത്രിയാകരുത്. സസ്പെൻഡ് ചെയ്തിട്ട് അവരെയെല്ലാം മറ്റേതെങ്കിലും സ്ഥലത്തയച്ച് തനിക്കിഷ്ടമുള്ളവരെയെല്ലാം കൊണ്ടുവരുന്ന സമ്പ്രദായം പാടില്ല. ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ധനകാര്യവകുപ്പുമന്ത്രിയും കൂടി ജീവനക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് ജീവനക്കാർക്കെതിരെ നടപടിയെടുക്കുമെന്നാണോ? അതാണോ കേരളത്തിന്റെ കൾച്ചർ? കേരളത്തിന്റെ കൾച്ചർ നശിപ്പിച്ചുകളയാൻ നോക്കാതെ തൊഴിലാളികളുമായി സൗഹാർദ്ദപരമായി ക്ഷേമനിധി ബോർഡുകൾ ഫലപ്രദമായി പ്രവർത്തിക്കാൻ പര്യാപ്തമായ വിധത്തിൽ വേണം നമ്മുടെ ഈ പുതിയ

ഭേദഗതി നിയമം അംഗീകരിച്ച് നടപ്പിലാക്കേണ്ടത് എന്നാണ് എനിക്ക് വിനയ പൂർവ്വം ബഹുമാനപ്പെട്ട ചെയറിനോട് പറയാനുള്ളത്.

ശ്രീ. വി.ഡി. സതീശൻ: സർ, 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 3(2)(b) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സമയം വളരെ വൈകിയ തുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിക്കുകയാണ്. മൂന്ന് പ്രധാനപ്പെട്ട അമന്റ്മെന്റുകളാണ് ഇതിലൂടെ കൊണ്ടുവരുന്നത്. ആദ്യത്തെ അമന്റ്മെന്റ്, family എന്നുപറയുന്ന ഡെഫനിഷനിൽ സാധാരണ husband, wife, minor children തുടങ്ങിയവരാണുള്ളത്. അതോടൊപ്പംതന്നെ mentally retarded or physically handicapped children എന്നുകൂടി ചേർക്കുകയാണ്. പക്ഷെ ഇവിടെ ഒരു സംശയം വന്നിരിക്കുന്നത്, definition clause-Â Sec.2(k)-Â, 2(k)(4) ആണ് mentally challenged children. അതുപോലെ 2(k)(7) ആണ് physically challenged children who are dependent എന്നുപറയുന്നുണ്ട്. ഇവിടെ Statement Of Objects and Reasons-Â പറയുന്നത് fully dependent mentally retarded or physically handicapped children എന്നാണ്. എന്നാൽ mentally challenged children എന്നുള്ള കൂട്ടത്തിൽ അത് fully dependent ആണെന്നുള്ളത് ചേർത്തിട്ടില്ല. അതിൽ ഒരു കൺഫ്യൂഷനുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ കറക്ട് ചെയ്യാവുന്ന കാര്യമാണിതെന്ന് എനിക്ക്

തോന്നുന്നു. മാത്രമല്ല, physically handicapped എന്നത് ഇപ്പോൾ ഉപയോഗിക്കുന്ന വാക്കല്ല. ദേശീയ അടിസ്ഥാനത്തിൽ അതിനുപകരമായി റശളളലൃലിഹ്യേ മയഹലറ എന്ന വാക്കാണ് ഉപയോഗിക്കുന്നത്. Physically handicapped എന്നുപറഞ്ഞാൽ അതൊരു അനാദരവായിട്ടാണ് കണക്കാക്കുന്നത്. അതിലും വ്യത്യാസമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നിർദ്ദേശപ്രകാരമാണ് ഇ.എസ്.ഐ. ഇതിൽ ഇൻക്ലൂഡ് ചെയ്തിരിക്കുന്നത്. മുൻമന്ത്രികൂടിയായ ശ്രീ. പി. കെ. ഗുരുദാസൻ അവർകൾ സംസാരിച്ചപ്പോൾ കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ഭൂതപ്പണം വാങ്ങുന്നുണ്ടെന്നും അതുപോലെയുള്ള ഒരുപാട് മോശമായ പ്രാക്ടീസുകളുണ്ടെന്നും കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാനുമായും യൂണിയനുകളുമായും കൂടിയാലോചനകൾ നടത്തി, അതെല്ലാം ഒഴിവാക്കുന്നതിന് വലിയ ശ്രമങ്ങൾ നടത്തിയിരുന്നുവെന്നത് ശരിയാണ്. പക്ഷെ ഇന്ന് വീണ്ടും അവിടെ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ കൂടിയായി അത് മാറിയിരിക്കുകയാണ്. കോടിക്കണക്കിന് രൂപ അവിടെ ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റിൽ നടത്തിയ വലിയ സമ്മർദ്ദത്തിന്റെ ഫലമായി കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകി അത് ആകർഷണീയമാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇതിനിടയിൽ ഇപ്പോഴും അവിടെ ചില പ്രാക്ടീസുക

ളുണ്ട്. കഴിഞ്ഞ പത്ത് ദിവസക്കാലമായി അവിടെ ട്രെയിലർ സമരം നടന്നുകൊണ്ടിരിക്കുകയാണ്. ഉദ്ദേശം 7000-ത്തോളം ഇറക്കുമതി കണ്ടെയ്നറുകളും 3000-ത്തോളം കയറ്റുമതി കണ്ടെയ്നറുകളും പത്തുദിവസമായി തുറമുഖത്ത് കെട്ടിക്കിടക്കുകയാണ്. അവിടെ വരുന്ന ഷിപ്പുകൾ കണ്ടെയ്നറുകൾ ഇറക്കാനും കയറ്റാനും കഴിയാതെ തിരിച്ചുപോകുകയാണ്. ഡെമറേജ് ഇനത്തിലും സർച്ചാർജ് ഇനത്തിലും വലിയ തുക നഷ്ടമാകുകയാണ്. ഇതൊരു ഇന്റർനാഷണൽ ഷിപ്പ്ലൈനാണ്. ആ ഇന്റർനാഷണൽ ഷിപ്പിംഗ് ലൈനുകളുള്ള ഷിപ്പുകൾ വരുമ്പോൾ അവർക്ക് കറക്ടായി കണ്ടെയ്നറുകൾ കയറ്റാനും ഇറക്കാനും കഴിയാത്ത ഒരു സാഹചര്യം വന്നാൽ അത് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ കൊച്ചിൻ പോർട്ടിനെ ഗൗരവതരമായി ബാധിക്കും. അതുകൊണ്ട് ഗവൺമെന്റ് മുൻകൈ എടുത്ത്........, മാത്രമല്ല, ഇത്തരം സമരങ്ങൾ ഉണ്ടാകാനിടയായ സാഹചര്യമെന്താണ് എന്നുകൂടി അന്വേഷിക്കണം. പല ലോബികളും കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ തകർക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അതിന്റെ പുറകിൽ ആരാണെന്ന് കണ്ടെത്തി ഇത്തരം സമരങ്ങൾ....., മാത്രമല്ല, വളരെ അപക്വമായ നേതൃത്വമാണ് ട്രേഡ് യൂണിയൻ ലീഡർഷിപ്പിലുള്ളത്. പക്വമായ നേതൃത്വം ഈ കാലഘട്ടത്തിൽ ട്രേഡ് യൂണിയൻ നേതൃത്വത്തിലുണ്ടെങ്കിൽ അവർ ആദ്യം സമരം പ്രഖ്യാപിക്കാറില്ല. സമരം ഏറ്റവും അവസാനത്തെ ആയുധമായി മാത്രമേ ഇപ്പോഴത്തെ ട്രേഡ് യൂണിയൻ നേതാക്കന്മാർ എടുക്കാറുള്ളൂ എന്നതാണ് യാഥാർത്ഥ്യം. അപക്വമായ നേതൃത്വങ്ങൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പത്ത് ദിവസത്തോള മായി അവിടെയുള്ള എല്ലാ നടപടിക്രമങ്ങളും സ്തംഭിപ്പിച്ചിരിക്കുകയാണ്. ഇത് ഗൗരവപൂർവ്വമായി ഗവൺമെന്റ് കൈകാര്യം ചെയ്യ

ണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 1978–ൽ ശ്രീ. ഉമ്മൻ ചാണ്ടി തൊഴിൽ വകുപ്പുമന്ത്രിയായപ്പോൾ കൊണ്ടുവന്ന തൊഴിലാളി വർഗ്ഗ ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ ഒരു നിയമമാണ് ചുമട്ടുതൊഴിലാളി നിയമം. ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് അതിന്റെ റൂൾസുണ്ടാക്കിയത്. ഈ ചുമട്ടുതൊഴിലാളി നിയമത്തെ സംരക്ഷിക്കുന്നതിനും അതിന്റെ പരിധിയിൽ നിന്നുകൊണ്ട് ചുമട്ടുതൊഴിലാളികളായ ആളുകൾ പ്രവർത്തിക്കുന്നതിനും ഗവൺമെന്റ് നേതൃത്വം കൊടുക്കണം. നോക്കുകൂലി പൂർണ്ണമായി ഇല്ലാതാക്കാൻവേണ്ടി ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളെ അപ്രീഷിയേറ്റ് ചെയ്യേണ്ടതാണ്. അത് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ഇപ്പോൾ തിരുവനന്തപുരത്ത് ആരംഭിച്ചിരിക്കുന്ന പദ്ധതി കേരളത്തിന്റെ എല്ലാ ജില്ലകളിലേയ്ക്കും എല്ലാ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയും നോക്കുകൂലിയിൽ നിന്ന് കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ രക്ഷപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിനുമുമ്പ് സ്വന്തം മുഖം മിനുക്കുന്നതിന്റെ ഭാഗമായി നോക്കുകൂലി സമ്പൂർണ്ണമായി അവസാനിപ്പിക്കുമെന്ന് സി.പി.ഐ.(എം)–ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ നാടുമുഴുവൻ പ്രസംഗിച്ച കാര്യം അങ്ങയുടെ ഓർമ്മയിലുണ്ടോ?

ശ്രീ. വി.ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഇക്കാര്യത്തിൽ ഒരു ആത്മാർത്ഥമായ സമീപനം, ഞാൻ സി.പി.ഐ.(എം)–നെയോ സി.ഐ.ടി.യു.–വിനേയോ മാത്രം എടുത്ത് പറയുന്നില്ല, ഇക്കാര്യത്തിൽ ആത്മാർത്ഥമായ സമീപനം കേരളത്തിലെ എല്ലാ ട്രേഡ്

യൂണിയനുകളിൽ നിന്നുമുണ്ടാകേണ്ടതാണ്. ഗവൺമെന്റ് നടത്തുന്ന ഈ വലിയ ശ്രമത്തെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും പിന്തുണയ്ക്കു മെന്ന കാര്യത്തിൽ സംശയമില്ല. ഈ ഭേദഗതി ഒന്നുകൂടി മൂവ് ചെയ്തു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. ഷിബു ബേബി ജോൺ)

P-13-02-2013 AJ-JG(4)

4.40-4.50

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ബഹുമാന്യനായ പി.കെ. ഗുരുദാസൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കൊണ്ടുവന്ന ഒരു ഓർഡിനൻസാണ്. അതിന്മേൽ വളരെ നിസ്സാര മായ അമന്റ്മെന്റാണ് കൊണ്ടുവന്നത്. അതിൽ ചർച്ചയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. പക്ഷെ നിർഭാഗ്യവശാലോ ഭാഗ്യവശാലോ ലേബർ ഡിപ്പാർട്ടു മെന്റിന്റെ കഴിഞ്ഞ രണ്ടുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന നില യിലേയ്ക്കാണ് ഈ ചർച്ച പോയത്. അതിലെനിക്ക് അദ്ദേഹത്തോട് നന്ദി യുണ്ട്. എന്റെ ഭാഗം വിശദീകരിക്കാനും സാധിക്കും. ശ്രീ. ജി.എസ്. ജയ ലാൽ ചർച്ച ആരംഭിച്ചുകൊണ്ട് പല കാര്യങ്ങളും സൂചിപ്പിച്ചു. ക്ഷേമനിധി ബോർഡിൽ 39899 അൺഅറ്റാച്ച്ഡ് തൊഴിലാളികളും 40183 സ്കാറ്റേർഡ് തൊഴിലാളികളുമാണുള്ളത്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നു പറയുന്നതിനോട് നൂറുശതമാനവും ഞാൻ യോജിക്കുന്നു. പക്ഷെ ഈ മേഖ ലയിലേയ്ക്ക് പുതിയ തൊഴിലാളികൾ വരുന്നില്ല, ഈ മേഖലയിൽ തൊഴിലാ ളികളുടെ എണ്ണം ഗണ്യമായി കുറയുന്നു എന്നുള്ള വസ്തുതയും നമ്മുടെ മുന്നിലുണ്ട്. നോക്കുകൂലിയാണ് പ്രധാനമായ ഒരു വിഷയമായി വന്നത്.

അതിനെക്കുറിച്ച് പിന്നീട് പറയാം. ക്ഷേമപദ്ധതികളിൽ നിന്നെല്ലാം ഗവൺമെന്റ് പിന്മാറുന്നതായി ശ്രീ. ജി.എസ്. ജയലാൽ പറഞ്ഞു. ഏത് പദ്ധതിയിൽ നിന്നാണ് പിന്മാറിയതെന്നുകൂടി ചൂണ്ടിക്കാണിക്കണം. ഒരു കാരണവശാലും ഒരു ക്ഷേമപദ്ധതിയിൽ നിന്നും പിന്മാറില്ലെന്നുമാത്രമല്ല വർദ്ധിത വീര്യത്തോടുകൂടിത്തന്നെ കേരളത്തിലെ തൊഴിലാളി സമൂഹത്തിന് അങ്ങേയറ്റം ആനുകൂല്യങ്ങൾ നൽകാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി ബന്ധപ്പെട്ട ഒരു സമരത്തെക്കുറിച്ച് ബഹുമാനപ്പെട്ട പി.കെ. ഗുരുദാസനും ശ്രീ. വി.ഡി. സതീശനും പരാമർശിക്കുകയുണ്ടായി. ആ സമരം പരിഹരിക്കുവാൻവേണ്ടി ഒരുദിവസം മുമ്പ് ചർച്ചയ്ക്ക് വിളിച്ചു. ഞാനും പോർട്ടിന്റെ ചുമതലയുള്ള മന്ത്രി ശ്രീ. കെ. ബാബുവുംകൂടി മണിക്കൂറുകളോളം പരിശ്രമിച്ചിട്ടും ഒരു കൺസീലിയേഷനിലെത്താൻ സാധിച്ചില്ല. ഇതിന്റെ പ്രധാന്യം കണക്കിലെടുത്തുകൊണ്ട് നാളെ 11.30 മണിക്ക് വീണ്ടും ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. പി.കെ. ഗുരുദാസന്റെയും ശ്രീ. എളമരം കരീമിന്റെയും പരിശ്രമംകൊണ്ടും ട്രേഡ് യൂണിയനുകളുടെ സഹകരണംകൊണ്ടും കൊച്ചിൻ പോർട്ടിൽ നിലനിന്നിരുന്ന വളരെയധികം അശാസ്ത്രീയമായ കാര്യങ്ങൾ നിറുത്തലാക്കിയെന്നുള്ളത് തുറന്നു സമ്മതിക്കുന്നു. ഒരുപക്ഷെ, അവർ അധികാരത്തിലിരിക്കുമ്പോഴേ അത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഈ ഗവൺമെന്റ് അങ്ങോട്ട് ചെന്നുകഴിഞ്ഞാൽ പലപ്പോഴും ആ നിലയിലുള്ള പ്രതികരണമായിരിക്കില്ല ഉണ്ടാകുന്നത്. എന്തായാലും നല്ല കാര്യമാണ് ചെയ്തത്, അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിൽ നിന്നും മുന്നോട്ടുപോകാൻ തന്നെയാണ്

ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇവിടെ രണ്ടുമൂന്ന് കാര്യം കഴിഞ്ഞ സമ്മേളനത്തിലും പറഞ്ഞു, അന്നും ഞാൻ മറുപടി പറഞ്ഞതാണ്. ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്യുന്നതിലുള്ള അഭിപ്രായമാരാഞ്ഞ് ഒരു സർക്കുലർ പോയതിനെക്കുറിച്ച് ബഹുമാനപ്പെട്ട പി.കെ. ഗുരുദാസൻ ചൂണ്ടിക്കാണിച്ചു. ഞാനത് പരിശോധിക്കുന്നതാണ്. ഓഫ്-ഹാന്റായിട്ട് എനിക്ക് അതിന് മറുപടി പറയാൻ സാധിക്കുകയില്ല. പക്ഷെ ഒരു കാര്യം ശ്രീ. പി.കെ. ഗുരുദാസൻ അറിയാൻ, പ്രതിപക്ഷം അറിയാൻ, ഈ സഭ അറിയാൻ പറയുകയാണ്, ഒരു കാരണവശാലും നിലവിലുള്ള നിയമം ഭേദഗതി ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അങ്ങ് ഭയപ്പെടുന്നതുപോലെ ചുമട്ടുതൊഴിലാളികളെ ഒരു കരിനിയമത്തിൽപ്പെടുത്താനും ഉദ്ദേശിക്കുന്നില്ല. അതുപോലെ നോക്കുകൂലിയുടെ വിഷയം. ശ്രീ കഹാർ സൂചിപ്പിച്ചതുപോലെ നോക്കുകൂലിയെ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് പ്രഖ്യാപനമുണ്ടായി. പക്ഷെ പ്രാവർത്തികമാക്കാൻ സാധിച്ചില്ല. ഈ ഗവൺമെന്റ് വന്നതിന് ശേഷം എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുമായി ആലോചിച്ച് തന്നെയാണ് മുന്നോട്ട് പോയത്. അതിലെനിക്കൊരു കാര്യം തുറന്ന് പറയാൻ സാധിക്കും, സി.ഐ.റ്റി.യു.വിന്റെ സർവ്വാത്മനായുള്ള പിന്തുണ അക്കാര്യത്തിലുണ്ടായിരുന്നു. അതുകൊണ്ട് തന്നെയാണ് ഒരു പരിധിവരെ നടപ്പിലാക്കാൻ സാധിച്ചത് എന്നതിന് യാതൊരു സംശയവുമില്ല. എല്ലാ ട്രേഡ് യൂണിയനുകളും സഹകരിച്ചു. ഏകീകൃത കൂലി, അഞ്ചു ജില്ലകളിൽ ഏകീകൃതകൂലി ആയിക്കഴിഞ്ഞു. ബാക്കിയുള്ള ജില്ലകളിൽ ചില പ്രശ്നങ്ങളുണ്ട്. ഓരോ കമ്പോളത്തിലും ഓരോ കൂലിയായതുകൊണ്ട് അത് ഏകീകരിക്കാനുള്ള ബുദ്ധിമുട്ടുണ്ട്. അതിനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും കേരളത്തിൽ എങ്ങും നോക്കുകൂലി അനുവദിക്കുന്ന പ്രശ്നമില്ല.

ഇങ്ങനെയൊരു തെറ്റിദ്ധാരണയുണ്ട്. തിരുവനന്തപുരവും, കൊച്ചിയും കോഴിക്കോടും മാത്രമേയുള്ളൂ നോക്കുകൂലി നിരോധിത മേഖലയെന്ന ഒരു ആശയഗതിയുണ്ട്. അത് തെറ്റാണ്. കേരളത്തിലെങ്ങും തന്നെ നോക്കുകൂലി അനുവദിക്കുന്ന പ്രശ്നമില്ല. ഏകീകരിച്ച കൂലി പ്രഖ്യാപിച്ചിട്ടുള്ളളത് അഞ്ച് മണ്ഡലങ്ങളിൽ അല്ലെങ്കിൽ അഞ്ച് കോർപ്പറേഷനുകളുള്ള ജില്ലകളിലാണെന്നു മാത്രമേയുള്ളൂ. അതിന്റെ പേരിൽ ഒരു തൊഴിലാളിയെയും പിടിച്ചുപറിക്കാരനായി ചിത്രീകരിക്കുകയോ കേസെടുക്കുകയോ ചെയ്യുന്നില്ല. പക്ഷെ അക്രമം ഉണ്ടായിക്കഴിഞ്ഞാൽ  പോലീസ് ചെയ്യേണ്ട കാര്യം പോലീസ് ചെയ്യും അത് ചെയ്യില്ലെന്ന് പറയാൻ എനിക്ക് സാധിക്കില്ല. ആ നിലയിലേയ്ക്ക് മാത്രമേ അതിനെ കാണുന്നുള്ളൂ. പക്ഷെ ഇതുവരെ വന്നിട്ടുള്ള പരാതിയിൽ കാർഡുള്ള, അംഗീകാരമുള്ള തൊഴിലാളി എവിടെയെങ്കിലും ഇത്തരത്തിലൊരു പ്രവർത്തിയിലേർപ്പെട്ടതായി നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.  പലപ്പോഴും തൊഴിലാളി പോലുമല്ലാതെ അവിടെ തിണ്ണമിടുക്ക് കാണിക്കാൻ നടക്കുന്നവരണ് ഇക്കാര്യത്തിൽ ഏർപ്പെട്ടിട്ടുള്ളത്.  .......അദ്ദേഹം ദീർഘ നേരം സംസാരിച്ചു. പക്ഷെ ശ്രദ്ധിക്കുന്നില്ല. ദീർഘനേരം സംസാരിച്ചതിനുള്ള മറുപടി ഞാൻ പറയണ്ടേ? ഒരു അനുജന്റെ സ്ഥാനത്ത് നിർത്തിക്കൊണ്ടു തന്നെയാണ് എന്നോട് പിരിച്ചുവിടലിന്റെ മന്ത്രിയാകരുതെന്ന് പറഞ്ഞത്.  കഴിഞ്ഞ നിയമസഭയിൽ ഇത് ഉന്നയിച്ചപ്പോഴും ഞാൻ പറഞ്ഞതാണ്. എന്റെ വ്യക്തിപരമായ ഒരു തീരുമാനവും അക്കാര്യത്തിലില്ല.  യു.ഡി.എഫ് ഗവൺമെന്റ് അധികാത്തിൽ വന്നപ്പോൾ ആദ്യത്തെ ക്യാബിനറ്റിൽ എടുത്ത തീരുമാനം തന്നെ 2001 ജനുവരി 11 മുതൽ നടത്തിയിട്ടുള്ള നിയമനം അല്ലെങ്കിൽ ആ ഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനം പുന:പരിശോധിക്കുകയെന്നതാണ്. അങ്ങനെ പരിശോധിച്ചപ്പോൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ടും ഷോപ്പ്സ്

ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷുമെന്റുമായി ബന്ധപ്പെട്ടുമുള്ള ചില നിയമനങ്ങൾ ആ ഗവൺമെന്റിന്റെ അവസാനത്തെ ക്യാബിനറ്റിൽ, അതായത് ഫെബ്രുവരി 28 ലെ ക്യാബിനറ്റ് എടുത്ത തീരുമാനം, യു.ഡി.എഫ് ഗവൺമെന്റിന്റെ തീരുമാനപ്രകാരം ആ ക്യാബിനറ്റ് തീരുമാനം പുന:പരിശോധിച്ചപ്പോൾ അത് നിയമവിധേയമല്ലായെന്ന് കണ്ടു. അത് ഇലക്ഷൻ കമ്മീഷൻ ആ ഫയലിൽ നോട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ടു തന്നെ നിയമവിരുദ്ധമല്ലെന്നു കണ്ടുകൊണ്ട് ഇത് പിരിച്ചു വിടപ്പെടും എന്ന് പറഞ്ഞപ്പോൾ ആ ക്യാബിനറ്റ് തീരുമാനം അസ്ഥിരപ്പെടുത്തി. സ്വാഭാവികമായി ഡെയ്‌ലി വേജസായോ മറ്റോ ജോലി ചെയ്തിരുന്നവർ പുറത്ത് പോകേണ്ടി വന്നു. അവർ കോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട കോടതി ഗവൺമെന്റ് എടുത്തതീരുമാനം ശരിവച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബിവറേജസ് കോർപ്പറേഷനിൽ ഉമാദേവി Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി നിലനിന്നിട്ടുപോലും, അദ്ദേഹം നിയമനം നടത്തിയെന്ന് പറഞ്ഞു. ഞാൻ ഈ രാജ്യത്തെ സുപ്രീം കോടതിയെ ബഹുമാനിക്കുന്നു ആ വിധി നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായി ചെയ്യാൻ എനിക്ക് സാധിക്കില്ല. ഈ ഗവൺമെന്റിനും സാധിക്കില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, രാജ്യത്തെ നിലവിലുള്ള മറ്റു നിയമങ്ങൾ ബാധകമാക്കണം. അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടി, അദ്ദേഹം ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെ കത്തെനിക്കുണ്ട്. ആ കത്തിനെ ആസ്പദമാക്കിയല്ല ഞാൻ ചെയ്തത്. ഞാൻ ചെയ്തത് തൊഴിലാളി പ്രസ്ഥാനത്തിനോട് പ്രതിബദ്ധതയുള്ള ഒരു തൊഴിലാളി മന്ത്രി അധികാരത്തിലിരിക്കു

മ്പോൾ തൊഴിലാളിയെ പിരിച്ചുവിടാൻ പാടില്ല എന്നുള്ളതുകൊണ്ടാണ്. അദ്ദേഹത്തിന്റെ കത്ത് ഇപ്പോഴും എന്റെ കൈവശമുണ്ട്. ഗവൺമെന്റിന്റെ ഫയലില്ല. ഗവൺമെന്റിന്റെ ഫയലിൽ വച്ചിട്ടില്ല. പക്ഷെ അത് ഉമാദേവി ഢഠ കർണാടക സ്റ്റേറ്റ് എന്ന കേസിൽ വിധി വന്നതുകൊണ്ട് ഈ രാജ്യത്താർക്കും സ്ഥിരനിയമനം പാടില്ലായെന്നൊരു വ്യവസ്ഥ വരാൻ പാടുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ക്ഷേമനിധി ബോർഡിൽ മുൻകാലങ്ങളിലും ഡെയ്‌ലിവേജസിന് ആളിനെ വയ്ക്കാറുണ്ട്. അതത് ഗവൺമെന്റ് വരുമ്പോൾ അതാത് ഓഫീസുകളുടെ ആവശ്യമനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി വരുമ്പോൾ കാലതാമസം ഉള്ളതുകൊണ്ട് താത്കാലികമായി നിയമനം നടത്താറുണ്ട്. എല്ലാ ഗവൺമെന്റിന്റെ സമയത്തും ചെയ്തിട്ടുണ്ട്. പക്ഷെ അവരെ സ്ഥിപ്പെടുത്തുന്നതിലേയ്ക്ക് വന്നത് ആദ്യത്തെ കാര്യമാണ്. ആ സ്ഥിരപ്പെടുത്തിയ തീരുമാനം പുന:പരിശോധിക്കാനാണ് യു.ഡി.എഫ് ഗവൺമെന്റ് തീരുമാനിച്ചത്. ആ തീരുമാനം അനുസരിക്കാൻ ഞാൻ ബാധ്യസ്ഥനല്ലേ? ആ തീരുമാനമനുസരിച്ച് കാര്യങ്ങൾ നീക്കി, പ്രത്യേകിച്ച് രണ്ടും മൂന്നും വർഷം മാത്രം ജോലി ചെയ്ത്....... ഇപ്പോൾ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റിന്റെ തൊഴിലാളികളുടെ കാര്യം അദ്ദേഹം സൂചിപ്പിച്ചു. ഞാൻ എല്ലാവരുടെയും ലിസ്റ്റ് പറയുന്നില്ല. ഞാനും പഠിച്ചതാണ്. ഒരു ജില്ലാ ഓഫീസർ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ഡെയ്‌ലി വേജസായി ജോലി കൊടുത്തു. ആറ് മാസം കഴിഞ്ഞപ്പോൾ സ്ഥിരപ്പെടുത്താൻ ഉത്തരവും വന്നു. ഇത് അംഗീകരിക്കാമോ? ഏതെങ്കിലും ഗവൺമെന്റ് അംഗീകരിക്കാമോ? അദ്ദേഹം തൊഴിലാളികളെന്ന സദുദ്ദേശത്തോടെ തന്നെ ചെയ്തതാണ്, സംശയമില്ല. പക്ഷെ ആ സദുദ്ദേശത്തെ ചൂഷണം ചെയ്തുകൊണ്ടുള്ള സംവിധാനമതിനകത്തുണ്ടായി. ആ ഉദ്യോഗ

സ്ഥനെ സസ്പെന്റ് ചെയ്തു. ഭരണഘടനാപരമായി സത്യപ്രതിഞ്ജ ചെയ്ത് തൊഴിൽ വകുപ്പിന്റെ ഈ കസേരയിലിരിക്കുമ്പോൾ സസ്പെന്റ് ചെയ്യേണ്ട വരെ സസ്പെന്റ് ചെയ്യണം. സമരവുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. അതിൽ യു.ഡി.എഫ് ഗവൺമെന്റ് എടുത്ത തീരുമാനം ക്യാബിനറ്റ് എടുത്ത തീരുമാനത്തിന് വിധേയമായി മാത്രമേ ഞാൻ പ്രവർത്തിച്ചിട്ടുള്ളൂ. എന്റെ അറിവുകേടുകൊണ്ടായിരിക്കാം, എന്റെ പരിമിതമായ അറിവു കൊണ്ടായി രിക്കാം, ഗസറ്റഡ് ഓഫീസേഴ്സ് ഇത്തരം സമരങ്ങളിൽ സമരം ചെയ്തുകൂടാ എന്ന അഭിപ്രായമായിരുന്നു എനിക്കുള്ളത്. ജീവനക്കാർ വേറെ, ഗസറ്റഡ് ഓഫീസേഴ്സ് വേറെ. ഞാനത് ഓർക്കാൻ ഒരു കാര്യമുണ്ടായിരുന്നു. എന്റെ പിതാവ് എൽ.ഡി.എഫ്-ന്റെ ഏറ്റവും വലിയ നേതാവായി നിന്ന സമയത്ത് എൽ.ഡി.എഫ്. സംഘടനകൾ സമരം ചെയ്തപ്പോൾ, എന്റെ അമ്മ ഒരു ഹെഡ്മിസ്ട്രസായിരുന്നു. എൽ.ഡി.എഫ്. സംഘടനകൾ സമരം ചെയ്ത പ്പോൾ, അമ്മ ഒരു ടൂ വീലറിന്റെ പുറകിലിരുന്ന് സ്കൂളിൽ പോയി സ്കൂൾ തുറന്ന ചരിത്രമാണ് എനിക്കറിയാവുന്നത്. അന്നത്തെ കാലഘട്ടത്തിൽ ഗസറ്റഡ് ഓഫീസേഴ്സ് പോലുള്ള ചുമതലകൾ നിർവ്വഹിക്കുന്നവർ, എൽ.ഡി.എഫ്. സമരം ചെയ്തപ്പോൾപ്പോലും ജോലിക്കുപോയ ആ ഒരു സാഹചര്യം കൊണ്ടാണ്, ആ ഒരു പശ്ചാത്തലംവച്ച് ഞാൻ സസ്പെന്റ് ചെയ്തത്. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മാണിസാറും കൂടി ചേർന്ന് ഒത്ത് തീർപ്പുണ്ടാക്കി. അതിന് മുമ്പുതന്നെ അവർക്ക് മെമ്മോ ഓഫ് ചാർജസ് കൊടുത്തു. മെമ്മോ ഓഫ് ചാർജസ് തിരിച്ചു കിട്ടിയതനുസരിച്ച് അവരുടെ യെല്ലാം സസ്പെൻഷൻ പിൻവലിച്ചു. ഓഫീസ് പൂട്ടിയിട്ട് പോയവരെ മാത്രം, അവരെയെല്ലാവരെയും തിരിച്ചെടുത്തു. ഞാനല്ല ഇത് ചെയ്തത്. ലേബർ കമ്മീഷണറേറ്റിൽ നിന്ന് ചെയ്തു. ഇവരെ സസ്പെന്റ് ചെയ്ത ഒഴിവിലേയ്ക്ക്

മറ്റാളുകളെ പോസ്റ്റു ചെയ്തിരുന്നു. ഇവരെ തിരിച്ചെടുത്തപ്പോൾ ഇവരെ അങ്ങോട്ടും ഇങ്ങോട്ടും ട്രാൻസ്ഫർ ചെയ്യേണ്ടി വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്റെ ശ്രദ്ധയിൽപ്പെടുത്തി, അവരെ ദൂര സ്ഥലങ്ങളിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്, ഇതു ശരിയല്ല. ആ ഉത്തരവ് റദ്ദാക്കിക്കൊണ്ട് അവർക്കതാതു സ്ഥലത്ത് കൊടുക്കാൻ പറ്റുമെങ്കിൽ അതാത് സ്ഥലത്ത് അല്ലെങ്കിൽ അതേ ജില്ലയിൽത്തന്നെ ഏറ്റവും അടുത്ത സ്ഥലത്ത് കൊടുക്കാൻ തീരുമാനിച്ചു. ആ ഉത്തരവിറങ്ങുകയും ചെയ്തു. ഇതിലെന്താണ് തൊഴിലാളി വിരുദ്ധമായിട്ടുള്ളത്? നിങ്ങൾ ഇപ്പുറത്തിരുന്നു ഭരിച്ചാലും നിങ്ങളും ഇത് ചെയ്യാൻ ബാദ്ധ്യസ്ഥരല്ലേ? നമ്മൾ ചെയ്യാനുള്ള ഉത്തരവാദിത്വം നിറവേറ്റുമ്പോൾ അതിൽ രാഷ്ട്രീയം കാണുന്നില്ല. തൊഴിൽ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ പ്രത്യേകിച്ച് സി.ഐ.റ്റി.യു.വിന്റെ സഹകരണമില്ലാതെ സാധിക്കില്ലെന്ന് ഉത്തമ ബോധ്യമുള്ളതാണ്. യാതൊരു കാര്യത്തിലും അങ്ങനെയൊരു രാഷ്ട്രീയം കലർന്നിട്ടുമില്ല. ഇനിയെങ്കിലും തെറ്റിദ്ധാരണകൾ അവസാനിക്കണം. ഇതുമായി ബന്ധപ്പെട്ട് ഒരാളെയും പിരിച്ചുവിടാൻ ആഗ്രഹിക്കുന്നതല്ല. പിരിച്ചുവിട്ടതൊക്കെ ഗവൺമെന്റ് ഒരു തീരുമാനമെടുത്തപ്പോൾ ആ തീരുമാനം നടപ്പാക്കി. മറ്റ് ഡിപ്പാർട്ടുമെന്റിലെന്തുകൊണ്ട് ചെയ്തില്ല എന്ന് ചോദിച്ചാൽ എനിക്ക് ഉത്തരം പറയാൻ സാധിക്കില്ല. ഒരു കാര്യം എനിക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയിലും സഭയുടെ ശ്രദ്ധയിലും പെടുത്താനുണ്ട്. ഈ അമെന്റ്മെന്റിൽ കൊച്ചിൻ പോർട്ടിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ-യുടെ ആനുകൂല്യം കൊടുക്കാനുള്ള ഒരു തീരുമാനം ഉണ്ട്. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യേണ്ടതാണെങ്കിലും, സഭ അറിയാൻ വേണ്ടി പറയുകയാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ആയിരക്കണക്കിന് തൊഴിലാളികൾ പണി എടുക്കുന്നുണ്ടെങ്കിലും അവരെല്ലാം ടേൺ അടിസ്ഥാനത്തി

ലാണ് പണി എടുക്കുന്നത്. ആറ് മാസം പണിയെടുക്കുമ്പോൾ 78 അറ്റ ൻ്റൻസ് ഉള്ളവർക്കുമാത്രമേ ഇ.എസ്.ഐ.യുടെ ആനുകൂല്യം കിട്ടുകയുള്ളൂ. നിർഭാഗ്യവശാൽ സ്ഥിരമായി തൊഴിലെടുക്കുന്ന പത്തോ ഇരുന്നൂറോ പേർക്ക് മാത്രമേ ഇ.എസ്.ഐ.യുടെ ആനുകൂല്യം കിട്ടുന്നുള്ളൂ. ബാക്കിയുള്ള വർക്കെല്ലാം വേണ്ടി ബോർഡ് ആറര ശതമാനം വച്ച് ഇ.എസ്.ഐ. വിഹിതം അടയ്ക്കുകയും ചെയ്യുന്നു, യാതൊരുവിധമായ ആനുകൂല്യവും കിട്ടാത്ത ഒരു സ്ഥിതിവിശേഷവുമാണ്. ബോർഡിന് സാമ്പത്തിക ബാധ്യതയാണ്, ഇ.എസ്.ഐ. യുടെ ഭാഗമായി കൊണ്ടുവന്നതുകൊണ്ട് തൊഴിലാളികൾക്ക് ആനുകൂല്യം കിട്ടുന്നില്ല, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ടിൽ നിന്ന് ഇവരെ ഒഴിവാക്കി, അവർക്കിപ്പോൾ അതുമില്ല ഇതുമില്ലാത്ത സ്ഥിതിവിശേഷ മായി. അതുകൂടി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യണം, ചർച്ച ചെയ്യുന്ന തായിരിക്കും. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണം.

ശ്രീ. എളമരം കരീം: സർ, ബേപ്പൂർ പോർട്ടിലെ കാര്യമാണ്. അവിടെ സ്ഥിരമായി കോൺട്രാക്ടർമാരുടെ കീഴിൽ ജോലി ചെയ്യുന്നവരുമുണ്ട്. ബേപ്പൂർ പോർട്ട് ഓഫീസറും എല്ലാം അപ്രൂവ് ചെയ്തവരാണ്. അവരും ഇ.എസ്.ഐ. കവറേജ് വേണമെന്ന് തുറമുഖ വകുപ്പു മന്ത്രിക്കും തൊഴിൽ വകുപ്പു മന്ത്രിക്കും നിവേദനം തന്നിട്ടുണ്ട്. വളരെ ജെനുവിൻ കേസാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോൾ അതുംകൂടി പരിഗണിക്കണമെ ന്നാണ് എൻ്റെ അഭിപ്രായം.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചതിൽ ഒരു സംശയമുണ്ട്. സമരത്തിൽ പങ്കെടുത്തിട്ട് സസ്പെൻഷനിലായ ഗസറ്റഡ് റാങ്കിലുള്ള ആളുകളെ മുഴുവൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാ നപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൂടിയാലോചിച്ചുകൊണ്ട്, അദ്ദേഹത്തിന്

നിർദ്ദേശം കൊടുത്തു, അതുകൊണ്ട് തിരച്ചെടുത്തു എന്നുപറഞ്ഞു. ഈ ദിവസം വരെ തിരിച്ചെടുക്കാത്ത സമരത്തിൽ പങ്കെടുത്ത ഗസറ്റഡ് റാങ്കിലുള്ള ഓഫീസറുണ്ട്.

ശ്രീ. ഷിബു ബേബി ജോൺ: ആരാണ്?

ശ്രീ. ജെയിംസ് മാത്യു: ശ്രീ. മൊയ്തിൻകുട്ടി. എന്റെ പി.എ. ആയിരുന്ന ആൾ ഇപ്പോൾ അങ്ങയുടെ വകുപ്പിൽ ജോലി ചെയ്യുകയാണ്. അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. അദ്ദേഹത്തോട് എവിടെ താക്കോൽ കൊടുക്കണ മെന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞില്ല. അവസാനം സീൽഡ് കവറിൽ കളക്ടർക്ക് താക്കോൽ കൊടുത്തു. ജോലിയിൽ ഇതുവരെ പുനഃപ്രവേശിപ്പിച്ചിട്ടില്ല. ഈ നിമിഷം വരെ.

ശ്രീ. ഷിബു ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പരി ശോധിക്കാം. എനിക്ക് കിട്ടിയ അറിവുവച്ച് എല്ലാവരെയും തിരിച്ചെടുത്തിട്ടു ണ്ട്. അതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കാം. ശ്രീ. എളമര കരീം പറഞ്ഞത് തീർച്ചയായും പരിശോധിക്കാവുന്നതാണ്. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. പക്ഷെ ഈ ബോർഡുകളു ടെ, നമ്മൾ സദുദ്ദേശപരമായി 1978-ൽകൊണ്ടു വന്ന സംവിധാനം. നിരവധി ക്ഷേമനിധി ബോർഡുകൾ കൊണ്ടുവന്നിട്ടുണ്ട്. ഇനി ബോർഡുകളുടെ പ്രയാണം എങ്ങനെയെന്നത് സംബന്ധിച്ച് വലിയ ആശങ്കയുണ്ട്. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ പോലും യഥാർത്ഥത്തിൽ അടയ്ക്കേണ്ട തുകയുടെ 3040 ശതമാനത്തിൽ കൂടുതൽ ആരും അടയ്ക്കുന്നില്ല. തൊഴിലുട മകൾ നേരെ തൊഴിലാളികളുടെ കൈകളിലേയ്ക്ക് കൊടുക്കുന്നു. തൊഴിലാ ളിയും അവർക്ക് കൊടുത്താൽ മതിയെന്ന് പറയുന്നു. ആറ് ജില്ലകളിൽ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സഭ ഇത് ഗൗരവമായി

കാണണം. കാലപ്രയാണത്തിൽ, നമ്മൾ അന്ന് ഉദ്ദേശിച്ചിരുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമായാണ് പോകുന്നത്. ബോർഡുകളുടെ പ്രവർത്തനം കൊണ്ട് കാര്യക്ഷമമായി തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യം കൊടുക്കാൻ സാധിക്കാത്ത ഒരു പശ്ചാത്തലമുണ്ട്. അത് ഗൗരവത്തിലെടുത്തുകൊണ്ട് നമുക്ക് ബോർഡുകൾ പുന:ക്രമീകരിച്ച്, വ്യാജ അംഗത്വം ഒഴിവാക്കി ശക്തിപ്പെടുത്തി കൂടുതൽ ആനുകൂല്യം കൊടുക്കുന്ന ഒരു സാഹചര്യമുണ്ടാകണം. ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. തൊഴിലാളി താത്പര്യം വിട്ടുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോകില്ല, പ്രവർത്തിക്കില്ല എന്ന് ഉറപ്പുനൽകാൻ ഞാൻ ഉദ്ദേശിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ..... ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച ഢകക-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദ

ഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ബിൽ അവതരിപ്പിച്ചപ്പോൾ സംസാരിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റിയിലെ നിർദ്ദേശങ്ങൾ പരമാവധി അംഗീകരിച്ചിട്ടുണ്ട്. മെമ്പർമാരുടെ അഭിപ്രായം അറിഞ്ഞിട്ട് അവസാനം സംസാരിക്കാം.

മി. സ്പീക്കർ: സർ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. കെ.കെ. നായർ, ശ്രീ. ജി. സുധാകരൻ എന്നീ മൂന്നുപേരാണ് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ളത്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർക്ക് വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് ഇപ്പോൾ സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബില്ലിന്റെ ചർച്ച ബഹിഷ്ക്കരിച്ചിട്ട്, സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്ത് ഡിസന്റ് നോട്ട് കൊടുത്ത് ഇവിടെ സംസാരിക്കുന്നത് ശരിയല്ല. ....(ബഹളം)....

മി. സ്പീക്കർ: സർ, ഈ ബിൽ നിയമസഭയിൽ വന്ന സമയത്ത് അവർ പുറത്തുപോയത് ശരിയാണ്. പക്ഷേ അവർ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തു, ഇപ്പോൾ സഭയിലുണ്ട്. ഇതിൽ പങ്കെടുക്കാനുള്ള പൂർണ്ണ അവകാശം അവർക്കുണ്ട്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർക്ക് സംസാരിക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഈ ബില്ല് സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ അതിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ

പറഞ്ഞ് ഡിസന്റ് നോട്ട് കൊടുത്തിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. ഇവർ മനപ്പൂർവ്വം പ്രശ്നം ഉണ്ടാക്കുകയാണ്. 97-ാമത് ഭരണഘടനാ ഭേദഗതിയിലെ പാർട്ട് 9(ബി) ആർട്ടിക്കിൾ 243 അനുസരിച്ചുള്ള ഒരു ഭേദഗതി ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സഹകരണരംഗത്ത് കാലോചിതമായ മാറ്റങ്ങൾ വരണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ് സാധാരണഗതിയിൽ ഭേദഗതികൾ കൊണ്ടുവരുന്നത്. ആ അമെന്റ്മെന്റുകളൊന്നും താഴോട്ട് പോകാറില്ല, മുകളിലേയ്ക്കേ പോകാറുള്ളൂ. ഇന്നത്തെ സ്ഥിതിയിൽ; കുറേക്കൂടി മെച്ചപ്പെട്ട സാഹചര്യത്തിൽ; ഈ നിയമത്തെ എങ്ങനെ നല്ല രീതിയിലാക്കാം എന്നത് അനുസരിച്ചാണ് ഭേദഗതികൾ കൊണ്ടുവരുന്നത്. എന്നാൽ ഇതിനെ എങ്ങനെ താഴേയ്ക്ക് കൊണ്ടുപോകാം എന്നതിന്റെ മാതൃകയായാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ മറ്റൊന്നും പറയുന്നില്ല. ഈ ബില്ലിന്റെ ഭരണഘടനാ ഭേദഗതിയിൽ ഒരു കാര്യം മാത്രം പറയാം. സ്ത്രീകളോടുള്ള പ്രത്യേക താല്പര്യംകൊണ്ട് ഈ ഗവൺമെന്റ് സ്ത്രീകൾക്ക് മൂന്ന് നോമിനേഷൻ കൊടുത്തു. ഭരണഘടനാ ഭേദഗതി വന്നപ്പോൾ അത് രണ്ടാക്കിക്കുറച്ചു. മന്ത്രിക്ക് വേണമെങ്കിൽ അത് മൂന്നാക്കാമായിരുന്നു. അതിനെപ്പറ്റിയൊന്നും പറയുന്നില്ല. മൂന്നു നോമിനേഷൻ കൊടുത്തുകൊണ്ടിരുന്ന സ്ത്രീകളുടെ മെമ്പർഷിപ്പ് രണ്ടാക്കി ചുരുക്കി. അത് ആർട്ടിക്കിൾ 243 ദഖ (ശശ) പ്രൊവൈസോയിലാണ്. ഒഴിവുവന്ന സ്ഥാനങ്ങളിൽ നോമിനേഷനാകാം എന്നാണ് ഭരണഘടനാ ഭേദഗതി വന്നിരിക്കുന്നത്. യാതൊരു കാരണവശാലും നോമിനേഷൻ പാടില്ല എന്ന് തീരുമാനിച്ചതിനുശേഷം വീണ്ടും നോമിനേഷൻ കൊണ്ടുവരുന്നത് പുറകോട്ടടിപ്പാണോ അതോ മുമ്പോട്ടുള്ള പോക്കാണോ എന്നു പറയണം. കോ-ഓപ്പറേറ്റീവ് രംഗത്തെ പ്രവർത്തന

മെന്നു പറയുന്നത് ഏഴു കാര്യങ്ങളിൽ അധിഷ്ഠിതമാണ്, കോ-ഓപ്പറേറ്റീവ് പ്രിൻസിപ്പൽസ് എന്നു പറയും. ശ്രീ. കെ. ശിവദാസൻ നായർക്കുവേണ്ടി മാത്രമല്ല, ഇവിടെ എല്ലാവർക്കുമറിയാനാണ്. 1) Open and Voluntary membership 2) Democratic member control 3) Member economic participation 4) Autonomy and independence 5) Education, training and information 6) Co-operation among the Co-operators and അവസാനമുള്ളത് പിന്നീട് കൂട്ടിച്ചേർത്ത താണ് 7) Concern for community. ഇത്തരം പ്രിൻസിപ്പൽസുള്ള ഈ സഹക രണ പ്രസ്ഥാനം കേരളത്തിൽ ഈ രീതിയിൽ എങ്ങനെ വന്നുവെന്ന് നിങ്ങൾ മനസ്സിലാക്കണം. മറ്റു സംസ്ഥാനങ്ങളിലെപ്പോലെയല്ല, ഇന്ത്യയിലൊട്ടാകെ നോക്കുമ്പോൾ കേരളത്തിൽ സഹകരണ പ്രസ്ഥാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയധികം മുമ്പോട്ട് വന്നിട്ടുണ്ട്. അത് എങ്ങനെ വന്നു?
108 കൊല്ലങ്ങൾക്ക് മുമ്പ് ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം തുടങ്ങിയത് കർഷകന്റെ കടബാധ്യത, ദാരിദ്ര്യം തുടങ്ങിയ കാര്യങ്ങൾക്ക് പരിഹാരം കാണാനാണ്. 1904-ൽ കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ആക്ട് നിൽവിൽ വന്നു. അന്ന് എല്ലാ സംഘങ്ങളെയും ഉൾപ്പെടുത്തിയില്ലായിരുന്നു. പിന്നീട് എല്ലാ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് 1912-ൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് നിലവിൽ വന്നു. 1928-ൽ സഹകരണ സംഘങ്ങ ളെക്കുറിച്ച് പഠിക്കാൻ റോയൽ കമ്മിഷനെ നിയമിച്ചു. വൈദ്യനാഥൻ കമ്മിഷനെപ്പോലെ ഇന്ത്യാ ഗവൺമെന്റ് നിയോഗിച്ചതാണ് റോയൽ കമ്മീ ഷൻ. ആ കമ്മീഷനും റിപ്പോർട്ട് സമർപ്പിച്ചു. അതിൽ പറയുന്നത്, സഹക രണം പരാജയപ്പെട്ടാൽ അത് ഗ്രാമീണ ഇന്ത്യയുടെ പരാജയമാണെന്നാണ്. എ.ഡി. ഗോൾവാലയുടെ അദ്ധ്യക്ഷതയിൽ അഹഹ കിറശമ ഞൗൃമഹ

ഇൃലറശ േടൗ്യ്ര ഈീാശേലേ-യുടെ റിപ്പോർട്ടിൽ സഹകരണ പ്രസ്ഥാനം വ്യാപിക്കുന്നതിൽ സംസ്ഥാനങ്ങളുടെ പങ്ക് പ്രത്യേകം എടുത്തുപറഞ്ഞിരുന്നു. അങ്ങനെ സംസ്ഥാനങ്ങൾ നിയമനിർമ്മാണങ്ങൾ നടത്തി. സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭമാണ് ഞാൻ പറഞ്ഞത്. **1984**-ൽ ഞൗഹശേ ടമേലേ ഇീീുലൃമശേ്ല അരേ നിൽവിൽവന്നു. അതിനുശേഷം ആ നിയമം **2002**-ൽ പരിഷ്ക്കരിച്ചു. കഴിഞ്ഞ 20 വർഷത്തിനിടെ സഹകരണ സംഘങ്ങളെക്കുറിച്ച് പഠിക്കാൻ ധാരാളം കമ്മിറ്റികൾ രൂപീകരിക്കുകയും അവയെല്ലാം റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുജറാത്തിൽ ഡോ. ബി. കുര്യന്റെ അമുൽ, ഇഫ്കോ(IFFCO) തുടങ്ങിയവുടെ പ്രവർത്തനങ്ങളൊക്കെ എടുത്തുപറയേണ്ട കാര്യങ്ങളാണ്. 1946-ൽ 1669 സഹകരണസംഘങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ രജിസ്ട്രാറുടെ കീഴിൽ ഏകദേശം 16000 സംഘങ്ങളുണ്ട്. 10503 സംഘങ്ങൾ ലൈവ് സംഘങ്ങളാണ്. ബാക്കിയുള്ള 6000-ലധികം സംഘങ്ങൾ പേപ്പർ സംഘങ്ങളാണ്. കേരളത്തിൽ 1600 പ്രാഥമിക വായ്പ സഹകരണ സംഘങ്ങളാണുള്ളത്. അറുപതിനായിരത്തോളം കോടി രൂപ ഡെപ്പോസിറ്റ് സഹകരണ സംഘങ്ങൾക്കുണ്ട്. അതിൽ 75 ശതമാനവും കൃഷിക്കാർക്ക് വായ്പ കൊടുക്കുന്നുണ്ട്. എങ്ങനെയാണ് അറുപതിനായിരം കോടി രൂപ സഹകരണ സംഘങ്ങളുടെ കൈവശം വന്നത്? ഈ മേഖലയിലെ കൃഷികാർക്കും ജനങ്ങൾക്കും സഹകരണപ്രസ്ഥാനത്തിൽ വിശ്വാസ്യത വർദ്ധിച്ചതിന്റെ ഫലമായി ഉണ്ടായതാണ്. കേരളവും മറ്റ് സംസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസം അതുതന്നെയാണ്. കൃഷിക്കാർക്ക് ആകെയുള്ളത് ഈ വായ്പ സംഘങ്ങളാണ്. ഒരോ ആളു

കൾക്കും പ്രത്യേകം പ്രത്യേകം സംഘങ്ങളുണ്ട്. കൃഷിക്കാർക്കാണ് പ്രൈമറി വായ്പാ സഹകരണ സംഘം ഉള്ളത്. കൈത്തറിക്കാർക്ക് കൈത്തറി സംഘമുണ്ട്, ഹാന്റെക്സ് ഉണ്ട്, മാർക്കറ്റിംഗിന് മാർക്കറ്റിംഗ് ഫെഡറേഷനുണ്ട്. ഹൗസിംഗിന് ഹൗസിംഗ് ഫെഡറേഷനുണ്ട്. കൺസ്യൂമർ സംഘത്തിന് കൺസ്യൂമർ ഫെഡറേഷനുണ്ട്. മത്സ്യ സഹകരണ സംഘങ്ങൾക്ക് മത്സ്യ ഫെഡ് ഉണ്ട്. മിൽക്കിന് മിൽമയുണ്ട്. എല്ലാ സംഘങ്ങൾക്കും പ്രത്യേകം പ്രത്യേകം അപ്പെക്സ് സംഘമുണ്ട്. കൃഷിക്കാരുടെ സംഘത്തിന് ആകെയുളളത് ജില്ലാ സഹകരണ ബാങ്കുകളും അതിനു മുകളിലുളള സംസ്ഥാന സഹകരണ ബാങ്കുമാണ്. അവിടെ ഭരിക്കുന്നത് ആരാണ്? ഭരിച്ചുകൊണ്ടിരുന്നത് ഈ കൃഷിക്കാരുടെ പ്രതിനിധികളായിരുന്നു. ഇപ്പോൾ ഭരിക്കുന്നത് ഞാൻ നേരത്തേ പറഞ്ഞ കടലാസ് സംഘങ്ങളുടെ പ്രതിനിധികളുൾപ്പെടെ 19 പേരാണ്, അതിൽ 4 പേർ മാത്രമാണ് കൃഷിക്കാരെ സംബന്ധിച്ച് പ്രതിനിധീകരിക്കാനുളളത്. ഈ സംഘങ്ങൾ എങ്ങനെയാണ് രക്ഷപ്പെടുന്നത്? കൃഷിക്കാരുടെ സഹകരണ സംഘങ്ങൾ തകർക്കാനുളള തുടക്കമാണ് ഈ നിയമത്തിന്റെ തുടക്കം. കൊളള പലിശക്കാരേയും ബ്ലെയ്ഡുകാരെയും ഒഴിവാക്കാൻ വേണ്ടി ഏകദേശം നൂറുകൊല്ലങ്ങൾക്ക് മുമ്പ് കൃഷിക്കാരുണ്ടാക്കിയതാണ് പരസ്പര സഹായ സംഘങ്ങൾ. അതിന് ഓഫീസില്ല, അവിടെ ക്ലർക്കില്ല, മറ്റ് സിൽബന്ധികളൊന്നുമില്ല. ആകെയുളളത് ഒരു പ്രസിഡന്റും സെക്രട്ടറിയും മാത്രമാണ്. സെക്രട്ടറി രാവിലെ ഒരു പുസ്തകവും കക്ഷത്തിൽവച്ച് ഇറങ്ങും. ബഹുമാനപ്പെട്ട കെ. പി. മോഹനൻ, അങ്ങ് ചിരിക്കണ്ട, കുറുപ്പ് സർ സഹകരണ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഞാൻ സഹകരണ സംഘത്തിന്റെ പ്രസിഡന്റായിരുന്നു. അന്ന് മുതൽ ഇന്ന് വരെയും ഈ പ്രസ്ഥാനം വിട്ടിട്ടില്ല.

100 വർഷങ്ങൾക്ക് മുമ്പ് ഉണ്ടാക്കിയെടുത്തതാണ് പരസ്പര സഹായ സംഘങ്ങൾ. നമ്മുടെ കൈവശം ഒരു ഡയറി കാണും, ആവശ്യമുള്ള കൃഷിക്കാരനെ കാണും അവർക്ക് പൈസ കൊടുക്കും വാങ്ങാനുള്ളത് വാങ്ങും. ആ രീതിയിൽ കൊണ്ടു നടന്നതാണ് പരസ്പര സഹായ സംഘങ്ങൾ. അന്ന് ഓഫീസും മറ്റൊരു സംഗതിയുമില്ലാത്ത കാലമാണ്.

ശ്രീ. സാജുപോൾ: സഹകരണ ആക്ടിന്റെ ആമുഖത്തിൽ കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടത്തിൽ മരിക്കുന്നവരാണ് ഇന്ത്യൻ കർഷകൻ എന്ന് പറഞ്ഞിട്ടുണ്ടല്ലോ. ഇപ്പോൾ ബഹുമാന്യനായ സി. എൻ. ബാലകൃഷ്ണൻ മന്ത്രിയായപ്പോൾ, കടലാസ്സിൽ ജനിച്ച്, കടലാസ്സിൽ വളർന്ന്, കടലാസ്സിൽ ജീവിക്കുന്നതാണ് സഹകരണ പ്രസ്ഥാനം എന്നാണോ അങ്ങ് പറഞ്ഞു വരുന്നത്?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഞാൻ ശ്രീ. സി. എൻ. ബാലകൃഷണനെ കുറ്റം പറയില്ല. അദ്ദേഹം നല്ല മനുഷ്യനാണ്, സഹകാരിയാണ്. അദ്ദേഹത്തെ പണ്ടുമുതലേ എനിക്കറിയാം. തൃശ്ശൂർ സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നു. അദ്ദേഹത്തിനെ എന്തിനാണ് പറയുന്നത്. വെട്ട് വെട്ട് എന്നുപറഞ്ഞ് ഒരു വാളും കൊടുത്ത് അദ്ദേഹത്തെ മുന്നിൽ നിർത്തിയിട്ടുണ്ട്. പിന്നെ എന്ത് ചെയ്യാൻ പറ്റും; അദ്ദേഹം നിസ്സഹായനാണ്. അതുകൊണ്ട് അദ്ദേഹത്തെ ഞാൻ കുറ്റം പറയില്ല. അങ്ങനെ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങളുണ്ടായി. ആ വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ കൃഷിക്കാരുടെ ഇടയിൽ പ്രവർത്തനം നടത്തിയതിനുശേഷമാണ് സർവ്വീസ് സഹകരണ സംഘങ്ങളായത്. ഇതൊക്കെ ശ്രീ. സി. എൻ. ബാലകൃഷ്ണന് അറിയാം. പരസ്പര സഹായ സംഘത്തിൽ നിന്ന് സർവ്വീസ് സഹകരണ

സംഘങ്ങളായപ്പോൾ അവിടെ ഓഫീസായി, സ്റ്റാഫായി. ബഹുദൂരം വളർന്നിരിക്കുകയാണ്. പിന്നീട് കൃഷിക്കാർക്ക് പണമിടപാടുകൾക്ക് ബാങ്ക് വേണമെന്ന ആവശ്യം ഉന്നയിച്ച് റിസർവ്വ് ബാങ്കിന്റെ അംഗീകാരത്തൊടുകൂടി ബാങ്കിംഗ് സൗകര്യം ഉണ്ടാക്കി കൊടുത്തത്. ബാങ്കിംഗ് സൗകര്യം ഉണ്ടെങ്കിൽ അവർക്ക് എന്തെങ്കിലും വിറ്റ് അവിടെ ഡെപ്പോസിറ്റ് ചെയ്യാം, അതുപോലെചെക്ക് കൊടുത്താൽ സ്വീകരിക്കുകയും ചെയ്യും. ക്രെഡിറ്റ് മേഖല കൈകാര്യം ചെയ്തുകൊണ്ടിരുന്ന സഹകരണ സംഘം ബാങ്കായപ്പോൾ റിസർവ്വ് ബാങ്കിന്റെ കൂടി നിയന്ത്രണത്തിലായി. പണമിടപാടുകൾ മുഴുവൻ റിസർവ്വ് ബാങ്കിന്റെ കീഴിലും വായ്പാ മേഖല മുഴുവൻ രജിസ്ട്രാറുടെ കീഴിലുമായി. അങ്ങനെ രണ്ടുപേരുടെയും കീഴിൽ ഈ സർവ്വീസ് സഹകരണ മേഖല വളർന്നുവന്നു. ഇങ്ങനെ വളർന്നുവന്നപ്പോഴാണ് സ്ഥലത്തെ പ്രധാനപ്പെട്ട പ്രൈവറ്റ് ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും അടി കിട്ടിയത്. അവിടെ പോകേണ്ട ഡെപ്പോസിറ്റ് ഇവിടെയാണ് വരുന്നത് എന്നുപറഞ്ഞു. അവിടത്തെ ബിസിനസ്സൊക്കെ പോയി. അങ്ങനെ വരുമ്പോൾ അവർ അത് സഹിക്കുമോ? അതുകൊണ്ടാണ് സഹകരണമേഖലയെക്കുറിച്ച് പഠിക്കാൻ വേണ്ടി കേന്ദ്രഗവൺമെന്റ് വൈദ്യനാഥൻ കമ്മിഷനെ നിയമിച്ചത്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ വൈദ്യനാഥൻ വന്നിട്ട് കൃഷിക്കാരെ കാണാൻ പോയില്ല, കൃഷിക്കാരുടെ ബാങ്ക് നോക്കാൻ പോയില്ല. അദ്ദേഹം മറ്റ് സംസ്ഥാനങ്ങളിലൊക്കെ പോയി അവിടെയുള്ളത് പഠിച്ചു. ഇവിടെയുള്ളത് പഠിച്ചില്ല. പഠിക്കാത്തത് വേറെയൊന്നും കൊണ്ടല്ല. പഠിച്ചാൽ കേരളത്തിലെ സാഹചര്യമനുസരിച്ച്, കൃഷിക്കാരന് പണമിടപാടും വായ്പമേഖലയും ഒന്നിച്ച് പോകാനേ കഴിയൂ എന്ന് വൈദ്യനാഥൻ പറഞ്ഞു. നിങ്ങൾ ഭാഗത്തായി കൈ നീട്ടുക. ഒരുഭാഗത്ത് രജിസ്ട്രാർ– വായ്പാ മേഖലയും, മറുഭാഗത്ത്

റിസർവ്വ്ബാങ്ക്- പണമിടപാടുകളും ക്യാഷ് ട്രാൻസ്ഫറും. ഇതിൽ ഏത് വേണമെന്നാണ് ചോദിച്ചത്? വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിൽ നല്ലതൊന്നും ഇല്ലെന്ന് ഞാൻ പറയുന്നില്ല. അതൊക്കെ കേരളം പരിശോധിച്ചതാണ്, പരിഹ രിച്ചതാണ്. 2005-ലാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് വരുന്നത്. അന്നത്തെ മുഖ്യമന്ത്രി ആരാണ്? ഇപ്പോഴത്തെ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. എം.വി. രാഘവ നായിരുന്നു.

വൈദ്യനാഥൻ കമ്മിറ്റി ശുപാർശകൾ ഇവിടെ നടപ്പാക്കാൻ പറ്റില്ലായെന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അന്ന് പറഞ്ഞു. ശ്രീ. എം. വി. രാഘവനും അതേ നിലപാടാണ് സ്വീകരിച്ചത്. 2005ൽ വന്ന റിപ്പോർട്ട് ഇവിടെ നടപ്പാക്കിയില്ല. ഇവിടെ മാത്രമല്ല, ഹരിയാനയിലും നടപ്പാക്കിയില്ല. അതുകഴിഞ്ഞാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായും ശ്രീ. ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രിയായും വന്നത്. അവർ പറഞ്ഞത്, ഇതിലെ നല്ല കാര്യങ്ങൾ ഞങ്ങൾ നടപ്പിലാക്കാം പക്ഷേ, കേരളത്തിലെ കൃഷിക്കാരെ തൊടാൻ സമ്മതിക്കില്ല എന്നാണ്. കേന്ദ്ര സഹകരണ മന്ത്രിയുമായി കൂടിയാലോചിക്കണമെന്ന് പറഞ്ഞു. അന്നത്തെ സഹകരണ മന്ത്രിയുടെ നേതൃത്വത്തിൽ ഈ കാര്യങ്ങളെല്ലാം കേന്ദ്രത്തോട് പറഞ്ഞു. അവർക്കത് ബോധ്യപ്പെടുകയും ചെയ്തു. എന്നാലും സ്വകാര്യ ബാങ്കുകളെ സഹായിക്കുവാനുള്ള തൽപ്പര്യമുണ്ടായിരുന്നതുകൊണ്ട് അവർ അതിൽ നടപടിയൊന്നും എടുത്തില്ല. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിൽ കേരളത്തിലെ കൃഷിക്കാരെ മുഴുവൻ തകർക്കുന്ന അല്ലെങ്കിൽ പ്രാഥമിക വായ്പാ സംഘങ്ങളെ തകർക്കുന്ന സ്ഥിതിവിശേഷം വന്നു. അതാണ് ഇന്ന്

കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് വന്നിരിക്കുന്ന ദോഷം. ഇപ്പോൾ സഹകരണ ബാങ്കുകളെ ബാങ്കെന്ന് പറയുവാൻ കഴിയില്ല. അവർക്ക് ബാങ്കെന്ന് പറയുവാനോ ചെക്കെഴുതാനോ അധികാരമില്ല. അങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടാക്കിയ, പുറകോട്ടടിച്ച ഒരു റിപ്പോർട്ടാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട്. 1999ൽ എൽ.ഡി.എഫ്. ഗവൺമെന്റ് സഹകരണ നിയമത്തിൽ കൊണ്ടുവന്ന ഭേദഗതികൾ 2000ൽത്തന്നെ നടപ്പിലാക്കി. പലമേഖലകളിലും ഈ പ്രസ്ഥാനം ഗുണകരമായിട്ടുണ്ട്. ലോക്കൽ ബോഡികൾക്ക് മെമ്പർഷിപ്പ് കൊടുക്കുവാനുള്ള തീരുമാനമുണ്ടായി. അന്നുവരെ പഞ്ചായത്തുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ സംഘങ്ങളിൽ അംഗത്വമില്ലായിരുന്നു. ഭേദഗതി ചെയ്ത് കൊടുത്തതുകൊണ്ട് വളരെയേറെ ഗുണങ്ങളുണ്ടായി. അതുപോലെ സഹകരണ ആർബിട്രേഷൻ കോടതികളും ഇലക്ഷൻ കമ്മീഷനുമുണ്ടാക്കി. ഇപ്പോൾ ഇലക്ഷൻ കമ്മീഷനിൽ ഒരാളല്ല, മൂന്നുപേരാണുള്ളത്. അതും സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതാണ്. സർക്കാരിന്റെ ഉദ്യോഗസ്ഥൻമാരടങ്ങുന്ന കമ്മീഷനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പരീക്ഷാബോർഡുകൾ, ഡയറക്ടറേറ്റ് ഓഫ് ഓഡിറ്റ്, പോലീസ് വിജിലൻസ് വിംഗ്, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം ഇതൊക്കെ 1999 ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ രംഗത്ത് കൊണ്ടുവന്ന പരിഷ്കാരങ്ങളും നേട്ടങ്ങളുമാണ്. അതുകൊണ്ട് ഒരുപാട് ഗുണങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെ വളർന്നുവന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കുവാനും കടയ്ക്ക് കത്തിവയ്ക്കാനുമുള്ള നടപടികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ 97ാമത് ഭരണഘടനാ ഭേദഗതിയുടെ മറവിൽ ഇതിനെ

തകർക്കുന്ന പല പരിപാടികളുമുണ്ട്. ഈ മൂവ്മെന്റും ഈ മേഖലയും തകർക്കാനുള്ള സകല പരിപാടികളുമുണ്ട്. കേരളത്തിൽ സഹകരണ മേഖല കടന്നുചെല്ലാത്ത ഒരു മേഖലയുമില്ല. കയർ, കശുവണ്ടി, കൈത്തറി, മത്സ്യം, പാൽ തുടങ്ങിയ എല്ലാ രംഗങ്ങളിലും ഈ മേഖല കടന്നുചെന്നിട്ടുണ്ട്, അതിന് വളർച്ചയുമുണ്ട്. അതിനെയൊക്കെ ഭിന്നിപ്പിക്കുവാനും തകർക്കുവാനുമാണ് ഈ ഭേദഗതി വന്നത്. വില വർദ്ധനവ് വരുമ്പോൾ അതിനെ നിയന്ത്രിച്ചു നിറുത്താൻ വേണ്ടി ശക്തമായി കൊണ്ടുവന്നതാണ് കൺസ്യൂമർ ഫെഡറേഷൻ. അതിനെയൊക്കെ തകർത്തുതരിപ്പണമാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് അഴിമതി നടന്നപ്പോൾ അന്നത്തെ ഗവൺമെന്റ് പ്രൊഫഷണൽ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഉണ്ടാക്കാനുള്ള തീരുമാനമെടുത്തു. അത് സഹകരണ രംഗത്ത് തുടങ്ങണമെന്നും തീരുമാനിച്ചു. അങ്ങനെ വിവിധ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങൾ, പ്രൈമറി സംഘങ്ങൾ, ജില്ലാ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, കോ ഓപ്പറേറ്റീവ് യൂണിയൻ, യൂണിവേഴ്സിറ്റികൾ ഇവരൊക്കെ തുടങ്ങിയതാണ് പ്രൊഫഷണൽ കോളേജുകൾ. കേരള യൂണിവേഴ്സിറ്റി കാര്യവട്ടത്ത് എഞ്ചിനീയറിംഗ് കോളേജും, കോഓപ്പറേറ്റീവ് യൂണിയൻ കാട്ടാക്കടയിൽ ഒരു കോളേജും തുടങ്ങി. അവിടെയെല്ലാം സർക്കാർ നിശ്ചയിക്കുന്ന ഫീസാണ്. പേരൂർക്കടയിലെ ഒരു പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക് എം.ബി.എ. കോളേജും നഴ്സിംഗ് കോളേജും സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് ഒരു എം.ബി.എ. കോളേജും തുടങ്ങി. ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആര്യ ആന്റ് കാപ്പക്സ്. ഇവിടെയെല്ലാം സർക്കാർ നിശ്ചയിക്കുന്ന ഫീസാണ് വാങ്ങുന്നത്. ഇവയെല്ലാം വിദ്യാഭ്യാസ രംഗത്തെ കൊള്ളയടിക്കാത്ത, കച്ചവടമാക്കാത്ത രീതിയിൽ സംരക്ഷിക്കുന്ന സ്ഥാപനങ്ങളാണ്.

അതിനെയൊക്കെ തകർത്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ സീമാറ്റ് എന്നൊരു സ്ഥാപനമുണ്ട്. അവിടെ എം.ബി.എ. കോഴ്സ് മാത്രമേയുള്ളൂ. 45 കോടി രൂപ മുടക്കി, 45 ഏക്കർ സ്ഥലത്ത് മനോഹരമായ കെട്ടിടവും അതിനുവേണ്ട എല്ലാ സൗകര്യങ്ങളുമുണ്ടാക്കി. പത്രത്തിൽ പരസ്യം ചെയ്ത് ടെസ്റ്റും ഇന്റർവ്യൂവും നടത്തി അവിടെ ആൾക്കാരെ നിയമിച്ചു, അവർക്ക് അംഗീകാരവും കൊടുത്തു. ഇപ്പോൾ അവർക്ക് ശമ്പളം കൊടുക്കുന്നില്ല; കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നു തിനുള്ള അഡ്വെർട്ടൈസ്മെന്റ് നടത്തുന്നില്ല. അതിനുകാരണം ആ സ്ഥാപനം നിർത്തുന്നതുകൊണ്ടാണ്. കഴിഞ്ഞവർഷം അവസാനമാണ് അഡ്വർട്ടൈസ്മെന്റ് കൊടുത്തത്. ഈ വർഷത്തെയും അടുത്ത വർഷത്തെയും അഡ്വർട്ടൈസ്മെൻ് ഇതുവരെ കൊടുത്തിട്ടില്ല. മുമ്പ് ഒരു മാനേജിംഗ് ഡയറക്ടർ, എറണാകുളത്ത് എം.ബി.എ.യ്ക്ക് പഠിക്കുന്ന അദ്ദേഹത്തിന്റെ മകനെ ഇങ്ങോട്ടു കൊണ്ടുവരാൻവേണ്ടി സീമാറ്റിൽ ഒരു ക്വാർട്ടേഴ്സ് വേണമെന്ന് പറഞ്ഞു. മകനെ കൊണ്ടുവന്നതുമാത്രമല്ല, ആ കോളേജ് വിൽക്കാനും ശ്രമം നടത്തി. അതറിഞ്ഞ ഉടൻതന്നെ ഞാൻ വകുപ്പുമന്ത്രിക്ക് ഒരു കത്ത് എഴുതി. അപ്പോൾത്തന്നെ മന്ത്രിക്ക് ഞാനൊരു കത്തെഴുതി. എന്തായാലും അപ്പോൾ അത് നടന്നില്ല; ഇപ്പോൾ അദ്ദേഹം മാറിപ്പോയി. അടുത്ത വിദ്വാൻ വന്നു. അദ്ദേഹം പൈസ കൊടുക്കില്ല. അതൊരു ഇൻസ്റ്റിറ്റ്യൂഷനാണ്. ബാങ്കിന്റെ കീഴിൽ വേണ്ടെന്ന് ഞാൻ പ്രത്യേക മായി പറഞ്ഞതാണ്. കടം കൊടുക്കാനുള്ള പ്രത്യേകമായ ഒരു ബോഡിയാ യി എടുത്ത് ഇവരെക്കൂടി നിർത്തിക്കൊണ്ട് അവർക്ക് ലോൺ കൊടുത്താൽ മതി. ഇപ്പോൾ 5 കോടി രൂപയുണ്ടല്ലോ? അതിന്റെ കൂടെ രണ്ട് കോടി രൂപ

കൂടി കൊടുത്താൽ അവരത് അടച്ചോളും. അതിന് തയ്യാറല്ല. കാരണം, വിവിധ താൽപ്പര്യങ്ങൾ അവിടെയുണ്ട്. അതിൽ ഒരു താൽപ്പര്യമാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ 25 മിനിട്ട് കഴിഞ്ഞു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: എനിക്ക് ഇനി ഒന്നര മണിക്കൂർ കൂടി കിട്ടുകയില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: കുഴപ്പമില്ല. എല്ലാവരും ഇരിക്കാൻ തയ്യാറാണെങ്കിൽ നമുക്ക് ഇരിക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഞാൻ നിർത്താം.

മി. ഡെപ്യൂട്ടി സ്പീക്കർ: 5 പേർ സംസാരിക്കാനുണ്ട്. എല്ലാവർക്കും ഇരിക്കാമെന്നുണ്ടെങ്കിൽ കുഴപ്പമില്ല. 35 വകുപ്പുകളുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സിമെറ്റിനെ തകർക്കാനായി അടുത്ത കൊല്ലത്തേയ്ക്കുള്ള അഡ്വർട്ടൈസ്മെന്റിനുപോലും കാശ് കൊടുക്കാതെ വാടകയ്ക്ക് കൊടുക്കാനുള്ള തീരുമാനമെടുത്തു. അതിനെതിരായി ഞാൻ എൻ.സി.ഡി.സി.-ക്ക് കത്തെഴുതി, മന്ത്രിക്കും ഒരു കോപ്പി കൊടുത്തു. കൊടുക്കാൻ പാടില്ല. അവർ ഇത് നടക്കുകയില്ലെന്ന് പറഞ്ഞ് അങ്ങനെ നിൽക്കുകയാണ്. എന്നാൽ ആ സ്ഥാപനത്തെ കഴുത്ത് ഞെരിച്ച് കൊല്ലാം. കുട്ടികൾ വന്നുചേർന്നില്ലെങ്കിൽ അതിന്റെ പ്രവർത്തനം നടക്കുമോ? കുട്ടികളെ ചേർക്കാതിരിക്കാൻ, അഡ്വൈർട്ടൈസ് ചെയ്യാതിരിക്കാനുള്ള പരിപാടിയാണ് സിമെറ്റിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേപ്പ്-ന്റെ ഭരണവും തകരാറിലാണ്. വലിയ പ്രതീക്ഷയോടുകൂടി രൂപീകരിച്ചതാണ് കേപ്പ്. ഇവിടെ നടക്കുന്ന കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. മാതൃകാപരമായി ഒരു

പൈസ പോലും ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങാതെ നല്ല രീതിയിൽ നടത്തുന്ന ഒരു മെഡിക്കൽ കോളേജ്, അവിടെ അമ്പതും അറുപതും ലക്ഷം രൂപ യൊന്നും കൊടുക്കേണ്ട ആവശ്യമില്ല, മെരിറ്റിൽ സീറ്റ് കിട്ടും. ആ രീതിയിൽ നടത്തുന്ന പരിയാരം മെഡിക്കൽ കോളേജിനെ എങ്ങനെ തകർക്കാമെന്ന് ആലോചിക്കുകയാണ്. അതിനൊക്കെ നിങ്ങൾ വകുപ്പു കണ്ടുവച്ചിരിക്കു മെന്ന് എനിക്കറിയാം.

ശ്രീ. പി.സി. ജോർജ്: കോലിയക്കോട് കൃഷ്ണൻ നായർ ശരിയേ പറ യൂ......(മൈക്ക് ഓഫ്)........

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ശ്രീ. പി.സി. ജോർജ്ജേ, ഞാൻ പറയാം. പരിയാരം മെഡിക്കൽ കോളേജിന്റെ ബോർഡിൽ ഞാൻ മെമ്പറായിരുന്നു.

ശ്രീ. പി.സി. ജോർജ്: നിങ്ങളുടെ കാലത്ത് അതെങ്ങനെ പിടിച്ചെടുത്തു; നീതിപൂർവ്വമായ മാർഗ്ഗത്തിലൂടെയാണ് അത് പിടിച്ചെടുത്തതെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ? അങ്ങ് ഇത്രയും കാര്യം പറഞ്ഞതൊക്കെ ശരിയാണ്. ഇതിനുംകൂടി സത്യസന്ധമായ മറുപടി പറയണം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: മറുപടി പറയാം. നമ്മുടെ ഭരണകാലത്ത് പരിയാരം മെഡിക്കൽ കോളേജ് ബോർഡിൽ തെര ഞ്ഞെടുപ്പിൽക്കൂടിയാണ് ഞാൻ വന്നത്. ജില്ലാ ബാങ്കിൽ വന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞുതരാം. ഞാൻ കള്ളം പറയില്ലെന്ന് അറിയാമല്ലോ? അതിൽ കാര്യവുമില്ല. ജില്ലാ ബാങ്കിനെക്കുറിച്ച് അറിയാൻവേണ്ടിയാണ് ഞാൻ മൽസ രിക്കാൻ നിന്നത്. ഞാൻ മത്സരിച്ചു. 426 പേപ്പർ സംഘങ്ങൾ, ഇല്ലാത്ത സംഘങ്ങൾ അവിടെ ഉണ്ടായിരുന്നു. അതിൽ തർക്കമൊന്നുമില്ല. എന്റെ കയ്യിൽ അതിനുള്ള രേഖയുണ്ട്. ശ്രീ. കെ.സി. ജോസഫ് വന്നാൽ രേഖ

കാണിച്ചുതരാം. വകുപ്പുമന്ത്രി വന്നാൽ അദ്ദേഹത്തിനും രേഖ കാണിച്ചു തരാം. 426 സംഘങ്ങൾ, ഇല്ലാത്ത സംഘങ്ങൾ, അതായത് ലിക്വിഡേറ്റ് ചെയ്തത്, ആളില്ലാത്തത്, ഡിഫങ്ക്റ്റായത്. ഞാനും രജിസ്ട്രാറോട് വിളിച്ചു ചോദിച്ചു, ഒരു പെറ്റീഷൻ കൊടുത്തു. നെയ്യാറ്റിൻകര താലൂക്കിൽ എത്ര സഹകരണ സംഘങ്ങൾ ഡിഫങ്ക്റ്റായി ഇരിപ്പുണ്ടെന്നത് സംബന്ധിച്ച് വിവരാ വകാശ നിയമമനുസരിച്ച് ചോദിച്ചപ്പോൾ 124 സംഘങ്ങൾ ഡിഫങ്റ്റാണെന്ന് സീൽ അടിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ എഴുതിക്കൊടുത്തിട്ടുണ്ട്. ആ കോപ്പി യുമായി ഇത് ഒഴിവാക്കിത്തരണമെന്നുപറഞ്ഞ് നേരെ റിട്ടേണിംഗ് ഓഫീ സറുടെ അടുത്ത് പോയി. പക്ഷേ ഞാൻ പോയില്ല. ഞാൻ പോകാത്ത കാര്യം എനിക്കറിയാം. ഞാൻ അവിടെപ്പോയാൽ കുഴപ്പമാകും. ഇതൊക്കെ കണ്ടാൽ എനിക്ക് ശരിയാകുകയില്ല. ഞാൻ ശരിക്കുവേണ്ടി നിൽക്കും, മുമ്പോട്ടേ പോകൂ. പിറകോട്ട് വലിക്കില്ല. പിന്നെ അതിന് വിഘാതമായി വേണമെങ്കിൽ എന്റെ പാർട്ടി പറയണം. അപ്പോൾ എല്ലാം തീരും. ജില്ലാ ബാങ്കിൽ കാര്യങ്ങൾ എങ്ങനെയാണെന്നുള്ളത് മനസ്സിലായല്ലോ? അതിനെ പ്പറ്റി കൂടുതലൊന്നും പറയുന്നില്ല. പരിയാരത്തിന്റെ കാര്യം മനസ്സിലായല്ലോ? സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്ന കോൺഗ്രസ്സുകാരോട് ചോദിക്കുക. എങ്ങനെയാണ് അവിടത്തെ ഭരണം നടന്നത്; വിഭാഗീയമായി നടന്നോ; എന്റെ യൂണിയനുവേണ്ടി നടത്തിയോ; അതോ എന്റെ പാർട്ടിക്കു വേണ്ടി നടത്തിയോ; അഡ്മിനിസ്ട്രേഷൻ എങ്ങനെയാണ് പോയത്? കോൺഗ്രസ്സുകാർ പറഞ്ഞാൽ മതി. വേറെ ആരും പറയേണ്ട. അതി നൊന്നും എന്നെ കിട്ടുകയില്ല. നേരെ നടക്കണം, ന്യായം നടക്കണം, നീതി നടക്കണം. ശ്രീ. പി.സി. ജോർജ്ജ് പറയുന്നതുപോലെ പരിയാരം മെഡിക്കൽ കോളേജിന്റെ കാര്യം അങ്ങനെയൊന്നുമല്ല, വ്യവസ്ഥാപിതമായും ന്യായ

മായും നീതിപൂർവ്വമായും മത്സരിച്ചാണ് ഞാൻ അവിടെ എത്തിയത്. ഈ സംഘങ്ങളെ വേണമെങ്കിൽ ചേർക്കാം. ജില്ലാ ബാങ്കിന്റെ മെമ്പർ ബാങ്കുകൾ എന്നുപറയുന്നത് പ്രൈമറി വായ്പാ സംഘങ്ങളാണ്, അവരാണ് ചേർക്കേണ്ടത്. മറ്റുള്ളവർക്ക് വായ്പ കൊടുക്കണ്ടേ? അത് കൊടുക്കാം. അവർ കാപ്പെക്സിൽ വരണ്ടേ? പാൽ സംഘത്തിന് മിൽമയുണ്ട്. അവിടെ അപ്പെക്സ് സംഘമാണ്. കശുവണ്ടി സംഘമുണ്ട്, കാപ്പക്സുണ്ട്. കയർഫെഡുണ്ട്, കൺസ്യൂമർഫെഡുണ്ട്. എല്ലാത്തിനും അപ്പെക്സുണ്ട്. കൃഷിക്കാർക്ക് മാത്രം, വായ്പാ സംഘങ്ങൾക്കു മാത്രം അപ്പെക്സ് ഇല്ല, അത് ജില്ലാ ബാങ്കാണ്. ആ ജില്ലാ ബാങ്കിൽ മറ്റുള്ളവർക്ക് മെമ്പർഷിപ്പ് വേണ്ടേ? (ബി) ക്ലാസ് മെമ്പർഷിപ്പ് കൊടുക്കാം. കൊടുത്താൽ വോട്ടവകാശമില്ല. വോട്ടവകാശമില്ലെങ്കിൽ എത്ര മെമ്പർഷിപ്പ് വന്നാലും കൃഷിക്കാരന്റെ കയ്യിൽ അതിരിക്കില്ലേ? ഞാൻ പറഞ്ഞതിൽ ഏന്തെങ്കിലും തർക്കമുണ്ടെങ്കിൽ പറഞ്ഞാൽ മതി. പ്രാഥമിക വായ്പാ സംഘങ്ങൾക്ക് അപ്പെക്സ് ബാങ്കല്ലാതെ വേറെ ഏതെങ്കിലും ബാങ്കുണ്ടോ? ഇല്ല. എവിടെയും പോകാൻ സാധിക്കില്ല. മറ്റ് ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകമുണ്ട്. എന്നാൽ അവർക്ക് ബി–ക്ലാസ് മെമ്പർഷിപ്പ് കൊടുക്കുകയും വോട്ടവകാശം കൊടുക്കാതിരിക്കുകയും ചെയ്താൽ പോരേ? അത് കൊടുക്കാത്ത രീതിയിൽ എടുത്തിരിക്കുകയാണ്. 19 പേരുള്ള ഒരു ബോർഡിൽ ഈ കൃഷിക്കാർക്ക് 4 പേർ. 15 പേർ മറ്റുള്ള രംഗങ്ങളിൽ നിന്ന് വന്ന ആളുകളാണ്. എങ്ങനെയിരിക്കും കാര്യങ്ങൾ?

സഹകരണസംഘങ്ങളുടെ ആഡിറ്റ് എങ്ങനെയാണ് നടന്നുകൊണ്ടിരുന്നത്? അത് രജിസ്ട്രാർക്കും സെക്രട്ടറിക്കും അറിയാം. എല്ലാവർക്കും അറിയാം. ഞാൻ നേരത്തെ ഒരു ചോദ്യം ചോദിച്ചതാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ എം.ഡി.–യെ എന്തിനാണ് അവിടെ നിയമിച്ചത്?

ഐ.എ.എസ്. കാരനല്ലേ വേണ്ടത്. ഐ.എ.എസ്.–കാരൻ വേണം. അത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റുമായി കൺസൾട്ട് ചെയ്യണം. രജിസ്ട്രാറായിരുന്ന റിട്ടയേർഡ് ചെയ്ത ഒരാളെയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യംകൂടി പറയുന്നു, മറ്റാരും പറഞ്ഞാൽ കേൾക്കരുത്. കഴിവുള്ളവരെ, ഐ.എ.എസ്.–കാരെ, നീതിബോധമുള്ളവരെ, ന്യായസ്ഥൻമാരെ ഇത്തരം പോസ്റ്റുകളിൽ നിയമിക്കണം. സഹകരണസംഘത്തിന്റെ സെക്രട്ടറി നല്ല മിടുക്കരായ ഒരാൾ ആയിരിക്കണം. സംസ്ഥാന സഹകരണ ബാങ്കിന്റെയും കാർഷിക വികസന ബാങ്കിന്റെയും എം.ഡി.–മാരൊക്കെ മിടുക്കൻമാരായ ഐ.എ.എസ്.–കാരെ, അതാത് പ്രസിഡന്റുമായി ആലോചിച്ചുമാത്രമേ നിയമിക്കാവൂ. അതാണ് നിലവിലുള്ള നിബന്ധന. കോ–ഓപ്പറേറ്റീവ് യൂണിയൻ എങ്ങനെ പിടിക്കാമെന്നാണ് ഇപ്പോൾ നോക്കുന്നത്. അവിടെ ഒരാൾ ഇരിപ്പുണ്ട്, പാവമൊരു നാരായണൻ. മന്ത്രി പറഞ്ഞാൽ എന്തും കേൾക്കുന്നവയാളാണ്. ശ്രീ. നാരായണനെ എങ്ങനെ തകർക്കാം, എങ്ങനെ തുലയ്ക്കാമെന്നതാണ് ഇപ്പോഴത്തെ നോട്ടം. അതിന് അവിടെയൊരു ഐ.എ.എസ്.–കാരൻ വേണം. ഇത്രയും നാൾ അവിടെ ഐ.എ.എസ്.–കാരൻ ഇല്ല. മറ്റൊരിടത്തും വേണ്ട. കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന ഒരുപാട് അധികാരങ്ങളുള്ള സംസ്ഥാന സഹകരണ ബാങ്കിന് ഐ.എ.എസ്.–കാരൻ വേണ്ട. കാർഷിക വികസന ബാങ്കിനും വേണ്ട. പക്ഷേ കോ–ഓപ്പറേറ്റീവ് യൂണിയന് ഇതുവരെ കൊടുത്തിട്ടില്ല. എന്നാലൊരു ഐ.എ.എസ്.–കാരൻ ഇരിക്കട്ടേയെന്ന് പറഞ്ഞ് ശ്രീ. നാരായണനെ തട്ടാനൊക്കുമോയെന്നുള്ള നോട്ടമാണ്. ഈ നാരായണൻ പാവമാണ്. അവിടെ ഇരുന്നോട്ടേയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ അതുപോലെ കേൾക്കും. തെരഞ്ഞെടുപ്പ് കമ്മീഷൻ എൽ.ഡി.എഫ്. ഗവൺമെന്റുണ്ടാക്കിയതാണ്. അത് കൊണ്ടുവന്നപ്പോൾ

കുറ്റമറ്റ രീതിയിലുള്ള ഒരു കമ്മീഷനായിരിക്കുമെന്ന് കരുതി അതിനൊരു സംവിധാനമുണ്ടാക്കിക്കൊടുത്തു. ഇപ്പോൾ ആ കമ്മീഷൻ കയ്യിൽ വരാൻവേണ്ടി..... സർക്കാരിന്റെ നോമിനിയുൾപ്പെടെയാണ് മൂന്നുപേർ. ഒരാളെ ങ്കിലും കൈവശമിരിക്കുമെന്ന് വിചാരിച്ചാണ് മൂന്നാക്കിയത്. എന്താണെങ്കിലും അത് ശരിയാണോ; അതിന് എന്താണ് തകരാർ? നിങ്ങളുടെ കയ്യിലാണല്ലോ സംസ്ഥാന സഹകരണ കമ്മീഷൻ ഇരിക്കുന്നത്. അവർക്ക് സ്വതന്ത്രമായ ഒരു പ്രവർത്തനം വേണ്ടേ? അത് വേണം. ആ രീതിയിലുള്ള സംഗതികളൊക്കെ നോക്കുന്നതിനുപകരം എവിടെയെല്ലാം കുഴപ്പമുണ്ടോ അവിടെയൊക്കെ ഓരോ കാര്യങ്ങൾ ഉണ്ടാക്കിയെടുക്കാനാണ് നോക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: 38 മിനിട്ടായി.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഒന്നുമായില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാം പറഞ്ഞുകഴിഞ്ഞു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഞാൻ പറഞ്ഞു തീർന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് എല്ലാം പറഞ്ഞു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: അപ്പോൾ ഞാൻ ഇരിക്കണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: വേണ്ട.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: അത് പറഞ്ഞാൽ മതി. ആരെങ്കിലും പ്രസംഗം നിർത്താൻ പറഞ്ഞാൽ ഞാൻ ഇരിക്കാം. അല്ലെങ്കിൽ ഞാൻ കുറച്ചുകൂടി പറയും. യഥാർത്ഥത്തിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മൂച്ചെന്ന് പറയുന്നത്, ആംപിയർ എന്നു പറയുന്നത് ജനങ്ങ

ളുടെ ഒത്തൊരുമയും സഹകരണവുമാണ്. അതില്ലെങ്കിൽ കാര്യങ്ങൾ നടക്കുകയില്ല. നമ്മുടെ ബഹുമാനപ്പെട്ട മുൻമന്ത്രി ജി. സുധാകരനും ഞങ്ങളുമൊക്കെ ചേർന്ന് വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് പഠിക്കാൻ കർണ്ണാടകത്തിലും മറ്റ് സംസ്ഥാനങ്ങളിലും പോയി. അവിടെ ചെന്നപ്പോഴാണ് മനസ്സിലായത്, ദേ പോയി ദാ വന്നു എന്നു പറഞ്ഞതുപോലെയാണ്. അവിടത്തെ സംസ്ഥാന സഹകരണ ബാങ്കെന്ന് പറയുന്നത് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ അംഗസംഖ്യയിലും ഡെപ്പോസിറ്റിലും ഒപ്പമല്ല. അവിടെ അത്ര ദുർബലമാണ്. കർണ്ണാടകത്തിലും മധ്യപ്രദേശിലുമുള്ള സഹകരണ സംഘങ്ങളുമായിട്ടാണ് ഇവിടെ തട്ടിച്ചുനോക്കുന്നത്. അവർക്ക് എങ്ങനെയെങ്കിലും ഇതിൽനിന്ന് മാറിപ്പോയാൽ മതിയെന്നാണ്. നക്കാപ്പിച്ച കാര്യങ്ങൾക്കുവേണ്ടി അവരന്ന് വൈദ്യനാഥൻ കമ്മീഷൻ അംഗീകരിക്കാമെന്ന് പറഞ്ഞു. അംഗീകരിച്ചപ്പോൾ വലിയ കുഴപ്പമാണ്. അവർ തിരിച്ചുവരാൻ നോക്കുകയാണ്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലും ഇതാണ് സ്ഥിതി. ഹരിയാന മാത്രമേയുള്ളൂ നമ്മുടെകൂടെ നിൽക്കുന്നത്. അംഗികരിച്ച ബാക്കിയുള്ളവർ മുഴുവനും കഷ്ടത്തിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും ജനാധിപത്യപരമായ ഭരണമുണ്ടോ? ഇല്ല. എന്താണ് ജനാധിപത്യമില്ലായെന്ന് പറഞ്ഞത്. അവിടെ തെരഞ്ഞെടുപ്പില്ല. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും സഹകരണ ബാങ്കുകളുടെ പ്രസിന്റുമാർ നോമിനേറ്റഡാണ്. അല്ലാതെ തെരഞ്ഞെടുക്കപ്പെടുന്നവരല്ല. തെരഞ്ഞെടുപ്പ് എന്നുപറഞ്ഞാൽ അവർക്ക് വെറുപ്പാണ്. സർക്കാർ പറയും, ഇന്നയാൾ ഈ സഹകരണ ബാങ്കിന്റെ പ്രസിഡൻരാകണം. പിന്നെ നോമിനേഷൻ കമ്മിറ്റിയുണ്ട്. നോമിനേറ്റ് സംഘങ്ങളാണ് അവിടെ മുഴുവനുമുള്ളത്. അതുകൊണ്ട് ആ സംസ്ഥാനങ്ങളും കേരള

വുമായി തട്ടിച്ചുനോക്കിയാൽ എങ്ങനെയാണ് ശരിയാകുന്നത്? ..............(ബഹളം)............

<u>ശ്രീ. പി. സി. ജോർജ്</u>: ഇനി നമുക്ക് ശ്രീ. ജി. സുധാകരൻ പറയുന്നത് കേൾക്കണമെന്ന് ആഗ്രഹമുണ്ട്. അതുകൊണ്ട് അങ്ങ് നിർത്തിയാൽ കൊള്ളാം.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: പരിഹരിക്കാം. ശ്രീ. പി. സി. ജോർജ് പറഞ്ഞാൽ ഞാൻ അനുസരിക്കണമല്ലോ. ഞാൻ പറഞ്ഞതെല്ലാം അനുസരിച്ചുകൊണ്ടിരിക്കുകയല്ലേ. അതുകൊണ്ട് ഈ രംഗം നശിപ്പിക്കാനുള്ള ഇടപാടിൽനിന്ന്, സഹകരണ പ്രസ്ഥാനത്തെ കേരളത്തിൽനിന്ന് ഉൻമൂലനം ചെയ്യാനുള്ള ഏർപ്പാടാണ് ഈ ബിൽ. ഈ ബിൽ അവതരിപ്പിച്ചു. അതുകൊണ്ട് ഈ വകുപ്പുകളെല്ലാം മാറ്റി പുതിയ സഹകരണനിയമം കൊണ്ടുവരാൻ മന്ത്രി നോക്കണം. അല്ലെങ്കിൽ ഈ മേഖല തകർന്ന് തരിപ്പണമാകും. നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല. ഡെപ്പോസിറ്റും ആളുകളുടെ ട്രാൻസാക്ഷനും പോകും. കൃഷിക്കാർക്ക് സഹകരണ സംഘങ്ങളിൽ വിശ്വാസമില്ലാതെയാകും. മറ്റുള്ളവർക്കും അതുപോലെതന്നെയാണ്. ഇതിലേത് വകുപ്പ് എടുത്തുനോക്കിയാലും ഈ മേഖലയെ തകർത്ത് തരിപ്പണമാക്കുന്ന രീതിയിലുള്ള ഒരു ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ ബിൽ ശരിയല്ല. ഇനി ബിൽ പിൻവലിക്കാനൊക്കുകയില്ലെങ്കിലും ഇതിനാവശ്യമായ ഭേദഗതി കൊണ്ടുവന്ന് വേണ്ടത് ചെയ്യണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. കെ. നാരായണൻ</u> : സർ, കേരളത്തിലെ മഹത്തായ സഹകരണ പ്രസ്ഥാനത്തിന്റെ കൈയും കാലും വെട്ടി **ധനമൂലധനത്തിന്റെ** താല്പര്യ

ത്തിന് അടിയറവ് വയ്ക്കാൻ വേണ്ടിയാണ് ഇങ്ങനെ ഒരു ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതിയെ ഞാൻ ശക്തമായി എതിർക്കുകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുക എന്ന പൊതുലക്ഷ്യമാണ് ഈ ഭേദഗതിക്കുള്ളത്. കേരളത്തിലെ സഹകരണ ബാങ്കുകളെ റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിയന്ത്രണത്തിൽ കൊണ്ടുവരികയെന്നതാണ് ഇതിന്റെ ഫലം. അതിന്റെ ഫലമായി കേരളത്തിലെ സഹകരണ മേഖലയുടെ ജനകീയതയും സുതാര്യതയും സേവനപരിധിയും ഇല്ലാതാക്കി ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന് അടിയറവ് വയ്ക്കുക എന്ന ഉദ്ദേശ്യമാണുള്ളത്. ഇതിന്റെ ഫലമായി നഷ്ടപ്പെടാൻ പോകുന്നത് കേരളത്തിലെ ജനങ്ങളുമായുള്ള സഹകരണ പ്രസ്ഥാനത്തിന്റെ ബന്ധമാണ്. സഹകരണ പ്രസ്ഥാനത്തിന് ജനങ്ങളുമായുള്ള ബന്ധം തകർന്നുകഴിഞ്ഞാൽ സ്വാഭാവികമായും നമ്മുടെ കൊമേഴ്സ്യൽ ബാങ്കിന്റെ പദവിയിലേയ്ക്ക് സഹകരണ ബാങ്കുകൾ മാറുമെന്ന കാര്യത്തിൽ തർക്കമില്ല. ഈ നിയമത്തിനകത്ത് പറഞ്ഞിരിക്കുന്ന മറ്റൊരുകാര്യം സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം വിളിച്ചുചേർക്കുന്നതിന് ഭരണസമിതി വീഴ്ച വരുത്തുകയാണെങ്കിൽ ആ കാലാവധി അവസാനിച്ചയുടൻ 90 ദിവസത്തിനകം രജിസ്ട്രാർക്ക് നേരിട്ട് പൊതുയോഗം വിളിച്ചുചേർക്കാമെന്നാണ്. ഇത് സംഘത്തിന്റെ ജനാധിപത്യപരമായ ഉള്ളടക്കം തകർക്കുകയാണ് ചെയ്യുന്നത്. സംഘത്തിന്റെ ഭരണസമിതിക്ക് നിർദ്ദേശം നൽകി അവരെക്കൊണ്ട് നടപ്പാക്കിക്കുന്നതിനു പകരം രജിസ്ട്രാർ തന്നെ നേരിട്ട് ഇടപെട്ട് സംഘത്തിന്റെ ജനറൽബോഡി വിളിച്ചുചേർക്കുക എന്നത് അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാണ്. അത് ഈ നിയമത്തിന്റെ ഉള്ളടക്കത്തിൽ പറയുകയാണ്. അതുപോലെ ഓഡിറ്റിന്റെ കാര്യത്തിൽ, ഇതിൽ പറഞ്ഞിരിക്കുന്നത് ഓഡിറ്റ് ഡയറ

ക്ടർ തയ്യാറാക്കിയ ഒരു പാനലിൽ നിന്നും സംഘത്തിന്റെ ഓഡിറ്റർമാർ നിശ്ചിത സമയത്തിനുള്ളിൽ ഭരണസമിതി പൊതുയോഗം വിളിച്ചുചേർത്ത് തീരുമാനിക്കണമെന്നാണ്. അങ്ങനെ തീരുമാനിക്കാത്ത സ്ഥാപനത്തിന്റെ ഭരണസമിതിയെ രജിസ്ട്രാർ പിരിച്ചുവിടുമെന്നാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് സ്വേച്ഛാധിപത്യപരമായ ഒരു നിലപാടാണെന്ന കാര്യത്തിൽ ഒരു തർക്കവും ഉണ്ടാകാനിടയില്ല. ഇത് പ്രകടമാക്കുന്നത് കേരളത്തിലെ ഇന്നത്തെ  ഭരണകക്ഷിയുടെ മനോഭാവമാണ്. എങ്ങനെയെങ്കിലും സ്ഥാപനങ്ങൾ വെട്ടിപ്പിടിക്കണം എന്ന ഒരു നിലപാടാണ് അവർ സ്വീകരിക്കുന്നത്. അതിരുവിട്ട ഒരു നിയമത്തിന്റെ ദുരുപയോഗത്തിന് ഇത് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല. കാരണം ഈ ഭരണകക്ഷിയുടെ നേതൃത്വത്തിൽ ഇത്തരം ഒരു നിയമം നടപ്പാക്കാൻ തുനിഞ്ഞാൽ  കഴിഞ്ഞ ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിന്റെ അനുഭവമാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. കഴിഞ്ഞ ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പുകളിൽ തികച്ചും നെറികെട്ട നിലപാടുകളാണ് ഇവർ സ്വീകരിച്ചത്. മുപ്പതും നാൽപ്പതും കൊല്ലം മുമ്പ് ലിക്വിഡേറ്റ് ചെയ്തുപോയ സംഘങ്ങൾക്ക് കൂടി വോട്ടവകാശം കൊടുത്ത് ഒരു മെമ്പറുമല്ലാത്ത അത്തരം സംഘങ്ങളെ കൊണ്ടുകൂടി വോട്ട് ചെയ്യിച്ച അനുഭവമാണ് ഞങ്ങൾക്ക് നേരിട്ട് കാണാൻ കഴിഞ്ഞത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം നടത്തുന്ന സംഘങ്ങളുടെ പ്രതിനിധികൾ വോട്ട് ചെയ്യാൻ ചെന്നപ്പോൾ  '6 ഢ' രജിസ്റ്ററിനകത്ത് ഫോട്ടോ മാറ്റി ഒട്ടിച്ച് തിരിമറി നടത്തി അവരെ വോട്ട് ചെയ്യാൻ അനുവദിക്കാതെ പറഞ്ഞുവിടുന്ന അനുഭവമാണ് ഞങ്ങൾക്ക് നേരിട്ട് കാണാൻ കഴിഞ്ഞത്. കണ്ണൂരിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥികൾക്കും പോളിംഗ് ഏജന്റുമാർക്കുമെല്ലാം ഇത്തരത്തിൽ ഒരുപാട് അനുഭവങ്ങളുണ്ടായി. നിയമം അനുസ

രിച്ച് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ വോട്ടർ പട്ടിക നിശ്ചിത ദിവസം പ്രസിദ്ധീകരിച്ചില്ല. സ്ഥാനാർത്ഥികൾ വോട്ടർ പട്ടിക ആവശ്യപ്പെട്ടപ്പോൾ അത് കൊടുക്കാൻ കൂട്ടാക്കിയില്ല. അങ്ങനെ തെരഞ്ഞെടുപ്പിന് തൊട്ട് തലേന്ന് വോട്ടർ പട്ടിക ചോദിച്ചപ്പോൾ 'എനിക്ക് വോട്ടർ പട്ടിക ലഭിച്ചിട്ടില്ല, അത് എന്റെ പരിധിയിലല്ല' എന്ന് റിട്ടേണിംഗ് ഓഫീസർ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികൾക്ക് എഴുതിക്കൊടുത്ത കത്തിന്റെ ഫോട്ടോകോപ്പി പോലും ഞങ്ങളുടെ കൈയിലുണ്ട്. ഇങ്ങനെ ഒരു നാണക്കേട് കേരളത്തിൽ ഏതെങ്കിലും തെരഞ്ഞെടുപ്പിൽ, സർ സി.പി.-യുടെ കാലത്തുപോലും നടന്നിട്ടുണ്ടോ എന്ന് ജനാധിപത്യ കേരളത്തിന്റെ സഹകരണ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും അതിന് താളം കൊട്ടിക്കൊടുക്കുന്ന മറ്റ് മന്ത്രിമാരും പരിശോധിച്ച് നോക്കേണ്ടതാണ്. ഒരു നെറികെട്ട നിലപാടാണ് ഇവിടെ സ്വീകരിക്കപ്പെട്ടത്. നമ്മുടെ നാട്ടിൽ കേട്ടുകേൾവിപോലുമില്ലാത്ത കാട്ടുനീതിയാണ് ഈ തെരഞ്ഞെടുപ്പിന്റെ പേരിൽ കണ്ണൂർ ജില്ലാ ബാങ്ക് അടക്കമുള്ള ബാങ്കുകളിൽ അരങ്ങേറിയത് എന്നതാണ് ഞങ്ങൾക്ക് അനുഭവപ്പെട്ടത്. ഇവിടെ കൊണ്ടുവന്ന നിയമത്തിനകത്ത് പറയുന്നത് സഹകരണ സംഘങ്ങളുടെ ഓഡിറ്റ് മാനുവൽ തയ്യാറാക്കുന്നത് റിസർവ്വ് ബാങ്കും നബാർഡും നിർദ്ദേശിക്കുന്നത് അടിസ്ഥാനമാക്കിയായിരിക്കുമെന്നാണ്. റിസർവ്വ് ബാങ്കും നബാർഡും കൂടി ഓഡിറ്റ് മാനുവലിൽ നിർദ്ദേശം വച്ചാൽ എന്തായിരിക്കും അതിന്റെ ഉള്ളടക്കമെന്ന് എല്ലാവർക്കും അറിയാം. അതിന്റെ അർത്ഥം സഹകരണ ബാങ്ക്, കൊമേഴ്സ്യൽ ബാങ്കിന്റെ രീതിയിലേയ്ക്ക് മാറാൻ പോകുന്നുവെന്നാണ്. അങ്ങനെ മാറ്റം വരുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശമെന്ന കാര്യത്തിൽ തർക്കമുണ്ടാകാനിടയില്ല. അതോടെ സഹകരണ ബാങ്ക് എന്ന് പറയുന്ന ജനകീയ സ്ഥാപനം കേരളത്തിൽ നഷ്ട

മാകുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പിന്നെ ആ സ്ഥാപനത്തെ സഹകരണ ബാങ്ക് എന്ന് വിളിക്കേണ്ട ഒരവസ്ഥ നമുക്കുണ്ടാകില്ല. അങ്ങനെ സഹകരണ ബാങ്കിന്റെ നിയന്ത്രണം മുഴുവൻ റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും കരങ്ങളിലേയ്ക്ക് എത്തിച്ചുകൊടുക്കുക എന്ന ദൗത്യമാണ് ഈ സഹകരണ ഭേദഗതി നിയമത്തിലൂടെ സഹകരണ വകുപ്പുമന്ത്രി ലക്ഷ്യമി ടുന്നത് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. നിങ്ങൾക്കെല്ലാം അറിയാവുന്ന താണ്, റിസർവ്വ് ബാങ്ക് മുന്നോട്ടുവയ്ക്കുന്ന ബാങ്കിംഗ് തത്വം എന്നുപറ ഞ്ഞാൽ പണം കൊടുത്ത് പലിശ വാങ്ങി ലാഭമുണ്ടാക്കുക എന്നുമാത്രമാണ്. എന്നാൽ പരസ്പര സഹായമാണ് സഹകരണ ബാങ്കിന്റെ ലക്ഷ്യമെന്ന് നമുക്കെല്ലാവർക്കും അറിയാം. സേവനമാണ് സഹകരണ സംഘത്തിന്റെ പ്രഥമ ഉദ്ദേശ്യം. ആ സഹകരണ തത്വത്തെ അട്ടിമറിക്കുന്ന നിലപാടിലേ യ്ക്കാണ് ഈ സഹകരണ ഭേദഗതി നിയമം വരാൻ പോകുന്നതെന്നാണ് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. അങ്ങനെ സഹകരണ ബാങ്കുകളുടെ നിയ ന്ത്രണം എങ്ങനെയെങ്കിലും റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും കൈകളിലെത്തിക്കുക എന്നത് നേരത്തെ പലരും ആഗ്രഹിച്ചതാണ്. അങ്ങനെ ഈ സഹകരണ മേഖലയുടെ നിയന്ത്രണം തങ്ങളുടെ കൈയിൽ വരണമെന്ന് ആഗ്രഹിച്ച് ഒരുപാട് കാലമായി നമ്മുടെ രാജ്യത്ത് ചിലർ പ്രവർത്തിച്ചുകൊ ണ്ടിരിക്കുന്നുവെന്ന് ഞങ്ങൾക്കറിയാം. അതിന്റെയെല്ലാം ഭാഗമായി കപൂർ കമ്മിറ്റി, നരസിംഹം കമ്മിറ്റി, വൈദ്യനാഥൻ കമ്മിറ്റി തുടങ്ങിയ ഒരുപാട് കമ്മി റ്റികൾ വന്നു. അവരെല്ലാം ശ്രമിച്ചിട്ടും പോരായെന്ന് തോന്നിയപ്പോൾ നബാർഡ് സ്വന്തമായി ഒരു കമ്മീഷനെ നിയമിച്ചു. അതാണ് രാവിലെ ഇവിടെ സൂചിപ്പിച്ച പ്രകാശ്ബക്ഷി കമ്മീഷൻ. സഹകരണ മേഖലയിൽ ഇനി ത്രീ ടയർ സമ്പ്രദായം വേണ്ടെന്നും സ്റ്റേറ്റ് ബാങ്കും ജില്ലാ ബാങ്കും മതിയെന്നും

പ്രകാശ്ബക്ഷി കമ്മീഷൻ പറഞ്ഞിരിക്കുകയാണ്. പ്രൈമറി ബാങ്ക് വേണ്ടായെന്നും പ്രൈമറി ബാങ്കിന്റെ നിക്ഷേപവും വായ്പയുമെല്ലാം ജില്ലാ സഹകരണ ബാങ്കിനെ ഏൽപ്പിക്കണമെന്നുമാണ് പ്രകാശ്ബക്ഷി കമ്മീഷൻ ഇപ്പോൾ ശുപാർശ ചെയ്തിരിക്കുന്നത്. അപ്പോൾ നബാർഡിന്റെയും റിസർവ്വ് ബാങ്കിന്റെയും രാജ്യം ഭരിക്കുന്ന ഭരണാധികാരികളുടെയും താല്പര്യം, കേരളത്തിലെ സഹകരണ മേഖല എന്ന് പറയുന്നത് അവരുടെ പ്രതീക്ഷയ്ക്ക് അപ്പുറം വളരുന്നതാണ്. ഒരുപാട് വിദേശ ബാങ്കുകൾ വന്ന് നമ്മുടെ നാട്ടിൽ വ്യാപാരം നടത്തി. അവർക്ക് നിക്ഷേപം ലഭിക്കുന്നില്ല. നാട്ടിൻപുറത്തുപോലും പുതിയ തലമുറ ബാങ്കുകൾ വന്നു. അവർക്ക് നിക്ഷേപം ലഭിക്കുന്നില്ല. കാരണം, ഇവിടെ ജനഹൃദയത്തിൽ സ്ഥാനമുള്ള സഹകരണ ബാങ്ക് നാട്ടിൻപുറത്ത് പ്രവർത്തിക്കുന്നുണ്ട് എന്നതാണ്. നമ്മുടെ നാട്ടിലെ പുതുതലമുറ ബാങ്കുകളും വിദേശ ബാങ്കുകളും കമേഴ്സ്യൽ ബാങ്കുകളും റിസർവ്വ് ബാങ്കും നബാർഡും എല്ലാം ആഗ്രഹിക്കുന്നത് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ അവരുടെ വരുതിയിൽ കൊണ്ടുവരണമെന്നാണ്. അങ്ങനെ വിദേശ ബഹുരാഷ്ട്ര കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് നമ്മുടെ സഹകരണമേഖലയെ വിധേയമാക്കാൻ കഴിയുമെന്നാണ് അവർ ധരിക്കുന്നത്. പ്രകാശ്ബക്ഷി കമ്മീഷൻ പ്രൈമറി സഹകരണ ബാങ്കിലെ നിക്ഷേപങ്ങളെല്ലാം പിൻവലിച്ച് ഐ.സി.ഐ.സി.ഐ. ബാങ്കിലോ ആക്സിസ് ബാങ്കിലോ നിക്ഷേപിക്കണമെന്ന് പറഞ്ഞില്ല എന്നത് മഹാഭാഗ്യമായി ഞാൻ കാണുകയാണ്. അതുകൂടി പറയണമെന്ന് ചിലപ്പോൾ അവർക്ക് ആഗ്രഹമുണ്ടാകും. കാരണം അത്തരം ബാങ്കുകൾ വളരണമല്ലോ. സഹകരണ ബാങ്ക് വളരാൻ പാടില്ല എന്നാണ് അവർ ആഗ്രഹിക്കുന്നത്. ആ ആഗ്രഹത്തെ ഒന്നുകൂടി സ്ഥാപിച്ചെടുക്കാനാണ് കേരളത്തിലെ സഹകരണ വകുപ്പുമന്ത്രിയെക്കൊണ്ട്

ഇവിടെത്തെ നിക്ഷിപ്ത താല്പര്യക്കാർ ഇങ്ങനെയൊരു സഹകരണ കൊല പാതക നിയമം ഇവിടെ കൊണ്ടുവന്നത് എന്ന കാര്യത്തിൽ തർക്കത്തിന് വക യില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇങ്ങനെ സഹകരണ ബാങ്കുകളെയും സ്ഥാപനങ്ങളെയും കടന്നാക്രമിച്ച് തകർത്ത് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ, ഏറ്റവും വലിയ ജനകീയ പ്രസ്ഥാനത്തെ പാടെ ഇല്ലാതാക്കു കയാണ് എന്നതിനാണ് ഈ നിയമം ലക്ഷ്യമിടുന്നത്. അങ്ങനെ സഹകരണ പ്രസ്ഥാനത്തെ മാത്രമല്ല നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ ജനാ ധിപത്യപരമായി പ്രവർത്തിക്കുന്ന സഹകരണ യൂണിയന്റെ മേലും സർക്കാർ സഹകരണ യൂണിയന്റെ മേലും കൈവയ്ക്കാനും അതിന്റെ ജനാധിപത്യ സ്വ ഭാവം നശിപ്പിക്കാനും ഈ നിയമം ലക്ഷ്യമിടുന്നു എന്നത് ഈ നിയമത്തിന കത്ത് കണ്ണോടിച്ചവർക്കെല്ലാം കാണാൻ കഴിയുന്ന കാര്യമാണ്. അങ്ങനെ എല്ലാ അർത്ഥത്തിലും ധനമൂലധനത്തിന്റെ അരിയിട്ടു വാഴ്ചയ്ക്ക് കേരള ത്തിലെ സഹകരണ പ്രസ്ഥാനത്തെ പാകപ്പെടുത്തി എടുക്കുക എന്നതാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. അതിന് പറ്റിയ തരത്തിൽ എന്തു വൃത്തി കേടും കാണിക്കാൻ പറ്റിയ ഒരു ഭരണകക്ഷിയാണ് ഈ കേരളത്തിലുള്ളത് എന്നതും എല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ തുടക്കമാണ് ജില്ലാ ബാങ്കുകളുടെ ഭരണ സമിതി പിരിച്ചുവിട്ടുകൊണ്ട് കേരളത്തിൽ ആരംഭിച്ചത്. ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണം ഭരണകക്ഷിയുടെ ചില ചട്ടുകങ്ങ ളായ അഡ്മിനിസ്ട്രേറ്റർമാരെ ഏൽപ്പിക്കുന്നതാണ് തുടർന്ന് നമ്മൾ കണ്ടത്. അങ്ങനെ ഭരണമേറ്റ അഡ്മിനിസ്ട്രേറ്റർമാർ ചില ബാങ്കുകളിൽ അതിനു പറ്റിയ തരത്തിൽ ബാങ്ക് മാനേജർമാരെയും നിശ്ചയിക്കുന്ന സാഹചര്യമുണ്ടാ യി. കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ഞങ്ങൾക്കുണ്ടായ അനുഭവം അത്ത രത്തിലുള്ളതാണ്. സീനിയർ ഉദ്യോഗസ്ഥൻമാരായ മൂന്ന് ഡി.ജി.എം.മാരെ

മാറ്റിനിറുത്തി ഒരു സീനിയർ മാനേജരെ ജനറൽ മാനേജരായി നിശ്ചയിച്ച അനുഭവമാണ് അവിടെയുണ്ടായത്. കാരണം ഭരണകക്ഷി ഉദ്ദേശിക്കുന്ന വൃത്തികെട്ട രാഷ്ട്രീയം കളിക്കാൻ പറ്റിയ ഒരുപകരണം അവർക്ക് വേണം. അതിനുവേണ്ടിയാണ് സീനിയോറിറ്റിതന്നെ മറി കടന്ന് കേരളത്തിൽ കേട്ടു കേൾവിയില്ലാത്ത ഇത്തരത്തിലുള്ള നിയമനം കണ്ണൂരിൽ നടത്തിയത്. തുടർന്ന് ബൈലാ ഭേദഗതിക്കുവേണ്ടി ബാങ്കിന്റെ ജനറൽ ബോഡി വിളിച്ചു ചേർത്തു. അങ്ങനെ വിളിച്ചുചേർത്ത യോഗത്തിൽ ബൈലാ ഭേദഗതി പാസ്സാ യില്ല. ജനറൽ ബോഡിയിൽ പങ്കെടുത്ത മഹാഭൂരിപക്ഷവും ആ ഭേദഗതിയെ എതിർക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ബൈലാ പാസ്സാക്കിയെടുക്കാൻ പണിപെട്ട യു.ഡി.എഫ്. പ്രതിനിധികളായ ഒരു ചെറു ന്യൂനപക്ഷം യോഗ ത്തിൽ നിന്നിറങ്ങിപ്പോകുന്ന സാഹചര്യമുണ്ടായി. അങ്ങനെ യോഗത്തിൽ പരാജയപ്പെട്ട ബൈലാ ഭേദഗതിക്ക് അംഗീകാരം കിട്ടിയെന്ന കള്ളമി നിട്ട്സുണ്ടാക്കി പുസ്തകം തന്നെ മാറ്റിയെഴുതി മിനിട്ട്സ് രേഖപ്പെടുത്തുക യാണ് ചെയ്തത്. എന്നിട്ട് 142 പ്രൈമറി ബാങ്കുകൾക്ക് മാത്രം അംഗത്വമുണ്ടാ യിരുന്ന കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ 1125 സംഘങ്ങളെക്കൂടി പുതു തായി ചേർത്തു. അങ്ങനെ ചേർത്ത സംഘങ്ങളിൽ 300 എണ്ണം നാല്പതും മുപ്പതും വർഷങ്ങൾക്കുമുമ്പ് ലിക്വിഡേറ്റ് ചെയ്തുപോയതാണ്. ജില്ലാ ബാങ്കിൽ 10 രൂപയുടെ മെമ്പർഷിപ്പ്പോലും അവർക്കുണ്ടായിരുന്നില്ല. വോട്ട് ചെയ്യിക്കുന്നതിനായി അത്തരം സംഘങ്ങളെകൂടി ഉൾപ്പെടുത്തിയാണ് വോട്ടർപട്ടിക തയ്യാറാക്കിയത്. അതുകൊണ്ടാണ് അത് സ്ഥാനാർത്ഥികൾക്ക് കൊടുക്കാതിരുന്നത്, പ്രസിദ്ധീകരിക്കേണ്ട ദിവസം പ്രസിദ്ധീകരിക്കാതിരു ന്നത്. വോട്ടർ പട്ടിക ആവശ്യപ്പെട്ടു കിട്ടാത്തതിനെത്തുടർന്ന് രേഖാമൂലം പരാ തികൊടുത്ത സ്ഥാനാർത്ഥികൾക്കും സംഘത്തിന്റെ പ്രതിനിധികൾക്കുമെല്ലാം

പേരുവിവരമടങ്ങിയ വോട്ടർപട്ടിക എന്റെ കസ്റ്റഡിയിലോ അധീനതയിലോ ഇല്ല എന്ന് രേഖാമൂലം അവിടെത്തെ റിട്ടേണിംഗ് ഓഫീസർ എഴുതിക്കൊടുത്ത അനുഭവമുണ്ടായി. വോട്ടർപട്ടിക കൊടുക്കാൻ ഹൈക്കോടതി ആവശ്യപ്പെട്ടെങ്കിലും ഹൈക്കോടതിവിധിയെപ്പോലും മറികടന്ന് പട്ടിക കൊടുക്കാൻ കൂട്ടാക്കിയില്ല. അങ്ങനെയാണ് ആയിരത്തിൽപ്പരം പോലീസുകാരെ ചുറ്റും നിറുത്തി കള്ളവോട്ട് നടത്തി കണ്ണൂർ ജില്ലാ ബാങ്കിന്റെ ഭരണം പിടിക്കുന്ന അവസ്ഥയുണ്ടായത്. 6വി രജിസ്റ്ററിനകത്ത് വ്യാപകമായി കൃത്രിമം നടത്തി. ഒരു തെരഞ്ഞെടുപ്പ് പ്രഹസനമാണ്, സഹകരണ ജനാധിപത്യം കൊല ചെയ്യുന്ന കാപാലിക സമീപനമാണ് അവിടെ നടത്തിയത്. കണ്ണൂരിൽ സഹകരണ രംഗത്തെ കൊലപാതകം എങ്ങനെയാണ് തുടങ്ങിയതെന്ന് കണ്ണൂർകാർക്കറിയാം. ഏതാനും മാസങ്ങൾക്കുമുമ്പ് കണ്ണൂർ ജില്ലയിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചുകൊണ്ടിരുന്ന എരുവേശി സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പ് തീരുമാനിക്കപ്പെട്ടു. മഹാഭൂരിപക്ഷം മെമ്പർമാരും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാരാണ്. അവരെ വോട്ട് ചെയ്യാൻ സമ്മതിച്ചില്ല. ഗവൺമെന്റ് കൈയിലുണ്ട് എന്നതുകൊണ്ട് ഇഷ്ടപ്പെട്ട റിട്ടേണിംഗ് ഓഫീസർമാരെ നിശ്ചയിച്ചു, അവർ പോളിംഗ് ഏജന്റുമാരെയും ഉദ്യോഗസ്ഥൻമാരെയും നിശ്ചയിച്ചു. പോളിംഗിനുള്ള പാസ്സിനുവേണ്ടി ചെന്നപ്പോൾ നൂറുക്കണക്കിന് ഗുണ്ടകൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകരെ അടിച്ചോടിക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി ഇടതുപക്ഷ മുന്നണി പ്രവർത്തകൻമാർക്ക് വോട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇപ്പോൾ എരുവേശി സഹകരണ ബാങ്ക് യു.ഡി.എഫ്.ന്റെ കൈയിലാണ്. അങ്ങനെ സഹകരണ രംഗത്ത് ഏറ്റവും മനോഹരമായ ജനാധിപത്യം യു.ഡി. എഫ്.ന്റെ കാലത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ കാലത്തിന്റെ

പുതിയ വിജ്ഞാപനമാണ്, പുതിയ ഭേദഗതി നിയമമായി സഹകരണ വകുപ്പു മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഞാൻ പ്രസംഗം നീട്ടുന്നില്ല. ഈ സഹകരണ കൊലപാതക നിയമത്തെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഭരണഘടനാ ഭേദഗതിയുടെ മറവിൽ ഭരണഘടനാ ഭേദഗതിയിൽ പറയാത്തതും അതിലൊന്നും വിഭാവനം ചെയ്യാത്തതുമായ ഭേദഗതികളടക്കം കൊണ്ടുവന്നുകൊണ്ട് ഒരു നൂറ്റാണ്ടുകാലത്തെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ അക്ഷരാർത്ഥത്തിൽ കുഴിച്ചുമൂടുന്ന ഈ നിയമം ഈ സഭയിൽ സർക്കാർ പിൻവലിക്കണമെന്ന് എന്റെ വിയോജനക്കുറിപ്പിൽ പറഞ്ഞ ആദ്യവാചകം ആവർത്തിക്കുകയാണ്. പിൻവലിക്കാൻ പറ്റിയ ഒരു അന്തരീക്ഷം ഇപ്പോൾ ഇവിടെയുണ്ട്. കാരണം ഈ ബിൽ അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം ഇവിടെ ഇല്ലായിരുന്നതുകൊണ്ട് ഇതേക്കുറിച്ച് സംസാരിക്കാൻ അവകാശമുണ്ടെന്നോ അല്ലെങ്കിൽ അവകാശമുണ്ടെങ്കിലും സംസാരിക്കുന്നത് ധാർമ്മികമാണോ എന്നൊക്കെയുള്ള സംശയമുന്നയിച്ച, ഈ സഭയിൽ വളരെ ശ്രദ്ധേയമായി സംസാരിക്കുന്ന ശ്രീ. വി.ഡി. സതീശൻ ഇപ്പോൾ സഭയുടെ ചെയറിലിരിക്കുകയാണ്. അതൊരു irony ആണ്. അങ്ങയെ അവിടെ ഇരുത്തിക്കൊണ്ട് നല്ല നിലയിൽ ഈ ചടങ്ങ് സംഘടിപ്പിക്കാൻ ഈ നിയമസഭയ്ക്ക് കഴിഞ്ഞുവെന്നത് irony തന്നെയാണ്. ഇത് അങ്ങേയ്ക്ക് ചരിത്രപുരുഷനാകാനുള്ള ഒരു അവസരമാണ്. അങ്ങ് ഈ ബില്ലിന്റെ തകരാറിനെപ്പറ്റി ഇന്നലെ സംസാരിച്ചു എന്നാണ് അറിയുന്നത്. വളരെ ഗൗരവതരമായ, നശീകരണപരമായ, ഉന്മൂലനാശനപരമായ സഹകരണ വിരുദ്ധ വകുപ്പുക

ളുള്ള ഈ ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ വിശദമായി ചർച്ച ചെയ്യുന്നതിനായി അത് പ്രത്യേകമായി വയ്ക്കേണ്ടതായിരുന്നു, മറ്റു ബില്ലുകളോടൊപ്പം വച്ചത് ശരിയായില്ല എന്ന് അങ്ങ് പറഞ്ഞതായി സഭയിൽ ഇല്ലായിരുന്നുവെങ്കിലും ഞാൻ അറിഞ്ഞു. അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. യേശുക്രിസ്തുവിനോടൊപ്പം ബറബാസിനെക്കൂടി കുരിശിലേറ്റുന്നതുപോലെയാണ് സഹകരണ നിയമത്തെ കുരിശിലേറ്റാൻ ബറബാസുകളായ രണ്ടുമൂന്ന് നിയമങ്ങളെ അപ്പുറവുമിപ്പുറവും വച്ചത്. ബറബാസിനെ വെറുതേവിട്ടതുപോലെ ഇവിടെ ക്രൂശിക്കുന്നത് സാധാരണക്കാരെ മാത്രമാണ്. അങ്ങയെ അങ്ങയുടെ പാർട്ടി ഒന്നും ചെയ്യില്ല. അങ്ങ് റൂളിംഗ് തരിക, "ചർച്ച അവസാനിച്ചിരിക്കുന്നു, ഈ ബിൽ പിൻവലിക്കുന്നു". അങ്ങ് ചരിത്രത്തിൽ സ്ഥാനം പിടിക്കും. അതിന് തയ്യാറുണ്ടോ; ഞാൻ നിർബന്ധിക്കുന്നില്ല. കക്ഷിഭേദമന്യേ ഈ രാജ്യത്തെ മുഴുവൻ ആളുകളും അങ്ങയെ ബഹുമാനിക്കും. അത്ര വൃത്തികെട്ട ഒരു ബില്ലാണിത്. നല്ല നിലയിൽ വാക്കുകൾ മൂർച്ചയോടുകൂടി പ്രയോഗിക്കേണ്ട അവസരമാണ്. വാക്കുകളല്ലാതെ ആയുധങ്ങളൊന്നും ഇവിടെയില്ല. ആയുധങ്ങൾ പ്രയോഗിക്കാൻ അവസരമുണ്ടായിരുന്നെങ്കിൽ ഞങ്ങൾ യുദ്ധം നടത്തി സഹകരണ വിരുദ്ധശക്തികളെ മുഴുവൻ കശാപ്പു ചെയ്യുമായിരുന്നു. അതിനുള്ള അവസരം ജനാധിപത്യത്തിൽ ഇല്ല.

എഴുത്തച്ഛൻ രാമായണത്തിൽ പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ്.

"വാരിധി തന്നിൽ തിരമാലകളെന്നപോലെ

വാണീടുക നാതരമെന്നുടെ നാവുതൻമേൽ,

വാണിമാതാവേ വർണ്ണവിഗ്രഹേ വേദാത്മികേ” – വളരെ ചടുലമായി സംസാരിക്കേണ്ടതാണ്. ഡിസെന്റ് ഇല്ലെങ്കിലും അപ്പുറത്തുനിന്നും സംസാരിക്കണം. അങ്ങനെ അവർ സംസാരിക്കുന്നില്ല. നമ്മുടെ സഹകരണ പ്രസ്ഥാനം ഏതൊരു സാമൂഹ്യ ചിന്തകനെയും ആവേശം കൊള്ളിക്കുന്നതാണ്. ഏതൊരു കവിയെയും എഴുത്തുകാരനേയും രാഷ്ട്രീയ പ്രവർത്തകനേയും ആവേശം കൊള്ളിക്കുന്നതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞതു പോലെ ഇവിടത്തെ സഹകരണ പ്രസ്ഥാനത്തിന് ഒരു നൂറ്റാണ്ടിലേറെ പാരമ്പര്യമുണ്ട്. ഒരു പൂന്തോട്ടത്തിൽ വൈവിധ്യമാർന്ന പൂക്കൾ നിൽക്കുന്നതുപോലെയാണ് നമ്മുടെ സഹകരണ പ്രസ്ഥാനം.

“എവിടെ തിരിഞ്ഞൊന്നു നോക്കിയാലും

അവിടെല്ലാം പൂത്തമരങ്ങൾ കാണാം.”

എന്ന് ചങ്ങമ്പുഴ പാടിയതുപോലെ എവിടെ തിരിഞ്ഞു നോക്കിയാലും അവിടെയൊക്കെ സഹകരണപ്രസ്ഥാനങ്ങളാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം, പ്രൈമറി സ്കൂളുകൾ, വായനശാലകൾ, വില്ലേജ് ഓഫീസുകൾ ഇതെല്ലാം നമ്മുടെ നാടിനെ ജനാധിപത്യവത്ക്കരിച്ച മഹത്തായ സ്ഥാപനങ്ങളാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സഹകരണ പ്രസ്ഥാനം. ആ സഹകരണപ്രസ്ഥാനത്തെപ്പറ്റി ഓർക്കുമ്പോൾ എനിക്ക് ചങ്ങമ്പുഴയുടെ ‘മനസ്വിനി’ യാണ് ഇപ്പോൾ ഓർമ്മ വരുന്നത്. പൂക്കളുടെ സൗന്ദര്യത്തിന്റെ വൈവിധ്യമാണ് കാരണം, ഗ്രാമീണരുടെ സാമ്പത്തിക സൗന്ദര്യമാണ് കാരണം. ഇവിടെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എങ്കിലും ഞാൻ പറയുകയാണ്.

'മഞ്ഞതെച്ചിപൂങ്കുലപോലെ

മഞ്ജിമ വിടരും പുലർകാലേ

നിന്നൂ ലതികെ നീയെൻമുന്നിൽ

നിർവൃതിതൻ പൊൻകതിർപോലെ'.......... രണ്ടഭിപ്രായമുണ്ട്. ലതികയെന്നും ലളിതയെന്നും പറയുന്നുണ്ട്. ലതികയെന്നു പറഞ്ഞാൽ ചെടി യെന്നാണ്, ലളിത എന്നുപറയുന്നത് സ്ത്രീയുടെ പേരാണ്. ചങ്ങമ്പുഴ സ്ത്രീയുടെ പേരുതന്നെയാണോ പറഞ്ഞതെന്ന സംശയം വിമർശകരുന്നയി ക്കുന്നുണ്ട്. ശ്രീ. കെ. ശിവദാസൻ നായർ ലളിത എന്നു പറഞ്ഞതിനെ ഞാൻ സ്വീകരിച്ചിരിക്കുന്നു.

"നിന്നൂ ലളിതെ നീയെൻ മുന്നിൽ

നിർവൃതിതൻ പൊൻകതിർപോലെ" – ഗ്രാമീണരുടെ സാമ്പത്തിക നിർവൃതിയുടെ പൊൻകതിരാണ് മഹത്തായ ഈ സഹകരണ പ്രസ്ഥാനം. അവർ രാവിലെ പോകുന്നത് സഹകരണ ബാങ്കിലേയ്ക്കാണ്. മനോഹരമായ ബാങ്കിന്റെ സാമ്പത്തിക സംവിധാനത്തിൽ ആവേശഭരിതരായി അതിനോട് അവർ ശക്തമായി പ്രതികരിക്കുകയാണ്. ഗ്രാമങ്ങളിലെ ഗ്രാമീണരുടെ ഗുരു വായൂരപ്പനാണ് ഈ ബാങ്കുകൾ. അവരുടെ എല്ലാ സാമ്പത്തിക ആവശ്യങ്ങ ളെയും പ്രസാദപരമായിട്ട് സാധിച്ചുകൊടുക്കുന്ന ഒരു മഹത്തായിട്ടുള്ള സ്ഥാപനമാണ്.

"തെച്ചിമന്ദാരം തുളസി പിച്ചകമാലകൾ ചാർത്തി

ഗുരുവായൂരപ്പാ നിന്നെ കണികാണണം" – എന്നു പറഞ്ഞതുപോലെ ഈ സഹകരണ പ്രസ്ഥാനത്തെ രാവിലെ കണികാണണമെന്നു കൃഷിക്കാരൻ

ആഗ്രഹിക്കുന്നു. അതാണ്, കൃഷിക്കാരുടെ പ്രസ്ഥാനമാണ് ഇതെന്ന് ശ്രീ. കെ. കെ. നാരായണനും, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും ഇവിടെ പറഞ്ഞത്. നിങ്ങൾ കൃഷിക്കാരെ ആട്ടിയോടിക്കുകയാണ്. കേരളത്തിലിപ്പോൾ പെൺവാണിഭക്കാർവരെ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വിജയിച്ചിട്ടുണ്ട്. പേരൊന്നും ഞാൻ പറയുന്നില്ല. കള്ളപ്പണക്കാർ ജയിച്ചിട്ടുണ്ട്. നിങ്ങൾ അറിഞ്ഞിട്ടുണ്ടാവില്ല. നിങ്ങൾ മന:പൂർവ്വം നിർത്തിയതല്ല. നിങ്ങൾക്ക് അറിയില്ല. കാരണം കേസെല്ലാം പിന്നീടാണ് വരുന്നത്. നിങ്ങളുടെ കൂടെ നല്ല കൃഷിക്കാരില്ലേ? നിങ്ങൾ കൃഷിക്കാരെ ഓടിച്ചു. കൃഷിക്കാരെ ഓടിച്ചപ്പോൾ പകരം ആരാണ് വന്നത്? .........(ബഹളം)... പേരൊന്നും ഞാൻ പറഞ്ഞില്ല.

<u>മി. ചെയർമാൻ</u> : ബഹുമാനപ്പെട്ട മെമ്പർ അങ്ങ് സഭയിലില്ലാത്ത ആളുകളെക്കുറിച്ചുള്ള അത്തരം പരാമർശങ്ങൾ പരമാവധി ഒഴിവാക്കേണ്ടതാണ്.

<u>ശ്രീ. ജി സുധാകരൻ</u> : ഞാൻ സഭയിലുള്ള ഒരാളെക്കുറിച്ചുമല്ല പറഞ്ഞത്. ആ ആളാരാണെന്ന് എനിക്ക് അറിയാൻ പാടില്ല. അതിന് സാധ്യതയുണ്ടെന്നു മാത്രമാണ് ഞാൻ പറഞ്ഞത്. ഞാൻ വേറൊന്നും പറഞ്ഞിട്ടില്ല ഞാൻ പറഞ്ഞത് ആർക്കും വരാം. പൈസയുണ്ട്, കടലാസ് സംഘമുണ്ട്, മെമ്പർമാരുടെ വോട്ട് പിടിക്കാനും ജോയിന്റ് രജിസ്ട്രാർ എന്നു പറയുന്ന അഴിമതിയുടെ അവതാരത്തിന് പൈസ കൊടുത്താൻ നിങ്ങൾപോലും അറിയില്ല. ഈ ജോയിന്റ് രജിസ്ട്രാർമാർ എന്തെല്ലാം വിക്രിയകളാണ് കാണിച്ചുവച്ചതെന്ന് മിനിസ്റ്റർക്കും അറിയില്ല. പകരത്തിന് പകരം പറയുന്നതിനേക്കാളുപരി ..........ഞാൻ കോൺഗ്രസിനെ ഒന്നും പറഞ്ഞില്ലല്ലോ ഞാൻ കക്ഷിരാഷ്ട്രീയമൊന്നും പറഞ്ഞിട്ടില്ല. രാഷ്ട്രീയം ലേശം പറയുന്നുണ്ട്, കക്ഷിരാഷ്ട്രീയമല്ല. ചിലപ്പോൾ കോൺഗ്രസ്സിനെ വിമർശിച്ചെന്നിരിക്കും.

അത് വേറെ കാര്യം. എന്താണ് പറയുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇതിലുള്ള വൈരുദ്ധ്യമാണ് ഞാൻ ഉന്നയിച്ചത്. കുമാരനാശാന്റെ "പൂക്കാലം", ഞാൻ കോ-ഓപ്പറേറ്റീവ് മൂവ്മെന്റിനെ പൂക്കളോടാണ് ഉപമിക്കുന്നത്. കാരണം പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്ക്, അഗ്രികൾച്ചറൽ ഡെവലപ്മെന്റ് ബാങ്ക്, വനിതാ ബാങ്ക്, കൺസ്യൂമർ ബാങ്ക്, കാപ്പെക്സ്, കൺസ്യൂമർ ഫെഡ്, കയർ ഫെഡ്, റബ്ബർ മാർക്കറ്റിംഗ് സംഘം, മംഗല്യ സഹകരണസംഘം, എസ്. സി./എസ്.റ്റി. ഫെഡറേഷൻ എത്ര മനോഹരമാണ് ഈ സഹകരണ പൂവാടി. അതാണ് കുമാരനാശാന്റെ 'പൂക്കാലം' ഞാൻ പരാമർശിക്കുന്നതായി പറഞ്ഞത്.

"പൂക്കുന്നിതാ മുല്ല" – ദാ പ്രൈമറി ബാങ്ക് പൂക്കുന്നു

"പൂക്കുന്നിലഞ്ഞി" – ഇതാ അഗ്രികൾച്ചറൽ ബാങ്ക് പൂക്കുന്നു.

"പൂക്കുന്നു തേന്മാവ്" – ഏത് ബാങ്കുമായിക്കോട്ടെ ഒന്നാന്തരം കനിയല്ലേ? മധുരക്കനി !

"വായ്ക്കുന്നു വേലിക്ക് വർണ്ണങ്ങൾ പൂവാൽ"

ചോക്കുന്നു കാടന്തി മേഘങ്ങൾപോലെ –കുമാരനാശാൻ കമ്മ്യൂണിസ്റ്റാണ് എന്നു പറഞ്ഞ് റൂളിംഗ് ഒന്നും ആവശ്യപ്പെട്ട് കളയരുത്.

"ചോക്കുന്നു കാടന്തി മേഘങ്ങൾ പോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു
ഉല്ലാസമീ നീണ്ട കൂ കൂ രവത്താൽ

എല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ" – എല്ലാ നാട്ടുകാർക്കും ഈ സഹകരണ കോകിലം ഉല്ലാസപൂർവ്വം അഭിവാദ്യം അർപ്പിക്കുകയാണ്. അതിനെ നിങ്ങൾ കൊല്ലുന്നതെന്തിനാണ്? ശ്രീ. സി. എൻ. ബാലകൃഷ്ണൻ, അങ്ങ് പറയൂ, അങ്ങ് അടിമുടി സഹകാരിയാണ് എന്നൊന്നും ഞാൻ പറയുന്നില്ല. അങ്ങ് ഗാന്ധിയനാണ്. ഇപ്പോൾ ഞാൻ ചോദിക്കുകയാണ് അങ്ങ് ധൃതരാഷ്ട്രരാണോ? ധൃതരാഷ്ട്രാലിംഗനം ....ധൃതരാഷ്ട്രർക്ക് കണ്ണ് കണ്ടുകൂടാ. അങ്ങ് നേരിട്ടൊന്നുംതന്നെ കാണുന്നില്ല,. മഹാഭാരതത്തിൽ ധൃതരാഷ്ട്രരുടെ ഉപദേശകൻ, ലോകം കണ്ട മഹാനായ അഡ്വൈസർ, മന്ത്രി, വിദുരർ, എല്ലാം കാണുന്നുണ്ട്. ത്രികാലജ്ഞാനിയാണ് വിദുരർ, ഭാവിയിലുള്ളത് കാണുന്നു, ഭൂതകാലം കാണുന്നു, വർത്തമാനകാലം കാണുന്നു. ധൃതരാഷ്ട്രർക്ക് കണ്ണില്ലാത്തതുകൊണ്ട് യാതൊരു പ്രശ്നവുമില്ല. അങ്ങേയ്ക്ക് അങ്ങനെയൊരു വിദുരരില്ല. അങ്ങേയ്ക്ക് "മണ്ഡലികൾ" മാത്രമേയുള്ളു. സ്റ്റേറ്റുതലത്തിലുള്ള ഉപദേശകർപോലുമില്ല. അങ്ങ് ആ മണ്ഡലികളെ എതിർക്കേണ്ടതായിരുന്നു. ആ മണ്ഡലികളുടെ നിയമമാണ് ഇത്. അങ്ങ് ധൃതരാഷ്ട്രരാണോ എന്നുള്ള സംശയം ഞാൻ ഉന്നയിക്കുകയാണ്. അങ്ങ് ചിന്തയിൽ പരിശുദ്ധനാണ്. പക്ഷേ, പരിശുദ്ധനായാലും അഴിമതിക്ക് കൂട്ടുനിന്നാൽ, വൃത്തികേടുകൾക്ക് കൂട്ടുനിന്നു കഴിഞ്ഞാൽ, അഴിമതിക്കാർ രക്ഷപ്പെട്ടാലും അങ്ങയുടെ പേരിൽ രാഷ്ട്രീയ ആരോപണങ്ങൾ ഉണ്ടാകും. അങ്ങ് രാഷ്ട്രീയ നേതാവല്ലേ? ഇയാഗോ എന്നു പറയുന്ന ഒരു കഥാപാത്രമുണ്ട്, ഷേക്സ്പിയറുടെ 'ഒഥല്ലോ'യിൽ. ഒരു അവസരത്തിൽ "I am not what I am " ഞാൻ ഞാനല്ല. എന്നു പറയുന്നുണ്ട്. അതിന് ഒരുപാട് അർത്ഥമുണ്ട്. ആ ഒറ്റ വാചകത്തിന്റെ പേരിൽ ലോക സാഹിത്യത്തിലുള്ളത്

ആയിരക്കണക്കിന് പുസ്തകങ്ങളാണ്. ഞാൻ ഞാനല്ല എന്നാണ് ഇയാഗോ പറയുന്നത്. അങ്ങ് ഇയാഗോ ആണോ? ശ്രീ. ബാലകൃഷ്ണൻ ബാലകൃഷ്ണൻ അല്ലേ? ഈ നിയമം കൊണ്ടുവന്ന ശ്രീ. ബാലകൃഷ്ണൻ സഹകാരിയായ ബാലകൃഷ്ണനാണോ, ഗാന്ധിയനായ ബാലകൃഷ്ണനാണോ, സാത്വികനായ ബാലകൃഷ്ണനാണോ, ഞങ്ങളെല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ബാലകൃഷ്ണൻ സാറാണോ? ആണ് എന്നാൽ അല്ല. ഇത് അങ്ങനെയുള്ള സന്നിഗ്ദ്ധാവസ്ഥയാണ്. അങ്ങേയ്ക്ക് ഷേക്സ്പിയറിന്റെ ഹാംലെറ്റ്-നെപ്പോലെ 'to be or not to be', വേണോ, വേണ്ടയോ? ഈ കാര്യത്തിൽ. ഒരിക്കലും ചിന്തിച്ച് തിരുമാനമെടുക്കാൻ പറ്റുന്നില്ല, മുമ്പ് തീരുമാനമെടുത്തിരുന്നു. രാവിലെ അങ്ങ് പറയുകയാണ്, ഞങ്ങൾ തത്വത്തിൽ ഈ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിനെ അംഗീകരിക്കുന്നില്ല. ഇതിനകത്ത് എഴുതി തന്നിരിക്കുകയാണ്. ഇത് ഏറ്റവും നല്ല ഭേദഗതിയാണ് എന്ന്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടാണ് സെൻട്രൽ ഗവൺമെന്റ് അംഗീകരിച്ചത്, അതിലെ കാര്യങ്ങളാണ് ഈ പറയുന്ന ഭരണഘടനാ ഭേദഗതി, അത് അവതരിപ്പിച്ചപ്പോൾ, അതിന്മേൽ ഞങ്ങൾ ചോദ്യം ചോദിക്കുമ്പോൾ ഞാനത് അംഗീകരിക്കുന്നില്ല എന്നു പറയുകയും എന്നാൽ അത് പാസ്സാക്കുകയും ചെയ്യണമെന്ന് പറയുന്നത് 'to be or not to be' അല്ലേ. അദ്ദേഹത്തോട് - ബഹുമാനപ്പെട്ട സ്പീക്കറോട് - പറഞ്ഞത് തിരിച്ച് അങ്ങയോട് പറയുന്നു. അങ്ങ് ഈ ബിൽ പിൻവലിക്കുക. അങ്ങ് ഒരു ചരിത്രപുരുഷൻ ആയിക്കോട്ടെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചെയറിൽ ഇരിക്കുകയാണ്, അങ്ങ് ഈ ബിൽ പിൻവലിക്കുക. രണ്ടുപേരും ചരിത്രപുരുഷന്മാരാവട്ടെ! നമുക്ക് ചർച്ച ചെയ്യാം. പ്രതിപക്ഷവുമായി ചർച്ച ചെയ്യാതെ ബിൽ അവതരിപ്പിച്ചത് ശരി

യാണോ? ഇത് സഹകരണ ബില്ലല്ലേ? ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ബിൽ ആകുമ്പോൾ ഭരണഘടനാ ഭേദഗതിയുടെ സാരാംശം ദോഷമില്ലാതെ എങ്ങനെ ഇവിടെ പാസ്സാക്കി എടുക്കാമെന്നു ഞങ്ങൾ അങ്ങയോട് പറയുമായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുമായിരുന്നു. അതിന് അവസരം തന്നില്ല. കാരണം ഉപദേശമൊന്നും വേണ്ട, ഞങ്ങൾ ഉദ്ദേശിച്ചിട്ടുണ്ട്, പ്രതിപക്ഷത്തിന്റെ സഹകരണം തേടിയോ, ചർച്ച ചെയ്യാമായിരുന്നല്ലോ. ഇതു നിങ്ങൾക്ക് നേരത്തെ കൊണ്ടുവരാമായിരുന്നു. നാളെ ആകുമ്പോൾ ഒരു വർഷം തികയുകയാണ്. ഓട്ടോമാറ്റിക്കായി ഭരണഘടന ഭേദഗതികൾ നിലവിൽ വരും ബില്ലൊന്നും പാസ്സാക്കേണ്ടതില്ല, ഓട്ടോമാറ്റിക്കായി വരും. നാളെയെന്നു പറഞ്ഞാൽ 14-ാം തീയതി. അങ്ങേയ്ക്ക് ആറ് മാസംമുമ്പ് കൊണ്ടുവരുവാൻ പാടില്ലായിരുന്നോ? നമുക്ക് ചർച്ച ചെയ്യാൻ പാടില്ലായിരുന്നോ? തീർച്ചയായിട്ടും ഭരണഘടനാ ഭേദഗതി വന്ന സ്ഥിതിക്ക് ഇത് പാസ്സാക്കേണ്ടി വരും. പാസ്സാക്കുമ്പോഴും നമുക്ക് ഇതിനകത്ത് ഒരുപാട് കാര്യങ്ങൾ ചെയ്യാം. കൺസീൽഡായിട്ട് ഒരുപാട് കാര്യങ്ങൾ ചെയ്യാം. നമ്മുടെ പ്രസ്ഥാനത്തെ, നമ്മുടെ കുഞ്ഞിനെ നമുക്ക് രക്ഷിക്കാമായിരുന്നു.

കംസന്റെ കയ്യിൽനിന്നും രക്ഷപ്പെട്ട ശ്രീകൃഷ്ണനെ എങ്ങനെയാണ് ആ പിതാവ്, വസുദേവർ രക്ഷിച്ചത്; എവിടെയെല്ലാം ഒളിപ്പിച്ചുവച്ചാണ് രക്ഷിച്ചത്; ആ കുഞ്ഞുണ്ടെന്ന് ആരും അറിഞ്ഞില്ല. അവസാനം ആ കുഞ്ഞ് കംസനെ കൊന്നു. അതുവരെ കംസൻ കൃഷ്ണനെക്കുറിച്ച് അറിഞ്ഞില്ല. അതുപോലെ നമുക്ക് സഹകരണമേഖലയെ രക്ഷിക്കാമായിരുന്നു. ഞങ്ങളുടെ ഉപദേശം തേടിയിരുന്നെങ്കിൽ കേന്ദ്ര ഗവൺമെന്റാകുന്ന ഈ കംസന്റെ കയ്യിൽനിന്നും ഈ മഹത്തായ കുഞ്ഞിനെ രക്ഷിക്കാൻ കഴിയുമായിരുന്നു. ഞാൻ കോൺഗ്രസ്സ് എന്നൊന്നും പറഞ്ഞില്ല. കേന്ദ്രസർക്കാർ അമേരിക്കയുടെ സബ്കമ്മിറ്റി

യാണ്. കോൺഗ്രസ്സൊന്നുമല്ല ഇവിടെ ഭരിക്കുന്നത്. എന്റെ പ്രിയസുഹൃത്ത് കൊച്ചനിയൻ..........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ............

മി. ചെയർമാൻ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, രാജ്യത്തെ ജനങ്ങൾ തെരഞ്ഞെടുത്ത യു.പി.എ. ഗവൺമെന്റ് അമേരിക്കയുടെ സബ്കമ്മിറ്റിയാണ് എന്നു പറഞ്ഞ അധിക്ഷേപതരത്തിലുള്ള പരാമർശം ഇന്ത്യൻ ഭരണഘടനയോടുള്ള വെല്ലുവിളിയാണ്. ഇന്ത്യയിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഈ പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. റൂളിംഗ് വേണം. ഭരണഘടനയ്ക്കെതിരായിട്ടാണ് ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ഇന്നിപ്പോൾ നമുക്ക് ക്ലാസ് ബൈ ക്ലാസ് ചർച്ചയിലേയ്ക്ക് കടക്കുന്നതിനുമുമ്പുള്ള ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്നതാണ്. പരമാവധി വിഷയത്തിൽ ഒതുങ്ങി നിന്ന് വിവാദപരമായ കാര്യങ്ങൾ ഒഴിവാക്കി സംസാരിക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ വിഷയത്തിൽനിന്നുമാറി എന്ത് സംസാരിച്ചു? വിഷയം മാത്രമാണ് സംസാരിക്കുന്നത്. കോൺഗ്രസ്സ് – കേന്ദ്ര സർക്കാർ–അമേരിക്കയുടെ സബ്കമ്മിറ്റിയാണെന്ന് പൊളിറ്റിക്കലായി ഞങ്ങൾ പറയുന്നതല്ലേ. ആശയപരമായി പറയുന്നതല്ലേ. അല്ലെന്ന് നിങ്ങൾ പറഞ്ഞോളൂ. അത് കോൺസ്റ്റിറ്റ്യൂഷന് എതിരല്ല. ഈ നിയമം കോൺസ്റ്റിറ്റ്യൂഷന് എതിരാണ്. അപ്പോൾ കോൺസ്റ്റിറ്റ്യൂഷൻ അപ്ഹോൾഡ് ചെയ്യുന്ന ഞാനും അത് കേട്ട് തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് ചെറുപ്പക്കാരനും യൂത്ത് കോൺഗ്രസ്സിന്റെ വലിയ പ്രതീക്ഷയുമായ ശ്രീ. പി.സി. വിഷ്ണുനാഥ്

ഇങ്ങനെ പറഞ്ഞിട്ട് കാര്യമില്ല. ഞാനിവിടെ ഒരു അശ്ലീലവും പറയുന്നില്ല. ഭരണഘടനാപരമായ കാര്യമാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയോട് ഞാൻ ചോദിച്ച കാര്യങ്ങൾക്ക് പിന്നീട് മറുപടി പറയുമോ? അദ്ദേഹം ധൃതരാഷ്ട്രർ ആണോ; ഇയാഗോ ആണോ? " ജൂലിയസ് സീസറിലെ " മാർക്ക് ആന്റണിയുടെ ഭാഷയല്ലേ അങ്ങ് സംസാരിച്ചത്. ജൂലിയസ് സീസറെ കുത്തിക്കൊന്നത് കൂട്ടുകാരെല്ലാവരുംകൂടിയാണ്. **സഹസെനറ്റർമാരോടൊപ്പം** അദ്ദേഹത്തിന്റെ ശവമടക്ക് ചടങ്ങിന് മാർക്ക് ആന്റണി വരികയാണ്. ഈ സംഭവത്തെക്കുറിച്ച് പഠിച്ചവർ അപ്പുറത്തിരിക്കുന്നുണ്ട്. മഹാനായ പ്രസംഗകനാണ്. കുത്തിക്കൊന്നവരോട് അയാൾക്ക് വിരോധമാണ്. സീസർ മരിച്ചതിൽ അയാൾക്ക് യാതൊരു വിഷമവുമില്ല. സീസറിന്റെ ശവസംസ്ക്കാര പ്രസംഗത്തിലൂടെ ജനങ്ങളെ മുഴുവൻ ഇയാൾ കൊന്നവർക്കെതിരാക്കി, ബ്രൂട്ടസിനെതിരാക്കി. അവരെയെല്ലാം ജനങ്ങൾ കൊല്ലുകയാണ്. പക്ഷെ അതിൽ ഒരു വാചകമുണ്ട്. " I come to bury Caesar and not to praise him." **ഇവിടെ ഇദ്ദേഹം ശ്രദ്ധിക്കാൻ** പറയുന്നതെന്താണ്? 'I come to lift co-operatives and not to destroy them'. പക്ഷെ destroy ചെയ്യുന്ന സന്ദേശമാണ് വരുന്നത്. വിപരീത അർത്ഥത്തിൽ പ്രസംഗിക്കുകയാണ്. അങ്ങ് എന്തിന്റെ ഏത് കഥാപാത്രത്തിന്റെ അവതാരമാണ്? എന്താണ് അങ്ങയുടെ ഉദ്ദേശ്യമെന്ന് വ്യക്തമാക്കണം. താങ്കൾ ഒന്നും പറയുന്നില്ല. അങ്ങ് മാപ്പുസാക്ഷിയാണോ? അതാണ് വസ്തുത. അങ്ങയുടേതല്ല ഈ നിയമം. മന്ത്രിയായതുകൊണ്ടുമാത്രം പറയുകയാണ്. അങ്ങ് ഇങ്ങനെ ചെയ്യാൻ പാടില്ല. ഒരു മാപ്പുസാക്ഷിയുടെ റോൾ വഹിച്ചുകൊണ്ട് അല്ലെങ്കിൽ ഞാനിവിടെ

പറഞ്ഞ ഏതെങ്കിലും കഥാപാത്രങ്ങളുടെ രാഷ്ട്രീയ സ്വഭാവമാർജ്ജിച്ചു കൊണ്ട് ഇങ്ങനെ ചെയ്യുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. സൂര്യനെല്ലിയിലെ പെൺകുട്ടിയെ ഒരുപാടുപേർ ഉപദ്രവിച്ച കാര്യം....... ശ്രീ. പി.ജെ. കുര്യനെക്കുറിച്ച് ഒരക്ഷരവും പറയില്ല. അങ്ങനെ ചിന്തിക്കണ്ട, അത് ഞങ്ങൾ ഇതിനുള്ളിൽ അവസാനിപ്പിച്ചു. അതൊക്കെ ജനങ്ങൾ പറഞ്ഞുകൊള്ളും. ഞാൻ പറയുന്നത് സൂര്യനെല്ലി പെൺകുട്ടിയെ ഒരുപാടുപേർ പീഡിപ്പിച്ചു. അതുപോലെ സഹകരണ പ്രസ്ഥാനത്തെ ഭരണകക്ഷികൾ നിയമസഭയിൽ പീഡിപ്പിക്കുകയല്ലേ. അതൊരു ഹ്യൂമൻ, ഇതൊരു ഇൻസ്റ്റിറ്റ്യൂഷൻ എന്ന വ്യത്യാസമേ ഉള്ളൂ. ഇവിടെ ആരാണ് പീഡിപ്പിക്കുന്നത്? കേരളത്തിലെ സഹകരണപ്രസ്ഥാനം എന്ന വനിതയുടെ വലതു കയ്യിൽ ആർ.ബി.ഐ-യും ഇടതുകയ്യിൽ നബാർഡുമാണ് പിടിച്ചിരിക്കുന്നത്. വളർത്താൻ കൊടുത്തതാണ്. പക്ഷെ നബാർഡ് ഇതിനെ കൊല്ലുകയാണ്. നബാർഡ് ഇപ്പോൾ കർഷകരുടെ പ്രസ്ഥാനമല്ല. ഇന്ന് ഈ രാജ്യത്തെ റിയൽ എസ്റ്റേറ്റുകാരുടെ ബിസിനസ്സ് കമ്പനിയാണ് നബാർഡ്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഞാൻ സഹകരണ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് അവരുമായി തർക്കത്തിലായിരുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അമേരിക്കയുടെ സ്വന്തം ബാങ്കാണ് എന്ന മട്ടിലാണ് ഭാവം. നമ്മുടെ ബാങ്ക് എന്ന പേരുമാത്രമല്ലേയുള്ളൂ. ശ്രീ. പി.സി. വിഷ്ണുനാഥ് നിങ്ങളൊക്കെ അതിനെതിരായി സംസാരിക്കണം. നെഹ്റു മോഡലിൽ വളരണം. അവിടെ രാഹുൽ ഗാന്ധി ബ്രിഗേഡിയറുണ്ട്. എന്റെ പ്രിയപ്പെട്ട സുഹൃത്താണ്. ഡ്രസ്സുപോലും രാഹുൽ ഗാന്ധിയുടേതുപോലെയാണ്. ഇപ്പോൾ ഹൈബി ഈഡനല്ല. കേരള രാഹുൽ ഗാന്ധിയാണ്. ആയിക്കോട്ടെ, അതിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷെ അതുകൊണ്ട് കാര്യമില്ല. ഈഡൻ ഈഡനാകണം.

രാഹുൽ ഗാന്ധി രാഹുൽ ഗാന്ധി ആയിക്കൊള്ളും. നമ്മൾ ഓരോരുത്തരും നമ്മളാകണം. നമ്മൾ എങ്ങനെ നമ്മളായി എന്ന് അറിയണം. ഈ സഹകരണ പ്രസ്ഥാനംവഴിയാണ് നമ്മളിങ്ങനെ ആയത്. അതുകൊണ്ട് ഞാൻ പറയാൻ വന്ന പ്രശ്നം, നമ്മുടെ സഹകരണ പ്രസ്ഥാനത്തെ പീഡിപ്പിക്കുകയാണ്. വലതു കയ്യിൽ റിസർവ് ബാങ്കും ഇടതുകയ്യിൽ നബാർഡും പിടിച്ചു. കഴുത്തടക്കം പിടിച്ചിരിക്കുന്നത് ആരാണെന്നറിയാമോ? ഈ നാട്ടിലെ ബ്ലേഡ് കമ്പനിക്കാർ, പ്രൈവറ്റ് മണി ലെൻഡേഴ്സ് ആണ്. അവർ പിടിച്ചുനിർത്തിക്കൊടുക്കുകയാണ്. ഇതാണല്ലോ ഇവിടെ നടക്കുന്നത്. ഇന്ത്യയുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ കാര്യാലയം മുഖത്തടിച്ചുകൊണ്ടിരിക്കുകയാണ്. ധനമന്ത്രി കാര്യാലയം, ആർ.ബി.ഐ, നബാർഡ്, ഇന്ത്യയിലെ മണി ലെൻഡേഴ്സ് എന്നീ നാലു ശക്തികളും ചേർന്ന് സഹകരണ പ്രസ്ഥാനത്തെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ നാലുപേരും ഇനി പ്രതികളാണ്. ആ പീഡനത്തിന് കർട്ടൻ ഉയർത്തിക്കൊടുക്കുന്ന രണ്ടുപേരാണ് മുഖ്യമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും. കർട്ടൻ പിടിച്ചു നിൽക്കുക മാത്രമാണ് അവരുടെ ചുമതല. അവർ വേറെ ഒന്നും ചെയ്തിട്ടില്ല. സഭയിൽ ഈ വിഷയം അവതരിപ്പിക്കുക മാത്രമാണ് ഇവർ ചെയ്യുന്നത്. ഇവിടെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അതിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി എഴുതിയ കത്ത് ഞാൻ ഇന്ന് രാവിലെയും വായിച്ചു. ആയിരം തവണ ഇക്കാര്യം ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഒരു വ്യക്തി വിരോധവും അദ്ദേഹത്തിനോടില്ല. ഞാൻ മന്ത്രിയായിരുന്നപ്പോഴും എന്തേ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാത്തതെന്ന് ശ്രീ. ഉമ്മൻ ചാണ്ടി ചോദിച്ചപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി എഴുതിയ ഈ കത്ത് കാണിക്കും. കാരണം, ഒരു കാരണവശാലും വൈദ്യനാഥൻ റിപ്പോർട്ട് നട

പ്പാക്കരുത് എന്നാണ് അദ്ദേഹം പറയുന്നത്. നല്ല കത്താണ്. ഞാനതിനു മപ്പുറം ചിലതു ചെയ്തു. അതിന്റെ അവസാന പാരഗ്രാഫ് വായിക്കാം. 2005 മേയ് 10, ഡി.ഒ. ലെറ്റർ നം. 4592/ബി2/05/ കോ-ഓപ്പറേഷൻ, ഡേറ്റഡ് 10-05-2005, ഈ കത്തിൽ അദ്ദേഹം കേരളത്തിലെ സഹകരണ മേഖല യുടെ മാഹാത്മ്യത്തെക്കുറിച്ച് പറഞ്ഞു. കത്ത് കൺക്ലൂഡ് ചെയ്തിരിക്കുന്നത്, "Taking this features of Kerala into consideration, kindly give attention to our views which are variant with those taken by the Vydhyanathan Committee, I request that these may be accepted........... " നമ്മുടെ സജഷൻസ് എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാതെ മുറിവൈദ്യന്റെ സജ ഷൻസിനെക്കുറിച്ചല്ല പറഞ്ഞത്. വൈദ്യനാഥൻ എന്നുപറയുന്നത് ഒരു മുറി വൈദ്യനാണ്. അയാൾ ചികിത്സിച്ച ഒരാളും രക്ഷപ്പെട്ടിട്ടില്ല. നിങ്ങളും രക്ഷ പ്പെടാൻ പോകുന്നില്ല. നിങ്ങളേയും ചികിത്സിച്ച് നിങ്ങളുടെ കഥയും കഴി ക്കും. ഈ ബില്ല് പാസ്സാകട്ടെ. അടുത്ത ഇലക്ഷനിൽ കാണാം. ഭൂരിപക്ഷം പോകുമെന്നുള്ളത് ഞങ്ങൾക്ക് അറിയാം. സഹകരണമേഖല നിങ്ങൾക്ക് എതിരായിത്തീരും. അപ്പോൾ, "I request that these may be accepted and suitable modifications may kindly be made on the suggestions of the taskforce for implementation". ബഹുമാനപ്പെട്ട സി. എൻ. ബാലകൃ ഷ്ണൻ, ഈ നയത്തിലേയ്ക്ക് വരണമെന്നല്ലാതെ ഞങ്ങൾ ഭരണഘടനാ വിരുദ്ധമായി എന്തെങ്കിലും പറഞ്ഞോ? ഇതിലേയ്ക്ക് വരണം. ഇപ്പോൾ നല്ല സമയമാണ്, രണ്ടുപേരും ഇവിടെയുണ്ടല്ലോ. ചെയറിലും ട്രഷറി ബഞ്ചിലും ഒരു മാതൃകയാകട്ടെ. ഇത് കഴിഞ്ഞ ഗവൺമെന്റും അംഗീകരിച്ച

താണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞ, എന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥന്മാരും സഹകാരികളും കോൺഗ്രസ്സിന്റേയും സി.പി.ഐ.(എം)-ന്റെ രാജ്യസഭാംഗങ്ങ ളുൾപ്പെടെ ഞങ്ങളെല്ലാവരുംകൂടി അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായി രുന്ന ശ്രീ. പ്രണബ് കുമാർ മുഖർജിയെ കാണാൻ പോകുന്നതിനുമുമ്പ് ശ്രീ. കെ. വി. തോമസിനെ കാണാൻപോയി. മുക്കാൽ മണിക്കൂറോളം അദ്ദേഹവു മായി (ശ്രീ. പ്രണബുമായി) നല്ല രീതിയിൽ സംസാരിച്ചു. അന്ന് കേന്ദ്ര സഹ കരണ വകുപ്പാണ് എതിരുനിന്നത്. നിങ്ങളുടെ പ്രശ്നത്തിന് നബാർഡിൽ നിന്നും മറുപടി വരട്ടെ എന്നവസാനം പറഞ്ഞു. നബാർഡ് നമുക്കെതിരായിട്ട് എഴുതി. അവസാനം ശ്രീ. പ്രണബ് കുമാർ മുഖർജി ഞങ്ങളുടെ സജ ഷൻസ് അംഗീകരിക്കാൻ പറ്റില്ല എന്നുകാണിച്ച് കത്ത് നൽകി. എന്നിട്ടാണി പ്പോൾ ഇത് വന്നിരിക്കുന്നത്. അന്ന് ശ്രീ. വയലാർ രവി വളരെ അനുകൂല മായ നിലപാടെടുത്തു. പക്ഷെ ആര് നിലപാടെടുത്താലും കേരളത്തിലെ കോൺഗ്രസ്സിന് ഡെൽഹിയിൽ എന്ത് കാര്യമാണ്? നമുക്കവിടെ ഒരു കാര്യവു മില്ല. ഇവിടെ വന്ന് ദൈവത്തിന്റെ സ്വന്തം നാടാണ് എന്നൊക്കെ പറഞ്ഞ് നമ്മളെ പുകഴ്ത്തും. വെറുതെയാണ്. നമ്മുടെ ഒരാവശ്യവും സാധിച്ചുതരില്ല. ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന നിങ്ങളുടെ പഴയ സീനിയർ എം.എൽ.എ. ആയ ശ്രീ. ടി.എ. തൊമ്മൻ, സഹകരണത്തെക്കുറിച്ച് നടത്തിയ പ്രസംഗം ഞാൻ കഴിഞ്ഞ നിയമസഭയിൽ വായിച്ചതാണ്. എന്താണ് അദ്ദേഹം പറഞ്ഞത്? നെഹ്റു പറഞ്ഞ കാര്യം പറഞ്ഞു. ഈ ഒന്നാം പദ്ധതി യുടെ കാലത്ത് "നമുക്കെല്ലാം മാറ്റിവയ്ക്കാം, പക്ഷേ കൃഷിയും സഹകര ണവും മാറ്റിവയ്ക്കാൻ പറ്റില്ല." എന്നാണ് നെഹ്റു പറഞ്ഞത്. അത്

തൊമ്മനും പറഞ്ഞു. കേരളത്തിന്റെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ദേശീയ നിയമം വേണമെന്ന് അന്ന് ശ്രീ. ടി.എ. തൊമ്മൻ ആവശ്യപ്പെട്ടു. ഇപ്പോഴാണ് അത് ദേശീയ നിയമമായത്. ഏഴാം പട്ടികയിൽ 132–ാം നമ്പരായി കിടന്ന നമ്മുടെ സംസ്ഥാന വിഷയമായ ഈ സഹകരണം കൺകറന്റ് ലിസ്റ്റിൽപ്പെടുത്തി ഇപ്പോൾ കേന്ദ്രഗവൺമെന്റ് ഏത്തയ്ക്കാ പുഴുങ്ങിയതാണ് എന്നുപറഞ്ഞ് ഇരുമ്പ് ചട്ടിയിലിട്ട് ചൂടോടെ വിഴുങ്ങാൻ ഇപ്പോൾ നമുക്ക് തന്നിരിക്കുകയാണ്. 1958–ൽ ശ്രീ. തൊമ്മനും പറഞ്ഞു, ദേശീയ നിയമം വേണം, ഏകീകരണം വേണം, പക്ഷേ അത് പ്രാദേശിക അസന്തുലിതാവസ്ഥയും പ്രാദേശിക പ്രത്യേകതകളും കണക്കിലെടുക്കണമെന്ന്. ഞങ്ങൾ അവിടെ നിൽക്കുകയാണ്. കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരും ഒരുമിച്ച് നിന്ന് സഹകരണ പ്രസ്ഥാനമുണ്ടാക്കണമെന്ന് ശ്രീ. തൊമ്മൻ പറഞ്ഞു. സഹകരണ വകുപ്പുമന്ത്രിയായിരുന്ന മുണ്ടശ്ശേരി മാഷ് അത് അംഗീകരിച്ചു.

<u>ശ്രീ. പി.സി. ജോർജ്</u>: സർ, അങ്ങയോട് എനിക്ക് വളരെ ബഹുമാനമാണ്, അങ്ങ് പറയുന്ന പലതിനോടും യോജിപ്പുമുണ്ട്. പക്ഷേ അങ്ങയുടെ പാർട്ടി ഭരിക്കുന്ന ബംഗാളിലും ത്രിപുരയിലും വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽനിന്നും പണം വാങ്ങിയതിന്റെ മര്യാദ എന്താണ്? അതും കൂടി അങ്ങ് ഇവിടെ വിമർശന വിധേയമാക്കണം.

<u>ശ്രീ. ജി. സുധാകരൻ</u>: അവിടെയാണ് ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെപ്പറ്റിയും പ്ലാനിംഗിനെപ്പറ്റിയും സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റിയും ഒക്കെയുള്ള unity in diversity എന്നുള്ള പ്രിൻസിപ്പിൾ ശ്രീ. പി.സി. ജോർജ് മറന്നുപോയതുകൊണ്ടാണ്. ഇവിടെ ബംഗാളിലെ സ്ഥിതിയല്ല.

ബംഗാളിലൊന്നും വലിയ സഹകരണ പ്രസ്ഥാനമൊന്നുമില്ല. വെറുതെയാണ്. അവിടെ സഹകരണ പ്രസ്ഥാനമുണ്ടെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. സഹകരണ പ്രസ്ഥാനത്തിന്റെ മാതൃക കേരളമാണ്. ഈ രാജ്യത്ത് മറ്റ് സംസ്ഥാനങ്ങളിൽ ചെറിയ ചെറിയ സഹകരണ സ്ഥാപനങ്ങളാണുള്ളത്. അവിടെ ഒരു ബാങ്കിലെ ഡെപ്പോസിറ്റെന്ന് പറയുന്നത് ഒരുലക്ഷം രൂപയാണ്. അതേസമയം ഞാൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പേരൂർക്കട പ്രൈമറി കോപ്പറേറ്റീവ് ബാങ്കിലെ ഡെപ്പോസിറ്റ് എന്നുപറയുന്നത് 650 കോടി രൂപ യായിരുന്നു. കർണ്ണാടകയിൽ 50,000 രൂപയാണ് ഒരു പ്രൈമറി കോ-ഓപ്പറേ റ്റീവ് സൊസൈറ്റിയിൽ ഡെപ്പോസിറ്റുള്ളത്. ഒരു ജില്ലാ ബാങ്കിനുള്ളത് 2 കോടി രൂപയുമാണ്. ഇവിടെ 3500 കോടിവരെ ഒരു ജില്ലാ ബാങ്കിനുണ്ട്.

ശ്രീ. പി.സി. ജോർജ് : അവിടെ 35 കൊല്ലം നിങ്ങളുടെ നേതാവ് ഭരിച്ച താണ്.

ശ്രീ. ജി. സുധാകരൻ : ഇതൊക്കെ പറഞ്ഞിട്ട് കാര്യമില്ല. ഇത് ബംഗാ ളിലേയും ത്രിപുരയിലേയും ഒന്നും പ്രശ്നമല്ല, ഇവിടെ കേരളത്തിലെ പ്രശ്ന മാണ്. അതിന് പ്രത്യേക തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഒരു ഭരണഘടനയും എതിരല്ല. അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കുകയാണ്. ജമ്മു കാശ്മീരിന് എന്തിനാണ് ഭരണഘടനയിൽ പ്രത്യേക പദവി കൊടുത്തി രിക്കുന്നത്? എല്ലാ സ്റ്റേറ്റും ഒരുപോലെയാണോ? ജമ്മു കാശ്മീരിന് ഭരണഘട നയിൽ പ്രത്യേക പദവി കൊടുത്തു. അത് എടുത്തുകളയണമെന്ന് ബി.ജെ.പി. പറയുകയല്ലേ? മുസ്ലീംങ്ങൾക്ക് ഭൂരിപക്ഷമുള്ള നാടായതുകൊണ്ട് ബി.ജെ.പി. അങ്ങനെ പറയുന്നു. സി.പി.ഐ.(എം)., സി.പി.ഐ. അല്ലെങ്കിൽ കോൺഗ്രസ് ഐ ആരും അതിനോട് യോജിക്കുന്നില്ല, മുസ്ലീം ലീഗും യോജിക്കുന്നില്ല.

അക്കാര്യത്തിൽ നമ്മൾ ഒരുമിച്ചല്ലേ നിൽക്കുന്നത്, എന്നുപറഞ്ഞതുപോലെ പ്രത്യേകതകൾ ഉണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. നിങ്ങളുടെ ഈ സമീപനം ഒരുകാലത്തും ശരിയല്ലാത്ത കാര്യമാണ്. നിങ്ങളുടെ ഈ പീഡനം അവസാനിപ്പിക്കണം. ഇവിടെ ഉപയോഗിക്കുന്ന ആയുധങ്ങൾ ആഗോളവത്ക്കരണ ലിംഗങ്ങളാണ്. ആഗോളവത്ക്കരണ സാമ്പത്തിക ലിംഗമാണ് ഇവിടെ പീഡിപ്പിക്കുന്നത്, മാനുഷിക ലിംഗമല്ല. ആഗോളവത്ക്കരണ സാമ്പത്തിക ലിംഗങ്ങൾ കൊണ്ട് 4 പ്രതികൾ ഇവിടെ പീഡിപ്പിക്കുകയാണ്. അമേരിക്കൻ സാമ്പത്തിക ഉപകരണങ്ങളാണത്. അതുവഴിയാണ് ഇവിടെ പീഡിപ്പിക്കപ്പെടുന്നത്. ഇതൊന്നും ശരിയല്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന്റേയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. സി. ദിവാകരന്റെയും മറ്റും നേതൃത്വത്തിലുള്ള, ഞങ്ങൾ ഇടതുപക്ഷം............ എന്ന് നിങ്ങളോട് ആര് പറഞ്ഞു? ശ്രീ. വി.എസ്. പച്ച ജീവനോടെ ഇവിടെ ഇരിക്കുകയാണ്. നിങ്ങളോട് ആര് പറഞ്ഞു? ശ്രീ. വി.എസ്. അച്ചുതാനന്ദൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സി. ദിവാകരൻ, ശ്രീ. മാത്യു റ്റി. തോമസ് ഇവരെല്ലാം പാർട്ടി ലീഡേഴ്സ് ആണ്, അവർ ഇരിക്കുന്നത് കണ്ടില്ലേ? ബാക്കിയുള്ളവരുമുണ്ട്. ശ്രീ. എ.കെ. ബാലൻ, ശ്രീ. ഇ.പി. ജയരാജൻ, ശ്രീ. പി.കെ. ഗുരുദാസൻ, ശ്രീ. ഇളമരം കരീം, ശ്രീ. എം.എ. ബേബി ഇപ്പോൾ അങ്ങോട്ട് പോയി. ഞങ്ങളൊക്കെ നേതാക്കന്മാരാണ്. ലെവൽ അനുസരിച്ച് പറയുകയാണ്. മനസ്സിലായില്ലേ? നിങ്ങൾക്ക് അത് മനസ്സിലായി. എന്നെ അതിനകത്തൊന്നും കൊണ്ടുപോകാൻ ശ്രമിക്കണ്ട. എനിക്ക് ഒരു നിലപാടുണ്ട്. ഇവിടെയുള്ള പ്രശ്നം, ഈ പീഡനത്തിൽനിന്നും ഈ കുട്ടിയെ രക്ഷിക്കാൻ ഞങ്ങളുടെ നേതൃത്വത്തിൽ ഇവിടെ റെസ്ക്യൂ ഓപ്പറേഷൻ നടത്തുകയാണ്.

ഞങ്ങൾ കമാൻഡോകളാണ്. ചിലപ്പോൾ ഇന്ന് ഞങ്ങൾ പരാജയപ്പെട്ടാലും 6 മാസം കഴിഞ്ഞ് ഞങ്ങൾ ജയിക്കും. ഈ നിയമം പാസാക്കിയാൽ, ഈ ഗവൺമെന്റിന്റെ കാലാവധി 6 മാസമാണെന്ന് ഞാൻ പ്രഖ്യാപിക്കുകയാണ്. 6 മാസം കഴിഞ്ഞ് ഇവിടെ ഇടതുപക്ഷ  മുഖ്യമന്ത്രിയിരിക്കും. മറ്റ് പല കാര്യങ്ങളുണ്ടെങ്കിലും പ്രത്യേകിച്ച് ഇപ്പോൾ ഈ നിയമം പാസ്സാക്കിയതുകൊണ്ട് നിങ്ങളുടെ കാലാവധി 6 മാസം കൂടിയേയുള്ളു. ഞങ്ങൾ റെസ്ക്യൂ ഓപ്പറേഷനാണ് നടത്തുന്നത്. ഇപ്പോൾ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടില്ല, കമാൻഡോകൾ വെടിയേറ്റ് മരിച്ചോട്ടെ. പക്ഷെ ഞങ്ങളുടെ ആശയം ഇവിടെ ഉണ്ടാകും, ഇടതു സഖാക്കളെ നിങ്ങൾക്കും നിങ്ങൾതൻ ധരണിയ്ക്കും വേണ്ടിയാണീ സമരം എന്നാണ് പുന്നപ്ര വയലാറിൽ വെടിയേറ്റുവീണ രക്തസാക്ഷികൾ വെടിവച്ച പോലീസിനോട് പറഞ്ഞത്. എന്താണ് കമ്മ്യൂണിസ്റ്റ് പോരാളികളുടെ മാനവികത? അത് ജനങ്ങളുടെ മുമ്പാകെ ചെല്ലുകയും ചെയ്യും. ഞങ്ങൾ മോശക്കാരരൊന്നുമല്ല.

<u>ശ്രീ. കെ. അച്ചുതൻ</u>: 1996-ൽ ഞാൻ 7 ദിവസം നിരാഹാരം കിടക്കേണ്ട ഒരു സാഹചര്യമുണ്ടായി. അന്ന് സഹകരണ വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയനാണ്. എന്റെ നിയോജകമണ്ഡലത്തിൽ നല്ലേപ്പിള്ളി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ 100 കണക്കിന് വോട്ട് ചെയ്യാൻ വന്ന സ്ത്രീകളെ കയ്യുംകാലും തല്ലിയൊടിച്ച് നിങ്ങൾ വോട്ട് ചെയ്യാൻ വിടാതെ 7 ശതമാനം വോട്ട് ചെയ്ത് അധികാരം പിടിച്ചെടുത്തതാണെന്ന് അങ്ങേയ്ക്ക് അറിയുമോ? അന്ന് എം.എൽ.എ ആയിരിക്കുമ്പോൾ 1996-ൽ ഞാൻ 7 ദിവസം നിരാഹാരം കിടന്നതാണ്.  അന്ന് നിങ്ങൾ പല സംഘങ്ങളും......... ഞാൻ പ്രസിഡന്റായിരുന്ന തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ രാവിലെ 7 മണിക്ക് മുമ്പ്

ആളുകൾ വന്ന് സ്കൂൾ നിറച്ചിട്ടാണ് വോട്ട് ചെയ്ത് ആ ബാങ്ക് നിങ്ങൾക്ക് പിടിക്കാൻ പറ്റാതെപോയത്. ഇന്ന് ആ ബാങ്കിന് ഡെപ്പോസിറ്റ് മൊബിലൈസേഷനിൽ 300 ലക്ഷം രൂപ മൈനസാണ് എന്നുള്ളത് അറിയുമോ?

ശ്രീ. ജി. സുധാകരൻ: എന്തായാലും ശരി അദ്ദേഹം പറഞ്ഞ കാര്യം എനിക്ക് അറിയാമോ എന്നുചോദിച്ചാൽ എനിക്ക് അറിയില്ല. പക്ഷേ അദ്ദേഹം 6 ദിവസം ഭക്ഷണം കഴിക്കാതെ നിരാഹാരം കിടന്നു എന്നത് ഞാൻ വിശ്വസിച്ചാലും അദ്ദേഹം അങ്ങനെ കിടന്നു എന്നുപറഞ്ഞാൽ ചിറ്റൂരിലെ നാട്ടുകാർ വിശ്വസിക്കുമോ? ശ്രീ. കെ. അച്ചുതൻ 6 ദിവസം ഭക്ഷണം കഴിക്കാതെ ഇരുന്നുവെന്ന് ആ നാട്ടുകാർ വിശ്വസിക്കുമോ? ഞാൻ വിശ്വസിച്ചു. എനിക്ക് വിശ്വാസക്കുറവൊന്നുമില്ല. ഏതെങ്കിലും ഒരു ബാങ്കിലെ ഇലക്ഷനിൽ ഉണ്ടാകുന്ന കാര്യത്തെപ്പറ്റിയല്ല ഇവിടെ പ്രസംഗിക്കുന്നത്. പാഞ്ചാലിയുടെ ഉടുതുണി അഴിച്ചതുപോലെ സഹകരണ മേഖലയിലെ പ്രൊട്ടക്ഷൻ ലെയറുകൾ അഴിച്ചുമാറ്റുകയാണ്. സഹകരണ മേഖലയിലെ പ്രൊട്ടക്ഷൻ ലെയറാണ് ഇപ്പോൾ നിലവിലുള്ള നിയമം. 2000-ൽ ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്നപ്പോൾ സമഗ്രമായി കൊണ്ടുവന്നു. അന്ന് അവശേഷിച്ചതും പുതിയതും കൂടിവച്ച് 2006-ൽ സമഗ്രമായ ഒരു നിയമം ഞാൻ കൊണ്ടുവന്നു. അങ്ങേയ്ക്കും അതുപോലെ കൊണ്ടുവരാമായിരുന്നു. അങ്ങ് ഈ പ്രൊട്ടക്ഷൻ ക്ലോത്ത് അഴിച്ചുമാറ്റുകയാണ്. ഇവിടെ ശ്രീകൃഷ്ണ ലീലകൾ നടക്കും. എത്ര അഴിച്ചുമാറ്റിയാലും അവസാനം സഹകരണ മേഖലയുടെ ഒരു തുണി ലെയർ ബാക്കിയുണ്ടാകും. അത് കോൺഗ്രസ്സ് അംഗങ്ങളുടേത് കൂടിയാണ്. അല്ലാതെ ഞങ്ങളുടേത് മാത്രമല്ല. ഞങ്ങളെപ്പോലെതന്നെ ശക്തമാണ് കോൺഗ്രസ്സും. ഞങ്ങൾക്ക് അറിയാം. ചില ജില്ലകളിൽ ചില വ്യത്യാസങ്ങളൊക്കെ ഉണ്ടാകും. നിങ്ങൾ ശക്തമാകൂ, അതിന് എന്താണ് കുഴപ്പം?

ഒരിക്കലും പാഞ്ചാലിയുടെ ഉടുതുണി അഴിച്ചുമാറ്റാൻ കഴിയില്ല, നിറുത്തുന്ന താണ് നല്ലത്. നിങ്ങളുടെ കൈകൾ തളരും. വിശ്വാസകന്മാർക്കുള്ള ശിക്ഷ അങ്ങേയ്ക്ക് കിട്ടില്ല. പക്ഷേ അങ്ങയെക്കൊണ്ട് ചെയ്യിച്ചവർക്ക് കിട്ടും. വളരെ അപകടകരമാണ്. ശ്രീകൃഷ്ണലീലകൾ ഇവിടെ നടക്കും. ഈ മഹത്തായ സഹകരണ പ്രസ്ഥാനത്തിൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം നടത്തുക യാണ്. സീസറുടെ ഭാര്യ സംശയത്തിനതീതയായിരിക്കണം. സംശയത്തിന് അതീതമാണോ ഈ ബിൽ? സീസറുടെ ഭാര്യ സംശുദ്ധയാണ്. സമ്മതിച്ചു. ഈ ബിൽ സംശുദ്ധമല്ല. സംശുദ്ധംപോലുമല്ലാത്ത ഈ ബിൽ, ഞങ്ങൾ സംശുദ്ധമാണെന്ന് എങ്ങനെ പറയും? എന്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് ഇതിനോട് യോജിക്കാൻ കഴിയും? അടുത്ത കാര്യത്തിലേയ്ക്ക് ഞാൻ കടക്കുകയാണ്. ഈ ബിൽ സഹകരണ മേഖലയിൽ അടിയന്തരാ വസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. It is a co-operative emergency, ഇത് കോൺസ്റ്റിറ്റ്യൂഷൻ envisage ചെയ്യുന്നില്ല, വിദേശത്തുനിന്ന് ആക്രമണം വന്നാൽ; എക്സ്റ്റേണൽ എമർജൻസി, ഇന്റേണൽ എമർജൻസിയാണ് ഇന്ദിരാ ഗാന്ധി പ്രഖ്യാപിച്ചത്. പിന്നെയുള്ളത് ഇക്കണോമിക് എമർജൻസി, അത് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. ഇത് സഹകരണ അടിയന്തരാവസ്ഥയാണ്. എല്ലാം ഡൽഹിയിൽ നിന്ന്. ഇന്ത്യയാണ് ഇന്ദിര, ഇന്ദിരയാണ് ഇന്ത്യായെന്ന് പറഞ്ഞ താണ് അവരെ തകർത്തത്. അല്ലെങ്കിൽ അവർ തകരത്തില്ലായിരുന്നു. ഇന്ദിരാ ഗാന്ധിയുടെ തകർച്ച ഏകാധിപത്യം കൊണ്ട് മാത്രമാണ്. അവർ എത്ര കഴിവുള്ള സ്ത്രീയായിരുന്നു? ബാങ്കിംഗ് നാഷണലൈസേഷൻ, പ്രൈവി പേർസ് അബോളിഷൻ, ബംഗ്ലാദേശ് പലായനം എന്തൊക്കെ അവർ ചെയ്തു. ഇതിനൊക്കെ അന്ന് കമ്മ്യൂണിസ്റ്റുകാരെല്ലാം പിന്തുണ കൊടുത്തില്ലേ? അമേ

രിക്കയുടെ കണ്ണിലെ കരടായിരുന്നു ഇന്ദിര. നെഹ്റുവിനുശേഷം അമേരിക്ക യുടെ മുഖത്തുനോക്കി സംസാരിച്ച ഒരു വനിതയാണ്. അമേരിക്കയ്ക്ക് അവരെ ഇഷ്ടമല്ല. അമേരിക്കയെ നിലയ്ക്ക് നിറുത്തിയത് അവരാണ്. പക്ഷേ പറഞ്ഞിട്ട് എന്തുകാര്യം? സ്തുതിപാഠകന്മാർ അവരെ എവിടെ ചാടിച്ചു? അവ രുടെ ജീവൻ പോലും നഷ്ടപ്പെട്ടു. നമുക്കെല്ലാം വളരെയധികം വേദമുണ്ട്. ഇന്ത്യയാണ് ഇന്ദിര, ഇന്ദിരയാണ് ഇന്ത്യയെന്ന് പറഞ്ഞതുപോലെ, കേന്ദ്രമാണ് സഹകരണം, സഹകരണമാണ് കേന്ദ്രം. നിങ്ങൾ എന്തിനാണ് കേന്ദ്രം പറയു ന്നതെറ്റായ കാര്യങ്ങളെല്ലാം കേൾക്കുന്നത്; ഇവർ ആരാണ്? അവർ നാളെ മാറില്ലേ; നിങ്ങളുടെ ഈ ഗവൺമെന്റ് നാളെ മാറില്ലേ? ഞങ്ങൾ ഈ നിയമമെ ടുത്ത് തോട്ടിൽ കളയില്ലേ; അതല്ലേ 6 മാസമെന്ന് ഞാൻ പറഞ്ഞത്. അതിനു മുമ്പ് ഇത് താഴെ വീഴുമെങ്കിൽ വീണോട്ടെ, എന്നെ അതിന് ആരും കുറ്റപ്പെടു ത്തരുത്. ഞാൻ ആറു മാസമെന്ന് പറഞ്ഞെന്ന് മാത്രമേയുള്ളു, ഈ ആറ് മാസത്തിനകം വീഴരുത് എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. അപ്പോൾ ഇത് ഗൗ രവമുള്ള രാഷ്ട്രീയപ്രശ്നമല്ലേ? തീർച്ചയായും ഒരു എമർജൻസി സിറ്റുവേ ഷനാണ് ഉള്ളത്. കോ-ഓപ്പറേറ്റീവ് യൂണിയൻ എന്തിനാണ്? ശ്രീ. ഇ.കെ. നാരായണൻ പാവമാണ്. അതുകൊണ്ട് വിട്ടേക്കണമെന്നൊന്നുമല്ല ഞാൻ പറ ഞ്ഞത്. ശ്രീ. ഇ.കെ. നാരായണൻ ഒട്ടും പാവമല്ലയെന്നുള്ളത് എനിക്കും ശ്രീ. ജയരാജനും ശ്രീ. കോടിയേരി ബാലകൃഷ്ണനും കണ്ണൂർക്കുമൊക്കെ അറി യാം. അദ്ദേഹം വളരെ ധീരനായ ശക്തമായ നിലപാടുള്ള ആളാണ്. അദ്ദേഹം പാവമൊന്നുമല്ല. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞത് വേറൊരു അർത്ഥത്തിലാണ്. നമ്മളെല്ലാം തമ്മിൽ ലോഹ്യത്തിലാണെങ്കിലും അവരുതമ്മിൽ, നാരായണൻ സഖാവുമായി വലിയ ലോഹ്യത്തിലാണ്. ആ കോ-ഓപ്പറേറ്റീവ് യൂണിയനിൽ കൈവച്ചുകൊണ്ടുള്ള ഒരു ഭേദഗതി........

നിങ്ങൾ എന്തിനാണ് അതിൽ കൈവച്ചത്; നിങ്ങൾ എന്തിനാണ് അവിടെ ഉദ്യോഗസ്ഥനെ വയ്ക്കുന്നത്? നിങ്ങൾ എന്തിനാണ് പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും പേരിൽ അവിശ്വാസത്തിന് പ്രൊവിഷൻ കൊണ്ടുവരുന്നത്; നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും മാറ്റാമല്ലോ? ഗവൺമെന്റ് മാറിയാലും ചിലപ്പോൾ അത് മാറില്ലെന്നുള്ള സംവിധാനമാണുള്ളത്,. എന്തിന് മാറണം? ഞാൻ മന്ത്രിയായിരുന്നപ്പോൾ യു.ഡി.എഫ്–ന്റെ ആളായിരുന്നു ചെയർമാൻ. സി.എം.പി.യുടെ ഒരു പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന് സമയമില്ല എന്നുപറഞ്ഞ് അദ്ദേഹം സ്വയം രാജിവച്ച് പോകുകയായിരുന്നു. നിങ്ങൾ കോ–ഓപ്പറേറ്റീവ് യൂണിയനെ നശിപ്പിക്കുകയാണ്.

ജനാധിപത്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്വാതന്ത്ര്യമല്ലേ? രജിസ്ട്രാർ ഇവിടെയുണ്ടോയെന്ന് എനിക്കറിയില്ല. ഗ്യാലറി നോക്കി ഞാൻ സംസാരിക്കുകയല്ല. ഗ്യാലറിയിൽ ആരെയും കാണുന്നില്ല. ഗ്യാലറിയുടെ മുൻനിരയിൽ ആരെയും കാണാത്തതുകൊണ്ട് ഒന്നുകിൽ രജിസ്ട്രാർ അല്ലെങ്കിൽ പ്രിൻസിപ്പൽ സെക്രട്ടറി, ഒരാൾ മാത്രമേ ഇപ്പോൾ ഇവിടെയുള്ളൂ എന്നാണ് തോന്നുന്നത്. ഗവൺമെന്റ് സെക്രട്ടറിയും രജിസ്ട്രാറും ഫ്രണ്ടിൽ ഇരിക്കും. ഐ.എ.എസ് കാരാണ്. ഒരാളെ ഫ്രണ്ടിലൂള്ളൂ. ഞാൻ അനുമാനിക്കുകയാണ് ഒന്നുകിൽ രജിസ്ട്രാർ ഇല്ല അല്ലെങ്കിൽ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയില്ല. അഡീഷണൽ രജിസ്ട്രാർമാരൊക്കെ പിറകിൽ ഇരിപ്പുണ്ട്. നമ്മുടെ സുഹൃത്തുക്കളാണ്. നല്ല ആൾക്കാരാണ്, മിടുക്കൻമാരാണ്. അവരൊക്കെയുള്ളതുകൊണ്ടാണ് ഈ വകുപ്പ് ജീവിച്ചിരിക്കുന്നത്. ഞാൻ ചോദിക്കുകയാണ് സ്വാതന്ത്ര്യം എവിടെയാണ്? രജിസ്ട്രാർക്ക് ഒരു പവറുമില്ല. രജിസ്ട്രാറോട് ചോദിക്കാതെ സംഘങ്ങൾ പരസ്പരം ചേർന്ന് അസെറ്റുകൾ അമാൽഗമേറ്റ് ചെയ്യാം, വിൽക്കാം. രജിസ്ട്രാർ അറിയാതെ അസെറ്റ്

ട്രാൻസ്ഫർ ചെയ്യാമോ? ഇത് മുഴുവൻ പോകില്ലെ; വെറും സ്വകാര്യവൽക്കരണം മാത്രമല്ല ഇത് നശിപ്പിക്കലാണ്. ഉമ്മൻ ചാണ്ടി സാറും എ. കെ. ആന്റണി സാറും മനസ്സിലാക്കിയിരിക്കണം, നിങ്ങളുടെ കാലത്ത് (2001–2006) മൂവായിരം കോടി രൂപയുടെ അഴിമതി സഹകരണ ബാങ്കുകളിൽ നടന്നു. ഇതൊന്നും നിങ്ങളാരും അറിഞ്ഞിട്ടില്ല. തിരുവനന്തപുരം, കൊല്ലം ബാങ്കുകളിലും സംസ്ഥാന കോ–ഓപ്പറേറ്റീവ് ബാങ്കിലും അതുപോലെ മറ്റ് ക്രെഡിറ്റ് സംഘങ്ങളിലും, ഇതിൽ അന്വേഷണം നടത്തി, കുറച്ചൊക്കെ തിരിച്ചുകിട്ടി. നമ്മൾ ആരെയും പീഡിപ്പിക്കുകയോ ശ്രീ. എം.വി. രാഘവന്റെ പേരിൽ ക്രിമിനൽ കേസ് എടുക്കുകയോ ചെയ്തിട്ടില്ല. കാരണം അദ്ദേഹത്തിന് സുഖമില്ലാത്തതാണ്. എത്രയോ കേസുകൾ എടുക്കാമായിരുന്നു എന്നാൽ ഞാൻ ഒരു കേസും എടുത്തിട്ടില്ല. വാക്കേറ്റമൊക്കെ ഉണ്ടായി എന്നത് ശരിയാണ്. അത് തന്നതുപോലെ പലിശസഹിതം തിരിച്ച് കൊടുത്തിട്ടുമുണ്ട്. ആ പ്രശ്നമൊക്കെ തീർന്നു. പക്ഷേ ഒരു കേസും എടുത്തില്ല. എന്നാൽ നിങ്ങൾ ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ കേസ് എടുത്തില്ലേ? ഇല്ലാത്ത കേസ്, defunct ആയ കേസല്ലേ. ഭൂമി തിരിച്ചുകൊടുത്തതിനുശേഷം പിന്നെയും നിങ്ങൾ കേസ് എടുത്തില്ലേ; ഇവിടെയിരിക്കുന്ന എല്ലാ മുൻമന്ത്രിമാരുടെയും പേരിൽ നിങ്ങൾ കേസെടുക്കാൻ ശ്രമിച്ചില്ലേ? ഞങ്ങൾ എന്ത് തെറ്റാണ് ചെയ്തത്? അതുപോലെ നിങ്ങൾ ഞങ്ങളെ damn ചെയ്യാൻവേണ്ടി ശ്രമിച്ചു, നടന്നില്ല. ഞങ്ങൾ ഒരു പ്രതികാരവും ചെയ്തില്ല. ഇപ്പോൾ ഇത് വലിയ അഴിമതിയാണ്, ട്രാൻസ്ഫർ. രജിസ്ട്രാർ അറിയുന്നില്ല. അദ്ദേഹത്തിന് ഒരു പവ്വറുമില്ല. ഒരു സംഘം പിരിച്ചുവിടുന്നതിനുള്ള കണ്ടീഷനുകൾ പറയുന്ന കൂട്ടത്തിൽ രജിസ്ട്രാറുടെ ഗൗരവതരമായ നിർദ്ദേശങ്ങൾ ലംഘിച്ചാൽ അന്വേഷണം നടത്തി

പിരിച്ചുവിടാം. കേന്ദ്രത്തിന്റെ നിയമത്തിൽ അതൊന്നുമില്ല. എന്ത് തോന്ന്യാസവും കാണിക്കാം. പിരിച്ചുവിടുന്നത് അവിടെ തീരുമാനിക്കും. ഇവർ ആരാണ്? റിസർവ്വ് ബാങ്കിന് ഈ അധികാരം കൊടുത്തത് ആരാണ്? കേരളത്തിൽ സഹകരണ പ്രസ്ഥാനമുണ്ടാക്കിയതിന് റിസർവ്വ് ബാങ്കിന് പത്ത് പൈസയുടെ ചെലവുണ്ടോ? ഈ ഗവൺമെന്റിനെ ഏറ്റവും ശക്തമായി ന്യായീകരിക്കുന്ന ശ്രീ. കെ. ശിവദാസൻ നായരുടെ കൂറ് ഞാൻ അംഗീകരിക്കുന്നു. നിങ്ങൾ പുതിയ തലമുറയല്ല, പഴയ കോൺഗ്രസുകാരനാണ്. ഞാൻ അംഗീകരിക്കുന്നു. ഞങ്ങൾക്ക് ചില വിമർശനങ്ങളൊക്കെയുണ്ട്. കാരണം കമ്മ്യൂണിസ്റ്റ് വിരോധം കൂടുതലായുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. പഴയ തലമുറയിലുള്ള ആൾക്കാരുടെ ഒരു ലെഗസി പുതിയ തലമുറയിലെ പഴയ ആളായിട്ടും അങ്ങെടുത്തു. പക്ഷേ അങ്ങയോട് ചോദിക്കുകയാണ്. ഈ റിസർവ്വ് ബാങ്കിന് എന്തെങ്കിലും കാര്യമുണ്ടോ? അപ്പോഴാണ് ശ്രീ. പി. സി. ജോർജിന്റെ 2010 മാർച്ച് 15-ാം തീയതി നിയമസഭയിൽ മന്ത്രിയായിരുന്ന എന്നോട് ചോദിച്ച ചോദ്യം ഇവിടെ ഞാൻ വായിക്കുന്നു........ നിങ്ങളെ ശ്ലാഘിക്കാൻ പോകുകയാണ്. പല കാര്യത്തിലും ഞങ്ങൾ നിങ്ങളെ എതിർക്കുകയാണ്. നിങ്ങളിൽ നന്മയുള്ള കാലമുണ്ടായിരുന്നു. Once upon a time there was a king, ഒരിക്കൽ ഒരു രാജാവുണ്ടായിരുന്നു എന്ന് പറഞ്ഞതുപോലെ ഒരിക്കൽ ഒരു പി.സി. ജോർജ് ഉണ്ടായിരുന്നു. 2010 മാർച്ച് 15 നുള്ള ചോദ്യമാണ്. ഈ സഭയിൽ ഇപ്പോഴുള്ള സഖാവ് കെ.കെ. ലതിക, സഖാവ് വി. ചെന്താമരാക്ഷൻ എന്നിവരുടെ ചോദ്യത്തിലെ ഉപചോദ്യമാണ്. ഇപ്പോൾ ഇവർ രണ്ടുപേരെയുള്ളൂ ഈ സഭയിൽ, ബാക്കിയുള്ളവരാരും ഇല്ല. അങ്ങ് ചോദിക്കുകയാണ് "റിസർവ്വ് ബാങ്കിന്റെ അന്യായമായ നിയന്ത്രണങ്ങൾ പ്രത്യേകിച്ച്

അർബൻ ബാങ്കുകളിൽ തെറ്റായ നടപടിയാണ്. സ്വാഭാവികമായും സഹകാരികളുടെ പണം വരുന്നത് എങ്ങനെയെന്നുള്ളത് സഹകരണ വകുപ്പും സംസ്ഥാന ഗവൺമെന്റും തീരുമാനിക്കട്ടെ. റിസർവ് ബാങ്കിന് എന്താണ് കാര്യം; റിസർവ് ബാങ്ക് വളരെയേറെ ഗുണകരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?" വ്യക്തമായി മറുപടി പറഞ്ഞിട്ടുണ്ട്. ഞാനത് വിശദീകരിക്കുന്നില്ല. ഇപ്പോൾ അതുപോലെ പറയുവാൻ അങ്ങേയ്ക്ക് കഴിയുമോയെന്നാണ് .......... ഇപ്പോൾ പറയണ്ട....... എന്നാൽ ഈ ബില്ല് നിരാകരിക്കാൻ പറയൂ. ഞങ്ങളോടുകൂടിചേർന്ന് വോട്ട് ചെയ്യൂ. ഞങ്ങൾക്ക് ആരോടും വ്യക്തി വൈരാഗ്യമില്ല. നിങ്ങൾ ഞങ്ങളെ ധാരാളം തെറി പറഞ്ഞിട്ടുണ്ട്. ഇനിയും പറയുമായിരിക്കും. ഞങ്ങൾക്കതൊന്നും പ്രശ്നമല്ല. ഇത് രാജ്യത്തിന്റെ പൊളിറ്റിക്സാണ്. വ്യക്തിവൈരാഗ്യമല്ല. ഞാൻ പറഞ്ഞുവെന്നേയുള്ളൂ. മിക്കവാറും എല്ലാവരും റിസർവ് ബാങ്കിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. ശിവദാസൻ നായരും ശ്രീ. സി.എൻ. ബാലകൃഷ്ണനും പറഞ്ഞിട്ടുണ്ട്. ഞങ്ങൾ പറയുന്നത് എല്ലാവർക്കും വേണ്ടിയാണ് ഞങ്ങൾ പുന്നപ്ര വയലാറിന്റെ പാരമ്പര്യമുള്ളവരാണ്, 'അരുത് സഖാക്കളെ നിങ്ങളും നിങ്ങൾതൻ ധരണിക്കും വേണ്ടിയാണീ സമരം.' എന്നാണ് വെടിവയ്ക്കുന്ന പോലീസിനോട് പുന്നപ്ര വയലാർ പോരാളികൾ പറഞ്ഞത്. പോലീസുകാർക്ക് അന്ന് സംഘടനയില്ല, ഇന്നിപ്പോൾ സംഘടനയില്ലേ; നമ്മൾ അവരെ സഖാക്കൾ എന്ന് വിളിക്കത്തില്ലേ? ഞങ്ങൾ ദീർഘദൃഷ്ടിയുള്ളവരാണ്, ദീർഘവീക്ഷണമുള്ളവരാണ്. ആ അടിസ്ഥാനത്തിൽ ഈ പീഡിപ്പിക്കലിൽ നിന്ന് കേരളത്തിലെ സഹകരണ മേഖലയുടെ റസ്ക്യൂ ഓപ്പറേഷൻ ഞങ്ങൾ ആരംഭിക്കുകയാണ്.

അതിന്റെ ഭാഗമായി ഇതിനെ കേട്ടാൽ മതി. കുമാരനാശാന്റെ കവിതയാണ് നമ്മുടെയൊക്കെ ഹൃദയത്തിലുള്ളത്:

സ്വാതന്ത്ര്യംതന്നെ അമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം.

കേന്ദ്രം ആരുമാകട്ടെ, നമ്മുടെ സ്വാതന്ത്ര്യത്തെ, സഹകരണമേഖലയുടെ സ്വാതന്ത്ര്യത്തെ കൂച്ചുവിലങ്ങിടുന്നതാണീ നിയമം.

ബന്ധനം കാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ.

ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റാണ് ചങ്ങലയിട്ടതെങ്കിലും അത് ബന്ധനമാണെന്ന് ശ്രീ. ഉമ്മൻ ചാണ്ടി മനസ്സിലാക്കണം. നിങ്ങൾക്കത് കാഞ്ച നക്കൂടായിരിക്കും. ഞങ്ങൾക്കത് കാരിരുമ്പാണ്. ഇതൊന്നും കവികൾ വെറുതെ പറയുന്നതല്ല. കവികൾ ദീർഘദൃഷ്ടിയുള്ളവരാണ്. ഏതൊരു പീക്കിരി കവിയായാലും അദ്ദേഹത്തിനൊരു കാഴ്ചപ്പാടുണ്ടായിരിക്കും. ജനാ ധിപത്യം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ജനാധിപത്യത്തിന്റെ നിഷേധം നടത്തിയില്ലായിരുന്നെങ്കിൽ ഇന്ദിരാഗാന്ധിയിന്ന് ലോകത്തിലെ അതുല്യ ഭരണാധികാരിയായി നിലനിൽക്കുമായിരുന്നു. ബൂർഷ്വ ഭരണാധികാരിയാ യതുകൊണ്ട് അവർ നശിച്ചു. ജനാധിപത്യ കശാപ്പിന് ശ്രീ. സി.എൻ. ബാലകൃ ഷ്ണനെപ്പോലെയുള്ള ആളുകൾ പോകുന്നത് വളരെയേറെ സൂക്ഷിക്കണ മെന്ന് ഞാൻ അങ്ങയോട് പറയുകയാണ്. ഡി.ഒ. ലെറ്റർ ഞാൻ വായിച്ചു. ഞാൻ കൂടുതലായി പറയുന്നില്ല. ശ്രീ. സി.എൻ. ബാലകൃഷ്ണൻ ഇന്ന് രാവിലെ തന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഞങ്ങൾ സഹകരണ പ്രസ്ഥാ

നത്തെ കോൺസ്റ്റിറ്റ്യൂഷനിലേയ്ക്ക് ഉയർത്തിയിരിക്കുകയാണ് എന്നാണ്. ശരിയാണ്. 97–ാം ഭേദഗതി, ഷെഡ്യൂൾ 7, സഹകരണം സ്റ്റേറ്റ് ലിസ്റ്റിൽ 32–ാം ഐറ്റം അത് യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിവയിൽ കൺകറന്റ് ലിസ്റ്റിൽ കൊണ്ടുവന്നു. കൺകറന്റ് ലിസ്റ്റിലായിക്കഴിഞ്ഞാൽ കേന്ദ്രം നിയമം നിർമ്മിച്ചാൽപ്പിന്നെ സ്റ്റേറ്റിന് അധികാരമില്ല. അത് സ്റ്റേറ്റ് ലിസ്റ്റുപോലെയായി. ജവഹർലാൽ നെഹ്റു ഫണ്ടമെന്റൽ റൈറ്റിനെക്കാൾ മഹത്തായ ഭാഗം, ഡയറക്ടറ്റീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയാണെന്ന് പറഞ്ഞ മഹത്തായ ആ ഭാഗത്തിന്റെ 4–ാം പാർട്ടിൽ ഒരു ഭേദഗതി വരുത്തി. എന്നിട്ട് പാർട്ട് 9 ആയി പഞ്ചായത്ത് രാജും 9 എ ആയി മുനിസിപ്പൽ രാജും കൊണ്ടുവന്നു. 9 ബി ആയി കോ–ഓപ്പറേറ്റീവ്സിനെ ഉയർത്തി, സമ്മതിച്ചു. ഉയർത്തിയത് കൊല്ലാനോ വളർത്താനോയെന്ന് ഞങ്ങളുടെ ഈ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് പറയണം. സഹകരണ സംഘത്തെ പീഡിപ്പിച്ച്, കൈയുംകാലും കെട്ടിയിട്ട് സഹകരണ വനിതയുടെ കണ്ണ് കറുത്ത തുണികൊണ്ട് മൂടി, കയറിൽ കുരുക്കിട്ട് ഉയർത്തി നിർത്തിയിരിക്കുകയാണ്. ഭരണഘടനാ ഭേദഗതിവഴി നിലത്തുനിന്ന് ഉയർന്നു. പക്ഷെ ആൾ ചത്തുപോയി. കഴുമരത്തിൽ ഉയർന്നു കിടക്കുകയാണ്. താഴെ നിന്ന് മുകളിലേയ്ക്കെടുത്തു. അതാണ് 9 എ. അങ്ങ് തൃശ്ശൂർകാരനാണല്ലോ. കവിതാ ഹൃദയമുള്ള മാനുഷിക മൂല്യമുള്ള ആളാണെന്ന് എനിക്കറിയാം. പക്ഷേ എന്തു പ്രയോജനമാണുള്ളത്. കണ്ണ് കാണില്ല, ധൃതരാഷ്ട്രരാണ്. ഉപദേശിക്കാൻ വിദുരരില്ലാത്തതാണ് പ്രശ്നം. വൈലോപ്പിള്ളി കയറിനെപ്പറ്റി എന്താണ് പറഞ്ഞത്, അങ്ങയോട് കൊല്ലാനാണോ?

“ഉയിരിൻ കുടുക്കാക്കാവൂ കയറിനെ

ഉഴിഞ്ഞാൽ ആക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം"

ഹ്യൂമനിസമാണിത്. കെട്ടിത്തൂങ്ങി മരിക്കാനുള്ള കയറുപയോഗിച്ച് ഊഞ്ഞാലിട്ട് ആബാലവൃദ്ധം ജനങ്ങളും ഊഞ്ഞാലാടുന്ന മഹത്തായ ഉത്സവം, അതാണ് കോ-ഓപ്പറേഷൻ. അതാണ് കേരളത്തിന്റെ മഹത്തായ സുവർണ്ണനാരിന്റെ കഴിവ്. അല്ലാതെ തൂക്കിക്കൊല്ലാനല്ല. ഇതെല്ലാം കേട്ടാൽ അങ്ങയുടെ ഹൃദയത്തിൽ എന്തെങ്കിലുമൊരു ചലനമുണ്ടോ എന്നെനിക്ക് ഇവിടെനിന്ന് നോക്കിയിട്ട് മനസ്സിലാകുന്നില്ല. അങ്ങ് ഇടയ്ക്കിടക്ക് തലയാട്ടുന്നുണ്ട്. എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

<u>മി. ചെയർമാൻ</u>: അങ്ങ് കൺക്ലൂഡ് ചെയ്യുകയാണോ?

<u>ശ്രീ. ജി. സുധാകരൻ</u>: ഉടനെ കൺക്ലൂഡ് ചെയ്യാം. അങ്ങയുടെ കാര്യത്തിൽ എനിക്കൊരു സംശയമുണ്ട്. അങ്ങ് ഹൃദയം മാറ്റിവച്ചിട്ടുണ്ടോ? അങ്ങയുടെ ഗാന്ധിയൻ ഹൃദയം അങ്ങ് മാറ്റിവച്ചു. അങ്ങയുടെ സഹകരണ ഹൃദയം മാറ്റിവച്ചു. അത് തിരിച്ച് കിട്ടാൻ പ്രയാസമാണ്. ചിലപ്പോൾ കിട്ടുമായിരിക്കും. പരിയാരത്തെ ഭരണസമിതിയെ പിരിച്ചുവിടാൻ പറ്റില്ലെന്ന് അങ്ങ് പറഞ്ഞില്ലേ. നല്ല കാര്യം. ഒരു ജില്ലാ സഹകരണ ബാങ്കിനെയും പിരിച്ചുവിടില്ല. തെരഞ്ഞെടുക്കപ്പെട്ട സമിതികളെ ഏല്പിക്കുമെന്ന് അങ്ങ് പറഞ്ഞു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പണ്ടൊരു ഹൃദയമുണ്ടായിരുന്നു എന്ന്. പാവം മാനവ ഹൃദയം, ഒരു ഗാന്ധിയൻ ഹൃദയം അങ്ങേയ്ക്ക് ഉണ്ടായിരുന്നു. അങ്ങ് ജില്ലാ സഹകരണ ബാങ്ക് പിരിച്ചു വിട്ടില്ലേ; പരിയാരത്തെ പിരിച്ചുവിടാൻ ശ്രമിക്കുകയല്ലേ? അങ്ങല്ല ഇത് ചെയ്യുന്നത്. ഞാൻ പറഞ്ഞത് തികച്ചും ശരിയാണ്. ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തുപോലും നിങ്ങളുടെ ബാങ്കുകളുടെ കാലാവധി കഴിഞ്ഞപ്പോൾ മാത്രമാണ്

ഞങ്ങൾ ഭേദഗതി കൊണ്ടുവന്നത്. സി.എം.പി-യുടെ നേതാവും പണ്ട് എന്റെയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. എം.എ. ബേബിയുടെയും ശ്രീ. എ.കെ. ബാലന്റെയും ശ്രീ. ജയരാജന്റെയുമൊപ്പം എസ്.എഫ്. ഐ-യിൽ പ്രവർത്തിച്ച ശ്രീ. അരവിന്ദാക്ഷനായിരുന്നു ചെയർമാൻ. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് അതിന്റെ കാലാവധിവരെ ഞങ്ങൾ കൊടുത്തു. അതുവരെ ഞങ്ങൾ ഒന്നും ചെയ്തില്ല. പിന്നീടാണ് ശ്രീ. കടകംപള്ളി സുരേന്ദ്രനും ശ്രീ. കോലിയക്കോട് കൃഷ്ണൻനായരുമൊക്കെ വന്നത്. ഞങ്ങൾ ചെയ്യാൻ കഴിയുന്നത് വളരെ ഭംഗിയായി ചെയ്തു. നിങ്ങൾ ഹൃദയം മാറ്റിവച്ചു. പരിയാരം സഹകരണ സംഘം നിങ്ങൾ പിരിച്ചുവിടൂ. നിങ്ങൾ ഏറ്റെടുക്കുമ്പോൾ നമുക്ക് കാണാം. 200 കോടി രൂപ വർഷം തോറും നിങ്ങൾ കൊടുക്കുമോ. 1460 കോടി രൂപയാണ് സഹകരണ മേഖലയിൽ ശമ്പളം കൊടുക്കുന്നത്. അതിൽ സർക്കാരിന്റെ പത്തുപൈസയുണ്ടോ; 60000 ജീവനക്കാർക്ക് 1460 കോടി രൂപ കോപ്പറേറ്റീവ് ശമ്പളം കൊടുക്കുകയാണ്. സർക്കാരിനെന്തെങ്കിലും ചെലവുണ്ടോ; നിങ്ങൾ ഇതെല്ലാം പിരിച്ചുവിട്ട് ഡിപ്പാർട്ടുമെന്റ് ആക്കിക്കോ. ശ്രീ. കെ. എം. മാണി സമ്മതിക്കുമെന്ന് തോന്നുന്നില്ല. അദ്ദേഹത്തിന്റെ കയ്യിൽ കാശുണ്ടോ കൊടുക്കാൻ. ഗവൺമെന്റിന് ചെയ്യാൻ കഴിയാത്തതും എന്നാൽ ഗവൺമെന്റ് ചെയ്യേണ്ടതുമായ കാര്യങ്ങൾ ചെയ്യാനാണ് നെഹ്റു കോപ്പറേറ്റീവ് പ്രസ്ഥാനം വളർത്തിയത്; കേരളത്തിൽ നമ്മളെല്ലാവരും ചേർന്ന് വളർത്തിയെങ്കിലും ഇടതുപക്ഷക്കാർ അതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതിന്റെ ഏറ്റവും വലിയ കേന്ദ്രമാണ് കണ്ണൂർ. കണ്ണൂരിനെ വെറുതെ ആക്ഷേപിക്കരുത്. കണ്ണൂർ സഹകരണ മേഖലയുടെ സ്വർഗ്ഗഭൂമിയാണ്. അവിടെ രാഷ്ട്രീയമുള്ളതുകൊണ്ട് ചിലപ്പോൾ ചിലതൊക്കെ ഉണ്ടാകും.

അങ്കം വെട്ടുന്ന സ്ഥലമല്ലേ. വാശിയുള്ളവരാണ്, അങ്കം വെട്ടിയാൽ പയറ്റുപ ഠിച്ച കമ്മ്യൂണിസ്റ്റുകാർ വിടുമോ. തച്ചോളി ഒതേനന്മാരുടെ നാടാണ്. ഞങ്ങൾ ധാരാളം പേരെ ഒളിച്ചുനിന്ന് കുത്തുവിളക്കുകൊണ്ട് കൊന്നിട്ടുണ്ട് അതൊന്നും പറയുന്നില്ല. അതുകൊണ്ടൊന്നും നീതിക്കും ന്യായത്തിനും വേണ്ടിയുള്ള ഞങ്ങളുടെ അങ്കംവെട്ട് അവസാനിപ്പിക്കുന്നില്ല. ഒതേനനെ കൊന്നതുപോലെ വഴിക്കിട്ട് കൊന്നിട്ടുണ്ട്. നിങ്ങൾക്കും ചില നഷ്ടങ്ങളുണ്ടായിട്ടുണ്ട്; അത് സ്വാഭാവികമാണ്. പറഞ്ഞിട്ടെന്താണ് കാര്യം. മഹത്തായ നാടാണ് കണ്ണൂർ. കണ്ണൂരിന്റെ പാരമ്പര്യം ഞാനിവിടെ സൂചിപ്പിക്കണോ; കൊല്ലക്കുടിയിൽ സൂചി വയ്ക്കണോ; കണ്ണൂരിന് തുല്യമായ ജില്ലയുണ്ടോ? പുന്നപ്രവയലാർ കൊണ്ട് ആലപ്പുഴ ജില്ല ധന്യമാണ്. ഓരോ ജില്ലയ്ക്കും ഓരോ പ്രത്യേകതകളുണ്ട്. മലപ്പുറം ജില്ലയ്ക്കില്ലേ പ്രത്യേകത; ബ്രിട്ടീഷുകാർക്കെതിരെ മാപ്പിളമാർ കലാപം നടത്തിയ മഹത്തായ നാടല്ലേ; അത് വെറും മാപ്പിള കലാപമാണോ; സ്വാതന്ത്ര്യസമരമല്ലേ; ഇതൊക്കെ കമ്മ്യൂണിസ്റ്റുകാർ പറയുമ്പോൾ ഇപ്പോൾ നിങ്ങൾക്ക് കയ്ക്കുകയും പിന്നീട് മധുരിക്കുകയും ചെയ്യും. ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റിനെ ഞാൻ ഇപ്പോഴാണ് ശ്രദ്ധിച്ചത്. അപ്പുറത്തിരിക്കേണ്ട ആൾ ഇപ്പുറത്തിരിക്കുകയാണ്. ഞങ്ങളുടെ ഒരു കസേര പോയില്ലേ; അപ്പുറത്തിരിക്കേണ്ട സുന്ദരനും സുസ്മേര വദനനും ഈ പ്രായത്തിലും 18 വയസ്സിന്റെ മനോഹരമായ ചാരുതയുള്ള പ്രിയ സഹോദരാ, നിങ്ങൾ ഈ ബില്ല് പിൻവലിപ്പിക്കണം. ഈ ബിൽ പാസ്സാക്കിയാൽ അപകടകരമാണ്. ഞങ്ങൾക്ക് നല്ലതാണ്. ജനങ്ങളെ ബോധ്യപ്പെടുത്തി 6 മാസം കഴിഞ്ഞ് മാറ്റാമല്ലോ. പക്ഷേ കണ്ണുനീർ വീഴ്ത്തിയിട്ട് ഞങ്ങൾക്ക് സുഖിക്കണ്ട. നിങ്ങളുടെ നേതാവ് സാം പിത്രോഡയും അലുവാലിയയും

ചിദംബരവുമൊക്കെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇവരെയെല്ലാം വളരെ ഇഷ്ടമാണെന്നെനിക്കറിയാം. കാരണം അദ്ദേഹം കോഴിക്കോട് ബ്യൂറോക്രാറ്റുകളുടെ ക്ലാസ് കേൾക്കാൻ പോയിരുന്നല്ലോ; ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാത്ത ഏത് ക്ലാസാണ് ഇവർ പഠിപ്പിച്ചത്? പഠിച്ച് പഠിച്ചല്ലേ കയറിയത്. ഒന്നാം ക്ലാസിൽ നിന്ന് നേരെ എൽ.എൽ.ബി. യ്ക്കല്ലല്ലോ പഠിച്ച ത്. ഇവരുമൊക്കെ ഇതുപോലെ പഠിച്ചിട്ടല്ലേയുള്ളു. ഈ ബ്യൂറോക്രാറ്റുകൾ നമ്മളെ എന്തു ജനാധിപത്യം പഠിപ്പിക്കാനാണെന്ന് എനിക്കൊന്നും മനസ്സിലാ യിട്ടില്ല. 70–ഓളം ഐ.എ.എസ്.–കാരെ എനിക്കറിയാം. എന്നോടൊപ്പമിരുന്ന് പ്രവർത്തിച്ചവരാണ് ഭൂരിപക്ഷവും, എന്റെ നല്ല സുഹൃത്തുക്കളാണ്. യൂണി വേഴ്സിറ്റിയിൽ ഓരോ സിൻഡിക്കേറ്റിലുമായി ഒരു വർഷം 60 ഐ.എ.എസ്. കാരുണ്ടായിരുന്നു. അവർക്കെന്താണ് ഐ.എ.എസ്. വഴി പ്രത്യേക കഴിവ്? കഴിവുള്ള അപൂർവ്വം ചിലരുണ്ട്. അത് ഐ.എ.എസ്. കിട്ടിയതുകൊണ്ടല്ല. ഐ.എ.എസ്. കിട്ടിയതുകൊണ്ട് ഒരു കഴിവും വർദ്ധിക്കുന്ന ചരിത്രമില്ല. അതു കൊണ്ടാണ് glorified clerks എന്ന് നെഹ്റു പറഞ്ഞത്. അതായത്, ആദ്യം ഗുമസ്തൻ എഴുതും സെക്ഷൻ ആഫീസർ അതിനുമുകളിൽ രണ്ട് വരയിടും അണ്ടർ സെക്രട്ടറി ഒരു വരയിടും ഡെപ്യൂട്ടി സെക്രട്ടറി ഒരു വരയിടും അവ സാനം ഗവൺമെന്റ് സെക്രട്ടറി, ഐ.എ.എസ്.കാരൻ മൂന്ന് വരയിടുന്നതാണ് ഫയൽ. ഇതിനൊരു ആറ് മാസമെടുക്കും. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. നല്ല കഴിവുള്ളവരുണ്ടാകും. ഐ.എ.എസ്. കിട്ടിയത് വലിയ കഴിവാണെ ന്നൊന്നും പറയണ്ട. നേരെമറിച്ച് എഞ്ചിനീയറിംഗിനോ മെഡിസിനോ എം.ബി.എ.യ്ക്കോ കമ്പ്യൂട്ടർ എഞ്ചിനീയറിംഗിനോ മാനവിക വിഷയങ്ങളോ ശാസ്ത്ര വിഷയങ്ങളോ പഠിക്കൂ. അതെല്ലാം കഴിവാണ്. ആ കഴിവാണ്

ഞങ്ങൾ അംഗീകരിക്കുന്നത്. ഐ.എ.എസ്. കിട്ടുന്നത് പല തരത്തിലും കിട്ടും. ബീഹാറിൽ ഒക്കെയാണെങ്കിൽ കോപ്പി അടിച്ചാലും ഐ.എ.എസ്. കിട്ടും. അച്ഛൻ ഐ.എ.എസ്.കാരനാണെങ്കിൽ ആ കുടുംബത്തിൽ എല്ലാവർക്കും കിട്ടും. നമ്മുടെ ഇവിടെ ഇത് നടക്കുന്നില്ല. അതുകൊണ്ട് ഇവിടെ ഐ.എ.എസ്.– കാർ കുറവാണ്. കുറവായതുകൊണ്ട് നമ്മുടെ നിലവാരം കുറവായതുകൊണ്ടാണെന്ന് വെറുതേ പ്രസംഗിക്കുകയാണ്. ഞാൻ പറയാൻ വന്ന വിഷയം അതല്ല. ഞാൻ പറയാൻ വന്നത് ഇത്തരം കാര്യങ്ങളിൽ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്, ഈ നിയമം നമുക്ക് ഒരു കാരണവശാലും പാസ്സാക്കരുത്. സാം പിത്രോഡയും അലുവാലിയായും ചിദംബരവുമൊന്നുമല്ല നമ്മെ നയിക്കേണ്ടത്. ചിദംബരം രാഷ്ട്രീയമായി നയിച്ചോട്ടെ. എനിക്കദ്ദേഹത്തിന്റെ പ്രൊഫഷണലിസത്തെക്കുറിച്ച് അഭിപ്രായമില്ല. ഇവരൊക്കെ മൻമോഹൻ സിംഗിന്റെ കുതിരകളാണ്. പക്ഷേ അമേരിക്കയിലെ ഡാർക്ക് ഹോഴ്സസാണിവർ. ട്രോജൻ ഹോഴ്സ് എന്ന് ഞാൻ പറയുന്നില്ല. പ്രത്യക്ഷത്തിൽ നമ്മൾ കാണുന്നതാണ്. ട്രോജൻ കാലത്ത് കുതിരയ്ക്കകത്ത് ആളുണ്ടെന്ന് അറിയാൻ പാടില്ലായിരുന്നു. അവർ ശരിക്കും ജീവനുള്ള അമേരിക്കൻ ബ്ലാക്ക് ഹോഴ്സസാണ്. ഇത് ലോകം മുഴുവൻ ഉള്ള പ്രതിഭാസമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, താടിക്ക് കൈ കൊടുത്തിരിക്കണ്ട. നിങ്ങൾക്കെതിരായി കൂടെയുള്ളവർ പ്രവർത്തിക്കുന്നത് നിങ്ങൾ പോലും അറിയില്ല. നിങ്ങൾ പോലീസ് വകുപ്പ് മന്ത്രിയാണങ്കിലും നിങ്ങൾക്കെതിരായുള്ള പ്രവർത്തനങ്ങൾ നിങ്ങളറിയില്ല. അതാണ് സി.ഐ.എ. അത്രയുമെങ്കിലും കമ്മ്യൂണിസ്റ്റുകാർ പറയുന്നത് വിശ്വസിക്കുക. ഈ സഭയ്ക്കകത്ത് സി.ഐ.എ. ഉണ്ടെന്നൊന്നും ഞാൻ പറയുന്നില്ല..... ഇതൊക്കെ എന്ത് ചോദ്യമാണ്. അപ്പോൾ നിങ്ങളുടെ കൂട്ടത്തിലുണ്ട് എന്നാണോ? ഞങ്ങളുടെ കൂട്ടത്തിലുള്ളതുകൊണ്ട്

നിങ്ങളുടെ കൂട്ടത്തിലും ഉണ്ടോ എന്നാണോ ഭരണപക്ഷം ഞങ്ങളോട് ചോദിക്കുന്നത്. അങ്ങനെയുള്ള ചോദ്യങ്ങളൊന്നും ശ്രീ. പി.സി. ജോർജ് ഇപ്പോൾ ചോദിക്കരുത്. കമ്മ്യൂണിസ്റ്റുകാരെ കണ്ടാൽ സി.ഐ.എ. ഓടും. അതൊന്നും വ്യക്തമായി മറുപടി പറയാൻ പറ്റുന്ന കാര്യമല്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത് ആഗോളവൽക്കരണത്തിന്റെ നിയമമാണ്. സഹകരണവിപണനം കേരളീയം എന്നൊരു പദ്ധതിയുണ്ടായിരുന്നു. പരിപാടി നിങ്ങൾ നടപ്പിലാക്കുന്നുണ്ട്. പരിപാടിയുടെ അന്തരാത്മാവിൽ കുറച്ചുകുഴപ്പമൊക്കെയുണ്ട്. എന്തിനാണ് ആ പേര് മാറ്റിയത്; നവരത്നം നെഹ്റു കൊണ്ടുവന്നതാണെന്ന് ഞാൻ നിയമസഭയിൽ പറഞ്ഞതാണ്. രേഖ പരിശോധിച്ചാൽ മതിയല്ലോ. 9 മെയിൻ പോർട്ട്ഫോളിയോയും സഹകരണവിപണനം, കൺസ്യൂമർ ഫെഡും നീതി മെഡിക്കൽ ഷോപ്പുകളും സൊസൈറ്റികളും നീതിസ്റ്റോറും വഴി 16 രൂപയ്ക്ക് ഒന്നാന്തരം അരി, 20 രൂപയ്ക്ക് പഞ്ചസാര തുടങ്ങിയ ഏറ്റവും മുന്തിയ സാധനങ്ങളല്ലേ കൊടുത്തുകൊണ്ടിരുന്നത്. ആളുകൾ ക്യൂ നിൽക്കുകയല്ലായിരുന്നോ. എത്ര മൈൽ ആയിരുന്നു ഇവിടത്തെ ക്യൂ. പോക്കറ്റടിയില്ല, അമ്മൂമ്മമാർക്ക് ചായ, ടി.വി. കാണണമെങ്കിൽ ടി.വി. എല്ലാം ചെയ്തുകൊടുക്കുകയല്ലേ. എല്ലാ എം.എൽ.എ. മാർക്കും അറിയാമല്ലോ. എന്തെങ്കിലും കക്ഷി വ്യത്യാസം കാണിച്ചിട്ടുണ്ടോ; നിങ്ങൾക്കും അതുപോലെ നടത്തിക്കൂടെ? നിങ്ങൾ അതുപോലെ നടത്താൻ ശ്രമിച്ചിട്ട് നടക്കുന്നില്ല. എന്തിനാണ് നിങ്ങൾ ആ പേര് മാറ്റിയത്; കേരളത്തിൽ അത് ആഗോളവൽക്കരണത്തിനെതിരായുള്ള കുടയായിരുന്നു. അതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ, പോലീസ്, എസ്.സി./എസ്.റ്റി., ഇലക്ട്രിസിറ്റി, കെ.എസ്.ആർ.ടി.സി., സിവിൽ സപ്ലൈസ്, ഫിഷറീസ് നയങ്ങൾ, ഞങ്ങ

ളുടെ സകലമാന വകുപ്പുകളും ആഗോളവൽക്കരണത്തിനെതിരായുള്ള നടപടികൾ സ്വീകരിച്ചിരുന്നു.

ശ്രീ. പാലോട് രവി: അങ്ങ് അവസാനം പറഞ്ഞത് കേട്ടതുകൊണ്ടാണ് ഞാൻ പറയുന്നത്. ഞാൻ വലിയ ഒരു സഹകാരിയൊന്നുമില്ല. അങ്ങ് ഒത്തിരി കവിത ഇവിടെ പറഞ്ഞു. കവിതകൾ കേട്ടപ്പോൾ

മാനസം കല്ലുകൊണ്ടല്ലാത്തതായുള്ള

മാനവരാരാനുമുണ്ടെന്നിരിക്കുകിൽ

ഈ കല്ലറ തൻ ചവിട്ടുപടിയിൽ

ഒരല്പനേരം ഇരുന്നു കരഞ്ഞേച്ചു പോകണേ – എന്ന ചങ്ങമ്പുഴയുടെ കവിത അങ്ങ് കേട്ടു കാണും. ഏതാണ്ട് ആ രീതിയിലിരുന്ന് കരയുന്ന സാഹചര്യം കേരളത്തിലുണ്ടായിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: ഒരു റിലാക്സേഷൻ മൂഡ് കൊണ്ടുവന്നതിന് അങ്ങയോട് നന്ദി പറയുന്നു, സമ്മതിച്ചു. കരയുന്ന സാഹചര്യമുണ്ട് അതിനെ പൊരുതുന്ന സാഹചര്യമാക്കി മാറ്റണം. ഞാൻ അവസാനിപ്പിക്കുകയാണ്. ആഗോളവൽക്കരണത്തിനെതിരായുള്ള മറയും ഒരു കുടയുമായിരുന്നു ഇടതു പക്ഷത്തെ സംബന്ധിച്ച് കോ-ഓപ്പറേറ്റീവ് മൂവ്മെന്റ്. നിങ്ങൾക്കും അത് ചെയ്യാമല്ലോ. നിങ്ങൾ അതാണ് ചെയ്യേണ്ടത്. അതിനെ ഇല്ലാതാക്കേണ്ടത് അമേരിക്കൻ സാമ്പത്തികശക്തികളുടെ ആവശ്യമാണ്. 68000 കോടി രൂപയുടെ ഡെപ്പോസിറ്റ്, 60000 കോടി രൂപയുടെ ലോൺ അതായിരുന്നു ഞങ്ങൾ അധികാരമൊഴിയുമ്പോൾ, 2011, മേയ് 11-ന് അങ്ങുതന്ന മറുപടിയാണ്. അത് കൂടി കാണുമായിരിക്കും. ഇത് ഇല്ലാതാകാൻ പോകുകയാണ്. കാരണം പലിശ തീരുമാനിക്കുന്നതിന് സഹകരണ വകുപ്പുമന്ത്രിക്ക് അധികാരമില്ല. റിസർവ്വ് ബാങ്കാണ്, മറ്റു ദേശീയ/ഷെഡ്യൂൾഡ് ബാങ്കുകളുടെ അത്രയും

മാത്രം പലിശയുണ്ടെങ്കിൽ ആരെങ്കിലും അധികം പലിശയില്ലാത്ത ഇവിടെ വരുമോ? അപ്പോൾ ഡെപ്പോസിറ്റ് പോകും, ലോൺ പോകും. ലോൺ പോയാൽ ബിസിനസ്സില്ല. പ്രോഫിറ്റില്ല. 60000 ജീവനക്കാർക്ക് ഒരു വർഷം 1420 കോടി രൂപ ശമ്പളം കൊടുക്കാൻ ഉണ്ടാവില്ല. തൊഴിലില്ലായ്മ വരികയാണ്. വലിയ കലാപമുണ്ടാകും. പലിശ നിർണ്ണയിക്കാനുള്ള അവകാശം, ഇതെല്ലാം അങ്ങോട്ട് എടുത്തുകൊടുത്തപ്പോൾ അതു വല്ലതും നിങ്ങൾ ആലോചിച്ചോ. ഇൻകം ടാക്സ് വന്നു, ആദായ നികുതി വന്നു. മാത്രമല്ല ചായ കുടിച്ചാൽ നികുതി, നെറ്റ് പ്രോഫിറ്റിൽ അല്ല നികുതി സോഴ്സിലാണ് നികുതി. ഇത് നശിപ്പിക്കാനല്ലേ? എന്ത് അധികാരമാണ് റിസർവ്വ് ബാങ്ക് ഗവർണ്ണർക്ക്? എം. എൽ.എ.യായ ഞാൻ ചോദിക്കുകയാണ്, ആരാണ് ഈ റിസർവ്വ് ബാങ്ക് ഗവർണർ; ആരു കൊടുത്തു ഈ തിട്ടൂരം; ഇൻഡ്യൻ പ്രസിഡന്റിന് മുകളി ലാണോ ഇദ്ദേഹം? പണ്ട് ഇത് ആരും ചെയ്തിരുന്നില്ല. അപ്പോൾ ഇതെല്ലാം ചെയ്തിരിക്കുകയാണ്. ഇത് ഇവിടെ വിജയിക്കില്ല. സർ, സാമൂഹ്യനവോത്ഥാ നത്തിന് നേതൃത്വം കൊടുത്തത് സഹകരണ പ്രസ്ഥാനമല്ലേ. ഇവിടെ എന്തു കൊണ്ടാണ് വർഗ്ഗീയത ഇല്ലാത്തത്? ഇവിടെ സഹകരണ മേഖലയിൽ ജാതി –മത സമുദായ സംഘം പറ്റില്ല. മുസ്ലീം സഹകരണ സംഘം പറ്റുമോ, ക്രിസ്ത്യൻ സഹകരണ സംഘം പറ്റുമോ, ഹിന്ദു സംഘം പറ്റുമോ, നായരീഴവ മഹാസഖ്യ സംഘം, മുസ്ലീമിനും ക്രിസ്ത്യാനികൾക്കും എതി രായി രണ്ടു മഹാൻമാരുണ്ടാക്കിയ സഖ്യം പറ്റുമോ? ഇവിടെ അത് നട ക്കുമോ? മുസ്ലീമിനും ക്രിസ്ത്യാനികൾക്കും എതിരായി അല്ലേ നായരീഴവ സഖ്യം. നായൻമാർക്കു വേണ്ടിയാണോ: ഈഴവർക്കു വേണ്ടിയാണോ, അല്ല. ബഹുമാനപ്പെട്ട വെള്ളാപ്പള്ളിയോട്, വ്യക്തിപരമായി വളരെ അടുപ്പമുണ്ട്, എന്നാലും നായരീഴവ സഖ്യം പിരിച്ചുവിടണമെന്ന് പറഞ്ഞു. രാജാറാം

മോഹൻറോയ് മുതൽ ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദൻ, മന്നത്തു പത്മനാഭൻ പോലും, മന്നം അർഹനല്ല എന്നൊന്നും ഞാൻ പറയുന്നില്ല. വിമോചന സമരത്തിൽ അദ്ദേഹം പങ്കെടുത്തില്ലായിരുന്നുവെങ്കിൽ അദ്ദേഹം നാരായണ ഗുരുവിന്റെ കൈപിടിച്ചു നടക്കുമായിരുന്നു. വിമോചന സമരം എ.കെ. ആന്റണി തെറ്റായി പോയി എന്ന് പിന്നെ പറഞ്ഞതുമാണ്. മന്നത്ത് പത്മനാഭന് അത് പറയാൻ അവസരം കിട്ടിയില്ല, അദ്ദേഹം മരിച്ചുപോയി. രാജാറാം മോഹൻറോയിയും ശ്രീനാരായണഗുരുവും വിവേകാനന്ദനും ചട്ടമ്പി സ്വാമികളും, നടരാജ ഗുരുവും, വാഗ്ഭടാനന്ദനുമൊക്കെ ഉയർത്തിയ ആ മതനിരപേക്ഷത കേരളത്തെ സഹകരണ മേഖല കാത്തുരക്ഷിച്ചു. ജാതിമതാടിസ്ഥാനത്തിൽ നിന്നും സഹകരണമേഖലയെ രക്ഷിച്ചു. ഇനിയെല്ലാം കമ്പനിയാക്കുകയാണ്, എല്ലാം പൊളിയുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ജില്ലാ ബാങ്കും സ്റ്റേറ്റ് ബാങ്കും മതി. PACS വേണ്ട, ജില്ലാ ബാങ്കിന്റെ കഥ കഴിയാൻ പോകുകയാണ്. കുറച്ചുകഴിയുമ്പോൾ പറയും ജില്ലാ ബാങ്കും വേണ്ട. അവസാനം സഹകരണ സംഘം വേണ്ട. ആരാണ് ഈ ബക്ഷി? ഇതുപോലുള്ള അവതാരങ്ങളെ കേരളത്തിൽ വെളിയിൽ നിന്ന് കൊണ്ടുവരുന്നു. ഇനി ഇത്തരക്കാരൊക്കെ ഇവിടെ വന്നാൽ ഞങ്ങൾ പ്രതിഷേധിക്കും. അതാണ് എനിക്ക് പറയാനുള്ളത്. ഓഡിറ്റിംഗിനെ സംബന്ധിച്ച് പറയാനുള്ളത് ആർക്കുവേണമെങ്കിലും ഓഡിറ്റ് ചെയ്യാം. റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഇല്ലെങ്കിൽ ബാങ്കിംഗ് പറ്റില്ല, ചെക്ക് കിട്ടില്ല. ബാങ്ക് പൂട്ടും. എസ്.സി./എസ്.ടി.യിൽ നിന്ന് ഒരാളെ ഭരണസമിതിയിൽ വയ്ക്കണമെന്നത് കേരള സഹകരണ നിയമമാണ്. അതവർ അംഗീകരിച്ചു. പക്ഷേ കേരള നിയമത്തിൽ ഒരാളെ ഇലക്ട് ചെയ്യപ്പെട്ടില്ലെങ്കിലും നോമിനേറ്റ് ചെയ്യാമെന്നുണ്ട്.

ഭരണഘടനാപരമായി നോമിനേഷൻ വന്നപ്പോൾ സഹകരണ സംഘത്തിൽ എസ്.സി/എസ്.ടി വിഭാഗത്തിന്റെ നോമിനേഷൻ ഇല്ല. ഇലക്ട് ചെയ്യപ്പെട്ടി ല്ലെങ്കിലും നോമിനേഷൻ കൊണ്ടുവന്നിട്ടില്ല. ഈ ഭേദഗതിയിലുമില്ല. എസ്.സി/എസ്.ടി. ചിലപ്പോൾ ചില ബാങ്കിൽ കാണാതെ വരും. മൂന്നിൽ രണ്ട് സ്ത്രീ സംവരണം പറഞ്ഞു, നിങ്ങൾ മൂന്നും പറഞ്ഞില്ല, രണ്ടും പറഞ്ഞില്ല, ആ ഭേദഗതിയിൽ ഈ ഭാഗം പറഞ്ഞിട്ടില്ല. കേരള നിയമത്തിൽ 3 വനിതകളാ യിരുന്നു. ഭരണഘടനാ ഭേദഗതി വരുത്തിയില്ലെങ്കിൽ കുഴപ്പമാകുമെന്ന് നിങ്ങൾ പറഞ്ഞു. അങ്ങനെയാണെങ്കിൽ സ്ത്രീകളുടെ സംവരണത്തെപ്പറ്റി മിണ്ടാതിരിക്കുക വഴി നിങ്ങൾ ഭരണഘടനയെ ലംഘിച്ചുവോ? ഇതൊന്നും കൊണ്ടുവരേണ്ടിയിരുന്നില്ല, ഇതുപോലെതന്നെ എന്നാണ് എനിക്കുള്ള വാദം. സ്ത്രീകൾ മൂന്നിൽ രണ്ടാക്കി നിങ്ങൾ കൊണ്ടുവരാതിരുന്ന സ്ഥിതിക്ക് ഭരണ ഘടനാ ഭേദഗതി പലതും ഒഴിവാക്കാമായിരുന്നുവെന്ന ഞങ്ങളുടെ വാദം സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്. അങ്ങ് കണ്ടു കാണുകയില്ല, അതിനകത്ത് ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ട്. പ്രൊഫഷണൽസ് രണ്ടുപേരെ വേണമെന്നുള്ളത് നമ്മുടെ നിയമമാണ്. ഞാനാണ് അത് പാസ്സാക്കിയത്. അവർ രണ്ടുപേരെ സമ്മതിച്ചു. പക്ഷേ വോട്ടവകാശമില്ല. അവരവിടെ വന്ന് കുത്തിയിരുന്നാൽ മതി. ബാങ്കുകളെപ്പറ്റി വിവരമുള്ളവർ മിണ്ടാതിരുന്നുകൊ ള്ളണം. വോട്ടവകാശം കൊടുക്കണ്ടേ, നിങ്ങൾ എന്താണ് വോട്ടവകാശം കൊടുക്കാത്തത്? ഇതിനകത്ത് അതൊന്നുമില്ല. ഭരണാഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള 20 അമെന്റ്മെന്റ് ഉള്ളപ്പോൾ ഭരണഘടനാ ഭേദഗതി എൻവിസേജ് ചെയ്യാത്ത 16 എണ്ണം അതിന്റെ മറവിൽ കുത്തിതിരുകിയിരിക്കു കയാണ്. അതിന് ന്യായീകരണം പറയണം. ഭരണഘടനാ ഭേദഗതി പ്രകാര

മുള്ള ഒരു പരിഷ്കരണം മാത്രം അവതരിപ്പിക്കാതെ നിങ്ങൾ അതിന്റെ മറവിൽ രജിസ്ട്രാർ വേണ്ട, ആർക്കും അധികാരമില്ല, മന്ത്രിക്കുപോലും അധികാരമില്ല, സംഘത്തെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം എന്നിങ്ങനെയുള്ള എല്ലാ കുഴപ്പങ്ങളോടും കൂടിയ കേരളത്തിന്റെ തനതായ നിയമത്തെ കുഴിച്ചുമൂടി. സഹകരണ വിരുദ്ധ അമെന്റ്മെന്റുകൂടി കൂട്ടിച്ചേർക്കുക വഴിയാണ് നിങ്ങൾ കുറ്റം ചെയ്തിട്ടുള്ളത്. അങ്ങേയ്ക്ക് ഹൃദയമുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഞാൻ വീണ്ടും ചോദിക്കുകയാണ്. ഞാൻ തന്നെ എഴുതിയ 6 വരി കവിത പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട സി.എൻ. ബാലകൃഷ്ണനോട് പൊളിറ്റിക്കലായിട്ടും കോപ്പറേറ്റീവായിട്ടും ഹ്യൂമനിസ്റ്റായിട്ടും ചോദിക്കുകയാണ്,

“ഉണ്ടോ ഹൃദയം ഭവാനു മഹാശയാ

കണ്ടില്ലയല്ലോ ഹൃദയ വിശ്വാസങ്ങൾ

കൊല്ലുന്നതെന്തേ ഭവാൻ ഈ മാൻപേടയെ

വന്യമാം കാനന ചെന്നായ്ക്ക് നൽകലാ

കൈയുയർത്തി തഴുകുകീ മാനിനെ

അയ്യയ്യോ കൊല്ലായ്ക, കൊല്ലായ്ക മാനിനെ”

അങ്ങ് കൊല്ലരുത്, ബിൽ പിൻവലിക്കണം. പ്രതിപക്ഷവുമായി ആലോചിച്ച് ഭരണഘടനാപരമായ അന്തഃസത്ത എങ്ങനെയിവിടെ ദോഷമില്ലാതെ നടപ്പിലാക്കാം എന്ന ഭേദഗതി മാത്രം കൊണ്ടുവന്നുകൊണ്ടും ബാക്കിയെല്ലാം മാറ്റിവെച്ചുകൊണ്ടും, നമ്മുടെ ബിൽ മാറ്റിവച്ചിട്ട് നമുക്ക് സ്വസ്ഥമായി പിരിയാം. എന്നിട്ട് ഭരണഘടനാ ഭേദഗതി എങ്ങനെ നമ്മുടെ കോ-ഓപ്പറേറ്റീവ് സംഘങ്ങൾക്ക് പ്രയാസമില്ലാതെ ഉൾക്കൊള്ളാം എന്നുള്ള ബിൽ കൊണ്ടുവരി

ക,പുറമേ നമ്മുടെ നിയമം നിരന്തരം പരിഷ്കരിക്കണം. അത് നമുക്ക് പിന്നീട് കൊണ്ടുവരാം. ഇത് അങ്ങേയ്ക്കുള്ള ഏറ്റവും അവസാനത്തെ അവസരമാണ് കിട്ടിയിരിക്കുന്നത്. ഈ അവസരം അങ്ങ് മിസ്സ് ചെയ്താൽ ഒരിക്കലും ഈ അവസരം അങ്ങേയ്ക്കോ യു.ഡി.എഫ് –നോ തിരിച്ചുകിട്ടില്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ ഇതിലെ ബഹുഭൂരിപക്ഷം വകുപ്പുകളും നിരാകരിക്കുകയാണ്. ബിൽ തള്ളിക്കളയണമെന്നുപറഞ്ഞുകൊണ്ട് ഈ ബിൽ ഇന്നുതന്നെ പിൻവലിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. വി.ഡി. സതീശൻ)

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട മെമ്പർമാർക്കും മാധ്യമപ്രവർത്തകർക്കും ബഹുമാന്യനായ സ്പീക്കർ ഭക്ഷണം അറേഞ്ച് ചെയ്തിട്ടുണ്ട്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ മേഖലയ്ക്ക് മരണമണി മുഴക്കുന്ന നിർദ്ദേശങ്ങളാണ് ഈ ഭേദഗതിയിലുള്ളത്. നവസാമ്പത്തിക നയങ്ങൾ കൊണ്ടുവന്ന് സഹകരണ മേഖലയെ അട്ടിമറിക്കുകയാണ് ഈ ഭേദഗതിയിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത്. ഒരുപക്ഷേ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്, പണ്ഡിറ്റ് നെഹ്റുവിനേയും ഇന്ദിരാഗാന്ധിയേയുമൊക്കെ തള്ളിപ്പറഞ്ഞുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിട

ത്തോളം സഹകരണമേഖലയെ ആകെ തകർക്കുന്ന സമീപനുമായിട്ടാണ് ഈ ഗവൺമെന്റ് പോകുന്നത്. ഇപ്പോൾത്തന്നെ കടലാസ്സ് സംഘങ്ങൾക്ക് അംഗീകാരം കൊടുത്തുകൊണ്ടാണ് ജില്ലാ സഹകരണ ബാങ്കുകൾ പിടിച്ചെടുത്തത്. അങ്ങനെ സഹകരണ മേഖലയെ ആകെ നശിപ്പിക്കുന്ന നിലയിലേയ്ക്ക് ഈ ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുകയാണ്. നമുക്കറിയാം, നിരവധി കമ്മിറ്റികൾ ഇവിടെ വന്നിട്ടുണ്ട്. 1904–ൽ ഇൻഡ്യൻ സഹകരണ നിയമം പാസ്സാക്കിയതുതന്നെ സഹകരണ മേഖലയെ രക്ഷിക്കാൻ വേണ്ടിയാണ്. എന്നാൽ പിന്നീട് നിരവധി കമ്മിറ്റികൾ നിലവിൽ വന്നു; നിരവധി കമ്മിറ്റികളുടെ ശുപാർശകൾ വന്നു. കപൂർ കമ്മിറ്റി, പാട്ടീൽ കമ്മിറ്റി, വ്യാസ് കമ്മിറ്റി, നരസിംഹം കമ്മിറ്റി എന്നിവ വന്നു. അതുപോലെതന്നെ എ.വൈദ്യനാഥൻ ടാസ്ക് ഫോഴ്സ്, രഘുറാം ജി. രാജൻ കമ്മിറ്റി എന്നീ കമ്മിറ്റികളെല്ലാം വച്ച നിർദ്ദേശങ്ങൾ ഈ മേഖലയ്ക്ക് ദോഷം വരുന്നതാണ്. സേവനത്തിനുപകരം ധനലാഭം, സഹകരണത്തിനുപകരം മത്സരം, സമഭാവനയ്ക്ക് പകരം സ്വാർത്ഥത, പങ്ക് വയ്ക്കലിനുപകരം ആർത്തി അതുപോലെതന്നെ സഹകരണ ബാങ്കുകളുടെ കമ്പനിവത്കരണം ഇതെല്ലാമാണ് അവർ നിർദ്ദേശിച്ചത്. ഇതെല്ലാംതന്നെ ഈ മേഖലയെ വ്യാപകമായി നാശത്തിലേയ്ക്ക് കൊണ്ടുവരുന്നതാണ്. തത്വത്തിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന് ഞാൻ എതിരാണെന്ന് സഹകരണവകുപ്പുമന്ത്രി രാവിലെ പറഞ്ഞു. തൃശ്ശൂരിൽ നടന്ന സഹകരണ കോൺഗ്രസ്സിൽ വൈദ്യനാഥൻ കമ്മിറ്റികൊണ്ടുവന്നിരിക്കുന്ന റിപ്പോർട്ടുകളിലെ പല കാര്യങ്ങളും കേരളത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതല്ല എന്നാണ് പറഞ്ഞത്. പക്ഷേ അതിന് വിപരീതമായിട്ടാണ് ഇപ്പോൾ ബിൽ കൊണ്ടുവന്നിരിക്കുന്നത്. സഹകരണമേഖലയിൽ ഏതാണ്ട് എഴുപതി

നായിരം കോടി രൂപയിലധികം വരുന്ന നിക്ഷേപം നമ്മുടെ കേരളത്തിലെ ജനങ്ങൾക്ക് പലതരത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതാണ്. സമസ്ത മേഖലയിലും പൊതു കമ്പോളത്തിലിടപെടാൻ, വിലനിലവാരം പിടിച്ചു നിർത്താൻ പാവപ്പെട്ട മനുഷ്യർക്ക്, കർഷകർക്ക്, ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് എല്ലാതരത്തിലും വിലകുറച്ച് ഉൽപ്പന്നങ്ങൾ കൊടുക്കാൻ കഴിയത്തക്കനിലയിൽ സേവനമേഖലയിലും ആരോഗ്യമേഖലയിലും ഇടപെടാൻ കഴിയുന്ന തരത്തിലേയ്ക്കാണ് ആ പണം നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞത്. പക്ഷേ ഈ നിർദ്ദേശത്തിന്റെ ഫലമായി, പുതിയ ഭേദഗതികൊണ്ട് ആ പണം പലപ്പോഴും മറ്റ് മേഖലകളിലേയ്ക്ക് പോകുന്ന നില വരും. അതുമാത്രമല്ല നിക്ഷേപകരെ പ്രതികൂലമായി ബാധിക്കുന്ന ദ്രോഹകരമായ ഒരുപാട് നിർദ്ദേശങ്ങളുണ്ട്. ആ നിക്ഷേപകർക്ക് ഇൻകം ടാക്സ് കൊടുക്കണം. അവർക്ക് ആദായ നികുതി കൊടുക്കേണ്ട സ്ഥിതി വരുന്നു. ആദായനികുതി വകുപ്പിന് നിക്ഷേപകരെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കൊടുക്കണം. ഇതൊക്കെ നിക്ഷേപകരെ സഹകരണ മേഖലയിൽ നിന്നും അകറ്റിക്കൊണ്ടു പോകുന്നതാണ്. . അതുപോലെതന്നെ കാർഷിക വായ്പയ്ക്ക് പലിശ കൂടും. ക്രെഡിറ്റ് ബാങ്കുകളിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ദോഷം സംഭവിക്കും. കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ നിരവധിയായിട്ടുള്ള പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന സഹകരണ മേഖലയെ തകർക്കുന്ന ഒരു സമീപനവുമായിട്ടാണ് പുതിയ ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട ഭേദഗതി. 1947-ലാണ് നമുക്ക് സ്വാതന്ത്ര്യം കിട്ടിയത്. അതിനുശേഷം സ്വതന്ത്ര ഇന്ത്യയുടെ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1948-ൽ ഇന്ത്യൻ ഇല

ക്ട്രിസിറ്റ് ആക്ട് നടപ്പിലാക്കാൻ നിർദ്ദേശം കൊടുത്തു. ആ ആക്ട് നിർമ്മിച്ചത് ഡോ. ബി. ആർ. അംബേദ്കർ ആണ്. അതിന്റെ ഫലമായിട്ടാണ് ഇന്ന് കേരളത്തിലടക്കം വൈദ്യുത ബോർഡുകൾ വന്നത്. ആ ബോർഡുകളെല്ലാം തന്നെ ഇപ്പോൾ കമ്പനികളായി. അതുപോലെതന്നെയാണ് ബാങ്കുകൾ ദേശസാത്കരിച്ചത്. പണ്ഡിറ്റ് നെഹ്റുവിന്റെ മകൾ കോൺഗ്രസിന്റെ അനിഷേധ്യ നേതാവ് ഇന്ദിരാഗാന്ധി ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് ബാങ്കുകൾ ദേശസാത്കരിച്ചത്. ഇന്ന് ആ ബാങ്കിന്റെ സ്ഥിതി എന്താണ്? ഇന്ദിരാഗാന്ധിയേയും പണ്ഡിറ്റ് നെഹ്റുവിനേയും അവർ തള്ളിപ്പറഞ്ഞു. അവരെ തള്ളിപ്പറഞ്ഞത് നല്ലതാണെന്ന് കോൺഗ്രസ് നേതൃത്വം വിശ ।സിച്ചിരിക്കുന്നു. ഇതെല്ലാം തന്നെ പൊതുമേഖലയെ ആകെ തകർക്കുന്ന നിലയിലുള്ളതാണ്. ഇപ്പോൾ ബാങ്കും കമ്പനിയാക്കാൻ പോകുന്നു. 50 പേർ ചേർന്ന് ബാങ്ക് തുടങ്ങണമെന്ന് വിചാരിച്ചാൽ ആർക്കും എവിടേയും ബാങ്ക് തുടങ്ങാം. യാതൊരു നിയന്ത്രണവുമില്ല. അതെല്ലാംതന്നെ സഹകരണ മേഖലയെ തകർക്കുന്ന സംയമനമാണ് ഉണ്ടാകാൻ പോകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം സഹകരണ പ്രസ്ഥാനത്തിൽ, ശ്രീ. ജി. സുധാകരൻ എം.എൽ.എ. സർവ്വ മേഖലയും തൊട്ട് സംസാരിച്ചതുകൊണ്ട് അത്തരം കാര്യങ്ങളിലേയ്ക്കൊന്നും കടക്കാനുദ്ദേശിക്കുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യക്ക് മാതൃകയായി, മറ്റെല്ലാ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി സമസ്ത മേഖലയിലേയും ജനങ്ങൾക്ക് സഹായഹസ്തമായി നിൽക്കുന്ന പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. ആ പ്രസ്ഥാനത്തെ തകർക്കുന്ന സമീപനവുമായിട്ടാണ് ഈ ഗവൺമെന്റ് പോകുന്നത്. ബഹുമാന്യനായ മന്ത്രിയെ സംബന്ധിച്ചിടത്തോളം എനിക്ക് ആ അഭിപ്രായമില്ല.

ഞാൻ പുതിയ എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹത്തെക്കുറിച്ച് നേരത്തെ കേട്ടിട്ടുണ്ട് എന്നുള്ളതിനപ്പുറത്തേയ്ക്ക് അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ചൊക്കെ ഇവിടെ എനിക്കു മുമ്പു സംസാരിച്ച ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ചു. പല കാര്യങ്ങളെ സംബന്ധിച്ചും താല്പര്യമില്ലാതെയാണ് അദ്ദേഹം ഇവിടെ നിൽക്കുന്നതെന്നു പറഞ്ഞു. കൗരവസഭയിൽ പാഞ്ചാലിയെ ദുശ്ശാസനൻ പീഡിപ്പിച്ചതു പോലെ, ദുശ്ശാസനൻ എന്ന് ഞാൻ അദ്ദേഹത്തെ വിളിക്കുന്നില്ല. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് അദ്ദേഹം ദുശ്ശാസനൻ ആകാതെ ആ സഭയിൽ പാഞ്ചാലിയെ രക്ഷിക്കാൻ വേണ്ടി ശ്രമിച്ച ഭീമസേനനായി നിന്നാൽ ഇപ്പുറത്ത് എൽ.ഡി.എഫ്. ശ്രീകൃഷ്ണനായി അദ്ദേഹത്തിന്റെ കൂടെയുണ്ടാകുമെന്നാണ്. അദ്ദേഹം അതിന് തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അങ്ങനെവന്നാൽ തീർച്ചയായും അദ്ദേഹം വ്യത്യസ്തനായിട്ടുള്ള ഒരു മനുഷ്യനായി, സമൂഹത്തിൽ അറിയപ്പെടുന്ന ഒരു നല്ല ഗാന്ധിയനായി, ഒരു നല്ല സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടും. അതിനുവേണ്ടി അദ്ദേഹത്തെ അപ്പുറത്തിരിക്കുന്നവർ സഹായിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് സഹകരണമേഖലയെ തകർക്കുന്ന, കേരളത്തെ തകർക്കുന്ന ഈ ഭേദഗതി നിർദ്ദേശത്തിനോട് എനിക്ക് യോജിപ്പില്ല, ഇത് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. സുധാകരൻ കവിതയും ഉപമയും ഉത്പ്രേക്ഷയും കഥകളും സാഹിത്യവുമെല്ലാമായി സഹകരണ ഭേദഗതി ബില്ലിനെക്കുറിച്ച് സംസാരിച്ചു. ഞാൻ പണ്ടൊരു ഉപമ പറഞ്ഞ് കുഴപ്പത്തിലായതാണ്. അതുകൊണ്ട് ഉപമയും ഉത്പ്രേക്ഷയും കവിതയും കഥയുമൊന്നും എനിക്ക് വശമില്ല. ഉള്ളകാര്യം നേരിട്ട് പറയാമെന്നുമാത്രമേയുള്ളൂ. ശ്രീ. വി.എസ്. അച്ചുതാനന്ദനെ വീണ്ടും വീണ്ടും അങ്ങ് കുത്തിനോവിക്കരുതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. ജീവനോടെ അദ്ദേഹം അവിടെ ഇരിക്കുന്നു, ഒരു കുഴപ്പവുമില്ല എന്ന് ശ്രീ. ജി. സുധാകരൻ പറഞ്ഞപ്പോൾ ചത്തതിനൊപ്പമേ ജീവിച്ചിരിക്കിലും എന്ന നിലയിൽ അദ്ദേഹത്തെ ഇരുത്തിയിട്ട് അതാ ഇവിടെ ഇരിക്കുന്നു, ഒരു കുഴപ്പവുമില്ല എന്ന് വീണ്ടും വീണ്ടും പറഞ്ഞ് അദ്ദേഹത്തെ വേദനിപ്പിക്കരുത്. അദ്ദേഹത്തെ വേദനിപ്പിച്ചാൽ അത് നിങ്ങൾക്ക് വലിയ കുഴപ്പത്തിലേയ്ക്കേ കലാശിക്കുകയുള്ളൂ എന്ന് അദ്ദേഹത്തെ അറിയാവുന്ന എല്ലാവർക്കും അറിയാമെന്നുള്ളതുകൊണ്ട് അതിന് ഇറങ്ങിപ്പുറപ്പെടാതിരിക്കുകയാണ് നല്ലതെന്ന് ശ്രീ. ജി. സുധാകരനെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ ധൃതരാഷ്ട്രർ എന്ന പേരുകൊണ്ട് സഹകരണ വകുപ്പുമന്ത്രിയെ വിശേഷിപ്പിക്കുന്നതുകേട്ടു. ഏറ്റവും കൂടുതൽ ആ പേര് യോജിക്കുന്നത് ശ്രീ. ജി. സുധാകരനു തന്നെയാണ്. അദ്ദേഹം മന്ത്രി ആയിരുന്നപ്പോൾ ഈ സംസ്ഥാനത്ത് നടന്ന എല്ലാ സഹകരണ ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളേയും കണ്ടിട്ട് ഞാനൊന്നും അറിഞ്ഞില്ലേ രാമനാരായണാ എന്നു പറഞ്ഞ് കണ്ണടച്ചിരിക്കുകയായിരുന്നു. എരുവശ്ശേരി എസ്.സി.ബി. ജനാധിപത്യവിരുദ്ധ മാർഗ്ഗത്തിലൂടെ പിടിച്ചെടുത്തു. ശ്രീ. ജി. സുധാകരൻ കണ്ടില്ല. അദ്ദേഹം കണ്ണടച്ച് ഇരിക്കുകയായിരുന്നു. ആനപ്പന്തി സർവ്വീസ് സഹകരണ ബാങ്ക് പിടിച്ചടക്കിയപ്പോൾ ശ്രീ.ജി. സുധാകരൻ എന്ന

മന്ത്രി അറിഞ്ഞില്ല. അപ്പോഴും അദ്ദേഹം കണ്ണടച്ചിരിക്കുകയായിരുന്നു. എന്തി നധികം പറയുന്നു, വെറും 100 വനിതകൾ മാത്രമുള്ള അമ്പായത്തോട് വനിതാ പാൽ സൊസൈറ്റിയിൽ വനിതകളാണ് എന്ന ബഹുമാനംപോലും കൊടുക്കാതെ, അവിടെയെങ്കിലും വസ്ത്രാക്ഷേപത്തിന് പോകാതിരിക്കാൻ അനുയായികളോട് പറയാമായിരുന്നു. അവിടെയും ധൃതരാഷ്ട്രരെപ്പോലെ കണ്ണുംപൂട്ടി ഇരിക്കുകയായിരുന്നു ശ്രീ. ജി. സുധാകരൻ എന്നത് ആർക്കാണ് അറിയാൻ കഴിയാത്തത്? അന്ന് സഹകരണ മേഖലയിൽ തെരഞ്ഞെടുപ്പു നടന്നാൽ യു.ഡി.എഫ്–ന് ജയിക്കണമെങ്കിൽ ഹൈക്കോടതിയിൽ പോലീസ് പ്രൊട്ടക്ഷനുപോകണം. ഹൈക്കോടതിയിൽനിന്ന് ഉത്തരവ് വന്നില്ലെങ്കിൽ പോലീസുകാരനും വരികയില്ല. പിടിച്ചടക്കുകയാണ് ചെയ്യുന്നത്. അതും ശ്രീ. ജി. സുധാകരൻ കണ്ടില്ല. അദ്ദേഹം എന്റെ സുഹൃത്താണ്, എനിക്ക് വളരെ ബഹുമാനമുള്ള ആളാണ്, അദ്ദേഹത്തിന്റെ പല പ്രവർത്തനങ്ങളോടും യോജിപ്പുള്ള ആളുമാണ്. പക്ഷെ ഇതൊന്നും കണ്ടില്ല എന്നു പറഞ്ഞു കൊണ്ടിരുന്ന ആൾ ശ്രീ. സി. എൻ. ബാലകൃഷ്ണനെക്കുറിച്ച് പറഞ്ഞത് ശരി യായില്ല എന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. ഞാൻ കാര്യത്തി ലേയ്ക്ക് വരാം.

ഈ ഗവൺമെന്റ് അധികാരമേറ്റതുമുതൽ സഹകരണ മേഖലയിൽ നല്ല ജനകീയ പ്രവർത്തനങ്ങൾ നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ 5 ശതമാനം പലിശ സബ്സിഡി പ്രഖ്യാപിച്ചത് ഇതുവരേയും നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള ഏർപ്പാട് അങ്ങ് ചെയ്യണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 ശതമാനം പലിശ സബ്സിഡി നമ്മുടെ കാർഷിക മേഖലയിലെ വായ്പക്കാർക്ക് കിട്ടുന്നതി

നുള്ള അടിയന്തര നടപടി അങ്ങ് കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ് ക്ഷീര സംഘങ്ങൾ. ഏറ്റവും നന്നായി പ്രവർത്തിക്കുന്നുണ്ട്. അവിടെ 10 ലിറ്റർ വരെ പാൽ അളക്കുന്ന കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടു ത്തിയതും അതുപോലെതന്നെ പശുവിനെ വാങ്ങുന്നതിനും കാലിത്തൊഴുത്ത് പണിയുന്നതിനുമൊക്കെ സബ്സിഡി ഏർപ്പെടുത്തുകയും ചെയ്ത മാതൃകാ പരമായ നടപടി നടത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളെ ബി ക്ലാസ് സംഘങ്ങളാക്കി തരംതാഴ്ത്തി നിർത്തണം, അവർക്ക് വോട്ടവ കാശം കൊടുക്കരുത് എന്നാണ് എൽ.ഡി.എഫ്. പറയുന്നത്. അതുപോലെ തന്നെ ഒരു കാലത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഇന്ന് പ്രവർത്തിക്കാൻ നിവൃത്തിയില്ലാത്ത സാഹ ചര്യമാണ്. ഹഡ്കോയിൽ നിന്നും എൽ.ഐ.സി.-യിൽ നിന്നും പണം ലഭി ക്കാത്തതുകൊണ്ട് ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ കൊടുക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. അതു കൊണ്ട് ഹൗസിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വില യിരുത്തുവാനും അവർക്ക് വായ്പ കൊടുക്കുന്നതിനാവശ്യമായ പണം ലഭ്യ മാക്കുന്നതിനുമുള്ള അടിയന്തര നടപടി കൈക്കൊള്ളണം. കാർഷിക ഗ്രാമ വികസന ബാങ്ക് ഡെപ്പോസിറ്റ് മൊബിലൈസേഷനുവേണ്ടി ഓരോരുത്ത രുടേയും പുറകേ എത്രകാലമാണ് നടന്നത്. ശ്രീ. ജി. സുധാകരന്റെ പുറകേ ഞാനും കുറേ കാലം നടന്നതാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അതി നുള്ള അനുമതി നൽകി. കാർഷിക ഗ്രാമവികസന ബാങ്കിന് വായ്പ കൊടു

ക്കാൻ നിവൃത്തിയില്ലാത്ത, നബാർഡിന്റെപോലും വായ്പ ലഭ്യമല്ലാത്ത ഒരു സാഹചര്യമുണ്ടായി. അവിടെ ഗ്യാരന്റി കമ്മീഷൻ അടയ്ക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമുണ്ടായി. അങ്ങും ധനകാര്യ വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് മീറ്റിംഗ് വിളിച്ചുകൂട്ടി 125 കോടി രൂപ എഴുതിത്തള്ളാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. മാത്രമല്ല വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന ഗ്യാരന്റി കമ്മീഷൻ ഒരു പ്രാവശ്യം മാത്രം കൊടുത്താൽ മതി എന്ന നിലയിലേയ്ക്ക് ഗ്യാരന്റി കമ്മീഷൻ ആക്ട് ഭേദഗതി ചെയ്യാൻ ആ മീറ്റിംഗിൽ തീരുമാനമായിരിക്കുന്നു. വലിയ മാറ്റമാണ് ആ മേഖലയിൽ ഉണ്ടായിരിക്കുന്നത്. ഡെപ്പോസിറ്റ് മൊബിലൈസേഷന് അനുമതി കിട്ടിയതോടുകൂടി കാർഷിക ഗ്രാമവികസന ബാങ്ക് വളരെ നല്ല നിലയിൽ മുന്നോട്ടു പോകുന്നുണ്ട്, ഒരുകാര്യം കൂടി എനിക്ക് സൂചിപ്പിക്കുവാനുണ്ട് അവിടത്തെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്. പക്ഷെ, എല്ലാ എൻട്രി പോയിന്റിലും ഡയറക്ട് അപ്പോയിന്റ്മെന്റ് വേണമെന്ന ഒരു നിബന്ധന ഗവൺമെന്റ് വയ്ക്കുന്നുണ്ട്. അത് ശരിയാണോ? ഒരു ബാങ്കിംഗ് സ്ട്രക്ച്ചറിൽ എല്ലാ എൻട്രി പോയിന്റിലും ഡയറക്ട് അപ്പോയിന്റ്മെന്റ് വേണമെന്നുപറഞ്ഞാൽ, അസിസ്റ്റന്റ് മാനേജർ– 50% ഡയറക്ട് അപ്പോയിന്റ്മെന്റ്, ഡെപ്യൂട്ടി മാനേജർ – 50% ഡയറക്ട് അപ്പോയിന്റ്മെന്റ്, റീജിയണൽ മാനേജർ – 50% ഡയറക്ട് അപ്പോയിന്റ്മെന്റ്, ഇതെന്തുനിയമമാണ്? അത്തരത്തിലുള്ള ബാലിശമായ പിടിവാശി ഉപേക്ഷിക്കാൻ അങ്ങ് ഉദ്യോഗസ്ഥരോട് പറയണം. മിഡിൽ ലെവലിൽ ഒരു എൻട്രി പോയിന്റിൽ ഡയറക്ട് അപ്പോയിന്റ്മെന്റ് 50%, എന്നത് ആ സ്ഥാപനത്തിന് നല്ലതാണ്. അത്തരത്തിൽ സർവ്വീസ് റൂൾ ഭേദഗതി ചെയ്യാൻ നിർദ്ദേശം കൊടുക്കണമെ

ന്നാണ് അക്കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. അങ്ങയുടെ നേതൃത്വത്തിൽ ഏറ്റവും നല്ലനിലയിൽ നടക്കുന്ന ഒന്നാണ് കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ. നന്മ സ്റ്റോറുകൾ, ഗ്രാമീണ മേഖലയിലേയ്ക്ക് ഇറങ്ങി നിത്യോപയോഗ സാധനങ്ങൾ കൊടുക്കുന്ന ഫലപ്രദമായ നടപടികൾ, അതുപോലെതന്നെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ. കൺസ്യൂമർ ഫെഡറേഷന് കൂടുതൽ പണം കൊടുക്കാൻ ഈ ഗവൺമെന്റ് ഇപ്പോൾ തയ്യാറായിട്ടുണ്ട്. ഇനിയും കൂടുതൽ പണം കൺസ്യൂമർ ഫെഡറേഷന് കൊടുക്കണം. ഫലപ്രദമായി മാർക്കറ്റിൽ ഇടപെടാൻ അവർക്ക് കഴിയുന്നുണ്ട്, നല്ല പ്രവർത്തനമാണ് അവർ കാഴ്ച വയ്ക്കുന്നത്. അവർക്കുവേണ്ട എല്ലാ സംരക്ഷണവും അങ്ങ് കൊടുക്കുന്നുണ്ട്. അത്തരത്തിലുള്ള കൂടുതൽ സംരക്ഷണം കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്ക് എന്തുകിട്ടി? മാർക്കറ്റിംഗ് സഹകരണ സംഘം, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം സഹകരണ രജിസ്ട്രാറുടെ കീഴിലുള്ളതല്ലേ; സഹകരണ രജിസ്ട്രാറുടെ ഉത്തരവൊന്നും അവർക്ക് ബാധകമല്ലേ? രജിസ്ട്രാറുടെ സർക്കുലറിന്റെ പേരിൽ നാട്ടിലെ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നെല്ലാം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ഡെപ്പോസിറ്റ് വാങ്ങി. കാലാവധി കഴിഞ്ഞാൽ പണം തിരിച്ചുകൊടുക്കണ്ടേ? തിരിച്ചുവാങ്ങാനായി സഹകരണ സംഘം സെക്രട്ടറിയോ പ്രസിഡന്റോ വിളിച്ചാൽ ഫോൺ എടുക്കുകയില്ല, ഫോണിൽ കിട്ടിയാൽ അവരെ പുലഭ്യം പറയും, രജിസ്ട്രാർ വിളിച്ചാൽ ഫോൺ എടുക്കുകയില്ല. ഇത്രമാത്രം ധാർഷ്ട്യത്തോടുകൂടി ഇടപെടുന്ന ഒരു സ്ഥാപനമുണ്ടോ? കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് വില കിട്ടുന്നതിനുവേണ്ടി രൂപീകരിച്ച ഈ സ്ഥാപനം എങ്ങനെയാണ് മുന്നോട്ടുപോകുന്നത്

എന്നതിനെക്കുറിച്ച് ഗൗരവമായ അന്വേഷണം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രജിസ്ട്രാറുടെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റുകൾ കളക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആ ഡെപ്പോസിറ്റുകൾ തിരികെ കൊടുക്കാനുള്ള സംവിധാനം അടിയന്തരമായി ഉണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാർക്കറ്റിംഗ് സംഘത്തിന്റെ പ്രവർത്തനത്തിലും അങ്ങയുടെ ഇടപെടൽ അടിയന്തരമായി ഉണ്ടാകേണ്ടതായിട്ടുണ്ട്. കർഷകന്റെ ഉൽപ്പന്നങ്ങൾ, നാണ്യവിളകൾ, റബ്ബർ, കുരുമുളക് ഇവയെല്ലാം സംഭരിക്കാൻവേണ്ടിയുണ്ടാക്കിയിട്ടുള്ള ആ സ്ഥാപനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്നത് സംശയമാണ്. അർബൻ സഹകരണ സംഘങ്ങൾക്ക് ആർ.ബി.ഐ. കൂടുതൽ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അർബൻ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിന്റെയും റിസർവ്വ് ബാങ്കിന്റെയും നിയന്ത്രണങ്ങളുണ്ട്. അർബൻ സഹകരണ സംഘങ്ങൾക്ക് എവിടെ വേണമെങ്കിലും ബ്രാഞ്ചുകൾ ഓപ്പൺ ചെയ്യാനുള്ള അനുവാദം റിസർവ്വ് ബാങ്ക് നൽകിയിട്ടുണ്ട്. പക്ഷെ ബൈ ലാ ഭേദഗതി വരുമ്പോൾ സംസ്ഥാന ഗവൺമെന്റ് അതിന് അനുവദിക്കുന്നില്ല. അത്തരത്തിലുള്ള നിയന്ത്രണങ്ങൾ ആവശ്യമാണോ? അർബൻ സഹകരണ സംഘങ്ങളെ കൂടുതൽ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതല്ലേ? അർബൻ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനമുണ്ടാക്കേണ്ടത് അടിയന്തര സ്വഭാവത്തോടുകൂടി ചെയ്യേണ്ട ഒരു കാര്യമാണ്. എത്ര ബാങ്കുകൾ അതിനുവേണ്ടി ശ്രമിക്കുന്നുണ്ട്, എത്ര ബാങ്കുകൾക്ക് അതിന് കഴിയുന്നുണ്ട് എന്നുള്ളത് പരിശോധിക്കാനും മുഴുവൻ അർബൻ സഹകരണ സംഘങ്ങളേയും കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിനുമുള്ള നടപടി കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രത്യേ

കിച്ചും ആർ.ബി.ഐ.–യും സംസ്ഥാന ഗവൺമെന്റും തമ്മിൽ 2008–ൽ ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ ഒപ്പിട്ടിട്ടുള്ള സാഹചര്യത്തിൽ അതിനുള്ള ഒരു ബാധ്യതയും ഉത്തരവാദിത്വവും സംസ്ഥാന ഗവൺമെന്റിനുണ്ട്. ആ ഉത്തരവാദിത്വം നിറവേറ്റണം. ഇപ്പോൾ അർബൻ സഹകരണ സംഘങ്ങളിൽ രണ്ട് ഓഡിറ്റിംഗാണുള്ളത്. ഒന്ന്, ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റിംഗും മറ്റേത് ഡിപ്പാർട്ടുമെന്റ് ഓഡിറ്റിംഗും. ഈ ഭേദഗതി ബിൽ പാസ്സാക്കുന്നതോടുകൂടി അതിനൊരു അവസാനമുണ്ടാക്കാൻ കഴിയും. അത് വളരെ നല്ല കാര്യമാണ് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാന സഹകരണ ബാങ്കിന്റെ മുൻ പ്രസിഡന്റ് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹം സിമെറ്റ് എന്ന വിദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ച് പറഞ്ഞു. എന്താണ് സിമെറ്റ്? സംസ്ഥാന സഹകരണ ബാങ്കിന് ഒരു സുപ്രഭാതത്തിൽ ഞങ്ങൾക്കൊരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങണമെന്ന് തോന്നി. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിലുള്ള ഒരു സ്ഥാപനത്തിന്, ഏത് ബാങ്കാണെങ്കിലും, ഫെഡറൽ ബാങ്കാണെങ്കിലും സൗത്ത് ഇന്ത്യൻ ബാങ്കാണെങ്കിലും സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കാണെങ്കിലും ബാങ്കിംഗ് റെഗുലേഷൻ ആക്ട് എല്ലാ ബാങ്കുകൾക്കും ഒരുപോലെ ബാധകമാണ്. അവർക്ക് മറ്റ് സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അവകാശമില്ല. പക്ഷെ സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിന് ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങണമെന്ന് തോന്നി. സംസ്ഥാന സഹകരണ ബാങ്കിന്റെ പണമെടുത്ത് സിമെറ്റ് എന്ന ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചു. സിമെറ്റ് എന്ന വിദ്യാഭ്യാസ സ്ഥാപനത്തിൽ അവർക്ക് ഇഷ്ടമുള്ള ആളുകളെ നിയമിക്കുകയും ഇഷ്ടമുള്ള കോഴ്സുകൾ അനുവദിക്കുകയും ചെയ്തു. സംസ്ഥാന സഹകരണ ബാങ്കിന്റെ ഡെപ്പോസിറ്റ് ഉപയോഗിച്ച്

അദ്ധ്യാപകരുടെ ശമ്പളം കൊടുത്തു. അദ്ദേഹം പ്രസിഡന്റായിരുന്ന കാലത്ത് ഭീമമായ നഷ്ടത്തിലേയക്ക് സംസ്ഥാന സഹകരണ ബാങ്ക് കൂപ്പുകുത്തിയത് സിമെറ്റ് എന്ന വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിച്ചതുകൊണ്ടല്ലേ? നിയമം വിട്ട് അത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് പണം കൊടുത്തതിന്റെ പേരിൽ കേരളത്തിലെ കർഷകർക്ക് കൊടുക്കേണ്ട പുനർവായ്പ നബാർഡ് നിർത്തിവച്ചത് സംസ്ഥാനത്തുള്ള എല്ലാവർക്കുമറിയാം. സിമെറ്റ് എന്ന സ്ഥാപനത്തെക്കുറിച്ച് എത്ര വാചാലമായാണ് ഇവിടെ സംസാരിച്ചതെന്ന് അങ്ങ് ഓർക്കുന്നുണ്ടോ? ബഹുമാന്യനായ ഇ. നാരായണൻ പാവമാണ് എന്നാണ് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞത്. ശ്രീ. ഇ. നാരായണൻ നാഷണൽ കോ–ഓപ്പറേറ്റീവ് യൂണിയനിലെ ഭരണസമിതിയിലേയ്ക്ക് മത്സരിച്ചപ്പോൾ അദ്ദേഹത്തിന്റെ എതിർ സ്ഥാനാർത്ഥിയായി മത്സരിച്ച കർണ്ണാടകയിലെ ശ്രീ. ബി.എസ്. വിശ്വനാഥന്റെ നോമിനേഷനിൽ ഒപ്പിട്ടത് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരാണ്, അല്ലാതെ ഈ പാവത്തിനല്ലായിരുന്നു. ആ പാവത്തിനെ പിന്തുണയ്ക്കാൻ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ വന്നില്ല. അദ്ദേഹത്തിന്റെ പിന്തുണയില്ലാതെയാണ് ശ്രീ. ഇ. നാരായണൻ എൻ.സി.യു– വിന്റെ ഭരണസമിതിയിൽ ജയിച്ചതെന്ന കാര്യം എനിക്കെങ്കിലുമറിയാമെന്ന് അദ്ദേഹം ഓർക്കേണ്ടതായിരുന്നു. എന്നിട്ട് പറയുന്നത് ശ്രീ. ഇ. നാരായണൻ പാവമാണെന്നാണ്. ആരോടാണ് ഈ കഥകൾ സൂചിപ്പിക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം. മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെ ആറുമാസം കഴിഞ്ഞാൽ ഭരണത്തിൽ കയറിയിരിക്കാമെന്നുള്ള സ്വപ്നവുമായി ശ്രീ. ജി. സുധാകരൻ നടക്കുകയാണ്. അദ്ദേഹത്തിന്റെ സ്വപ്നം പൂവണിയട്ടെ അതിൽ എനിക്ക് വിരോധമില്ല. പക്ഷെ, ഈ

സ്വപ്നം അദ്ദേഹം സ്വപ്നമായി സൂക്ഷിച്ചുകൊണ്ട് നടക്കുകയാണ്, അത് നല്ലതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

ഞാൻ നിയമത്തിലേയ്ക്ക് വരാം. ഈ നിയമം വായിച്ചുനോക്കിയ ശേഷം, ഈ നിയമത്തിന്റെ അന്ത:സത്ത എന്താണെന്നുള്ളത് അറിഞ്ഞതിനു ശേഷം ശ്രീ. ജി. സുധാകരനും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും വിമർശിച്ചിരുന്നതെങ്കിൽ മനസ്സിലാക്കാമായിരുന്നു. സഹകരണ സംഘങ്ങളിൽ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ ഒഴിവാക്കുക എന്നതാണ് ഈ നിയമത്തിന്റെ അന്ത:സത്ത. ഗവൺമെന്റിന്റെ നിയന്ത്രണം കൂടുതൽ കൂടുതൽ വേണമെന്നാണ് ശ്രീ. ജി. സുധാകരൻ പറയുന്നത്. ഗവൺമെന്റിന്റെ നിയന്ത്രണം കുറയ്ക്കണമെന്ന് ഇന്ത്യാ ഗവൺമെന്റ് പറയുന്നു. ആരാണ് കൂടുതൽ ജനാധിപത്യപരമായി ചിന്തിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സഹകരണ സംഘങ്ങളെ ഒരു ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് എന്ന നിലയിലാണോ കാണേണ്ടത്? ഒരു വോളന്ററി ഓർഗനൈസേഷൻ എന്നുള്ള നിലയിൽ കാണേണ്ട, ഈ സ്ഥാപനത്തെ ഒരു ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് എന്നുള്ള നിലയിലാണോ കാണേണ്ടത്? എന്തു കൊണ്ട് ഒരു ഫെഡറൽ സംവിധാനത്തിൽ ഇത്തരത്തിലൊരു നിയമം ഗവൺമെന്റ് പാസ്സാക്കിയെന്ന് കഴിഞ്ഞ ദിവസം ശ്രീ. വി. ഡി. സതീശൻ ചോദിക്കുകയുണ്ടായി. ലോക്സഭയിൽ ഇത് അവതരിപ്പിച്ചുകൊണ്ട് കൃഷിയും സഹകരണവും വകുപ്പുമന്ത്രി ശ്രീ. ശരത് പവാർ അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയതുതന്നെ, Honourable members are aware that the Co-operative Societies is a State subject under entry 32 of the State List of the 7$^{th}$ Schedule of the Constitution എന്നാണ്. ഇതറിയാത്തതുകൊണ്ടല്ല, അദ്ദേഹത്തിന്റെ

പ്രസംഗം തുടങ്ങുന്നതുതന്നെ അങ്ങനെയാണ്. തുടർന്ന് എന്തുകൊണ്ട് ഇങ്ങനെയൊരു നിയമം പാസ്സാക്കേണ്ടിവന്നുവെന്ന് അദ്ദേഹം പറയുന്നു, It has been the endeavour of the Government of India to evolve an appropriate policy and legislative framework to create environment conducive to the healthy and sound growth of Co-operatives. Therefore a view has emerged in the Co-operative sector all over the country to incorporate certain provisions in the Constitution to provide protection to Co-operatives to insulate them from avoidable political and bureaucratic interference. This was also endorsed by the conference of State Co-operative Ministers held way back in December, 2004. അതായത്, protection to Co-operatives and to insulate them from avoidable political and bureaucratic interference. That is the intention.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇന്നലെ സംസാരിച്ചത്, ഇത് സ്റ്റേറ്റ് സബ്ജക്ടിൽ ലെജിസ്ലേഷൻ നടത്തിയപ്പോൾ പാർലമെന്റിൽ ഉയർന്നു വന്നൊരു ഒബ്ജക്ഷനായിരുന്നു എന്നാണ്. സ്റ്റേറ്റ് സബ്ജക്ടിൽ എന്താണ് പാർലമെന്റ് ചെയ്യുന്നതെന്ന് ചോദിച്ചു; അതിന് ഞാൻ തന്നെ മറുപടി പറഞ്ഞത് - കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ പ്രൊട്ടക്ട് ചെയ്യാൻ വേണ്ടി ഫണ്ടമെന്റൽ റൈറ്റ്സിലും ഡയറക്ടീവ് പ്രിൻസിപ്പൽസിലും ഇത് ആഡ് ചെയ്യുകയാണെന്നാണ്. അത് പാർലമെന്റിൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. സ്റ്റേറ്റ് ലെജിസ്ലേച്ചറിന് ചെയ്യാൻ സാധിക്കുകയില്ല. ഞാൻ അതിനെ സപ്പോർട്ട് ചെയ്തുകൊണ്ടാണ് സംസാരിച്ചത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, കൺക്ലൂഡ് ചെയ്യുന്ന പാരഗ്രാഫ് വായിക്കാം അപ്പോൾ വളരെ ക്ലിയറാകും. The object of the Constitutional 111th Amendment Bill 2009 is to ensure that the Co-operative Societies in the country function in a democratic, professional, autonomous and economically sound manner. The proposed amendment in the Constitution inter alia seeks to empower the Parliament in respect of multi-state co-operative societies and the State Legislatures in case of other co-operative societies to make appropriate law. ഇത് മൾട്ടി സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിനെ സംബന്ധിച്ചിടത്തോളം പാർലമെന്റും മറ്റ് സംസ്ഥാനത്തിനധികാരമുളള സഹകരണ സംഘങ്ങളെ സംബന്ധിച്ച് ലെജിസ്ലേച്ചറിനുമാണ് അധികാരം. ഒരു ഫ്രെയിംവർക്ക് ഉണ്ടാക്കുകയാണ്. ആ ഫ്രെയിംവർക്ക് കൊടുക്കുകയാണ്. അതുകൊണ്ടാണ് നമ്മൾ ഇവിടെ നിയമം പാസാക്കുന്നത്. അതുകൊണ്ടാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. ഇത് വളരെ പ്രധാനമായി മനസ്സിലാക്കേണ്ട ഒരു കാര്യമാണ്. ബ്രഹ്മപ്രകാശ് കമ്മിറ്റി ഉണ്ടായിരുന്നു. ആ ബ്രഹ്മപ്രകാശ് കമ്മിറ്റി ഒരു മോഡൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടുണ്ടാക്കി. എല്ലാ സംസ്ഥാന ഗവൺമെന്റിനും സർക്കുലേറ്റ് ചെയ്തു. ഒരു സംസ്ഥാന ഗവൺമെന്റും അത് മൈൻഡ് ചെയ്തില്ല. ഒരു സംസ്ഥാന ഗവൺമെന്റിലും അതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ വരുത്തിയില്ല. കാരണം സംസ്ഥാന ഗവൺമെന്റുകൾക്ക് അത് ഭേദഗതി വരുത്താൻ താത്പര്യമില്ല. ഈ നിയമ ഭേദഗതി വരുമ്പോൾ പാർലമെന്റ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തൊരു കമ്മിറ്റിയുണ്ടാ

യിരുന്നു. ഞാൻ ഡൽഹിയിൽ പോയി ആ കമ്മിറ്റിയിൽ തെളിവുകൊടുത്ത താണ്. ആ പാർലമെന്റ് കമ്മിറ്റിയിൽ വളരെ വ്യക്തമായി അവർ പറയുന്നത് തങ്ങളുടെ ഉദ്ദേശം ഡെമോക്രാറ്റിക് കൺട്രോളാണ്, ഗവൺമെന്റ് കൺട്രോ ളല്ല എന്നാണ്. നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം, സംസ്ഥാന ഗവൺമെന്റുകൾക്കാണ് അധികാരം. ഇതൊരു സ്റ്റേറ്റ് സബ്ജക്ടാണ്. തമിഴ്നാട്ടിൽ ഇലക്റ്റഡ് ബോർഡ്സ് ഇല്ലാതായിട്ട് വർഷങ്ങളായി. പശ്ചിമ ബംഗാളിൽ ശ്രീമതി മമതാ ബാനർജി മുഖ്യമന്ത്രിയായിക്കഴിഞ്ഞപ്പോൾ മുഴുവൻ സഹകരണ സ്ഥാപനങ്ങളെയും പിരിച്ചുവിട്ടു. യു.പി-യിൽ ശ്രീമതി മായാവതി മുഖ്യമന്ത്രിയായപ്പോൾ മുഴുവൻ സഹകരണ സ്ഥാപനങ്ങളെയും പിരിച്ചുവിട്ടു. ഇപ്പോൾ വീണ്ടും ശ്രീ. അഖിലേഷ് യാദവ് മുഖ്യമന്ത്രിയായ പ്പോൾ മുഴുവൻ സഹകരണ സ്ഥാപനങ്ങളെയും പിരിച്ചുവിട്ടു. എല്ലാ സഹക രണ സ്ഥാപനങ്ങൾക്കും സംസ്ഥാന ഗവൺമെന്റ് മാറുന്നതിനനുസരിച്ച് അധി കാരം കൈയൊഴിയേണ്ട ഒരു ഗതികേട് ഉണ്ടാകുന്നു. ഇതിനുകാരണം അവിടെ ഡെമോക്രാറ്റിക് കൺട്രോളല്ല, ഗവൺമെന്റ് കൺട്രോളാണ് എന്ന താണ്. അതുകൊണ്ടാണ് ഗവൺമെന്റ് കൺട്രോൾ മാറ്റണമെന്ന് കേന്ദ്ര ഗവൺമെന്റ് ആഗ്രഹിക്കുന്നത്. എന്നാൽ, കേന്ദ്ര ഗവൺമെന്റ് എന്തോ മഹാ പാതകം ചെയ്യുന്നുവെന്ന രീതിയിൽ, ആ ഗവൺമെന്റ് ആരാച്ചാരാണെന്ന രീതിയിൽ, സഹകരണ മേഖലയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നു എന്നുള്ള നിലയിലാണ് നിങ്ങൾ സംസാരിക്കുന്നത്. അങ്ങനെ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ? ഇവിടെ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറി ച്ചാണ് ശ്രീ. ജി. സുധാകരൻ എപ്പോഴും പ്രസംഗിക്കുന്നത്. അദ്ദേഹം മന്ത്രി യായിരുന്ന കാലത്ത് കേരളത്തിലെ സഹകരണ സ്ഥാപനത്തിന് കിട്ടേണ്ട തുക അദ്ദേഹത്തിന്റെ ആദർശാധിഷ്ഠിതമായ ഈ നിലപാട് മൂലം നഷ്ട

പ്പെട്ടു. അതിനദ്ദേഹം കൊണ്ടു നടക്കുന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഒരു കത്താണ്. ചെന്നൈയിൽ വച്ച് വൈദ്യനാഥൻ കമ്മിറ്റി തെളിവെടുപ്പ് നടത്തിയപ്പോൾ ഞാൻ അവിടെ പോയി തെളിവുകൊടുത്തൊരാളാണ്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് വേണ്ടി ഒരു ഡ്രാഫ്റ്റ് എല്ലാ സംസ്ഥാന ഗവൺമെന്റുകൾക്കും അയച്ചുകൊടുത്തു. അതിനകത്ത് വിയോജിപ്പുള്ള ധാരാളം ക്ലോസുകളുണ്ടായിരുന്നു. ശ്രീ. എം. വി. രാഘവൻ സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ മുഖ്യമന്ത്രിയെക്കൊണ്ട് അതിനെതിരായി കത്ത് കൊടുപ്പിച്ചിട്ടുണ്ട്. അത്, എതിർപ്പുള്ള കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ ബാധ്യതയുള്ളതുകൊണ്ട് അന്നത്തെ ആ നിലയിൽ ചെയ്തതാണ്. പല സംസ്ഥാനങ്ങളും എതിർപ്പുകൊടുത്തു, പശ്ചിമബംഗാൾ സംസ്ഥാനവും എതിർത്ത് കത്ത് കൊടുത്തു. പല സംസ്ഥാനങ്ങളും എതിർത്ത് കത്ത് കൊടുത്തതു കൊണ്ട് സംസ്ഥാന ഗവൺമെന്റുകളുടെ ഒരു സമന്വയം ഉണ്ടാക്കുന്നതിന് വേണ്ടിപശ്ചിമ ബംഗാളിലെ ധനകാര്യ വകുപ്പു മന്ത്രി ശ്രീ. അസീംദാസ് ഗുപ്ത ചെയർമാനായി കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റി ഉണ്ടാക്കി. ശ്രീ. അസീംദാസ് ഗുപ്ത പല പ്രാവശ്യം ഡൽഹിയിൽ കമ്മിറ്റി കൂടി. സംസ്ഥാന ഗവൺമെന്റുകളുമായി ആലോചിച്ചു. കേരളത്തിൽ നിന്നാരും അവിടെ പോയില്ല. പല പ്രാവശ്യം വിളിച്ചു, അവിടെ ചെന്നില്ല. ശ്രീ. അസിംദാസ് ഗുപ്ത ചെയർമാനായ സബ്കമ്മിറ്റി നിർദ്ദേശിച്ച മുഴുവൻ ഭേദഗതികളും കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. ആ ഭേദഗതിയോടുകൂടിയാണ് ശ്രീ. ജി. സുധാകരന്റെ ഭാഷയിൽ മുറിവൈദ്യനായ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത്. പക്ഷെ കേരളത്തിന്റെ ഭാഗം പറയാൻ ആരുമില്ലായിരുന്നു. കേരളത്തിന്റെ ഭാഗം അവിടെ അവതരിപ്പിക്കപ്പെട്ടില്ല. നമ്മൾ ആദർശത്തിൽ വളരെ ഉന്നതമായ നിലയിലാണ്. കേരള

ത്തിൽ മത്രമേ സഹകരണമുള്ളൂ മറ്റൊരിടത്തും സഹകരണമില്ല, മറ്റെവിടെയും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളില്ല എന്നാണ് നിങ്ങൾ പറയുന്നത്. ഇത് കണ്ണടച്ച് ഇരുട്ടാക്കലാണ്. എല്ലാ സംസ്ഥാനങ്ങളിലും സഹകരണ പ്രസ്ഥാനമുണ്ട്, നിക്ഷേപമുണ്ട്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുണ്ട്, സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുണ്ട്, എല്ലാ സ്ഥാപനങ്ങളുമുണ്ട്. പക്ഷെ ഇവിടെ പി.എ.സി.എസ്. കളക്ട് ചെയ്യുന്നതുപോലുള്ള ഡെപ്പോസിറ്റ്സ് അവിടെ കളക്ട് ചെയ്യുന്നില്ലെന്നുള്ളതാണ് വ്യത്യാസം. അവിടെ പറഞ്ഞ ഒരു ക്ലോസ്, ബാങ്ക് എന്ന പദം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് ഉപയോഗിക്കാൻ കഴിയില്ല. ഇതാണ് നമ്മെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ഒരു പ്രശ്നം. ഇക്കാര്യം നമ്മൾ അവരുമായി ചർച്ച ചെയ്ത് ഒരു പോംവഴികണ്ടെത്തുകയല്ലായിരുന്നോ വേണ്ടത്? ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറയുന്നു, നമുക്ക് ചെക്കെഴുതാൻ പറ്റില്ല, നമ്മുടെ ചെക്ക് എവിടെയും എടുക്കില്ല, അത് നമുക്ക് സ്വീകരിക്കണമോയെന്ന് ചോദിക്കുന്നു. ഇപ്പോൾ ആർ.ബി.ഐ.യുടെ പെർമിഷനോടുകൂടിയാണോ സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നത്. ആർ.ബി.ഐ അനുവദിച്ചിട്ടുണ്ടോ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ പ്രവർത്തിക്കാൻ. ഈ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ ചെക്ക് ഏതെങ്കിലുമൊരു ഷെഡ്യൂൾ ബാങ്കിൽ സ്വീകരിക്കുമോ? ആർ.ബി.ഐ. അംഗീകരിച്ചാണ് ചെക്കെഴുതുന്നതെങ്കിൽ ആ ചെക്ക് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് അനുസരിച്ചുള്ള ഒരു ഇൻസ്ട്രുമെന്റെന്ന നിലയിൽ എല്ലാ സ്ഥാപനങ്ങളും എടുക്കേണ്ടേ; എന്താ എടുക്കാത്തത്? ആർ.ബി.ഐ.യുടെ നിയന്ത്രണത്തിലോ, ഡയറക്ഷനിലോ, അംഗീകാരത്തിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളല്ല നമ്മുടെ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ. സംസ്ഥാന ഗവൺമെന്റിന്റെ അംഗീ

കാരത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് പ്രൊമോട്ട് ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാത്രമാണ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ. അപ്പോൾ ഇതൊരു പുതിയ വ്യവസ്ഥയാണെന്ന് നമുക്ക് പറയാൻ കഴിയില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റിനെയും ആർ. ബി.ഐ.യെയും പറഞ്ഞ് ബോധ്യപ്പെടുത്തേണ്ട ഒരു കാര്യമുണ്ട്, കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ കോ-ഓപ്പറേറ്റീവ് ബാങ്ക്സ് എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ആ ഒറ്റക്കാരണത്താൽ ഈ റിവൈവൽ പാക്കേജിൽ സംസ്ഥാനത്തെ വിട്ടുകളയുന്നത് ശരിയല്ല, ഇവിടെ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ സംഘങ്ങളുള്ളതാണ്. കാർഷിക വായ്പ നൽകിയ ഇനത്തിൽ ധാരാളം നഷ്ടങ്ങൾ നേരിട്ടിട്ടുണ്ട്. ആ നഷ്ടങ്ങൾ നികത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് പണം കൊടുക്കുമ്പോൾ ആ പണം വേണ്ട എന്ന് പറയുകയല്ല ആ പണം വാങ്ങിക്കാനുള്ള ഒരു ബുദ്ധിയായിരുന്നു വേണ്ടിയിരുന്നത്. ആ ബുദ്ധിയില്ലാതെ മേനി പറഞ്ഞിട്ട് കാര്യമുണ്ടോ? വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കേണ്ട കാലാവധി കഴിഞ്ഞിരിക്കുന്നു. ഇനിയിപ്പോൾ തീരുമാനിച്ചാലും നടപ്പിലാകാൻ പോകുന്നില്ല. അതിന്റെ കാലാവധി കഴിഞ്ഞു. ഇനിയും ആ ബസ്സിലേക്ക് ചാടിക്കയറാൻ സാധിക്കില്ല. ബസ് പോയിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇനിയുമതിനെക്കുറിച്ച് പരാതി പറഞ്ഞിട്ട് ഒരു കാര്യവുമില്ലെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ പേരിൽ വൈദ്യനാഥനെ പുലഭ്യം പറഞ്ഞുകൊണ്ട് ഇനിയെത്ര കാലം നമുക്ക് മുന്നോട്ട് പോകാൻ കഴിയും. മറ്റ് സംസ്ഥാനങ്ങളൊക്കെ കോടിക്കണക്കിന് രൂപ വാങ്ങിച്ചു. സർവ്വീസ് സഹകരണ ബാങ്ക് പണം വാങ്ങിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ച പല സ്ഥാപനങ്ങളും ലാഭത്തിലേയ്ക്ക്

വന്നു. ക്ലീൻ ബാലൻസ് ഷീറ്റിൽ അവർക്ക് പ്രവർത്തിക്കാൻ കഴിയുന്നു. ആ ഒരു സാഹചര്യം നമ്മൾ നഷ്ടപ്പെടുത്തിയെന്നതാണ് ഈ കാര്യത്തിൽ ഉണ്ടായതെന്ന യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട്, ഞങ്ങൾ വലിയ ധീരകൃത്യം നടത്തി അതുകൊണ്ട് ഞങ്ങളുടെ സഹകരണ മേഖലയൊക്കെ രക്ഷപ്പെട്ടിരിക്കുകയാണ് എന്ന് പിന്നെയും പിന്നെയും പറയുന്നതിൽ ഒരർത്ഥവുമില്ല എന്ന് അവരെ ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഇവിടെ ഗവൺമെന്റിന്റെ കൺട്രോൾ വേണ്ട എന്നു പറയുന്നു. പക്ഷേ ഗവൺമെന്റ് കൺട്രോൾ പൂർണ്ണമായും വേണ്ടയെന്ന് കേന്ദ്രഗവൺമെന്റ് പറയുന്നത് ശരിയാണോ? പാർലമെന്റിൽ നിയമം പാസ്സാക്കി. പക്ഷേ ഗവൺമെന്റ് കൺട്രോൾ ആവശ്യമുള്ള ചില മേഖലകളിൽ അതിന്റെ ആവശ്യമില്ല എന്ന് ഈ നിയമത്തിൽ അങ്ങ് ചില തീരുമാനങ്ങൾ എടുത്തിരിക്കുന്നു. അങ്ങയുടെ ആ ജനാധിപത്യബോധത്തെ ഞാൻ അഭിനന്ദിക്കുന്നു. എല്ലാവരും നല്ല നിലയിൽ പ്രവർത്തിക്കണം; സ്വന്തമായി തീരുമാനമെടുക്കണം. പക്ഷേ ഒരു അമ്പയർ എല്ലായിടത്തും വേണ്ടേ. രണ്ടു സൊസൈറ്റികൾ അമാൽഗമേറ്റ് ചെയ്യുമ്പോൾ, ആ സൊസൈറ്റികൾ അമാൽഗമേറ്റ് ചെയ്യുന്നതിന് ഒരു അമ്പയറുടെ സ്ഥാനം ആർ.സി.എസിനു വേണ്ടേ? വേണം എന്നാണ് എന്റെ പക്ഷം. അമാൽഗമേഷൻ വരുമ്പോൾ പ്രയർ അപ്രൂവൽ ഓഫ് ദ രജിസ്ട്രാർ എന്ന് പറയുന്നത് ഡിലീറ്റ് ചെയ്യാൻ പാടില്ല എന്നാണ് എനിക്ക് ഈ അവസരത്തിൽ അങ്ങയോട് സൂചിപ്പിക്കുവാനുള്ളത്. കാരണം രണ്ട് സൊസൈറ്റികൾ തമ്മിൽ യോജിക്കാൻ ആ സൊസൈറ്റികളുടെ രണ്ട് ജനറൽ ബോർഡുകൾ തീരുമാനിച്ചാൽ മാത്രം പോര. ആ തീരുമാനം എങ്ങനെ മറ്റു സംഘങ്ങളെ ബാധിക്കും, അവിടത്തെ ആസ്തി ബാധ്യതകളെ എങ്ങനെ ബാധിക്കും, അവിടത്തെ ഡെപ്പോസിറ്റേഴ്സിനെ എങ്ങനെ

ബാധിക്കും എന്ന കാര്യം തീരുമാനിക്കാനും നിർദ്ദേശം കൊടുക്കാനും രജി സ്ട്രാർക്ക് അധികാരം കൊടുക്കണം എന്നാണ് എനിക്ക് പറയുവാനുള്ളത്. അങ്ങയുടെ ഒറിജിനൽ ബില്ലിൽ ഡിസ്ട്രിക്ട് ഇലക്ഷൻ കമ്മീഷൻ കൂടിയു ണ്ടായിരുന്നു. എന്നാൽ സബ്ജക്ട് കമ്മിറ്റി കഴിഞ്ഞുവന്നപ്പോൾ അത് വേണ്ടെന്നു വച്ചിരിക്കുന്നു. എന്തിനാണ് അത് വേണ്ടെന്നു വയ്ക്കുന്നത്? ജില്ല കളിലെ എല്ലാ സഹകരണ സ്ഥാപനങ്ങളിലേയും ഇലക്ഷൻ സംസ്ഥാന ഇല ക്ഷൻ കമ്മീഷനാണോ നടത്താൻ പോകുന്നത്? ഡിസ്ട്രിക്ട് ഇലക്ഷൻ കമ്മീ ഷൻ വേണ്ടേ? ആ ഡിസ്ട്രിക്ട് ഇലക്ഷൻ കമ്മീഷൻ വേണമെന്ന ആ ക്ലോസ് ഡിലീറ്റ് ചെയ്തത് ശരിയല്ല എന്നാണ് അക്കാര്യത്തെക്കുറിച്ച് എനിക്ക് അങ്ങയോട് സൂചിപ്പിക്കുവാനുള്ളത്. കാർഷിക വികസന ബാങ്കുകൾക്ക് നബാർഡ് ഒരു നിഷ്കർഷത വച്ചിരിക്കുന്നു. രാഷ്ട്രീയം ചേർക്കാതിരുന്നാൽ, പല കാര്യങ്ങളിലും ശ്രീ. ജി. സുധാകരന്റെ അഭിപ്രായത്തോട് എനിക്ക് യോജിപ്പാണ്. പക്ഷേ എല്ലാ കാര്യത്തിലും രാഷ്ട്രീയത്തിന്റെ ഒരു ചെറിയ അംശം കൂടി ചേർത്തേ അദ്ദേഹം പറയൂ. എനിക്ക് നബാർഡിന്റെ പല കാര്യ ങ്ങളോട് യോജിപ്പില്ല. റീ–ഫിനാൻസ് തരുന്നതിന് നബാർഡ് ഒരു കണ്ടിഷൻ വയ്ക്കുകയാണ്. അവർ ഐഡന്റിഫൈ ചെയ്യുന്ന പാനലിൽ നിന്ന് ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെക്കൊണ്ട് ഓഡിറ്റ് നടത്തിയാൽ മാത്രമേ റീഫിനാൻസ് നൽകുകയുള്ളൂ എന്നതാണ് അവരുടെ വ്യവസ്ഥ. നമ്മുടെ ഓഡിറ്റ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റാണ്. അപ്പോൾ നമ്മളുടെ ഓഡിറ്റും വേണം, ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റും വേണം. ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റും നമ്മുടെ ഓഡിറ്റും രണ്ടും കൂടി വന്നു കഴിഞ്ഞാൽ കൂടുതൽ ചെലവ് ഈ സ്ഥാപനത്തിനുണ്ടാകുന്നു. ഈ നിയമഭേദഗതി കൊണ്ട് അതിന് ഒരു മാറ്റം വരും. പക്ഷേ നമ്മുടെ ഓഡിറ്റേഴ്സിനെ പൂർണ്ണമായും ഈ സഹ

കരണ സ്ഥാപനങ്ങളുടെ ഓഡിറ്റിംഗിൽ നിന്ന് മാറ്റി നിർത്താൻ കഴിയുമോ? നമ്മുടെ ഈ ചാർട്ടേഡ് അക്കൗണ്ടന്റ്സോ അതുപോലുള്ള ഫേംസോ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്തുമോ? അവർക്ക് ഫിനാൻസ് ഓഡിറ്റ് നടത്താം. പക്ഷേ സഹകരണസ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്താൻ നമ്മുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സ് വേണ്ടേ. എന്റെ അഭിപ്രായത്തിൽ ഓഡിറ്റിനെ സംബന്ധിച്ച ക്ലോസിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സ് വേണം എന്ന നിലയിലേയ്ക്ക് ഭേദഗതി വരണം. ഇല്ലെങ്കിൽ ഇപ്പോൾ അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഭേദഗതി നിയമത്തിനകത്ത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റേഴ്സിനെ വേണമെങ്കിൽ ഒഴിവാക്കാനുള്ള സാദ്ധ്യതയുണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. അപ്പെക്സ് സംഘങ്ങളെ സംബന്ധിച്ചിടത്തോളം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വേണമെന്ന് എനിക്ക് അഭിപ്രായമില്ല. എന്നാൽ സർവ്വീസ് സഹകരണ ബാങ്കുകളിലും താഴെത്തലത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് തന്നെ വേണമെന്നാണ് എന്റെ അഭിപ്രായം. അവിടെ ഈ ഫേംസിനെ കുത്തിത്തിരുകാൻ സമ്മതിക്കരുത് എന്നു തന്നെയാണ് എന്റെ അഭിപ്രായം. അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് നടത്തുന്നതിന് കുഴപ്പമൊന്നുമില്ല. സാമ്പത്തികമായി ധാരാളം പ്രവർത്തനങ്ങൾ നടത്തുന്ന സാമ്പത്തിക സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫേംസിനെക്കൊണ്ട് നടത്തുന്നതിൽ കുഴപ്പമൊന്നുമില്ല, അതിലൊരു സംശയവും വേണ്ട. പക്ഷേ, മറ്റു സ്ഥാപനങ്ങളുടെ കാര്യത്തിലും ഇവിടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വേണമെന്നുണ്ടെങ്കിൽ ഒഴിവാക്കാം എന്നുള്ള നിലയിലേയ്ക്കാണ് ഈ ഭേദഗതി വന്നിരിക്കുന്നത് എന്നത് ശരിയല്ല എന്നാണ് എനിക്ക് തോന്നുന്നത്. ബക്ഷി കമ്മിറ്റിയുടെ കാര്യത്തിൽ ശ്രീ. ജി. സുധാകരന്റെ അഭിപ്രായം തന്നെയാണ് എനിക്കും. നബാർഡിന്റെ ചെയർമാനായ ബക്ഷിക്ക് സഹകരണ സ്ഥാപനങ്ങൾ നന്നാകണമെന്ന് ഒരു ആഗ്രഹവുമില്ല, അദ്ദേഹത്തിന്

ഒരു സഹകരണ സ്ഥാപനങ്ങളോട് താല്പര്യവുമില്ല. അദ്ദേഹത്തിന്റെ താല്പര്യം ഷെഡ്യൂൾഡ് ബാങ്കുകളോടും കൊമേഴ്സ്യൽ ബാങ്കുകളോടുമാണ്. സഹകരണ സ്ഥാപനങ്ങൾക്കെതിരാണ് അദ്ദേഹത്തിന്റെ മുഴുവൻ നടപടികളും. സഹകരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട ഫണ്ടു പോലും വേണ്ട വിധത്തിൽ കൊടുക്കാതെ അത് കൊമേഴ്സ്യൽ ബാങ്കിന് വഴി മാറി ചെലവിടുന്ന ഒരു സാഹചര്യമാണ് നമുക്ക് പലപ്പോഴും നബാർഡിന്റെ പ്രവർത്തനത്തിൽ കാണാൻ കഴിയുന്നത്. ഒരു ബ്യൂറോക്രാറ്റിക് ഓർഗനൈസേഷൻ എന്നുള്ള നിലയിലാണ് നബാർഡ് പോകുന്നത് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അക്കാര്യത്തിൽ നമുക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. ഒരു സംസ്ഥാന ഗവൺമെന്റ് എന്നുള്ള നിലയിൽ നബാർഡിന്റെ ഈ തെറ്റായ നയങ്ങൾക്കെതിരായി കേന്ദ്ര ധനമന്ത്രിയോട് നമുക്ക് അഭിപ്രായം പറയേണ്ടിയിരിക്കുന്നു. ബക്ഷി കമ്മിറ്റി ഇവിടെ ഒരു തീരുമാനമുണ്ടാക്കി. ആ കമ്മിറ്റി തീരുമാനത്തിൽ പറയുന്നത് ഒരു ജില്ലാ സഹകരണബാങ്കിൽ ഡെപ്പോസിറ്റ് എടുക്കുന്നയാൾ ആ ബാങ്കിലെ മെമ്പറായിരിക്കണം എന്നാണ്. ജില്ലാ സഹകരണബാങ്കിൽ ആരാണ് മെമ്പേഴ്സ്? ജില്ലാ സഹകരണ ബാങ്കിൽ അംഗത്വമുള്ള സൊസൈറ്റികൾ മാത്രമാണ് അവിടത്തെ മെമ്പേഴ്സ്. വ്യക്തികൾ അവിടത്തെ മെമ്പേഴ്സ് അല്ല. ബക്ഷി കമ്മിറ്റി പറഞ്ഞിരിക്കുന്നു, ഡെപ്പോസിറ്റ് എടുക്കുന്ന ഓരോരുത്തരും അവിടെ വോട്ടവകാശമുള്ള മെമ്പേഴ്സാകണം. അവർക്ക് വോട്ടിംഗ് റൈറ്റോടുകൂടിയുള്ള മെമ്പർഷിപ്പ് കൊടുക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് ജില്ലാ സഹകരണ ബാങ്കിന്റെ ഇന്നത്തെ ആ സ്ട്രക്ച്ചർ തന്നെ ഇല്ലാതാക്കുന്ന തരത്തിലുള്ള ഒരു നിർദ്ദേശമാണ് ബക്ഷി കൊടുത്തിരിക്കുന്നത്. അത്തരത്തിലുള്ള ഒരു കമ്മിറ്റി റിപ്പോർട്ടിനോട് നമുക്ക് ഒരിക്കലും യോജിക്കാൻ കഴിയില്ല. ശ്രീ. ജി. സുധാ

കരൻ പറഞ്ഞതുകൊണ്ട് എതിർക്കേണ്ട കാര്യങ്ങളെ നമുക്ക് എതിർക്കാതിരിക്കാൻ കഴിയില്ല, തീർച്ചയായും എതിർത്തേ പറ്റൂ. ഈ ബക്ഷി കമ്മിറ്റിയുടെ റിപ്പോർട്ട് തള്ളിക്കളയണം എന്നു തന്നെയാണ് സഹകരണമേഖലയിൽ നിലനിൽക്കുന്ന ഒരാൾ എന്നുള്ള നിലയിൽ എനിക്ക് അങ്ങയോട് സൂചിപ്പിക്കുവാനുള്ളത്. നബാർഡിന്റെ പ്രവർത്തനങ്ങളിൽ സുതാര്യത വേണം. ഇപ്പോൾ ദീർഘകാല വായ്പയ്ക്ക് നബാർഡ് 9.50% ആണ് പലിശനിരക്കാണ് ഈടാക്കുന്നത്. അത് കൃഷിക്കാരന്റെ കൈയിൽ ഇതു വരുമ്പോൾ 13 ഉം 14 ഉം ശതമാനമാകുന്നു. 13 ഉം 14 ഉം ശതമാനത്തിന് വായ്പയെടുത്താൽ എങ്ങനെയാണ് കൃഷിക്കാരൻ നന്നാവുക? ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റ് വേണ്ടേ? ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റില്ലാതെ ക്രോപ് ക്രെഡിറ്റ് മാത്രമുണ്ടായാൽ നമ്മുടെ രാജ്യത്ത് കാർഷികോല്പാദനം വർദ്ധിക്കുമോ? കാർഷികോല്പാദനം വർദ്ധിക്കണമെന്നുണ്ടെങ്കിൽ ഇൻവെസ്റ്റ്മെന്റുണ്ടാകണം. കാർഷികമേഖലയിൽ ഇൻവെസ്റ്റ്മെന്റുണ്ടാകണമെങ്കിൽ ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റ് വേണം. ആ ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിന് നബാർഡ് ഈടാക്കുന്ന വർദ്ധിച്ച പലിശ നിരക്ക് കുറയ്ക്കണമെന്ന് ഗൗരവമായി തന്നെ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടണം എന്നാണ് എനിക്ക് അക്കാര്യത്തെ സംബന്ധിച്ച് സൂചിപ്പിക്കുവാനുള്ളത്. ജനറൽ ബോഡിയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ എന്ന നിലയിലും അവിടെ ഒരു കാരണവശാലും ഉൾപ്പെടുത്താൻ സാധിക്കാത്ത declaration regarding date of holding of its general body meeting and conduct of elections, any other information required by the registrar in pursuance of the provisions of the act... ഇക്കാര്യങ്ങളൊന്നും ജനറൽ ബോഡിയിൽ ഡിസ്ക്കസ് ചെയ്യേണ്ട കാര്യങ്ങളല്ല. അവിടെ ഇത് ഉൾപ്പെടു

ത്താൻ പാടില്ല എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അതു പോലെ തന്നെ അസിസ്റ്റഡ് അപ്പെക്സ് സൊസൈറ്റി....., 31 നോമിനേഷൻ മാത്രമേ സഹകരണസംഘങ്ങൾക്കുള്ളൂ. ആ 31 നോമിനേഷൻ പ്രൈമറി സംഘങ്ങൾക്കില്ല. പ്രൈമറി സംഘങ്ങൾക്ക് 31 നോമിനേഷൻ ഇല്ലാത്തിട ത്തോളം കാലം അസിസ്റ്റഡ് അപ്പെക്സ് സൊസൈറ്റി എന്നുള്ളത് അപ്പെക്സ് സൊസൈറ്റി എന്നു മാത്രം മതി. അസിസ്റ്റഡ് സൊസൈറ്റി എന്ന് അവിടെ പറയേണ്ട ഒരു കാര്യവുമില്ല. അതുകൊണ്ട് 31 നോമിനേഷൻ അപ്പെക്സ് സംഘങ്ങളിൽ മാത്രം ഒതുക്കിനിർത്തുന്ന ഒരു ഭേദഗതി മാത്രമേ നമുക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ എന്നാണ് എനിക്ക് അക്കാര്യത്തെ സംബ ന്ധിച്ച് സൂചിപ്പിക്കുവാനുള്ളത്. ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ ഇതുവരെയും ഇവിടെ എത്തിയിട്ടില്ല. അദ്ദേഹം എന്റെ പ്രസംഗം അവസാനി പ്പിക്കുന്നതിന് മുമ്പ് വന്നാൽ നന്നായിരുന്നുവെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അതുവരെ വെയ്റ്റ് ചെയ്യേണ്ട.

ശ്രീ. കെ. ശിവദാസൻ നായർ: അതുവരെയും വെയിറ്റ് ചെയ്യാൻ പറ്റില്ല. എനിക്ക് ദീർഘമായി പ്രസംഗിക്കാനുള്ള കഴിവില്ല.

മി. സ്പീക്കർ: അത് ശരിയല്ല, കഴിവുണ്ടെന്ന് ഇപ്പോൾ തെളി യിച്ചുകഴിഞ്ഞു.

ശ്രീ. കെ. ശിവദാസൻ നായർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രസിഡന്റായിരുന്നു. ആ ബാങ്കിന്റെ സംസ്ഥാന ബോർഡിൽ ഞാൻ അംഗമായിരുന്നു. അദ്ദേഹം പ്രസി ഡന്റായ തെരഞ്ഞെടുപ്പിൽ, വയനാട് പനവരം കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്ന് തലേദിവസം അവിടുത്തെ ഓതറൈസേഷൻ ലെറ്ററുമായി ആ ബാങ്കിന്റെ ഡെലിഗേറ്റ് ശ്രീ. കുഞ്ഞിരാമൻ നായർ തിരുവനന്തപുരത്തേയ്ക്ക്

തിരിച്ചു. അദ്ദേഹം വയനാട്ടിൽ നിന്ന് കോഴിക്കോട് വരികയും അവിടെ നിന്ന് ട്രെയിനിൽ തിരുവനന്തപുരത്തേയ്ക്ക് വന്നുകൊണ്ടിരുന്ന സമയത്ത് ആ ബാങ്കിലെ ഭരണസമിതി പിരിച്ചുവിടുകയും അവിടെയൊരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തു. ആ അഡ്മിനിസ്ട്രേറ്റർ സീലും, ഒരു ലെറ്റർ ഹെഡ്ഡുമായി തിരുവനന്തപുരത്ത് വന്ന് പുതിയ ഒരാളെ അപ്പോയിന്റ് ചെയ്തു. അങ്ങനെ വോട്ട് ചെയ്ത് പ്രസിഡന്റായ ആളാണ് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ.  ഇവർ ജനാധിപത്യത്തെക്കുറിച്ച് വാചാലമായി സംസാരിക്കുകയാണ്. ഞാൻ സത്യമേ പറയൂ. അദ്ദേഹവും സത്യമേ പറയുകയുള്ളൂ. അദ്ദേഹം കൃഷ്ണൻ നായർ, ഞാൻ ശിവദാസൻ നായർ – ഞങ്ങൾ രണ്ടു പേരും സത്യമേ പറയൂ. ഈ ജനാധിപത്യബോധം എപ്പോഴാണ് അദ്ദേഹത്തിന് വരുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇക്കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ട് നമ്മൾ ജനാധിപത്യത്തെക്കുറിച്ച് ഇവിടെവന്ന് വാചാലമായി പറയരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ സംസാരിച്ചു. പരിയാരം മെഡിക്കൽ കോളേജിൽ ഭരണം പിടിച്ചെടുക്കാൻ ജനാധിപത്യപരമായ മാർഗ്ഗമാണോ ശ്രീ. ഇ. പി. ജയരാജൻ സ്വീകരിച്ചത്? ശ്രീ. ഇ. പി. ജയരാജൻ ജനാധിപത്യത്തെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ ജനാധിപത്യം എന്താണെന്ന് കേരളത്തിലെ ജനങ്ങൾക്കെല്ലാം അറിയാം. ആ ജനാധിപത്യം ശ്രീ. സി. എൻ. ബാലകൃഷ്ണൻ സ്വീകരിക്കണമെന്ന് പറയുന്നതിൽ എന്താണ് അർത്ഥം. ഇവിടെ........

ശ്രീ. ഇ. പി. ജയരാജൻ: ഇവിടെ നിങ്ങൾ ഉന്നയിച്ച വിഷയം, കേരള ഹൈക്കോടതിയിലും മറ്റ് കോടതിയിലുമൊക്കെ സമർപ്പിച്ചതല്ലേ; കോടതിയുടെ നിഗമനം എന്തായിരുന്നു? അവിടെ നടന്ന തെരെഞ്ഞെടുപ്പ്, അർഹതപ്പെട്ട ആളുകൾ ജനാധിപത്യപരമായി നടത്തിയ തെരഞ്ഞെടുപ്പാണെന്നും

നിങ്ങളും നിങ്ങളുടെ കക്ഷികളും നടത്തിയിട്ടുള്ളത് നിയമവിരുദ്ധ പ്രവർത്തനമാണെന്നുമാണ് ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. ശിവദാസൻ നായർ: ശ്രീ. ഇ. പി. ജയരാജൻ, അങ്ങേയ്ക്ക് കോടതിയെക്കുറിച്ച് വല്ലപ്പോഴും മാത്രമാണെങ്കിലും ബഹുമാനം തോന്നുന്നത് നല്ലതാണ്. എപ്പോഴും അങ്ങേയ്ക്ക് ആ ബഹുമാനം തോന്നാറില്ല. ചില കാര്യങ്ങളിൽ മാത്രം അങ്ങേയ്ക്ക് വലിയ ബഹുമാനം തോന്നുന്നു. പക്ഷേ, പരിയാരം മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ അങ്ങയുടെ പാർട്ടിയെടുത്ത ജനാധിപത്യവിരുദ്ധമായ നിലപാടിനെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കെല്ലാം അറിയാം. ജനാധിപത്യവിരുദ്ധമാണെന്നാണ് നിങ്ങൾ ഈ നിയമത്തെക്കുറിച്ച് പറയുന്നത്. ഗവൺമെന്റ് കൺട്രോൾ ഒഴിവാക്കുന്നതിലാണോ, വേണമെന്ന് പറയുന്നതിലാണോ ജനാധിപത്യം?

ശ്രീ. കെ. കെ. ജയചന്ദ്രൻ: അങ്ങ് ഇവിടെ പ്രസംഗിച്ച കാര്യങ്ങൾ, ഈ ബില്ലിനെ ശ്രീ. സി. എൻ. ബാലകൃഷ്ണൻ ധൃതരാഷ്ട്രരെപ്പോലെ ആലിംഗനം ചെയ്തിരിക്കുന്നുവെന്ന് ശ്രീ. ജി. സുധാകരൻ പറഞ്ഞത് ശരിവയ്ക്കുന്ന രൂപത്തിലാണ്. ഇതിനകത്ത് പ്രധാനപ്പെട്ട വകുപ്പുകളെല്ലാം നിഷേധിക്കണമെന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ ബിൽ പിൻവലിക്കണമെന്ന് പറയുന്നതല്ലേ നല്ലത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. കെ. കെ. ജയചന്ദ്രൻ എഴുന്നേറ്റതുകൊണ്ട് ഞാൻ പറയാം. അന്ന് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ മത്സരിച്ച സമയത്ത് ഇടുക്കിയിൽ നിന്ന് കോൺഗ്രസ്സ് (എസ്)–ന്റെ പ്രതിനിധി ഉണ്ടായിരുന്നു. അവിടെ ഭൂരിപക്ഷവും സി.പി.ഐ (എം) –കാർ ആയിരുന്നു. പക്ഷേ ഡെലിഗേറ്റ് കോൺഗ്രസ് (എസ്)–ന്റെ ആയിരുന്നു.

ഇലക്ഷന് വോട്ടുചെയ്യാൻ വന്നപ്പോൾ വേറെ ആളിനെ അവിടെ നിന്ന് ഇങ്ങോട്ട് വിട്ടു. ആ ജനാധിപത്യം കാണിച്ചു ഇടുക്കിയിൽ. ഞാൻ ഇടുക്കി യിലെ കാര്യവും പറയാം. അതുകൊണ്ട് എന്റെയടുത്ത് ശ്രീ. കെ. കെ. ജയ ചന്ദ്രൻ ജനാധിപത്യംപറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കരുത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഈ പറഞ്ഞ കാര്യ ങ്ങൾക്ക് ഞാൻ മറുപടിയൊന്നും പറയുന്നില്ല. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിൽ ഡയറക്ടറായിരിക്കുമ്പോൾ നാഷണൽ ഫെഡറേഷന്റെ നോമിനിയായിരുന്നു ശ്രീ. കെ. ശിവദാസൻ നായർ. ആ നോമിനിക്ക് ഭൂരി പക്ഷം നഷ്ടപ്പെട്ടപ്പോൾ മാറ്റി ശ്രീ. രാജേന്ദ്രൻ അവിടത്തെ ഡെലിഗേറ്റായി. ശ്രീ. കെ. ശിവദാസൻ നായർ ഇവിടെനിന്ന് എങ്ങനെയാണ് ഡൽഹിയിലെ സംസ്ഥാന സഹകരണ ബാങ്കിന്റെ ഡെലിഗേറ്റായി നാഷണൽ ഫെഡറേ ഷനിൽപ്പോയതെന്ന് പറഞ്ഞാൽ നന്നായിരുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: കോടതിയിൽ ഒരു തീരുമാനം വന്നുകഴി ഞ്ഞാൽ അത് അംഗീകരിച്ചുകൂടെയെന്ന് ശ്രീ. ഇ. പി . ജയരാജൻ ചോദിച്ചു. എന്നെ ഫെഡറേഷനിൽ ഡെലിഗേറ്റാക്കിയത് മാറ്റണമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. രാജേന്ദ്രൻ കോടതിയിൽ കേസ് കൊടുത്തു. അതിന്റെ ബിൽ കാർഷികഗ്രാമ വികസന ബാങ്കിൽ നിന്നാണ് കൊടുത്തത്. എന്നിട്ട് എന്തായി; ആ വിധി അംഗീകരിക്കേണ്ടേ? അതുകൊണ്ട്, ഓരോ കാര്യങ്ങളും എനിക്ക് നന്നായി അറിയാം. അങ്ങ് ഇവിടെ ഇല്ലാതിരുന്നപ്പോൾ ഞാൻ വേറൊരു കാര്യം കൂടി സൂചിപ്പിച്ചു. അങ്ങ് 'പാവം' എന്ന് പറഞ്ഞ ശ്രീ. ഇ. നാരായണൻ എൻ.സി.ഐ.ഒ-യുടെ ഡയറക്ടർ ബോർഡിലേയ്ക്ക് തെരെഞ്ഞെടുപ്പ് നടന്ന

പ്പോൾ അങ്ങയുടെ നിലപാട് അദ്ദേഹത്തിന് എതിരായിരുന്നുവെന്ന് സൂചിപ്പിച്ചു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ശ്രീ. കെ. ശിവദാസൻ നായർ മനസ്സിലാക്കേണ്ടത്, ശ്രീ. ഇ. നാരായണന് എതിരായി കൂറുമാറുകയോ ഒന്നും ഞാൻ ചെയ്തിട്ടില്ല, ചെയ്യുകയുമില്ല. ഇവിടെ ഞാൻ ചോദിച്ച ചോദ്യമിതല്ല. ഇവിടത്തെ ഡെലിഗേറ്റ് സ്ഥാനം പോയപ്പോൾ ശ്രീ. കെ. ശിവദാസൻ നായർ ഡൽഹിയിൽ, സംസ്ഥാന സഹകരണ ബാങ്കിൽ ഡെലിഗേറ്റായി പോയത് എങ്ങനെ; ഏത് നിയമപ്രകാരം എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. കെ. ശിവദാസൻ നായർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ഞാൻ ഇപ്പോഴും ഫെഡറേഷന്റെ ചെയർമാനും നാഷണൽ കോ–ഓപ്പറേറ്റീവ് യൂണിയന്റെ വൈസ് ചെയർമാനും ഏഷ്യാ പെസഫിക് റീജിയണൽ ബാങ്കിംഗ് കമ്മിറ്റിയുടെ ചെയർമാനുമാണ്. എന്നെ മാറ്റാനായി നിങ്ങൾ ഒരുപാട് ശ്രമിച്ചു. നിങ്ങളെക്കൊണ്ട് അതിന് കഴിയില്ലായെന്ന് നിങ്ങളുടെ മുഖത്ത് നോക്കി ഞാൻ പറയുന്നു. നിങ്ങളുടെ ഭരണകാലത്തും നടന്നിട്ടില്ല. അങ്ങനെ നടക്കുമെന്ന് നിങ്ങൾ വിചാരിക്കുകയും വേണ്ട. ശ്രീ. പിണറായി വിജയനും ശ്രീ. എസ്. ശർമ്മയും എന്നെ മാറ്റാൻ വേണ്ടി മൂന്ന് പ്രാവശ്യം നിയമത്തിൽ ഭേദഗതി വരുത്തിയിട്ടും എന്നെ മാറ്റാൻ സാധിച്ചില്ല. അതുകൊണ്ട് അക്കാര്യങ്ങളൊന്നും വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. ഈ സഹകരണ നിയമം ജനാധിപത്യം പുന:സ്ഥാപിക്കുന്നതിനുവേണ്ടിയാണ്, ഡെമോക്രാറ്റിക് കൺട്രോൾ കൊണ്ടുവരുന്നതിനുവേണ്ടിയാണ്, കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ഇഷ്ടം പോലെ പിരിച്ചുവിടുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ജനാധിപത്യത്തിന്റെ നായകസ്ഥാനത്താണ് ശ്രീ. സി.എൻ. ബാലകൃഷ്ണനെ ഇവിടെ ഇരു

ത്തിയിരിക്കുന്നതെന്ന് കാര്യം ഞാൻ ഈ അവസരത്തിൽ പറയുന്നു. ഞാൻ ഈ ബില്ലിനെ അംഗീകരിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ശ്രീ. കെ. കെ. നാരായണൻ, ശ്രീ. ജി. സുധാകരൻ, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. കെ. ശിവദാസൻ നായർ എന്നിവരെല്ലാം പറഞ്ഞ നല്ലകാര്യങ്ങൾ സ്വീകരിക്കുന്നുവെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. 97-ാം ഭരണഘടനാഭേദഗതി ബിൽ വായിച്ചിട്ടുണ്ടെങ്കിൽ, ഡെപ്പോസിറ്റിലും പ്രവർത്തനത്തിലും ശക്തിയിലും സാമ്പത്തിക ഭദ്രതയിലുമൊക്കെ സംസ്ഥാനത്തെ സഹകരണമേഖല വളരെയധികം വളർന്നിട്ടുണ്ടെന്നുള്ളത് മനസ്സിലാക്കാം. പല ബാങ്കുകളിലും സെക്രട്ടറിമാരും ഭരണസമിതി അംഗങ്ങളും സാമ്പത്തിക അഴിമതി നടത്തുകയാണ്. നമുക്ക് എവിടെയെങ്കിലുംവച്ച് അത് നിയന്ത്രിക്കണ്ടേ; ഈ മേഖലയിൽ എല്ലാവരും ഒരുമിക്കണ്ടേ; വലിപ്പമുള്ള അളുകൾക്കെതിരെ കണ്ണടയ്ക്കണമോ? അതിലൊരു രാഷ്ട്രീയവുമില്ല. അതിന് കൂട്ടായ നടപടി വേണം. അത് മനസ്സിലാക്കിക്കൊണ്ടുള്ള നിയമങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകാനുള്ള 97-ാം ഭരണഘടനാ ഭേദഗതി ഈ പ്രസ്ഥാനത്തെ നന്നാക്കുവാനുള്ളതാണ്. നമ്മുടെ ഓഡിറ്റ് രണ്ടുമൂന്ന് കൊല്ലമായി പുറകിലാണ്. കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന, പൊതുജനങ്ങളിൽ നിന്ന് വാങ്ങിയ പണം യഥാസമയം ചെലവഴിക്കുന്ന കണക്കുകളൊക്കെ ഭരണസമിതി പൊതുയോഗത്തിന് മുന്നിൽ വയ്ക്കേണ്ട ബാധ്യതയുണ്ട്. അത് ശരിയായി നടത്തണ്ടേ? എന്നാൽ അങ്ങനെ നടക്കുന്നില്ല. ശരിയായി

നടക്കണമെങ്കിൽ ഓരോ വർഷവും കൃത്യമായ ഓഡിറ്റ് വേണം. പല സംഘങ്ങളിലായി പൊതുജനങ്ങളുടെ 40 കോടിയോളം രൂപ കാണാതിരിക്കുകയാണ്. അത് കണ്ടുപിടിക്കുവാൻ ഓഡിറ്റില്ല. പൊതുയോഗങ്ങൾ സമയത്ത് കൂടുന്നില്ല, റിപ്പോർട്ട് വയ്ക്കുന്നില്ല. നഷ്ടം എങ്ങനെവന്നു എന്ന കാര്യം പൊതുയോഗത്തെ അറിയിക്കില്ല. ഭരണസമിതി ചർച്ച ചെയ്യില്ല. നഷ്ടം ലാഭകരമാക്കാൻ എന്ത് നടപടിയെടുത്തു എന്നറിയാൻ ഓഡിറ്റ് സംവിധാനം വേണം. അതിൽ നിന്നുകൊണ്ട് സംസ്ഥാന നിയമത്തിൽ ചില മാറ്റം വരുത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പിൽ മാറ്റം വരുത്തി ചിട്ടയോടുകൂടി നടത്തണം. അതിന് സമയം കൊടുത്തിട്ടുണ്ട്. തെരഞ്ഞെടുപ്പിന് അഞ്ചുകൊല്ലം കൃത്യമായി വച്ചിരിക്കുകയാണ്. അതിൽ മാറ്റം വരുത്താൻ പറ്റില്ല. ത്രിതലപഞ്ചായത്ത് ഇലക്ഷൻ പോലെയാണ്. അത് നല്ലതല്ലേ. ഓഡിറ്റില്ലാതെ ലാഭനഷ്ടക്കണക്ക് അറിയാൻ കഴിയുമോ? അത്രയും വലിപ്പമുള്ളതാണ് സഹകരണമേഖല. കഴിഞ്ഞമാസം ഞാൻ പരിയാരം പഞ്ചായത്തിലെ മാള സഹകരണ സംഘത്തിൽ പോയിരുന്നു. അവിടെ 430 കോടി ഡെപ്പോസിറ്റാണുള്ളത്. നല്ല സാമ്പത്തിക ഭദ്രതയുള്ള ബാങ്കാണത്. അങ്ങനെയല്ലാത്ത ബാങ്കുകളുമുണ്ട്. പക്ഷേ അവിടെയൊക്കെ രണ്ടും നാലും വർഷത്തെ ബാലൻസ് ഓഡിറ്റുണ്ട്. അയ്യായിരത്തോളം സംഘങ്ങൾക്ക് 10 വർഷമായി ഓഡിറ്റില്ല. നാലായിരത്തോളം സംഘങ്ങളിൽ മൂന്നുനാല് വർഷത്തെ ബാലൻസുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ 97-ാം ഭരണഘടനാ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ അതിന്റെ അന്തസത്ത മനസ്സിലാക്കിക്കൊണ്ട് ബില്ലിനെ ഉൾക്കൊണ്ടുകൊണ്ടുള്ള വിമർശനമൊക്കെയാകാം. പക്ഷേ അങ്ങനെയുള്ള വിമർശനങ്ങളൊന്നും

ഇവിടെ കേട്ടില്ല. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. ആ കമ്മീഷൻ 2008-ൽ അവസാനിച്ചു. അന്ന് സഹകരണ വകുപ്പുമന്ത്രി ശ്രീ. എം. വി. രാഘവനും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമായിരുന്നു. വ്യക്തിപരമായി എനിക്ക് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ഇത്രയും വലിയ സാമ്പത്തിക പാക്കേജുള്ള റിപ്പോർട്ട് നമ്മൾ അനുഭവിക്കാൻ പോകുകയാണ്. ഈ ബാങ്കിംഗ് റെഗുലേഷൻ ആക്ടും 97-ാം ഭരണഘടനാ ഭേദഗതി ബില്ലും അതിന്റെ ഫലമായിട്ടുണ്ടായതാണ്. ഇതിലൊന്നും നമ്മൾ ഭയപ്പെടേണ്ട. ദയവായി ഈ സഭയോട് ഞാൻ പറയാം. ജനങ്ങളുടെ 95,000 കോടി രൂപയോളം ഡെപ്പോസിറ്റുണ്ട്. ജനങ്ങളുടെ പണമാണിത്. ബി.ആർ. ആക്ട്, ഇൻകം ടാക്സ്, സർവ്വീസ് ടാക്സ് എന്നൊക്കെ പറഞ്ഞ് ഡെപ്പോസിറ്റുകൾ പിൻവലിക്കുന്ന സാഹചര്യം നമ്മൾ ഉണ്ടാക്കരുത്. ദയവായി ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്. ഈ ഭരണഘടനാ ഭേദഗതിയെക്കുറിച്ച് നമ്മൾ മനസ്സിലാക്കാതെ പുറത്തുപോയി പറഞ്ഞിട്ട് കാര്യമില്ല. കേന്ദ്രഗവൺമെന്റ് എന്ത് കൊണ്ടുവന്നാലും എല്ലാത്തിനേയും എതിർക്കുന്ന രീതി ഗുണം ചെയ്യില്ല. ഇത് ഇപ്പോൾ പാർലമെന്റ് പാസ്സാക്കിയതാണ്. അവിടെ നിങ്ങളുടെയും എല്ലാവരുടെയും അൾക്കാരുണ്ടായിരുന്നില്ലേ; അവിടെ ഇതുസംബന്ധിച്ച് ഏകകണ്ഠമായി പാസ്സാക്കിയിട്ട് ഇവിടെ വന്ന് എതിർക്കുന്നതുകൊണ്ട് എന്താണ് കാര്യം; നിങ്ങൾ ശ്രദ്ധിക്കണ്ടേ?

<u>ശ്രീ. എസ്. ശർമ്മ</u>: പാർലമെന്റ് പാസ്സാക്കിയ കാര്യമൊക്കെ അങ്ങ് പറയുന്നല്ലോ. അങ്ങുതന്നെ നേതൃത്വം കൊടുത്ത സഹകരണ കോൺഗ്രസ് തൃശ്ശൂരിൽ നടന്നല്ലോ; ആ സഹകരണ കോൺഗ്രസ്സിൽ ഞാൻ പങ്കെടുത്ത

ഒരു ചടങ്ങുണ്ടായിരുന്നു. അവിടെ സ്വാഗതം പറഞ്ഞ പാലക്കാട്ടെ ശ്രീ. ചന്ദ്രൻ, അറിയപ്പെടുന്ന സഹകാരിയും കേരളത്തിലെ കോൺഗ്രസ് നേതാക്കളിൽ ഒരാളുമാണ്. ഈ നിയമം റിസർവ്വ് ബാങ്കിന്റെ റെഗുലേഷന് വിധേയമായി ബാങ്കിംഗ് എന്നുള്ള സ്റ്റാറ്റസ് നിലനിർത്തുന്ന സ്ഥിതി വന്നാൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇതുവരെ ആർജ്ജിച്ച നേട്ടങ്ങൾ തകർക്കുന്നതിലേയ്ക്ക് വഴിവയ്ക്കുമെന്നുള്ള ഉത്കണ്ഠ ഏകകണ്ഠമായിട്ടല്ലേ സഹകരണ കോൺഗ്രസ്സ് അവിടെ പാസ്സാക്കിയത്?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഇതിൽ ഇപ്പോൾ ഞാൻ അനുകൂലിക്കുന്നുവെന്ന അർത്ഥമൊന്നും വിചാരിക്കണ്ട. ആ ധാരണയൊന്നും വേണ്ട. അതായത് കേരളത്തിലെ സഹകരണമേഖല നിലനിൽക്കണമെന്നുതന്നെയാണ് എന്റെ ആഗ്രഹം. പക്ഷേ കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഇന്ത്യൻ പാർലമെന്റിൽ പാസ്സായി. അപ്പോൾ അത് ഭരണഘടനാ ഭേദഗതിയേയും ബാധിക്കില്ലേ? ഇത് നമുക്ക് ഇഷ്ടമില്ലെങ്കിലും ഇവിടെ അംഗീകരിച്ചേ പറ്റൂ. ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ ഒരു ഉദാഹരണം പറയാം. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കും ലൈസൻസ് ഇല്ലാത്ത ബാങ്കുകളുണ്ടായിരുന്നു. അവിടെയും ലോൺ കൊടുക്കലും ബിസിനസ്സ് നടത്തലുമൊക്കെയുണ്ടായി. അടുത്ത കാലത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കോഴിക്കോടും തിരുവനന്തപുരം ജില്ലാ ബാങ്കുകൾക്കും ലൈസൻസ് കിട്ടിയത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അന്ന് മന്ത്രി അതിൽ ഇടപെട്ട് 25 കോടി രൂപ കൊടുത്ത്.................... കോഴിക്കോട് ബാങ്കിനെ സംബന്ധിച്ചാണ് പറഞ്ഞത്. ഇതിന് ലൈസൻസ് കിട്ടാനുള്ള വഴി നോക്കണമെന്നും

ലൈസൻസ് കിട്ടാതെ പ്രവർത്തനം നടത്തരുതെന്നും ഞാൻ പറഞ്ഞിരുന്നു. ഞാൻ രണ്ടു പ്രാവശ്യം കോഴിക്കോട് പോയി എല്ലാ സംഘങ്ങളെയും വിളിച്ചുകൂട്ടി അവരുടെ ഷെയർ കൊടുക്കാൻ പറഞ്ഞു. തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈസൻസ് കിട്ടി. ഇത് വലിയ സംഭവമായിട്ടൊന്നും എടുക്കണ്ട. നമ്മൾ ബാങ്കായിട്ടല്ല, സഹകരണ സംഘമായിട്ടാണ് രജിസ്റ്റർ ചെയ്തത്. നമുക്ക് ഡെപ്പോസിറ്റ് തരുന്നത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. സഹകരണമേഖല ജനാധിപത്യ സ്വഭാവമുള്ളതുകൊണ്ടും അതിന് നേതൃത്വം കൊടുക്കുന്നവരുടെ കഴിവുകൊണ്ടും നിക്ഷേപിച്ചിരിക്കുന്ന ഡെപ്പോസിറ്റാണ്. അല്ലാതെ ഫേമിന്റെ പേരിലൊന്നുമല്ല. അങ്ങനെ ഭയപ്പെടുകയൊന്നും വേണ്ട. ഇതിൽ കേരളത്തിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ളതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചിരിക്കുകയാണ്. ഞാനും കത്തയച്ചിട്ടുണ്ട്. നമുക്ക് സമയമുണ്ട്. കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലൈസൻസ് കിട്ടാനൊക്കെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ ഭയപ്പെട്ടുകൊണ്ട് മുന്നോട്ടുപോകരുത്. കൂട്ടായി ആലോചിച്ച് നമുക്ക് കാര്യം പരിഹരിക്കണമെന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

ഈ ബില്ലിന്റെ പരിഗണനാവേളയിൽ നിയമസഭയിലും സബ്ജക്ട് കമ്മിറ്റിലുമായി ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ഭേദഗതികളിൽ സ്വീകരിക്കാവുന്ന ഭേദഗതികളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘങ്ങളുടെ പ്രവർത്തനത്തിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഭരണസമിതി അംഗങ്ങളുടെ എണ്ണം 21 ആയി നിജപ്പെടുത്തുന്നതിനും സംഘം പൊതുയോഗത്തിന് പ്രത്യേക

അധികാരങ്ങൾ നൽകിക്കൊണ്ടും സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമമാക്കി മാറ്റുന്നതിനുമുള്ള ഭേദഗതികളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 97-ാം ഭരണഘടനാ ഭേദഗതി നിയമം 2011 ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനത്തോടൊപ്പം സഹകരണ മേഖലയെ ഭരണഘടനയിൽ ഉൾപ്പെടുത്തുകവഴി ഈ മേഖലയെ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതുമൂലം സംസ്ഥാനങ്ങളുടെ അധികാരങ്ങളൊന്നും ഹനിക്കപ്പെട്ടിട്ടില്ല. മറിച്ച് സഹകരണ മേഖലയ്ക്ക് ഭരണഘടനാ പരിരക്ഷ ലഭിക്കുകയും അംഗങ്ങളെ കൂടുതൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും സംഘങ്ങൾ ക്രമമായി പൊതുയോഗം കൂടുന്നതിനും ഓഡിറ്റ് കാലാനുസൃതമായി നടത്തുന്നതിനും സഹകരണ സംഘങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തിക്കുവാനും കഴിയുന്നതാണ്. അതോടൊപ്പം സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജീവസ്സുറ്റതാക്കുവാനും ശക്തിപ്പെടുത്തുന്നതിനുമുള്ള അവസരം കൈവരിക്കുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ചിറ്റയം ഗോപകുമാർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള സഹകരണസംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള സഹകരണസംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri B. Satyan: Sir, I move the following amendment;

105. Section 2(aa) proposed to be inserted in the principal Act by clause 2(i) shall be deleted.

സെക്ഷൻ 2(aa) എന്ന പുതിയ ക്ലോസ് ചേർക്കുന്നതിനുവേണ്ടി നിലവിലുള്ള പാരന്റ് ആക്ടിൽ 2(i) ഡിലീറ്റ് ചെയ്തുകൊണ്ടാണ് പുതിയ 2(aa) എന്ന സെക്ഷൻ അതിനകത്ത് ഇൻകോർപ്പറേറ്റ് ചെയ്തത്. അതിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. അതിൽ 2(aa) എന്നുപറയുന്നത് അസിസ്റ്റന്റ് ഫെസിലിറ്റി എന്നുപറയുന്ന ഭാഗം കൂടി ചേർക്കുന്നതിനുവേണ്ടിയാണ്. അസിസ്റ്റന്റ് ഫെസിലിറ്റി എന്നുപറയുന്ന ഭാഗത്ത് അസിസ്റ്റന്റ് ഫെസിലിറ്റി, അത് ഏത് സമയവും ഗവൺമെന്റിന്റെ അസിസ്റ്റൻസോടുകൂടി പ്രവർത്തി

ക്കുന്ന സംഘങ്ങൾക്ക് ഗ്രാന്റോ ലോണോ മറ്റ് പലതരത്തിലുള്ള സഹായങ്ങളോ കിട്ടുന്ന സംഘങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതുവഴി ഗവൺമെന്റിന് നേരിട്ട് ഇടപെടാൻ കഴിയുന്ന സൗകര്യം ഒരുക്കുന്നതിനുവേണ്ടിയാണ് 2(aa) എന്ന വകുപ്പുകൂടെ കൂട്ടിച്ചേർക്കുകയും അതിലെ 2(i) വകുപ്പ് ഡിലീറ്റ് ചെയ്യുമെന്നുള്ള ഭാഗം പറയുന്നതും. അതുകൊണ്ടുതന്നെ അതിനെ എതിർക്കുകയും അത് ഒഴിവാക്കപ്പെടണമെന്നുള്ളതുമാണ് ഉദ്ദേശിക്കുന്നത്.

<u>ടവ്യൂശ ഖമാലെ ങമവേലം</u>: ടശ്യ, ക ാീല വേല ളീഹഹീംശിഴ മാലിറാലിേ;

107. In section 2(aa) proposed to be inserted in the principal Act by clause 2(i) for the words “or any guarantee” add the words “or any deposit guarantee scheme”

<u>Shri K. Sivadasan Nair</u>: Sir, I move the following amendment;

108. In section 2(aa) proposed to be inserted in the principal Act by clause 2(i) delete the words “or from Boards constituted by the Government for repayment of loan, interest or deposits”.

<u>Shri Joseph Vazhackan</u>: Sir, I move the following amendment;

110. In section 2(aa) proposed to be inserted in the principal Act by clause 2(i), add the words and declared as such by Registrar at the end.

<u>Shri T. A. Ahmed Kabeer</u>: Sir, I move the following

amendment;

111. In section 2(ab) proposed to be inserted in the principal Act by clause 2(i), for the words “a close”, the words “an accurate” shall be substituted.

Shri M. Ummer: Sir, I move the following amendment;

113. In section 2(ab) proposed to be inserted in the principal Act by clause 2(i) in between the words “were” and “useful” the words “professional and” shall be inserted.

Shri Dominic Presentation: Sir, I move the following amendment;

115. In section 2(ab) proposed to be inserted in the principal Act by clause 2(i), add the words “and declared as such by Registrar at the end”.

Shri A.K. Balan: Sir, I move the following amendments;

116. In section 2(da), proposed to be inserted in the principal Act by clause 2(ii), delete the words, “and includes an officer of the state government or an employee of any other institution or co-operative society.”

രണ്ടാം വകുപ്പിന്റെ ഭേദഗതിയാണ്. സഹകരണ സംഘത്തിന് പുറത്തു നിന്ന് ഒരാൾ ഡെപ്യൂട്ടേഷനിൽ, സംഘത്തിന്റെ ഉദ്യോഗസ്ഥ തലവനായി അതായത് ചീഫ് എക്സിക്യൂട്ടീവായി നിയമിക്കാനുള്ളതാണ് ഈ ഭേദഗതി.

ഇത് അംഗീകരിച്ചുകഴിഞ്ഞാൽ നിലവിലുള്ള നമ്മുടെ സംഘത്തിന്റെ വളർച്ച യേയും അതിന്റെ പുരോഗതിയേയും ബാധിക്കും. ഈ സ്ഥാപനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആ നാട്ടുകാരൻ തന്നെയായിരിക്കുന്ന ഒരു സംഘം സെക്രട്ടറിയാണ് ഇപ്പോൾ ഇതൊക്കെ നോക്കുന്നത്. സഹകാരികളുമായും ഭരണസമിതിയുമായും നല്ല ബന്ധം പുലർത്തുന്നവരും സംഘത്തിന്റെ പുരോഗതിയിൽ മാത്രം ശ്രദ്ധ ചെലുത്തുന്ന ആൾക്കാരുമാണ് ഇപ്പോഴുള്ള ഈ സെക്രട്ടറിമാർ. കേവലമായ ഒരു എക്സിക്യൂട്ടീവിന്റെ അധികരാത്തിന പ്പുറം സഹകരണ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വലിയ സംഭാവന നടത്തുന്നതാണ് ഈ സെക്രട്ടറിമാർ. അതിനുപകരം പുറത്തുനിന്ന് നമ്മൾ ഒരാളെ ഡെപ്യൂഷനിൽ കൊണ്ടുവരുന്നത് യഥാർത്ഥത്തിൽ ഒരു ബ്യൂറോക്രാറ്റിക് സംവിധാനത്തിലേയ്ക്ക് എത്തിച്ച് ഈ സ്ഥാപനത്തെ നശിപ്പി ക്കും. അതാണ് എന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് സൂചി പ്പിക്കാനുള്ളത്. അതുകൊണ്ട് “and includes an officer of a state government or an employee of any other institution or co-operative society.” അത് ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ 116-ാം നമ്പർ ഭേദഗ തി.

125. In section 2(1a) of the principal Act proposed to be substituted by clause 2(iv) delete the words, “and which accept deposits from their members on him and no deposits shall be accepted from nominal or associate members,.”

സംഘത്തിന്റെ അംഗങ്ങൾ അല്ലാത്തവരിൽ നിന്ന് ഡെപ്പോസിറ്റുകൾ വാങ്ങുന്ന നിലവിലുള്ള സംവിധാനം പാടില്ല എന്ന വ്യവസ്ഥ യഥാർത്ഥ ത്തിൽ നമ്മുടെ സംഘങ്ങളുടെ അടിത്തറ തോണ്ടുന്നതാണ്. പ്രാദേശികമായി സഹകരണ സ്ഥാപനങ്ങളുമായി നല്ല ബന്ധമുള്ളവരാണ് ആ പ്രദേശത്തെ അത്യാവശ്യം സാമ്പത്തികശേഷിയുള്ള വ്യാപാരികൾ, ഉദ്യോഗസ്ഥർ, പ്രവാസികൾ, വലിയ കർഷകർ – ഇവർക്കെല്ലാം സംഘത്തിൽ ഡെപ്പോസിറ്റ് ചെയ്യാൻ നല്ല സമ്പത്തുള്ളവരും ശേഷിയുള്ളവരുമാണ്. നിലവിൽ അത്തര ക്കാരുടെ ധാരാളം നിക്ഷേപം നമ്മൾ സ്വീകരിക്കുന്നുണ്ട്. അതിന് തടസ്സം വന്നുകഴിഞ്ഞാൽ അത് ഈ സ്ഥാപനത്തിലേയ്ക്ക് അനുകൂലമായിട്ടുള്ള ഇൻഫ്ളോ, സമ്പത്തിന്റെ ഒഴുക്ക് ഇല്ലാതെയാക്കും. പിന്നെ ഈ സ്ഥാപനം സാമ്പത്തികമായി നശിക്കും. അതുകൊണ്ട് ഒരുരൂപത്തിലും ഇത് അംഗീകരി ക്കാൻ പാടില്ല. അതുകൊണ്ട് അത് ഒഴിവാക്കണം അതായത് "and which accept deposits from their members on him and no deposits shall be accepted from nominal or associate members,". ഇത് ഈ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ പരിപൂർണ്ണമായും നശിപ്പിക്കും. ഈ രണ്ട് ഭേദഗതിക ളാണ് ഈ ക്ലോസ്സുകളുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

Shri K. Suresh Kurup: Sir, I move the following amendment;

119. In section 2(da) proposed to be inserted in the principal Act by clause 2(ii) shall be recast as follows –

"(da) "Chief Executive" means the Secretary or Manager of a society as the case may be."

ശ്രീ. എ.കെ. ബാലൻ മൂവ് ചെയ്ത ഭേദഗതിയുടെ ചുവടുപിടിച്ചുള്ള ഭേദഗതിയാണ് ഇത്. അതായത്, ഈ ബാങ്കിൽ ഇപ്പോഴുള്ള സെക്രട്ടറി, മാനേജർ എന്നിവർക്ക് പകരം അല്ലെങ്കിൽ അവർക്ക് മുകളിൽ ചീഫ് എക്സി ക്യൂട്ടീവ് എന്നുപറഞ്ഞ് മറ്റൊരു തസ്തിക കൂടി സൃഷ്ടിക്കുകയാണ്. വേണമെങ്കിൽ അയാളെ എവിടെ നിന്നെങ്കിലും ഡെപ്യൂട്ടേഷനിൽ കൊണ്ടുവ രാം. മറ്റൊരു തസ്തിക ഇതിനെല്ലാം സൃഷ്ടിക്കുകയാണ്. അതിന്റെ ആവശ്യ മില്ല. ഇനി ചീഫ് എക്സിക്യൂട്ടീവിന് ആ പേര് കൊടുക്കണമെങ്കിൽ മാനേജർക്കോ സെക്രട്ടറിക്കോ ആ പേരിട്ട് ചീഫ് എക്സിക്യൂട്ടീവ് എന്നുള്ള നിലയിൽ പ്രവർത്തിക്കാം. ഇപ്പോഴുള്ള സംവിധാനത്തിൽ മാറ്റം വരുത്തേണ്ട ഒരു കാര്യവുമില്ല. സ്ഥാനപ്പേര് മാറ്റണമെന്നുണ്ടെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് എന്ന് ഈ രണ്ട് ആളുകൾക്ക് ആർക്കെങ്കിലുമാക്കാം. അതാണ് എന്റെ ഭേദഗ തി.

Shri V.D. Satheesan: Sir, I move the following amendments;

120. In section 2(eccc) proposed to be inserted in the principal Act by clause 2(iii) for the word ‘listed’ substitute the word ‘specified’.

122. Clause 2(iv) shall be deleted.

രണ്ട് ഭേദഗതികളാണ് ഞാൻ മൂവ് ചെയ്തിട്ടുള്ളത്. ഒന്ന്, ‘ലിസ്റ്റ്’ എന്നു ള്ള വാക്ക് സാധാരണയായി നിയമങ്ങളിലൊന്നും ഉപയോഗിക്കാറില്ല. ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന, ‘ലിസ്റ്റ്’ ചെയ്യുന്നു എന്നല്ല ‘സ്പെസിഫൈ’ ചെയ്യുന്നു എന്ന വാക്കാണ് എല്ലാ നിയമങ്ങളിലും ഉപയോഗിക്കാറുള്ളത്.

രണ്ടാമത്തെ കാര്യം, ഇവിടെ മിസല്ലേനിയസ് സൊസൈറ്റി എന്നുള്ളത് ഡിഫൈൻ ചെയ്തിരിക്കുന്നു. മിസല്ലേനിയസ് സൊസൈറ്റി എന്നുള്ള വാക്ക് ആക്ടിൽ എങ്ങും കാണാൻ കഴിഞ്ഞിട്ടില്ല. ആക്ടിൽ ഇല്ലാത്ത അല്ലെങ്കിൽ ബില്ലിൽ ഇല്ലാത്ത ഒരു വാക്ക് ഡെഫിനിഷൻ ക്ലോസ്സിൽ കൊണ്ടുവരേണ്ട കാര്യമില്ല. എന്തുകൊണ്ടാണ് അത് കൊണ്ടുവന്നിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. അത് നീക്കം ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

മി. സ്പീക്കർ: 122 ഡിലീറ്റ് ചെയ്യണമെന്നതാണ് ആവശ്യം. അല്ലേ?

ശ്രീ. വി.ഡി. സതീശൻ: അതെ.

മി. സ്പീക്കർ: ശ്രീ. ജി. സുധാരൻ, ശ്രീ. ബെന്നി ബെഹനാൻ, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. തോമസ് ഉണ്ണിയാടൻ എന്നിവർ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. പക്ഷേ സംസാരിക്കാം.

ശ്രീ. ജി. സുധാകരൻ: സർ, എനിക്ക് പറയാനുള്ളത് ഞാൻ എന്റെ വിയോജന പ്രസംഗത്തിൽ പറഞ്ഞു. ഇപ്പോൾ ഡെപ്പോസിറ്റ് അസോസിയേറ്റുകളിൽ നിന്നും വാങ്ങാം. ആ ആനുകൂല്യം എടുത്തുകളയുകയാണെങ്കിൽ ഈ സൊസൈറ്റികൾ ഇല്ലാതെയാകും. അത് നിലനിർത്തണം. ഈ ഭേദഗതി പിൻവലിക്കണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എ. കെ.ബാലൻ: സർ, 116,125-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. പി. കെ. ഗുരുദാസൻ
20. ശ്രീ. എം. ഹംസ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. എളമരം കരീം
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

30. ശ്രീമതി കെ. കെ. ലതിക

31. ശ്രീ. മാത്യു റ്റി. തോമസ്

32. ശ്രീ. കെ. കെ. നാരായണൻ

33. ശ്രീ. എ. പ്രദീപ്കുമാർ

34. ശ്രീ. പുരുഷൻ കടലുണ്ടി

35. ശ്രീ. കെ. രാധാകൃഷ്ണൻ

36. ശ്രീ. പി. റ്റി. എ. റഹീം

37. ശ്രീ. എസ്. രാജേന്ദ്രൻ

38. ശ്രീ. ആർ. രാജേഷ്

39. ശ്രീ. റ്റി. വി. രാജേഷ്

40. ശ്രീ. കെ. രാജു

41. പ്രൊഫ. സി. രവീന്ദ്രനാഥ്

42. ശ്രീ. സി. കെ. സദാശിവൻ

43. ശ്രീ. സാജു പോൾ

44. ശ്രീമതി കെ. എസ്. സലീഖ

45. ശ്രീ. എസ്. ശർമ്മ

46. ശ്രീ. വി. ശശി

47. ശ്രീ. ബി. സത്യൻ

48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

50. ശ്രീ. ജി. സുധാകരൻ

51. ശ്രീ. വി. എസ്. സുനിൽ കുമാർ

52. ശ്രീ. കെ. സുരേഷ് കുറുപ്പ്

53. ഡോ. ടി. എം. തോമസ് ഐസക്

54. ശ്രീ. ഇ. കെ. വിജയൻ

55. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. സി. ജോസഫ്

27. ശ്രീ. പി. ജെ. ജോസഫ്

28. ശ്രീ. ജോസഫ് വാഴക്കൻ

29. ശ്രീ. വർക്കല കഹാർ

30. ശ്രീ. കെ. എൻ. എ. ഖാദർ

31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

32. ശ്രീ. റ്റി. യു. കുരുവിള

33. ശ്രീ. ലൂഡി ലൂയിസ്

34. ശ്രീ. പി. എ. മാധവൻ

35. ശ്രീ. സി. മമ്മൂട്ടി

36. ശ്രീ. കെ. എം. മാണി

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. സി. മോയിൻകുട്ടി

39. ശ്രീ. മോൻസ് ജോസഫ്

40. ശ്രീ. ആര്യാടൻ മുഹമ്മദ്

41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. റ്റി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേശ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. റോഷി അഗസ്റ്റിൻ

52. ശ്രീ. വി. പി. സജീന്ദ്രൻ

53. ശ്രീ. എൻ. ശക്തൻ

54. ശ്രീ. വി. ഡി സതീശൻ

55. ശ്രീ. ആർ. സെൽവരാജ്

56. ശ്രീ. ഷാഫി പറമ്പിൽ

57. ശ്രീ. കെ. എം. ഷാജി

58. ശ്രീ. എൻ. ഷംസുദ്ദീൻ

59. ശ്രീ. ഷിബു ബേബി ജോൺ

60. ശ്രീ. കെ. ശിവദാസൻ നായർ

61. ശ്രീ. വി. എസ്. ശിവകുമാർ

62. ശ്രീ. സണ്ണി ജോസഫ്

63. ശ്രീ. സി. എഫ്. തോമസ്

64. ശ്രീ. തോമസ് ഉണ്ണിയാടൻ

65. ശ്രീ. പി. ഉബൈദുള്ള

66. ശ്രീ. എം. ഉമ്മർ

67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

68. ശ്രീ. എം. പി. വിൻസെന്റ്

69. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 116, 125 എന്നീ നമ്പർ ഭേദഗതികളെ

അനുകൂലിക്കുന്നവർ.............. 55

പ്രതികൂലിക്കുന്നവർ.............. 69

നിക്ഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 116, 125 എന്നീ നമ്പർ ഭേദഗതികൾ 55–ന് എതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, എന്റെ 122-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
5. ശ്രീ. ടി. എ. അഹ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. കെ. ബാബു
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. വി. റ്റി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. ബെന്നി ബെഹനാൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. കുമാരി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. സി. മമ്മൂട്ടി

34. ശ്രീ. കെ. എം. മാണി

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. സി. പി. മുഹമ്മദ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. ടി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. പാലോട് രവി

50. ശ്രീ. റോഷി അഗസ്റ്റിൻ

51. ശ്രീ. വി. പി. സജീന്ദ്രൻ

52. ശ്രീ. എൻ. ശക്തൻ

53. ശ്രീ. വി. ഡി സതീശൻ

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ. എം. ഷാജി

56. ശ്രീ. എൻ. ഷംസുദ്ദീൻ

57. ശ്രീ. ഷിബു ബേബി ജോൺ

58. ശ്രീ. കെ. ശിവദാസൻ നായർ

59. ശ്രീ. വി. എസ്. ശിവകുമാർ

60. ശ്രീ. എം. വി. ശ്രേയാംസ് കുമാർ

61. ശ്രീ. സണ്ണി ജോസഫ്

62. ശ്രീ. സി. എഫ്. തോമസ്

63. ശ്രീ. തോമസ് ഉണ്ണിയാടൻ

64. ശ്രീ. പി. ഉബൈദുള്ള

65. ശ്രീ. എം. ഉമ്മർ

66. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

67. ശ്രീ. എം. എ. വാഹീദ്

68. ശ്രീ. എം. പി. വിൻസെന്റ്

69. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ. എ. അസീസ്

5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എം. എ. ബേബി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീമതി ജമീലാ പ്രകാശം
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. കെ. കെ. ജയചന്ദ്രൻ
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ.പി. ജയരാജൻ
24. ശ്രീ. ജോസ് തെറ്റയിൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ

35. ശ്രീ. പുരുഷൻ കടലുണ്ടി

36. ശ്രീ. പി. റ്റി. എ. റഹീം

37. ശ്രീ. എസ്. രാജേന്ദ്രൻ

38. ശ്രീ. ആർ. രാജേഷ്

39. ശ്രീ. റ്റി. വി. രാജേഷ്

40. ശ്രീ. കെ. രാജു

41. ശ്രീ. രാജു എബ്രഹാം

42. ശ്രീ. മുല്ലക്കര രത്നാകരൻ

43. പ്രൊഫ. സി. രവീന്ദ്രനാഥ്

44. ശ്രീ. സി. കെ. സദാശിവൻ

45. ശ്രീ. സാജു പോൾ

46. ശ്രീമതി കെ. എസ്. സലീഖ

47. ശ്രീ. എസ്. ശർമ്മ

48. ശ്രീ. വി. ശശി

49. ശ്രീ. ബി. സത്യൻ

50. ശ്രീ. വി. ശിവൻകുട്ടി

51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

52. ശ്രീ. ജി. സുധാകരൻ

53. ശ്രീ. വി. എസ്. സുനിൽ കുമാർ

54. ശ്രീ. കെ. സുരേഷ് കുറുപ്പ്

55. ശ്രീ. തോമസ് ചാണ്ടി

56. ഡോ. ടി. എം. തോമസ് ഐസക്

57. ശ്രീ. ഇ. കെ. വിജയൻ

58. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി പിൻവലിക്കണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തെ

അനുകൂലിക്കുന്നവർ............... 69

പ്രതികൂലിക്കുന്നവർ............... 58

നിക്ഷ്പക്ഷത പാലിക്കുന്നവർ – ആരുമില്ല.

ശ്രീ. വി.ഡി. സതിശൻ അവതരിപ്പിച്ച 122–ാം നമ്പർ ഭേദഗതി 58–ന് എതിരെ 69 വോട്ടുകളോടെ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബി . സത്യൻഅവതരിപ്പിച്ച 105–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 107–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 108–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 110–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 111–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടു പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 113–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 115–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ് അവതരിപ്പിച്ച 119–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 122 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3–ാം വകുപ്പ്

Shri M.P. Abdussamad Samadani: Sir, I move the following amendment:

129.In the proviso to section 4 of the principal Act proposed to be added by clause 3 the words shall be added at the end.

Shri. K. Suresh Kurup : Sir, I move the following amendment:

130. In the proviso to section 4 of the principal Act, proposed to be added by clause 3 the words shall be omitted.

ശ്രീ. കെ. സുരേഷ് കുറുപ്പ്: 'Provided that no co-operative society shall be registered if it is likely to be economically unsound, or the registration of which have an adverse effect on the development of Co-operative movement.' ഒരു സൊസൈറ്റി കോ-ഓപ്പറേറ്റീവ് മൂവ്മെന്റിന് adverse effect ഉണ്ടാക്കുമെന്ന് ഇത്ര ജനറലൈസ് ചെയ്ത് പറഞ്ഞാൽ അതുവച്ച് ഏത് സൊസൈറ്റിയെയും രജിസ്ട്രേഷൻ ചെയ്യാതിരിക്കാം. അത് വളരെ ജനറലൈസ്ഡാണ്. അത് ഡിലീറ്റ് ചെയ്യണം. 'or the registration of which have an adverse effect on development of co-operative movement' എന്നുള്ളത് ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലന്റെ 127, ശ്രീ. ജി. സുധാകരന്റെ 128 എന്നീ ഭേദഗതികൾ ഓർഡറിലല്ല. അതുകൊണ്ട് അവതരിപ്പിക്കാൻ കഴിയില്ല. പക്ഷേ സംസാരിക്കാവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: ആർട്ടിക്കിൾ (19) പ്രകാരം സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള അവകാശം മൗലികാവകാശമാണ്. ഇത് അൺ-എക്കണോമിക് എന്നുപറഞ്ഞ് രജിസ്റ്റർ ചെയ്യുന്ന സമയത്തുതന്നെ രജിസ്ട്രാർ നിഷേധിക്കുകയാണ്. ഇത് എന്ത് ജനാധിപത്യമാണ്? യു.ഡി.എഫ്. അപ്പക്സ് സഹകരണ സംഘങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള സൂത്രപ്പണിയാണ്. നിങ്ങളുടെ അടുത്തുവരുന്നത് ഭരണകക്ഷിക്ക് അനുകൂലമാണോ, എങ്കിൽ ഇത് രജിസ്റ്റർ ചെയ്യൂ. തള്ളാനുള്ള ഒരു കാരണം അൺ-എക്കണോമിക്കാണ്. അൺ-എക്കണോമിക്കാണെന്ന് രജിസ്റ്റർ ചെയ്യാൻ വരുമ്പോൾ എങ്ങനെയാണ് നിങ്ങൾ പറയുന്നത്; എന്ത് അവകാശമാണ് നിങ്ങൾക്കുള്ളത്?

ഇത് തികച്ചും ഭരണഘടനാവിരുദ്ധമാണ്. ഈ ബില്ലുമായി സഹകരിക്കാൻ ഒരുരൂപത്തിലും കഴിയുകയില്ല. ഏതെങ്കിലും ഒരു ഭേദഗതി നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ ഇവിടെ ഇരുന്നിട്ട് ഒരു കാര്യവുമില്ല.

ശ്രീ. ജി. സുധാകരൻ: സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞ ഒരെണ്ണവും അംഗീകരിച്ചിട്ടില്ല.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഒരു ബില്ലിന്റെ ക്ലാസ് ബൈ ക്ലാസ് ചർച്ച നടക്കുമ്പോൾ അംഗങ്ങൾ മൂവ് ചെയ്യും. അതിൽ ചിലത് സ്വീകരിക്കും, ചിലത് സ്വീകരിക്കുകയില്ല. സ്വീകരിക്കാത്തതിനെപ്പറ്റി വഴക്കുണ്ടാക്കിയിട്ട് കാര്യമില്ല. അത് ബിൽ പൈലറ്റ് ചെയ്യുന്ന മിനിസ്റ്ററുടെയും ഗവൺമെന്റിന്റേയും തീരുമാനമാണ്. ശ്രീ. എ. കെ. ബാലൻ അങ്ങ് ഇവിടെ മന്ത്രിയായിരുന്നു. അന്ന് ബിൽ പൈലറ്റ് ചെയ്യുമ്പോൾ നിങ്ങളൊക്കെ അപ്പുറത്തുണ്ടായിരുന്നു. ഇത് എപ്പോഴും അങ്ങനെയാണ്.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

Shri. Benny Behanan:

132. In section 8(2) of the principal Act proposed to be inserted by clause 4(i), for the word "shall" substitute the word "will" wherever it occurs.

Smt. : K. S. Saleekha

133. Section 8(2) of the Principal Act proposed to be inserted by clause 4(2) shall be recast as follows:-

"(2) Notwithstanding anything contained in sub-section (1), where the Registrar is satisfied that the original registration certificate is irrecoverably lost, the society should apply for registration afresh and such societies shall be deemed to be a new society".

Shri. Kodiyeri Balakrishnan: Sir, I move the following amendment:

134. Section 8(2) of the Principal Act proposed to be inserted by clause 4(2) shall be recast as follows:-

"(2) Notwithstanding anything contained in subsection (1), where the Registrar is satisfied that the original registration certificate is irrecoverably lost, the society should apply for registration afresh and such societies shall be deemed to be a new society".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാൻ നിർബന്ധിക്കപ്പെടുന്നത് സൊസൈറ്റികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പറയുന്നതിന്റെ കൂട്ടത്തിൽ ഏതെങ്കിലും സൊസൈറ്റിയുടെ ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാണാതായിപ്പോകുന്ന സ്ഥിതി വന്നാൽ അതിനുള്ള ഒരു നടപടിക്രമം സംബന്ധിച്ചാണ് ഈ വകുപ്പ് അനുശാസിക്കുന്നത്. അതൊന്ന് റീകാസ്റ്റ് ചെയ്യണമെന്നതാണ് എന്റെ ഭേദഗതി. അംഗീകരിക്കപ്പെട്ട് കഴിഞ്ഞാൽ ഭരണകക്ഷിക്ക് താൽപര്യമുള്ള ഏത് സംഘങ്ങൾക്കും സർട്ടിഫിക്കറ്റ് കൊടുക്കാനും അത് അംഗീകരിക്കാനുമുള്ള സാഹചര്യം വന്നുചേരും. ഇത് ഭാവിയിൽ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്നുള്ളതു

കൊണ്ടാണ് ഇത്തരത്തിൽ ഇത് റീകാസ്റ്റ് ചെയ്യണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നത്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, അതൊരു തെറ്റിദ്ധാരണയാണ്. അങ്ങനെയൊന്നുമില്ല. നഷ്ടപ്പെട്ടുപോയ സംഘങ്ങൾക്ക് കൊടുക്കാനുള്ളതാണ്.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(5–ാം വകുപ്പ്)

5–ാം വകുപ്പ്

മി. സ്പീക്കർ : ശ്രീ. ജി. സുധാകരന്റെ 135–ാം നമ്പർ ഭേദഗതിയും ശ്രീ. സാജു പോളിന്റെ 136–ാം നമ്പർ ഭേദഗതിയും മൂവ് ചെയ്യാൻ കഴിയില്ല. പക്ഷേ നിങ്ങൾക്ക് സംസാരിക്കാം.

ശ്രീ. ജി. സുധാകരൻ : ഞാൻ ഒരു ഭേദഗതിയും മൂവ് ചെയ്യുന്നില്ല. മൂവ് ചെയ്തിട്ട് ഒരു കാര്യവുമില്ല. കാരണം, സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതുപോലും ഇവിടെ അംഗീകരിക്കാൻ തയ്യാറാകുന്നില്ല.

മി. സ്പീക്കർ : പേര് വിളിക്കേണ്ടത് ചെയറിന്റെ ചുമതലയല്ലേ?

<u>ശ്രീ. ജി. സുധാകരൻ</u> : അങ്ങ് വിളിച്ചുകൊണ്ടേയിരിക്കണം. പക്ഷെ, ഞാൻ മൂവ് ചെയ്യില്ല.

<u>ശ്രീ. സാജു പോൾ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിനു പോലും വഴങ്ങിയില്ല. സർവ്വീസ് സഹകരണ ബാങ്കുകളും കാർഷിക വികസന ബാങ്കുകളും അർബൻ ബാങ്കുകളുമെല്ലാം ഉള്ളിടത്തും ഇപ്പോൾ മറ്റ് ബാങ്കുകൾക്ക് അഫിലിയേഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്; ബഹുമാനപ്പെട്ട മന്ത്രി പോയി ഉത്ഘാടനം ചെയ്യുകയുമാണ്. അങ്ങനെയുള്ള നിഷേധാത്മക സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : 5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>6–ാം വകുപ്പ്</u>

<u>Shri K. Kunhammad Master</u> : Sir, I move the following amendment :

137. In Section 9A (a) proposed to be inserted in the principal Act by clause 6, after the words “shall paint or affix” add the words “in blue colour with white background.”

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് പലതും നഷ്ടപ്പെട്ടാലും ബോർഡിന്റെ കാര്യത്തിൽ ഒരു ഐക്യരൂപം കിട്ടാനായിട്ട് ."shall paint or

affix" എന്നുള്ള വകുപ്പുകൂടി "in blue colour with white background" എന്നാക്കി കഴിഞ്ഞാൽ, ആ തരത്തിലുള്ള ഒരു ബോർഡെങ്കിലും വന്നാൽ എല്ലാവർക്കും തിരിച്ചറിയാൻ സാധിക്കും.

Shri Koliakode N. Krishnan Nair : Sir, I move the following amendments :

138. In section 9A (a) proposed to be inserted in the principal Act by clause 6, the words "on the outside" shall be submitted by the words "in front."

145. In section 9A (c) proposed to be inserted in the principal Act by clause 6 insert the symbol "," in between the words "letters" and "in".

ഇതൊക്കെ നിസ്സാര കാര്യങ്ങളാണ്. ഇംഗ്ലീഷ് പഠിപ്പിക്കുകയാണ്. ഇത് സഹകരണ നിയമമല്ല. 138-ൽ പറയുന്നത്, ആ ബോർഡ് വയ്ക്കുന്നത് "on the outside" എന്നതിനു പകരം "in front" എന്നാക്കി മാറ്റണം. ബോർഡ് മുൻവശത്തുതന്നെ വയ്ക്കണമെന്നതാണ് ഒരു ഭേദഗതി. അതുവേണ്ടെങ്കിൽ അതും വേണ്ട. 145-ാം നമ്പർ ഭേദഗതിയിൽ ഇംഗ്ലീഷ് പഠിപ്പിക്കുകയാണ്. സെക്ഷൻ 9A (c) -ൽ shall have its name and address of its registered office, mentioned in legible characters in all its business letters എന്നത് കഴിഞ്ഞിട്ട് ഒരു "," (കോമ ചിഹ്നം) നൽകണം.

Shri Joseph Vazhackan : Sir, I move the following amendment :

139. In section 9A (b) proposed to be inserted in the principal Act by clause 6 delete the words "with common emblem".

Shri P. K. Basheer : Sir, I move the following amendments :

140. In section 9A (b) proposed to be inserted in the principal Act by clause 6 after the word "name" add the words "with register number".

143. In section 9A (c) proposed to be inserted in the principal Act by clause 6 after the word "name" add the words "with register number".

Shri K. Sivadasan Nair : Sir, I move the following amendment :

141. In section 9A (b) proposed to be inserted in the principal Act by clause 6 after the words "common emblem" add the words "if any".

Shri K. Dasan : Sir, I move the following amendment :

142. In section 9A (b) proposed to be inserted in the principal Act by clause 6 add the following explanation, namely:-

"Explanation:- Common emblem means the emblem commonly used by the Co-operative movement in the state".

Shri M. Hamsa : Sir, I move the following amendment :

144. In section 9A (c) proposed to be inserted in the principal Act by clause 6 after the words "registered office" add the words "including logo".

ഈ ഭേദഗതി മന്ത്രിയ്ക്ക് ഒരു കുഴപ്പവുമുണ്ടാക്കാത്ത, ഈ നിയമത്തിന് ഒരു പ്രശ്നവുമുണ്ടാകാത്ത കാര്യമാണ്. പേരിനോടൊപ്പം ഒരു ലോഗോ കൂടി പ്രസിദ്ധീകരിക്കണമെന്നേയുള്ളു. മന്ത്രി ജനാധിപത്യവാദിയാണെന്ന് അംഗീകരിക്കാൻ ലോഗോ എന്നതുകൂടി അംഗീകരിച്ചാൽ മതി.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : ഭേദഗതികളൊന്നും സ്വീകാര്യമല്ല. ഇന്നലെ കൂടിയ സബ്ജക്ട് കമ്മിറ്റിയിൽ പലരുടേയും ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ സ്വീകരിക്കില്ലെന്ന് പറഞ്ഞത്. ആവശ്യമുള്ള ഭേദഗതികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. ഞാൻ ജനാധിപത്യവാദി തന്നെയാണ്. അക്കാര്യത്തിൽ തെറ്റിദ്ധരിക്കുകയൊന്നും വേണ്ട.

ശ്രീ. എസ്. ശർമ്മ : എനിക്ക് ഒരു പോയിന്റ് പറയാൻ ഉണ്ട്.

<u>മി. സ്പീക്കർ</u> : ഇതിലൊന്നും അങ്ങയുടെ പേരില്ല. അങ്ങും സഹകരണ വകുപ്പുമന്ത്രിയായിരുന്ന ആളാണ്.

<u>ശ്രീ. എസ്. ശർമ്മ</u> : സബ്ജക്ട് കമ്മിറ്റിയിൽ ഭേദഗതി വന്ന സന്ദർഭ ത്തിൽ അംഗീരിച്ചുവെന്നും അതുകൊണ്ടാണ് സഭയിൽ അംഗീകരിക്കാത്ത തെന്നും അദ്ദേഹം പറയുകയുണ്ടായി. നിയമസഭയ്ക്ക് ഈക്വലന്റ് അല്ല സബ്ജക്ട് കമ്മിറ്റി. സബ്ജക്ട് കമ്മിറ്റിയിൽ അതിലുള്ള അംഗങ്ങളുടേതായ കാര്യങ്ങളാണ്. അതിന്റെ ചെലവിൽ നിയമസഭയിലെ അംഗങ്ങളുടെ അവകാ ശങ്ങൾ നിഷേധിക്കപ്പെടാൻ പാടില്ല. ഞാൻ എന്റെ ശ്രദ്ധയിൽപ്പെട്ട ഒരു പ്രശ്നം ഉന്നയിക്കുകയാണ്. ഈ ബിൽ ഗവർണർക്ക് നേരത്തെ അയച്ചുകൊ ടുത്തതുകൊണ്ട് ഇവിടെ ഒരു ഭേദഗതിയും വരുത്താൻ പറ്റാത്ത സാഹചര്യ ത്തിലാണ് ഈ ഭേദഗതികളൊക്കെ നിരാകരിക്കുന്നതെന്നുള്ള പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. ............. (ബഹളം)...................

<u>മി. സ്പീക്കർ</u> : ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര് അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതിയും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരി പ്പിച്ച 138, 145 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഹംസ അവതരിപ്പിച്ച 144-ാം നമ്പർ ഭേദ ഗതിയും സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതിയും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 140, 143 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിയും സഭ യുടെ അനുമതിയോടെ പിൻവലിച്ചു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7–ാം വകുപ്പ്

മി. സ്പീക്കർ : 146, 147, 148, 149 എന്നീ ഭേദഗതികൾ നീക്കം ചെയ്യാനുള ളതാണ്. ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. ജി. സുധാകരൻ, ശ്രീ. തോമസ് ഉണ്ണിയാടൻ, ശ്രീ. വി. ഡി. സതീശൻ എന്നീ അംഗങ്ങൾക്ക് ഭേദഗതി കൾ മൂവ് ചെയ്യാൻ കഴിയില്ലെങ്കിലും സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, 12–ാം വകുപ്പിലെ സബ് സെക്ഷൻ 5, 6, 7 എന്നിവ ഒഴിവാക്കിക്കൊണ്ടുള്ള അമെന്റ്മെൻഡാണ്. ഇതോടുകൂടി രജിസ്ട്രാ റുടെ അധികാരം നഷ്ടപ്പെടും. യഥാർത്ഥത്തിൽ നമ്മുടെ കോൺസ്റ്റിറ്റ്യൂഷൻ അമെന്റ്മെന്റിൽ അങ്ങനെ ചെയ്യണമെന്ന് പറഞ്ഞിട്ടില്ല. അതുകൊണ്ട് ഇത് ഒഴി വാക്കരുതെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

8–ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ : 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

9-ാം വകുപ്പ്

Shri. N.A. Nellikunnu: Sir, I move the following amendment :

155. After Section 14 (2) of the principal Act proposed to be amended by clause 9 (ii), the following proviso shall be inserted:

"Provided that the total number voted for the resolution shall not be less than the fifty per cent of the total number of members in the role."

മി. സ്പീക്കർ: ശ്രീ. പി. ജയരാജൻ, അങ്ങേയ്ക്ക് സംസാരിക്കാം. അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. പി. ജയരാജൻ: സർ, ഇവിടെ സഹകരണ നിയമം ധൃതിപിടിച്ച് പാസാക്കാൻ ശ്രമിക്കുന്നത് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനല്ല. ഇവിടെ പാസാക്കാനിരിക്കുന്ന നിയമംതന്നെ ഗവർണറുടെ അംഗീകാരത്തിനു വേണ്ടി അയച്ചുകഴിഞ്ഞു. ഈ സഭയോട് അങ്ങേയറ്റത്തെ അവഹേളനമാണ് നിങ്ങൾ കാണിക്കുന്നത്. ഇങ്ങനെയുള്ള ബിൽ സഭയിൽ ചർച്ച ചെയ്യുന്നതിൽ

തന്നെ അടിസ്ഥാനമില്ല. സഹകരണ സംഘങ്ങളെ കയ്യടക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു നിയമമാണ്.

മി. സ്പീക്കർ : ശ്രീ. ഇ. പി. ജയരാജൻ, അങ്ങയുടെ 156-ാം നമ്പർ ഭേദഗതി Delete clause 9(iii) ആണ്.

150 (ശ്രീ. ബെന്നി ബെഹനാൻ) 152, 154, 158 (ശ്രീ. കെ. ശിവദാസൻ നായർ) 157 (ശ്രീ. ജി. സുധാകരൻ) എന്നിവ മൂവ് ചെയ്യാൻ സാധിക്കില്ല. പക്ഷെ ഇതുസംബന്ധിച്ച് അംഗങ്ങൾക്ക് സംസാരിക്കാം.

ശ്രീ. ബെന്നി ബെഹനാൻ : സർ, രണ്ടു ബാങ്കുകൾ തമ്മിൽ അമാൽഗമേറ്റ് ചെയ്യുമ്പോൾ രജിസ്ട്രാറുടെ അനുവാദം വേണ്ട എന്നുള്ളത് ശരിയല്ല. രജിസ്ട്രാറുടെ അനുവാദം വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: അത് മൂവ് ചെയ്തതല്ല. ..... (ബഹളം)..... പ്ലീസ്..... ശ്രീ. എ. കെ. ബാലൻ, ഞാനൊരു കാര്യം പറയാം. ഇന്നു രാവിലെ ഞാൻ പറഞ്ഞതുപോലെ ഇത് നിയമസഭയുടെ സകല അതിരുകളും ലംഘിക്കുന്നതാണ്. ഇവിടെ നിയമനിർമ്മാണം നടക്കുകയാണ്. ..... (ബഹളം)..... നോ.. ഇതൊന്നും ഒരിക്കലും അനുവദിക്കാൻ കഴിയുന്നതല്ല. ..... (ബഹളം).....

ശ്രീ. എ. കെ. ബാലൻ: ഈ ഒരൊറ്റ കാര്യത്തിനുവേണ്ടിയാണ് ശ്രീ. കെ. ശിവദാസൻ നായർ മുപ്പത് മിനിട്ട് സംസാരിച്ചത്. ആർക്കുവേണ്ടിയാണ് പ്രസംഗം നടത്തിയത്?

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, ഈ ബില്ലിന്റെ ചർച്ചയിൽ ഒന്നര-രണ്ടു മണിക്കൂർ വരെ പലരും സംസാരിച്ചു. ഇതൊക്കെ പുതിയ കാര്യമാണോ. നോ.. നോ.. ഇതൊന്നും ശരിയല്ല. ദയവുചെയ്ത് ഇതൊന്നും മിടുക്കായി ആരുമെടുക്കരുത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഗുരുതരമായ ഒരു കാര്യം പ്രതിപക്ഷത്തുനിന്നു പറഞ്ഞു. ഈ ബിൽ പാസ്സാക്കുന്നതിന് മുമ്പ് ഗവർണ്ണർക്ക് അയച്ചു എന്നു പറഞ്ഞു. അങ്ങനെ അയച്ചിട്ടില്ല, നിയമസഭ പാസ്സാക്കാതെ എങ്ങനെയാണ് അയയ്ക്കുന്നത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി.എം., ഇക്കാര്യം ഞാൻ പറയാനിരിക്കുകയായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അസംബ്ലിയുടെ സീൽ വേണം, ഞാൻ ഒപ്പിടണം, ബഹുമാനപ്പെട്ട സ്പീക്കർ ഒപ്പിടണം, അങ്ങനെ എന്തെല്ലാം നടപടിക്രമങ്ങളുണ്ട്. അതൊന്നും കഴിഞ്ഞിട്ടില്ല. പക്ഷേ ഇങ്ങനെ ജനങ്ങളുടെ മുമ്പിൽ സ്വയം പരിഹാസപാത്രങ്ങളാകുന്ന പരാമർശങ്ങൾ നടത്തരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം ഞാൻ അവസാനം പറയാനിരിക്കുകയായിരുന്നു. ഇന്ന ദിവസം ഇന്ന ബിൽ പാസ്സായിരിക്കുന്നു എന്നുള്ള സ്പീക്കറുടെ ഒപ്പും സീലും വച്ച് മാത്രമേ അത് ഗവർണ്ണർക്ക് അയയ്ക്കാൻ കഴിയുകയുള്ളൂ. ഇത് നിങ്ങൾക്കാർക്കും അറിയില്ലേ? അങ്ങനെ ഇവിടെ നിന്നും പോയിട്ടില്ല. ഇതൊന്നും ശരിയല്ല. നേരത്തെ പാസ്സാക്കി അയച്ചു, ഗവർണ്ണർക്കു കൊടുത്തു എന്നൊക്കെ പറയുന്നത് ശരിയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ് ശരി. എല്ലാം റെഡിയാക്കി വച്ചുകഴിഞ്ഞു. ഇനി സ്പീക്കറും മുഖ്യ

മന്ത്രിയും ഒപ്പിട്ടു കഴിഞ്ഞാൽ ഇപ്പോൾത്തന്നെ അയയ്ക്കാം. അതുകൊണ്ട് ഒരു ഭേദഗതിയും അംഗീകരിക്കാൻ പോകുന്നില്ല എന്ന് മുഖ്യമന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു.

മി. സ്പീക്കർ: ഇത്തരം അഭിപ്രായങ്ങളൊക്കെ ഉപനേതാവായ ശ്രീ. കോടിയേരി ബാലകൃഷ്ണനിൽ നിന്നും പ്രതീക്ഷിച്ചില്ല. വളരെ സീനിയറായ അങ്ങ് ഇങ്ങനെ പറഞ്ഞാൽ ഞാനെന്തു മറുപടിയാണ് പറയേണ്ടത്. ഞാൻ മറുപടിയേ പറയുന്നില്ല.

ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച 153 -ാം നമ്പർ ഭേദഗതിയും ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

10-ാം വകുപ്പ്

Shri Koliakode N. Krishnan Nair: Sir, I move the following amendments :

159. In section 14A(1) proposed to be inserted in the principal Act by clause 10, for the words ‘at general meeting’ substitute the words “at the general body meeting”.

167. In the explanation a(i) of section 14(2) proposed to be inserted in the principal Act by clause 10 the word ‘the’ shall be inserted in between the word ‘members of ‘ and ‘governing body’

170. Explanation a(ii) of section 14A proposed to be inserted in the principal Act the word ‘in’ shall be substituted by the word ‘of’ ”

172. In section 14A(3) proposed to be inserted in the Principal Act by clause 10 for the words ‘before general’, the words ‘before the general’ shall be substituted.

178. In section 14 B (1) proposed to be inserted in the principal Act by clause 10, for the words “may by resolution passed by the majority of the members present and voting at a

general body" substitute the words "may by a resolution passed by the majority of the members present and voting at the general body".

സർ, ഇവിടെ പറയുന്നതുകൊണ്ട് ഒരു ഗുണവുമില്ല. നേരത്തെ ഒരു ഭേദഗതിയിൽ ഒരു കോമ ചിഹ്നം ഇടണമെന്നു പറഞ്ഞതുപോലും അംഗീകരിച്ചില്ല. ബോർഡ് അകത്ത് വയ്ക്കണമെന്നു പറഞ്ഞത് പുറത്തു വയ്ക്കണമെന്നു പറഞ്ഞതും അംഗീകരിച്ചില്ല. ബോർഡ് അകത്തേ വയ്ക്കൂ എന്നാണ് ഇതിനകത്ത് പറഞ്ഞിരുന്നത്. ഞാൻ പറഞ്ഞു, പുറത്ത് വയ്ക്കണമെന്ന്. അതുപോലെയുള്ള സംഗതികളാണ് പറയാനുള്ളത്. 159-ൽ Co-operative society may be by a resolution passed at the General Body Meeting എന്നു വേണം. General Meeting അല്ല, General Body Meeting ആണ്. അത് ഇനിയെങ്കിലും മനസ്സിലാക്കണം. അതുപോലെ മഭ വേല എന്നു വേണം. അവിടെ വേല ഇല്ല. അത് മാറ്റാം, മാറ്റാതിരിക്കാം. 167-ാം നമ്പർ ഭേദഗതിയിലും ഇതുപോലെതന്നെ members of the Governing Body എന്നുള്ളതിൽ of the ഇല്ല, members Governing Body എന്നേയുള്ളൂ. 170-ൽ more than in nominal value of equity shares അവിടെ of the എന്നു വേണം. അതുപോലെ 172-ൽ before General Body എന്നുള്ളത് before the General Body എന്നു വേണം. മന്ത്രി എവിടെയാണ് ശ്രദ്ധിക്കുന്നത്. എല്ലാവരും കൂടി

മറഞ്ഞുനിൽക്കുന്നതുകൊണ്ട് മന്ത്രിയെ കാണാൻ കഴിയുന്നില്ല. .... (ബഹളം)......

<u>മി. സ്പീക്കർ:</u> ഇത് ശരിയല്ല. പ്ലീസ്... പ്ലീസ്.... ശ്രീ. പി. സി. ജോർജ്, ആവശ്യമില്ലാതെ ആളുകളെ പ്രകോപിപ്പിക്കണ്ട. പി. സി. ജോർജ്, ബിൽ പൈലറ്റ് ചെയ്ത മിനിസ്റ്ററുടെ അടുത്തുനിന്ന് നിങ്ങൾ സംസാരിച്ചാൽ എങ്ങനെയാണ്. അത് ശരിയല്ല. ദയവുചെയ്ത് ആവശ്യമില്ലാത്ത സിറ്റ്വേഷനുണ്ടാക്കരുത്.

<u>ശ്രീ. കോലിയക്കോട് കൃഷ്ണൻനായർ:</u> സർ, 178-ൽ may by resolution എന്നതിനു പകരം may by a resolution എന്നാക്കണം. അതുപോലെ members present at General Body എന്നുള്ളത് at the General Body എന്നാക്കണം. ഇതാണ് എനിക്ക് പറയാനുള്ളത്. ഇതൊക്കെ നിസ്സാര കാര്യങ്ങളാണ്.

<u>Shri K. Sivadasan Nair</u>: Sir, I move the following amendment :

161. In section 14A(1) proposed to be inserted in the principal Act by clause 10, after the words ‘furtherance of its stated objects’ the following words “with the prior approval of Registrar” shall be added.

"with the prior approval of Registrar" അതായത് രജിസ്ട്രാറുടെ അപ്രൂവലോടുകൂടി എന്നുള്ളത് ആഡ് ചെയ്യണമെന്നുള്ളതാണ്.

Shri V. D. Satheesan: Sir, I move the following amendments :

162. After section 14A(1) proposed to be inserted in the principal Act by clause 10, add the following proviso "provided that the subsidiary institutions shall be under the direct control of the society and must be stated in the objects also".

179. In section B (1) proposed to be inserted in the principal Act by clause 10 for the word 'majority' substitute the words 'two third majority'.

സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ടാകുമ്പോൾ അതിന്റെ പൂർണ്ണമായ കൺട്രോൾ സൊസൈറ്റിക്കുണ്ടാകണം. ഇതിനകത്ത് അതിന് നിയന്ത്രണം കാണുന്നില്ല. നിയന്ത്രണമില്ലാതെ സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻസ് സ്ഥാപിക്കപ്പെട്ടാൽ അതിന് സൊസൈറ്റിയുമായുള്ള ലിങ്കെല്ലാം വിട്ടുപോകും. അതുകൊണ്ട് ഡയറക്ട് കൺട്രോൾ വേണം എന്നാണ് ആവശ്യപ്പെടുന്നത്. അതുപോലെ സൊസൈറ്റിയുടെ ഠേീ വേശ്യൃറ ാമഷീൃശ്യേ-യോടുകൂടിവേണം ഇത് രൂപീകരിക്കേണ്ടത്.

Shri K. Suresh Kurup: Sir, I move the following amendments :

164. The proviso to section 14A(2) proposed to be inserted in the principal Act by clause 10, shall be recast as follows: "Provided that a Co-

operative Society while promoting such a Subsidiary Institution shall not utilise any of its funds for the purpose of this Subsidiary Institution".

168. Delete explanation a(ii) in section 14A proposed to be inserted in the principal Act by clause 10

182. After the section 14 B proposed to be inserted in the principal Act by clause 10 add the following proviso:-

"provided that while promoting such a partnership the society

shall not utilise any of its funds to the promotion of the partnership".

164, 182 എന്നീ ഭേദഗതികൾ സമാന സ്വഭാവമുള്ളവയാണ്. സഹകരണ സംഘം ഒരു സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻ തുടങ്ങുമ്പോൾ ഈ സംഘത്തിന്റെ ഫണ്ട് എടുത്താണ് പുതിയ സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻ തുടങ്ങുന്നത്. അങ്ങനെ എത്ര വേണമെങ്കിലും തുടങ്ങാം. അപ്പോൾ അതിനൊരു നിയന്ത്രണവുമില്ല. 164 എന്ന ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് നിലവിലുള്ള സഹകരണ സംഘത്തിന്റെ ഫണ്ട് ഉപയോഗിച്ച് പുതിയ സബ്സിഡിയറി

ഇൻസ്റ്റിറ്റ്യൂഷൻ തുടങ്ങരുതെന്നാണ്. അങ്ങനെ തുടങ്ങിയാൽ ഈ സഹകരണ സംഘവും പ്രശ്നത്തിലാകും, പുതിയ സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷനും അപകടത്തിലേയ്ക്കാകും. ഭേദഗതി മൂവ് ചെയ്യുമ്പോൾ ഇങ്ങനെ കാണിക്കാൻ പാടില്ല. ഇത് ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ ................. .(ബഹളം)......

<u>മി. സ്പീക്കർ</u>: മിനിസ്റ്ററും ഞാനും ശ്രദ്ധിക്കുന്നുണ്ട്. ശ്രീ. പി. സി. ജോർജിനോട് ആവശ്യമില്ലാതെ സിറ്റ്വേഷൻ ക്രിയേറ്റ് ചെയ്യരുതെന്ന് ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടതല്ലേ, യെസ്.....

<u>ശ്രീ. കെ. സുരേഷ്കുറുപ്പ്</u> : സർ, 182–ൽ സൊസൈറ്റി പാർട്ണർഷിപ്പ് പ്രൊമോട്ട് ചെയ്യുമ്പോൾ ‘it shall not utilize any of its funds to the promotion of the partnership’ എന്നുള്ളതാണ്. ഈ രണ്ട് ഭേദഗതികളും സൊസൈറ്റിയുടെ സാമ്പത്തിക സുരക്ഷിതത്വത്തെ ഉദ്ദേശിച്ചുള്ളതാണ്. തോന്നിയതുപോലെ ഏതെങ്കിലും പാർട്ണർഷിപ്പോ സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷനോ തുടങ്ങിയാൽ അതിന് ഈ നിയമംമൂലം അനുവാദം കൊടുക്കുകയാണ്. സൊസൈറ്റിയുടെ ഫണ്ട് എടുത്ത് ബാക്കി സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷന് നൽകുക, അങ്ങനെ സൊസൈറ്റിയുടെ ഫിനാൻഷ്യൽ സെക്യൂരിറ്റി ഇല്ലാതാക്കുന്ന ഒരു നിയമമാണ് ഇപ്പോൾ പാസ്സാകാൻ പോകുന്നത്. അതിനുള്ള ഭേദഗതിയാണ് ഞാൻ നിർദ്ദേശിച്ചിട്ടുള്ളത്.

<u>Shri. P.K. Gurudasan</u>: Sir, I move the following amendment :

166. In explanation (a)(i) of section 14A(2) proposed to be inserted in the principal Act by clause 10, for the words “controls the management

or board of directors or members of governing body of", the word "owns" shall be substituted.

Shri. Elamaram Kareem: Sir, I move the following amendment :

169. In the explanation a(ii) of section 14A proposed to be inserted in the principal Act from clause 10 substitute the word "Entire" for the words "more than half in nominal value of"

Shri. A. K. Balan : Sir, I move the following amendment :

174. Section 14A proposed to be inserted in the Principal Act by clause 10 shall be recast as follows:

14A. *Promotion of subsidiary institutions for the economic welfare of members*.- (1) A co-operative society may by a resolution passed at general meeting by a majority of members present and voting, promote, one or more subsidiary institutions, fully owned by the society for the furtherance of its stated objects.

(2) Any subsidiary institution promoted under sub-section (1) shall exist only as long as the general body of the co-operative society deems its existence necessary:

Explanation:- For the purpose of this section,-

an institution shall be deemed to be a subsidiary institution where the co-operative society fully owns such institutions.

ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. കേരളത്തിന്റെ ചരിത്രത്തിൽ സൊസൈറ്റിയുടെ ഫണ്ട് 49 ശതമാനം സബ്സിഡിയറി സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഈ നിയമം ഇവിടെ പാസ്സായാൽ ഈ ഭേദഗതി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ അന്തകനാവും. കേരള ത്തിന്റെ സഹകരണ മേഖലയുമായി ബന്ധപ്പെട്ടുള്ള ഡെപ്പോസിറ്റേഴ്സ് സ്ഥാപനത്തെ വിശ്വസിച്ചുകൊടുക്കുന്ന ഫണ്ട് ഒരു രൂപത്തിലും സബ്സിഡി യറിക്ക് പോകാൻ പാടില്ല. ഈ സബ്സിഡിയറി പരിപൂർണ്ണമായും 100% സൊസൈറ്റിയുടെ നിയന്ത്രണത്തിലായിരിക്കണം. അതാണ് ബഹുമാനപ്പെട്ട ശ്രീ. വി.ഡി. സതീശൻ ഇവിടെ പറഞ്ഞത്. അതുകൊണ്ട് ക്ലാസ് 10, 14-ാം വകുപ്പിന്റെ ഭേദഗതി, 14A. *Promotion of subsidiary insitutions for the economic welfare of members*:- holds more than half in nominal value of equity shares of such institutions എന്നു പറഞ്ഞാൽ ഇപ്പോൾ സൊസൈറ്റി 51 ശതമാനമാണ്, 49 ശതമാനം വരെ സ്വകാര്യ സ്ഥപനങ്ങളിലേയ്ക്ക് പോകാം. അത് ഒരു രൂപത്തിലും പറ്റില്ല. പരിപൂർണ്ണമായും സൊസൈറ്റി യുടെ നിയന്ത്രണത്തിൽ തന്നെയായിരിക്കണം. അതുകൊണ്ട് ഈ ഭേദഗതി ഏകകണ്ഠേ്യന അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരള ത്തിലെ 90,000 കോടി രൂപയുടെ സിംഹഭാഗവും സബ്സിഡിയറി സ്വകാര്യ ബ്ലേഡ് കമ്പനികളുടെ കൈകളിലേയ്ക്ക് പോകാൻ ഈ ലൂപ്ഹോൾ ഉപയോ ഗിക്കുമെന്നത് സഭ കാണണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

Shri. Kodiyeri Balakrishnan: Sir, I move the following amendments :

175. Section 14A proposed to be inserted in the principal Act by clause 10, shall be recast as follows.

"14A. *Promotion of subsidiary institutions for the economic welfare of members*.-(1)- A Co-operative society may be a resolution passed at general meeting by a majority of members present and voting, promote, one or more subsidiary institutions, which may be registered under any law for the time being in force, for the furtherance of its stated objects.

(2) Any subsidiary institution promoted under sub-section shall exist only as long as the general body of the co-operative society deems its existence necessary:

Provided that the promoters of the subsidiary institution shall be other co-operative societies alone and not private individuals"

183. Section 14 B proposed to be inserted in the Principal Act by clause 10 shall be recast as follows:-

" 14B. *Partnership of co-operative societies*:-(1) Any two or more co-operative societies with prior permission of the Registrar, may by resolution passed by the majority of the members present and voting at a general body meeting of each of such co-operative societies, may enter into partnership to carry out anyone or more specific business. Written notice of the general body meeting shall be given to each member before fifteen clear days of such meeting.

(2) The partnership shall be in the interest of the members of the co-operative society or the co-operative societies and liabilities of the societies in partnership shall be proportional to the investment."

നിലവിലുള്ള സഹകരണ നിയമത്തിൽ 14 എന്ന വകുപ്പ് amalgamation transfer of assets and liabilities and division of societies എന്നു പറയുന്ന തിന്റെ കൂടെ (എ)– യും (ബി)– യും കൂട്ടിച്ചേർക്കുകയാണ് ഈ ബില്ലിൽ ചെയ്യുന്നത്. ഇതുപ്രകാരം ഈ സൊസൈറ്റിയുടെ പണം 51% മറ്റ് സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് ഇടപാട് നടത്താനുള്ള ഒരു പുതിയ സൗകര്യം ലഭ്യമാകുന്നു. ഇത് ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ ഗുരു തരമായ പ്രത്യാഘാതം നമ്മുടെ സഹകരണ മേഖലയിൽ ഉണ്ടാക്കും. ബഹു

മാനപ്പെട്ട മന്ത്രി 95,000 കോടി രൂപ ഇന്ന് സഹകരണമേഖലയിൽ നിക്ഷേപമായിട്ടുണ്ടെന്ന് പറഞ്ഞു ഈ 95,000 കോടി രൂപയിൽ 45,000 കോടി രൂപ ഇത്തരത്തിൽ മറ്റ് ഇടപാട് നടത്താൻ സൗകര്യം ചെയ്തുകൊടുക്കുന്ന ഒരു നിയമഭേദഗതിയാണ് ഇവിടെ കൊണ്ടുവരുന്നത്. സഹകരണ മേഖലയിലുള്ള ഇന്നത്തെ സമ്പാദ്യം സ്വകാര്യവ്യക്തികളുമായി ചേർന്ന് കൊള്ളയടിക്കാനുള്ളപുതിയ അവസരം ഈ സഹകരണ നിയമം വഴി സംസ്ഥാനത്ത് സൃഷ്ടിക്കാൻ പോകുകയാണ്. അതുകൊണ്ട് നിലവിലുള്ള സഹകരണ നിയമത്തിന്റെ അന്ത:സത്തയ്ക്ക് നിരക്കാത്ത ഇത്തരത്തിലുള്ള സംവിധാനം തുടരാൻ പാടില്ല. സൊസൈറ്റിയുടെ താല്പര്യം സംരക്ഷിക്കാത്ത വിധത്തിലുള്ള പുതിയ ലയബിലിറ്റി സൊസൈറ്റിയുടെമേൽ അടിച്ചേൽപ്പിക്കുന്ന വിധത്തിലുള്ള ഈ ഭേദഗതി പിൻവലിക്കണം. ഇത് റീകാസ്റ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri M. Hamsa: Sir, I move the following the amendment:

176. In section 14 B proposed to be inserted in the principal Act the following changes shall be made :

(i) in the marginal heading, for the word "partnership" substitute the word "consortium"

(ii) substitute the word "consortium" for the word "partnership" wherever it occurs except in the words "Indian Partnership Act".

സർ, ഒന്നിലേറെ സഹകരണ സംഘങ്ങൾ തമ്മിലുള്ള പാർട്ണർഷിപ്പ് എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതിനേക്കാൾ ഒരു സഹകരണ പ്രസ്ഥാനത്തിന് ചേരുന്ന ഒരു വാക്ക് സഹകരണ സംഘങ്ങളുടെ കൺസോർഷ്യം എന്നാണ്. 2000-ത്തിലെ സഹകരണ നിയമത്തിന്റെ ഭേദഗതിയുടെ സമയത്ത് കണ്ടെത്തിയ ഒരു വാക്കും ഉപയോഗിച്ച ഒരു വാക്കും കൺസോർഷ്യം എന്നാണ്.

Shri. S. Sarma:Sir, I move the following amendment:

180. In section 14 B (1) proposed to be inserted in the principal Act by clause 10 after the word "Business" add the following words

"the terms of agreement should be disclosed to the general body meeting in advance".

സർ, ഇതിൽ വളരെ പ്രധാനപ്പെട്ട പ്രശ്നം ഇവിടെ പറഞ്ഞ ഒരു പോയിന്റിനെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ഈ ഭരണഘടനാ അമന്റ്മെന്റിലൂടെ സ്റ്റേറ്റ്സ് സബ്ജക്ട് ആയിരുന്ന കോ-ഓപ്പറേഷൻ അട്ടിമറിക്കുകയാണ് ചെയ്തത്. സ്റ്റേറ്റിന്റെ റൈറ്റാണ് കവർന്നെടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ആക്ട് ഇപ്പോൾ വരുന്നത്. അങ്ങനെ വരുമ്പോൾ നിയമസഭയിലെ ദീർഘകാലത്തെ പാരമ്പര്യമൊന്നും ഞാൻ പറ

യുന്നില്ല. പത്ത് വകുപ്പുകളിലും ഭേദഗതികൾ ഭരണകക്ഷിയും പ്രതിപക്ഷവും കൊണ്ടുവന്നിട്ടുണ്ട്. ഒരു വാക്കുപോലും അംഗീകരിക്കാതെ നിയമസഭയെ റബ്ബർ സ്റ്റാമ്പാക്കുന്ന ഈ നിയമ നിർമ്മാണ പ്രക്രിയയോട് അങ്ങേയറ്റത്തെ പ്രതിഷേധമാണ് എനിക്കുള്ളത്. ഞാൻ ഈ അമന്റ്മെന്റ് മൂവ് ചെയ്യുന്നു.

Shri. P. Sreeramakrishnan: Sir, I move the following amendment:

181. Delete the following words in section 14 B (2) proposed to be inserted in the principal Act by clause 10:-

" or shall be in the public interest or shall be in the interest of the Co-operative movement in general"

സർ, സഹകരണ സ്ഥാപനങ്ങൾ ഒരുമിച്ചുള്ള കൂട്ടുസംരംഭം പാർട്ണർഷിപ്പ് എന്നു പറയുന്ന പുതിയ ഒരു നിർദ്ദേശമാണ് വന്നിട്ടുള്ളത്. അത് ആകാവുന്നതാണ്. പക്ഷേ, അതിന് വ്യക്തതയും മാനദണ്ഡങ്ങളും ഉണ്ടാകണം. ഇതിൽ പറയുന്നത് രണ്ട് സഹകരണ സംഘങ്ങളുടെ ജനറൽ ബോഡി കൂടി തീരുമാനിച്ചാൽ അതാകാവുന്നതാണ്. എന്നാൽ ആ ജനറൽ ബോഡിക്കുള്ള തീരുമാനം ഇല്ലെങ്കിൽ 'public interest or shall be in the interest of the co-operative movement in general' എന്നാണ് പറയുന്നത്. അതിനൊരു വ്യക്തത ഇല്ല. അതായത് നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന, നല്ല മൂലധനശേഷിയുള്ള സഹകരണ സംഘങ്ങളും തട്ടിക്കൂട്ടൽ സംഘങ്ങളും ചേർന്ന് നടത്തുന്ന ബിസിനസ്സിന് സഹായകരമാകുന്ന ഒരു നിമിത്തമായി ഇതു മാറും. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ ജനറൽ ബോഡിയല്ലാതെ

മറ്റൊരു തേർഡ് പാർട്ടി ഇടപെട്ട് കൊണ്ടുപോകുക എന്നുള്ള ഒരു സമീപനം ഇതിൽ വരും. നിലവിൽ സഹകരണ സംഘങ്ങൾ തമ്മിൽ പാർട്ണർഷിപ്പിന് സാധ്യതയില്ല. പാർട്ണർഷിപ്പിന്റെ പേരിൽ നല്ല സംഘങ്ങളെ തകർച്ച യിലേക്ക് നയിക്കുന്ന ഒരു ഭേദഗതിയായതുകൊണ്ട് അത് മാറ്റണമെന്നാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. തോമസ് ഉണ്ണിയാടൻ, അങ്ങേയ്ക്ക് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാൻ സാധിക്കില്ല. പക്ഷേ സംസാരിക്കാവു ന്നതാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : ഇവിടെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതിയും രജിസ്ട്രാറുടെ മുൻകൂട്ടി അനുവാദം വേണമെന്നുള്ള ശ്രീ. കെ. ശിവദാസൻ നായരുടെ 161-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരി പ്പിച്ച 159 -ാം ഭേദഗതിയാണ് സ്വീകരിച്ചത്.

ശ്രീ. കോലിക്കോട് എൻ. കൃഷ്ണൻ നായർ : 159 -ാം നമ്പർ ഭേദഗതി അംഗീകരിച്ചു എന്നത് സമ്മതിക്കുന്നു. സ്പെല്ലിംഗ് മിസ്റ്റേക്കിനെ സംബന്ധി ച്ചാണ്. 167, 170, 178 എന്നീ ഭേദഗതികളും അതുതന്നെയാണ്.

മി. സ്പീക്കർ: ശ്രീ. എ.കെ. ബാലൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. 174-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ – 56

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. പി. കെ. ഗുരുദാസൻ
20. ശ്രീ. എം. ഹംസ
21. ശ്രീമതി ജമീലാ പ്രകാശം
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം

28. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

31. ശ്രീമതി കെ. കെ. ലതിക

32. ശ്രീ. മാത്യു റ്റി. തോമസ്

33. ശ്രീ. കെ. കെ. നാരായണൻ

34. ശ്രീ. എ. പ്രദീപ്കുമാർ

35. ശ്രീ. പുരുഷൻ കടലുണ്ടി

36. ശ്രീ. കെ. രാധാകൃഷ്ണൻ

37. ശ്രീ. പി. റ്റി. എ. റഹീം

38. ശ്രീ. എസ്. രാജേന്ദ്രൻ

39. ശ്രീ. ആർ. രാജേഷ്

40. ശ്രീ. റ്റി. വി. രാജേഷ്

41. ശ്രീ. കെ. രാജു

42. പ്രൊഫ. സി. രവീന്ദ്രനാഥ്

43. ശ്രീ. സി. കെ. സദാശിവൻ

44. ശ്രീ. സാജു പോൾ

45. ശ്രീമതി കെ. എസ്. സലീഖ

46. ശ്രീ. എസ്.  ശർമ്മ

47. ശ്രീ. വി. ശശി

48. ശ്രീ. ബി. സത്യൻ

49. ശ്രീ. വി. ശിവൻകുട്ടി

50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

51. ശ്രീ. ജി. സുധാകരൻ

52. ശ്രീ. വി. എസ്. സുനിൽകുമാർ

53. ശ്രീ. കെ. സുരേഷ് കുറുപ്പ്

54. ഡോ. ടി. എം. തോമസ് ഐസക്

55. ശ്രീ. ഇ. കെ. വിജയൻ

56. ശ്രീ. കെ. വി. വിജയദാസ്

പ്രതികൂലിക്കുന്നവർ – 70

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്

33. ശ്രീ. പി. എ. മാധവൻ

34. ശ്രീ. സി. മമ്മൂട്ടി

35. ശ്രീ. കെ. എം. മാണി

36. ശ്രീ. കെ. പി. മോഹനൻ

37. ശ്രീ. സി. മോയിൻകുട്ടി

38. ശ്രീ. മോൻസ് ജോസഫ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. റ്റി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേശ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. റോഷി അഗസ്റ്റിൻ

52. ശ്രീ. വി. പി. സജീന്ദ്രൻ

53. ശ്രീ. എൻ. ശക്തൻ

54. ശ്രീ. വി. ഡി സതീശൻ

55. ശ്രീ. ഷാഫി പറമ്പിൽ

56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദ്ദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതിയെ................

അനുകൂലിക്കുന്നവർ : 56

പ്രതികൂലിക്കുന്നവർ : 70

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ എന്റെ **175**-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ- **56**

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. പി. കെ. ഗുരുദാസൻ
20. ശ്രീ. എം. ഹംസ
21. ശ്രീമതി ജമീലാ പ്രകാശം
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ

25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. ബി. സത്യൻ
49. ശ്രീ. വി. ശിവൻകുട്ടി
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ഡോ. ടി. എം. തോമസ് ഐസക്

55. ശ്രീ. ഇ. കെ. വിജയൻ

56. ശ്രീ. കെ. വി. വിജയദാസ്

## പ്രതികൂലിക്കുന്നവർ – 70

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്
21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി

24. ഡോ. എൻ. ജയരാജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. പി. ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്

33. ശ്രീ. പി. എ. മാധവൻ

34. ശ്രീ. സി. മമ്മൂട്ടി

35. ശ്രീ. കെ. എം. മാണി

36. ശ്രീ. കെ. പി. മോഹനൻ

37. ശ്രീ. സി. മോയിൻകുട്ടി

38. ശ്രീ. മോൻസ് ജോസഫ്

39. ശ്രീ. ആര്യാടൻ മുഹമ്മദ്

40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

41. ഡോ. എം. കെ. മുനീർ

42. ശ്രീ. കെ. മുരളീധരൻ

43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

44. ശ്രീ. ഉമ്മൻ ചാണ്ടി

45. ശ്രീ. അടൂർ പ്രകാശ്

46. ശ്രീ. റ്റി. എൻ. പ്രതാപൻ

47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

49. ശ്രീ. രമേശ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. റോഷി അഗസ്റ്റിൻ

52. ശ്രീ. വി. പി. സജീന്ദ്രൻ

53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. വി. ഡി സതീശൻ
55. ശ്രീ. ഷാഫി പറമ്പിൽ
56. ശ്രീ. കെ. എം. ഷാജി
57. ശ്രീ. എൻ. ഷംസുദ്ദീൻ
58. ശ്രീ. ആർ. സെൽവരാജ്
59. ശ്രീ. ഷിബു ബേബി ജോൺ
60. ശ്രീ. കെ. ശിവദാസൻ നായർ
61. ശ്രീ. വി. എസ്. ശിവകുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതിയെ ..........

അനുകൂലിക്കുന്നവർ : 56

പ്രതികൂലിക്കുന്നവർ : 70

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ എന്റെ 181– ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ– 56

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. പി. കെ. ഗുരുദാസൻ
20. ശ്രീ. എം. ഹംസ

21. ശ്രീമതി ജമീലാ പ്രകാശം
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. ബി. സത്യൻ
49. ശ്രീ. വി. ശിവൻകുട്ടി
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ഡോ. ടി. എം. തോമസ് ഐസക്
55. ശ്രീ. ഇ. കെ. വിജയൻ
56. ശ്രീ. കെ. വി. വിജയദാസ്

പ്രതികൂലിക്കുന്നവർ – 70

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. എ. റ്റി. ജോർജ്

21. ശ്രീ. പി. സി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. കുമാരി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. ജോസഫ് വാഴക്കൻ
28. ശ്രീ. വർക്കല കഹാർ
29. ശ്രീ. കെ. എൻ. എ. ഖാദർ
30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേശ് ചെന്നിത്തല

50. ശ്രീ. പാലോട് രവി

51. ശ്രീ. റോഷി അഗസ്റ്റിൻ

52. ശ്രീ. വി. പി. സജീന്ദ്രൻ

53. ശ്രീ. എൻ. ശക്തൻ

54. ശ്രീ. വി. ഡി സതീശൻ

55. ശ്രീ. ഷാഫി പറമ്പിൽ

56. ശ്രീ. കെ. എം. ഷാജി

57. ശ്രീ. എൻ. ഷംസുദ്ദീൻ

58. ശ്രീ. ആർ. സെൽവരാജ്

59. ശ്രീ. ഷിബു ബേബി ജോൺ

60. ശ്രീ. കെ. ശിവദാസൻ നായർ

61. ശ്രീ. വി. എസ്. ശിവകുമാർ

62. ശ്രീ. സണ്ണി ജോസഫ്

63. ശ്രീ. സി. എഫ്. തോമസ്

64. ശ്രീ. തോമസ് ഉണ്ണിയാടൻ

65. ശ്രീ. പി. ഉബൈദുള്ള

66. ശ്രീ. എം. ഉമ്മർ

67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

68. ശ്രീ. എം. എ. വാഹീദ്

69. ശ്രീ. എം. പി. വിൻസെന്റ്

70. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ : 56

പ്രതികൂലിക്കുന്നവർ : 70

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 159,167, 170,172, 178 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.ഡി.സതീശൻ അവതരിപ്പിച്ച 162,179 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 164, 168, 182 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.കെ. ഗുരുദാസൻ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എളമരം കരീം അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 171–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 174–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 176–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 177–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 180–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 181–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 175, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

ഭേദഗതി ചെയ്ത പ്രകാരമുള്ള 10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

11-ാം വകുപ്പ്

Shri. C. K. Sadasivan: Sir, I move the following amendment.

185. Delete section 16A (1) (a) proposed to be inserted in the principal Act by clause 11.

സർ, രണ്ടുവർഷം സംഘം നൽകുന്ന സേവനങ്ങൾ അംഗങ്ങൾ തുടർച്ചയായി ഉപയോഗിക്കാതിരിക്കുകയോ ചട്ടങ്ങൾ മുഖേന നിഷ്കർഷിക്കുന്ന മിനിമം സേവനങ്ങൾ ഉപയോഗിക്കാതിരിക്കുകയോ ചെയ്താൽ ആ അംഗം അയോഗ്യനായി മാറുകയാണ്. ഇത് ഡിലീറ്റ് ചെയ്യണം.

**Shri. T.N. Prathapan: Sir, I move the following amendment.**

186 **In section 16 A(i) (a) proposed to be inserted in the Principle Act by clause 11 for the word 'two' substitute the word 'three'**.

Shri. K. Suresh Kurup: Sir, I move the following amendments.

187. In section 16A(1) (a) proposed to be inserted in the principal Act by clause 11, for the word 'two' the word "Five" shall be substituted.

190. In section 16 A (1)(a) proposed to be inserted in the principal Act by the following words shall be 11 omitted.

Section 16 A (1) (a) proposed to be inserted in the principal Act by clause 11 shall be recast as follows:-

"(a) is not using the services of the society for two consecutive years"

192. Delete section 16 A (1) (b) proposed to be inserted in the principal Act.

197. Delete sub-section 16 A (2) proposed to be inserted in the principal Act by clause 11

187. ഒരു മെമ്പർ രണ്ടുവർഷത്തേയ്ക്ക് ഈ സംഘത്തിന്റെ സർവ്വീസ് ഉപയോഗിക്കാതിരുന്നാൽ അയാളുടെ മെമ്പർഷിപ്പ് ഇല്ലാതാകുകയാണ്. അതായത് മെമ്പറായിരിക്കണമെങ്കിൽ വായ്പയെടുത്തിരിക്കണമെന്ന് നിർബ സ്ധിക്കുകയാണ്. അപ്പോൾ രണ്ടുവർഷത്തിനകം എപ്പോഴും ബാങ്കിൽനിന്നും വായ്പയെടുത്തുകൊണ്ടിരിക്കണോ; ആവശ്യം വരുമ്പോഴല്ലേ വായ്പ എടു ക്കാൻ കഴിയൂ. 16 (എ) മുഴുവനും നോക്കുമ്പോൾ സഹകരണ പ്രസ്ഥാന ത്തിൽനിന്നും ആളുകളെ അകറ്റിനിർത്തുകയാണ്. അതായത് മെമ്പർഷിപ്പെ ടുത്താൽ സഹകരണബാങ്കിൽ കടക്കാരനാകണം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ അടിത്തറ എന്താണ്? ഇവിടെ ശ്രീ. ജി. സുധാകരനും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും പറഞ്ഞതുപോലെ ഇതിൽ ആയിര ക്കണക്കിന് ആളുകൾ അംഗങ്ങളാകുകയും അവർക്കാവശ്യമുള്ള സമയത്ത്

വായ്പയെടുക്കുകയുമാണ്. രണ്ടുവർഷം എന്നുള്ളത് അഞ്ചുവർഷമാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

190. " is not using the services of the society for two consecutive years". ഇതുരണ്ടും ഏകദേശം ഒരുപോലെയാണ്.

192. Section 16 A(1)(b) –ൽ പറയുന്നത് "is doing business which is in conflict or competition with the business of such co-operative society". സൊസൈറ്റി ഒരു പലചരക്കുകട തുടങ്ങിയാൽ തൊട്ടടുത്ത് കട നടത്തുന്ന ആൾക്ക് ഈ മെമ്പർഷിപ്പ് എടുക്കാൻ കഴിയില്ല.

197. Section 16 A(2) – "Where any person becomes ineligible for continuing as a member as per sub-section (1), the committee of the society may remove the person from membership after giving him an opportunity for making his representation, if any, and the person concerned shall thereupon cease to be a member of the society." ഒരു മെമ്പർ ഏതെങ്കിലും തരത്തിൽ സർവ്വീസ് ഉപയോഗിച്ചിട്ടില്ലെങ്കിൽ സൊസൈറ്റിക്ക് arbitrary ആയിട്ട് മെമ്പർഷിപ്പിൽ നിന്നും മാറ്റാം. ജനാധിപത്യ സ്വഭാവത്തിന് എതിരായതുകൊണ്ട് ഇത് മാറ്റണം.

Shri. V.D. Satheesan: Sir, I move the following amendment.

191. After 16A(1)(a) proposed to be inserted in the principal Act by clause 11 the following shall be added, "provided that the

above time frame is not applicable to a newly admitted member”

ഇപ്പോൾ പറഞ്ഞതനുസരിച്ച് രണ്ട് വർഷം തുടർച്ചയായി ഈ സർവ്വീസ് ഉപയോഗിക്കാത്ത ഒരാൾ മെമ്പറല്ലാതാകുകയാണ്. നിലവിലുള്ള നിയമമനുസരിച്ച് പുതിയതായി മെമ്പറായി ചേരുന്ന ഒരാൾക്ക് ഇലക്ഷൻ പ്രൊസീഡ്യുവർ തുടങ്ങുന്നതിനുമുമ്പ് മെമ്പറായി ചേർന്നാൽ അയാൾക്ക് വോട്ടവകാശമുണ്ട്. പക്ഷെ അയാൾക്ക് രണ്ട് വർഷത്തെ സർവ്വീസ് കാണില്ല. ഈ സെക്ഷൻ അനുസരിച്ച് രണ്ടുകൊല്ലത്തെ സർവ്വീസില്ലാത്ത ഒരാൾ മെമ്പറല്ലാതായിത്തീരും. അപ്പോൾ പുതിയതായി ചേരുന്ന മെമ്പർക്ക് വോട്ട വകാശം ഇല്ലാത്ത സ്ഥിതി വരും. ഈ പ്രൊവിഷൻ പുതിയ മെമ്പർക്ക് ബാധ കമല്ലാതാക്കണം.

Shri. N. Samsudheen: Sir, I move the following amendment.

a. In Section 16A(1)(b) proposed to be inserted in the principal Act by clause 11 the words "is a member of the committee and" shall be added at the beginning.

Shri. K. Muraleedharan: Sir, I move the following amendment.

b. **In section 16A(1)(b) proposed to be inserted in principal Act by clause 11, for the words 'three' substitute the words 'four'**.

**Shri. G. Sudhakaran: Sir, I move the following amendments.**

**195. In clause 16A(1)(b) proposed to be inserted in principal Act by clause 11 for the words 'and such absence has not been condoned by the members in the general meeting' substitute the words "without prior intimation in writing to the Board of Directors."**

**a. Delete the proviso to section 16A(2) proposed to be inserted in the principal Act by clause 11**

**Prof. C. Raveendranath: Sir, I move the following amendment.**

**196. In section 16A(1)(b) proposed to be inserted in the principal Act by clause 11, substitute the words "without prior intimation in writing to the board of directors" for the words "and such absence has not been condoned by the members in the general meeting."**

**Shri. T. V. Rajesh: Sir, I move the following amendment.**

**198. In section 16 A(2) proposed to be inserted in the principal Act by clause 11 substitute the words "following the**

**procedures laid down in section 17" for the words "after giving him an opportunity for making his representation , if any and the person concerned shall thereupon cease to be a member of the society"**

**Shri. K. Sivadasan Nair: Sir, I move the following amendment.**

**201. In the proviso to section 16 A(2) proposed to be inserted in the principal Act by clause 11 substitute the words 'for a**

**period of six months' for the words 'for a period of one year.'**

**Shri. K. Sunny Joseph: Sir, I move the following amendment.**

**202. In the proviso to the section 16A(2) proposed to be inserted in the principal Act by clause 11, substitute the words 'two year' for the words 'one year.'**

**Shri. C. Mammutty: Sir, I move the following amendment.**

**203. After the proviso of 16A(2) proposed to be inserted in the**

**principal Act by clause 11 the following proviso shall be added:- "Provided also that the member so removed shall be liable to pay back the dues if any to the society and eligible to get back his share if he request so."**

മി. സ്പീക്കർ: ശ്രീ. പി. ബി. അബ്ദുൾ റസാക്, ശ്രീ. ആർ. രാജേഷ് എന്നിവരുടെ ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഒരു തെറ്റിദ്ധാരണ തിരുത്താൻ മാത്രമേ ഉള്ളൂ. മെമ്പർമാർ വോട്ട് ചെയ്യാൻവേണ്ടി മാത്രം എത്തുന്ന പ്രവണത ഒഴിവാക്കണം. എല്ലാവരും വളരെ ആക്ടീവായി സഭയിൽ ഉണ്ടാകണം.

മി. സ്പീക്കർ: ശ്രീ. സി.കെ. സദാശിവൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി.കെ. സദാശിവൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

185-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 56

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്

5. ശ്രീ. എ. എ. അസീസ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. എം. എ. ബേബി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. പി. കെ. ഗുരുദാസൻ
20. ശ്രീ. എം. ഹംസ
21. ശ്രീമതി ജമീലാ പ്രകാശം
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ഇ. പി. ജയരാജൻ
26. ശ്രീ. ജോസ് തെറ്റയിൽ
27. ശ്രീ. എളമരം കരീം
28. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
31. ശ്രീമതി കെ. കെ. ലതിക
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ

35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. എസ്. രാജേന്ദ്രൻ
39. ശ്രീ. ആർ. രാജേഷ്
40. ശ്രീ. റ്റി. വി. രാജേഷ്
41. ശ്രീ. കെ. രാജു
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. ബി. സത്യൻ
49. ശ്രീ. വി. ശിവൻകുട്ടി
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. ജി. സുധാകരൻ
52. ശ്രീ. വി. എസ്. സുനിൽകുമാർ
53. ശ്രീ. കെ. സുരേഷ് കുറുപ്പ്
54. ഡോ. ടി. എം. തോമസ് ഐസക്
55. ശ്രീ. ഇ. കെ. വിജയൻ
56. ശ്രീ. കെ. വി. വിജയദാസ്

## പ്രതികൂലിക്കുന്നവർ – 66

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. ടി. എ. അഹമ്മദ് കബീർ

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. പി. അനിൽകുമാർ

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. കെ. ബാബു

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

14. ശ്രീ. വി. ടി. ബൽറാം

15. ശ്രീ. പി. കെ. ബഷീർ

16. ശ്രീ. ബെന്നി ബെഹനാൻ

17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

19. ശ്രീ. കെ. ബി. ഗണേഷ് കുമാർ

20. ശ്രീ. എ. റ്റി. ജോർജ്

21. ശ്രീ. പി. സി. ജോർജ്

22. ശ്രീ. ഹൈബി ഈഡൻ

23. കുമാരി പി. കെ. ജയലക്ഷ്മി

24. ശ്രീ. പി. ജെ. ജോസഫ്

25. ശ്രീ. ജോസഫ് വാഴക്കൻ

26. ശ്രീ. വർക്കല കഹാർ

27. ശ്രീ. റ്റി. യു. കുരുവിള

28. ശ്രീ. ലൂഡി ലൂയിസ്

29. ശ്രീ. പി. എ. മാധവൻ

30. ശ്രീ. സി. മമ്മൂട്ടി

31. ശ്രീ. കെ. എം. മാണി

32. ശ്രീ. കെ. പി. മോഹനൻ

33. ശ്രീ. സി. മോയിൻകുട്ടി

34. ശ്രീ. മോൻസ് ജോസഫ്

35. ശ്രീ. ആര്യാടൻ മുഹമ്മദ്

36. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

37. ഡോ. എം. കെ. മുനീർ

38. ശ്രീ. കെ. മുരളീധരൻ

39. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

40. ശ്രീ. ഉമ്മൻ ചാണ്ടി

41. ശ്രീ. അടൂർ പ്രകാശ്

42. ശ്രീ. റ്റി. എൻ. പ്രതാപൻ

43. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

44. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

45. ശ്രീ. രമേശ് ചെന്നിത്തല

46. ശ്രീ. പാലോട് രവി

47. ശ്രീ. റോഷി അഗസ്റ്റിൻ

48. ശ്രീ. വി. പി. സജീന്ദ്രൻ

49. ശ്രീ. എൻ. ശക്തൻ

50. ശ്രീ. വി. ഡി സതീശൻ

51. ശ്രീ. ഷാഫി പറമ്പിൽ

52. ശ്രീ. കെ. എം. ഷാജി

53. ശ്രീ. എൻ. ഷംസുദ്ദീൻ

54. ശ്രീ. ആർ. സെൽവരാജ്

55. ശ്രീ. ഷിബു ബേബി ജോൺ

56. ശ്രീ. കെ. ശിവദാസൻ നായർ

57. ശ്രീ. വി. എസ്. ശിവകുമാർ

58. ശ്രീ. സണ്ണി ജോസഫ്

59. ശ്രീ. സി. എഫ്. തോമസ്

60. ശ്രീ. തോമസ് ഉണ്ണിയാടൻ

61. ശ്രീ. പി. ഉബൈദുള്ള

62. ശ്രീ. എം. ഉമ്മർ

63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

64. ശ്രീ. എം. എ. വാഹീദ്

65. ശ്രീ. എം. പി. വിൻസെന്റ്

66. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ശ്രീ. സി.കെ. സദാശിവൻ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ : 56

പ്രതികൂലിക്കുന്നവർ : 66

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 187, 190, 192, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 191 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ 193 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ 194 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

ശ്രീ. ജി. സുധാകരൻ 195, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ് 196–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ 201 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് 202 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി 203–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ.................

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>Shri. G. Sudhakaran</u>: Sir, I move the following amendments.

**207. Delete clause 12 (i)**

**212. Delete clause 12(ii)**

സർ, നേരത്തെ ഇവിടെ ഉന്നയിച്ച പ്രശ്നം വ്യക്തത വന്നില്ല. അതായത് നാളെക്കൊണ്ട് ഭരണഘടനാ ഭേദഗതി ബിൽ നിയമമാകേണ്ടത് ഇന്ന് രാത്രി 12 മണിയോടെ തീരുകയാണ്. കർണ്ണാടകത്തിൽ ഇരിക്കുന്ന ഗവർണ്ണർക്ക് ഇത് അയച്ചുകൊടുത്ത് ലീഗലൈസ് സ്ക്രൂട്ടണി നടത്തി സാറ്റിസ്ഫൈ ചെയ്ത്

സൈൻ ചെയ്ത് ഇവിടെ കൊണ്ടുവന്ന് നോട്ടിഫൈ ചെയ്യാനുള്ള സമയമില്ലാത്തതുകൊണ്ട് എന്തോ ഇതിനകത്ത് കള്ളക്കളി നടന്നിരിക്കാൻ സംശയമുണ്ട്. ഞാൻ ഇനി ഒരു ചോദ്യവും ചോദിക്കുന്നില്ലായെന്ന് ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്.

Sri. K. Suresh Kurup: Sir, I move the following amendments.

209. In section 17 (1) of the principal Act proposed to be amended by Clause 12 (i) the words "or persistently defaulting payment of his dues" shall be deleted.

213. Section 17(4) proposed to be inserted in the principal Act by clause 12(ii) shall be deleted.

216. Section 17(5) proposed to be added in the principal Act by clause 12 (ii) for the words "one year" the words "six months" shall be substituted

സർ, 209 "or persistently defaulting payment of his dues" അങ്ങനെ ഒരാളെ റിമൂവ് ചെയ്യാൻ വേണ്ടി, ഒരു സാധാരണക്കാരൻ ബാങ്കിൽ നിന്ന് ലോൺ എടുത്ത് ഡിഫോൾട്ട് വരുത്തുക എന്നുള്ളത് സാധാരണഗതിയിലുള്ള ഒരു കാര്യമാണ്. അപ്പോൾ അയാളുടെ കൈയിൽ നിന്ന് ഈ ഡ്യൂസ് ഈടാക്കാനുള്ള എല്ലാ സംവിധാനവും ബാങ്കിനുണ്ട്. മെമ്പർഷിപ്പ് നിന്ന് നീക്കം ചെയ്യേണ്ട കാര്യമെന്താണ്? ഡിഫോൾട്ട് വരുത്തിയെന്നുള്ളതുകൊണ്ട് മാത്രം ബാങ്കിന്റെ ഫെസിലിറ്റി ഈടാക്കാനുള്ള എല്ലാ കാര്യങ്ങളും ബാങ്കിന്റെ

കയ്യിലുണ്ട്. അത് ഈടാക്കുന്നതോടൊപ്പം ഇയാളുടെ മെമ്പർഷിപ്പും കളയുകയാണ്. അത് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

**Sri. K. Kunhiraman (Trikkaripur): Sir, I move the following amendment.**

**214. In sub section 17(4) proposed to be added in the principal Act by 12(ii), the following proviso shall be added.**

**"Provided that expulsions under their sub section shall be specifically mentioned in the resolution mentioned in sub section (1) and the resolution should be supported by three – fourth of the members present and voting".**

**Sri. C. Moinkutty: Sir, I move the following amendments.**

**217. In section 17 (5) proposed to be added in the principal Act by**

**clause 12 (ii) ,-**

1) **The words "One year" shall be substituted by the words "three years"**
2) **After the word "expulsion" the following shall be added "and that too after consideration of the charges of such expulsion"**

**Sri. K. Radhakrishnan: Sir, I move the following amendment.**

**207. Delete clause 12 (i)**

**Sri. S. Rajendran: Sir, I move the following amendments.**

**211. Delete clause 12(ii)**

**Sri. K. Sivadasan Nair: Sir, I move the following amendment.**

**215. In section 17(5) proposed to be added in the principal Act by clause 12(ii) for the words "one year" the words "six months" shall be substituted**.

സഹകരണവും ഖാദിയും ഗ്രാമവികസനവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 209-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 207, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 213, 216 എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 208 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 211–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 215–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള **12–ാം** വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**13–ാം വകുപ്പ്**

Sri. Koliakode N. Krishnan Nair: Sir, I move the following amendment.

218. Section 19A proposed to be inserted in the principal Act by clause 13 shall be deleted.

സർ, മിനിമം റിക്വയേർഡ് ജനറൽ ബോഡി എത്രയെന്നും അതിന്റെ മിനിമം സർവ്വീസ് എത്രയെന്നും ഈ സെക്ഷനിൽ പറയുന്നില്ല. അതുകൊണ്ട് ആ ഭേദഗതി ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം.

Sri. K. Suresh Kurup: Sir, I move the following amendments.

220. In section 19A proposed to be inserted in the principal Act by clause 13, for the words “the minimum required general

body meeting and minimum level of services as may be prescribed", substitute the words "at least one general body meeting".

സർ, 220. ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ പറഞ്ഞതുപോലെ തന്നെ മിനിമം റിക്വയേർഡ് ജനറൽ ബോഡി എത്രയാണെന്ന് സ്പെസിഫൈ ചെയ്യുന്നില്ല. ഈ ക്ലോസിൽ തീർത്തും അവ്യക്തവും ആർബിട്രറിയുമായാണ് എഴുതിവച്ചിരിക്കുന്നത്. എന്റെ ഭേദഗതിയെന്ന് പറയുന്നത് ഒരു ജനറൽ ബോഡി മീറ്റിംഗിനെങ്കിലും അറ്റന്റ് ചെയ്തില്ലെങ്കിൽ എന്നാക്കി മാറ്റണം എന്നാണ്.

222. In section 19B(f) proposed to be inserted in the principal Act by clause 13, add the word "or her" in between the words "his" and "transaction" and delete the word "only".

സർ, 222. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ പറഞ്ഞതുപോലെ services of the society പ്രൊവൈഡ് ചെയ്യുന്നതിനെപ്പറ്റി പറയുമ്പോൾ (എഫ്)-ൽ പറയുന്നത്, The accounts of the society in so far as they relate to his transaction എന്നാണ്. His or her transaction എന്നാക്കണം.

Sri. K. Sivadasan Nair: Sir, I move the following amendment.

221. In section 19A proposed to be inserted in the principal Act by clause 13, for the word "and", substitute the word "or".

Sri. M. Hamsa: Sir, I move the following amendment.

223. In section 19B proposed to be inserted in the principal Act by clause 13 add the following as a new item

"(g) minutes of the meeting of the Committee"

സർ, ഭരണസമിതിയുടെ മിനിറ്റ്സ് എന്തായാലും കൊടുക്കണം. ബാക്കിയെല്ലാം ഈ ക്ലോസിൽ പറഞ്ഞിട്ടുണ്ട്. റൈറ്റ് ടു ഇൻഫർമേഷൻ ആക്റ്റ് അനുസരിച്ച് ഭരണസമിതിയുടെ മിനിറ്റ്സ് കൂടി കൊടുക്കണം എന്ന ക്ലോസിലെ 'ജി' എന്ന വകുപ്പ് ചേർക്കണം.

Sri. V.M. Ummer Master: Sir, I move the following amendment.

224. In section 19B proposed to be inserted in the principal Act by clause 13 add the following as a new item:

"(g) List of members attended in each general body"

സഹകരണവും ഖാദിയും ഗ്രാമവികസനവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 222-ാം ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 220 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 221–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 223–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 224–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 13–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

14–ാം വകുപ്പ്

Shri. Koliyakode N. Krishnan Nair: Sir, I move the following amendments.

226. In the explanation to section 28(1) of the principal Act proposed to be added by clause 14(ii) for the words “date of election” substitute the words “date of taking charge”.

237. In section 28(1J) of the principal Act proposed to be added by clause 14(viii), add the following proviso namely:-

"Provided that those who have lost the election shall not be nominated to the board under this clause"

226. കമ്മിറ്റി ചാർജെടുക്കുന്നത് "from the date of election" എന്നാണ് ഇതിൽ പറയുന്നത്. ഞാൻ അമെന്റ് ചെയ്തിരിക്കുന്നത് "date of taking charge"എന്നാണ്. അതിനുള്ള കാരണം കേരളത്തിലെ പ്രത്യേക സ്ഥിതിവച്ച് നീട്ടിക്കൊണ്ടുപോകാനും അഡ്മിനിസ്ട്രേറ്റർ വീണ്ടും വരാനുള്ള സാഹചര്യ ങ്ങളുണ്ട്. അതിൽനിന്ന് ഒഴിവാകാൻ വേണ്ടി ഇലക്ഷൻ ഡേറ്റ് മുതൽ എന്നു ള്ളത് മാറ്റി എപ്പോഴാണോ കമ്മിറ്റി ചാർജെടുക്കുന്നത് അതുമുതൽ നിശ്ചയിക്ക ണമെന്നുള്ളതാണ്.

237. ഇതിൽ പ്രൊവൈസോ ഉണ്ട്. "Provided that those who have lost the election shall not be nominated to the board under this clause" പരാജയ പ്പെട്ടവരെ പിന്നെ നോമിനേറ്റ് ചെയ്യാൻ പാടില്ല. ഇതാണ് എന്റെ അമന്റ്മെന്റ്

**<u>Shri. K. Sivadasan Nair</u>: Sir, I move the following amendments.**

**227. In the proviso to section 28(1) of the principal Act proposed to be added by clause 14(iii) delete the words "on ward basis".**

**238. In section 28(1J) of the principal Act proposed to be added by clause 14(viii), after the words "same class of members" insert the words "by the Board of Directors".**

Shri. K. Suresh Kurup: Sir, I move the following amendments.

228. In item (a) of the proviso to section 28 of the principal Act proposed to be added by clause 14(iii) delete the words "Service Co-operative Banks".

236. In section 28(1G) of the principal Act proposed to be substitute by 14(vii), add the following words at the end "subject to the approval of the Registrar or the Officer delegated by the Registrar for this purpose and the Registrar or officer so delegated shall examine the competence of the persons so co-opted".

228. ഇതിൽ പറഞ്ഞിരിക്കുന്ന സൊസൈറ്റികളിലെല്ലാം തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിലാക്കും. അതായത് നിലവിലുള്ള തെരഞ്ഞെടുപ്പനുസരിച്ച് ഈ ധനകാര്യ സ്ഥാപനങ്ങളിലെ മുഴുവൻ അംഗങ്ങളെയും തെരഞ്ഞെടുക്കാൻ, വോട്ട് ചെയ്യാൻ ഒരു മെമ്പറിന് അവകാശമുണ്ട്. ഇതനുസരിച്ച് ഒരു വാർഡിൽനിന്ന് ഒരാളെ തെരഞ്ഞെടുത്തയയ്ക്കാം. ധനകാര്യ സ്ഥാപനത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന സ്വഭാവം ഒരു മെമ്പറിന് വരുന്നില്ല. മാത്രമല്ല ഒരു പാനലിൽനിന്ന് ആരെയൊക്കെ തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കാൻ മെമ്പർക്കവകാശമില്ല. എനിക്ക് എന്റെ വാർഡിൽനിന്ന് ഒരാളെ തെരഞ്ഞെടുത്ത് അയയ്ക്കാം. അത് തികച്ചും ആർബിട്രറിയാണ്, ജനാധിപത്യ വിരുദ്ധമാണ്, സഹകരണ സ്ഥാപനങ്ങളുടെ ജനാധിപത്യ സ്വഭാവത്തെ തകർക്കുന്നതാണ്. അതിന്റെ അംഗങ്ങൾക്ക് മുഴുവൻ ഭരണ സമിതിയെയും തെരഞ്ഞെടുക്കുന്നതിനുള്ള അവകാശമില്ലാതാക്കുന്നതാണ്. അത് മാറ്റണം.

236. ഇതിലേയ്ക്ക് രണ്ട് ആളുകളെ കോ-ഓപ്റ്റ് ചെയ്യുന്നതിനുള്ള അധികാരം കൊടുക്കുന്നതാണ് പുതിയ വകുപ്പ്. കോ-ഓപ്റ്റ് ചെയ്യുന്നവർ കോമ്പീറ്റന്റായിട്ടുള്ള ആളുകളാണോ, ആക്ടിൽ പറഞ്ഞിരിക്കുന്നപ്രകാരം ബാങ്കിംഗ് മേഖലയിൽ പരിചയമുള്ളവരാണോയെന്നൊക്കെ പരിശോധിക്കണ്ടേ? അത് രജിസ്ട്രാർ അധികാരപ്പെടുത്തുന്ന ആളിന്റെ അപ്രൂവലോടുകൂടി മാത്രമേ കോ-ഓപ്ഷൻ നടത്താവൂ എന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി, അങ്ങയുടെ 233-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാൻ കഴിയില്ല, സംസാരിക്കാം.

233. <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, കമ്മിറ്റിയുടെ ടേം അഞ്ച് വർഷമാണ്. നിയമം പാസാക്കുന്നതിനുമുമ്പുള്ളവർക്ക് ഇത് ബാധകമല്ലെന്ന് പറയുന്നത് ഭരണഘടനാ ഭേദഗതിക്ക് വിരുദ്ധമാണ്. ഇലക്ഷൻ നോട്ടിഫിക്കേഷനിറക്കിയാലും ഭരണ ഭേദഗതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന കാലാവധി ബാധകമല്ലെന്ന് പറയുന്നതും ശരിയല്ല.

**<u>Shri. Therambil Ramakrishnan</u>: Sir, I move the following amendment.**

**229. In section 28(1A) of the principal Act proposed to be substituted by clause 14(iv) for the words "twenty five" substitute the words "thirty five".**

**<u>Shri. Palode Ravi</u>: Sir, I move the following amendment.**

**230. In section 28(1A) of the principal Act proposed to be substituted by clause 14(iv) for the words "twenty one" substitute the words "thirty".**

**<u>Shri. Sunny Joseph</u>: Sir, I move the following amendment**.

**234. In section 28(1G) of the principal Act proposed to be substituted by clause 14(vii) for the words "two persons" substitute the words "three persons".**

**Shri. K. M. Shaji: Sir, I move the following amendment.**

**239. In section 28(1J) of the principal Act proposed to be added by clause 14(viii), for the words "half of its original term"**

**the words "one year" shall be substituted.**

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണ ങ്ങളും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരി പ്പിച്ച 226, 237 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 227, 238 എന്നീ നമ്പർ ഭേദ ഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 228, 236 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ............................

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>15-ാം വകുപ്പ്</u>

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, In sub-section (2) of section 28B.........

.............(ബഹളം).....................

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : സർ, ഞാനല്ലേ ആദ്യം ഭേദഗതി അവതരിപ്പിച്ചത്.

<u>മി. സ്പീക്കർ</u> : യെസ്....പ്ലീസ്........ Please, excuse me, എനിക്ക് വന്ന പിശകാണ്. ശ്രീ. എ.കെ. ബാലൻ അത് ചൂണ്ടിക്കാണിച്ചപ്പോൾ ഏതായാലും എഴുന്നേറ്റുപോയല്ലോ എന്ന് ഞാൻ പറയുകയും ചെയ്തതാണ്. അതല്ലാതെ ഒഴിവാക്കി പോയതല്ല. ഒരു മിസ്റ്റേക്ക് പറ്റിപ്പോയി, ഇതൊക്കെ ക്ഷമിച്ചുകൂടെ?

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : സർ, ഞാൻ വിഷമം കൊണ്ട് പറഞ്ഞതാണ്. അങ്ങ് ക്ഷമിക്കണം. പറയുന്ന ഭേദഗതികൾ ഒന്നും അംഗീകരിക്കുന്നില്ല. ഒരു 'കോമ' യോ 'ദി' യോ ഇടണമെന്ന് പറഞ്ഞാൽ അംഗീകരിക്കുന്നില്ല, ഒരു സ്പെല്ലിംഗ് മിസ്റ്റേക്ക് കാണിച്ചാൽ അത് അംഗീകരി

ക്കുന്നില്ല, ഇതൊക്കെ കണ്ട് വിഷമിച്ചിരിക്കുമ്പോഴാണ്, ഏതായാലും ഇതൊന്ന് അവതരിപ്പിക്കാമെന്ന് വിചാരിച്ചപ്പോൾ ശ്രീ. വി. ഡി. സതീശൻ അവിടെ പ്രസംഗിക്കുന്നത്.

മി. സ്പീക്കർ : അത് ശ്രീ. വി.ഡി. സതീശന്റെ കുഴപ്പമല്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : അതുകൊണ്ടാണ് ഞാൻ ചെയറിനോട് ക്ഷമ ചോദിച്ചത്.

Sir, I move the following amendments:

240. In section 28B(1) proposed to be substituted in the principal Act by clause 15 (1) shall be deleted.

242. In section 28B(2) of the principal Act proposed to be substituted by clause 15 (iii) shall be deleted.

248. In sub-section (2) of section 28B of the principal Act proposed to be substituted by clause 15(iii), for the words “sixty two”, the word “sixty” shall be substituted.

എന്റെ 240-ാം നമ്പർ ഭേദഗതിയിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ തെരഞ്ഞെടുപ്പ് ഭരണസമിതി തന്നെ നടത്തണമെന്നുള്ളതാണ്. അത് ഇലക്ഷൻ കമ്മീഷന് വിടേണ്ട കാര്യമില്ല. അത് ന്യായമായ ഒരു കാര്യമാണ്. 248-ാം നമ്പർ ഭേദഗതിയിൽ “sixty two” എന്നുള്ളത് “sixty” ആക്കുകയും അതുപോലെതന്നെ 5 കൊല്ലമാക്കുകയും ചെയ്യണം.

Shri. K. Suresh Kurup : Sir, I move the following amendments:

241. Insert the following proviso to sub-section (1) of Section 28B of the principal Act proposed to be substituted in the principal Act by clause 15(i):

"Provided also that the appointment of the members to the State Co-operative Election Commission shall be with the approval of the leader of the opposition in the Kerala Legislative Assembly."

251. In the 2nd proviso to sub-section (2) of section 28B of the principal Act proposed to be substituted by clause 15(iii) delete the words "and minimum."

എന്റെ 241-ാം നമ്പർ ഭേദഗതിയിൽ കോപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷൻ രൂപീകരിക്കാനുള്ള പ്രൊവിഷനാണ് പറഞ്ഞിരിക്കുന്നത്. അത് ഏകപക്ഷീയമായി നിയമിക്കാതെ കേരള നിമയസഭയിലെ പ്രതിപക്ഷനേതാവിന്റെയുംകൂടി സമ്മതത്തോടെയാകണം ഇലക്ഷൻ കമ്മീഷനെ നിയമിക്കാനെന്നുള്ളതാണ് ഒരു ഭേദഗതി. അങ്ങനെ പ്രതിപക്ഷനേതാവിന്റേയുംകൂടി സമ്മതത്തോടെ വച്ചാൽ മാത്രമേ അതൊരു സുതാര്യമായ സമിതി ആവുകയുള്ളൂ. 251-ാം നമ്പർ ഭേദഗതിയിൽ മറ്റൊന്ന്, the State Co-operative Election Commission shall in consultation with the Registrar have power to fix, alter or revise the maximum and minimum limit of Election expenses F´mWv Cu minimum limit of Election expenses; ഇലക്ഷൻ എക്സ്പെൻസസ് മാക്സിമം നിശ്ചയി

ക്കാമെന്നല്ലാതെ മിനിമം ഇത്ര ചെലവാക്കണമെന്ന് എങ്ങനെയാണ് നിശ്ചയിക്കാൻ കഴിയുന്നത്? minimum delete ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri. T.N. Prathapan : Sir, I move the following amendment:

243. In sub-section (2) of section 28B of the principal Act proposed to substituted by clause 15(iii), for the words "three members" substitute the words "one member".

Shri. V.D. Satheesan : Sir, I move the following amendments:

244. In sub section (2) of section 28B of the principal Act proposed to be substituted by clause 15(iii) for the words "three members" the words "two members" shall be substituted.

249. In sub-section (2) of section 28B of the principal Act proposed to be substituted by clause 15(iii), after the words “sixty two years”, add the words “of age”.

252. After the first proviso to sub-section (2) of section 28(B) of the principal Act, proposed to be substituted by clause 15(iii) a new proviso shall be inserted namely:-

“**Provided further that the Government may appoint regional or district election officers not below the rank of joint registrar of department of Co-operation for the superintendent, direction and control of the preparation of the electoral roll**

**and for the conduct of all election to Co-operative societies in the regional/district level.”**

ഞാൻ എന്റെ മൂന്ന് ഭേദഗതികളും മൂവ് ചെയ്യുന്നു. അതിൽ 249–ാം നമ്പർ ഭേദഗതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതിൽ എഴുതിയിരിക്കുന്നതനുസരിച്ച് ഈ സ്ഥാനത്തേയ്ക്ക് ഇവരെ assume ചെയ്തുകഴിഞ്ഞാൽ ഒന്നുകിൽ 62 വർഷം അല്ലെങ്കിൽ 5 വർഷം അതിലേതാണ് കുറവെന്നുവച്ചാൽ അതെടുക്കണമെന്നാണ്. അത് ഉദ്ദേശിച്ചിരിക്കുന്നത് sixty two years of age ആണ്. അതുകൊണ്ട് sixty two years കഴിഞ്ഞിട്ട് of age എന്നുപറയണം. അല്ലെങ്കിൽ 5 വർഷവും 62 വർഷവും ഒരുപോലെയാകും. നിയമവകുപ്പിൽ നിന്നും ഇത്തരം തെറ്റുകളൊന്നും വരുത്താൻ പാടില്ലാത്തതാണ്. അത് പ്രത്യേകം ശ്രദ്ധിക്കണം.

Shri. Benny Behanan : Sir, I move the following amendment:

245. In sub-section (2) of section 28B of the principal Act proposed to be substituted by clause 15(iii), for the words “three members”, substitute the words “five members”.

Shri. A.K. Balan : Sir, I move the following amendment:

250. Sub-section (2) of section 28B of the principal Act proposed to be substituted by clause 15(iii) shall be recasted as follows:-

"(2) The State Co-operative Election Commission shall consist of one member and the Commissioner shall be an officer not below the rank of Special Secretary to the Government and having special knowledge in co-operative laws and banking. The State Co-operative Election Commission may appoint officers not below the rank of Deputy Registrar of Department of Co-operation at state level and for each district for the superintendence, direction and control of the preparation of electoral rolls and for the conduct of all elections to co-operative societies."

സർ, ഇതൊരു സിസ്റ്റമാറ്റിക് ഡെവലപ്മെന്റാണ് നമ്മൾ കാണുന്നത്. ഇലക്ഷൻ കമ്മീഷനെ ഉപയോഗപ്പെടുത്തിക്കൊണ്ട് എങ്ങനെ torpedo ചെയ്യാൻ കഴിയുമെന്ന സാഹചര്യത്തിലേയ്ക്ക് എത്തിക്കഴിഞ്ഞു. ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സഹകരണ സംഘങ്ങളെ കൈപ്പിടിയിലൊതുക്കാനുള്ള കുറുക്കുവഴിയാണ് ഇതുവഴി കാണാൻ കഴിയുന്നത്. സഹകരണ ഇലക്ഷൻ കമ്മീഷനിലെ ഒരംഗത്തിനു പകരം 3 അംഗങ്ങളെയാണ് ഇപ്പോൾ നിശ്ചയിക്കുന്നത്. നിലവിൽ സ്പെഷ്യൽ സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥനാണ് ഇലക്ഷൻ കമ്മീഷണർ. അതിനുപകരം ചീഫ് ഇലക്ഷൻ കമ്മീഷണറായി സ്പെഷ്യൽ സെക്രട്ടറി റാങ്കിലുള്ള ഒരാളും ഇലക്ഷൻ കമ്മീഷണർമാരായി സർവ്വീസിലുള്ളവരോ പെൻഷനായവരോ ആയ രണ്ട് അഡീഷണൽ രജിസ്ട്രാർമാരും വരികയാണ്. ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ച് സംഘങ്ങൾ പിടിച്ചെടുക്കുകയെന്നതാണിതിന്റെ ലക്ഷ്യം. നിഷ്പക്ഷനായ ഒരുദ്യോഗസ്ഥനെ വരിതിയിലാക്കാനുള്ള കുറുക്കുവഴിയാണിത്. മൂന്നാളുകൾ ഉണ്ടാകുമ്പോൾ രണ്ടാളുകൾ പറയുന്നതാണല്ലോ ഫലത്തിൽ വരുന്നത്. രണ്ടുപേർ

ഗവൺമെന്റിന്റെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള ആളുകളായിരിക്കും. സ്വാഭാവികമായും നിഷ്പക്ഷമായ ഒരു തെരഞ്ഞെടുപ്പുപോലും ഇതിന്റെ ഭാഗമായി ഇവിടെ ഉണ്ടാകാൻ പോകുന്നില്ല. ഓരോ ക്ലോസുകളിലും ഇത് ഡെവലപ് ചെയ്ത് വരികയാണ്. അവസാനത്തെ ക്ലോസ് എത്തുമ്പോൾ അത് പൂർണ്ണതയിലെത്തും. ഇതൊക്കെ ജനാധിപത്യവിരുദ്ധവും ആർക്കും അംഗീകരിക്കാൻ കഴിയാത്തതുമാണ്. ഭരണം കയ്യിലുണ്ടെന്നുള്ളതുകൊണ്ട് എന്തും ചെയ്യാം എന്നുള്ളതിന്റെ ഏറ്റവും നല്ല ഉദാഹരണമാണിത്. ആദ്യത്തെ നിയമത്തിൽ പറഞ്ഞ ഒരംഗ കമ്മീഷൻ മതിയെന്നുള്ളതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u> : സർ, ഇലക്ഷൻ കമ്മീഷൻ സംബന്ധിച്ച് അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുകയാണ്. 18000-ത്തോളം സംഘങ്ങളിൽ ഇലക്ഷൻ നടത്തണം. ഇത്രയധികം സംഘങ്ങളിൽ ഇലക്ഷൻ നടത്താൻ ഒരാളെക്കൊണ്ട് കഴിയില്ലെന്നുള്ളതുകൊണ്ടാണ് മൂന്ന് ആളുകളെ വച്ചത്. ശ്രീ. വി.ഡി. സതീശന്റെ 249-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u> : ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 240, 242, 248 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. സുരേഷ്കുറുപ്പ് അവതരിപ്പിച്ച 241, 251 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എ .കെ. ബാലൻ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 244, 252 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

Shri. V.D. Satheesan: Sir, I move the following amendments:

253. Delete Clause 16(i)

**261. In section 29 (1) (ce) and 29(1) (cf) proposed to be inserted in the principal Act by clause 16(iii) shall be deleted.**

273. In section 29(4) proposed to be inserted in the principal Act by clause 16(iv), delete the words "and to continue as members of a society."

സർ, 253-ാം നമ്പർ ഭേദഗതിയിൽ ജനറൽ ബോഡിയുടെ കാലാവധി 6 മാസമാക്കി ചുരുക്കുന്നത് ശരിയല്ല എന്നുള്ളതാണ്. ഒരു വർഷത്തിൽതന്നെ ജനറൽ ബോഡി കൂടുന്നതായിരിക്കും നമുക്ക് വളരെ പ്രായോഗികമായിട്ടുള്ള കാര്യം. 261-ൽ ഞാൻ അവതരിപ്പിച്ചിട്ടുള്ളത് ഈ ജനറൽ ബോഡിയുടെ

ഫങ്ഷൻസ് പറഞ്ഞിരിക്കുന്നതിൽ ഒരു ഫങ്ഷൻ പറഞ്ഞിരിക്കുന്നത്, "declaration regarding date of holding of its general body meeting and conduct of elections when due;" അതായത് ജനറൽ ബോഡി യോഗമാണ് ജനറൽ ബോഡി യോഗം ഫിക്സ് ചെയ്യേണ്ടത്. അങ്ങനെ ഒരിക്കലുമല്ല. ജനറൽ ബോഡി യോഗം കൂടിക്കഴിഞ്ഞാലേ അടുത്ത ജനറൽ ബോഡി യോഗം ഫിക്സ് ചെയ്യാൻ കഴിയുകയുള്ളൂ എന്നാണ് പുതിയതായി എഴുതിച്ചേർത്തിരിക്കുന്നത്. അത് ഒട്ടും പ്രായോഗികമല്ലാത്ത കാര്യമാണ്. ജനറൽ ബോഡി യോഗം കൂടിയിട്ടാണ് ജനറൽ ബോഡി യോഗം ഫിക്സ് ചെയ്യുന്നതും റെസല്യൂഷനുകൾ എല്ലാം എടുക്കുന്നതും. ജനറൽ ബോഡി യോഗം ഫിക്സ് ചെയ്യേണ്ടത് ബോർഡാണ്. അല്ലാതെ ജനറൽ ബോഡി യോഗം കൂടിയിട്ടേ മീറ്റിംഗ് നടക്കുകയുള്ളൂ എങ്കിൽ ആദ്യത്തെ ജനറൽ ബോഡി ആരാണ് വിളിക്കേണ്ടത് എന്ന് ചോദ്യം ഉയരും. ഫസ്റ്റ് ജനറൽ ബോഡി ആര് ഫിക്സ് ചെയ്യും? അതൊരു ക്വസ്റ്റ്യൻ ആണ്.

Shri. Palode Ravi: Sir, I move the following amendment:

**255. In section 29(1) of the Principal Act, proposed to be amended by clause 16(i) the words "six months" shall be substituted by the words "four months"**

Shri. M.A.Vaheed: Sir, I move the following amendment:

**257. In section 29(1) of the Principal Act, proposed to be amended by clause 16(i) the words "six months" shall be substituted by "seven months"**

Shri. K. Muraleedharan : Sir, I move the following amendment:

**258. In section 29 (1) of the principal Act, proposed to be substituted by clause 16(i), the words “six months” shall be substituted by the words “eight months”.**

Shri. K. Suresh Kurup : Sir, I move the following amendments:

**259. In section 29 (1) (ca) proposed to be added in the principal Act, by clause 16(iii), the words “or loss” shall be added at the end.**

**260. In section 29 (1) (cc) of the principal Act proposed to be added by clause 16(iii), omit the word “any” after the words “and accounts of”.**

**270. In section 29(4) of the principal Act proposed to be inserted by clause 16(iv) for the words "The person or persons" substitute the words "Members of the Board."**

274. In the proviso to Section 29(4) proposed to be inserted in the principal Act by clause 16(iv), for the words "each such person who in his opinion were responsible for not convening the annual general meeting within the specified period", The words 'members of the Board' shall be substituted.

സർ, എന്റെ 259-ാം നമ്പർ ഭേദഗതി എന്നുപറയുന്നത്, Clause 16 (iii) (ca)-ൽ "review of operational deficit/loss, if any, and programme to reduce such deficit;" എന്നുമാത്രമേയുള്ളൂ. "programme to reduce such deficit/loss" എന്നും വരണം. "or loss" എന്നുംകൂടി അതിന്റെ കൂട്ടത്തിൽ ചേർക്കണം. അതൊരു മൈനർ എറർ ആണ്. അതുപോലെ 260-ാം നമ്പർ ഭേദഗതി, 16 (iii) (cc) യിൽ "review of annual report and accounts of any subsidiary organization, if any;" അങ്ങനെ വേണ്ട "review of annual report and accounts of subsidiary organization, if any;" മതി. "of any subsidiary organization, if any;" എന്നുപറയേണ്ട കാര്യമില്ല. മറ്റൊന്ന് 270-ാം നമ്പർ ഭേദഗതിയിലെ clause 16 (iv) (4) ഇതിനകത്ത് ഈ ബില്ലിലെ clause 16 Amendment to section 29 of the principal Act". ഇതിൽ clause 16 (iv)(4) അതായത് "The person or persons who, in the opinion of the Registrar, were responsible for not convening the annual general meeting within the stipulated period shall be disqualified......." അതെങ്ങനെയാണ്. ഒരു ജനറൽ ബോഡി മീറ്റിംഗ് വിളിക്കുന്നതിന് ഈ ഡയറക്ടർ ബോർഡിലെ ഏതെങ്കിലുമൊരു അംഗമോ രണ്ടോ മൂന്നോ അംഗങ്ങളോ ആണോ റെസ്പോൺസിബിൾ ആകുന്നത്. അപ്പോൾ അത് "Members of the Board, were responsible for not convening" എന്നാക്കണം. ഇതിൽ ഏതെങ്കിലും രണ്ടുപേരോ

ഒരാളോ ആണോ ഇതിന്റെ റെസ്പോൺസിബിലിറ്റി വഹിക്കേണ്ടത്? മൊത്തം ഡയറക്ടർ ബോർഡിന്റെ പൂർണ്ണമായ ഉത്തരവാദിത്വമാണത്. അത് ഇന്നയാളാണെന്ന് എങ്ങനെ കണ്ടുപിടിക്കും; അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുമോ; അതിനുവേണ്ടി ആര് അന്വേഷിക്കും; അത് അന്വേഷിച്ച് ആരുടെയെങ്കിലും തലയിൽ വയ്ക്കാൻ പറ്റുമോ? അങ്ങനെ വയ്ക്കാൻ പറ്റില്ല. ജനറൽ ബോഡി മീറ്റിംഗ് വിളിക്കാത്തത് ബോർഡിന്റെ മൊത്തം ഉത്തരവാദിത്വമായിട്ടാണ് വരേണ്ടത്. 274 ഉം അതുതന്നെയാണ്. "each such person who in his opinion were responsible for not convening the annual general meeting within the specific period" എന്നുള്ളത് "members of the Board" എന്നാക്കണം. അല്ലാതെ ഏതെങ്കിലും ആളുകളെ തേടിപ്പിടിച്ച് ആ ഡയറക്ടർ ബോർഡ് മെമ്പറിന്റെ പേരിൽ നടപടിയെടുക്കുകയെന്നുള്ളത് തികച്ചും തെറ്റും ജനാധിപത്യവിരുദ്ധവുമായ കാര്യമാണ്.

Shri. M. Hamsa: Sir, I move the following amendments:

264. In section 29(3) proposed to be inserted in the principal Act by clause 16(iv), after the words "the person authorised by him in this behalf" add the following words "not below the rank of Assistant Registrar".

267. In section 29(3) proposed to be inserted in the principal Act by clause 16(iv), add the following proviso:

"Provided that the Registrar shall before convening the meeting under this sub section issue a direction to the society to convene the meeting as said in sub section (1)".

267–ാം നമ്പർ ഭേദഗതിയിലൊരു വലിയ അപകടമുണ്ട്. വാർഷിക ജനറൽ ബോഡി സമയാസമയം നടത്തണം. വാർഷിക ജനറൽ ബോഡി സമയത്ത് നടത്തിയിട്ടില്ലെങ്കിൽ കേരളത്തിലെ 18,000 സംഘങ്ങളിൽ ജനറൽ ബോഡി നടത്താൻ 90 ദിവസം കൊണ്ട് രജിസ്ട്രാർക്ക് അധികാരം നൽകുകയാണ്. ഒരു സ്വാഭാവികമായ നീതി കൊടുക്കണ്ടേ. ഒരു നോട്ടീസ് കൊടുത്ത് അത് അനുസരിച്ചിട്ടില്ലെങ്കിൽ രജിസ്ട്രാറുടെ പ്രതിനിധി വന്ന് ജനറൽ ബോഡി നടത്താം. അങ്ങനെയൊരു ക്ലോസ് വേണ്ടേ? ആ ക്ലോസ് ഇല്ല. അവിടെയാണ് ജനാധിപത്യത്തിന്റെയും ഫാസിസത്തിന്റേയും ഒരു ഒളിഞ്ഞു കിടപ്പ് അവിടെ നടക്കുന്നത്.

Shri. A. P. Abdullakutty: Sir, I move the following amendment:

265. In section 29(3) proposed to be inserted in the principal Act by clause 16(iv), the words "ninety days" shall be substituted by "forty days".

Shri. Varkala Kahar: Sir, I move the following amendment:

266. In section 29(3) proposed to be inserted in the principal Act by clause 16(iv), the words "ninety days" shall be substituted by the words "sixty days".

Shri. Koliyakode N. Krishnan Nair: Sir, I move the following amendments:

268. In Section 29(3) proposed to be inserted in the principal Act by clause 16(iv) add the words “the consent of the president” in between the words “annual general meeting” and “within a period of ninety days."

269. In section 29(4) proposed to be inserted in the principal Act by clause 16(iv) shall be deleted.

സർ, എന്റെ ഭേദഗതി ജനറൽ ബോഡി വിളിക്കാനുള്ള തീരുമാനം സംബന്ധിച്ചാണ്, “the consent of the president”. പ്രസിഡന്റിനെകൂടി ബന്ധപ്പെട്ടതിനുശേഷം ആവണം എന്നാണ് എന്റെ 268-ാം നമ്പർ ഭേദഗതി. 269-ൽ അയോഗ്യരാക്കിയിട്ടുള്ള നടപടി വരുന്നത് അതിന് നോട്ടീസ് കൊടുത്തതിനുശേഷം മാത്രമേ പാടുള്ളൂ അല്ലെങ്കിൽ ആ സെക്ഷൻ ഡിലീറ്റ് ചെയ്യണം എന്നുള്ളതാണ് അതിനെ സംബന്ധിച്ചുള്ള എന്റെ ഭേദഗതി.

മി. സ്പീക്കർ: ശ്രീ. എ.കെ. ബാലൻ, അങ്ങയുടെ 262, 272 എന്നീ ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല, ഈ ഭേദഗതികളെക്കുറിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: സർ, 272-ാം നമ്പർ ഭേദഗതിയിൽ വാർഷിക പൊതുയോഗം വിളിച്ചുകൂട്ടി ഓഡിറ്റ് റിപ്പോർട്ട് പാസ്സാക്കാൻ ഉത്തരവാദിത്വപ്പെട്ട ആൾ അത് ചെയ്യുന്നില്ലെങ്കിൽ കമ്മിറ്റി അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനും അംഗത്വം നഷ്ടപ്പെടുന്നതിനും ഇടയാക്കുമെന്ന വ്യവസ്ഥ ജനാധി

പത്യവിരുദ്ധമാണ്. പൊതുയോഗം വിളിച്ചുകൂട്ടിയില്ല എന്നതിന്റെ പേരിൽ ഇഷ്ടമില്ലാത്തവരെയെല്ലാം ഡിസ്ക്വാളിഫൈ ചെയ്യുന്നതിന് ഇത് ഉപയോഗിക്കും. അതുകൊണ്ട് ഒരു രൂപത്തിലും ഇത് അംഗീകരിക്കാൻ പറ്റില്ല. മെമ്പർഷിപ്പ് നഷ്ടപ്പെടുന്ന സ്ഥിതിയിലേയ്ക്ക് എത്തിക്കൂടാ. ഇതിൽ പറയുന്നത് “The person or the persons who, in the opinion of the Registrar, were responsible for not convening the annual general meeting within the stipulated period shall be disqualified for one term for being elected as committee members and to continue as members of a society in addition to being liable for any other provisions under this Act:” ഇത് ഒരു ഏകാധിപത്യ സ്വാഭാവമുള്ള, ഒരു natural justice പോലും ഇവിടെ comply ചെയ്യുന്നില്ല. രജിസ്ട്രാർക്ക് suo-moto ഇത് ഡിസ്ക്വാളിഫൈ ചെയ്യാം. അതുകൊണ്ട് അത് അംഗീകരിക്കാൻ പറ്റില്ല.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, വർഷാവസാനം കഴിഞ്ഞ്, അതായത് മാർച്ച് 31-ാം തീയതി കഴിഞ്ഞ് 6 മാസം കഴിഞ്ഞാണ് ജനറൽ ബോഡി കൂടുന്നത്, സാധാരണ ഗതിയിൽ ബഡ്ജറ്റ് പാസ്സാക്കണമെങ്കിൽ അതിനുമുമ്പ് വേണ്ടതാണ്. അതിന് ധാരാളം സമയം കൊടുത്തിട്ടുണ്ട്. അതുംകഴിഞ്ഞും കൂടിയിട്ടില്ലെങ്കിൽ മൂന്നുമാസം കൂടിയുണ്ട്. ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 259, 270 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 253, 261, 273 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ശ്രീ. പാലോട് രവി അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതിയും ശ്രീ. എം.എ. വാഹിദ് അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതിയും ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതിയും ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ്കുറുപ്പ് അവതരിപ്പിച്ച 260, 274 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം. ഹംസ അവതരിപ്പിച്ച 264, 267 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 268, 269 എന്നീ നമ്പർ ഭേദഗതികളും സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

17-ാം വകുപ്പ്

Shri. K. Muhammedunni Haji: Sir, I move the following amendment:

275. In section 31(1) of principal Act proposed to be substituted by clause 17(i) delete the words "any other authority."

Shri. Benny Behanan: Sir, I move the following amendment:

**276** In section 31(1) of the Principal Act proposed to be substituted by clause 17(i) for the words 'two persons' substitute the words three persons'

Shri. K. Sivadasan Nair: Sir, I move the following amendment:

277. In section 31(1) of the principal Act proposed to be substituted by clause 17(i) delete the word "Assisted"

Shri. V. D. Satheesan: Sir, I move the following amendment:

280. in section 31(i) of the principal Act proposed to be amended by clause 17 (i) delete the symbol ',' occurring after the word "Assisted"

സർ, എന്റെ ഭേദഗതി എന്നുപറയുന്നത്, ഒരു നിയമത്തിൽ ഒരു കുത്തിനും കോമയ്ക്കും എത്ര വലിയ പ്രാധാന്യമുണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്. ഇതിനകത്ത് പറയുന്നത് "The government or any other authority shall have the right to nominate not more than two persons to the committee of an Assisted, Apex or Central Society" എന്നാണ് പറഞ്ഞിരിക്കുന്നത്. "Assisted" കഴിഞ്ഞ് കോമ വന്നിരിക്കുന്നതു കൊണ്ട് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് "Apex Society" യിലും "Central

Society" യിലും മാത്രം നോമിനേറ്റ് ചെയ്യാം എന്നാണുദ്ദേശിച്ചിരിക്കുന്നത്. അത് പുതിയ നിയമപ്രകാരം ഗവൺമെന്റ് ലോണുള്ള സൊസൈറ്റി അതായത് "Assisted Society" കൾ മാത്രമാണ്. ഇപ്പോൾ ഇവിടെ "Assisted" കഴിഞ്ഞ് കോമ വന്നിരിക്കുന്നതുകൊണ്ട് ഗവൺമെന്റ് ലോൺ കൊടുക്കുന്ന എല്ലാ ബാങ്കുകളിലും എല്ലാ "Assisted Society" കളിലും "Primary Society" ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഗവൺമെന്റിന് നോമിനേറ്റ് ചെയ്യാമെന്നായി. നേരത്തെ അങ്ങനെയൊരു നോമിനേഷൻ ഉണ്ടായിരുന്നത് എടുത്തുകളഞ്ഞതാണ്. "Assisted Apex or Central Society" എന്നാണ് വേണ്ടത്. ആ "assisted" കഴിഞ്ഞുള്ള കോമ ഒരുപാട് വ്യത്യാസം വരുത്തും. കേരളത്തിലെ ആയിരക്കണക്കിന് പ്രൈമറി സൊസൈറ്റികളിലേയ്ക്ക് ഗവൺമെന്റ് നോമിനി വരും. വേണമെന്നാണ് ഗവൺമെന്റിന്റെ പോളിസി ഡിസിഷൻ എങ്കിൽ കുഴപ്പമില്ല. പക്ഷേ, ഗവൺമെന്റ് വേണ്ട എന്നാണ് ഉദ്ദേശിച്ചതെങ്കിൽ ആ കോമ ഒഴിവാക്കണം. അല്ലെങ്കിൽ വലിയ അർത്ഥ വ്യത്യാസം വരും.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ശ്രീ. വി.ഡി സതീശൻ പറഞ്ഞത് ശരിയാണ്. അതിലെ ", " ചിഹ്നം മാറ്റാവുന്നതാണ്. ശ്രീ. വി. ഡി. സതീശന്റെ 280-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗ

തിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 277–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 15–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരി ക്കുന്നു.

18–ാം വകുപ്പ്

Shri. K.K. Narayanan : Sir, I move the following amendment:

283. Delete the third proviso to section 32(1)(d) proposed to be added in the principal Act by clause 18(ii)

Shri. Joseph Vazhackan: Sir, I move the following amendment:

284. In the 2nd proviso to section 32(1)(d) proposed to be added in the principal Act by clause 18(ii) for the words ‘one year’ substitute the words “two years”.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതി കളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ.കെ. നാരായണൻ അവതരിപ്പിച്ച 283–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 284–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

**18–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.**

**19–ാം വകുപ്പ്**

Shri. K. Suresh Kurup: Sir, I move the following amendment:

**285. In section 33(1)(aa) proposed to be inserted in the principal Act by clause 19, delete the words "or functions".**

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 285–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

20-ാം വകുപ്പ്

Shri. Varkala Kahar: Sir, I move the following amendment:

**286. In section 56(1)(c) proposed to be inserted in the principal Act by clause 20, for the words 'ten percent' substitute the words 'eleven per cent'.**

Shri. Therambil Ramakrishnan: Sir, I move the following amendment:

287. In section 56(1)(c) proposed to be inserted in the principal Act by clause 20, for the words 'ten percent' substitute the words 'eleven and a half percent'.

Shri. P.A. Madhavan: Sir, I move the following amendment:

288. In section 56(1)(c) proposed to be inserted in the principal Act by clause 20 for the words "ten percent" substitute the words twelve percent'

Shri. K. Achuthan: Sir, I move the following amendment:

289. In section 56(1)(c) proposed to be inserted in the principal Act by

clause 20 for the words “ten percent” substitute the words ‘twelve and half percent’

Shri. Dominic Presentation: Sir, I move the following amendment:

290. In section 56(1)(c) proposed to be inserted in the principal Act by clause 20 for the words “ten percent” substitute the words ‘thirteen percent’

Shri. V.D. Satheesan: Sir, I move the following amendment:

291. In section 56(1)(c) proposed to be inserted in the principal Act by clause 20 for the words “ten percent” substitute the words ‘fourteen percent’

Shri. K. Muraleedharan: Sir, I move the following amendment:

292. In section 56(1)(c) proposed to be inserted in the principal Act by clause 20 for the words “ten percent” substitute the words ‘fourteen and half percent’

Shri. T. N. Prathapan : Sir, I move the following amendment:

**293. In section 56 (1) (c) proposed to be inserted in the principal Act by clause 20 for the words “ten percent” substitute the words, “fifteen percent”.**

Shri. P.C. Vishnunadh : Sir, I move the following amendment:

**294. In section 56 (1) (c) proposed to be inserted in the principal Act by clause 20 for the words "ten percent" substitute the words, "sixteen percent".**

Shri. Sunny Joseph : Sir, I move the following amendment:

**295. In section 56 (1) (c) proposed to be inserted in the principal Act by clause 20 for the words "ten percent" substitute the words, "seventeen percent".**

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 286–ാം നമ്പർ ഭേദഗതിയും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 287–ാം നമ്പർ ഭേദഗതിയും ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 288–ാം, നമ്പർ ഭേദഗതിയും ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 289–ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 290–ാം നമ്പർ ഭേദഗതിയും ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 291–ാം, നമ്പർ ഭേദഗതിയും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 292–ാം, നമ്പർ ഭേദഗതിയും ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 293–ാം നമ്പർ ഭേദഗതിയും ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 294–ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 295–ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

**20–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.**

21–ാം വകുപ്പ്

Shri. K. Suresh Kurup : Sir, I move the following amendment:

**296. Delete the proviso to section 57 B (4) proposed to be inserted in principal Act by clause 21.**

Shri. Joseph Vazhackan : Sir, I move the following amendment:

297. In section 57 B (4) proposed to be inserted in the principal Act by clause 21 for the words, “one year” substitute the words “two years”.

Shri. Benny Behanan : Sir, I move the following amendment:

298. In proviso to section 57B(4) proposed to be inserted in the principal Act by clause 21 for the words “two weeks” substitute the words “three weeks”

Shri. K. Sivadasan Nair: Sir, I move the following amendment:

299. In the proviso to section 57B(4) proposed to be inserted in the principal Act by clause 21, for the words "one thousand" substitute the words "five hundred"

Shri. T. N. Prathapan: Sir, I move the following amendment:

300. In proviso to section 57B(4) proposed to be inserted in the principal Act by clause 21 for the words "one thousand" substitute the words "one thousand and five hundred"

Shri. V.D. Satheesan: Sir, I move the following amendment:

301. In the proviso to section 57B(4) proposed to be inserted in the principal Act by clause 21 for the words "one thousand" substitute the words "two thousand"

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 297–ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 298–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 299–ാം നമ്പർ ഭേദഗതിയും ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 300–ാം നമ്പർ ഭേദഗതിയും ശ്രീ.

വി. ഡി. സതീശൻ അവതരിപ്പിച്ച 301–ാം, നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 296–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

21–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>22–ാം വകുപ്പ്</u>

<u>Shri. Palode Ravi</u>: Sir, I move the following amendment:

302. In section 57D(3) of the principal Act proposed to be inserted by clause 22 the words "three months" substitute the words "four months.

<u>Shri. Dominic Presentation</u>: Sir, I move the following amendment:

303. In Section 57 (D) (3) of the principal Act proposed to be inserted by clause 22 for the words "three months" substitute the words, "five months".

Shri. Koliyakode N. Krishnan Nair: Sir, I move the following amendments:

304. In Section 57 (D) (3) of the principal Act proposed to be inserted by clause 22 delete the words “and general public”

305. In the first proviso to Section 57 (D) (3) of the principal Act proposed to be inserted by clause 22, insert the symbol and the word /“President” after the word “Chief executive’.

സർ, എന്റെ 304–ാം നമ്പർ ഭേദഗതിയിൽ ജനറൽ പബ്ലിക്ക് എന്നുപറയുന്നത് ഡിലീറ്റ് ചെയ്യണം. ഇത് ഡിലീറ്റ് ചെയ്യണമെന്നു പറയുന്നത് മെമ്പേഴ്സിനുമാത്രമേ ലോൺ കൊടുക്കുകയുള്ളൂ. അതുകൊണ്ട് ജനറൽ പബ്ലിക് എന്നുള്ളത് ഒഴിവാക്കേണ്ടതാണ്. 305–ാം നമ്പർ ഭേദഗതിയിൽ Chief executive/ President എന്നാക്കണം.

Shri. K. Suresh Kurup: Sir, I move the following amendment:

306. Delete the second proviso to section 57 (D) of the principal Act proposed to be inserted by clause 22.

Shri. P.A. Madhavan: Sir, I move the following amendment:

307. In the second proviso to Section 57 (D) (3) of the principal Act proposed to be inserted by clause 22, for the words “rupees five thousand” substitute the words “rupees six thousand”.

Shri. K. Muraleedharan: Sir, I move the following amendment:

308. In the second proviso to Section 57 (D) (3) of the principal Act proposed to be inserted by clause 22 for the words “rupees five thousand” substitute the words “rupees six thousand and five hundred”.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതിയും ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 307-ാം, നമ്പർ ഭേദഗതിയും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 304, 305 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ...........

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

22–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>23–ാം വകുപ്പ്</u>

<u>Shri. V.D. Satheesan</u>: Sir, I move the following amendment:

309. In section 63(4) of the principal Act proposed to be substituted by clause 23(i) after the word "Committee" add the word "cause".

314. The proviso to section 63 (4) of the principal Act proposed to be substituted by clause 23(i) shall be recast as follows:-

"Provided that the audit report of every society shall be submitted before the Director, Co-operative audit within six months of the close of the financial year to which such accounts relate."

316. In section 63(5) of the principal Act proposed to be substituted by clause 23(ii) for the word "or" substitute with the word "and"

**327. Delete the proviso to section 63 (9) of the principal Act proposed to be inserted by clause 23 (iii).**

**328. Add the following as first proviso to section 63 (9) of the principal Act proposed to be inserted by clause 23 (iii) namely:-**

**“Provided that the panel prepared by the Director of Co-operative Audit shall be from among his subordinates.**

സർ, 309–ാം നമ്പർ ഭേദഗതിയിൽ എഴുതിയിരിക്കുന്നത് സെക്ഷൻ 63(4) –ലെ അമെന്റ്മെന്റാണ്. It shall be the duty of the managing committee to audit the accounts of every society at least once in a year: എന്നാണ്. ആഡിറ്റ് ചെയ്യുന്നത് യഥാർത്ഥത്തിൽ മാനേജിംഗ് കമ്മിറ്റിയുടെ ഡ്യൂട്ടിയല്ല. 97th amendment-ലും പറയുന്നത്, It shall be the duty of the managing committee cause to audit എന്നാണ് ‘cause’ എന്ന വാക്ക് എഴുതിച്ചേർത്തി ല്ലെങ്കിൽ ശരിയാവില്ല. ഇത് വായിച്ചാൽ മാനേജിംഗ് കമ്മിറ്റിയാണ് ആഡിറ്റ് ചെയ്യുന്നതെന്ന് തോന്നും. ആഡിറ്റേഴ്സാണ് ആഡിറ്റ് ചെയ്യുന്നത്. അല്ലാതെ മാനേജിംഗ് കമ്മിറ്റിയല്ല. അതുകൊണ്ട് cause to audit എന്ന് ചേർക്കണം. 314–ാം നമ്പർ ഭേദഗതിയിൽ ആഡിറ്റ് റിപ്പോർട്ട് സബ്മിറ്റ് ചെയ്യുന്നതിനെക്കു റിച്ചാണ്. ഇവിടെ നേരത്തെ സംസാരിച്ചപ്പോൾ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. ആഡിറ്റിംഗ് ആറുമാസത്തിനകം പൂർത്തിയാക്കിയില്ലെങ്കിൽ ആ സൊസൈ റ്റിയെ ഡിസ്ക്വാളിഫൈ ചെയ്യും എന്നാണ് പറഞ്ഞിരിക്കുന്നത്. ആഡി റ്റിംഗിന്റെ ഒരു പ്രൊസീഡ്യുവർ ഇവിടെ എക്സ്പ്ലെയിൻ ചെയ്തിട്ടുണ്ട്, ആ പ്രൊസീഡ്യുവർ അനുസരിച്ച് സി.ഇ.ഒ. സ്റ്റേറ്റ്മെന്റ് തയ്യാറാക്കാൻ ഒരുമാസം, മാനേജിംഗ് കമ്മിറ്റി അത് തയ്യാറാക്കിയിട്ട് ആഡിറ്റർക്ക് കൊടുക്കാൻ ഒരു മാസം, അങ്ങനെ രണ്ടുമാസം. അതിനുശേഷം ഓഡിറ്റർക്ക് റിപ്പോർട്ട് തയ്യാറാ ക്കാൻ നാലുമാസം, അപ്പോൾത്തന്നെ ആറുമാസമാകും. പിന്നീട് ഡയറക്ടർ ഓഫ് കോപ്പറേറ്റീവ് ഓഡിറ്റിന് സർട്ടിഫിക്കറ്റ് കൊടുക്കാൻവേണ്ടി മൂന്നു

മാസം, അപ്പോൾ എല്ലാംകൂടി ഒൻപത് മാസമെടുക്കുന്നു. ഒരു വശത്ത് ആറ് മാസത്തിനകത്ത് തീർത്തില്ലെങ്കിൽ ഇത് പിരിച്ചുവിടുമെന്ന് പറയുകയും മറുവശത്ത് ഒൻപത് മാസം ആക്കിയിരിക്കുകയും ചെയ്യുന്നു. 6 മാസത്തിനകം വേണമെന്ന് 97th അമെന്റ്മെന്റിൽ പറയുന്നുണ്ട്. പക്ഷെ 6 മാസംകൊണ്ട് ഒരു കാരണവശാലും ഒരു സൊസൈറ്റിക്കും ആഡിറ്റ് റിപ്പോർട്ട് കൊടുക്കാൻ കഴിയില്ല. ഈ പ്രൊസീഡ്യുവർ അനുസരിച്ച് ഒൻപത് മാസമെടുക്കുന്നു. അതുകൊണ്ട് ഇത് രണ്ടിനേയും സേവ് ചെയ്തുകൊണ്ട് ഒരു പ്രൊവിസൊകൂടി ചേർത്ത് "Provided that the audit report of every society shall be submitted before the Director, Co-operative audit within six months of the close of the financial year to which such accounts relates" എന്നാക്കണം. അതായത് ആഡിറ്റ് റിപ്പോർട്ട് ഡയറക്ടർക്ക് സബ്മിറ്റ് ചെയ്യണം എന്നാക്കി മാറ്റിയില്ലെങ്കിൽ ഇത് വൈരുദ്ധ്യമായി കിടക്കും. ഒരാളേയും പിരിച്ചുവിടാനും കഴിയില്ല. പിരിച്ചുവിട്ടാൽ അവർ കോടതിയിൽ പോയിക്കഴിഞ്ഞാൽ, 9 മാസത്തെ പ്രൊസീഡ്യൂവർ നിങ്ങളുടെ നിയമത്തിൽ തന്നെ പറഞ്ഞിരിക്കുന്നു. 6 മാസത്തിനകത്ത് ചെയ്തില്ല എന്നു പറഞ്ഞ് പിരിച്ചുവിട്ടത് ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. അതുപോലെ 316–ാം നമ്പർ ഭേദഗതിയിൽ, The procedure to be adopted in auditing the accounts of different types of co-operative societies should be in the manner specified in the audit manual approved by Director of Co-operative Audit എന്നു പറഞ്ഞതിനുശേഷം or guidelines, directions as may be issued, from time to time, by the Registrar, the National Bank for

Agricultural and Rural Development (NABARD) or Reserve Bank of India, or വച്ചിരിക്കുന്നതുകൊണ്ട് ആഡിറ്റ് ചെയ്യേണ്ടത് ഇതിലേതെങ്കിലു മൊന്ന് നോക്കിയാൽ മതിയെന്നുള്ള അർത്ഥത്തിലാണ്. അപ്പോൾ നിർബന്ധ മായും ചെയ്യേണ്ടതാണ് it should be in the manner specified in the audit manual approved by the Director of the Co-operative audit and ഈ ഗൈഡ്‌ലൈൻസാണ് വേണ്ടത്. And- ന് പകരം or ഉപയോഗിച്ചതുകൊണ്ട് ഇതിലേതെങ്കിലും ഒരെണ്ണം ആഡിറ്റിംഗിന് ഫോളോ ചെയ്താൽ മതിയെന്നാ ണ് പറയുന്നത്. അല്ലെങ്കിൽ ഇത് വ്യത്യസ്തമായ അർത്ഥമാകും. അങ്ങനെ ചെയ്യാൻ കഴിയില്ല, മാന്വൽ അനുസരിച്ചുതന്നെ ആഡിറ്റ് ചെയ്യണം. അതോ ടൊപ്പം നബാർഡിന്റേയോ റിസർവ്വ് ബാങ്കിന്റേയോ ഗൈഡ്‌ലൈൻസുകൂടി ആഡ് ചെയ്യണം. Or എന്ന വാക്കിനു പകരം and എന്ന് രണ്ട് സ്ഥലത്തും ഉപയോഗിക്കണം എന്നുള്ളതാണ് എന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. 327–ാം നമ്പർ ഭേദഗതിയിൽ appointing auditing firms–നെ സംബന്ധിച്ചാണ് പറയുന്നത്. ഇപ്പോൾ തന്നെ സർവ്വീസിൽ ആഡിറ്റേഴ്സ് ധാരാളമുണ്ട്. ഡയറക്ടർ ഓഫ് കോപ്പറേറ്റീവ് ഓഡിറ്റിന്റെ കീഴിലുള്ള ആഡി റ്റേഴ്സായിരിക്കണം ആ പാനലിൽ വരേണ്ടത്. അതായത്, from among the subordinates of Director of Co-operative Audit എന്നാക്കണം എന്നുള്ള താണ് എന്റെ 328–ാം നമ്പർ ഭേദഗതി. ആദ്യം പറഞ്ഞ മൂന്നു കാര്യവും വളരെ പ്രധാനപ്പെട്ടതാണ്.

<u>Shri. Koliakode N. Krishnan Nair</u>: Sir, I move the following amendments,

310. In the section 63(4) of the principal Act proposed to be substituted by clause 23(i) for the words “committee to audit” the words “committee to arrange to audit” shall be substituted.

324. In section 63 (9) proposed to be inserted by clause 23 (iii) in the Principal Act, for the words “appointed by general body” the words “appointed by the general body” shall be substituted.

310-ൽ It shall be the duty of the Managing Committee to audit the accounts of every society at least once in every year എന്നാണ്. Committee അല്ല ഓഡിറ്റ് ചെയ്യുന്നത്, Committee to arrange to audit എന്നാണ്. 324-ൽ appointed by general body എന്നത് appointed by the general body എന്നു വേണം. ഈ രണ്ടുഭേദഗതികളാണ് ഞാൻ അവതരിപ്പിക്കുന്നത്.

<u>Shri. Thomas Unniyadan</u>: Sir, I move the following amendments,

311. In section 63(4) of the principal Act proposed to be substituted by clause 23(i), the following changes may be made before:

(i) the word “audit”, the word “cause” shall be added.

(ii) in the proviso for the words “six months” the words “nine months” shall be substituted.

315. In section 63(5) of the principal Act proposed to be substituted by clause 23(ii) for the word "or" the word "and" shall be subtituted.

322. After section 63(8) of the principal Act proposed to be inserted by clause 23(iii) insert the following sub-section, namely:-

"8A. The Auditors, Inspectors in the Co-operative Department having Degree in CA, ICWAI, MBA, MCA has eligible to get one additional promotion from the existing post."

326. In section 63 (9) proposed to be inserted in the principal Act by clause 23(iii) for the words "approved by the" the words "under the control of" shall be substituted.

Shri. M.A. Vaheed: Sir, I move the following amendment,

312. In section 63(4) of the principal Act proposed to be substituted by clause 23(i) for the word, "once" substitute the word "twice".

Shri. Therambil Ramakrishnan: Sir, I move the following amendment,

313. In section 63(4) of the principal Act proposed to be inserted by clause 23(i) for the word "once" substitute the word "thrice".

Shri. Kodiyeri Balakrishnan : Sir, I move the following amendments,

317. Section 63(5) of the principal Act proposed to be substituted by clause 23(ii) shall be recasted as follows:-

"(5) The auditor appointed shall be from among the panel of auditors approved by the director of cooperative audit;"

320. Section 63(5A) proposed to be inserted in the principal Act, by clause 23(ii) shall be recasted as follows:

"(5A) The Director of Co-operative Audit shall have supervisory power and shall have power.

(a) To direct the manner in which the society's accounts shall be audited by the auditor appointed in pursuance of sub section (5) and to give such auditor instructions in regard to any matter relating to the performance of his functions as such:

(b) To conduct a supplementary or test audit of the society's accounts by such person or persons as he may authorise in his behalf; and for the purposes of such audit, to require information or additional information to be furnished to any person or persons so authorised, on such matters, by such person or persons, and in such form, as the Director of Co-operative Audit may, by general or special order, direct.

(c) The Auditor aforesaid shall submit a copy of his audit report to the Director of Co-operative audit who shall have the right to comment upon, or supplement, the audit report in such manner as he may think fit.

Any such comments upon, or supplement to, the audit report shall be placed before the annual general body meeting of the society at the same time and in the same manner as the audit report".

നിലവിലുള്ള സഹകരണ നിയമത്തിലെ 63-ാമത്തെ വകുപ്പിന് പകരമായാണ് പുതിയ വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൃത്യമായി ഓഡിറ്റ് ചെയ്യുന്നതിനുള്ള ഒരു സംവിധാനം സഹകരണ ഡിപ്പാർട്ടുമെന്റിലുള്ളതുകൊണ്ടാണ് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വിശ്വസ്തതയാർജ്ജിക്കുന്നത്. ഈ പുതിയ വകുപ്പ് വരുന്നതോടുകൂടി നിലവിലുള്ള നിയമമനുസരിച്ചുള്ള ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് സംവിധാനമെല്ലാം ഇല്ലാതാകാൻ പോകുകയാണ്. എന്നിട്ട് സ്വകാര്യ ഓഡിറ്റർമാരെ നിശ്ചയിക്കാൻ പോകുകയാണ്. ഇന്ന് കേരളത്തിൽ സഹകരണ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് 1700 ഓഡിറ്റർമാരുണ്ട്. ഈ നിയമം വരുന്നതോടുകൂടി 1700 ഓഡിറ്റർ തസ്തികകളും ഇല്ലാതാകാൻ പോകുകയാണ്. സഹകരണ ബാങ്കുകളിലെ ഓഡിറ്റർമാരെല്ലാം സ്വകാര്യ ഓഡിറ്റർമാരായാൽ എങ്ങനെയാണ് സഹകരണ സംഘത്തിന് വിശ്വാസ്യതയുണ്ടാകുന്നത്? 1700 ഓഡിറ്റർ തസ്തികകൾ ഇതോടുകൂടി ഇല്ലാതാകും. സ്വകാര്യ ഓഡിറ്റർമാരുടെ മേൽനോട്ടം വഹിക്കുന്ന തരത്തിൽ ഒരു സൂപ്പർവൈസിംഗ് സംവിധാനമെങ്കിലും ഡിപ്പാർട്ടുമെന്റിന് ഇല്ലെങ്കിൽ വലിയ അരാജകത്വം സഹകരണ സ്ഥാപനങ്ങളിലുണ്ടാകുന്ന സ്ഥിതിവിശേഷമുണ്ടാകും. സർക്കാർ അവസാനം നോക്കുകുത്തിയായി മാറും. സൂപ്പർവൈസ് ചെയ്യുന്നതിനുള്ള സംവിധാനം പോലുമില്ലാത്ത പുതിയ ഭേദഗതി അംഗീകരിക്കാൻ പാടില്ല. അതുകൊണ്ടാണ് പുതിയൊരു ഭേദഗതി ഞാൻ നിർദ്ദേശിക്കുന്നത്.

Shri. A.M. Ariff: Sir, I move the following amendment,

323. Delete section 63 (9) in the principal Act proposed to be inserted from clause 23 (iii).

Shri. Babu M. Palissery: Sir, I move the following amendment:

321. Delete Section 63(8) of the principal Act proposed to be inserted by clause 23(iii).

Shri. P. Sreeramakrishnan: Sir, I move the following amendment,

331. In section 63(12) of the principal Act proposed to be inserted from clause 23(iii) insert the following words between the words "failing which" and "the members" "The Register will conduct an inquiry and fix responsibility for the failure and the register shall levy a penalty of rupees 10,000/- on the delinquent and will grant three more months' time to complete the audit. even after that period if the board fail to complete the audit"

സർ, ഓഡിറ്റർമാരെ നിശ്ചയിക്കുവാനുള്ള ജനറൽ ബോഡി യോഗം ചേരാൻ വൈകിപ്പോയി എന്നതുകൊണ്ടുമാത്രം മാനേജ്മെന്റ് കമ്മിറ്റിക്ക് അയോഗ്യത കൽപ്പിക്കുന്ന ഒരു നിർദ്ദേശമുണ്ട്. മാനേജ്മെന്റ് കമ്മിറ്റിയുടെ കഴിവിന്റെയും വിശ്വാസ്യതയുടെയും മാനദണ്ഡം അതുമാത്രമാക്കാനാവില്ല. അതുകൊണ്ട് ആരാണ് അതിന് ഉത്തരവാദിയെന്നുള്ള റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യുകയും 10,000/- രൂപ ഫൈൻ കൊണ്ടുവരികയും മൂന്ന്

മാസത്തെ സമയംകൂടി കൊടുക്കണമെന്ന നിർദ്ദേശം അതിൽ ഉൾപ്പെടുത്തണമെന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

Shri. A. P. Abdullakutty: Sir, I move the following amendment,

333. In section 63(12) of the principal Act proposed to be inserted by clause 23(iii) for the words "six months" substitute the words "four months".

Shri. Sunny Joseph: Sir, I move the following amendment:

334. In section 63(12) of the principal Act proposed to be inserted by clause 23(iii) for the word "six" substitute the word "seven".

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യത്തെപ്പറ്റി പറയാം. നിലവിലുള്ള 1700 ഓഡിറ്റർമാർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളുമുണ്ടാകില്ല. അവരെല്ലാം ഗവൺമെന്റിന് ആവശ്യമുള്ള ജോലിക്കാരാണ്. അതുകൊണ്ട് അവരെ അബ്സോർബ് ചെയ്യും. അപ്പെക്സ് സഹകരണ സംഘങ്ങളുടെ ഓഡിറ്റിനെ സംബന്ധിച്ചാണ് നമ്മൾ പുറമേ നിന്നുള്ള ഓഡിറ്റിംഗ് ആവശ്യപ്പെട്ടത്. ആവശ്യമെങ്കിൽ മാത്രമേ അത് ചെയ്യുകയുള്ളൂ. ബില്ലിൽ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ കണക്കുകൾ ഓഡിറ്റ് ചെയ്ത് നിയമസഭയുടെ മുന്നിൽ വയ്ക്കാൻ സാധിക്കത്തക്ക രീതിയിലുള്ള ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തണം എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. യാതൊരു കാരണവശാലും ഡിപ്പാർട്ടുമെന്റിലെ ഓഡിറ്റർമാർക്ക് ഒരു ബുദ്ധിമുട്ടും ഇതുകൊണ്ട്

ഉണ്ടാവുകയില്ല. ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതിയും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 317, 320 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ബാബു. എം. പാലിശ്ശേരി അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതിയും ശ്രീ. എ.എം. ആരിഫ് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 314, 316, 327, 328 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 310 നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 311, 315, 322, 326, 329 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 312 നമ്പർ ഭേദഗതിയും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 313 നമ്പർ ഭേദഗതിയും ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിനാലാം വകുപ്പ്</u>

<u>Shri. Koliakode N. Krishnan Nair</u>: Sir, I move the following amendments,

335. In section 64(4) proposed to be substituted in the principal Act by clause 24(i) for the words "one month" substitute the words "two months"

341. In section 64(4A) of the principal Act proposed to be inserted by clause 24(i), delete the words starting from "lapse on the part" and ending with the words "specified in the order" and also delete the proviso to section 64(4A).

351. Delete Clause 24 (iii)

സർ, 335-ൽ within one month എന്നത് within two months എന്നാക്കണം. ഒരു മാസംകൊണ്ട് തീർക്കാൻ കഴിയില്ല. അതുകൊണ്ട് രണ്ട് മാസമെന്നാക്കണം. 341-ൽ lapse on the part of the managing committee in this regard മുതൽ proviso ഉൾപ്പെടെയുള്ളത് ഡിലീറ്റ് ചെയ്യണം. 351-ൽ In Subsection 7, the words "or can be rcovered from the account മുതൽ added at the end വരെയുള്ള ഭാഗം ഡിലീറ്റ് ചെയ്യണം.

Shri. K.Achuthan: Sir, I move the following amendment,

336**.** In section 64(4) of the principal Act proposed to be substituted by clause 24(i) for the words "one month" substitute the words "two months"

Shri. Dominic Presentation: Sir, I move the following amendment,

**337**. In section 64(4) of the principal Act proposed to be substituted by clause 24(i) for the words "one month" substitute the words "three months"

Shri. Benny Behanan: Sir, I move the following amendment,

338. In section 64(4) of the principal Act proposed to be substituted by clause 24(i) for the words "one month" substitute the words "four months"

Shri Varkala Kahar: Sir, I move the following amendment,

339. In section 64(4A) of the principal Act proposed to be substituted by clause 24(i), for the words “one month”, substitute the words “five months”.

Shri M. Ummer: Sir, I move the following amendment**,**

340. In section 64(4A) of the principal Act proposed to be substituted by clause 24(i), for the word “auditor”, substitute the word “committee”.

Shri V. Chenthamarakshan: Sir, I move the following amendment,

342. In section 64(4A) of the principal Act proposed to be inserted by clause 24(i), the following changes shall be made:-

(i) For the words “it is the responsibility”, substitute the words “it shall be the responsibility”.
(ii) Delete the words starting from “lapse on the part” and ending with the words“specified in the order” and also delete the proviso to section 64(4A).

സർ, ഇത് പലയാളുകളും ചൂണ്ടിക്കാണിച്ചതുപോലുള്ള ഗ്രാമർ മിസ്റ്റേക്കുമായി ബന്ധപ്പെട്ടതാണ്. അത് പരിഗണിക്കണം.

Shri. K. Suresh Kurup: Sir, I move the following amendment,

343. In section 64(4A) proposed to be substituted by class 24(i) of the principal; Act shall be recast as follows:

“(4A) it shall be the duty of the managing committee of every society to ensure the accuracy of financial and other statutory statement. It is the responsibility of the managing committee to submit the above statements for audit within one month from the date of receipt of the above statement before the auditor. If the managing committee fails to submit the accounts for audit within the stipulated time, the society

concerned shall be liable to pay a fine at the rate of Rs. 500/- for each day of default”

സർ, ഈ ഭേദഗതി ആഡിറ്റ് റിപ്പോർട്ട് സപ്പോർട്ട് ചെയ്യുന്നതിന് താമസം വന്നാൽ മാനേജിംഗ് കമ്മിറ്റി അപ്പാടെ പിരിച്ചുവിടുന്നതിനാണ്. കാലതാമസം സ്വാഭാവികമായി ഉണ്ടാകുന്നതാണ്. അതിന്റെ പേരിൽ മാനേജിംഗ് കമ്മിറ്റിയെ പിരിച്ചുവിടുക എന്നത് കൂടിയ പെനാൽറ്റിയാണ്. അതിനുപകരം എന്റെ ഭേദഗതി ഡിഫാൾട്ട് വരുന്ന ഓരോ ദിവസവും 500 രൂപ വീതം – liable to pay a fine at the rate of ` 500/- for each day of default എന്നുള്ളതാണ്. അതായത് ചെറിയ കാലതാമസം വന്നു എന്നതിന്റെ പേരിൽ കമ്മിറ്റിയാകെ സൂപ്പർസീഡ് ചെയ്യുക എന്ന് പറയുന്നത് ജനാധിപത്യവിരുദ്ധമായ ഒരു കാര്യമാണ്. അതിനുപകരം ഫൈൻ ഇടുക എന്നുള്ളതാണ് എന്റെ ഭേദഗതി.

Shri. K.N.A. Khader: Sir, I move the following amendment,

344. In section 64 (4A) of the principal Act proposed to be substituted by clause 24(i) for the words “a member of the committee as may be prescribed” substituted the words “in office”

Shri. K.V. Vijayadas: Sir, I move the following amendment,

345. In section 64 (4A) of the principal Act proposed to be substituted

by clause 24(i) after the words “stalemate” insert the words “the

registrar will conduct an inquiry and fix responsibility for the failure and the registrar shall levy a penalty of rupees 10,000/- on the delinquent and will grant three more months time to submit the records for audit. Even after that period if the board fail to comply with the requirement”

സർ, ആഡിറ്റർമാരുടെ മുൻപാകെ ധനകാര്യ സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതിൽ ചെറിയൊരു വീഴ്ച വരുത്തിയാൽ ആഡിറ്ററെ സംബന്ധിച്ച് യാതൊരന്വേഷണവും നടത്താതെ പെട്ടന്നുതന്നെ പിരിച്ചുവിടുന്നത് ജനാധിപത്യ വിരുദ്ധമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് അന്വേഷണം നടത്തണം. മാത്രമല്ല, അന്വേഷണം നടത്തി കുറ്റക്കാരാണെങ്കിൽ പതിനായിരം രൂപയെങ്കിലും പെനാൽറ്റി കൊടുത്തതിനുശേഷം മൂന്നുമാസം കൂടി സമയം കൊടുക്കുകയാണെങ്കിൽ തീർച്ചയായും അത് സബ്മിറ്റ് ചെയ്യാൻ കഴിയും. അത്തരത്തിലുള്ള ഭേദഗതിയാണ് ഞാൻ കൊണ്ടുവന്നത്.

Shri. P. A. Madhavan: Sir, I move the following amendment,

346. In section 64(4A) of the principal Act proposed to be substituted by clause 24(i) for the words "six months" substitute the words "seven months".

Shri. T. N. Prathapan: Sir, I move the following amendment,

347. In section 64(4B) of the principal Act proposed to be substituted by clause 24(i) for the words "three months" substitute "four months".

Prof. C. Raveendranath: Sir, I move the following amendment,

348. In section 64(4B) of the principal Act proposed to be substituted by clause 24(i) for the words "to the concerned society" substitute the words "along with any such comments upon, or supplement to, the audit report shall be placed before the annual general meeting of the society at the same time and in the same manner as the audit report".

Shri. Therambil Ramakrishnan: Sir, I move the following amendment,

349. In section 64(5) of the principal Act proposed to be substituted by clause 24(ii) for the words "four months" substitute the words "seven months".

Shri. N. Samsudheen: Sir, I move the following amendments,

350. In section 64 (5) proposed to be substituted in the Principal Act by clause 24 (ii)
for the word "persons" substituted the word "officers"

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല

<u>മി. സ്പീക്കർ</u> : ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 335, 341, 351 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 342–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 343–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 345–ാം നമ്പർ ഭേദഗതിയും പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 348–ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 336–ാം നമ്പർ ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 337–ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 338–ാം നമ്പർ ഭേദഗതിയും ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 339–ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 340–ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ.എ ഖാദർ അവതരിപ്പിച്ച 344–ാം നമ്പർ ഭേദഗതിയും ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 346–ാം നമ്പർ ഭേദഗതിയും ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 347–ാം നമ്പർ ഭേദഗതിയും ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 349–ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 350–ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

24–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

24–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

24–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിയഞ്ചാം വകുപ്പ്**

Shri. V. D. Satheesan: Sir, I move the following amendment,

352. In section 65(5) of the principal Act proposed to be amended by clause 25 for the words “one year” the words “two years” shall be substituted.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 352–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

25–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

25–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

25–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിയാറാം വകുപ്പ്**

Shri. Sunny Joseph: Sir, I move the following amendment,

353. In Section 66C of the principal Act proposed to be inserted by clause 26 for the words "six months", substitute the words "five months".

Shri. K. Suresh Kurup: Sir, I move the following amendment,

355. In Section 66C of the principal Act proposed to be inserted by clause 26 for the words "six months", substitute the words "seven months".

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

Ccp-]-¯n-tbgmw hIp¸v

Shri. Kodiyeri Balakrishnan: Sir, I move the following amendment,

357. Clause 27

Add the following proviso to the section 69(4) of the principal Act proposed to be inserted by clause 27.

"Provided that the limitation period will count only from the date of passing of this Act"

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 357–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

27–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

27–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

27–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

Shri. V.D. Satheesan: Sir, I move the following amendment,

359. In Section 69 A (4) proposed to be inserted in the principal Act by clause 28 for the words “fifteen years” the words “ten years” shall be substituted.

“The Ombudsman or Ombudsmen so appointed under sub-section (2) shall be a person or persons having minimum of 15 years of Bar practice and having experienc and expertise in banking or co-operative field.” - ഹൈക്കോടതി ജഡ്ജിയാകാൻ 10 കൊല്ലത്തെ ബാർ പ്രാക്ടീസുമതി. ഓംബുഡ്സ്മാനാകാൻ 15 കൊല്ലം വേണമെന്ന് എഴുതിയിരിക്കുന്നു. ഇത് ഭേദഗതി ചെയ്യണം.

**Shri. Benny Behanan : Sir, I move the following amendment**

360. In Section 69 A (4) proposed to be inserted in the principal Act by clause 28, for the words “fifteen years” the words “twelve years” shall be substituted.

**Shri. M. Ummer: Sir, I move the following amendment,**

361. In Section 69 A (4) proposed to be substituted in the principal Act by clause 28 after the word “field” add the following namely:-

“and shall not be a person accepting any remuneration or honorarium from any other firm or Institution.”

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 359–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 359–ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 361-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിഒൻപതാം വകുപ്പ്**

Shri. P. A. Madhavan: Sir, I move the following amendment,

362. In section 74B(2) of the principal Act proposed to be amended by clause 29, delete the word "prior written".

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല

മി. സ്പീക്കർ :ശ്രീ. പി.എ. മാധവൻ അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

29–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

29–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പതാം വകുപ്പ്</u>

<u>(ഭേദഗതിയില്ല)</u>

30–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

30–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

30–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

<u>മി. സ്പീക്കർ</u>: ശ്രീ. കെ. സുരേഷ് കുറുപ്പ് അങ്ങേയ്ക്ക് സംസാരിക്കാം, ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ക്ലാസ് 363–ൽ, സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് യൂണിയന് കൊടുത്തിരിക്കുന്ന അധികാരം രജിസ്ട്രാർക്ക് കൊടുക്കുകയാണ്. ജനാധിപത്യസ്വാഭാവമുള്ള ഒരു ബോഡിക്ക് കൊടുത്തിരുന്ന അധികാരം രജിസ്ട്രാർക്ക് കൊടുത്തത് ശരിയായില്ല.

അതുപോലെ 31(iv), “Government shall have power to fix or alter the maximum and minimum limit of establishment expenses of co-operative societies

including the pay and allowances and other benefits of employees of co-opeative societies". അതിനകത്ത് മിനിമം ലിമിറ്റ് എന്നത് എടുത്ത് കളയണം. മിനിമം ലിമിറ്റ് വച്ച് എംപ്ലോയീസിന്റെ സാലറിയും ബെനിഫിറ്റും ഉൾപ്പെടുത്താനാണ് അധികാരം കൊടുത്തിരിക്കുന്നത്. അത് എടുത്തു കളയണം. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, "provided further that societies run on net loss can give pay and allowances to its employees below the minimum limit fixed by the Government" എന്നാണ്. അതായത്, സൊസൈറ്റികൾ നഷ്ടമായാൽ, ഗവൺമെന്റ് ഫിക്സ് ചെയ്തിരിക്കുന്ന മിനിമം സാലറിയിലും കുറച്ച് കൊടുക്കാനും സാലറി എത്ര വേണമെങ്കിലും താഴ്ത്താനും സൊസൈറ്റിക്ക് അധികാരം കൊടുത്തുകൊണ്ടുള്ളതാണ്. അതെങ്ങനെയാണ് ശരിയാവുക? ഇത് ജീവനക്കാർക്ക് വിരുദ്ധമായിട്ടുള്ള ഒരു ക്ലാസാണ്, അതൊഴിവാക്കണം.

മി. സ്പീക്കർ: ശ്രീ. എം. എ. ബേബി, അങ്ങേയ്ക്ക് സംസാരിക്കാം ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. എം. എ. ബേബി: സർ, ഇക്കാര്യം ഇവിടെ പരാമർശിക്കപ്പെട്ടതാണ്, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം പരിധിയിലും കുറഞ്ഞ ശമ്പളവും ബത്തകളും നൽകാവുന്നതാണെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇത് ജീവനക്കാരുടെ അവകാശത്തിനുമേലുള്ള കടന്നാക്രമണമാണ്. ഇത് അംഗീകരിക്കാൻ കഴിയില്ല. ആ ഭാഗം ഒഴിവാക്കണം.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ, അങ്ങേയ്ക്ക് സംസാരിക്കാം. ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നഷ്ടം വന്നുകഴിഞ്ഞാൽ വേറെ ഒരു തരത്തിലും ജീവനക്കാരുടെ ശമ്പളം കൊടുക്കാനുള്ള ഫണ്ട് സ്വരൂപിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടാകും. അത് ശരിയല്ല എന്നാണ് എനിക്ക് തോന്നുന്നത്.

മി. സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി, അങ്ങേയ്ക്ക് സംസാരിക്കാം ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, 31 (v) വളരെയേറെ ദോഷം ചെയ്യുന്ന ഒരു ഭാഗമാണ്. അതിൽപ്പറയുന്നത്, സർക്കാരിന് പരസ്പരം സമ്മതിച്ച വ്യവസ്ഥകളിലും ഒരു സംഘത്തിന്റെ അപേക്ഷയിന്മേലും, അതിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു സർക്കാർ ജീവനക്കാരനെ നിയോഗിക്കാവുന്നതും അങ്ങനെ നിയോഗിക്കപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും; അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ് എന്നാണ്. ഇങ്ങനെ പറയുമ്പോൾ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഡെപ്യൂട്ടേഷനിൽ വന്നുകഴിഞ്ഞാൽ തീർച്ചയായും ഈ സൊസൈറ്റി നഷ്ടത്തിലേയ്ക്കു പോയാലും അദ്ദേഹത്തിന് ജോലി ഉറപ്പുള്ളതാണ്. സഹകരണവകുപ്പിൽത്തന്നെയുള്ള ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ്. അതുകൊണ്ട് ഈ ക്ലാസ് ഒഴിവാക്കണം എന്നുള്ളതാണ് ഭേദഗതി.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, മുപ്പത്തി

യൊന്നാം വകുപ്പിൽ ശ്രീ. കെ. ശിവദാസൻ നായർ നൽകിയിരിക്കുന്ന 373–ാം നമ്പർ ഭേദഗതി സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ അതിൽ പറഞ്ഞിട്ടുള്ള ചില ഭാഗങ്ങൾ ഒഴിവാക്കി സ്വീകരിക്കാം.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. ശിവദാസൻ നായരുടെ 373–ാം നമ്പർ ഭേദഗതി ചില ഭാഗങ്ങൾ ഒഴിവാക്കി സ്വീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 31–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 31–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

31–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

<u>മി. സ്പീക്കർ</u>: 32–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

32–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു;

32–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 33–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

33–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു;

33–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മുപ്പത്തിനാലാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ, അങ്ങേയ്ക്ക് സംസാരിക്കാം, ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, 94(4)–ൽ wilfully എന്നുള്ളതിന്റെ സ്പെല്ലിംഗ് ചെയറിന് പറയാമോ? അതുപോലും കറക്ടായി എഴുതാത്ത ഒരു ബിൽ എന്തിനാണ്?

മി. സ്പീക്കർ : അത് പ്രിന്റിംഗ് മിസ്റ്റേക്കായി എടുത്താൽ മതി.

ശ്രീ. എൻ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, അതുപോലും അംഗീകരിക്കുന്നില്ലല്ലോ. അതുപോലെ അതിനകത്ത് books of accounts എന്നു വേണം books, accounts എന്നേയുള്ളൂ.

ശ്രീ. എം. എ. ബേബി: സർ, ഈ തെറ്റുകളുടെ ഭണ്ഡാരമായി ഈ നിയമം മാറിയാൽ അങ്ങേയ്ക്ക് അപമാനകരമാണ്. അങ്ങ് അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ഈ അബദ്ധങ്ങളെല്ലാം ചേർത്ത് ഇത് പാസ്സാക്കേണ്ടതുണ്ടോ?

മി. സ്പീക്കർ: 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു;

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മുപ്പത്തിഅഞ്ചാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു,

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മുപ്പത്തിയാറാം വകുപ്പ്**

Shri. V. D. Satheesan: Sir, I move the following amendment,

385. In the entry in column (1) against serial No.1 of the IIIrd Schedule to the principal Act proposed to be inserted by clause 36, for the word “payable” substitute the word “receivable”.

ക്ലാസ് 385–ൽ ആദ്യഭാഗത്തിൽ പറഞ്ഞിരിക്കുന്നത് for money payable എന്നാണ്. അത് ശരിയല്ല money receivable for money lend എന്നാണ്. payable ന് പകരം receivable എന്ന് മാറ്റണം.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 385–ാം നമ്പർ ഭേദഗതി സ്വീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്തപ്രകാരമുള്ള 36–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 36–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു,

ഭേദഗതി ചെയ്ത പ്രകാരമുള്ള 36–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1–ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

1––ാം വകുപ്പു പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു,

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2013–ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്ന് കേരളത്തിൽ സഹകരണ ജനാധിപത്യത്തിന്റെ ചരിത്രത്തിൽ പുതിയ കറുത്ത ദിനമാണ്. ഇവിടെ പാസ്സാക്കുവാൻ പോകുന്നത് ഒരു സഹകരണ മാരണ നിയമമാണ്. 97–ാം ഭരണഘടനാ ഭേദഗതിയുടെ മറവിലാണ് കേരളത്തിലെ സഹകരണ ആക്ടിലെ 16 വകുപ്പുകളിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന സഹകരണമേഖലയിലെ ജനാധിപത്യ സംവിധാനത്തെ കശാപ്പ് ചെയ്യുവാൻ ഈ ഗവൺമെന്റ് ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ഇവിടെ 36 വകുപ്പുകളുള്ള പുതിയ ബില്ലാണ് പാസ്സാക്കിയെടുക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ സഹകരണമേഖല ഏറ്റവും കൂടുതൽ വിശ്വാസമാർജ്ജിച്ച ഒരു സഹകരണ പ്രസ്ഥാനമാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരണ മേഖലയിൽ സജീവമായി പ്രവർത്തിക്കുന്ന സംസ്ഥാനം കൂടിയാണ് കേരളം.

ഇതിന്റെ ഫലമായി ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ വ്യക്തമാക്കിയതുപോലെ കേരളത്തിലെ സഹകരണ ബാങ്കുകളിലെ മൊത്തം നിക്ഷേപം 95000 കോടി രൂപയാണ്. ഇതുനമ്മൾ സഹകരണമേഖലയിൽ ആർജ്ജിച്ച വിശ്വാസത്തിന്റെ തെളിവാണ്. സഹകരണ ബാങ്കുകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണത്തിന്റെ കണക്ക് കഴിഞ്ഞ ദിവസം ഇവിടെ വെളിപ്പെടുത്തിയതുനോക്കുമ്പോൾ ഒരു ലക്ഷം കി.ഗ്രാം സ്വർണ്ണം സഹകരണ ബാങ്കുകളിൽ പണയപ്പെടുത്തി കിടക്കുന്നുണ്ട്. ഇതിന് മൂന്ന് ലക്ഷം കോടി രൂപ വിലവരും. ഇത്രയും വലിയ നിധിയുള്ളതാണ് കേരളത്തിലെ സഹകരണ മേഖല. ഈ സഹകരണമേഖലയിൽ ഇന്ന് ആർജ്ജിച്ചിട്ടുള്ള വിശ്വാസം തകർക്കുന്ന ഭേദഗതിയാണ് ഇപ്പോൾ നമ്മൾ പാസ്സാക്കിയെടുത്തത്. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ ഈ സഹകരണ ബാങ്കുകളെല്ലാം വരുമ്പോൾ ബാങ്കിംഗ് ബിസിനസ് നടത്തുവാൻ റിസർവ്വ് ബാങ്കിന്റെ അനുമതി വാങ്ങണമെന്നുള്ളത് അംഗീകരിച്ചുകൊടുത്താൽ നമ്മുടെ 18000-ത്തോളം വരുന്ന സഹകരണ പ്രസ്ഥാനത്തിൽ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ബാങ്ക് എന്ന പേര് ഉപയോഗിക്കുവാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ആരാണ് അവിടെ ഡെപ്പോസിറ്റ് ചെയ്യുവാൻ പോകുന്നത്. സഹകരണ മേഖലയിലുള്ള ഡെപ്പോസിറ്റ് മുഴുവൻ സ്വകാര്യ ബാങ്കുകളിലേയ്ക്ക് ഒഴുക്കുവാനുള്ള ഗൂഢതന്ത്രമാണ് ഇതിന്റെ പുറകിലുള്ളത്. ഇന്ത്യ ഗവൺമെന്റ് ഈ സന്ദർഭത്തിലാണ് ബാങ്കിംഗ് റഗുലേഷൻ ആക്ട് ഭേദഗതി ചെയ്തിരിക്കുന്നത്. ഭരണഘടനയിൽ ഈ സഹകരണം പട്ടികയിൽപ്പെടുത്തിയെന്നുമാത്രമല്ല ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ ഭേദഗതി നടത്തിയതോടുകൂടി നമ്മുടെ രാജ്യത്ത് സ്വകാര്യ ബാങ്കുകൾക്ക് ലൈസൻസ് കൊടുക്കുവാൻ സാധിക്കുന്ന

സ്ഥിതി വന്നു. 1969–ൽ ഇന്ദിരാഗാന്ധിയാണ് ബാങ്കുകൾ ദേശസാൽക്കരിച്ചത്. അത് ആ കാലത്തെ വിപ്ലവകരമായ തീരുമാനമായിരുന്നു. അതിനുമുമ്പ് നമ്മുടെ രാജ്യത്തിലെ ബാങ്കുകൾ നടത്തിയത് കുത്തകമുതലാളിമാരാണ്. ബിർളയുടെ കയ്യിലുണ്ടായിരുന്ന യുണൈറ്റഡ് കമേഴ്സ്യൽ ബാങ്ക്, താപ്പറിന്റെ കയ്യിലുണ്ടായിരുന്ന ഓറിയന്റൽ ബാങ്കിംഗ് കോമേഴ്സ്, ടാറ്റയുടെ കയ്യിലുണ്ടായിരുന്ന സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ. ഈ സ്ഥാപനങ്ങളെയാണ് ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് ദേശസാൽക്കരിച്ചത്. ബാങ്ക് ദേശസാൽക്കരിച്ചതിന്റെ ഭാഗമായാണ് ഗ്രാമീണ മേഖലയിൽ ധാരാളം ബാങ്കുകളുടെ ശാഖകൾ പ്രവർത്തനമാരംഭിച്ചതും കൃഷിക്കാർക്ക് വായ്പലഭ്യമാകുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തത്. ഇന്ന് ദേശവൽക്കരിച്ച സംവിധാനത്തിൽ നിന്ന് മാറ്റി സ്വകാര്യ ബാങ്കുകൾ തുടങ്ങുവാനുള്ള അനുമതി കൊടുത്തതോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ 22 പുതിയ സ്വകാര്യ ബാങ്കുകൾ തുടങ്ങുവാനുള്ള അപേക്ഷയും ലഭിച്ചുകഴിഞ്ഞു. ഈ 22 ബാങ്കുകൾക്ക് അപേക്ഷ കൊടുത്ത കൂട്ടത്തിൽ ആദിത്യ ബിർള, മഹേന്ദ്ര ആന്റ് മഹേന്ദ്ര, ടാറ്റ, ലാർസൻ ആന്റ് ടൂബ്രോ തുടങ്ങിയവ ഉൾപ്പെടെയുള്ള 22 കോർപ്പറേറ്റുകളുടെ അപേക്ഷ കേന്ദ്രഗവൺമെന്റിന്റെ പരിഗണന ലഭിച്ചുകഴിഞ്ഞു. കോർപ്പറേറ്റുകൾക്ക് ബാങ്കിംഗ് മേഖലയിൽ കടന്നുവരുവാൻ അനുവദിക്കരുതെന്ന് ഏറ്റവും ശക്തമായി പറഞ്ഞിരിക്കുന്നത് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായിട്ടുള്ള ഡോ. രംഗരാജനാണ്. റിസർവ്വ് ബാങ്കിന്റെ ഗവർണ്ണറായിരുന്ന ഡോ. രംഗരാജന് തന്നെ ഇതിനെ എതിർക്കേണ്ടി വന്നു. ഡോ. രംഗരാജൻ പറയുന്നത് കോർപ്പറേറ്റുകൾക്ക് സ്വകാര്യ ബാങ്കുകൾ തുടങ്ങുവാൻ അനുമതി കൊടുത്താൽ നമ്മുടെ രാജ്യത്തിലെ നിക്ഷേപം മുഴുവൻ ഈ ബാങ്കുകൾ

ആകർഷിക്കുകയും ലോകം മുഴുവനും അവരുടെ സാമ്രാജ്യം പടുത്തുയർത്തുന്നതിനുവേണ്ടി നമ്മുടെ നാട്ടിൽ നിന്ന് ഡെപ്പോസിറ്റ് ചെയ്യുന്ന പണം അങ്ങോട്ടേയ്ക്ക് തിരിച്ചുവിടുമെന്ന് ഡോ. രംഗരാജന് പരസ്യ മായി പ്രതികരിക്കേണ്ടി വന്നിരിക്കുകയാണ്. പക്ഷേ ഇപ്പോഴത്തെ നിയമം അനുസരിച്ചുകൊണ്ട് ഈ 22 ബാങ്കുകൾക്ക് ലൈസൻസ് കൊടുക്കുവാൻ പോവുകയാണ്. നമ്മുടെ ബാങ്കിംഗ് മേഖലയിൽ 74 ശതമാനം വിദേശ പ്രത്യക്ഷ നിക്ഷേപം അനുവദിച്ചുകഴിഞ്ഞു. ശ്രീ. വാജ്പേയ് പ്രധാനമന്ത്രിയാ യിരുന്ന കാലത്തെടുത്ത തീരുമാനപ്രകാരം എത്ര നിക്ഷേപം നടത്തിയാലും 10 ശതമാനം മാത്രമേ വോട്ടിംഗ് റൈറ്റ് ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അത് മാറ്റി 26 ശതമാനം വോട്ടിംഗ് റൈറ്റ് കൊടുത്തതോടുകൂടി നമ്മുടെ ദേശസാൽകൃത ബാങ്കുകൾതന്നെ വിദേശ ബാങ്കുകൾക്ക് ഏൽപ്പിച്ചുകൊടുക്കുവാനുള്ള തീരു മാനം എടുത്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ നമ്മുടെ സഹകരണ ബാങ്കി ലുള്ള നിക്ഷേപം സ്വകാര്യ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ വേണ്ടിനട ത്തുന്ന പദ്ധതിയുടെ ഭാഗമായാണ് ചെയ്യുന്നത്. ഇതിന് കേരളം കൂട്ടുനിൽക്കു വാൻ പാടില്ലായിരുന്നു. സഹകരണ മേഖല കേരളത്തിൽ നേടിയിട്ടുള്ള വിജയം ഏതെങ്കിലുമൊരു പാർട്ടിയുടേതല്ല എല്ലാ പാർട്ടികർക്കും അഭിമാനി ക്കാനുതകുന്ന വിജയം കേരളം നേടിയിട്ടുണ്ട്. അത് തകർക്കുന്ന സ്ഥിതിവി ശേഷം വന്നാൽ ഇവിടുത്തെ സഹകരണ ബാങ്കുകൾ തകരും. കേരളത്തിലെ ക്രെഡിറ്റ് മേഖല സമ്പൂർണ്ണമായി തകർക്കാനുള്ള ഒരു സ്ഥിതിവിശേഷത്തി നാണ് ഈ ഗവൺമെന്റ് കൂട്ടുനിൽക്കുവാൻ പോകുന്നത്. ഇതോടൊപ്പംതന്നെ കേരളത്തിലെ സഹകാരികളുടെ ആകെ പ്രസ്ഥാനമായ സഹകരണ യൂണി യന്റെ ജനാധിപത്യ സംവിധാനം അട്ടിമറിക്കുവാനാണ് ഇവർ ഉദ്ദേശിക്കുന്നത്.

നേരത്തെ 14 ജില്ലാ ബാങ്കുകൾ പിരിച്ചുവിട്ടു. അതിൽ ഇലക്ഷൻ നടത്തി അട്ടി മറി സംഘടിപ്പിച്ചുകൊണ്ട് സഹകരണ രംഗത്തെ ജനാധിപത്യം ഇല്ലാതാക്കുന്ന പ്രക്രിയ തുടങ്ങി ഈ ഗവൺമെന്റ്. പുതിയ നിയമത്തിന്റെ ബലത്തിൽ അവശേഷിക്കുന്ന സഹകരണമേഖലയിലെ ജനാധിപത്യംപോലും ഇല്ലാതാക്കുവാനാണ് ശ്രമിക്കുന്നത്. ഇതോടൊപ്പം ഓഡിറ്റർ സംവിധാനമില്ലാത്ത സ്ഥിതി വന്നാൽ, സഹകരണ ബാങ്കുകളിൽ സ്വകാര്യ ഓഡിറ്റർമാരെ ഏൽപ്പിച്ചാൽ ഈ വിശ്വാസം മുഴുവനും നശിക്കുന്ന സ്ഥിതിവരികയും ഇവിടെ ഒരു സഹകരണ ബാങ്കിനെ മറ്റ് സംവിധാനങ്ങളിൽ ഏർപ്പെടാനുള്ള അവകാശം കൊടുക്കുന്നതോടുകൂടി സഹകരണ മേഖലയിലെ പണം സ്വകാര്യ മേഖലയിലേയ്ക്ക് തിരിച്ചുവിടുവാനുള്ള പുതിയ സംവിധാനത്തിനുവേണ്ടി ഇവിടെ സർക്കാർ കളമൊരുക്കുകയാണ്. ഈ തീരുമാനത്തിന് കൂട്ടുനിൽക്കുവാൻ ഞങ്ങൾക്ക് സാധിക്കില്ല. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കുവാൻ പാടില്ല ഇത് പിൻവലിച്ചുപോകേണ്ടതാണ്. അതുകൊണ്ട് ഞങ്ങൾക്ക് കൂട്ടുനിൽക്കുവാൻ സാധിക്കാത്തതുകൊണ്ട് വാക്കൗട്ട് ചെയ്യുകയാണ്. ഞങ്ങൾ ഈ വോട്ടിംഗിന്റെ അവസാനത്തെ പ്രക്രിയയിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നില്ല പ്രതീകാത്മകമായി ഞങ്ങൾ ഈ ബിൽ ഇവിടെ കീറി കളയുന്നുവെന്ന് (പ്രതിപക്ഷാംഗങ്ങൾ 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സഭയിൽ വലിച്ചുകീറി എറിഞ്ഞു.) പ്രഖ്യാപിച്ചുകൊണ്ട് ഞങ്ങൾ പുറത്തുപോവുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാന്യനായ സ്പീക്കർ സർ, കേരളചരിത്രത്തിലെ സുപ്രധാനമായ നാഴികക്കല്ലാകാൻ പോകുന്ന നിയമമാണ് ഇന്ന് കേരള നിയമസഭ പാസ്സാക്കുന്നത്. 97-ാം ഭരണഘടന ഭേദഗതി പാർലമെന്റിൽ

അവതരിപ്പിച്ചപ്പോൾ ഇവിടെ വാക്കൗട്ട് നടത്തിയ ഇടതുപക്ഷമുൾപ്പെടെയുള്ള ആളുകൾ ഏകകണ്ഠമായി പാസ്സാക്കിയ ഭരണഘടന ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ പ്രതിപക്ഷത്തുനിന്ന് പറഞ്ഞ ഒരു വാദമുഖവും അന്ന് ലോക്സഭയിലും രാജ്യസഭയിലും ആരും ഉന്നയിച്ചില്ലായെന്നത് ശ്രദ്ധേയമായ കാര്യമാണ്. ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിനെ മെച്ചപ്പെടുത്തുവാനും അതിന് കൂടുതൽ കാര്യക്ഷമത കൈവരുത്തുവാനും കൂടുതൽ ട്രാൻസ്പെരൻസിയോടുകൂടിയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും വേണ്ടിയാണ് 97–ാം ഭരണഘടന ഭേദഗതിയായി ഇവിടെ അവതരിപ്പിച്ചത്. ഇന്ത്യയിലെ കോ–ഓപ്പറേറ്റീവ് നിയമങ്ങളുടെ ചരിത്രമെടുത്താൽ ഇത്രയും കാര്യക്ഷമമായി എല്ലാവിഭാഗം ജനങ്ങളും കൈനീട്ടി സ്വീകരിച്ച മറ്റൊരു ഭരണഘടനാഭേദഗതി ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. This act is going to ensure democratic, professional, autonomous, socially and economically sound manner. ഇന്ത്യയിലെ സഹകരണ രംഗത്തിന് കൂടുതൽ ശക്തിപ്രാപിക്കുവാനും ആട്ടോണമസായി പ്രവർത്തിക്കുവാനും ജനാധിപത്യവത്ക്കരിക്കുവാനുമുള്ള ഏറ്റവും ഫലപ്രദമായ തീരുമാനമാണ്. ഈ തീരുമാനത്തിനകത്തെ ഏറ്റവും പ്രധാനപ്പെട്ട ഘടകമെന്ന് പറയുന്നത് ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് നടത്തുവാൻ പോകുന്നുവെന്നുള്ളതാണ്. ആട്ടോണമസായി നിലനിൽക്കുന്നുവെന്ന് മാത്രമല്ല, സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയത്തക്ക വിധത്തിലുള്ള ഫലപ്രദമായ ഓഡിറ്റ് സംവിധാനം നിലവിൽ വരുവാൻ പോവുകയാണ്. അതുമാത്രമല്ല സഹകരണ സ്ഥാപനങ്ങൾ കൂടുതൽ പ്രൊഫഷണലായി മാറാനും പോവുകയാണ്. ഈ വസ്തുതകളെ കാണാതെ അന്ധ

മായാണ് ഈ ഭരണഘടനാ ഭേദഗതിയെ എതിർക്കുന്നത്. ഇതിന്റെയടിസ്ഥാന ത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളും ഏകകണ്ഠമായി പാർലമെന്റിൽവച്ച് അംഗീകരിച്ച ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ അവതരിപ്പിക്കുന്നതുകൊണ്ട് കേരള ത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് വലിയ അപകടമുണ്ടാകുമെന്ന പ്രച രണം അടിസ്ഥാനരഹിതമാണ്. കേരളത്തിൽ കൂടുതൽ സഹകരണ സ്ഥാപന ങ്ങൾ ശക്തിപ്പെടുത്തുവാനും ജനാധിപത്യപരമായ നിലയിൽ മുന്നോട്ട് പോകുവാനുമുള്ള അവസരമാണ് ഉണ്ടാകുന്നത്. ഇതിനകത്ത് കള്ളവോട്ട് തട യുക എന്നത് മാത്രമല്ല കള്ളപ്പണം തടയുവാനുള്ള അവസരം കൂടിയാണ്. കള്ളപ്പണം തടയുവാനുള്ള അവസരം അതാണ് deposit mobilization - നെ പ്പറ്റി ഇവിടെ പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. അപ്പോൾ കള്ളപ്പണവും കള്ളവോട്ടും തടയുവാനും ജനാധിപത്യവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനുമുള്ള ശ്രമ ങ്ങളെ തടയുവാനുമുള്ള നിലയിലാണ് നിയമം കൊണ്ടുവന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച് പാർലമെന്റിൽ ഏകകണ്ഠമായി പാസ്സാക്കിയ ഈ നിയമത്തെ എതിർക്കുന്നത് രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി മാത്രമാണെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഈ നിയമത്തെ സ്വാഗതം ചെയ്യുന്നു. ഈ ബിൽ അവതരിപ്പിച്ച ശ്രീ. സി. എൻ. ബാലകൃഷ്ണനെ അഭിന ന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടതിനുശേഷം അവർ വകുപ്പുകളുമായി ചർച്ച

ചെയ്യുകയും അതിൽ ഭേദഗതി വരുത്തുകയും ചെയ്തു. ഇങ്ങനെയുള്ള ഭേദഗതികളൊന്നും എൽ.ഡി.എഫ്-ന്റെ ഭാഗത്തുനിന്ന് ഉണ്ടാകാറില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജനാധിപത്യ സംവിധാനത്തിൽ ന്യായമായ കാര്യങ്ങൾ പറഞ്ഞാൽ അത് പരിശോധിച്ച് സംരക്ഷണം കൊടുക്കുന്ന ഈ ഗവൺമെന്റ് അതെല്ലാം സ്വീകരിക്കുകയുണ്ടായി. അവർ എല്ലാ കാര്യങ്ങ ളിലും അവസാനംവരെ ഇരുന്നു. ഒടുവിൽ അവരുടെ സ്വഭാവം അവർ കാണിച്ചു. ഈ ബിൽ സഹകരണരംഗത്ത് ഏറ്റവും അച്ചടക്കം പാലിക്കു മെന്ന് ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞു. സാമ്പത്തിക രംഗത്ത് ഇപ്പോൾ അച്ചടക്കമില്ല. തെറ്റിദ്ധാരണയൊന്നും വേണ്ട. കോടിക്കണ ക്കിന് രൂപ ആരെടുത്തുകൊണ്ടുപോയാലും ഇവിടെ ചോദിക്കാൻ ആളില്ലാത്ത സ്ഥിതിവന്നിരിക്കുകയാണ്. അതിന് നിയന്ത്രണവും കണക്കും ഭരണസമിതിയും സമയത്ത് തെരഞ്ഞെടുപ്പും വേണം. സഹകരണ നിയമത്തിൽ വ്യവസ്ഥയില്ലെങ്കിൽ അതിന് വ്യവസ്ഥ വേണമെന്നാണ്. നമ്മുടെ സഹകരണ വകുപ്പിന് നിയമമുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയിൽ പോരായ്മകൾ വരുത്തി മുന്നോട്ടുകൊണ്ടുപോകേണ്ട നിയമമാണ്. ഈ നിയമത്തിൽ ഇല്ലാത്ത ചില കാര്യങ്ങൾ കൂട്ടിച്ചേർത്ത് ഈ മേഖല ശക്തിപ്പെടുത്തുന്നതാണ്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് പാസ്സാക്കി ക്കഴിഞ്ഞു. ഇവിടെ ബഹളം കൂട്ടിയിട്ട് കാര്യമുണ്ടോ? ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയതാണ്. നമ്മൾ ഇവിടന്നുവിട്ട ആൾക്കാരും ബാങ്കിംഗ് റെഗുലേഷൻ ആക്ട് പാസ്സാക്കാൻ അനുവദിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു ബിൽ വരുമ്പോൾ സംഘങ്ങൾക്ക് സംരക്ഷണം കൊടുക്കാൻവേണ്ടിയുള്ള ഒരു ക്ലോസുകൂടി ഇതിൽ വന്നിട്ടുണ്ട്.

ആ ക്ലോസിന്റെ അടിസ്ഥാനത്തിൽ അതിനുള്ള പണം കൊടുത്തുകൊണ്ട് ................................ അത് നിലനിർത്താൻ വേണ്ടിയുള്ള ചില നിയമ ഭേദഗതികളൊക്കെ വരുത്തിയിട്ടുണ്ട്. ഏതായാലും എല്ലാം സുതാര്യമായി സാമ്പത്തിക രംഗത്ത് പരിപൂർണ്ണ അച്ചടക്കം പാലിച്ചുകൊണ്ട് കർശനമായ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമനടപടികളാണ് ഈ ഭേദഗതിയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇന്നത്തെ ചർച്ച എനിക്ക് വളരെ സന്തോഷം തന്നിരിക്കുകയാണ്. തീർച്ചയായും അതനുസരിച്ച് സഹകരണമേഖല മുന്നോട്ടുകൊണ്ടുപോകുമെന്ന് അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ബില്ലിന്റെ ചർച്ച വന്ന അവസരത്തിൽ തുടക്കത്തിലും അവസാനഘട്ടത്തിലും പ്രതിപക്ഷമെടുത്ത നിലപാട് വളരെ നിർഭാഗ്യകരമായിരുന്നു. അത് വിചിത്രമായിരിക്കുന്നു. തുടക്കത്തിൽ ഒരു കാരണവുമില്ലാതെ അവർ ബഹിഷ്ക്കരിച്ചു. ഇന്ന് ഈ പ്രധാനപ്പെട്ട നിയമം ഇവിടെ ചർച്ചചെയ്യുന്ന സമയത്തിന് മുമ്പുതന്നെ ബില്ല് ഗവർണ്ണർക്ക് അയച്ചുവെന്ന് പറഞ്ഞ് ഇവിടെ ഉണ്ടാക്കിയ വിവാദം എന്താണ്? അന്നേരവും അവർ വലിച്ചുകീറി എറിഞ്ഞു. ഇത് ജനങ്ങളുടെ മുമ്പിൽ പരിഹാസമാക്കുന്ന നടപടിയായിപ്പോയി. ഈ ബിൽ അവതരിപ്പിച്ച സഹകരണ വകുപ്പുമന്ത്രി എത്ര അമെന്റ്മെന്റ് സ്വീകരിച്ചു. എത്രയോ നിയമനിർമ്മാണം നടന്നിട്ടുള്ള സഭയാണിത്. അന്നൊന്നും ഒരു മന്ത്രിയും കാണിക്കാത്തവിധത്തിൽ ഉദാരമായിട്ടുള്ള സമീപനം അദ്ദേഹം സ്വീകരിച്ചു. അദ്ദേഹം സബ്ജക്ട് കമ്മിറ്റിയിൽ അമന്റ്മെന്റ്സ് സ്വീകരിച്ചുകഴിഞ്ഞുവെന്ന് പറഞ്ഞത് ഗവൺമെന്റിനുവേണ്ട ഔദ്യോഗിക അമന്റ്മെന്റ്സൊക്കെ സബ്ജക്ട് കമ്മിറ്റിയുടെ സമയത്ത് ശരിക്കും ഹോം വർക്ക് ചെയ്ത് അവിടെ

കൊണ്ടുവന്ന് അത് അംഗീകരിച്ചു. അദ്ദേഹത്തിന് ഔദ്യോഗികമായിട്ടുള്ള ഒരു അമന്റ്മെന്റും ഇല്ല എന്ന അർത്ഥത്തിൽ പറഞ്ഞതിനെ വളച്ചൊടിച്ച് ബാംഗ്ലൂരിലുള്ള ഗവർണ്ണർക്ക് കൊടുത്തയച്ചിട്ട് ഇരിക്കുന്നു; നിയമസഭയെ നോക്കുകുത്തിയാക്കിയിരിക്കുന്നു എന്നൊക്കെയാണ് പറഞ്ഞത്. അത് ജനാധിപത്യത്തെ തന്നെ പരിഹസിക്കുന്ന സംഭവമായിപ്പോയി. പ്രതിപക്ഷം ഈ നിയമം വലിച്ചുകീറി കളഞ്ഞു. സാധാരണ പൗരൻ പൊതുമുതൽ നശിപ്പിച്ചാൽ ആ ആളിന് കിട്ടുന്ന ശിക്ഷയെന്താണ്? ഈ അസംബ്ലിയുടെ പ്രൊട്ടക്ഷനുപയോഗിച്ച് ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഉണ്ടായ സമീപനം വളരെ നിർഭാഗ്യകരമായിപ്പോയി. ഇത് വളരെ ചരിത്ര പ്രാധാന്യമുള്ള ഒരു നിയമമാണ്. നമ്മുടെ ഭരണഘടന ഓരോ വർഷം കഴിയുന്തോറും വളർന്ന് ജനങ്ങളുടെ ആവശ്യങ്ങൾക്ക് ജനങ്ങളോടൊപ്പം നിൽക്കുന്ന ഭരണഘടനയായി മാറിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ ഭരണഘടനയുടെ ഭാഗമാക്കിമാറ്റി. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം ആദ്യമായിട്ടാണ് ഇന്ത്യൻ ഭരണഘടനയുടെ പ്രൊട്ടക്ഷൻ കിട്ടുന്നത്. നിസ്സാരകാര്യമാണോ? സഹകരണമേഖല എത്രമാത്രം വളർന്നിരിക്കുന്നു. ആ സഹകരണ മേഖലയ്ക്ക് ഭരണഘടനയുടെ പ്രൊട്ടക്ഷൻ കിട്ടുന്ന രീതിയിലേയ്ക്ക് വളർന്നു വരുന്നു എന്നുള്ളത് വലിയ കാര്യമാണ്. ഇതുവരെ സംസ്ഥാനത്ത് ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിന് ഗവൺമെന്റുകളുടെ അല്ലെങ്കിൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ദയാദാക്ഷണ്യമായിരുന്നു വേണ്ടതെങ്കിൽ ഇന്ന് ജനങ്ങളുടെ അവകാശമാക്കി യു.പി.എ. ഗവൺമെന്റ് മാറ്റിയ ഒരു നിയമനിർമ്മാണമാണിത്. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പാർലമെന്റിൽ കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാർ പ്രസംഗിച്ച ഒരു വാചകം ഞാൻ ഇവിടെ ഉദ്ധരിക്കുക

യാണ്. 'Therefore a view has emerged in the Co-operative Sector all over the country to incorporate certain provisions in the Constitution to provide protection to co-operatives and to insulate them from avoidable political and bureaucratic interference. This was also endorsed by the conference of State Co-operative Ministers held way back in December 2004.' ഇന്ത്യയിലെ മുഴുവൻ സഹകരണ വകുപ്പുമന്ത്രിമാരുടെയും യോഗം ഡൽഹിയിൽ ചേർന്ന് അവിടെവച്ച് എടുത്ത ഒരു ശുപാർശയുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട നിർദ്ദേശങ്ങളടങ്ങുന്ന നിയമനിർമ്മാണമാണ് ഇവിടെ വന്നിരിക്കുന്നത്. ഇതൊരു ചരിത്ര സംഭവമാണ്. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം വളരുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. നിയന്ത്രണങ്ങൾ വരുന്നുണ്ട്; പോരായ്മകൾ കാണാം. ഞാൻ അയച്ച ഒരു കത്തിനെക്കുറിച്ച് പറഞ്ഞിരുന്നു. 2005-ൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ വൈദ്യനാഥൻ കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കുന്ന സമയത്ത് ഞാൻ അതിനകത്തെ ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്രത്തിലേയ്ക്ക് കത്ത് എഴുതി. അതുംകൂടി അംഗീകരിച്ചാൽ നമുക്ക് കുറെക്കൂടി അഭികാമ്യമാകുമെന്ന് കരുതി. പക്ഷേ കേന്ദ്രഗവൺമെന്റ് അത് അംഗീകരിക്കുന്നതിന് തയ്യാറായില്ല. ഇന്ത്യയിലെ പശ്ചിമ ബംഗാളും ത്രിപുരയുമൊഴിച്ചാൽ ബാക്കിയുള്ള സംസ്ഥാനങ്ങൾ മുഴുവൻ അത് അംഗീകരിച്ച സാഹചര്യമുണ്ടായി. ഏതായാലും അത് അംഗീകരിക്കണമെന്നുള്ള തീരുമാനം എടുക്കുകയും അന്നുതന്നെ അതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രതിപക്ഷം ഇവിടെ

പിച്ചിച്ചീന്തിപ്പോയ ഈ നിയമം കേന്ദ്രത്തിൽ കൊണ്ടുവന്ന പാർട്ടി ഇവരുടെ മുന്നണിയിലുണ്ട് എന്നുള്ളകാര്യം അവർ മറക്കരുതായിരുന്നു. അതിന്റെകൂടി ഒരു ഭാഗമാണ് അവർ പിച്ചിച്ചീന്തിക്കൊണ്ടുപോയത്. ഏതായാലും ഈ സമയത്ത് എല്ലാ ഭാഗത്തുനിന്നും വിലപ്പെട്ട നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. സഹകരണ ജനാധിപത്യത്തെ ഒരു വിധത്തിലും ദോഷകരമായി ബാധിക്കാൻ ഗവൺമെന്റ് സമ്മതിക്കില്ല. സഹകരണ ജനാധിപത്യത്തെക്കുറിച്ച് പറയുന്ന വർ, പരിയാരം മെഡിക്കൽ കോളേജിലെ തെരഞ്ഞെടുപ്പിന്റെ ചരിത്രമൊക്കെ കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല; മറക്കത്തുമില്ല; അവർ കഴിഞ്ഞ പ്രാവശ്യം അധികാരത്തിൽ വന്നപ്പോൾ ഈ 14 ബാങ്കുകളും ജില്ലാ ബാങ്കുകളും പിരിച്ചുവിട്ട് പുതിയ തെരഞ്ഞെടുപ്പ് നടത്തിയവരാണ്. പ്രതിപക്ഷം അധികാരത്തിൽ വരുമ്പോൾ അവർ ചെയ്യുന്നതെല്ലാം ജനാധിപത്യത്തിനുവേണ്ടി; മറ്റുള്ളവർ ചെയ്യുന്നതെല്ലാം ജനാധിപത്യത്തെ കശാപ്പുചെയ്യുന്നു എന്ന നിലപാടാണ്. ഈ നിലപാടിനോട് നമുക്ക് ഒരിക്കലും യോജിക്കുവാൻ നിവർത്തിയില്ല. എന്നാൽ സഹകരണ മേഖലയെ വളർത്താനും അവിടത്തെ ജനാധിപത്യത്തെ സംരക്ഷിക്കാനുമുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഉറപ്പ് പറയുവാൻ കൂടി ഈ അവസരം വിനിയോഗിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ .............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠേന പാസ്സായിരിക്കുന്നു.

(2013 ഫെബ്രുവരി 14-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 10.52-ന് പിരിഞ്ഞു)